

# സന്മാർഗ്ഗദർശിനി

ഹദ്റത്ത് മിർസാ ബശീർ അഹ്മദ്

# SANMARGA DARSHINI

**"Sanmarga Darshini"** (Guidance to Righteousness) is the Malayalam version of Thabligh-e-HIdayath written in Urdu by late Mirza Basheer Ahmad Sahib (R) son of Promised Messiah Hazrath Mirza Ghulam Ahmad(A).

The book deals with prophecies made by the Holy Prophet of Islam (S.A) regarding the advent and mission of the Promised Mahdi and Messiah in Islam. The Work has been rendered into Malayalam by the late V.Abdul Qayoom Sahib of revered memory.

9788179122884

# സന്മാർഗ്ഗദർശിനി

# സന്മാർഗ്ഗദർശിനി


## ഹദ്റത്ത് മിർസാ ബശീർ അഹ്മദ്

വിവർത്തകൻ:

**വി. അബ്ദുൽ ഖയ്യൂം**



പ്രസാധകർ

**ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്**

**കേരള**

**SANMARGA DARSHINI**
(Malayalam Translation of ***THABLIGH-E-HIDAYATH***)
Religious study
*Author* : **Hadhrat Mirza Bashir Ahmad M.A**
*Translated by*: V. Abdul Qayyoom
Printed at: Orange Offset Printers,Calicut
Published by: Islam International Publications- Kerala
Fort Road,Kannur-670001
6th Edition : 2016
Copies: 2000
Price : 120/-
ISBN: 9788-1791-22884

# പ്രസ്താവന

**ഈ** പുസ്തകത്തിനൊരു പരിചയപ്പെടുത്തൽ ആവശ്യമില്ല. അതിനെപ്പറ്റി അതുതന്നെ വേണ്ടപോലെ സംസാരിച്ചുകൊള്ളും. എന്നാൽ, നന്ദി പ്രകടിപ്പിക്കുകയെന്ന ഒരു കടമ നിർവ്വഹിക്കാനുണ്ട്. എന്തെന്നാൽ, "നിങ്ങൾ നന്ദിയുള്ളവരാണെങ്കിൽ നിശ്ചയമായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർദ്ധിപ്പിച്ചുതരും" എന്ന് അല്ലാഹുവും, "ജനങ്ങളോട് നന്ദിയില്ലാത്തവൻ ദൈവത്തോടും നന്ദിയില്ലാത്തവനാകുന്നു" എന്ന് നബിതിരുമേനിയും ഉദ്ബോധിപ്പിക്കുന്നു. അതിനാൽ, ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിന് ഭാഗ്യമേകിയ സർവ്വശക്തനായ അല്ലാഹുവിനെ ഒന്നാമതായി സ്മരിച്ചുകൊള്ളുന്നു. അവന്റെ പ്രത്യേകമായ അനുഗ്രഹം ഉണ്ടായിരുന്നില്ലെങ്കിൽ ഇത് പരിഭാഷപ്പെടുത്തുവാൻ എനിക്ക് കഴിയുമായിരുന്നില്ല.

والحمد لله على ذالک

രണ്ടാമതായി, ഇതിന്റെ പ്രസിദ്ധീകരണത്തിന് അനുവാദം തന്ന ഗ്രന്ഥകാരനോടുള്ള നന്ദിയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. പ്രസിദ്ധീകരണത്തിനു അനുവാദമാവശ്യപ്പെട്ടുകൊണ്ട് ഞാനെഴുതിയ കത്തിന് പിതൃതുല്യമായ വാത്സല്യത്തോടുകൂടി, 21.3.1953 -ൽ അദ്ദേഹം അയച്ച മറുപടിയിൽ പറയുകയാണ്:-

"......'തബ്ലീഗെ ഹിദായത്ത്' മലയാളത്തിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധം ചെയ്യാൻ ഞാൻ താങ്കൾക്ക് സസന്തോഷം അനുവാദം തന്നുകൊള്ളുന്നു. പ്രചാരണം അധികമധികം വിപുലമാകുന്നത് എനിക്ക് ഏറ്റവും സന്തോഷമുള്ളൊരു കാര്യമാണ്. താങ്കളുടെ ഈ ഉദ്യമത്തെ അല്ലാഹു വിജയിപ്പിക്കുകയും ഫലപ്രദമാക്കുകയും ചെയ്യട്ടെ."

മൂന്നാമതായി, ഈ പരിഭാഷയുടെ കൈയ്യെഴുത്തുകോപ്പി മൂലഗ്രന്ഥവുമായി ഒത്തുനോക്കി ആവശ്യമായ തിരുത്തലുകൾ ചെയ്തുതന്ന മൗലവി അബ്ദുല്ലാഹ് സാഹിബ് എച്ച്.എയോടുള്ള നന്ദിയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. തന്റെ അനാരോഗ്യം വകവെക്കാതെയും മറ്റു ജോലികൾ നിറുത്തിവെച്ചുകൊണ്ടുമാണ് എന്റെ അപേക്ഷപ്രകാരം അദ്ദേഹമിതിന്റെ പരിശോധന നിർവ്വഹിച്ചുതന്നത്. അല്ലാഹു അദ്ദേഹത്തിന് പ്രതിഫലം നല്കട്ടെ. (ആമീൻ)

കോഴിക്കോട് — പരിഭാഷകൻ
1.8.1953

# അവതാരിക

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ) വാഗ്ദത്ത് മഹ്ദീ മസീഹ്(അ)ന്റെ സുവാർത്ത നൽകപ്പെട്ട പുത്രന്മാരിൽ ഉൾപ്പെടുന്നു. അദ്ദേഹത്തിന്റെ ജനനത്തിന്റെ 5 മാസങ്ങൾക്ക് മുമ്പ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇപ്രകാരം ഇൽഹാമുണ്ടായി:

***യഅ്ത്തീ ഖമറുൽ അമ്പിയാഇ വ അംറുക്ക യത്തഅത്താ***

*അതായത് നബിമാരുടെ ചന്ദ്രൻ വരുന്നതാണ്,*

*നിന്റെ ജോലി പ്രകടമാകുന്നതാണ്.*

ദൈവിക വെളിപാടു പ്രകാരം അദ്ദേഹത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗത്യപൂർത്തീകരണത്തിൽ അതിമഹത്തായ സേവനങ്ങൾക്ക് സൗഭാഗ്യം ലഭിക്കുകയുണ്ടായി. നിരവധി ഉന്നത കിടയിലുള്ള ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു.

സന്മാർഗദർശിനി എന്ന ഈ ഗ്രന്ഥവും അദ്ദേഹമാണ് രചിച്ചത്. പുസ്തകത്തിന്റെ പേര് പോലെത്തന്നെ ഇതിൽ വിശുദ്ധ ഖുർആൻ, ഹദീസ്, മുൻകാല മഹാത്മാക്കളുടെ വചനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തബ്ലീഗ് സംബന്ധമായ വിഷയങ്ങൾ വളരെ സരളവും സന്ദർഭോചിതവുമായി സ്വരുക്കൂട്ടിയിരിക്കുന്നു. അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിന്റെ വിശ്വാസാദർശങ്ങൾ ശക്തവും പ്രബലവുമായ തെളിവുകൾ മുഖേന സ്ഥാപിച്ചിരിക്കുന്നു.

ഹദ്റത്ത് റസൂൽ കരീം(സ) മഹ്ദീ മസീഹിനെക്കുറിച്ച് പറഞ്ഞിട്ടുള്ള കാലം, അടയാളങ്ങൾ, ദൗത്യം തുടങ്ങിയ വിഷയങ്ങളെ ക്കുറിച്ചുള്ള അംഗീകൃത ഉദ്ധരിണികളുടെ വെളിച്ചത്തിൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ സത്യസാക്ഷ്യവും ഈ പുസ്തകത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഈ പുസ്തകം ഒരു തബ്ലീഗീ എൻസൈക്ലോപീഡിയ ആകുന്നു. തബ്ലീഗ് രംഗത്ത് ഏറെ ഫലപ്രദവുമാണ്. തബ്ലീഗ് രംഗത്ത് വിജയിക്കാൻ ഓരോ അഹ്മദിയും ഈ പുസ്തകം വായിച്ചിരിക്കേണ്ടതാണ്.

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)യുടെ അനുവാദത്തോടെ നസാറത്ത് നശ്റോ ഇശാഅത്ത് ഖാദിയാൻ ഈ പുസ്തകത്തിന്റെ മലയാള പരിഭാഷ (6ാം പതിപ്പ്) പുറത്തിറക്കുകയാണ്. ഈ സദുദ്യമത്തിൽ ഭാഗഭാക്കായ എല്ലാവർക്കും അല്ലാഹു തക്കതായ പ്രതിഫലം നൽകുകയും ഇതിന്റെ പ്രസിദ്ധീകരണം അനുഗൃഹീതമാക്കുകയും അനേകർക്ക് സന്മാർഗം കരസ്ഥമാക്കാൻ നിമിത്തമാക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ.

ഹാഫിസ് മഖ്ദൂം ശരീഫ്

സെക്രട്ടറി പബ്ലിക്കേഷൻസ്

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഭാരത്

# ആമുഖം

'തബ്‌ലീഗെ ഹിദായത്ത്' എന്ന ഗ്രന്ഥം 1922-ന്റെ തുടക്കത്തിലാണ് ഞാൻ എഴുതിയത്. അന്ന് ഞാൻ കേവലം ഒരു യുവാവായിരുന്നു. എന്റെ പഠനപാരായണങ്ങൾ തുലോം പരിമിതവുമായിരുന്നു. എന്നാൽ, അല്ലാഹു അവന്റെ കൃപകൊണ്ട് ഈ ഗ്രന്ഥത്തിന് സ്വീകരണം നല്കി. ഇതുമുഖാന്തരം പലർക്കും സന്മാർഗ്ഗം സിദ്ധിക്കുകയും ചെയ്തു. സ്വന്തക്കാരും അന്യരും ഇതിനെ ഇഷ്ടപ്പെട്ടു.

والحمد لله على ذالک وما توفیقی الّا باللّٰه العلیّ العظیم

ഇതുവരെ ഈ പുസ്തകത്തിന്റെ മൂന്നുപതിപ്പുകൾ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ഇത് നാലാമത്തെ പതിപ്പാണ്. ഈ പതിപ്പിൽ നിസ്സാരമായ ചില മാറ്റങ്ങൾ മാത്രമേ ഞാൻ വരുത്തിയിട്ടുള്ളൂ. അതിലധികവും പദങ്ങളെ സംബന്ധിച്ചതാണ്. അല്ലാഹു അവന്റെ പ്രവൃത്തികൊണ്ട് അനുഗ്രഹിച്ച ഒരു വസ്തുവിൽ മാറ്റം വരുത്തുന്നത് ശരിയല്ലല്ലോ. അതിനാൽ, അല്ലാഹു ഇതിന് മുമ്പത്തേതിനേക്കാൾ കൂടുതലായി അനുഗ്രഹം നല്കട്ടെ എന്നും ജനങ്ങളുടെ മാർഗ്ഗദർശനത്തിന് ഇത് കാരണമാകട്ടെ എന്നുമുള്ള പ്രാർത്ഥനയോടുകൂടി- അതാണീ ഗ്രന്ഥത്തിന്റെ ഏകോദ്ദേശ്യം- ഞാനീ നാലാം പതിപ്പ് പ്രസ്സിലേക്കയക്കുന്നു.

ഈ പതിപ്പിന്റെ എഴുത്തിനും അച്ചടിക്കും ഏർപ്പാട് ചെയ്യുന്ന കാര്യത്തിൽ ജനാബ് മലിക് ഫസ്‌ൽ ഹുസയ്ൻ സാഹിബ് വളരെയധികം പങ്കുവഹിച്ചിട്ടുണ്ട്. ഭാഷാസംബന്ധമായി ജനാബ് ഹാഫിസ് മുഖ്താർ അഹ്‌മദ് സാഹിബ് ഉപകാരപ്രദമായ ചില നിർദ്ദേശങ്ങൾ നല്കിയിട്ടുമുണ്ട്.

**ഖാദിയാൻ** **മിർസാ ബശീർ അഹ്‌മദ്**
**27.10.1945**

# വിഷയസൂചിക

പേജ്

**1. പീഠിക**
പ്രവാചകശൃംഖല ........................................ 13
പ്രവാചകത്വശൃംഖലയുടെ പരിപൂർണ്ണത ........................................ 14
വിശുദ്ധഖുർആന്റെ സംരക്ഷണം ........................................ 15
ബാഹ്യമായ വിജ്ഞാനം ജീവലക്ഷണമല്ല ........................................ 18
ഇസ്‌ലാമിൽ മുജദ്ദിദുമാരുടെ ആഗമനം ........................................ 19
പരിഷ്കർത്താക്കൾ ഉണ്ടായേ കഴിയൂ ........................................ 20
ഒരു വിപത്തിനെക്കുറിച്ചുള്ള പ്രവചനം ........................................ 23
മുസ്‌ലിംകളുടെ ഇന്നത്തെ സ്ഥിതി ........................................ 24
അവസാനകാലത്തെ വിപത്തിനുള്ള പ്രതിവിധി ........................................ 25
ഹദ്റത്ത് അഹ്മദി(അ)ന്റെ വാദം ........................................ 28
പരിശോധനാമാർഗ്ഗം ........................................ 29
പരിശോധനയുടെ തരങ്ങൾ ........................................ 29
പ്രമാണപരമായ പരിശോധന ........................................ 30
ബുദ്ധിപരമായ പരിശോധനാമാർഗ്ഗം ........................................ 34
ആദ്ധ്യാത്മികമാർഗ്ഗം ........................................ 37

**2. മസീഹിന്റെ ആവിർഭാവം ........................................ 39**
ഖുർആനിലും ഹദീഥിലുമുള്ള പ്രവചനം ........................................ 39
ഈസാ(അ) ആകാശത്തേക്കുയർത്തപ്പെട്ടിട്ടില്ല ........................................ 44
ഈസാ(അ)യുടെ മരണം ........................................ 48
ഈസാ(അ) ജീവിച്ചിരിക്കുന്നുവെന്നതിൽ ഇജ്മാഅ് ഉണ്ടായിട്ടില്ല ... 63
ഈസാ(അ) ജീവിച്ചിരിക്കുന്നുവെന്ന വിശ്വാസം എവിടെനിന്ന് വന്നു? . 66
മരിച്ചവർ മടങ്ങിവരില്ല ........................................ 67
മസീഹ് വരേണ്ടത് ഈ ഉമ്മത്തിൽനിന്നുതന്നെ ........................................ 69
ഇറങ്ങുമെന്നതിന്റെ താൽപര്യം ........................................ 74
ഇബ്നുമർയം എന്ന അഭിധാനം ........................................ 75
വാഗ്ദത്ത മസീഹും മഹ്ദിയും ഒരാൾ ........................................ 81
മഹ്ദി വാളെടുത്തു യുദ്ധം ചെയ്യില്ല ........................................ 92

**3. മസീഹ് മഹ്ദിയുടെ അടയാളങ്ങൾ ............................................ 102**
മസീഹ് മഹ്ദിയെ സംബന്ധിച്ച പത്തടയാളങ്ങൾ ............................... 103
ഒന്നാമത്തെ അടയാളം ........................................................................ 105
രണ്ടാമത്തെ അടയാളം ....................................................................... 107
മൂന്നാമത്തെ അടയാളം ....................................................................... 107
നാലാമത്തെ അടയാളം ....................................................................... 115
അഞ്ചാമത്തെ അടയാളം ..................................................................... 117
ആറാമത്തെ അടയാളം ....................................................................... 121
ഏഴാമത്തെ അടയാളം ........................................................................ 125
എട്ടാമത്തെ അടയാളം ........................................................................ 127
ഒമ്പതാമത്തെ അടയാളം ..................................................................... 130
പത്താമത്തെ അടയാളം ...................................................................... 132

**4. മസീഹ് മൗഊദി(അ)ന്റെ പ്രവൃത്തി .......................................... 140**
ഒന്നാമത്തെ പ്രവൃത്തി ......................................................................... 140
രണ്ടാമത്തെ പ്രവൃത്തി ........................................................................ 147
ക്രിസ്തുമതത്തിന്നെതിരിൽ ................................................................. 152
ആര്യസമാജത്തിന്നെതിരിൽ ............................................................... 172
സിക്കുമതത്തിന്നെതിരിൽ .................................................................. 199
ബ്രഹ്മസമാജത്തിന്നെതിരിൽ ............................................................. 203
ദേവസമാജത്തിന്നെതിരിൽ ................................................................. 206
മറ്റു പല മതങ്ങൾക്കുമെതിരിൽ ......................................................... 211
സത്യാന്വേഷണതത്ത്വങ്ങൾ ................................................................ 212
ഇസ്‌ലാമിന്റെ വിജയം ........................................................................ 221
അഹ്മദിയ്യാ ജമാഅത്തിന്റെ പ്രചാരണപരിശ്രമം ............................... 230
അന്യാഭിപ്രായങ്ങൾ .......................................................................... 236
മസീഹ് മൗഊദിന്റെ മൂന്നാമത്തെ ദൗത്യം .......................................... 243
സത്യവിശ്വാസത്തിന്റെ നില ............................................................... 243
സത്യവിശ്വാസത്തിന്റെ ലക്ഷണങ്ങൾ ................................................. 253
ഒന്നാമത്തെ ലക്ഷണം ....................................................................... 255
രണ്ടാമത്തെ അടയാളം ....................................................................... 258
മൂന്നാമത്തെ അടയാളം ....................................................................... 258
നാലാമത്തെ അടയാളം ....................................................................... 260
അഞ്ചാമത്തെ അടയാളം ..................................................................... 261
അല്ലാഹുവിന്റെ സാക്ഷ്യമുദ്ര ............................................................. 265
ബീജാവാപം പൂർത്തിയായിക്കഴിഞ്ഞു ................................................. 267

**5. ഒരു താത്ത്വിക സമീക്ഷ ............................................................. 271**
അടയാളങ്ങളുടെ സമഗ്രവിവരണം ............................................................. 285

**6. നുബുവ്വത്ത് വാദം ............................................................. 294**
ഞങ്ങളുടെ വിശ്വാസം ............................................................. 294
ഖാത്തമുന്നബിയ്യീന്റെ വ്യാഖ്യാനം ............................................................. 298
'ലാനബിയ്യ ബഅ്ദീ' ............................................................. 302
'ലൗകാന ബഅ്ദീ നബിയ്യുൻ ലകാന ഉമറ' ............................................................. 306
മുബശ്ശിറാത്ത് ............................................................. 308
നുബുവ്വത്ത് കാര്യത്തിൽ ഇജ്മാഅ്? ............................................................. 310
പ്രവാചകന്മാരും ശരീഅത്തും ............................................................. 316
പ്രവാചകന്മാർ അനുസരിക്കപ്പെടേണ്ടവർ ............................................................. 320
നുബുവ്വത്ത് നിലച്ചിട്ടില്ല ............................................................. 323
നുബുവ്വത്ത് നിലച്ചിട്ടില്ലെന്നതിനു ഹദീഥ് ............................................................. 328
നുബുവ്വത്ത് സംബന്ധിച്ച ചർച്ചയുടെ ചുരുക്കം ............................................................. 333
മഹ്ദി മസീഹിന്റെ പ്രസ്താവന ............................................................. 334
പരിസമാപ്തി ............................................................. 335

بســــــــــم اللّٰه الرّحمٰن الرّحيم

نحمدهٗ ونصلّى علٰى رسوله الكريم

# 1. പീഠിക

## പ്രവാചകത്വ ശൃംഖല

ഭൂമിയിൽ അന്ധകാരവും അധർമ്മവും വ്യാപിക്കുമ്പോൾ ജനങ്ങൾക്ക് മാർഗ്ഗദർശനത്തിനുവേണ്ടി ഒരു പരിശുദ്ധാത്മാവിനെ എഴുന്നേല്പിക്കുകയും അദ്ദേഹം മുഖേന ജനങ്ങളെ സമുദ്ധരിക്കുകയും നവീന ദൃഷ്ടാന്തങ്ങൾ കാണിച്ചു കൊടുത്ത് നിർമ്മതത്വത്തിന്റെയും നിരീശ്വരത്വത്തിന്റെയും ഇരുട്ടിൽനിന്ന് അവരെ പുറത്തേക്കു കൊണ്ടുവരികയും ചെയ്യുകയെന്നത് ലോകാരംഭം മുതൽക്കെയുള്ള അല്ലാഹുവിന്റെ ഒരു വഴക്കമാണെന്നു ലോകമതങ്ങളുടെ ചരിത്രത്തിൽ കണ്ണോടിക്കുന്ന ആർക്കുംതന്നെ മനസ്സിലാക്കാൻ കഴിയും. ഈ പ്രവാചകത്വ ശൃംഖല ആരംഭം മുതൽക്കു ഇന്നുവരെ ഇടതടവില്ലാതെ തുടർന്നു വന്നിരിക്കുന്നു. ആദ്യകാലത്ത് ലോകത്തിലെ വിവിധ രാജ്യങ്ങൾ തമ്മിലും ജനതകൾ തമ്മിലും പരസ്പരം സമ്പർക്കം സ്ഥാപിക്കുന്നതിന് സൗകര്യങ്ങളുണ്ടായിരുന്നില്ല; അഥവാ അതിനുള്ള സൗകര്യങ്ങൾ വിരളമായിരുന്നു. ഓരോ രാജ്യവും മറ്റുള്ളവയിൽനിന്ന് വിച്ഛേദിക്കപ്പെട്ട നിലയിലായിരുന്നു. ഒരു ജനതയ്ക്ക് മറ്റുള്ളവരെപ്പറ്റി അറിവുണ്ടായിരുന്നില്ല. ഓരോ രാജ്യവും ഓരോ ജനതയും അവരുടേത് മാത്രമായ ഓരോ ലോകങ്ങളിലായിരുന്നു. ഈ അവസ്ഥയിൽ അല്ലാഹുവിന്റെ അടുക്കൽനിന്ന് ഓരോ രാജ്യത്തിനും ഓരോ ജനതയ്ക്കും പ്രത്യേകം പ്രത്യേകം പ്രവാചകൻമാർ വന്നുകൊണ്ടിരുന്നു. ഇതിനെപ്പറ്റി അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുകയാണ്:-

وَاِنْ مِّنْ اُمَّةٍ اِلَّا خَلَا فِيْهَا نَذِيْرٌ

"ഒരു പ്രബോധകൻ കഴിഞ്ഞു പോയിട്ടില്ലാത്ത ഒരു ജനതയുമില്ല" (വിശുദ്ധഖുർആൻ, 35:25)

ഏതു വിധത്തിൽ സിറിയ, ഈജിപ്ത്, ഇറാഖ് എന്നീ രാജ്യങ്ങളിൽ അല്ലാഹുവിന്റെ ദൂതൻമാർ അവതരിച്ചുവോ, അതേ വിധത്തിൽ ഇന്ത്യ, ചൈന, പേർശ്യ മുതലായ മറ്റു രാജ്യങ്ങളിലും അവർ അവതരിച്ചിരുന്നു. ഈ കാരണം കൊണ്ടാണ് എല്ലാ രാജ്യങ്ങളിലേയും എല്ലാ ജനങ്ങളുടേയും പ്രവാചകന്മാരെ ഞങ്ങൾ വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നത്. ഹദ്റത്ത് നൂഹ്, ഹ: ഇബ്റാഹിം, ഹ:മൂസാ, ഹ:ഈസാ (അലയ്ഹിമുസ്സലാം) എന്നിവരെപ്പോലെതന്നെ പേർഷ്യക്കാരുടെ സർതഷ്ത്തിനെയും ബൗദ്ധരുടെ ഗൗതമനെയും ചൈനക്കാരുടെ കൺഫ്യൂഷസിനെയും ഹിന്ദുക്കളുടെ ശ്രീകൃഷ്ണനെയും ഞങ്ങൾ വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. പ്രവാചകോചിതമായ നിലയിൽ അവരെ ഞങ്ങൾ പരിഗണിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

## പ്രവാചകത്വ ശൃംഖലയുടെ പരിപൂർണ്ണത

മുകളിൽ പറഞ്ഞ പ്രവാചകൻമാരും പഴയകാലത്തെ മറ്റു പ്രവാചകന്മാരും, ജനതകൾ തമ്മിൽ പരസ്പരം സമ്പർക്കമില്ലാതിരിക്കുകയും രാജ്യങ്ങൾ അന്യോന്യം അറിയപ്പെടാതിരിക്കുകയും മനുഷ്യരാശിയുടെ ബുദ്ധിപരമായ അവസ്ഥ പൂർണ്ണദശ പ്രാപിക്കാതിരിക്കുകയും ചെയ്തിരുന്ന അക്കാലങ്ങളിലേക്കു മാത്രമുള്ളവരായിരുന്നു. എന്നാൽ, ലോകം മുഴുവനും ഒരു രാജ്യത്തിന്റെ അവസ്ഥയിൽ വരാനും വിവിധ ജനതകൾ തമ്മിൽ സമ്പർക്കമുണ്ടാകാനും മാനവസമുദായം വളർന്നു യൗവനദശ പ്രാപിക്കാനും തുടങ്ങിയപ്പോൾ, വിഭിന്ന രാജ്യങ്ങൾക്കും വിഭിന്ന ജനതകൾക്കും വെവ്വേറെ പ്രവാചകൻമാരെ അയക്കുന്നതിനുപകരം മുഴുവൻ ലോകത്തിനു വേണ്ടിയും ഒരേയൊരു പ്രവാചകനെ അയക്കുകയും താൽക്കാലികവും ദേശീയവുമായ ആവശ്യമനുസരിച്ച് വെവ്വേറെ ഉപദേശങ്ങൾ ഇറക്കുന്നതിനു പകരം എല്ലാ കാലത്തേയും എല്ലാ ജനതകളുടേയും ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമായ ഒരേ ഒരു പരിപൂർണ്ണ ഗ്രന്ഥമിറക്കുകയുമാണ് അല്ലാഹു ചെയ്തത്. ആ പ്രവാചകൻ ക്രിസ്ത്വാബ്ദം 6-ാം നൂറ്റാണ്ടിന്റെ ഒടുവിൽ അറേബ്യയിൽ ജനിച്ച ഹദ്റത്ത് മുഹമ്മദ്(സ.അ) തിരുമേനിയും, ആ ഗ്രന്ഥം ആ മഹാത്മാവിനു നല്കപ്പെട്ട വിശുദ്ധഖുർആനുമാണ്.

## വിശുദ്ധ ഖുർആന്റെ സംരക്ഷണം

പരിശുദ്ധനായ ആ പ്രവാചകനെക്കൊണ്ട് പ്രവാചകത്വ ശൃംഖലയും പരിശുദ്ധമായ ആ ഗ്രന്ഥംകൊണ്ട് ഗ്രന്ഥശൃംഖലയും പരിപൂർണ്ണത പ്രാപിച്ചു. അല്ലാഹു പറയുകയാണ്:-

وَلٰكِنْ رَّسُوْلَ اللّٰهِ وَخَاتَمَ النَّبِيّٖنَ

മുഹമ്മദ് അല്ലാഹുവിന്റെ റസൂലും പ്രവാചകന്മാരുടെ മുദ്രയുമാകുന്നു (വി.ഖുർആൻ 33:41).

اَلْيَوْمَ اَكْمَلْتُ لَكُمْ دِيْنَكُمْ وَاَتْمَمْتُ عَلَيْكُمْ
نِعْمَتِيْ وَرَضِيْتُ لَكُمُ الْاِسْلَامَ دِيْنًا

"ഇന്ന് ഞാൻ നിങ്ങളുടെ മതത്തെ നിങ്ങൾക്ക് പൂർത്തിയാക്കിത്തന്നിരിക്കുന്നു; എന്റെ അനുഗ്രഹവും ഞാൻ നിങ്ങളിൽ പൂർത്തിയാക്കിയിരിക്കുന്നു; നിങ്ങൾക്കുവേണ്ടി ഇസ്‌ലാമിനെ മതമായി ഞാൻ തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു." (വി.ഖുർആൻ 5:4)

അതായത് മേലിൽ ഒരു ന്യായപ്രമാണത്തിന്റെ ആവശ്യമില്ലാത്തവിധം അല്ലാഹുവിന്റെ ഉപദേശം ഖുർആൻ മുഖാന്തരം പൂർത്തിയായിരിക്കുന്നു. അതുകൊണ്ട് അത് സുരക്ഷിതമായിരിക്കേണ്ടത് അത്യാവശ്യമാകുന്നു. അതിന്റെ സംരക്ഷണത്തിനുള്ള ബാധ്യത അല്ലാഹു ഏല്ക്കുകയും ചെയ്തു. അല്ലാഹു പറയുന്നു :

اِنَّا نَحْنُ نَزَّلْنَا الذِّكْرَ وَاِنَّا لَهٗ لَحٰفِظُوْنَ ١٠

"ഈ പ്രബോധന ഗ്രന്ഥം ഇറക്കിയത് നാം തന്നെയാണ്. തീർച്ചയായും നാം തന്നെ അതിനെ സംരക്ഷിക്കുകയും ചെയ്യും."(വി. ഖുർആൻ 15:10)

ഇങ്ങനെ ഒരു സംരക്ഷണവാഗ്ദാനം മറ്റൊരു ദിവ്യഗ്രന്ഥത്തിനും അല്ലാഹു നല്കിയിട്ടില്ല. ആ ഗ്രന്ഥങ്ങൾ അല്ലാഹുവിന്റെ പക്കൽനിന്ന് ഇറങ്ങിയവയല്ലാത്തതു കൊണ്ടല്ല, നേരെമറിച്ച് അവ സ്ഥാകാലങ്ങളുടെ പരിമിതിയിൽ നിബദ്ധമായിരുന്നതു കൊണ്ടാണ്. അവ സർവ്വലോകത്തിനും സർവ്വകാലത്തിനും ഉള്ളവയായിരുന്നില്ല. പ്രത്യേക ജനതകളുടെ കാലോചിതമായ ആവശ്യങ്ങൾ നിറവേറ്റുന്നവയായിരുന്നു. കാലഹരണത്തിനു വിധേയങ്ങളായതു

കൊണ്ട് അവയ്ക്ക് അത്തരമൊരു വാഗ്ദാനത്തിന്റെ ആവശ്യമുണ്ടായിരുന്നില്ല. എന്നാൽ, വിശുദ്ധഖുർആന്റെ പദവി അതായിരുന്നില്ല. അത് എല്ലാ ജനതകളുടെയും എല്ലാ കാലത്തിന്റെയും ആവശ്യങ്ങൾ പൂർത്തിയാക്കാനുള്ളതാണ്. അതുകൊണ്ട് അത് ഏതു പ്രകാരത്തിൽ ഇറങ്ങിയോ അതേപ്രകാരത്തിൽ എന്നും സുരക്ഷിതമായിരിക്കേണ്ടത് അത്യാവശ്യമാണ്.

ഈ സംരക്ഷണം രണ്ടു വിധത്തിൽ നടന്നു- അക്ഷരത്തിന്റെ കാര്യത്തിലും അർത്ഥത്തിന്റെ കാര്യത്തിലും. സംരക്ഷണത്തിന്റെ രണ്ട് വശങ്ങൾ അവ മാത്രമാണ്. അതായത്, വിശുദ്ധഖുർആൻ ഏതു രൂപത്തിൽ നബിതിരുമേനിയിൽ ഇറങ്ങിയോ അതേരൂപത്തിൽ ഒരു വള്ളിയും പുള്ളിയും മാറ്റമുണ്ടാവാതെ അതിന്റെ ശബ്ദങ്ങൾ നിലനിറുത്തുക എന്നതാണ് ഒന്നാമത്തെ സംരക്ഷണം. വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളുടെ ചൈതന്യം നഷ്ടപ്പെടാത്ത വിധത്തിൽ അതിന്റെ അർത്ഥവും നിലനിറുത്തുക എന്നത് രണ്ടാമത്തെ സംരക്ഷണവും. വിശുദ്ധഖുർആനു ഈ രണ്ടു വിധത്തിലുള്ള സംരക്ഷണവും ലബ്ധമായിട്ടുണ്ട്. ലോകത്തുള്ള മറ്റു യാതൊരു മതത്തിനും ഈ വിധത്തിലുള്ള സംരക്ഷണമുണ്ടായിട്ടില്ല. മുൻഗ്രന്ഥങ്ങളുടെ ശബ്ദങ്ങളോ അർത്ഥമോ സംരക്ഷിക്കപ്പെട്ടിരുന്നില്ല. അവയുടെ അദ്ധ്യാപനങ്ങളുടെ ചൈതന്യം നിലനിറുത്താൻ അല്ലാഹുവിന്റെ പക്കൽനിന്ന് സ്ഥിരമായ ഏർപ്പാടൊന്നുമുണ്ടായിരുന്നതുമില്ല. അവ അവയുടെ ആവശ്യം നിറവേറ്റിക്കഴിഞ്ഞിരുന്നു. മേലിൽ അവയുടെ ആവശ്യമുണ്ടായിരുന്നില്ല. അവ മരിച്ചു കഴിഞ്ഞിരുന്നു. വൃക്ഷങ്ങളുടെ വയസ്സ് പൂർത്തിയാവുകയാൽ പുതിയൊരു തോട്ടം നട്ടുണ്ടാക്കുന്നതിനുവേണ്ടി ഉടമസ്ഥൻ കൈയൊഴിച്ച ഒരു തോട്ടത്തിന്റെ അവസ്ഥയായിരുന്നു അവയുടേത്. എന്നാൽ, ഇസ്‌ലാമിന്റെ സ്ഥിതി അതല്ല. ഇസ്‌ലാം ജീവനുള്ള ഒരു മതമാണ്. എല്ലാ കാലത്തും ജീവനുള്ളതായിരിക്കാൻ വേണ്ടി സ്ഥാപിക്കപ്പെട്ടതുമാണ്. തന്നിമിത്തം അത് അക്ഷരപരമായും അർത്ഥപരമായും സംരക്ഷിക്കപ്പെട്ടു.

## ശബ്ദസംരക്ഷണം

വിശുദ്ധഖുർആൻ അവതീർണ്ണമായ സമയത്തുതന്നെ അനേകർ അത് ഹൃദിസ്ഥമാക്കി. അതിന്റെ അനേകം പ്രതികൾ എഴുതി സൂക്ഷിക്കപ്പെട്ടു. ഇസ്‌ലാമിക ഭരണകൂടങ്ങൾ അതിന്റെ സൂക്ഷിപ്പിനുവേണ്ടി പ്രത്യേകമായ ഏർപ്പാടുകൾ ചെയ്തു. തുടർന്ന് ലക്ഷക്കണക്കിന്

പ്രതികൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇന്നും വിശുദ്ധഖുർ ആൻ മനഃപാഠമാക്കിയ ലക്ഷക്കണക്കിൽ ആളുകളെ ഈ ലോകത്ത് കാണാൻ കഴിയും. ചുരുക്കിപ്പറയുകയാണെങ്കിൽ, എതിരാളികൾ പോലും മുക്തകണ്ഠം സമ്മതിക്കുന്ന വിധത്തിലാണ് അതിന്റെ സംരക്ഷണം നടന്നിട്ടുള്ളത്. നബിതിരുമേനിയിൽ ഏതൊരു രൂപ ത്തിൽ അതിറങ്ങിയോ അതേ രൂപത്തിൽ യാതൊരു മാറ്റവും കൂടാ തെ അത് ഇന്നും നിലനില്ക്കുന്നുവെന്ന് ലോകം മുഴുവനും സാ ക്ഷ്യം വഹിക്കുന്നു (ലൈഫ് ഓഫ് മുഹമ്മദ് - സർ വില്യം മ്യൂർ)

## അർത്ഥസംരക്ഷണം

വിശുദ്ധഖുർആന്റെ ചൈതന്യം നിലനിറുത്താൻ കഴിയുന്ന മഹാത്മാക്കളെ അടിക്കടി അല്ലാഹു എഴുന്നേല്പിച്ചു കൊണ്ടിരുന്നു എന്നതാണ് അർത്ഥസംരക്ഷണത്തിനു സ്വീകരിച്ച ഒരു മാർഗ്ഗം. ജീവൻ നശിച്ചു രൂപം മാത്രം അവശേഷിക്കുകയും കഴമ്പു നശിച്ചു തൊലിമാത്രം ബാക്കിയാവുകയും ചെയ്യുകയെന്ന ഒരവസ്ഥ നേരി ടുന്നതിൽനിന്ന് ഇസ്‌ലാമിനെ ആ മഹാത്മാക്കൾ രക്ഷിച്ചു കൊണ്ടി രുന്നു. എപ്പോഴെല്ലാം മുസൽമാൻമാർ അധർമ്മത്തിലേക്കും ദുഷ്കൃ ത്യത്തിലേക്കും ചായുകയും, അവരിൽ ഇസ്‌ലാമികാദ്ധ്യാപനത്തി ന്റെ ജീവൻ ബലഹീനമാവാൻ തുടങ്ങുകയും, അവരിൽ തെറ്റായ വിശ്വാസങ്ങളും മൂഢമായ അഭിപ്രായങ്ങളും കടന്നുകൂടുകയും, അവ രുടെ വിശ്വാസം ബലഹീനമാവുകയാൽ നിരീശ്വരത്വം അവരെ സ്വാ ധീനിക്കുകയും, സ്ഥിതിഗതികൾ താറുമാറാവുകയും, നിർമ്മതത്വം ശക്തിപ്പെടുകയും ചെയ്തുവോ, അപ്പോഴെല്ലാം പുതിയ ദൃഷ്ടാ ന്തങ്ങളാൽ അവരുടെ വിശ്വാസത്തിന് നവജീവൻ നല്കുകയും പരി ശുദ്ധമായ മാതൃകയാൽ അവരെ വീണ്ടും മതത്തിന്റെ സുദൃഢമായ തറയിൽ ഇരുത്തി അവർക്ക് ശരിയായ വിജ്ഞാനം നല്കുകയും അവരുടെ തെറ്റായ വിശ്വാസങ്ങളെയും മൂഢാഭിപ്രായങ്ങളെയും തിരുത്തുകയും ചെയ്യുന്ന പരിഷ്കർത്താക്കളെ(മുജദ്ദിദുമാരെ) അവ ർക്കുവേണ്ടി എഴുന്നേല്പിക്കുകയെന്നത് അല്ലാഹുവിന്റെ സുന്ന ത്തായി നടന്നു വന്നിട്ടുള്ളതാണ്. അത്തരം ആളുകൾ എല്ലാ കാല ത്തും ഇസ്‌ലാമിൽ ജനിച്ചു കൊണ്ടിരുന്നിട്ടുണ്ട്. ഇസ്‌ലാം ഒരു സ ജീവമതമാണെന്നതിലേക്കുള്ള അനിഷേധ്യമായ ഒരു തെളിവാണി ത്. ഇസ്‌ലാം ഉപേക്ഷിക്കപ്പെട്ട ഒരു തോട്ടമല്ലെന്നും മറിച്ച്, അതി ന്റെ ഉടമസ്ഥൻ അതിന്റെ രക്ഷയിലും വളർച്ചയിലും സദാ ശ്രദ്ധാലു വാണെന്നും അതിലെ വൃക്ഷങ്ങൾ വാർദ്ധക്യം പ്രാപിച്ചു നിഷ്ഫല

മായിട്ടില്ലെന്നും ഇപ്പോഴും ഫലം കായ്ച്ചുകൊണ്ടിരിക്കുന്നുണ്ടെന്നും ഇതിൽനിന്ന് വ്യക്തമാകുന്നുണ്ട്. മറ്റുള്ള മതങ്ങളുടെ അവസ്ഥ ഇതല്ല. അല്ലാഹുവിന്റെ കൽപനയോടുകൂടി ലോകത്തിന്റെ പരിഷ്കരണത്തിനുവേണ്ടി എഴുന്നേല്ക്കുകയും അല്ലാഹുവിന്റെ ഭാഷണത്താലും അവനുമായുള്ള അടുപ്പത്താലും അനുഗൃഹീതരാവുകയും ചെയ്തിട്ടുള്ള അത്തരം ആളുകൾ മറ്റു മതങ്ങളിൽ കാണുകയില്ല.

## ബാഹ്യമായ വിജ്ഞാനം ജീവലക്ഷണമല്ല

ബാഹ്യമായ വിജ്ഞാനത്തെ സംബന്ധിച്ചിടത്തോളം എല്ലാ മതങ്ങൾക്കും അവയുടെ പണ്ഡിതന്മാരുണ്ട്. എന്നാൽ, ബാഹ്യമായ ആ വിജ്ഞാനം ജീവലക്ഷണമല്ല. കൈയ്യൊഴിക്കപ്പെട്ട ഒരു തോട്ടത്തിൽ കാണാവുന്ന ഉണങ്ങിയ മരക്കൊമ്പുകളെപ്പോലെയാണവർ. അല്ലാഹുവിൽനിന്ന് നേരിട്ട് വിജ്ഞാനം സിദ്ധിക്കുകയും അവന്റെ വചനങ്ങളാൽ ജീവൻ ലഭിക്കുകയും ചെയ്ത അവസ്ഥയിൽ ലോകോദ്ധാരണത്തിനുവേണ്ടി ആരെങ്കിലും എഴുന്നേല്പ്പിക്കപ്പെടുക എന്നതിനാണ് ജീവിപ്പ് എന്നു പറയുന്നത്. എത്ര പരതിനോക്കിയാലും അത്തരം ആളുകളെ ഇസ്ലാമിലല്ലാതെ മറ്റെങ്ങും കാണുകയില്ല. ലോകത്ത് പരിഷ്കാരം ഏർപ്പെടുത്തുകയെന്നത് എല്ലാവരുടെയും ജോലിയല്ല. നിരീശ്വരത്വത്തിന്റെ പാഴ്ക്കുണ്ടിൽനിന്ന് ജനങ്ങളെ കരകയറ്റി ഏകദൈവവിശ്വാസമാകുന്ന ഉറച്ച തറയിൽ ഇരുത്തുവാൻ ബാഹ്യമായ വിജ്ഞാനംകൊണ്ട് സാധ്യമാവുകയില്ല. ബാഹ്യവിജ്ഞാനത്തിന്റെ ശക്തിയാൽ ദൈവത്തെപ്പറ്റി വിശ്വസിപ്പിക്കുവാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ അത് ഒരു ദൈവം ഉണ്ടായിരിക്കണം എന്ന പരിധിവരെ മാത്രമായിരിക്കും. അതിനപ്പുറം അത് സാധ്യമാവുകയില്ല. എന്നാൽ, ആ വിശ്വാസം മോക്ഷത്തിന് പര്യാപ്തമാവുമോ? പരിമിതമായ ആ അറിവുകൊണ്ട് മനുഷ്യജീവിതത്തിൽ യഥാർത്ഥമായ പരിവർത്തനമുണ്ടാക്കാൻ കഴിയുമോ? ഒരിക്കലുമില്ല. മുക്തി പ്രാപിക്കുന്നതിന് ദൈവത്തെ സംബന്ധിച്ച നമ്മുടെ വിശ്വാസം നാം അവനെ കണ്ടറിഞ്ഞതുപോലെ ഉറപ്പുള്ളതായിരിക്കണം. അവന്റെ അസ്തിത്വം ലഭിച്ചതുപോലെയായിരിക്കണം. അതായത് ഒരു ദൈവം ഉണ്ട് എന്ന പദവിയിലേക്ക് നമ്മുടെ വിശ്വാസം ഉയരണം. ആ വിശ്വാസത്തിനു മാത്രമേ നമ്മെ ഉദ്ധരിക്കുവാനും നമ്മുടെ ഹൃദയത്തിൽ ദൃഢതയുണ്ടാക്കുവാനും കഴിയൂ. അതാണ് ആത്മാവിന്റെ ദുഷിച്ച ആഗ്രഹങ്ങളെ ദഹിപ്പിച്ചു ചാമ്പലാക്കുവാൻ പര്യാപ്തമാവുന്ന വിശ്വാസം. അതാണ് മനുഷ്യനു ഒരു ജീവൻനല്

കുകയും അവനിൽ ഒരു നവചൈതന്യമുളവാക്കുകയും ചെയ്യുന്ന വിശ്വാസം. അതാണ് സ്രഷ്ടാവായ ദൈവവുമായി നേരിട്ട് ബന്ധം സ്ഥാപിക്കുവാൻ അവനെ യോഗ്യനാക്കുന്ന വിശ്വാസം. അതിന്റെ ഫലമായി ദൈവം അവനോട് സംസാരിക്കുകയും അവന്റെ പ്രാർത്ഥനകൾ കേൾക്കുകയും ആ പ്രാർത്ഥനകൾക്ക് ഉത്തരം നല്കുകയും ചെയ്യും. എന്നാൽ, ഈ കാര്യങ്ങൾ ബാഹ്യമായ വിജ്ഞാനം കൊണ്ട് സാധ്യമാവുകയില്ല. ബാഹ്യമായ വിജ്ഞാനത്തിന്റെ ഉടമകൾ ഈ വസ്തുത അറിയുകയുമില്ല.

## ഇസ്‌ലാമിൽ മുജദ്ദിദുമാരുടെ ആഗമനം

ദൈവവുമായി സംഭാഷണം നടത്തുകയും ദൈവത്തിൽനിന്ന് നിർദ്ദേശം ലഭിച്ചതനുസരിച്ച് ലോകത്തിന് നേരായ മാർഗ്ഗം കാണിച്ചു കൊടുക്കുകയും ഇസ്‌ലാമികാദ്ധ്യാപനത്തെ സജീവമാക്കി നിലനിറുത്തുകയും ചെയ്യുന്ന അത്തരം ആളുകൾ ആവശ്യമനുസരിച്ച് എല്ലാ കാലത്തും ഉണ്ടാവുകയെന്നത് ഇസ്‌ലാമിന്റെ ഒരു സവിശേഷതയാണ്. അത്തരം ആളുകൾ അടിക്കടി ഇസ്‌ലാമിൽ ഉണ്ടായിക്കൊണ്ടിരുന്നിട്ടുണ്ട്. പ്രത്യേകിച്ച് എല്ലാ നൂറ്റാണ്ടുകളുടെയും തുടക്കത്തിൽ അവർ ആവിർഭവിച്ചു കൊണ്ടിരുന്നിട്ടുണ്ട്. നബി തിരുമേനി(സ) ഇപ്രകാരം അരുൾ ചെയ്തിരിക്കുന്നു

انّ اللّٰه يبعث لهٰذه الامّة علٰى رأس

كلّ مئة سنةٍ مّن يّجدّد لها دينها (ابوداؤد)

മുസൽമാന്മാരുടെ മതപരമായ തെറ്റുകൾ തിരുത്തി അവർക്ക് നവജീവൻ നല്കുന്ന ആളുകളെ അവർക്കുവേണ്ടി എല്ലാ നൂറ്റാണ്ടിന്റെ തലക്കലും അല്ലാഹു എഴുന്നേല്പിക്കുന്നതാണ്. (അബു ദാവൂദ്)

ഈ പ്രവചനപ്രകാരം സാധാരണ കാലങ്ങളിൽ പൊതുവെയും നൂറ്റാണ്ടുകളുടെ ആരംഭത്തിൽ പ്രത്യേകിച്ചും അത്തരം ആളുകൾ വന്നുകൊണ്ടിരുന്നുവെന്നത് അനുഭവവിദിതമായ ഒരു പരമാർത്ഥമാണ്. അവർ മുഖേന ആവശ്യാനുസരണം വിശുദ്ധഖുർആന്റെ യഥാർത്ഥമായ അദ്ധ്യാപനവും ഇസ്‌ലാമിന്റെ ആന്തരികമായ ജീവനും പ്രത്യക്ഷപ്പെട്ടു കൊണ്ടിരുന്നു. അവർ ദൈവത്തിന്റെ സജീവ വചനങ്ങളുടെ സഹായത്താൽ ജനങ്ങൾക്കിടയിൽ ജ്ഞാനപരവും ആധ്യാത്മികവുമായ പരിഷ്കാരങ്ങൾ വരുത്തിക്കൊണ്ടിരുന്നു. ശൈ

ഖ് അബ്ദുൽഖാദിർ ജീലാനി, ശൈഖ് അഹ്മദ് സർഹിന്ദി മുജദ്ദിദ് അൽഫസാനി, ശാഹ്‌വലിയ്യുല്ലാ ദഹ്‌ലവി, സയ്യിദ് അഹ്മദ് ബറേൽവി മുതലായവർ പരിശുദ്ധമായ ഈ മുജദ്ദിദു വർഗ്ഗത്തിൽപ്പെട്ടവരാണ്. അവരെല്ലാവരും അല്ലാഹുവിൽനിന്ന് മാർഗ്ഗദർശനം ലഭിച്ചതനുസരിച്ച് ലോകത്ത് പരിഷ്കാരങ്ങൾ വരുത്തുകയും അതത് കാലങ്ങളിൽ ഏതെല്ലാം തെറ്റുകൾ തിരുത്തേണ്ടതാവശ്യമായിരുന്നുവോ അവയെല്ലാം തിരുത്തുകയും ചെയ്തവരാണ്.

## പരിഷ്ക്കർത്താക്കൾ ഉണ്ടായേ കഴിയൂ

വിശുദ്ധഖുർആന്റെ അദ്ധ്യാപനം എല്ലാ വിധത്തിലും പരിപൂർണ്ണമായിരിക്കയാൽ ഒരു പരിഷ്ക്കർത്താവിന്റെ ആവശ്യമെന്താണെന്നും അതിന്റെ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ എല്ലാവർക്കും സ്വയം നന്നാകാൻ കഴിയുകയില്ലേ എന്നും വല്ലവരും വിചാരിക്കുകയാണെങ്കിൽ അത് കേവലം തെറ്റായ ഒരു വിചാരമായിരിക്കും. എന്തുകൊണ്ടെന്നാൽ:-

**1.** നമ്മുടെ, അനുഭവം അത് തെറ്റാണെന്ന് സ്ഥാപിക്കുന്നു. അദ്ധ്യാപനം പരിപൂർണ്ണമായിരുന്നിട്ടും മുസ്‌ലിംകൾ മതപരമായും ലൗകികമായും ദിനം പ്രതി അധഃപതിച്ചു കൊണ്ടിരിക്കുന്നതായിട്ടാണ് നാം കാണുന്നത്. അധഃപതിക്കുകയാണെന്ന ബോധമുണ്ടായിട്ടും അവർക്ക് ഉയരാൻ സാധിക്കുന്നില്ല. ഏതെങ്കിലും ഒരു ജനത മതപരമായി അധഃപതിച്ചതിനുശേഷം എഴുന്നേല്ക്കാൻ ശ്രമിക്കുന്നതായോ എഴുന്നേറ്റതായോ നമുക്ക് കണ്ടെത്താൻ കഴിയുകയില്ല. ചരിത്രത്തിൽ അതിനൊരു തെളിവില്ല.

**2.** അല്ലാഹുവിന്റെ ആദ്യം മുതൽക്കേയുള്ള വഴക്കം ആ വിചാരം തെറ്റാണെന്ന് സ്ഥാപിക്കുന്നു. എല്ലാ അന്ധകാരകാലങ്ങളിലും ഏതെങ്കിലുമൊരു പരിഷ്ക്കർത്താവിനെ എഴുന്നേല്പിക്കുകയെന്നത് അല്ലാഹുവിന്റെ പണ്ടേയുള്ള പതിവാണ്. മൂസാനബിയുടെ ജനങ്ങൾക്ക് തൗറാത്തിന്റെ അദ്ധ്യാപനം പരിപൂർണ്ണമായിരുന്നു. എന്നിട്ടും ആ അദ്ധ്യാപനം അവരിൽ നിലനില്ക്കുന്നതോടുകൂടിത്തന്നെ എല്ലാ അന്ധകാരകാലങ്ങളിലും ഏതെങ്കിലുമൊരു മതപരിഷ്ക്കർത്താവിനെ എഴുന്നേല്പിച്ച് അദ്ദേഹം മുഖാന്തരം ഇസ്‌റായീൽ ജനതയെ അല്ലാഹു ഉദ്ധരിച്ചുകൊണ്ടിരുന്നു. അത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു:

وَقَفَّيْنَا مِنۢ بَعْدِهِۦ بِٱلرُّسُلِ

മൂസായ്ക്കുശേഷം നാം തുടർച്ചയായി റസൂൽമാരെ അയച്ചുകൊണ്ടിരുന്നു (വി.ഖുർആൻ 2:88)

**3)** അദ്ധ്യാപനം പരിപൂർണ്ണമാണെന്നതിന്റെ അർത്ഥം ആദ്ധ്യാത്മികാഭിവൃദ്ധിക്കുള്ള എല്ലാ മാർഗ്ഗങ്ങളും അല്ലാഹു അതിൽ വിവരിക്കുകയും എല്ലാ ആവശ്യങ്ങളും നിറവേറ്റുകയും ചെയ്തിരിക്കുന്നുവെന്നാണ്. എന്നാൽ, ജനങ്ങളുടെ ദുർവ്യാഖ്യാനത്തിന്റെ ഫലമായി അതിന്റെ രൂപംതന്നെ മാറിപ്പോവുകയും അതിന്റെ യഥാർത്ഥമായ ജീവൻ ഇല്ലാതാവുകയും ചെയ്യുകയാണെങ്കിൽ, അതിന്റെ മുകളിൽനിന്ന് എല്ലാ മറകളും നീക്കി അതിനകത്ത് യഥാർത്ഥ ജീവൻ കടത്തിവിടുന്നതുവരെ ഉദ്ധാരണത്തിനു അത് എങ്ങനെ പ്രയോജനകരമാവും? പരിപൂർണ്ണാദ്ധ്യാപനം നിശ്ചയമായും മൂർച്ചയുള്ള ഒരു വാൾപോലെയാണ്. എന്നാൽ, അത് പ്രയോഗിക്കാൻ ആരെങ്കിലും ഉണ്ടായേ മതിയാവൂ.

**4)** ഏതൊരു അദ്ധ്യാപനവും, അതെത്ര തന്നെ പരിപൂർണ്ണമായിരുന്നാലും ശരി, ഒരു മാതൃകയില്ലെങ്കിൽ ന്യൂനമായിരിക്കും. അതിനാൽ, പ്രയോഗത്തിന്റെ എല്ലാ വശങ്ങളും അറിയുന്ന ആദ്ധ്യാത്മിക പരിഷ്ക്കർത്താക്കൾ മുഖാന്തരം അല്ലാഹു ലോകത്ത് ഇസ്‌ലാമികാദ്ധ്യാപനത്തിന്റെ മാതൃക നിലനിറുത്തുന്നു.

**5)** പുതിയ ദൃഷ്ടാന്തങ്ങൾകൊണ്ട് സേചനം ലഭിക്കാത്ത പക്ഷം ഉണങ്ങിപ്പോകുന്ന ഒരു മരം പോലെയാണ് ദൈവവിശ്വാസം. പുതിയ ദൃഷ്ടാന്തങ്ങളുടെ സേചനമില്ലെങ്കിൽ അത് 'ഉണ്ട്' എന്ന സുദൃഢമായ തറയിൽനിന്ന് 'ഉണ്ടായിരിക്കണം' എന്ന ആപൽക്കരമായ കുഴിയിലേക്ക് ആപതിക്കും. സംശയത്തിന്റെ വിഷം കലർന്ന കാറ്റ് ഉടനടി അതിനെ ഉണക്കിക്കളയുകയും ചെയ്യും. എന്നാൽ, നബിമാർ മുഖാന്തരവും വലിമാർ മുഖാന്തരവും കൈവരുന്ന വിശ്വാസമാകട്ടെ സജീവമായ ഒരു യാഥാർത്ഥ്യമാണ്. അതുവഴി മനുഷ്യനു അല്ലാഹുവിന്റെ അസ്തിത്വം ഗ്രഹണീയവും ദർശനീയവുമായിത്തീരുന്നു. അതവനെ അല്ലാഹുമായി നേരിട്ടു ബന്ധം പുലർത്താൻ പ്രാപ്തനാക്കുന്നു. അതുമൂലം അവനു ഒരു പുതിയ ജീവൻ ലഭിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ, അദ്ധ്യാ

പനം പരിപൂർണ്ണമായിരിക്കുന്നതോടുകൂടിത്തന്നെ, പുതിയ അടയാളങ്ങളുടെ നദി ലോകത്ത് ഒഴുകിക്കൊണ്ടിരിക്കുന്നതിനായി ദിവ്യഗുണങ്ങളുടെ പ്രതിരൂപമായ മഹാത്മാക്കളുടെ ആവിർഭാവം അത്യാവശ്യമാണ്. കൂടാതെ, അല്ലാഹുവിന്റെ സജീവമായ വചനത്തോടുകൂടി ലോകത്ത് എഴുന്നേല്പ്പിക്കപ്പെടുന്ന ആ ആദ്ധ്യാത്മിക പരിഷ്ക്കർത്താക്കൾക്ക് പ്രത്യേകമായൊരു ആകർഷകശക്തിയുമുണ്ട്. ആ ശക്തികൊണ്ട് വിശുദ്ധാത്മാക്കളെ തങ്ങളുടെ അടുക്കലേക്ക് അവർ വലിച്ചടുപ്പിക്കുന്നു. വാസ്തവത്തിൽ ആ ശക്തിയാണ് ഉറങ്ങിക്കിടക്കുന്നവരെ ഉണർത്തുന്നതും അവരെ കർമ്മോത്സുകരാക്കുന്നതും.

**6)** പരിഷ്കാരം ആന്തരികവും യഥാർത്ഥവുമല്ലെങ്കിൽ അതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടാവുകയില്ല. ദോഷമുണ്ടാവുകയും ചെയ്യും. ദൈവവുമായി ബന്ധപ്പെട്ട ആദ്ധ്യാത്മിക കാര്യങ്ങളിൽ യഥാർത്ഥവും ആന്തരികവുമായ പരിഷ്കാരം അല്ലാഹുവിന്റെ പക്കൽ നിന്നു ജ്ഞാനം ലഭിക്കുകയും അവന്റെ പുതിയതും സജീവവുമായ വചനങ്ങളാൽ ഉത്തേജനം സിദ്ധിക്കുകയും ചെയ്ത മഹാത്മാക്കളുടെ മാർഗ്ഗത്തിൽകൂടിയല്ലാതെ സാദ്ധ്യമാവുകയില്ല. ഒരു സാധാരണ പണ്ഡിതൻ അദ്ദേഹത്തിന്റെ ബാഹ്യമായ അറിവുകൊണ്ട് പരിഷ്കാരം നടത്തുകയാണെങ്കിൽ നാല് കാര്യങ്ങൾ ശരിയാവുമ്പോൾ പത്ത് കാര്യങ്ങൾ തെറ്റാവാനാണ് സാധ്യതയുള്ളത്.ആ സ്ഥിതിക്ക് അല്ലാഹുവിന്റെ അടുക്കൽനിന്നു വരുന്ന ഏതെങ്കിലുമൊരാൾ വിധി കൽപിക്കാതെ ഇന്ന് മുസ്ലിം ലോകത്ത് പരന്നുവശായിട്ടുള്ള അഭിപ്രായ ഭിന്നതകളെല്ലാം എങ്ങനെ ഇല്ലാതാക്കാൻ സാധിക്കും?

7) മുസ്ലിംകളിൽ ആദ്ധ്യാത്മിക പരിഷ്ക്കർത്താക്കൾ ഉണ്ടായിക്കൊണ്ടിരിക്കുമെന്ന് നബിതിരുമേനി(സ) പ്രവചിച്ചതുതന്നെ, ശരീഅത്ത് പരിപൂർണ്ണമായിരുന്നാലും പരിഷ്ക്കർത്താക്കൾ ആവശ്യമാണെന്നതിനുള്ള പ്രബലമായ ഒരു തെളിവാണ്.

8) ഇസ്ലാമിനുള്ളിൽ അത്തരം ആളുകൾ വന്നുകൊണ്ടിരുന്നുവെന്നത് അവരുടെ ആഗമനം ഒരു ആവശ്യമാണെന്ന് സ്ഥാപിക്കുന്നു.

ചുരുക്കത്തിൽ, എല്ലാ അന്ധകാരഘട്ടങ്ങളിലും ദൈവത്തിൽ

നിന്നുള്ള ഏതെങ്കിലുമൊരു ആദ്ധ്യാത്മിക പരിഷ്കർത്താവിന്റെ ആവിർഭാവം ഒഴിച്ചു കൂടാത്തതാണ്. അതനുസരിച്ച് മുസ്‌ലിംകളുടെ പരിഷ്കരണത്തിനായി തന്റെ ദിവ്യബോധനത്തിനു പാത്രമായ പരിശുദ്ധ ദാസൻമാരെ അയക്കുകയെന്നത് ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം അല്ലാഹുവിന്റെ വഴക്കമായി ഇതുവരെയും നടന്നു വന്നിട്ടുണ്ട്. അന്ധകാരകാലങ്ങളിൽ പൊതുവായും നൂറ്റാണ്ടുകളുടെ ആരംഭത്തിൽ പ്രത്യേകമായും മുജദ്ദിദുമാർ( മതപരിഷ്ക്കർത്താക്കൾ) എഴുന്നേല്പ്പിക്കപ്പെടുമെന്ന നബി തിരുമേനിയുടെ പ്രവചനം തെളിയിക്കുന്നതും ഇതുതന്നെയാണ്.

## ഒരു വിപത്തിനെക്കുറിച്ചുള്ള പ്രവചനം

എന്നാൽ, സാധാരണ മുജദ്ദിദുമാരുടെ ആഗമനത്തെക്കുറിച്ച് പ്രവചിച്ച നബിതിരുമേനിതന്നെ അവസാനകാലത്തെ ഭയങ്കരമായ ഒരു വിപത്തിനെക്കുറിച്ച് മുസ്‌ലിംകൾക്ക് മുന്നറിയിപ്പും താക്കീതും നല്കിയിട്ടുണ്ട്. അദ്ദേഹം അരുൾചെയ്തത് ഇങ്ങനെ സംഗ്രഹിക്കാം:-

ഭൂമിയിൽ യഥാർത്ഥമായ ജ്ഞാനം അന്തർദ്ധാനം ചെയ്യും. വിശുദ്ധ ഖുർആന്റെ ശരിയായ അദ്ധ്യാപനം ജനഹൃദയങ്ങളിൽ നിന്ന് മാഞ്ഞുപോകും. സത്യവിശ്വാസം ലോകത്തുനിന്ന് അപ്രത്യക്ഷമാകും. നിരീശ്വരത്വം ശക്തിപ്രാപിക്കും. ജനങ്ങളുടെ സ്വഭാവം ദുഷിക്കും. ദുഷ്കൃത്യങ്ങളിൽ മുസ്‌ലിംകൾ യഹൂദന്മാരോട് സാമ്യമുള്ളവരായിത്തീരും. അവർക്കിടയിൽ വലുതായ ഭിന്നിപ്പുണ്ടാകും. അവർ അനേകം അവാന്തരവിഭാഗങ്ങളായി വേർതിരിയും. ഉലമാക്കളുടെ അവസ്ഥ ഏറ്റവുമധികം ദുഷിച്ചതായിരിക്കും. ആകാശത്തിനുകീഴിൽ ഏറ്റവും നികൃഷ്ടരായ സൃഷ്ടി അവരായിത്തീരും. ഇസ്‌ലാം നാനാഭാഗങ്ങളിൽനിന്നും ആപത്തുകളാൽ വലയം ചെയ്യപ്പെടും. എല്ലാ മതങ്ങളും ഇസ്‌ലാമിനുനേരെ ആക്രമണം തുടങ്ങും. ക്രൈസ്തവമതം വളരെ ശക്തിപ്രാപിക്കും. ദജ്ജാൽ അവന്റെ സൈന്യത്തോടുകൂടി ഇസ്‌ലാമിനെ ആക്രമിക്കും. ചുരുക്കത്തിൽ ബാഹ്യമായും ആഭ്യന്തരമായും ഇസ്‌ലാമിന് അത് വളരെ വലിയ ഒരാപത്തിന്റെ കാലമായിരിക്കും. അതുപോലൊരു കാലം അതിനുമുമ്പേ ഒരിക്കലും ഉണ്ടായിട്ടില്ല; മേലിൽ ഉണ്ടാവുകയുമില്ല. (ഹദീഥു ഗ്രന്ഥങ്ങളിൽ ബാബുൽഫിത്തൻ മുതലായ അധ്യായങ്ങൾ നോക്കുക).

## മുസ്ലിംകളുടെ ഇന്നത്തെ സ്ഥിതി

ആ കാലം സമാഗതമായോ എന്ന് നമുക്ക് പരിശോധിക്കാം. യഥാർത്ഥത്തിൽ മുസ്ലിംകളുടെ മതപരമായ സ്ഥിതി മുകളിൽ ചിത്രീകരിച്ചതിനോട് യോജിക്കുന്നു. എത്ര പേർ സത്യഹൃദയത്തോടുകൂടി അല്ലാഹുവിൽ ഇന്ന് വിശ്വസിക്കുന്നുണ്ട്? നബിതിരുമേനിയുടെ ദൗത്യത്തിൽ ഹൃദയപൂർവ്വം വിശ്വിസക്കുന്നവരായി എത്ര പേരുണ്ട്? ഇൽഹാം (ദിവ്യവെളിപാട്), മലക്കുകൾ, മരണാനന്തര ജീവിതം, തഖ്ദീർ(ദൈവവിധി), ശിക്ഷാരക്ഷ മുതലായ കാര്യങ്ങളിലും ഉള്ളിൽ തട്ടിയ വിശ്വാസമുള്ളവർ എത്ര പേരുണ്ട്? നമസ്കാരം, നോമ്പ്, ഹജ്ജ്, സക്കാത്ത് മുതലായ കർമ്മങ്ങളനുഷ്ഠിക്കുന്നവർ എത്ര പേരുണ്ട്? മതത്തിന് ലൗകിക ജീവിതത്തെക്കാൾ പ്രാധാന്യം നൽകുന്നവർ എത്ര പേരുണ്ട്? മുസ്ലിം ലോകത്ത് മദ്യപാനം, വ്യഭിചാരം, ചൂതാട്ടം, പലിശ, കൊല, കളവ്, ചതി, നുണ, നിഷിദ്ധഭോജനം മുതലായ എല്ല ദുഷ്കൃത്യങ്ങളും തകൃതിയായിത്തന്നെ നടക്കുന്നില്ലയോ? മൗലവിമാരുടെ ജീവിതം യഥാർത്ഥ ഇസ്ലാമിക ജീവിതത്തിന്റെ മാതൃകയാണോ? അവരിൽ അധികം പേരും ദുസ്വാഭാവികളും ദുഷിച്ചവരും മതത്തിനെതിരായി ജീവിക്കുന്നവരുമാണെന്നത് സത്യമല്ലയോ?

ഇസ്ലാമിന്റെ ആഭ്യന്തരമായ സ്ഥിതിയാണിത്. മറുഭാഗത്ത് ഇന്നോ നാളെയോ കഥ കഴിഞ്ഞേക്കുമെന്ന് ഭയപ്പെടുമാറ് ഇസ്ലാമിന്റെ അസ്തിത്വം ബാഹ്യമായ ആക്രമണത്തിന് ഇരയായിത്തീർന്നിരിക്കുന്നു. എല്ലാ ജനങ്ങളും ഇസ്ലാമിനെതിരായി രംഗത്തിറങ്ങിയിരിക്കുന്നു. പ്രവാചക ശ്രേഷ്ഠനായ ഹദ്റത്ത് മുഹമ്മദുമുസ്തഫാ (സ) തിരുമേനിയെപ്പറ്റി നീചമായ ആക്ഷേപങ്ങൾ പുറപ്പെടുവിക്കുന്നു. ആ വിശുദ്ധാത്മാവ് നിന്ദ്യവും നികൃഷ്ടവുമായ അപവാദങ്ങൾക്ക് ലക്ഷ്യമാക്കപ്പെട്ടിരിക്കുന്നു. ഇസ്ലാമികാദ്ധ്യാപനങ്ങളെ അലങ്കോലപ്പെടുത്തുകയും അതിനെ പരിഹാസപാത്രമാക്കുകയും ചെയ്യുന്നു. ക്രിസ്തുമതം ഉഗ്രതയുടെ ഉച്ചം പ്രാപിച്ചിരിക്കുകയാണ്. അത് ഭരണകൂടത്തിന്റെ മടിയിലിരുന്നു മറ്റു മതങ്ങളുടെ ചോര കുടിച്ചു വളരുകയും തടിച്ചു വീർക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. ഹിന്ദുമതവും ആര്യൻ കൊടിയുയർത്തി ഇസ്ലാമിനെ ആക്രമിച്ചു കൊണ്ടിരിക്കുന്നു. നിരീശ്വരത്വം സ്വയം ഒരു സുന്ദരരൂപത്തിൽ പ്രദർശിപ്പിക്കപ്പെടുകയും അത് അതിന്റെ വല ലോകത്തിന്റെ നാനാഭാഗത്തും വീശുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ചുരുക്കത്തിൽ, ഇസ്‌ലാമിന്റെ നൗക വിപത്കരമായ ഒരു കൊടുങ്കാറ്റിൽ അകപ്പെട്ടിരിക്കുകയാണ്. അതിനെ രക്ഷിക്കാനായി അല്ലാഹുവിന്റെ കൈ മുന്നോട്ടു വന്നില്ലെങ്കിൽ അതു കരപറ്റുന്ന കാര്യം അസാദ്ധ്യമാകുന്നു. നബി തിരുമേനി നമ്മെ ജാഗ്രതപ്പെടുത്തിക്കൊണ്ടിരുന്ന ആ കാലം ഇതാണെന്നു മേൽപ്പറഞ്ഞ സ്ഥിതിഗതികൾ വിളിച്ചോതുന്നു. നല്ലപോലെ ചികഞ്ഞു നോക്കുകയാണെങ്കിൽ ഇസ്‌ലാംമതസ്ഥാപകർ മാത്രമല്ല, മറ്റെല്ലാ പ്രവാചകൻമാരും ഈ കാലത്തെപ്പറ്റി പ്രവചിക്കുകയും ഈ വിനാശകരമായ സ്ഥിതി വിശേഷത്തെക്കുറിച്ച് തങ്ങളുടെ ജനതയെ ഉണർത്തുകയും ചെയ്തിട്ടുണ്ടെന്നു കാണുവാൻ കഴിയും. വാസ്തവത്തിൽ ഈ കാലം ഇസ്‌ലാമിനു മാത്രമല്ല, മറ്റെല്ലാ മതങ്ങൾക്കും പൊതുവിൽ ആപത്കരം തന്നെയാണ്. ക്രിസ്തുമതം ശക്തിപ്പെട്ടിരിക്കുകയാണെങ്കിൽ അത് യഥാർത്ഥ ക്രിസ്തുമതത്തിന്റെ ശക്തിയല്ല. യഥാർത്ഥ ക്രിസ്തുമതം ഇസ്‌ലാമിനു പുറത്തുള്ള ഒരു വസ്തുതയല്ല, അകത്തു തന്നെയുള്ളതാണ്. ഇന്നു ശക്തിപ്പെട്ടിരിക്കുന്നത് ക്രിസ്തുമതസ്ഥാപകനുശേഷം ക്രിസ്തുമതത്തിൽ കടന്നു കൂടിയിട്ടുള്ള പിഴച്ച വിശ്വാസങ്ങളാണ്. യഥാർത്ഥത്തിൽ ക്രൈസ്തവജനതയാണ് ശക്തിപ്പെട്ടിരിക്കുന്നത്. അവർ ശക്തിപ്പെട്ടു വന്നതോടു കൂടി ലോകത്ത് നിരീശ്വരത്വവും നിർമ്മതത്വവും പരക്കുകയാണ് ചെയ്തിട്ടുള്ളത്. ഏതായാലും എല്ലാ പ്രവാചകൻമാരും മുന്നറിയിപ്പ് നല്കുകയും അവരവരുടെ ജനങ്ങളെ ജാഗ്രതപ്പെടുത്തുകയും ഉണർത്തുകയും ചെയ്തിട്ടുള്ള ഒരു പൊതുവിപത്തിന്റെ കാലമാകുന്നു ഇത്.

## അവസാനകാലത്തെ വിപത്തിനുള്ള പ്രതിവിധി

മുന്നറിയിപ്പു നല്കലും ജാഗ്രതപ്പെടുത്തലും മാത്രമല്ല പ്രവാചകന്റെ ജോലി. അതോടുകൂടിത്തന്നെ, പ്രതിവിധി ചെയ്യുന്നവർ രക്ഷപ്പെടാൻ വേണ്ടി അദ്ദേഹം പ്രതിവിധി കാണിച്ചു തരികയും ചെയ്യും. എന്തെന്നാൽ, എല്ലാ പ്രവാചകന്മാരും ഈ ആപത്തിനെക്കുറിച്ച് മുന്നറിയിപ്പ് നല്കിയതോടുകൂടിത്തന്നെ ആ സമയത്ത് അല്ലാഹു അവന്റെ പണ്ടേയുള്ള പതിവനുസരിച്ച് ഒരു ആദ്ധ്യാത്മിക പരിഷ്ക്കർത്താവിനെ എഴുന്നേല്പിക്കുമെന്നും അദ്ദേഹം മുഖേന ലോകത്ത് പരിഷ്കാരമേർപ്പെടുത്തുകയും അന്ധകാരം ദുരീകരിക്കുകയും ചെയ്യുമെന്നും പ്രവചിച്ചിട്ടുണ്ട്. ആ പരിഷ്ക്കർത്താവിനെ തിരിച്ചറിയാനുള്ള അടയാളങ്ങൾ അവർ കാണിച്ചു തരികയും ചെയ്തിരിക്കുന്നു. ആ പ്രവചനപ്രകാരം എല്ലാ ജനതകളും ഇന്ന്

അവരുടെ പരിഷ്ക്കർത്താവിനെ കാത്തിരിക്കുകയാണ്. മുന്നറിയിപ്പ് നല്കിയിട്ടുള്ള കാലം ഇതുതന്നെയാണെന്ന കാര്യത്തിൽ ആർക്കും ഭിന്നാഭിപ്രായമില്ല. ***മുസ്‌ലിംകൾ മസീഹിനെയും മഹ്ദിയെയും കാത്തിരിക്കുന്നു. ക്രിസ്തുമതക്കാർ അവരുടെ മിശിഹായുടെ രണ്ടാംവരവിനെ കാത്തിരിക്കുന്നു. ഹിന്ദുക്കൾ അവരുടെ അവതാരപുരുഷന്റെ ആഗമനം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. അപ്രകാരം തന്നെ മറ്റുള്ളവരും ഓരോരുത്തരെ കാത്തിരിക്കുന്നു.*** എന്നാൽ ഇസ്‌ലാമിന് പുറത്തുള്ളവരെല്ലാം തെറ്റായധാരണയിൽ അകപ്പെട്ടിരിക്കുകയാണ്. ദൗർഭാഗ്യവശാൽ അവരെല്ലാവരും തങ്ങളുടെ മതം ജീവനുള്ളതാണെന്ന് കരുതിപ്പോരുന്നു. വാസ്തവത്തിൽ ഇസ്‌ലാമിനു പുറമെ മറ്റു മതങ്ങളെല്ലാം കാലഹരണപ്പെട്ടവയാണ്. അവയുടെ ജീവിതകാലം അവസാനിച്ചിരിക്കുന്നു. അതിനുള്ള തെളിവെന്തെന്നാൽ, ഇസ്‌ലാം മതസ്ഥാപകർക്കു ശേഷം ഇസ്‌ലാമില്ലാതെ മറ്റു മതങ്ങളിലൊന്നിലും ദൈവവുമായുള്ള അഭിമുഖ സംഭാഷണംകൊണ്ട് അനുഗൃഹീതനാവുകയും ലോകത്തിന്റെ ഉദ്ധാരണത്തിനുവേണ്ടി ദൈവത്താൽ നിയുക്തനാവുകയും ദൈവത്തിന്റെ പുതിയ അടയാളങ്ങൾ ലോകത്തിനു കാണിച്ചു കൊടുക്കുകയും താൻ ദൈവത്തിന്റെ അടുക്കൽ നിന്നുവന്നവനാണെന്ന് രേഖാമൂലം തെളിയിക്കുകയും ചെയ്തിട്ടുള്ള ഒരാൾ ഉണ്ടായിട്ടില്ല. അങ്ങനെ ഉണ്ടായിട്ടില്ലെങ്കിൽ പിന്നെ ആ മതങ്ങൾക്കു ജീവനുണ്ടെന്ന് എങ്ങനെ പറയാൻ സാധിക്കും? അതിനാൽ, ഇസ്‌ലാമിക ജനതയിലല്ലാതെ മറ്റൊരു ജനതയിലും ആദ്ധ്യാത്മിക പരിഷ്കർത്താക്കൾ ആവിർഭവിക്കുകയില്ല. അതുകൊണ്ടാണ് അവസാനകാലത്ത് എല്ലാ പ്രവാചകൻമാരുടെയും പ്രതിരൂപമായി ഒരേ ഒരു വ്യക്തിയെ ഇസ്‌ലാമിൽ എഴുന്നേല്പിക്കുവാനും അദ്ദേഹം മുഖാന്തരം എല്ലാ ജനതകളെയും ഉദ്ധരിക്കുവാനും നിശ്ചയിക്കപ്പെട്ടത്. അദ്ദേഹം മുസ്‌ലിംകൾക്ക് മഹ്ദിയാണെങ്കിൽ ക്രിസ്ത്യാനികൾക്ക് മിശീഹായും ഹിന്ദുക്കൾക്ക് കൃഷ്ണനും മറ്റുള്ളവർക്ക് അവരുടെ വാഗ്ദത്തോദ്ധാരകനും ആയിരിക്കും. ആ ലോകോദ്ധാരകൻ വന്നുകഴിഞ്ഞുവെന്ന് ഞങ്ങൾ ലോകത്തിനു സുവാർത്ത അറിയിച്ചു കൊള്ളുന്നു. ***ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനിയാണ് ആ മഹാത്മാവ്. കണ്ണുള്ളവർ കാണുകയും ചെവിയുള്ളവർ കേൾക്കുകയും ചെയ്തുകൊള്ളട്ടെ.*** അല്ലാഹു അവന്റെ വാഗ്ദാനം നിറവേറ്റിയിരിക്കുന്നു. നബി

മാരുടെ പ്രവചനം പൂർത്തിയായിരിക്കുന്നു. വിശ്വസിക്കുന്നതും വിശ്വസിക്കാതിരിക്കുന്നതും ജനങ്ങളുടെ ഇഷ്ടമാണ്. സമയത്തെ തിരിച്ചറിഞ്ഞു ഈ പരിഷ്ക്കർത്താവിനെ സ്വീകരിച്ചു അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക്, ആരംഭം മുതൽക്കെ പ്രവാചകന്മാരെ അനുസരിക്കുന്ന സംഘങ്ങൾക്കായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ആ അനുഗ്രഹങ്ങൾക്ക് അവകാശിയാകുന്നവർ ഭാഗ്യവാൻമാർ! തങ്ങളുടെ പരിഷ്ക്കർത്താവിനെ കാത്തിരിക്കുകയും രാപകൽ അദ്ദേഹത്തിന്റെ ആഗമനം പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവരായിട്ടും അദ്ദേഹം വന്നപ്പോൾ നിഷേധിക്കുകയും അല്ലാഹുവിന്റെ കോപം വിലക്കു വാങ്ങുകയും ചെയ്തവർക്ക് കഷ്ടം! തെളിവുകൾക്കാണെങ്കിൽ യാതൊരു കുറവുമില്ല. അവ കാണാനുള്ള കണ്ണു വേണമെന്നേയുള്ളൂ. എല്ലാവരെയ്ക്കാളും അധികം തെളിവുകൾ കൊണ്ടുവന്ന ആൾ ഹദ്റത്ത് മുഹമ്മദ് നബി(സ) തിരുമേനിയായിരുന്നു. അദ്ദേഹം പ്രകാശത്തിന്റെ ചന്ദ്രനായിരുന്നു. സൻമാർഗ്ഗത്തിന്റെ സൂര്യനുമായിരുന്നു. എന്നിട്ടും അദ്ദേഹത്തെ തിരിച്ചറിഞ്ഞവർ എത്ര പേരുണ്ട്? മക്കയിലെ പ്രധാന ബുദ്ധിജീവി* അദ്ദേഹത്തെ തിരിച്ചറിഞ്ഞിരുന്നുവോ? ഗ്രീക്ക് തത്വശാസ്ത്രജ്ഞന്മാർക്ക് അദ്ദേഹത്തിന്റെ സത്യം മനസ്സിലാക്കുവാൻ കഴിഞ്ഞുവോ? യൂറോപ്പിലെ സൂക്ഷ്മദൃക്കുകൾക്ക് അദ്ദേഹത്തെ കണ്ടറിയാൻ സാധിച്ചുവോ? വിശുദ്ധ ഖുർആൻ പറഞ്ഞത് എത്ര പരമാർത്ഥം:-

مَنۡ يُّضۡلِلِ اللّٰهُ فَلَا هَادِىَ لَهٗ - وَمَا يُضِلُّ بِهٖۤ اِلَّا الۡفٰسِقِيۡنَ -

وَالَّذِيۡنَ جَاهَدُوۡا فِيۡنَا لَنَهۡدِيَنَّهُمۡ سُبُلَنَا

"വഴികേടിലാണെന്ന് അല്ലാഹു വിധിച്ചവർക്ക് ഒരു വഴി കാട്ടിയുമുണ്ടാവുകയില്ല. അല്ലാഹു ദുർവൃത്തന്മാരെയല്ലാതെ വഴികെട്ടവരെന്ന് വിധിക്കുന്നില്ല. ആർ സദുദ്ദേശ്യത്തോടുകൂടി നമ്മുടെ മാർഗത്തിൽ പരിശ്രമിക്കുമോ അവർക്ക് നാം നിശ്ചയമായും നമ്മുടെ ചൊവ്വായ മാർഗങ്ങൾ കാണിച്ചു കൊടുക്കും"(വി.ഖുർആൻ 7:187, 2:27,29:70).

---

* നബിതിരുമേനിയുടെ ശത്രുക്കളിൽ അഗ്രഗണ്യനായിരുന്ന അബൂജഹ്ൽ അയാളുടെ ബുദ്ധിസാമർത്ഥ്യത്താൽ മക്കാ നിവാസികൾക്കിടയിൽ അബുൽ ഹിക്കം (ബുദ്ധിയുടെ പിതാവ്) എന്ന പേരിൽ പ്രസിദ്ധനായിരുന്നു. എന്നാൽ, അയാൾക്ക് സത്യം തിരിച്ചറിയാൻ കഴിഞ്ഞില്ല.

## ഹദ്റത്ത് അഹ്മദിന്റെ വാദം

ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനിയുടെ വാദം ഇങ്ങനെ സംക്ഷിപ്തമായി പ്രതിപാദിക്കാം:

ഞാൻ മുസ്‌ലിംകൾക്കു വേണ്ടി മഹ്ദീമസീഹാണ്; ക്രിസ്ത്യാനികൾക്കു വേണ്ടി മിശീഹായാണ്; ഹിന്ദുക്കൾക്കു വേണ്ടി കൃഷ്ണനാണ്; മറ്റു ജനതകൾക്കുവേണ്ടി അവരുടെ വാഗ്ദത്തോദ്ധാരകനാണ്; ദൈവം ഈ കാലത്ത് ലോകത്തിന്റെ ആദ്ധ്യാത്മികോദ്ധാരണത്തിനായി എന്നെ എഴുന്നേല്പിച്ചിരിക്കുകയാണ്.

എന്നാൽ, അല്ലാഹുവിന്റെ പണ്ടേയുള്ള നിയമമനുസരിച്ച് അദ്ദേഹത്തെ സ്വീകരിച്ചവർ താരതമ്യേന ഒരു ന്യൂനപക്ഷം മാത്രമാണ്. അദ്ദേഹത്തെ നിഷേധിച്ചവരാകട്ടെ മഹാഭൂരിപക്ഷവും. അല്ലാഹു അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു:

دنیامیں ایک نذیرآیاپردنیانے اسے قبول نہ کیا۔لیکن خدااسے قبول کریگا

اور بڑے زورآورحملوں سے اس کی سچائی ظاہر کردیگا۔ (تذکرہ ص ۱۰۵)

ലോകത്ത് ഒരു താക്കീത് നല്കുന്ന ആൾ വന്നു. ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ, അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും ശക്തമായ ദൃഷ്ടാന്തങ്ങളിലൂടെ അദ്ദേഹത്തിന്റെ സത്യം പ്രസ്ഫുടമാക്കുകയും ചെയ്യും (തദ്കിറ).

ഇത് അല്ലാഹുവിന്റെ വചനമാണ്. അത് പൂർത്തിയാവാതിരിക്കുകയില്ല. എന്നാൽ, ശിക്ഷ കൊണ്ടല്ലാതെ സ്നേഹംകൊണ്ട് വിശ്വസിക്കുന്നവരും, ഭയം കൊണ്ടല്ലാതെ പ്രേമം കൊണ്ട് വിളി കേൾക്കുന്നവരുമാണ് ഭാഗ്യവാൻമാർ. അവർക്കുവേണ്ടി ഈ ഗ്രന്ഥത്തിൽ ആ ആദ്ധ്യാത്മിക പരിഷ്ക്കർത്താവിന്റെ സത്യത്തിലുള്ള തെളിവുകൾ ചുരുങ്ങിയ നിലയിൽ പ്രതിപാദിക്കുന്നു. ദാഹമുള്ളവർ ജലപാനം കൊണ്ട് സംതൃപ്തരാവുകയും വിശപ്പുള്ളവർ ഉണ്ടു വയറു നിറക്കുകയും ചെയ്തു കൊള്ളട്ടെ. സംശയങ്ങളുടെ കുളിരിൽ കിടന്നു വിറച്ചു കൊണ്ടിരിക്കുന്നവർ ഈ ആദ്ധ്യാത്മികസൂര്യന്റെ വെയിലേറ്റ് തന്നത്താൻ ചൂടുപിടിപ്പിക്കട്ടെ. ഈ ഗ്രന്ഥത്തിൽ ഇസ്‌ലാമിക വീക്ഷണകോണിൽ കൂടി മാത്രമേ ഹദ്റത്ത് മിർസാ ഗുലാം അഹ്മദിന്റെ വാദങ്ങളെ പരിശോധിക്കാൻ വിചാരിക്കുന്നുള്ളൂ. അതുകൊണ്ട്, വിശുദ്ധഖുർആൻ, ശരിയായ നബിവചനങ്ങൾ, ദൈവദത്തമാ

യ ബുദ്ധി എന്നിവയുടെ വെളിച്ചത്തിലുള്ള ഒരു പരിശോധനയാണിത്. മറ്റു മതങ്ങളിലെ പ്രവചനങ്ങളെയും അവ മുന്നറിയിപ്പ് നൽകിയിട്ടുള്ള അടയാളങ്ങളെയും മുൻനിറുത്തി അദ്ദേഹത്തിന്റെ വാദങ്ങളെ പരിശോധിക്കാൻ ഈ ചെറു ഗ്രന്ഥത്തിൽ സ്ഥലം മതിയാവുകയില്ല. ഇവിടെ അതുദ്ദേശിക്കുന്നുമില്ല.

وما توفيقنا الّا باللّٰه العظيم

## പരിശോധനാമാർഗ്ഗം

ഒന്നാമതായി, പരിശോധനാ മാർഗ്ഗത്തെക്കുറിച്ച് ചർച്ച ചെയ്യാം. പരിശോധന എപ്പോഴും ഏതെങ്കിലുമൊരു അടിസ്ഥാനത്തിലായിരിക്കണം. അതല്ലെങ്കിൽ ഉദ്ദിഷ്ടഫലം കിട്ടിയെന്നു വരില്ല. കുരുടന്മാർ ആനയെ കണ്ട കഥപോലെയായി അത് മാറും. കുരുടൻമാരടെ കഥയിൽ ഒരു പാഠമുണ്ട്. നല്ലപോലെ കാണാൻ കഴിയാതെ ഏതെങ്കിലുമൊരു വസ്തുവിനെപ്പറ്റി നടത്തുന്ന പരിശോധന സത്യമോ, ശരിയായ ഫലമോ ഉളവാക്കുകയില്ല എന്നതാണത്.

അതിനാൽ ഹദ്റത്ത് അഹ്മദിന്റെ വാദങ്ങളെപ്പറ്റി പരിശോധിക്കുന്നതിനു നാം ശരിയായ അടിസ്ഥാനം കൈക്കൊള്ളേണ്ടിയിരിക്കുന്നു. ആ ശരിയായ അടിസ്ഥാനം വിശുദ്ധ ഖുർആൻ, സ്വഹീഹായ നബിവചനം, കഴിഞ്ഞുപോയ പ്രവാചകൻമാരുടെ സ്ഥിതിഗതികൾ, ദൈവദത്തമായ വിശേഷബുദ്ധി എന്നിവയിൽ നമുക്ക് ലഭിക്കുന്നതാണ്.

## പരിശോധനയുടെ തരങ്ങൾ

എന്നാൽ, പരിശോധനയുടെ അടിസ്ഥാനം നിർണ്ണയിക്കുന്നതിനു മുമ്പേ അതിന്റെ തരങ്ങൾ തിട്ടപ്പെടുത്തേണ്ടിയിരിക്കുന്നു. പരിശോധനയ്ക്ക് രണ്ട് മാർഗ്ഗങ്ങളുണ്ടെന്നു നാം മനസ്സിലാക്കണം -പ്രമാണപരവും ബുദ്ധിപരവും. മുമ്പേയുള്ള എഴുത്തുകളും വചനങ്ങളുമാകുന്ന രേഖകൾ വാദിയുടെ വാദത്തിൻമേൽ എങ്ങനെ വെളിച്ചം വീശുന്നു എന്നു നോക്കുകയാണ് പ്രമാണപരമായ മാർഗ്ഗങ്ങൾ. ബുദ്ധിപരമായ മാർഗ്ഗമാവട്ടെ, വാദിയുടെ വാദം എത്രത്തോളം സ്വീകാര്യമാണെന്ന് ദൈവദത്തമായ ബുദ്ധികൊണ്ട് പരിശോധിക്കുക എന്നതാകുന്നു. ഉദാഹരണമായി, വാഗ്ദാനം ചെയ്യപ്പെട്ട പരിഷ്ക്കർത്താവ് ശരാശരി പൊക്കവും ഗോതമ്പു നിറവും ഉള്ള ആളായിരിക്കുമെന്ന് മുമ്പേയുള്ള ഏതെങ്കിലും ഗ്രന്ഥത്തിൽ പറഞ്ഞിട്ടു

ണ്ടെങ്കിൽ അത് അദ്ദേഹത്തിന് അനുകൂലമായ പ്രമാണപരമായ ഒരു രേഖമാത്രമായിരിക്കും. ബുദ്ധിയുമായി അതിന് യാതൊരു ബ സ്ധമുണ്ടാകയില്ല. എന്തെന്നാൽ, ആ പരിഷ്ക്കർത്താവ് ശരാശരി പൊക്കവും ഗോതമ്പു നിറവും ഉള്ള ആളായിരിക്കണമെന്നത് ബുദ്ധിപരമായി അത്യാവശ്യമല്ല. എന്നാൽ വാദിയുടെ ആഗമന കാലം ഒരു പരിഷ്ക്കർത്താവ് ആവശ്യമുള്ളതോ അല്ലാത്തതോ എ ന്ന് പരിശോധിക്കുന്നത് ബുദ്ധിപരമായ ഒരു രേഖയായിരിക്കും. കാരണം, ആവശ്യമില്ലാതെ അല്ലാഹു യാതൊരു പ്രവൃത്തിയും ചെയ്യുകയില്ല. ചുരുക്കത്തിൽ, പരിശോധനയ്ക്ക് ഈ രണ്ട് വഴികളാണുള്ളത്- പ്രമാണപരവും ബുദ്ധിപരവും.

## പ്രമാണപരമായ പരിശോധന

ഒന്നാമതായി, നമുക്ക് പ്രമാണപരമായ പരിശോധനയ്ക്കുള്ള അടിസ്ഥാനം തിട്ടപ്പെടുത്താം. പ്രമാണപരമായ രേഖയിൽ പ്രഥമ സ്ഥാനം വിശുദ്ധഖുർആൻ ആണ്. എന്തെന്നാൽ, അത് സർവ്വജ്ഞനും ബുദ്ധിമാനുമായ അല്ലാഹുവിന്റെ വചനമാകുന്നു. അത് ഏത് രൂപത്തിൽ നബി തിരുമേനിയ്ക്ക് ഇറങ്ങിയോ അതേ രൂപത്തിൽ ഇതുവരെയും സുരക്ഷിതമായി നിലനിന്നു വരുന്നു. അതിലെ ഏതെങ്കിലുമൊരു വചനത്തെപ്പറ്റിയോ പദത്തെപ്പറ്റിയോ വള്ളിപുള്ളികളെപ്പറ്റിയോ സംശയിക്കാൻ നിവൃത്തിയില്ല. അത് ഏത് അവസ്ഥയിലും ഖണ്ഡിതവും സുദൃഢവുമായ ഒരു ഉരക്കല്ലാണ്. അതുകൊണ്ടു തന്നെ അതിനെതിരായി യാതൊരു രേഖയും സ്വീകാര്യമായിരിക്കുകയില്ല. അവയെ ഒന്നുകിൽ ഖുർആനു യോജിച്ച നിലയിൽ ആക്കിത്തീർക്കുകയോ, അല്ലെങ്കിൽ അവഗണിക്കുകയോ ചെയ്യേണ്ടത് നമ്മുടെ കടമയാണ്. ഖുർആൻ തന്നെ പറയുന്നത് നോക്കുക:-

فَبِاَيِّ حَدِيْثٍۭ بَعْدَ اللّٰهِ وَاٰيٰتِهٖ يُؤْمِنُوْنَ

അല്ലാഹുവിനും അവന്റെ ദൃഷ്ടാന്തങ്ങൾക്കും പുറമെ ഏതൊരു വാർത്തയിലാണ് അവർ വിശ്വസിക്കുക (വി.ഖുർആൻ 45:7)

രണ്ടാമത്തെ സ്ഥാനം സുന്നത്തിനാണുള്ളത്. നബി തിരുമേനിയുടെയും സ്വഹാബത്തിന്റെയും ഏതൊരു നടപടിക്രമം മുസൽമാന്മാരുടെ ഒരുമയോടുകൂടിയ പാരമ്പര്യം വഴിയായി നമുക്ക് എത്തിച്ചേർന്നിരിക്കുന്നുവോ ആ നടപടിക്രമത്തിനാണ് സുന്നത്ത്

എന്നു പറയുന്നത്. ചില ആളുകൾ ഹദീഥും സുന്നത്തും തമ്മിൽ വ്യത്യാസം കൽപിക്കുന്നില്ല. അത് വ്യക്തമായ ഒരു തെറ്റാണ്. ഹദീഥുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് നബിതിരുമേനിയുടെയും സ്വഹാബത്തിന്റെയും വചനങ്ങളാകുന്നു.(സ്വഹാബത്തിന്റെ വചനങ്ങൾക്ക് സാങ്കേതികമായി 'അസർ' എന്നാണ് പറയുന്നത്). അവയാകട്ടെ, നബിതിരുമേനിയുടെ കാലം കഴിഞ്ഞ് നൂറുനൂറ്റമ്പതുകൊല്ലങ്ങൾക്കു ശേഷം എഴുതി രേഖപ്പെടുത്തപ്പെട്ടവയാണ്. നേരെമറിച്ച്, സുന്നത്ത് വിശുദ്ധ ഖുർആനോടു കൂടിത്തന്നെ ആരംഭകാലം മുതൽക്കേ തുടർച്ചയായി നടന്നുവന്നതാകുന്നു. അതുകൊണ്ടുദ്ദേശിക്കപ്പെടുന്നത് ഹദീഥിന്റെ മാർഗ്ഗത്തിൽ കൂടിയല്ലതെ മുസ്‌ലിം സമുദായത്തിന്റെ തുടർച്ചയായ അനുകരണം വഴിയായി നമുക്ക് എത്തിച്ചേർന്നിട്ടുള്ള നബിതിരുമേനിയുടെയും സ്വഹാബത്തിന്റെയും നടപടിക്രമങ്ങളാണ്. വിശുദ്ധഖുർആൻ കഴിഞ്ഞാൽ ഏറ്റവുംമധികം വിശ്വാസയോഗ്യമായ രേഖയും അതു തന്നെയാകുന്നു.

മൂന്നാമത്തെ സ്ഥാനം ഹദീഥിന്റെതാണ്. മുകളിൽ പറഞ്ഞതുപോലെ ഹദീഥുകൊണ്ടുദ്ദേശിക്കപ്പെടുന്നത്, റിപ്പോർട്ടുകൾ വഴിയായി നമുക്ക് ലഭ്യമായ നബിതിരുമേനിയുടെയും സ്വഹാബത്തിന്റെയും വചനങ്ങളാകുന്നു. നബിതിരുമേനിക്കു ശേഷം കുറേ കാലം കഴിഞ്ഞിട്ടാണ് അവ ജനഹൃദയങ്ങളിൽനിന്ന് എഴുത്തിലേക്ക് പകർക്കപ്പെട്ടത്. ഹദീഥ് ശേഖരിച്ച മഹാത്മാക്കൾ വളരെ അദ്ധ്വാനിച്ചിട്ടാണ് അനർഘമായ ആ സമ്പത്ത് ഒരുമിച്ചു കൂട്ടുകയും കൃത്രിമ ഹദീഥുകളെ ശരിയായ ഹദീഥിൽനിന്ന് വേർതിരിച്ചു കാണിക്കുകയും ചെയ്തിട്ടുള്ളതെങ്കിലും അവയിൽ തീർച്ചയായും സംശയങ്ങളുടെ കലർപ്പുണ്ടെന്ന് ബുദ്ധിയുള്ളവർക്ക് മനസ്സിലാക്കാൻ കഴിയും. നൂറുനൂറ്റമ്പത് കൊല്ലത്തിനുശേഷം ജനഹൃദയങ്ങളിൽ നിന്ന് ശേഖരിക്കപ്പെട്ടതും പദങ്ങളുടെയോ അർത്ഥങ്ങളുടെയോ രക്ഷയ്ക്ക് ഖണ്ഡിതവും കർശനവുമായ ഏർപ്പാടൊന്നു ചെയ്യപ്പെട്ടിട്ടില്ലാതിരുന്നതുമായ ആ വചനങ്ങൾ ഖുർആനെപ്പോലെ ഖണ്ഡിതവും കലർപ്പില്ലാത്തതുമാണെന്ന് ബുദ്ധി സമ്മതിക്കുകയില്ല. ഇത് നമ്മുടെ മാത്രം അഭിപ്രായമല്ല. മുൻകാലത്തെ ഉലമാക്കളും ഈ തത്ത്വം സമ്മതിച്ചിട്ടുണ്ട്. ഏതെങ്കിലുമൊരു ഹദീഥ് വിശുദ്ധഖുർആന് എതിരായിരിക്കുന്ന പക്ഷം ഹദീഥിനെ കൈയ്യൊഴിക്കുകയും ഖുർആനെ കൈക്കൊള്ളുകയും വേണമെന്നാണ് ഉസൂലിന്റെ ഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്നത്. ഹദീഥുകൾ കൊണ്ട് ദൃഢജ്ഞാനമല്ല ലബ്ധമാ

കുന്നതെന്ന് ഹദീഥിന്റെ ശൈലികളെപ്പറ്റി പ്രതിപാദിച്ചിട്ടുള്ള ഗ്രന്ഥങ്ങളിലും വ്യക്തമായി പറഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ, ഹദീഥിന്റെ സ്ഥാനം മൂന്നാമത്തേതാണ്. അതു ഭാവനാജ്ഞാനമാണ്. അഖണ്ഡമായ പാരമ്പര്യത്താൽ ശരിയാണെന്നു തെളിഞ്ഞിട്ടുള്ള വിശുദ്ധ ഖുർആനോടും സുന്നത്തിനോടും അതു കിടപിടിക്കുകയില്ല. എന്നാൽ, ഒരു കാര്യം ഓർമ്മവെക്കേണ്ടതുണ്ട്- ചില ചുറ്റുപാടുകളാൽ ഹദീഥും ദൃഢതയുടെ സ്ഥാനത്തേക്ക് എത്തിച്ചേരുന്നതാണ്. ഉദാഹരണായി, ഒരു ഹദീഥിൽ ഭാവിയെക്കുറിച്ചുള്ള ഒരു കാര്യം പറഞ്ഞിട്ടുണ്ടെന്നു വിചാരിക്കുക. ആ കാര്യം യഥാസമയം സത്യമായി പുലരുകയാണെങ്കിൽ, ഹദീഥു പണ്ഡിതൻമാരുടെ പക്കൽ ആ ഹദീഥിന്റെ റിപ്പോർട്ട് ബലഹീനമാണെന്നിരുന്നാലും, ആ ഹദീഥ് ശരിയാണെന്നു കണക്കാക്കപ്പെടേണ്ടതുണ്ട്. എന്തെന്നാൽ, അല്ലാഹു അതിന്റെ സത്യത്തിന് സാക്ഷ്യം വഹിച്ചിരിക്കുന്നു. സംഭവങ്ങൾ അതിന്റെ സത്യത്തിന്മേൽ മുദ്രകുത്തിയിരിക്കുന്നു. മറ്റൊരു വിധത്തിൽ, ഒരു ബലഹീനമായ ഹദീഥ് വിശുദ്ധ ഖുർആനോട് യോജിച്ചതാണെങ്കിൽ, അതിനെ ഖുർആനോട് യോജിക്കാത്ത ശരിയെന്നു പറയപ്പെടുന്ന ഹദീഥുകളെക്കാൾ ശ്രേഷ്ഠമായിട്ട് കണക്കാക്കണം.

പിന്നെ, ഹദീഥുകൾക്ക് സ്ഥാനവ്യത്യാസമുണ്ട്. അവ പല തരങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഹദീഥു ശൈലികളെ സംബന്ധിച്ച ഗ്രന്ഥങ്ങളിൽ അത് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഹദീഥുകളുടെ ആ സ്ഥാന വ്യത്യാസത്തെയും നാം പരിഗണിക്കേണ്ടതാണ്. ഹദീഥു പണ്ഡിതന്മാർ ദുർബ്ബലമെന്നു വിധിച്ചിട്ടുള്ള ഒരു ഹദീഥ് അവരുടെ പരിശോധനാവ്യവസ്ഥയനുസരിച്ച് ശരിയായിട്ടുള്ള ഒരു ഹദീഥിനെതിരിൽ വരികയാണെങ്കിൽ ദുർബ്ബലമായതിനെ തള്ളുകയും ശരിയായതിനെ സ്വീകരിക്കുകയും വേണം. ഈ തരംതിരിക്കൽ പ്രകാരം ഹദീഥ് ഗ്രന്ഥങ്ങളുടെ പദവിക്കും വ്യത്യാസമുണ്ട്. സ്വഹീഹ് ബുഖാരി മറ്റെല്ലാ ഹദീഥുഗ്രന്ഥങ്ങളെക്കാളും ശ്രേഷ്ഠവും ശരിയുമായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. സ്വഹീഹ് മുസ്‌ലിം അതിനു താഴെ നില്ക്കുന്നു. പിന്നെ സിഹാഹുസ്സിത്തയിൽ ബാക്കിയുള്ളവയും അതിനുശേഷം മറ്റു ഹദീഥുഗ്രന്ഥങ്ങളും വരുന്നു. അതുകൊണ്ട് പരിശോധന നടത്തുമ്പോൾ ഹദീഥുകളുടെ പദവിയെപ്പറ്റി പരിശോധിക്കേണ്ടത് അത്യാവശ്യമാണ്. ഹദീഥുകൾക്ക് താഴെയായി പ്രമാണപരമായ രേഖയിൽ വിശ്വാസയോഗ്യമായ ജീവചരിത്രങ്ങളും മറ്റ് ചരിത്ര ഗ്രന്ഥങ്ങളും ഉൾപ്പെടും.

നാലാമത്തെ സ്ഥാനം മറ്റു ദിവ്യഗ്രന്ഥങ്ങൾക്കും കഴിഞ്ഞു പോയ പ്രവാചകന്മാരുടെ ചരിത്രപരമായ സ്ഥിതിവിവരങ്ങൾക്കും നല്കേണ്ടിയിരിക്കുന്നു. ആ ഗ്രന്ഥങ്ങളിൽനിന്ന്, അവ വിശുദ്ധഖുർആന് എതിരല്ലാതിരിക്കുന്ന പക്ഷം ചില സന്ദർഭങ്ങളിൽ വളരെ ഉപകാരപ്രദമായ ജ്ഞാനസമ്പത്ത് നമുക്ക് ലഭിക്കുന്നതാണ്. പ്രത്യേകിച്ച്, കഴിഞ്ഞുപോയ പ്രവാചകന്മാരുടെ സ്ഥിതിവിവരങ്ങളിൽ നിന്ന് ഒട്ടേറെ വെളിച്ചം ലഭിക്കും. കാരണം, അടിസ്ഥാനപരമായി, അല്ലാഹുവിന്റെ എല്ലാ ദൂതന്മാരും ഒരേ വർണ്ണംകൊണ്ട് നിറം പിടിപ്പിക്കപ്പെട്ടവരാണ്. എല്ലാവരേയും തിരിച്ചറിയാനുള്ള മാർഗ്ഗവും ഒന്നാണ്. അതുകൊണ്ട് ഒരു പ്രവാചകന്റെ നില മനസ്സിലാക്കുന്നതിന് മറ്റു പ്രവാചകൻമാരുടെ സ്ഥിതിഗതികൾ അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാകുന്നു.

അഞ്ചാമത്തെ സ്ഥാനം കഴിഞ്ഞു പോയ ഉലമാക്കളുടെ, പ്രത്യേകിച്ച് ആദ്യകാലത്തെ ഉലമാക്കളുടെ വചനങ്ങൾക്കും എഴുത്തുകൾക്കുമാണ്. അവരുടെ ഗ്രന്ഥങ്ങളിലും ഒട്ടധികം പ്രയോജനകരമായ ജ്ഞാനശേഖരങ്ങളുണ്ട്. അവർ വളരെ ആത്മാർത്ഥതയോടുകൂടി അത്യധ്വാനം ചെയ്ത് വിശുദ്ധഖുർആനെയും ഹദീഥുകളെയും പറ്റി ചിന്തിച്ചതിനു ശേഷമാണ് ആ നിഗമനത്തിൽ എത്തിച്ചേർന്നിട്ടുള്ളത്. നിശ്ചയമായും മനുഷ്യസഹജമായ തെറ്റുകൾ അവർക്കും പറ്റിപ്പോയിട്ടുണ്ട്. എന്നാൽ, അതുകൊണ്ട് അവരുടെ സേവനത്തിന്റെ മേന്മ കുറയുകയില്ല.

ഈ അഞ്ച് മാർഗ്ഗങ്ങളാണ് സാധാരണയായി മുസ്‌ലിംകൾ ഏതെങ്കിലും പ്രമാണപരമായ പരിശോധനയ്ക്ക് കൈക്കൊള്ളേണ്ടത്. എന്നാൽ, ഒരു വ്യക്തിയുടെ വാദം പരിശോധിക്കുന്നതിനു ഈ അഞ്ച് മാർഗ്ഗങ്ങൾ നാം സ്വീകരിക്കുകയും അതിൽനിന്ന് പുറത്തു പോകാതിരിക്കുകയും ചെയ്യുന്നതിലേറെ അത്യാവശ്യമാണ് അവയുടെ പദവിയെപ്പറ്റി നോക്കേണ്ടത്. അതായത് എല്ലാറ്റിലും ശ്രേഷ്ഠം വിശുദ്ധ ഖുർആനാണെന്ന് നാം മനസ്സിലാക്കണം. മറ്റെല്ലാം അതിനെതിരിൽ ബലിയാക്കപ്പെടേണ്ടതാണ്. എല്ലാ നാണയങ്ങളും തിരിച്ചറിയാനുള്ള ഏറ്റവും നല്ല ഉരക്കല്ലാണത്. ഒരു രഹസ്യവും അതിന്റെ വെളിച്ചത്തിൽ മറച്ചുവെക്കാനാവുകയില്ല. കഴിഞ്ഞുപോയ പണ്ഡിതൻമാരുടെ വചനങ്ങളുടെ വെളിച്ചത്തിലാണെങ്കിൽ ഏതെങ്കിലുമൊരു വസ്തുവിന്റെ രഹസ്യം മറഞ്ഞിരിക്കുകയെന്നത് കേവലം സംഭവ്യമാണ്. അതുപോലെത്തന്നെ അവർ

തെറ്റായ കാര്യത്തെ ശരിയായതെന്നും ശരിയായ കാര്യത്തെ തെറ്റായതെന്നും ധരിച്ചിരിക്കാവുന്നതുമാണ്. പഴയകാലത്തെ ദിവ്യഗ്രന്ഥങ്ങളും നബിമാരുടെ സ്ഥിതിവിവരങ്ങളും ഏറ്റക്കുറവില്ലാതെ നമുക്ക് ലഭിച്ചിട്ടില്ലാതിരിക്കാവുന്നതും അതിനെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള പരിശോധനയിൽ നമുക്ക് കാലിടർച്ച പറ്റുകയും നാം തെറ്റായ നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യാവുന്നതുമാണ്. ഹദീഥുകൾ റിപ്പോർട്ടു ചെയ്തതിൽ തെറ്റു പറ്റിയിരിക്കാമെന്നതും എന്തെങ്കിലും കാരണത്താൽ ഏതെങ്കിലും പദമോ അർത്ഥമോ മാറിപ്പോയിരിക്കാമെന്നതും തെറ്റോ കൃത്രിമമോ ആയ വചനങ്ങൾ അവയിൽ കടന്നു കൂടിയിരിക്കാമെന്നതും ഹദീഥു വിദ്വാൻമാർ ഏതെങ്കിലും തെറ്റായ റിപ്പോർട്ടിനെ ശരിയാണെന്നും ശരിയായ റിപ്പോർട്ടിനെ തെറ്റാണെന്നും ധരിച്ചിരിക്കാവുന്നതും അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് തെറ്റു പറ്റിയേക്കാമെന്നതും കൂടി സംഭവ്യമാണ്. എന്നാൽ, വിശുദ്ധഖുർആനു തെറ്റു പറ്റുകയോ അതിനെ ശരിയായി പിന്തുടരുന്ന ആൾ വഴികേടിലാവുകയോ ചെയ്യുക സാദ്ധ്യമല്ല. അതൊരു പ്രകാശമാണ്. അതിന്റെ മുമ്പിൽ ഇരുട്ടിനു നില്ക്കക്കള്ളിയില്ല. ഇരുട്ട് അതിൽനിന്ന് ബഹുദൂരം ഓടിപ്പോകുന്നു. അതൊരു മാർഗ്ഗദർശിനിയാണ്. വഴികേടിനു അതിന്റെ അടുക്കൽ സ്ഥാനമില്ല. അല്ലാഹു പറഞ്ഞിരിക്കുന്നത് എത്രമേൽ സത്യമാണ്:-

لَّا يَأْتِيهِ الْبَاطِلُ مِن بَيْنِ يَدَيْهِ وَلَا مِنْ
خَلْفِهِ ۖ تَنزِيلٌ مِّنْ حَكِيمٍ حَمِيدٍ ﴿٤٣﴾

"അസത്യം അതിന്റെ മുമ്പിൽനിന്നോ പിമ്പിൽനിന്നോ അതിനെ സമീപിക്കുകയില്ല. അഗാധജ്ഞനും സ്തുത്യർഹനുമായ അല്ലാഹുവിൽനിന്ന് ഇറക്കപ്പെട്ടതാണത്"(വി.ഖുർആൻ 41:43).

## ബുദ്ധിപരമായ പരിശോധനാമാർഗ്ഗം

രണ്ടാമത്തെ മാർഗ്ഗം ബുദ്ധിപരമായ പരിശോധനയാണ്. അതായത്, ഏതെങ്കിലും പ്രശ്നത്തെപ്പറ്റി ബുദ്ധികൊണ്ട് ചിന്തിക്കുകയും അതിന്റെ ഗുണദോഷങ്ങളിന്മേൽ പരിശോധന നടത്തുകയും ചെയ്യുക. ഈ മാർഗ്ഗത്തിൽ പ്രമാണത്തെപ്പറ്റി ചിന്തിക്കപ്പെടുന്നില്ല. വാദിയുടെ വ്യക്തിത്വം, അദ്ദേഹത്തിന്റെയും അദ്ദേഹം വാദം പുറപ്പെടുവിച്ച കാലത്തിന്റെയും സ്ഥിതിഗതികൾ എന്നിവയുടെമേൽ ബുദ്ധി

പൂർവ്വം പരിശോധന നടത്തേണ്ടതാണ്. അങ്ങനെ ചെയ്യുന്നതിന് അദ്ദേഹത്തെപ്പറ്റി മുൻഗ്രന്ഥങ്ങളിൽ എന്തു പറഞ്ഞിരിക്കുന്നുവെന്ന് നോക്കുന്നതുമായി യാതൊരു ബന്ധവുമില്ല. എന്നാൽ, ഒരു കാര്യം മനസ്സിലാക്കണം- ബുദ്ധിപരമായ മാർഗ്ഗം പ്രമാണപരമായ മാർഗ്ഗത്തെയ്ക്കാൾ കൂടുതൽ വിഷമകരമാണ്. അത് പരിശോധകന്റെമേൽ ഉത്തരവാദം ചുമത്തുന്നു. എന്തെന്നാൽ:-

ഒന്നാമതായി, അതിൽ അഭിപ്രായവ്യത്യാസത്തിനു വളരെയധികം സാധ്യതയുണ്ട്. ചിലപ്പോൾ ഒരു കാര്യത്തെ ഒരാളുടെ ബുദ്ധി ശരിയാണെന്ന് സ്ഥാപിക്കും. അതേ സമയത്ത് മറ്റൊരാളുടെ ബുദ്ധി അതിനെ അടിസ്ഥാന രഹിതമെന്നു പറഞ്ഞു തള്ളിക്കളയും. ഇരുവരും തങ്ങളുടെ അഭിപ്രായം ശരിയാണെന്നു ശഠിക്കുകയും ചെയ്യും. അതിനെപ്പറ്റി, ഇവരിലൊരാൾ വേണ്ടത്ര ചിന്തിച്ചില്ലെന്നോ, അല്ലെങ്കിൽ ഏതെങ്കിലും ദുസ്വാധീനത്തിന് അയാളുടെ ഹൃദയവും ബുദ്ധിയും വിധേയമായി എന്നോ, അതുകൊണ്ടാണ് അയാളുടെ വീക്ഷണത്തിൽ വ്യത്യാസം വരുകയും അയാൾ തെറ്റായ നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്തതെന്നോ നമുക്ക് പറയാൻ സാധിച്ചേക്കും. അതിനാൽ, ഏതൊരു കാര്യത്തിൽ ബുദ്ധിപരമായ നിലയിൽ വീക്ഷണം ചെലുത്തുന്നുവോ ആ കാര്യത്തെപ്പറ്റി അഭിപ്രായവ്യത്യാസത്തിനു കൂടുതൽ സാദ്ധ്യതയുണ്ടെന്നു സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല.

രണ്ടാമത്, സാധാരണ അവസ്ഥയിൽ കേവലമായ ബുദ്ധി വ്യക്തവും ഖണ്ഡിതവുമായൊരു ഉരക്കല്ലല്ല. ബുദ്ധി ഉപയോഗശൂന്യമാണെന്നല്ല ഈ പറഞ്ഞതിന്റെ അർത്ഥം. തീർച്ചയായും അല്ലാഹു മനുഷ്യനു നല്കിയിട്ടുള്ള ഒരു വിളക്കാണ് ബുദ്ധി. അതിന്റെ പ്രകാശം അവനെ സത്യത്തിലേക്കും നേരായ മാർഗ്ഗത്തിലേക്കും നയിക്കുകതന്നെചെയ്യും. പലതരത്തിലുള്ള സംശയങ്ങളിൽനിന്നും അസ്ഥിരതകളിൽനിന്നും അവനെ അത് സംരക്ഷിക്കും. അടിസ്ഥാനപരമായ ഭാവനകളിൽനിന്നും നിരർത്ഥകമായ ഊഹങ്ങളിൽനിന്നും അവനെ അത് അകറ്റിനിറുത്തും. അതുകൊണ്ട് ബുദ്ധി വളരെ ഉപകാരമുള്ളതും അത്യാവശ്യവുമായ ഒരു വസ്തുവാണ്. അത് അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹവും ആണ്. ഇതെല്ലാമാണെങ്കിലും അത് അന്യൂനമല്ല. അതിന് ഒറ്റയ്ക്ക് വസ്തുക്കളുടെ രഹസ്യത്തെക്കുറിച്ചുള്ള അറിവിൽ പരിപൂർണ്ണമായ ഉറപ്പിന്റെ സ്ഥാനത്തേക്ക് എത്തിച്ചേരുക സാദ്ധ്യമല്ല. ബുദ്ധിയുടെ സാങ്കൽപികമായ ഫല

ങ്ങളെ സത്യപ്പെടുത്തി അനുഭവവിദിതമാക്കുന്ന ഒരു കൂട്ടാളി അതിനോടു കൂടി ഉണ്ടായാലല്ലാതെ ബുദ്ധിക്ക് ആ സ്ഥാനം കൈവരുകയില്ല. ബുദ്ധിക്ക് സഹായകമായ ആ കൂട്ടാളിയാവട്ടെ, ഓരോ സ്ഥാനത്തും ഓരോ സന്ദർഭത്തിലും വെവ്വേറെയാണ്. ബുദ്ധിയുടെ സഹായികളായ ആ കൂട്ടാളികളുടെ എണ്ണം മൂന്നിൽ കവിയുകയില്ല. അവയുടെ വിശദവിവരം ഇപ്രകാരമാണ്:- ലോകത്ത് കാണപ്പെടുകയും അറിയപ്പെടുകയും ചെയ്യുന്ന കാര്യങ്ങളെ കുറിച്ചാണ് ബുദ്ധിക്ക് തീരുമാനം ചെയ്യേണ്ടതെങ്കിൽ ആ സമയത്ത് ആ തീരുമാനത്തെ ഉറപ്പിലേക്ക് എത്തിക്കുന്ന അതിന്റെ കൂട്ടാളി ശരിയായ അനുഭവമാണ്. വിവിധകാലങ്ങളിൽ വിവിധ സ്ഥലങ്ങളിൽ സംഭവിച്ചതും സംഭവിച്ചു കൊണ്ടിരിക്കുന്നതുമായ കാര്യങ്ങളെപ്പറ്റിയാണ് ബുദ്ധിക്ക് വിധി കൽപിക്കേണ്ടതെങ്കിൽ ആ സമയത്ത് അതിനെ സഹായിക്കുന്ന കൂട്ടാളി ചരിത്രമായിരിക്കും. അതും അനുഭവത്തെപ്പോലെത്തന്നെ പുക മൂടിയ വെളിച്ചത്തെ പുക നീക്കി പ്രകാശമയമാക്കിത്തീർക്കുന്നു. പിന്നീടതിനെപ്പറ്റി സംശയിക്കുന്നത് വിഡ്ഢിത്തവും ബുദ്ധിശൂന്യതയും ഭ്രാന്തുമായിരിക്കും. അഥവാ ബുദ്ധിക്ക് വിധി പറയേണ്ടത് ഇന്ദ്രിയഗോചരമല്ലാത്തതും ചരിത്രം കൊണ്ട് അന്വേഷിച്ചറിയാൻ കഴിയാത്തതുമായ കാര്യങ്ങളെപ്പറ്റിയാണെങ്കിൽ ആ സമയത്ത് അതിന്റെ കൂട്ടാളിയായിത്തീരുന്നത് ഇൽഹാമെന്നും വഹ്യ്യെന്നും പേർ പറയപ്പെടുന്ന മൂന്നാമതൊന്നാണ് (ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ബറാഹീനെ അഹ്മദിയ്യായിൽനിന്ന് ക്രോഡീകരിച്ചത്).

ചുരുക്കത്തിൽ പരിശോധനയ്ക്ക് മേൽപറഞ്ഞ രണ്ട് മാർഗ്ഗങ്ങളാണുള്ളത്- പ്രമാണപരവും ബുദ്ധിപരവും. ഈ രണ്ട് മാർഗ്ഗങ്ങളും ഉപയോഗിക്കുന്നതിൽ മനുഷ്യൻ വിജയിയാകണമെങ്കിൽ താഴെ പറയുന്ന നിബന്ധനകൾ അനുസരിക്കേണ്ടത് അത്യാവശ്യമാകുന്നു.

ആലോചന തുടങ്ങുന്നതിനുമുമ്പേ ഒരു ആത്മശുദ്ധീകരണം നടത്തുക; വാദിയെ സത്യപ്പെടുത്തുകയോ അസത്യപ്പെടുത്തുകയോ ചെയ്യുന്ന ചിന്തകളെ ഹൃദയത്തിൽനിന്ന് അകറ്റുക. വീക്ഷണത്തെ ബലഹീനമാക്കുന്ന ചിന്തകളെയും വികാരങ്ങളെയും പക്ഷപാതങ്ങളെയും തീരെ ഉപേക്ഷിക്കുക. അതിനുശേഷം ആത്മാർത്ഥമായി അല്ലാഹുവിനോടുള്ള ഭക്തിയെ മുൻനിറുത്തി വാദിയുടെ എല്ലാ വാദങ്ങളും സമഗ്രമായി പരിശോധിക്കുക. ഇങ്ങനെ ചെയ്യുന്നില്ലെങ്കിൽ യാതൊരു ഫലവുമുണ്ടാവുകയില്ല. പ്രമാണവും ബുദ്ധിയും നിഷ്പ്രയോജനമായി ഭവിക്കും.

## ആദ്ധ്യാത്മിക മാർഗ്ഗം

മേൽപ്പറഞ്ഞവ ഭൗതിക മാർഗ്ഗങ്ങളാണ്. അവയ്ക്കു പുറമെ ആദ്ധ്യാത്മികമായ ഒരു മാർഗ്ഗം കൂടിയുണ്ട്. അതു പ്രാർത്ഥനയാണ്. നിർഭാഗ്യമെന്നു പറയട്ടെ, ലോകം ഈ അനുഗ്രഹം ഇനിയും തിരിച്ചറിഞ്ഞിട്ടില്ല. ഇതിന്റെ രഹസ്യം മനസ്സിലാക്കിയിട്ടുമില്ല. പരീക്ഷിക്കുകയാണെങ്കിൽ പ്രാർത്ഥന ഒരു കവാടമാണെന്നും അതിൽകൂടി കടന്നു ചെന്നാൽ മനുഷ്യനു അല്ലാഹുവിന്റെ ദർബാറിലെത്താൻ സാധിക്കുമെന്നും അറിയാൻ കഴിയും. അതുകൊണ്ട് ആവശ്യമായ സന്ദർഭങ്ങളിൽ മനുഷ്യൻ ആ വാതിൽക്കൽ മുട്ടുകയും പ്രയാസമായ കാര്യങ്ങളിൽ അവിടേയ്ക്ക് മുഖം തിരിക്കുകയും ചെയ്യേണ്ടതാണ്. മുട്ടുന്നവനു തുറക്കപ്പെടും. ചോദിക്കുന്നവനു കിട്ടുകയും ചെയ്യും. ദൈവത്തിന്റെ വീട്ടിൽ ചെല്ലുന്ന ഭിക്ഷക്കാരൻ വെറും കൈയ്യോടെ മടങ്ങേണ്ടിവരില്ല. പ്രത്യേകിച്ചും ഈയൊരു കാര്യത്തിൽ. ലോകം അന്ധകാരത്തിന്റെ പാഴ്ക്കുണ്ടിൽ നിന്ന് രക്ഷപ്പെട്ട് പ്രകാശത്തിന്റെ ഉന്നതങ്ങളിൽ എത്തിച്ചേരണമെന്നതാണ് അല്ലാഹുവിന്റെ ലക്ഷ്യമെങ്കിൽ തീർച്ചയായും അവൻ അവന്റെ ഭക്തദാസരുടെ പ്രാർത്ഥന സ്വീകരിക്കുകയും സ്നേഹത്തോടെയും വാത്സല്യത്തോടെയും മാർഗ്ഗദർശനത്തിനായി അവർക്ക് കൈനീട്ടിക്കൊടുക്കുകയും ചെയ്യും.

അതുകൊണ്ട് ഹദ്റത്ത് അഹ്മദി(അ)ന്റെ വാദങ്ങളെക്കുറിച്ച് പരിശോധന നടത്താൻ ആഗ്രഹിക്കുന്നവർ മുകളിൽ പറഞ്ഞ പ്രമാണപരവും ബുദ്ധിപരവുമായ മാർഗ്ഗങ്ങൾ കൈക്കൊള്ളുന്നതിനു പുറമെ, ദൈവസന്നിധിയിൽ തന്നെത്തന്നെ സമർപ്പിക്കുകയും താഴെ പറയും പ്രകാരം പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്:-

"അല്ലയോ, കരുണാമയനും കൃപാനിധിയുമായ അല്ലാഹുവേ, എന്റെ വീക്ഷണം ബലഹീനമാണെങ്കിൽ ഈ കാര്യത്തിൽ സത്യം തിരിച്ചറിയുന്നതിനുവേണ്ടി നീ എനിക്ക് കാഴ്ച നല്കിയാലും. എല്ലാ രഹസ്യങ്ങളുമറിയുന്ന അല്ലാഹുവേ, ഈ വാദിയുടെ വാദം സത്യമാണെങ്കിൽ അദ്ദേഹത്തെ വിശ്വസിക്കുവാനും നിന്റെ ദൂതൻമാരുടെ അനുയായി സംഘങ്ങൾക്ക് ഇറക്കിക്കൊടുക്കുന്ന അനുഗ്രഹങ്ങൾക്ക് അവകാശിയാകുവാനും നീ എനിക്ക് ഭാഗ്യമരുളുക. അദ്ദേഹത്തെ നിഷേധിക്കുകയെന്ന ഭാഗ്യദോഷത്തിൽ നിന്ന് നീ എന്നെ രക്ഷിക്കുക. എന്റെ രക്ഷാകർത്താവേ, അഥവാ അദ്ദേഹം

വഴികേടിലേയ്ക്കാണ് വിളിക്കുന്നതെങ്കിൽ നീ നിന്റെ കൃപകൊണ്ട് അദ്ദേഹത്തിന്റെ ഉപദ്രവത്തിൽനിന്ന് എന്നെ കാത്തുരക്ഷിച്ചാലും. എന്റെ യജമാനനും ഉടമസ്ഥനുമായ അല്ലാഹുവേ, ഞാൻ നിന്റെ കൽപനയ്ക്ക് വിധേയനായി ഈ കാര്യത്തെക്കുറിച്ച് പരിശോധന ആരംഭിച്ചിരിക്കുന്നു. എന്നാൽ, ഞാൻ ദുർബ്ബലനാണ്. എനിക്ക് കാലിടർച്ച നേരിടുകയെന്നത് എളുപ്പമാണ്. അതിനാൽ നീ നിന്റെ കാരുണ്യം കൊണ്ട് എനിക്ക് നേർവഴി കാണിച്ചു തരികയും സത്യംവെളിപ്പെടുത്തിത്തരികയും ചെയ്യേണമേ. ആമീൻ.

പ്രർത്ഥനയെ സംബന്ധിച്ചും ഒരു തത്ത്വം മനസ്സിലാക്കേണ്ടതുണ്ട്. പ്രാർത്ഥന ക്ഷമയോടെയും സ്ഥിരതയോടെയും ചെയ്യേണ്ടതു അത്യാവശ്യമാണ്. പ്രാർത്ഥിക്കുന്നവൻ ഒരിക്കലും നിരാശനാവാൻ പാടില്ല. അല്ലാഹു തനിക്ക് വഴികാട്ടിത്തരുമെന്നുള്ള ആശയും വിശ്വാസവും അവനുണ്ടായിരിക്കണം. ഹൃദയത്തിൽ മുൻകൂട്ടിത്തന്നെ ഒരു അഭിപ്രായം രൂപീകരിക്കുകയും അതിനുശേഷം പ്രാർത്ഥനയ്ക്കായി കൈയ്യുയർത്തുകയും ചെയ്യുന്നതു കൊണ്ട് പ്രയോജനമില്ല. കേവലം ഉള്ളിൽ തട്ടാത്ത നിലയിൽ അധരങ്ങളാൽ ചില വചനങ്ങൾമൊഴിഞ്ഞതുകൊണ്ടും പ്രയോജനമില്ല. ഏതുപ്രകാരം ഒരു ശിശു വിഷമഘട്ടത്തിൽ ലോകത്തിനു നേരെ കണ്ണടച്ചു മാതാവിന്റെ മാറിൽ തല ചായ്ക്കുന്നുവോ അതുപ്രകാരം യഥാർത്ഥമായ ഉള്ളുരുക്കത്തോടു കൂടി അടിയാൻ അവന്റെ സ്രഷ്ടാവിന്റെ മുമ്പിൽ മുഖം കുത്തി വീഴുകയും ദൈവികമായ വിളക്ക് അവന്റെ മാർഗ്ഗം പ്രകാശമയമാക്കുന്നതുവരെ എഴുന്നേല്ക്കാതിരിക്കുകയും ചെയ്യുകയാണ് വേണ്ടത്. ഇനി നമുക്ക് വിഷയത്തിലേക്ക് പ്രവേശിക്കാം.

# 2. മഹ്ദീമസീഹിന്റെ ആവിർഭാവം

## ഖുർആനിലും ഹദീഥിലുമുള്ള പ്രവചനം

മസീഹിന്റെയും മഹ്ദീയുടെയും ആഗമനത്തെക്കുറിച്ച് നബി (സ)തിരുമേനി പ്രവചിച്ചിട്ടുണ്ടോ എന്നതാണ് എല്ലാറ്റിലും മുമ്പിൽ നില്ക്കുന്ന പ്രശ്നം. ഇതിനുള്ള സമാധാനമാവട്ടെ, അവരുടെ വരവിനെക്കുറിച്ചുള്ള പ്രവചനം നിഷേധിക്കാൻ കഴിയാത്തവിധം വ്യക്തമാണെന്നുള്ളതാണ്. അവസാനകാലത്ത് മുസ്‌ലിംകൾക്കിടയിൽ മസീഹും മഹ്ദിയും വരുമെന്നും അവർ മുഖേന ഇസ്‌ലാം അതിന്റെ ശോച്യാവസ്ഥയിൽനിന്ന് എഴുന്നേറ്റു ലോകത്ത് വീണ്ടും പ്രബലപ്പെടുമെന്നും തുടർന്ന് അതിന്റെ ആ വിജയം ലോകാവസാനം വരെ നിലനില്ക്കുമെന്നുമുള്ള കാര്യത്തിൽ മുസ്‌ലിംസമുദായം ഏകാഭിപ്രായക്കാരാണ്.

ഈ പ്രവചനം വിശുദ്ധ ഖുർആനിൽ ഉള്ളതാണ്. ശരിയായ ഹദീഥുകളിലും ഈ പ്രവചനമുണ്ട്. മസീഹിന്റെ വരവിനെക്കുറിച്ച് വിശുദ്ധ ഖുർആനിൽ ഇപ്രകാരം പറയുന്നു:

وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا
الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ فِي الْاَرْضِ كَمَا
اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ ۖ

“നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അല്ലാഹു വാഗ്ദാനം നല്കിയിരിക്കുന്നു. ഏതുവിധം അവർക്കു മുമ്പേ കഴിഞ്ഞവരിൽ അവൻ ഖലീഫമാരെ നിലനിറുത്തിയോ അതേവിധത്തിൽ അവരിലും ഖലീഫമാരെ നിലനിറുത്തുമെന്ന്”(വി.ഖുർആൻ 24:56).

اِنَّآ اَرْسَلْنَآ اِلَيْكُمْ رَسُوْلًا ۙ شَاهِدًا عَلَيْكُمْ
كَمَآ اَرْسَلْنَآ اِلٰى فِرْعَوْنَ رَسُوْلًا ﴿١٦﴾

"നാം ഏതുപ്രകാരം ഫിർഔന്റെ അടുക്കലേക്ക് ഒരു ദൂതനെ അയച്ചുവോ അതുപ്രകാരം നിങ്ങൾക്ക് സാക്ഷിയായിക്കൊണ്ട് ഒരു ദൂതനെ നിങ്ങളുടെ അടുക്കലേക്ക് നാം അയച്ചിരിക്കുന്നു"(വി.ഖുർആൻ 73:16).

അല്ലാഹു ഈ വാക്യത്തിൽ നബിതിരുമേനിയെ മൂസാനബിയോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ആ നിലയ്ക്ക് സുറഃ നൂറിലെ വാക്യത്തിൽ അവർക്ക് മുമ്പേ കഴിഞ്ഞവർ എന്ന് പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് മൂസാനബിയുടെ ജനങ്ങളാണെന്നു വ്യക്തമായി. ഇനി നമുക്ക് മൂസാനബിയുടെ ജനങ്ങളിൽ വന്ന ഖലീഫമാരെ നോക്കാം. മൂസാനബിക്ക് ശേഷം അദ്ദേഹത്തിന്റെ ജനങ്ങളിൽ തൗറാത്തിന്റെ സേവനത്തിനായി തുടരെത്തുടരെ അനേകം ഖലീഫമാർ വന്നു കൊണ്ടിരുന്നു. അവസാനം 13 നൂറ്റാണ്ടുകൾക്കു ശേഷം മസീഹിന്റെ ആവിർഭാവമുണ്ടായി. അദ്ദേഹം മൂസാനബിയുടെ ഖലീഫമാരിൽ വെച്ച് ഏറ്റവും ശ്രേഷ്ഠനായിരുന്നു. 'മൂസവിയ്യാ' ഉമ്മത്തിലെ 'ഖാത്തമുൽഖുലഫാ' ആയിരുന്നു അദ്ദേഹമെന്നു പറയാം. ഖലീഫമാരുടെ ആഗമനം സംബന്ധിച്ച് നബിതിരുമേനിയുടെ ജനത്തെ മൂസാനബിയുടെ ജനത്തോട് ഉപമിക്കുകയും മൂസാനബിയുടെ ജനങ്ങളിൽ ഖലീഫമാർ വന്നുകൊണ്ടിരുന്നതു പോലെ നബിതിരുമേനിയുടെ ഉമ്മത്തിലും ഖലീഫമാർ വരുമെന്ന് വാഗ്ദാനം ചെയ്യപ്പെടുകയും ചെയ്തിരിക്കയാൽ മുസ്‌ലിം ജനതയിൽ അവസാനമായി ഇസ്രായീലീ മസീഹിന്റെ പ്രകൃതിയോടുകൂടിയ 'ഖാത്തമുൽഖുലഫാ' എന്ന സ്ഥാനമർഹിക്കുന്ന ഒരു ഖലീഫ, വരേണ്ടത് അത്യാവശ്യമാണ്. സൂറഃനൂറിലെ മേൽവാക്യത്തിൽ മുസ്‌ലിംകൾക്കായി സാധാരണ ഖലീഫമാരുടെ ആഗമനത്തെക്കുറിച്ചുള്ള വാഗ്ദാനം അടങ്ങിയിരിക്കുന്നതുപോലെത്തന്നെ, ഇസ്രായീൽ മസീഹിന്റെ സദൃശനും മഹാശ്രേഷ്ഠനുമായ ഒരു ഖലീഫയുടെ ആഗമനത്തെക്കുറിച്ചുള്ള വാഗ്ദാനവും അടങ്ങിയിട്ടുണ്ടെന്ന് ഇതുകൊണ്ട് സ്ഥാപിതമായി. അദ്ദേഹം മുഹമ്മദീ മസീഹെന്ന് വിളിക്കപ്പെടുന്നതാണ്.

ഒരു ഹദീഥിൽ നബിതിരുമേനിയും ഇപ്രകാരം അരുളിയിരിക്കുന്നു:

والّذی نفسی بیدہٖ لیوشکنّ ان یّنزل فیکم ابن مریم حکماً عدلاً

فیکسر الصّلیب ویقتل الخنزیر ویضع الحرب (صحیح البخاری کتاب بدء الخلق)

ഏതൊരുവന്റെ കൈയ്യിൽ എന്റെ ജീവൻ ഇരിക്കുന്നുവോ, അവ

നാണെ! നിശ്ചയമായും വിധികർത്താവും നീതിമാനുമായി നിങ്ങളിൽ ഇബ്നുമർയം ഇറങ്ങും- അദ്ദേഹം കുരിശു മുറിക്കുകയും പന്നിയെ കൊല്ലുകയും ജസ്‌യ ഇല്ലാതാക്കുകയും ചെയ്യും (സഹീഹ് ബുഖാരി).

ഇതുപോലെതന്നെ മറ്റു പല ഹദീഥുകളിലും മസീഹിന്റെ ആവിർഭാവത്തെക്കുറിച്ച് പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. രണ്ടാമത്തെ സംഗതി മഹ്ദിയുടെ ആഗമനമാണ്. അതു സംബന്ധിച്ച് വിശുദ്ധ ഖുർആൻ ഇങ്ങനെ പറയുന്നു:

هُوَ الَّذِىْ بَعَثَ فِى الْاُمِّيّٖنَ رَسُوْلًا مِّنْهُمْ يَتْلُوْا عَلَيْهِمْ اٰيٰتِهٖ
وَيُزَكِّيْهِمْ وَيُعَلِّمُهُمُ الْكِتٰبَ وَالْحِكْمَةَ ۗ وَاِنْ كَانُوْا مِنْ
قَبْلُ لَفِىْ ضَلٰلٍ مُّبِيْنٍ ۝ وَّاٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ

അവനത്രെ, അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ(അറബികളിൽ) അവരിൽനിന്നുള്ള ഒരു ദൂതനെ എഴുന്നേല്പിച്ചിട്ടുള്ളത്. ആ ദൂതൻ അവന്റെ വചനങ്ങൾ അവർക്ക് വായിച്ചു കേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്ത്വശാസ്ത്രവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു; ഇതിനു മുമ്പേ അവർ സ്പഷ്ടമായ വഴികേടിലായിരുന്നു. അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരു ജനതയിലും (അവൻ ദൂതനെ എഴുന്നേല്പിക്കുന്നതാണ്). അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു (വി.ഖുർആൻ 62:3,4).

ഇവിടെ അല്ലാഹു നബി തിരുമേനിയുടെ രണ്ടാമത്തെ വരവിനെക്കുറിച്ച് പ്രവചിച്ചിരിക്കുന്നു. നബി തിരുമേനിയുടെ ഗുണഗണങ്ങളിൽ തികവെത്തിയ ഒരു പ്രതിപുരുഷൻ എഴുന്നേല്പിക്കപ്പെട്ടാലല്ലാതെ പിന്നീട് വരുന്ന ജനങ്ങളെ പരിപാലിക്കുന്ന ജോലി നിർവ്വഹിക്കുക നബിതിരുമേനിക്ക് സാദ്ധ്യമല്ലെന്നത് പ്രത്യക്ഷമാണ്. ആ പ്രതിപുരുഷന്റെ ആഗമനം അദ്ദേഹത്തിന്റെ ആഗമനം പോലെയായിരിക്കണം. ആ പ്രതിപുരുഷൻ അദ്ദേഹത്തിൽനിന്ന് ശക്തി നേടുകയും അദ്ദേഹത്തിന്റെ കാലടിയിൽനിന്നുകൊണ്ട് അദ്ദേഹത്തന്റെ ഉമ്മത്തിനെ പരിഷ്കരിക്കുകയും വേണം. ആ പ്രതിപുരുഷനാണ് 'മഹ്ദി'. എന്തെന്നാൽ, മേൽപറഞ്ഞ വചനമിറങ്ങി

യപ്പോൾ, ആ മറ്റൊരു ജനത എന്നു പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് ആരാണെന്ന് സ്വഹാബിമാർ, നബി തിരുമേനിയോട് ചോദിച്ചതായി ഹദീഥിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. അതിനു നബി തിരുമേനി തന്റെ അനുചരന്മാരിൽ ഒരാളായ സൽമാനുൽ ഫാരിസിയുടെ ചുമലിൽ കൈവെച്ചുകൊണ്ട് പറഞ്ഞു:

സത്യവിശ്വാസം ഥുറയ്യാ (കാർത്തിക) എന്ന നക്ഷത്രത്തിലേക്ക് പറന്നുപോവുകയാണെങ്കിൽത്തന്നെയും (അതായത് ലോകത്തുനിന്ന് നിശ്ശേഷം അന്തർദ്ധാനം ചെയ്യുകയാണെങ്കിൽ തന്നെയും) ഇദ്ദേഹത്തിന്റെ കൂട്ടക്കാരായ ഫാരിസികളിൽനിന്നുള്ള ഒരാൾ അതിനെ അവിടെനിന്ന് മടക്കിക്കൊണ്ടു വരികയും വീണ്ടും ലോകത്ത് സ്ഥാപിക്കുകയും ചെയ്യും (സ്വഹീഹ് ബുഖാരി-തഫ്സീർ സൂറഃ ജുമുഅ).

അങ്ങനെ വിശുദ്ധഖുർആനിലെ സൂറഃ ജുമുഅയിൽ, നബി തിരുമേനിയുടെ ഗുണങ്ങളിൽ തികവെത്തിയ ഒരു പ്രതിപുരുഷന്റെ ആഗമനത്തെക്കുറിച്ചുള്ള പ്രവചനം അടങ്ങിയിരിക്കുന്നു. അദ്ദേഹമാണ് മഹ്ദി. കൂടാതെ അനേകം ഹദീഥുകളിലും മഹ്ദിയെ സംബന്ധിച്ച പ്രവചനങ്ങളുണ്ട്. ഉദാഹരണമായി അബൂദാവൂദിലെ ഒരു ഹദീഥ് ഇങ്ങനെ വായിക്കുന്നു:

**لولم يبقٰى من الدّنيا الّا يومٌ لطوّل اللّٰه ذالک اليوم حتّىٰ يبعث فيه**

**رجلاً مّنّى او من اهل بيتى يواطئى اسمهٗ اسمى واسم ابيه اسم ابى**

**يملأ الارض قسطاً وعدلاً كما ملئت ظلماً وجوراً** (ابوداؤد كتاب المهدى)

ലോകത്തിന്റെ ആയുസ്സിൽ ഒരു ദിവസമേ ബാക്കിയുള്ളൂവെങ്കിൽപോലും ഒരാളെ എഴുന്നേല്പിക്കുന്നതിനു വേണ്ടി അല്ലാഹു ആ ദിവസത്തെ ദീർഘിപ്പിക്കും. അദ്ദേഹം എന്നിൽനിന്നോ എന്റെ അഹ്ലുൽബയ്ത്തിൽനിന്നോ ഉള്ള ആളായിരിക്കും. അദ്ദേഹത്തിന്റെ പേർ എന്റെ പേരോടനുസരിച്ചതും അദ്ദേഹത്തിന്റെ പിതാവിന്റെ പേർ എന്റെ പിതാവിന്റെ പേരോടനുസരിച്ചതുമായിരിക്കും.അദ്ദേഹം ലോകത്തെ നീതിന്യായങ്ങൾ കൊണ്ടു നിറയ്ക്കും; അതിനു മുമ്പേ അക്രമവും അനീതിയും നിറഞ്ഞിരുന്നതു പോലെ. (അബൂദാവൂദ്, ജിൽദ്- കിത്താബുൽമഹ്ദി).

ഈ ഹദീഥുകൊണ്ട് വ്യക്തമാകുന്നത് വരാനിരിക്കുന്ന മഹ്ദി

നബി തിരുമേനിയുടെ ഗുണങ്ങളിൽ തികവെത്തിയ ഒരു പ്രതിപുരുഷനായിരിക്കുമെന്നും ആദ്ധ്യാത്മികമായ നിലയിൽ അദ്ദേഹത്തിന്റെ വരവ് നബി തിരുമേനിയുടെ വരവായിരിക്കുമെന്നുമാണ്.

ചുരുക്കത്തിൽ, ഇസ്‌ലാമിൽ മസീഹിന്റെയും മഹ്ദിയുടെയും വരവിനെക്കുറിച്ച് മുന്നറിയിപ്പ് നല്കിയിട്ടുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. മുസ്‌ലിംകളിലുള്ള കുട്ടികൾക്കുപോലും അറിയാവുന്ന ഒരു കാര്യമാണിത്. ഇക്കാലത്ത് മുസ്‌ലിംലോകം മുഴുവനും വളരെ ആവേശത്തോടുകൂടി മസീഹിന്റെയും മഹ്ദിയുടെയും വരവ് കാത്തിരിക്കുകയാണ്. അവരുടെ വരവിനോട് ബന്ധപ്പെട്ടാണ് തങ്ങളുടെ അഭിവൃദ്ധി നിലകൊള്ളുന്നതെന്ന് മുസ്‌ലിം സമൂഹം വിശ്വസിക്കുകയും ചെയ്യുന്നു.

വിശുദ്ധ ഖുർആനും തിരുമേനിയും മസീഹിനെപ്പറ്റിയും മഹ്ദിയെപ്പറ്റിയും പ്രവചിച്ചിട്ടുള്ളതുപോലെത്തന്നെ അവരെ സംബന്ധിച്ച് ചില അടയാളങ്ങൾ വിവരിക്കുകയും ചെയ്തിട്ടുണ്ട്. ആ അടയാളങ്ങൾ ഹദ്റത്ത് അഹ്മദിന്റെ ആഗമനത്തിൽ പൂർത്തിയായിട്ടുണ്ടോ എന്നു അല്ലാഹുവിന്റെ സുന്നത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കേണ്ടത് നമ്മുടെ കടമയാണ്. എന്നാൽ, അങ്ങനെ ചെയ്യുന്നതിന് മുമ്പേ, മസീഹിനെയും മഹ്ദിയെയും സംബന്ധിച്ച് മുസ്‌ലിംകൾക്കിടയിൽ പരന്നിട്ടുള്ള പ്രധാനപ്പെട്ട രണ്ട് തെറ്റുധാരണകൾ, അകറ്റേണ്ടത് അത്യാവശ്യമാകുന്നു. ആ തെറ്റുധാരണകൾ നീങ്ങാതിരിക്കുന്നിടത്തോളം ഹദ്റത്ത് അഹ്മദിന്റെ വാദം പ്രഥമവീക്ഷണത്തിൽത്തന്നെ മുസ്‌ലിംകൾക്ക് സ്വീകാര്യമല്ലാതെ വരുന്നതാണ്. ആ തെറ്റുധാരണകൾ താഴെ പറയുന്നവയാണ്. 1. ഈസാനബി(അ) ജീവിച്ചിരിപ്പുണ്ടോ? ഇല്ലയോ? 2. വാഗ്ദാനം ചെയ്യപ്പെട്ട മസീഹും മഹ്ദിയും ഒരാൾ തന്നെയോ അഥവാ രണ്ട് വ്യത്യസ്ത വ്യക്തികളോ? ഈസാനബി(അ) ആകാശത്തിൽ സ്ഥൂലദേഹത്തോടുകൂടി ജീവിച്ചിരിപ്പുണ്ടെന്നും അദ്ദേഹംതന്നെയാണ് അവസാനകാലത്ത് ഇറങ്ങിവരികയെന്നും ഇക്കാലത്തെ മുസ്‌ലിംകൾക്കിടയിൽ തെറ്റുധാരണ പരന്നിരിക്കുകയാണ്. അതുപോലെതന്നെ മസീഹും മഹ്ദിയും രണ്ട് വ്യത്യസ്ത വ്യക്തികളാണെന്ന തെറ്റുധാരണകൾ നിമിത്തം സാധാരണ മുസ്‌ലിംകൾ ഹദ്റത്ത് അഹ്മദിന്റെ വാദങ്ങളെക്കുറിച്ച് ശ്രദ്ധിക്കുന്നില്ല. അതിനാൽ, ആദ്യമായി നമുക്ക് ഈ കാര്യങ്ങൾ ചർച്ച ചെയ്യാം. ***വബില്ലാഹി തൗഫീഖ്***.

## ഈസാ(അ) ആകാശത്തേക്കുയർത്തപ്പെട്ടിട്ടില്ല

ഒന്നാമതായി പരിശോധിക്കേണ്ടത് ഈസാനബി ആകാശത്തിൽ സ്ഥൂലശരീരത്തോടുകൂടി വാസമുറപ്പിച്ചിട്ടുണ്ടോ എന്നതാണ്. അദ്ദേഹം സ്ഥൂലശരീരത്തോടുകൂടി ആകാശത്തിലേക്ക് ഉയർത്തപ്പെട്ടതായും ഇപ്പോഴും അവിടെ താമസിച്ചു വരുന്നതായും വിശുദ്ധഖുർആനിൽ നിന്നോ ശരിയായ ഹദീഥുകളിൽനിന്നോ ഒരു പ്രകാരത്തിലും തെളിയുന്നില്ല എന്നതാണ് അതിനുള്ള മറുപടി. വിശുദ്ധ ഖുർആൻ പറയുന്നു:

فِيهَا تَمُوتُونَ وَمِنْهَا تُخْرَجُونَ

നിങ്ങൾ അതിൽത്തന്നെ ജീവിക്കും. അതിൽത്തന്നെ നിങ്ങൾ മരിക്കുകയും ചെയ്യും. (വി.ഖുർആൻ 7:26)

ഭൂമിയിൽ മനുഷ്യന് രണ്ട് അവസ്ഥകളെയാണ് നേരിടാനുള്ളത്. ജീവിതവും മരണവും. ഇവ രണ്ടിനെയും അല്ലാഹു ഭൂമിയോട് നിബദ്ധിച്ചിരിക്കയാണ്. ഈ രണ്ട് അവസ്ഥകളുടെയും കാലം മനുഷ്യൻ ഭൂമിയിൽ വെച്ചുതന്നെ കഴിക്കേണ്ടിയിരിക്കുന്നു. ഇവിടെ ഉത്ഭവിക്കുന്ന ചോദ്യം ഈസാനബി ഒരു മനുഷ്യനായിരിക്കെ അദ്ദേഹത്തിന്റെ ജീവിതകാലത്തിൽ വലിയൊരു ഭാഗം എങ്ങനെ ആകാശത്തിൽ കഴിക്കാൻ തുടങ്ങിയെന്നതാണ്. അദ്ദേഹത്തെ ആകാശത്തിലേക്ക് കൊണ്ടുപോയപ്പോൾ, മനുഷ്യൻ അവന്റെ ജീവിതകാലം ഭൂമിയിൽത്തന്നെ കഴിക്കണമെന്ന തന്റെ ഖണ്ഡിതമായ നിയമം അല്ലാഹു മറന്നു പോയോ? തീർച്ചയായും ഇല്ല. ഈസാനബി ഒരിക്കലും ആകാശത്തിലേക്ക് കൊണ്ടു പോകപ്പെട്ടിട്ടില്ലെന്നും, നേരെമറിച്ച് മറ്റുള്ള മനുഷ്യരെപ്പോലെ അദ്ദേഹവും അദ്ദേഹത്തിന്റെ ജീവിതകാലം ഈ ഭുമിയിൽത്തന്നെ കഴിച്ചു കൂട്ടുകയാണ് ചെയ്തതെന്നുമാണ് ഇതിൽനിന്ന് മനസ്സിലാകുന്നത്.

വീണ്ടും നബി (സ)തിരുമേനിയെ സംബോധന ചെയ്തുകൊണ്ട് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുകയാണ്:-

قُلْ سُبْحَانَ رَبِّيْ هَلْ كُنْتُ اِلَّا بَشَرًا رَّسُوْلًا

“അല്ലയോ റസൂലേ, ആകാശത്തിലേക്ക് കയറിപ്പോയിക്കൊണ്ട് ഒരു അടയാളം കാണിക്കാൻ അവിശ്വാസികൾ നിന്നോട് ആവശ്യപ്പെടുന്നു. നീ അവരോട് പറയുക! എന്റെ റബ്ബ് പരിശുദ്ധനാണ്;

ഞാൻ ഒരു ദൂതനായ മനുഷ്യൻ മാത്രമാണ്" (വി.ഖുർആൻ 17:94).

ഈ വാക്യത്തിന് ഒരു വ്യാഖ്യാനമാവശ്യമില്ല. മനുഷ്യനായിരിക്കുന്ന അവസ്ഥയിൽ തനിക്ക്, സ്ഥൂലദേഹത്തോടുകൂടി ആകാശത്തിലേക്ക് പോവുക സാദ്ധ്യമല്ല എന്ന് ഇവിടെ നബി(സ)തിരുമേനി പ്രസ്താവിച്ചിരിക്കുന്നു. അതാണ് സ്ഥിതിയെങ്കിൽ ഈസാനബി ഒരു മനുഷ്യനായിരുന്നിട്ടും ആകാശത്തിലേക്ക് സ്ഥൂലദേഹത്തോടുകൂടി പോവുകയെന്നത് മനുഷ്യനെക്കാൾ ഉപരിയായ ഒരു സൃഷ്ടിയാണ് അദ്ദേഹമെന്ന് സ്ഥാപിക്കുന്നില്ലയോ? പ്രസ്തുത വാക്യം വിശുദ്ധ ഖുർആനിൽ ഉള്ളപ്പോൾ ഈസാനബി ആകാശത്തിലേക്ക് ജീവനോടുകൂടി ഉയർത്തപ്പെട്ടുവെന്നു പറയാൻ ഏതൊരു മുസൽമാനു ധൈര്യമുണ്ടാകും? പ്രവാചകൻമാരിൽ ശ്രേഷ്ഠൻ ഹദ്റത്ത് മുഹമ്മദ്നബി(സ.അ) തിരുമേനി പറയുന്നത്, ജീവനോടും സ്ഥൂലദേഹത്തോടും കൂടി ആകാശത്തിലേക്ക് പോകുന്നതിന് തനിക്ക് തടസ്സമായിരിക്കുന്നത് താൻ മനുഷ്യനാണെന്നുള്ള അവസ്ഥയാണെന്നാണ്.* ആ സ്ഥിതിക്ക് അദ്ദേഹത്തെക്കാൾ തീർച്ചയായും പദവിയിൽ താഴ്ന്ന ഈസാനബി എങ്ങനെ ആകാശത്തിലേക്ക് കയറിപ്പോയി? കഷ്ടം! ഈസാനബിയെ ആകാശത്തിൽ കയറ്റി ഇരുത്തിക്കൊണ്ട് മുസ്ലിംകൾ തങ്ങളുടെ പരിശുദ്ധ നബിയെ അപമാനിക്കുക മാത്രമല്ല ചെയ്യുന്നത്, അടിതൊട്ടു മുടിയോളം അബദ്ധമായ ഒരു വിശ്വാസത്താൽ ക്രിസ്ത്യാനികൾക്ക് സഹായികളാവുക കൂടി ചെയ്യുന്നുണ്ട്. ഒരു കവി പാടിയത് എത്രതന്നെ പരമാർത്ഥമല്ല!

من از بیگانگاں ہرگز نہ نالم          کہ بامن ہر چہ کرد آں آشنا کرد

---

* ഇവിടെ സ്വാഭാവികമായി ഒരു ചോദ്യം ഉത്ഭവിക്കുന്നുണ്ട്. നബിതിരുമേനിക്ക് ജീവനോടും സ്ഥൂലദേഹത്തോടും കൂടി ആകാശത്തിലേക്ക് പോകുന്നതിന് അദ്ദേഹത്തിന്റെ മനുഷ്യനാണെന്നുള്ള അവസ്ഥയാണ് വിഘ്നാതമെന്ന് അല്ലാഹു വ്യക്തമായി വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കെ, മിഅ്റാജിന്റെ സമയത്ത് എങ്ങനെ അദ്ദേഹം ആകാശത്തിലേക്ക് പോയി എന്നതാണത്. അതിനുള്ള ഉത്തരം എന്തെന്നാൽ, അദ്ദേഹം മിഅ്റാജിൽ സ്ഥൂലദേഹത്തോടുകൂടിയാണ് ആകാശത്തിലേക്ക് പോയതെന്ന ധാരണ തെറ്റാകുന്നു. മിഅ്റാജ് ഭാവിയിലെ അഭിവൃദ്ധികളെക്കുറിച്ച് നബിതിരുമേനിക്ക് അല്ലാഹു കാണിച്ചുകൊടുത്ത ഉത്ക്കൃഷ്ടമായ ഒരാത്മീയ ദർശനമാണെന്നുള്ളതാണ് പരമാർത്ഥം. ആ അഭിവൃദ്ധികൾ യഥാസമയം ഉണ്ടായിട്ടുണ്ട്. ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. മിഅ്റാജ് സ്ഥൂലദേഹത്തോടുകൂടിയുള്ള സംഭവമായിരുന്നില്ലെന്നും നേരെമറിച്ച്, ഏറ്റവും ഉത്ക്കൃഷ്ടമായൊരു ആത്മീയദർശനമായിരുന്നെന്നും ആ ദർശനത്തിൽ അല്ലാഹു തിരുമേനിയെക്കൊണ്ട് ആകാ

അന്യരെക്കൊണ്ടല്ല ഞാൻ കരയേണ്ടി വന്നത്; എന്നോടു ചെയ്തതെല്ലാം എന്റെ ചങ്ങാതിമാരാകുന്നു.

ഇത്രയും വ്യക്തമായ വാക്യങ്ങൾ ഉണ്ടായിട്ടും മുസ്ലിംകൾ തെറ്റായ വിശ്വാസത്തിൽ ഉറച്ചു നില്ക്കുന്നുവെന്നത് ആശ്ചര്യകരമായിരിക്കുന്നു. ***ഈസാനബി സ്ഥൂലദേഹത്തോടുകൂടി ആകാശത്തിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നവെന്ന് വിശുദ്ധഖുർആനിൽ ഒരിടത്തും പറഞ്ഞിട്ടില്ല. അങ്ങനെ ആരെങ്കിലും ഞങ്ങൾക്കു കാണിച്ചു തരികയാണെങ്കിൽ എല്ലാവരെയ്ക്കാളും മുമ്പേ ഞങ്ങളതു വിശ്വസിക്കാൻ സന്നദ്ധരാണ്***. പക്ഷേ, ഈസാനബി സ്ഥൂലദേഹത്തോടുകൂടി ആകാശത്തു ജീവിച്ചിരിക്കയാണെന്നു തെളിയിക്കുന്ന ഒരൊറ്റ വചനം പോലും വിശുദ്ധഖുർആനിൽ ഇല്ലെന്നുള്ളതാണ് പരമാർത്ഥം. വിശുദ്ധ ഖുർആനിൽ ഈസാനബിയെ സംബന്ധിച്ച് رَّفَعَهُ اللّٰهُ اِلَيْهِ (അല്ലാഹു അദ്ദേഹത്തെ അവങ്കലേക്ക് ഉയർത്തി) എന്നു പറഞ്ഞിട്ടുള്ളത് അദ്ദേഹം ജീവനോടു കൂടി ആകാശത്തിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നവെന്നതിന് ഒരു വിധത്തിലും തെളിവല്ല. എന്തെന്നാൽ ഉയർത്തുക എന്നതിന്റെ ഉദ്ദേശ്യം ശാരീരികമായ ഉയർത്തലല്ല, ആദ്ധ്യാത്മികമായ ഉയർത്തലാണ്. ബൽഅം ബാഊറിനെ സംബന്ധിച്ച് അല്ലാഹു പറയുന്നത് നോക്കുക:

وَلَوْ شِئْنَا لَرَفَعْنٰهُ بِهَا وَلٰكِنَّهٗٓ اَخْلَدَ اِلَى الْاَرْضِ

നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അവ (ആ ദൃഷ്ടാന്തങ്ങൾ) വഴി അവനെ നാം ഉയർത്തുമായിരുന്നു. എന്നാൽ, അവൻ ഭൂമിയിലേക്ക് ചായുകയാണുണ്ടായത് (വി.ഖുർആൻ 7:177).

---

ശപര്യടനം ചെയ്യിച്ചുവെന്നും സലഫുസ്സ്വാലിഹീങ്ങളിൽത്തന്നെ വലിയൊരു വിഭാഗം വിശ്വസിക്കുന്നുണ്ട്. ഉദാഹരണമായി നബിതിരുമേനിയുടെ വിശുദ്ധശരീരം മിഅ്റാജ് രാവിൽ ഭൂമിയിൽനിന്ന് വേർപെട്ടിരുന്നില്ലെന്ന് ഹദ്റത്ത് ആയിശാ സിദ്ദീഖ(റ) പറയുന്നു. ഇതുപോലെതന്നെ മിഅ്റാജ് സ്ഥൂലദേഹത്തോടുകൂടി സംഭവിച്ചതല്ലെന്ന് മറ്റു ചില പണ്ഡിതശ്രേഷ്ഠന്മാരും പറഞ്ഞിട്ടുണ്ട്. മിഅ്റാജ് ഒരു ഉത്ക്കൃഷ്ടമായ ദർശനമായിരുന്നെന്നും അതിൽ അല്ലാഹു നബിതിരുമേനിയെ ആകാശത്തിൽ പര്യടനം നടത്തിക്കുകയും ഭാവിയെ സംബന്ധിച്ച നിസ്തുലമായ അഭിവൃദ്ധികളുടെ രൂപം അദ്ദേഹത്തിന് കാണിച്ചുകൊടുക്കുകയും ചെയ്യുകയാണ് ചെയ്തതെന്നും ഇതിൽനിന്ന് നല്ലതുപോലെ വ്യക്തമാകുന്നുണ്ട്. കൂടാതെ ഹദീഥിൽ മിഅ്റാജിനെപ്പറ്റി ***ഥുമ്മസ്തയ്ഖള*** എന്നും പറഞ്ഞിരിക്കുന്നു. അതായത് 'അതിനുശേഷം നബിതിരുമേനി ഉണർന്നു' (ബുഖാരി, കിതാബുത്തൗഹീദ്). മിഅ്റാജ് സ്ഥൂലദേഹത്തോടുകൂടിയ ഒരാകാശയാത്രയായിരുന്നില്ലെന്ന് മനസ്സിലാക്കാൻ ഇതിലധികമായ തെളിവെന്തുവേണം?

ഇവിടെ 'ഉയർത്തൽ' കൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്, ശാരീരികമായ ഉയർത്തലല്ലെന്നും നേരെമറിച്ച്, ആദ്ധ്യാത്മികമായ ഉയർത്തലാണെന്നും എല്ലാവരും സമ്മതിക്കുന്നു. ഉയർത്തലിനെതിരായി ഭൂമിയിലേക്ക് ചാഞ്ഞുവെന്ന് ഇവിടെ പറയുകയും ചെയ്തിരിക്കുന്നു. ആ സ്ഥിതിക്ക് ഉയർത്തുക എന്ന പദത്തിന് ഈസാനബിയെ സംബന്ധിച്ചു ഉപയോഗിച്ചിടത്ത് അത് ശാരീരികമായ ഉയർ ത്തലെന്ന് അർത്ഥമെടുക്കാൻ എന്തു ന്യായമാണുള്ളത്? 'റഫഅ' എന്ന പദം മറ്റുള്ളവരെ സംബന്ധിച്ചാവുമ്പോൾ 'ആദ്ധ്യാത്മികമായ ഉയർത്തൽ' എന്നും ഈസാനബിയെ സംബന്ധിച്ചാകുമ്പോൾ ശാരീരികമായ ഉയർത്തൽ എന്നും അർത്ഥം കൽപിക്കത്തക്കവിധം ഈസാനബിക്ക് എന്തു സവിശേഷതയാണുള്ളത്? പ്രത്യേകിച്ച് ഈസാനബിയെ സംബന്ധിച്ച് അദ്ദേഹത്തിന്റെ ഉയരൽ മരണത്തിനു ശേഷമാണ് ഉണ്ടായതെന്ന് വിശുദ്ധഖുർആനിൽ-സൂറഃആലുഇംറാനിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. മരണാനന്തരമുണ്ടാവുന്ന ഉയർത്തൽ ആദ്ധ്യാത്മികമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഇവിടെ മറ്റൊരു കാര്യം കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. മേൽപറഞ്ഞ വാക്യത്തിൽ ഈസാനബിയെ ഉയർത്തിയത് ആകാശത്തിലേക്കാണെന്നല്ല, നേരെമറിച്ച് അല്ലാഹുവിന്റെ അടുക്കലേക്കാണെന്നാണ് പറഞ്ഞിട്ടുള്ളത്. അല്ലാഹു എല്ലാ സ്ഥലത്തുമുണ്ട്. ആകാശത്തിൽ മാത്രം പരിമിതനല്ല. അപ്പോൾ അവന്റെ അടുക്കലേക്കു ഉയർത്തി എന്നതിനു ആകാശത്തിലേക്കുയർത്തി എന്നു എങ്ങനെ അർത്ഥം പറയാൻ സാധിക്കും? അല്ലാഹുവിന്റെ അടുക്കലേക്ക് ഉയർത്തി എന്നതിനു ആദ്ധ്യാത്മികമായ ഉയർത്തലെന്ന ഒരേ ഒരു അർത്ഥംമാത്രമേ സ്വീകരിക്കാൻ നിവൃത്തിയുള്ളൂ. കാരണം, അല്ലാഹു എല്ലായിടത്തും ഹാജരുള്ളവനും എല്ലാം കാണുന്നവനുമാണ്. അതിനാൽ, ശാരീരികമായ ഉയർത്തലിനെ ഒരു വിധത്തിലും അവനോടു സംബന്ധിപ്പിക്കുവാൻ വയ്യ. അല്ലാഹുവിന്റെ അടുക്കലേക്കുള്ള ഈസാനബിയുടെ ഉയരൽ ശാരീരികമാണെന്നാണ് സങ്കൽപിക്കുന്നതെങ്കിൽ ആ വചനംതന്നെ നിരർത്ഥകമായിത്തീരുന്നതാണ്. എന്തെന്നാൽ, അതിന്റെ അർത്ഥം അദ്ദേഹം എവിടെയായിരുന്നുവോ അവിടെത്തന്നെ അദ്ദേഹത്തെ നിറുത്തിയെന്നായിരിക്കും. അല്ലാഹു എല്ലായിടത്തും ഉള്ളവനാണല്ലോ. അതുകൊണ്ട് ഈസാനബിയുടെ ഉയരൽ ശാരീരികമല്ല, ആദ്ധ്യാത്മികമാണെന്ന് സ്പഷ്ടമായി. ഒരു ഹദീ

ഥിൽ നബിതിരുമേനി ഇപ്രകാരം പറയുന്നു:

اذا تواضع العبد رفع اللّٰه الى السمآء السابعه (كنزل العمال)

അല്ലാഹുവിന്റെ അടിയാൻ വിനയം കൈക്കൊള്ളുകയാണെങ്കിൽ അല്ലാഹു അവനെ ഏഴാം ആകാശത്തിലേക്ക് ഉയർത്തും (കൻസുൽഉമ്മാൽ, ജിൽദ്2).

ഈ സ്ഥലത്തും സ്ഥൂലദേഹത്തോടുകൂടി ആകാശത്തിലേക്കുയർത്തി എന്ന അർത്ഥം കൽപിക്കുവാൻ കഴിയുമോ? അങ്ങനെകല്പിക്കുകയാണെങ്കിൽ ഈ വചനത്തിലടങ്ങിയ അല്ലാഹുവിന്റെ വാഗ്ദാനം (നഊദുബില്ലാഹ്) കളവാണെന്നു സമ്മതിക്കേണ്ടി വരും.കാരണം, നബിതിരുമേനിയും സ്വഹാബത്തും അവർക്കുശേഷമുള്ള ലക്ഷോപലക്ഷം മുസ്ലിംകളും അല്ലാഹുവിനുവേണ്ടി വിനയം കൈക്കൊണ്ടവരായിരുന്നു. എന്നിട്ടും അവരിൽ ഒരാൾപോലും ആകാശത്തിലേക്ക് സ്ഥൂലദേഹത്തോടുകൂടി ഉയർത്തപ്പെട്ടില്ല. അതിനാൽ, ഇവിടെയും വിനയം കൈക്കൊള്ളുന്നവർ സ്ഥൂലദേഹത്തോടുകൂടി ആകാശത്തിലേക്ക് ഉയർത്തപ്പെടുമെന്നല്ല, നേരെമറിച്ച് അല്ലാഹു അവരുടെ പദവി ഉയർത്തുകയും അവർക്ക് ആദ്ധ്യാത്മികമായ ഉയർച്ച കൈവരുത്തുകയും ചെയ്യുമെന്നാണ് അർത്ഥമെടുക്കേണ്ടതെന്ന് വ്യക്തമാണ്. ആകാശമെന്ന പദം ഉണ്ടായിട്ടുകൂടിയും ഈ അർത്ഥമാണ് ഞങ്ങളുടെ എതിരാളികളായ ഉലമാക്കൾ പോലും ഈ വചനത്തിനു നല്കുന്നത്. പിന്നെ എന്തിനു ഈസാനബിയെ കുറിച്ചു മാത്രം, അല്ലാഹുവിന്റെ അടുക്കലേക്ക് ഉയർത്തിയെന്നു പറയുമ്പോൾ സ്ഥൂലദേഹത്തോടുകൂടി ആകാശത്തിലേക്ക് ഉയർത്തിയെന്ന് അർത്ഥം കൽപിക്കണം?

## ഈസാനബി(അ)യുടെ മരണം

ഈസാനബി ഒരിക്കലും സ്ഥൂലദേഹത്തോടുകൂടി ആകാശത്തിലേക്ക് ഉയർത്തപ്പെട്ടിട്ടില്ലെന്നും, നേരെമറിച്ച്, അല്ലാഹുവിന്റെ വിധിയനുസരിച്ച് അദ്ദേഹം ജീവിതകാലം മുഴുവനും ഈ ഭൂമിയിൽ കഴിച്ചു കൂട്ടുകയാണുണ്ടായതെന്നും അല്ലാഹുവിന്റെ കൃപയാൽ വിശുദ്ധ ഖുർആൻ കൊണ്ടും ഹദീസുകൊണ്ടും തെളിയിച്ചു കഴിഞ്ഞു. ഇനി ഞാൻ ദൈവസഹായം കൊണ്ടു തെളിയിക്കാൻ ഉദ്ദേശിക്കുന്നത് അദ്ദേഹം മരിച്ചു പോയിരിക്കുന്നു എന്നാണ്. ഈസാനബി മരിച്ചു പോയിരിക്കുന്നുവെന്ന് തെളിയിക്കേണ്ടത് ഞങ്ങളുടെ ബാധ്യതയിൽപെട്ട കാര്യമേയല്ല. കാരണം, എല്ലാവർക്കുമറിയാം ലോ

കം നാശത്തിന്റെ ഗേഹമാണെന്നും ഇവിടെ ജനിക്കുന്നവരെല്ലാം മരിക്കുമെന്നും. വിശുദ്ധ ഖുർആൻ പറയുന്നത് നോക്കുക:

كُلُّ نَفْسٍ ذَآئِقَةُ الْمَوْتِ

എല്ലാ ജീവിക്കും മരണം നിശ്ചയിക്കപ്പെട്ടതാണ് (ഖുർആൻ 29:58)

എന്നാൽ, ഈസാനബി മരിച്ചിട്ടില്ലെന്നുള്ള ഒരു വിശ്വാസം പൊതു ജനങ്ങളിൽ പരന്നുവശായിട്ടുണ്ട്. ഇതൊരു തെറ്റായ ധാരണയാണ്, ഇത് നീക്കം ചെയ്യേണ്ടത് അത്യാവശ്യമായിരിക്കുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

وَمَا مُحَمَّدٌ إِلَّا رَسُولٌ قَدْ خَلَتْ مِنْ قَبْلِهِ الرُّسُلُ

أَفَإِنْ مَاتَ أَوْ قُتِلَ انْقَلَبْتُمْ عَلَىٰ أَعْقَابِكُمْ

മുഹമ്മദ് അല്ലാഹുവിന്റെ ഒരു റസൂൽ മാത്രമാണ്. അദ്ദേഹത്തിന് മുമ്പേയുള്ള റസൂൽമാരെല്ലാം കാലഗതി പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു. അപ്പോൾ അദ്ദേഹം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്യുകയാണെങ്കിൽ നിങ്ങൾ നിങ്ങളുടെ കുതികാലുകളിന്മേൽ പിന്തിരിഞ്ഞു കളയുമോ? (വി.ഖുർആൻ 3:145)

ഈ വചനത്തിൽ അല്ലാഹു ഈസാനബിയുടെ മരണം ഖണ്ഡിതമായി പ്രഖ്യാപിച്ചിരിക്കുന്നു. നബിതിരുമേനിക്ക് മുമ്പേയുണ്ടായിരുന്ന റസൂൽമാരെല്ലാം ഒന്നൊഴിയാതെ മരണപ്പെട്ടു പോയിരിക്കുന്നുവെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്.

എന്നാൽ, ഈ വചനത്തിൽ ഉപയോഗിച്ചിട്ടുള്ള 'ഖലാ' എന്ന പദത്തിന് മരിക്കുക എന്നു മാത്രമല്ല, സ്ഥലം വിടുക, കഴിഞ്ഞുപോവുക എന്നുകൂടി അർത്ഥമുണ്ടെന്നും ഏതൊരാൾ ആകാശത്തിലേക്ക് പോകുന്നുവോ അയാളെപ്പറ്റിയും സ്ഥലംവിട്ടുകഴിഞ്ഞു പോയി എന്നു പറയാവുന്നതാണെന്നും അതിനാൽ, ഇവിടെ മരിച്ചു പോയി എന്ന അർത്ഥമെടുക്കേണ്ടതില്ലെന്നും പറയപ്പെടുന്നുണ്ട്. എന്നാൽ, 'ഖലാ എന്ന പദത്തിനു ശബ്ദകോശത്തിൽ മരിച്ചു എന്നും സ്ഥലം വിട്ടു, കഴിഞ്ഞുപോയി എന്നും അർത്ഥമുണ്ടെങ്കിൽ, ഈ രണ്ട് അർത്ഥത്തിൽ ഏതാണിവിടെ യോജിക്കുക എന്ന് തിട്ടപ്പെടുത്തുന്നതിന് പ്രസ്തുത വചനത്തിന്റെ സന്ദർഭത്തെക്കുറിച്ച് ചിന്തിക്കണം എന്നാണ്. 'ഖലാ' എന്ന പദത്തിന് രണ്ടർത്ഥമാണ് ശബ്ദകോശം

പറയുന്നത്-മരിച്ചു പോവുക എന്ന അർത്ഥത്തിന് രേഖ കാണിക്കേ ണ്ടതില്ല. മരിച്ചു പോവുക എന്ന അർത്ഥത്തിന് സുപ്രസിദ്ധമായ 'താജുൽ അറൂസ്' എന്ന നിഘണ്ടു നോക്കുക. അതിൽ പറയുക യാണ്. ***ഖലാ ഫുലാനുൻ ഇദാ മാത്ത*** എന്നു പറഞ്ഞാൽ ഇന്ന വൻ മരിച്ചുപോയി എന്നാണർത്ഥം. തർക്കത്തിലുള്ള വചനം പരി ശോധിക്കുകയാണെങ്കിൽ ആ വചനത്തിന് മുമ്പും പിമ്പും ഞങ്ങൾ പറയുന്ന അർത്ഥത്തെ വ്യക്തമായി അനുകൂലിക്കുന്നതായി കാ ണാം. നബിതിരുമേനിക്ക് മുമ്പേയുള്ള റസൂൽമാരെല്ലാം അന്തരിച്ചു പോയിരിക്കുന്നതിനാൽ അദ്ദേഹവും മരിക്കുകയോ കൊല്ലപ്പെടു കയോ ചെയ്യുകയാണെങ്കിൽ നിങ്ങൾ ഇസ്‌ലാമിൽനിന്ന് പിന്തിരി യുമോ എന്നാണ് അല്ലാഹു ചോദിക്കുന്നത്. ഈ വാക്യത്തിലെ أَفَإِنْ مَّاتَ أَوْ قُتِلَ (മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്യുക യാണെങ്കിൽ) എന്ന ഭാഗം തെളിയിക്കുന്നത് നബിതിരുമേനിക്ക് മുമ്പേയുണ്ടായിരുന്ന പ്രവാചകന്മാരെല്ലാം സ്വാഭാവികമായ മരണ ത്താലോ അല്ലെങ്കിൽ കൊല്ലപ്പെടുകയാലോ ഈ ലോകത്തുനിന്ന് മൺമറഞ്ഞു പോയവരാണെന്നാണ്. അവർ ഈ ലോകത്തെ വിട്ടു പിരിഞ്ഞത് ഈ രണ്ട് മാർഗ്ഗങ്ങളിൽ ഏതെങ്കിലുമൊന്നിൽ കൂടി മാത്രമാണെന്നുമാണ്. കാലം ചെയ്ത പ്രവാചകൻമാരിൽ ഏതെ ങ്കിലുമൊരാൾ ആകാശത്തിലേക്ക് ഉയർത്തപ്പെട്ടിരുന്നുവെങ്കിലോ, മേൽപറഞ്ഞ മാർഗ്ഗങ്ങളല്ലാത്ത മറ്റേതെങ്കിലും മാർഗ്ഗത്തിൽ കൂടി അവരുടെ വേർപാട് സംഭവിച്ചിരുന്നുവെങ്കിലോ അല്ലാഹു തീർച്ച യായും ആ മാർഗ്ഗത്തെപ്പറ്റി ഇവിടെ പറയുമായിരുന്നു. ചുരു ങ്ങിയപക്ഷം ഈസാനബിയെ ഇതിൽനിന്ന് ഒഴിവാക്കുകയെങ്കിലും ചെയ്യുമായിരുന്നു. എന്നാൽ, അല്ലാഹു അപ്രകാരം ചെയ്തിട്ടില്ല. നേരെമറിച്ച്, സ്വാഭാവികമായ മരണത്തിന്റെയും അസ്വാഭാവികമായ മരണത്തിന്റെയും രണ്ട് മാർഗ്ഗങ്ങൾ മാത്രം വിവരിക്കുകയാണ് ചെയ് തത്. ഈ വചനത്തിലെ 'ഖലാ' എന്ന പദത്തിന് സ്വാഭാവികമായി മരിച്ചെന്നോ അല്ലെങ്കിൽ വധിക്കപ്പെട്ടു എന്നോ അല്ലാതെ മറ്റൊരു അർത്ഥമെടുക്കാൻ നിവൃത്തിയില്ലെന്ന് ഇതിൽനിന്ന് നല്ലതുപോലെ മനസ്സിലാകുന്നു. എന്നാൽ, വിശുദ്ധ ഖുർആനിൽ മറ്റൊരു സ്ഥലത്ത് ഈസാനബി കൊല്ലപ്പെട്ടിട്ടില്ലെന്ന് അല്ലാഹു ഖണ്ഡിതമായിത്തന്നെ പ്രസ്താവിച്ചിട്ടുണ്ട്.(സൂറഃനിസാഅ്). അതുകൊണ്ട് ഈസാനബി സ്വാഭാവിക മരണത്താലാണ് ഈ ലോകത്തുനിന്ന് വേർപെട്ടതെന്ന് വ്യക്തമായി. വിശുദ്ധ ഖുർആന്റെ വ്യാഖ്യാതാക്കളും ഇവിടെ 'ഖലാ'

എന്ന പദത്തിനു 'മരിച്ചു' എന്നു തന്നെയാണ് അർത്ഥം നല്കിയിട്ടുള്ളത്. ഈ വചനത്തെ വ്യാഖ്യാനിച്ചിടത്ത് അവർ എഴുതുകയാണ്:

قَدْ خَلَتْ مِنْ قَبْلِهِ الرُّسُلُ ۚ أَفَإِنْ مَّاتَ أَوْ قُتِلَ

മറ്റുള്ള പ്രവാചകന്മാർ മരണത്താലോ വധത്താലോ ഇഹലോകവാസം വെടിഞ്ഞതുപോലെ നബിതിരുമേനിയും ഇഹലോകവാസം വെടിയുന്നതാണ്. (തഫ്സീർ ഖാസിൻ).

സുപ്രസിദ്ധമായ ഒരു ചരിത്രസംഭവത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കുകയാണെങ്കിൽ ഈ വാക്യത്തിന്റെ അർത്ഥം നമുക്ക് കൂടുതൽ വ്യക്തമാകുന്നതാണ്. ബുഖാരിയിൽ ഇപ്രകാരം വിവരിക്കപ്പെട്ടിരിക്കുന്നു. നബിതിരുമേനി നിര്യാതനായ അവസരത്തിൽ,അദ്ദേഹത്തിന്റെ ജോലി ഇനിയും പൂർത്തിയായിട്ടില്ലെന്നുള്ള വിചാരത്താൽ ഹദ്റത്ത് ഉമറും മറ്റു ചില സ്വഹാബിമാരും അദ്ദേഹം മരിച്ചിട്ടില്ലെന്നുതന്നെ വിശ്വസിച്ചു. ഹദറത്ത് ഉമറിനു തന്റെ ഈ വിശ്വാസത്തിൽ അത്രമേൽ ഉറപ്പുണ്ടായിരുന്നു. അദ്ദേഹം വാളൂരിപ്പിടിക്കുകയും നബിതിരുമേനി മരിച്ചു എന്ന് ആരെങ്കിലും പറയുകയാണെങ്കിൽ, അല്ലാഹുവാണെ! ഞാനവന്റെ തല കൊയ്തുകളയും എന്നു മുന്നറിയിപ്പ് നല്കുകയും ചെയ്തു. ആ സമയത്ത് ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ഉമറിനെ വിളിച്ചു പറഞ്ഞു: അല്ലയോ, സത്യം ചെയ്യുന്ന മനുഷ്യാ, അല്പം ക്ഷമിക്കൂ അനന്തരം അദ്ദേഹം എല്ലാ സ്വഹാബിമാരെയും അഭിമുഖീകരിച്ചുകൊണ്ട് ഒരു ചെറിയ പ്രഭാഷണം നടത്തി. തുടർന്ന്

مَا مُحَمَّدٌ إِلَّا رَسُولٌ ۚ قَدْ خَلَتْ مِنْ قَبْلِهِ الرُّسُلُ ۚ

മുഹമ്മദ് ഒരു റസൂൽ മാത്രമാണ്;അദ്ദേഹത്തിന് മുമ്പേയുണ്ടായിരുന്ന റസൂൽമാരെല്ലാം അന്തരിച്ചു പോയിരിക്കുന്നു; അദ്ദേഹം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്യുകയാണെങ്കിൽ നിങ്ങൾ നിങ്ങളുടെ കുതികാലുകളിന്മേൽ പിന്തിരിഞ്ഞു കളയുമോ?എന്ന വചനം ഓതുകയും ചെയ്തു. ഇതുകേട്ടപ്പോൾ ഹദ്റത്ത് ഉമറിന് ബോധ്യമായി, തന്റെ പ്രിയപ്പെട്ട യജമാനനും ഒരു റസൂൽ മാത്രമായതുകൊണ്ട് മറ്റു റസൂൽമാരെപ്പോലെത്തന്നെ മരണകവാടത്തിൽക്കൂടി കടന്നുപോകേണ്ട ആളാണെന്ന്. ഹദ്റത്ത് ഉമറിനു പിന്നെതന്റെ പാദങ്ങളിൽ ഉറച്ചുനില്ക്കുവാൻപോലും കഴിഞ്ഞില്ല; വിറച്ചുകൊണ്ട് താഴെ വീണുപോയി.

ഇവിടെ സ്വാഭാവികമായി ഒരു ചോദ്യമുദിക്കുന്നു. മുമ്പേയുണ്ടായിരുന്ന പ്രവാചകന്മാരെല്ലാം മരിച്ചുപോയിരിക്കുന്നു എന്നും നബി തിരുമേനിയും അതുപോലെ മരിക്കേണ്ട ആളാണെന്നുമാണ് ഹദ്റത്ത് അബൂബക്കർ ഈ വചനംകൊണ്ട് സമർത്ഥിച്ചിരിക്കുന്നത്. ആ സ്ഥിതിക്ക് മുമ്പേയുള്ള പ്രവാചചകന്മാരിൽ ആരെങ്കിലും ആ സമയംവരെ ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ സ്വഹാബാക്കൾ, പ്രത്യേകിച്ച് ഹദ്റത്ത് ഉമറും അദ്ദേഹത്തോട് അഭിപ്രായൈക്യമുള്ളവരും, ഹദ്റത്ത് അബൂബക്കറിന്റെ ഈ അനുമാനം ശരിയല്ലെന്നു പറയുമായിരുന്നില്ലേ? തീർച്ചയായും പറയുമായിരുന്നു. എന്നാൽ, ആരും അങ്ങനെ പറഞ്ഞില്ല. പ്രത്യുത ഹദ്റത്ത് അബൂബക്കറിന്റെ നിഗമനം ശരിവെക്കുകയാണ് ചെയ്തത്. നബിതിരുമേനിയുടെ മരണത്തിനുശേഷം ഒന്നാമതായി ഏതൊരു കാര്യത്തിൽ സ്വഹാബത്ത് ഐക്യകണ്ഠ്യേന യോജിച്ചുവോ, ആ കാര്യം ഈസാനബി ഉൾപ്പെടെയുള്ള മുൻപ്രവാചകന്മാരെല്ലാം മരിച്ചുപോയിരിക്കുന്നുവെന്നതിലാണ്. അവധാനപൂർവ്വം ആലോചിച്ചുനോക്കുക. മുമ്പേയുള്ള പ്രവാചകന്മാരിൽ ഒരാളെങ്കിലും ജീവനോടുകൂടി ഇരിക്കുകയാണെന്ന് സങ്കൽപിക്കുന്നപക്ഷം സ്വഹാബാക്കൾ ഏകകണ്ഠമായി യോജിച്ച, ഹദ്റത്ത് അബൂബക്കറിന്റെ ഈ നിഗമനം തെറ്റാണെന്നു വരുന്നതാണ്. അല്ലാഹുവിന്റെ പ്രവാചകന്മാരിൽ ഒരാളായിരുന്ന ഈസാനബിയും മരിച്ചുപോയെന്ന് ഇതുകൊണ്ട് സ്പഷ്ടമായി.

മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു:

يٰعِيۡسٰٓى اِنِّىۡ مُتَوَفِّيۡكَ وَرَافِعُكَ اِلَىَّ وَمُطَهِّرُكَ مِنَ الَّذِيۡنَ

كَفَرُوۡا وَجَاعِلُ الَّذِيۡنَ اتَّبَعُوۡكَ فَوۡقَ الَّذِيۡنَ كَفَرُوۡۤا اِلٰى يَوۡمِ الۡقِيٰمَةِ ۚ

അല്ലയോ ഈസാ, ഞാൻ നിന്നെ മരിപ്പിക്കുകയും എന്റെ അടുക്കലേക്ക് ഉയർത്തുകയും അവിശ്വാസികളുടെ ആക്ഷേപത്തിൽ നിന്ന് നിന്നെ പരിശുദ്ധനാക്കുകയും ചെയ്യും. നിന്നെ വിശ്വസിച്ചവർക്ക് വിശ്വസിക്കാത്തവരുടെമേൽ അന്ത്യകാലംവരെ വിജയം നല്കുകയും ചെയ്യും. (വി.ഖുർആൻ 3:56).

ഈസാനബിയുടെ മരണം ഉയർത്തപ്പെടലിന് മുമ്പേയാണുണ്ടാവുകയെന്ന് ഈ വചനത്തിൽ എത്ര വ്യക്തമായാണ് പറഞ്ഞിരിക്കുന്നതെന്ന് നോക്കുക. മുതവഫ്ഫീക്ക എന്ന പദം റാഫിഉക്ക

എന്ന പദത്തിനു മുമ്പേ പറഞ്ഞുകൊണ്ട് ആദ്യം മരണമാണുണ്ടാവുകയെന്നും അതിനുശേഷമാണ് ഉയർത്തപ്പെടലെന്നും സ്പഷ്ടമാക്കിയിരിക്കുന്നു. മരണത്തിനു ശേഷമുണ്ടാകുന്ന ഉയർത്തപ്പെടൽ ശാരീരികമല്ലെന്നും മറിച്ച് ആത്മീയമാണെന്നുമുള്ള സംഗതി ത ർക്കമില്ലാത്തതാണ്. അവിടെ ആദ്യം പറഞ്ഞതിനെ ഒടുവിലും ഒടുവിൽ പറഞ്ഞതിനെ ആദ്യവും ആക്കുകയാണ് വേണ്ടതെന്ന് പറയുകയാണെങ്കിൽ അതിനുള്ള ഒന്നാമത്തെ സമാധാനം, കാരണം കൂടാതെ അല്ലാഹുവിന്റെ വചനത്തിൽ അങ്ങനെ കൈയ്യേറ്റം നടത്തുന്നത് യഹൂദികളുടെ കൈകടത്തലിന് തുല്യമാകുമെന്നുള്ളതാണ്. മുന്തിയതിനെ പിന്തിക്കുകയും പിന്തിയതിനെ മുന്തിക്കുകയും ചെയ്യണമെങ്കിൽ അതിന് പ്രത്യക്ഷമായ തെളിവു വേണം. രണ്ടാമത്തെ സമാധാനം, ഈ വചനത്തിന്റെ ഘടന അതിന് അനുവദിക്കുന്നില്ലെന്നുള്ളതാണ്. മുതവഫ്ഫീക്ക എന്ന പദം അതിന്റെ സ്ഥാനത്തു നിന്ന് എടുത്തു പ്രസ്തുത വചനത്തിൽ മറ്റെവിടെയെങ്കിലും വെച്ചാൽ അർത്ഥം ശരിയാവുകയില്ല. അതുകൊണ്ട് വിശുദ്ധ ഖുർആനിലെ, നിലവിലുള്ള ക്രമത്തെ സ്വീകരിച്ച് ഉയർത്തപ്പെടലിനു മുമ്പേ മരണംനടന്നുവെന്നു സമ്മതിക്കുകയേ നിർവ്വാഹമുള്ളൂ. അതുതന്നെയാണ് ശരിയും.

മറ്റൊരിടത്ത് അല്ലാഹു പറയുന്നു:

وَإِذْ قَالَ اللّٰهُ يٰعِيسَى ابْنَ مَرْيَمَ ءَأَنْتَ قُلْتَ لِلنَّاسِ اتَّخِذُوْنِيْ
وَأُمِّيَ إِلٰهَيْنِ مِنْ دُوْنِ اللّٰهِ ۖ قَالَ سُبْحٰنَكَ مَا يَكُوْنُ لِيْ أَنْ
أَقُوْلَ مَا لَيْسَ لِيْ ۚ بِحَقٍّ ۖ إِنْ كُنْتُ قُلْتُهُ فَقَدْ عَلِمْتَهُ ۖ تَعْلَمُ مَا
فِيْ نَفْسِيْ وَلَآ أَعْلَمُ مَا فِيْ نَفْسِكَ ۖ إِنَّكَ أَنْتَ عَلَّامُ الْغُيُوْبِ ﴿١١٧﴾
مَا قُلْتُ لَهُمْ إِلَّا مَآ أَمَرْتَنِيْ بِهٖٓ أَنِ اعْبُدُوا اللّٰهَ رَبِّيْ وَرَبَّكُمْ ۚ
وَكُنْتُ عَلَيْهِمْ شَهِيْدًا مَّا دُمْتُ فِيْهِمْ ۚ فَلَمَّا تَوَفَّيْتَنِيْ كُنْتَ
أَنْتَ الرَّقِيْبَ عَلَيْهِمْ ۖ وَأَنْتَ عَلٰى كُلِّ شَيْءٍ شَهِيْدٌ ﴿١١٨﴾

"അല്ലാഹു പറയുന്ന അവസരം, 'ഓ മർയമിന്റെ മകൻ ഈസാ, എന്നെയും എന്റെ മാതാവിനെയും അല്ലാഹുവിനെക്കൂടാതെ രണ്ട്

ദൈവങ്ങളായി സ്വീകരിക്കുക' എന്ന് നീയാണോ ജനങ്ങളോട് പറ ഞ്ഞത്? അദ്ദേഹം പറയും, 'നീ പരിശുദ്ധനാണ്. എനിക്ക് അവകാ ശമില്ലാത്ത ഒരു കാര്യം പറയുക എന്നത് എനിക്ക് ചേർന്നതല്ല.ഞാൻ അങ്ങനെ പറഞ്ഞിരുന്നുവെങ്കിൽ തീർച്ചയായും നീ അത് അറിഞ്ഞി രിക്കും. എന്നിലുള്ളത് നീ അറിയുന്നു. നിന്നിലുള്ളത് ഞാൻ അറി യുന്നില്ല. തീർച്ചയായും നീ പരോക്ഷകാര്യം നല്ലവണ്ണം അറിയുന്ന വനാകുന്നു. നീ എന്നോട് ആജ്ഞാപിച്ചതെന്തോ അതല്ലാതെ (വേറെ യാതൊന്നും) ഞാൻ അവരോട് പറഞ്ഞിട്ടില്ല. അതായത്, എന്റെയും നിങ്ങളുടെയും നാഥനായ അല്ലാഹുവിനെ നിങ്ങൾ ആരാ ധിക്കുവിൻ എന്ന്. ഞാൻ അവരിൽ ഉണ്ടായിരുന്നിടത്തോളം(കാലം) ഞാൻ അവരുടെമേൽ സാക്ഷിയായിരുന്നു. എന്നാൽ, നീ എന്നെ മരിപ്പിച്ചപ്പോൾ അവരുടെ മേൽനോട്ടക്കാരൻ നീ തന്നെയായി. നീ എല്ലാ കാര്യങ്ങൾക്കും സാക്ഷിയാകുന്നു." (വിശുദ്ധഖുർആൻ, 5:117 –118).

ഈ വചനം ഏറ്റവും വ്യക്തമായ നിലയിൽ ഈസാനബിയുടെ മരണം വിളിച്ചോതുന്നു. എന്നിട്ടും മുസ്‌ലിംകൾ അദ്ദേഹത്തെ ജീവ നോടെ ആകാശത്തിൽ പിടിച്ചിരുത്തുകയാണ് ചെയ്യുന്നത്! ഈ വചനത്തിൽ ഈസാനബിയുടെ മരണത്തെപ്പറ്റി കാണുവാൻ കഴിയു ന്ന വ്യക്തതയേക്കാൾ കൂടുതലായൊരു വ്യക്തത വിഭാവനം ചെയ്യു ക സാധ്യമല്ല. പക്ഷേ, നമ്മുടെ ആലിമീങ്ങൾ അതിലും സംശയം സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്. ഉദാഹരണമായി, അവർ പറയു ന്നു. അല്ലാഹുവും ഈസാനബിയും തമ്മിലുള്ള ഈ ചോദ്യോത്ത രം പുനരുത്ഥാനനാളിൽ നടക്കാനുള്ളതാണ്. അതിനുമുമ്പേ ഈസാ നബി മരിക്കാനിടയുള്ളതുകൊണ്ട് ഇപ്പോൾ അദ്ദേഹം മരിച്ചിരിക്കു ന്നുവെന്നതിലേക്ക് ഈവചനം തെളിവാവുകയില്ല. ഇതിനുള്ള സമാ ധാനമെന്തെന്നാൽ, ഈ ചോദ്യോത്തരം പുനരുത്ഥാനനാളുമായി ബന്ധപ്പെട്ടതാണെങ്കിലും പ്രസ്തുത വചനം ഈസാനബി അതി നുമുമ്പേത്തന്നെ മരിച്ചു പോയിരിക്കുന്നുവെന്നു വിളിച്ചോതുകയാ ണ് ചെയ്യുന്നത്. ഞാൻ അവരുടെ ഇടയിൽ ഉണ്ടായിരുന്നിടത്തോളം കാലം അവരുടെ പ്രവൃത്തികൾക്ക് ഞാൻ സാക്ഷിയായിരുന്നുവെ ന്നും നീ എന്നെ മരിപ്പിച്ചതിനുശേഷം അവരുടെ മേൽനോട്ടക്കാരൻ നീ തന്നെയായി എന്നുമാണല്ലോ ഈസാനബിയുടെ മറുപടി ഈ വാക്യത്തിൽ ഒന്നിനു പിന്നൊന്നായി വന്ന രണ്ട് കാലങ്ങളെ പ്പറ്റി യാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. ഒന്നാമത്തേത്, مَّا دُمْتُ فِيهِمْ

അദ്ദേഹം തന്റെ അനുയായികൾക്കിടയിൽ ഉണ്ടായിരുന്ന കാലം. രണ്ടാമത്തേത്, فَلَمَّا تَوَفَّيْتَنِي മരണത്തിനു ശേഷമുള്ള കാലം. ഈസാനബി(അ) അദ്ദേഹത്തിന്റെ ജനങ്ങൾക്കിടയിൽ ഉണ്ടായി രുന്ന ഒന്നാമത്തെ കാലത്തിനുശേഷം മരിക്കുന്നതിനു പകരം ആകാ ശത്തിലേക്ക് ഉയർത്തപ്പെടുകയാണ് ചെയ്തിരുന്നതെങ്കിൽ അദ്ദേഹം മുകളിൽ പറഞ്ഞ മറുപടിക്കു പകരം 'ഞാൻ അവരുടെ ഇടയിൽ ഉണ്ടായിരുന്നിടത്തോളം കാലം അവരുടെ പ്രവൃത്തി കൾക്ക് ഞാൻ സാക്ഷിയായിരുന്നു'വെന്നും 'നീ എന്നെ ജീവനോടെ ആകാശത്തിലേക്ക് ഉയർത്തിയതിനുശേഷം അവരെ നോക്കുന്ന വൻ നീ തന്നെയായി' എന്നുമാണ് പറയേണ്ടിയിരുന്നത്. എന്നാൽ അങ്ങനെയല്ല ഈസാനബി പറഞ്ഞിട്ടുള്ളത്. ഈസാനബിക്ക് തന്റെ അനുയായികളുടെ ഇടയിൽ ജീവിച്ചിരുന്ന കാലത്തിനുശേഷം നേരി ടേണ്ടി വന്നത് മരണമല്ലാതെ മറ്റൊന്നായിരുന്നില്ലെന്ന് ഇതുകൊണ്ട് സ്ഥാപിതമാകുന്നു. ഈസാനബിയുടെ മറുപടി വ്യക്തമാക്കുന്നത്, അദ്ദേഹം തന്റെ അനുയായികൾക്കിടയിൽ ജീവിച്ചിരുന്ന കാല ത്തിനും അവരുടെ ഇടയിൽ നിന്ന് വേർപെട്ട കാലത്തിനുമിടയിൽ അദ്ദേഹത്തിനു സംഭവിച്ചത് മരണമാണെന്നു തന്നെയാണ്. ആദ്യ ത്തെ കാലത്തിൽനിന്ന് രണ്ടാമത്തെ കാലത്തിലേക്ക് അദ്ദേഹം നീങ്ങിയതിനിടയിൽ സംഭവിച്ചത് അദ്ദേഹത്തിന്റെ ആകാശാരോ ഹണമായിരുന്നു എങ്കിൽ 'അവരിൽ ഉണ്ടായിരുന്ന കാലംവരെ' എന്നും 'നീ എന്നെ മരിപ്പിച്ചതിൽ പിന്നെ' എന്നുമുള്ള അദ്ദേഹ ത്തിന്റെ മറുപടി ഭീമാബദ്ധമായി മാറും.

മറ്റൊരു കാര്യം കൂടി ഇവിടെ ചിന്താർഹമായിട്ടുണ്ട്. അതായ തു തന്നെയും തന്റെ മാതാവിനെയും അല്ലാഹുവിനു പുറമെ രണ്ട് ദൈവങ്ങളായി തന്റെ അനുയായികൾ ആരാധിച്ചിരുന്നു എന്ന കാര്യ ത്തെപറ്റി, അല്ലാഹുവിന്റെ ചോദ്യത്തിനു നല്കിയ മറുപടിയിൽ ഈസാനബി അജ്ഞത പ്രകടിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. അദ്ദേഹം പറഞ്ഞു: "നീ എന്നോട് ആജ്ഞാപിച്ചതെന്തോ അതല്ലാ തെ വേറെ യാതൊന്നും ഞാൻ അവരോട് പറഞ്ഞിട്ടില്ല. അതായ ത് എന്റെയും നിങ്ങളുടെയും രക്ഷാകർത്താവായ അല്ലാഹുവിനെ മാത്രം ആരാധിക്കുവിൻ(എന്നതാണത്). ഞാൻ അവരുടെയിടയിൽ ഉണ്ടായിരുന്നിടത്തോളംകാലം ഞാൻ അവരുടെ മേൽ സാക്ഷിയാ യിരുന്നു. എന്നാൽ, നീ എന്നെ മരിപ്പിച്ചപ്പോൾ അവരുടെ മേൽനോട്ട ക്കാരൻ നീ തന്നെയായി." തന്റെ അനുയായികൾ വഴിപിഴച്ചു പോയ

തിനെപ്പറ്റി അറിവില്ലായ്മ പ്രകടിപ്പിച്ചു കൊണ്ട് തന്റെ നിരപരാധിത്വം തെളിയിക്കുകയാണ് ഈസാനബി ചെയ്തിരിക്കുന്നതെന്ന് ഈ മറുപടിയിൽനിന്ന് നല്ലതുപോലെ വ്യക്തമാകുന്നുണ്ട്. മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ ഈസാനബിയുടെ മരണത്തിനുശേഷമാണ് ക്രിസ്ത്യാനികൾ വഴിപിഴച്ചതെന്നാണ് ഇതിന്റെ അർത്ഥം. ഇനി നമുക്ക് നോക്കുവാനുള്ളത് ക്രിസ്ത്യാനികൾ വഴിപിഴച്ചിട്ടുണ്ടോ ഇല്ലയോ എന്നതാണ്. അവർ വഴിപിഴച്ചിട്ടില്ലെങ്കിൽ ഈസാനബി ജീവിച്ചിരിക്കുന്നുണ്ടായിരിക്കണം. അഥവാ അവർ വഴിപിഴച്ചു പോയിരിക്കുന്നുവെങ്കിൽ ഈസാനബി മരിച്ചുപോയെന്ന് വിശ്വസിക്കുകയേ നിവൃത്തിയുള്ളൂ. കാരണം, ഈസാനബിയുടെ മരണം ക്രിസ്ത്യാനികൾ വഴിപിഴയ്ക്കുന്നതിനു മുമ്പേയാണ് നടന്നതെന്ന് വിശുദ്ധ ഖുർആൻ സ്പഷ്ടമായി പറയുന്നു. എത്ര വ്യക്തമായാണ് ഈ ദൈവവാക്യം ഈസാനബിയുടെ മരണം സ്ഥാപിക്കുന്നത്? പ്രസ്തുത ചോദ്യോത്തരം പുനരുത്ഥാനനാളിൽ നടക്കുന്നതാവട്ടെ, അതിനു മുമ്പേയുള്ളതാവട്ടെ, ഈസാനബിയുടെ മരണം ക്രിസ്ത്യാനികൾ വഴിപിഴയ്ക്കുന്നതിന് മുമ്പേ നടന്നിരിക്കുന്നു എന്ന് ഇതിൽ നിന്ന് മനസ്സിലാകുന്നു. ക്രിസ്ത്യാനികൾ ഈസാനബിയുടെ യഥാർത്ഥമായ ഉപദേശം കൈയ്യൊഴിച്ചു അദ്ദേഹത്തെ ദൈവമാക്കി ആരാധിക്കാൻ തുടങ്ങിയിരിക്കുന്നുവെന്നതും പരമാർത്ഥമാണ്. നബി തിരുമേനിയുടെ ആഗമനത്തിനു മുമ്പേതന്നെ അവർ ഈ പിഴച്ച വിശ്വാസത്തിൽ അകപ്പെട്ടു പോയിട്ടുണ്ട്. വിശുദ്ധഖുർആൻ പറയുന്നത് നോക്കുക:

لَقَدْ كَفَرَ الَّذِيْنَ قَالُوْٓا اِنَّ اللّٰهَ ثَالِثُ ثَلٰثَةٍ ۘ

അല്ലാഹു മൂവരിൽ മൂന്നാമനാണെന്ന് പറയുന്നവർ നിശ്ചയമായും അവിശ്വാസികളായിരിക്കുന്നു. (വി.ഖുർആൻ 5:74)

ഈസാനബി ചുരുങ്ങിയപക്ഷം നബിതിരുമേനിയുടെ കാലത്തിനു മുമ്പേ മരിച്ചുപോയിരിക്കുന്നുവെന്നു ഇതുകൊണ്ട് സ്ഥാപിതമായി.

അവസാനകാലത്ത് വരുമെന്നു വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് ഈസാനബി അല്ല എന്നുള്ളതാണ് ഈ വചനത്തിൽ നിന്നു വ്യക്തമാകുന്ന മറ്റൊരു കാര്യം. ഈസാനബി അവസാനകാലത്തു വരുകയാണെങ്കിൽ തന്റെ ജനങ്ങൾ വഴിപിഴച്ചു പോവുകയും അല്ലാഹുവിനു പുറമെ തന്നെക്കൂടി ദൈവമാക്കുകയും ചെയ്ത വസ്തുത അദ്ദേ

ഹം അറിയാതിരിക്കുകയില്ല. ആ നിലയ്ക്ക് പുനരുത്ഥാനനാളിൽ എങ്ങനെ അദ്ദേഹം അജ്ഞത പ്രകടിപ്പിക്കും? അറിവുണ്ടായിട്ടും അജ്ഞത പ്രകടിപ്പിക്കുകയാണെങ്കിൽ (നഊദുബില്ലാഹ്) അതൊരു കളവായിരിക്കും. അപ്പോൾ ഖിയാമത്തുന്നാളിനു മുമ്പേ വീണ്ടും അദ്ദേഹം വരികയില്ലെന്നു വ്യക്തമായി. ഈസാനബി ആകാശത്തിലേക്കു പോയിട്ടുണ്ടെന്നു കരുതുകയാണെങ്കിൽത്തന്നെ അദ്ദേഹത്തിന്റെ പുനരാഗമനത്തിന്റെ മാർഗ്ഗത്തിൽ പ്രസ്തുത വചനം അഭേദ്യമായൊരു ഭിത്തിയാണ്.തന്റെ ജനങ്ങൾ വഴിപിഴച്ചു പോയത് താനറിയുകയില്ലെന്ന് പുനരുത്ഥാനനാളിൽ ഈസാനബി പറയുമെന്നത് തീർച്ചയാണ്. അതുകൊണ്ട് തന്റെ ജനങ്ങൾ വഴിപിഴച്ചുപോയത് കാലാവസാനത്തിനു മുമ്പേ അദ്ദേഹം ഒരിക്കലും കാണുകയില്ലെന്നും തീർച്ചയായി. രണ്ടാമതും വരുകയാണെങ്കിൽ തന്റെ ജനങ്ങൾ വഴിപിഴച്ചത് അദ്ദേഹം അറിയാതിരിക്കുകയില്ല. പ്രത്യേകിച്ചും അദ്ദേഹത്തിന്റെ ആഗമനോദ്ദേശ്യം കുരിശിനെ മുറിക്കലായതുകൊണ്ട്, ജനങ്ങളുടെ മാർഗ്ഗഭ്രംശത്തെപ്പറ്റി അജ്ഞത പ്രകാശിപ്പിക്കാൻ അദ്ദേഹത്തിന് സാധിക്കുകയില്ല. അതിനാൽ, ഈസാനബി ആകാശത്തിലേക്ക് പോയിട്ടുണ്ടെന്ന് വാദത്തിനുവേണ്ടി സമ്മതിക്കുകയാണെങ്കിൽത്തന്നെ വരാനുള്ള മസീഹ് നിശ്ചയമായും വേറെ ആളാണെന്നും ഈസാനബി ആകാശത്തിൽ വെച്ചുതന്നെ മരണപ്പെട്ടുപോയെന്നും വിശ്വസിക്കാതിരിക്കാൻ നിവൃത്തിയില്ല. ഒരു മനുഷ്യൻ ആകാശത്തിലായതുകൊണ്ട് മരണത്തിൽനിന്ന് രക്ഷപ്രാപിക്കുകയില്ലല്ലോ.

ഇനി ഈ വചനത്തിൽവന്നിട്ടുള്ള തവഫ്ഫീ എന്ന പദത്തിന്റെ അർത്ഥമെന്താണെന്നുകൂടി നോക്കേണ്ടിയിരിക്കുന്നു. ഞങ്ങളുടെ എതിരാളികൾ അതിനു പറയുന്ന അർത്ഥം 'പരിപൂർണ്ണമായി പിടിച്ചെടുക്കുക' എന്നാണ്. എന്നാൽ, അല്ലാഹു ആഖ്യയും മനുഷ്യൻ കർമ്മവുമായി വരുമ്പോൾ തവഫ്ഫീ എന്ന പദത്തിന്റെ അർത്ഥം അറബി ഭാഷയിൽ 'ജീവനെടുപ്പിക്കുക' എന്നല്ലാതെ മറ്റൊന്നാവുകയില്ലെന്ന് നാം മനസ്സിലാക്കണം. ഇതു ഞങ്ങളുടെ വാദമാണ്. ഈ വാദം എല്ലാ വിധത്തിലും തെളിയിക്കാൻ ഞങ്ങൾ ഒരുക്കവുമാണ്. അല്ലാഹു ആഖ്യയും മനുഷ്യൻ കർമ്മവും ആയി വരുമ്പോൾ തവഫ്ഫീ എന്ന പദം ജീവനെടുപ്പിക്കുക എന്നതല്ലാത്ത മറ്റൊർത്ഥത്തിൽ അറബി സാഹിത്യത്തിൽ എവിടെയെങ്കിലും പ്രയോഗിച്ചതായി കാണിച്ചു തരാൻ ഹദ്റത്ത് അഹ്മദ്(അ) എതിരാളികളായ മൗലവിമാരെ അടിക്കടി വെല്ലുവിളിക്കുകയും അവർക്ക് വമ്പിച്ച സമ്മാനം

കൊടുക്കാമെന്ന് വിളംബരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ആരും ഇന്നോളം ഒരുദാഹരണം പോലും കാണിച്ചിട്ടില്ല. ഇന്നിതാ ഞങ്ങളും ആ വെല്ലുവിളി ആവർത്തിക്കുന്നു. വല്ല ഉത്തരവും കിട്ടുമോ എന്നു നോക്കാമല്ലോ! അറബി ശബ്ദകോശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട താജുൽഅറൂസിൽ എഴുതിയിട്ടുള്ളത് ഇപ്രകാരമാണ്:

**توفّاه اللّه عزّ وجلّ اذا قبض نفسه**

*തവഫ്ഫാഹുല്ലാഹു* എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം അല്ലാഹു അവന്റെ ജീവനെ പിടിച്ചു എന്നാണ്. വീണ്ടും ഇങ്ങനെയും എഴുതിയിരിക്കുന്നു: **توفىّ فلانٌ اذا مات** ആരെങ്കിലും മരണപ്പെട്ടാൽ **توفىّ فلانٌ** എന്നു പറയും'തവഫ്ഫീ' എന്ന പദത്തിന്റെ അർത്ഥം (അല്ലാഹു ആഖ്യ യും മനുഷ്യൻ കർമ്മവുമാവുമ്പോൾ) ജീവനെപ്പിടിക്കുക എന്നുമാത്രമാണെന്ന് സ്പഷ്ടമായി. ഉറക്കത്തിലും ഒരു വിധത്തിലുള്ള ജീവനെ പ്പിടിക്കൽ നടക്കുന്നുണ്ട്. അതിനാൽ ചില സന്ദർങ്ങളിൽ 'ഉറക്കു ന്നു' എന്നതിനും ഈ പദം പ്രയോഗിക്കപ്പെടും. ഉറക്കത്തിലെ 'ജീവനെപ്പിടിക്കൽ' താൽക്കാലികവും അപൂർണ്ണവുമാകുന്നു. അതുകൊ ണ്ട് തവഫ്ഫീയുടെ സ്ഥിരവും പൂർണ്ണവുമായ അർത്ഥം മരിപ്പിക്കു ക എന്നു തന്നെയാണ്. അതിനാൽ 'തവഫ്ഫീ' എന്ന പദം ഉറക്കുക എന്ന അർത്ഥത്തിൽ പ്രയോഗിക്കപ്പെടുമ്പോൾ, മരണസമയത്തെ പരിപൂർണ്ണമായ റൂഹിനെപ്പിടിക്കലല്ല, നേരെമറിച്ച് ഉറക്കത്തിലെജീവനെപ്പിടിക്കലാണ് ഉദ്ദേശ്യമെന്നു വ്യക്തമാകുന്നതിനു വേണ്ടി സൂചനകൾ ഉണ്ടായിരിക്കുന്നതാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽപറയുന്നത് നോക്കുക:

هُوَ الَّذِىْ يَتَوَفّٰكُمْ بِالَّيْلِ

രാത്രികാലത്ത് നിങ്ങളുടെ ജീവനെപ്പിടിക്കുന്നത് അല്ലാഹുതന്നെയാണ് (വി.ഖുർആൻ 6:61).

ഇവിടെ 'തവഫ്ഫീ' എന്ന പദം ഉറക്കത്തിൽ ജീവനെപ്പിടിക്കുക എന്ന അർത്ഥത്തിലാണ് പ്രയോഗിച്ചിട്ടുള്ളത്. അതുകൊണ്ട് 'രാത്രിയിൽ' എന്ന സൂചന നല്കപ്പെട്ടിരിക്കുന്നു. എന്നാൽ, മരണത്തിലെ ജീവനെപ്പിടിക്കലിനുവേണ്ടി 'തവഫ്ഫീ' എന്ന പദം പ്രയോഗിക്കുമ്പോൾ സൂചന നല്കുന്ന പദത്തിന്റെ ആവശ്യമേയില്ല. അല്ലാഹു പറയുന്നത് നോക്കുക:

إِمَّا نُرِيَنَّكَ بَعْضَ الَّذِي نَعِدُهُمْ أَوْ نَتَوَفَّيَنَّكَ

അല്ലയോ, പ്രവാചകന്മാരേ, അവിശ്വാസികൾക്ക് മുന്നറിയിപ്പ് നല്കിയിട്ടുള്ള ശിക്ഷകളിൽ ചിലത് നാം നിനക്കു കാണിച്ചു തരും; അല്ലെങ്കിൽ നാം നിന്നെ മരിപ്പിക്കും (നിന്റെ മരണത്തിനു ശേഷം അവ നിറവേറ്റുമെന്നർത്ഥം)(വി. ഖുർആൻ 40:78)

മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുകയാണ്:

رَبَّنَآ اَفْرِغْ عَلَيْنَا صَبْرًا وَّتَوَفَّنَا مُسْلِمِيْنَ

ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് നീ ക്ഷമ പ്രദാനം ചെയ്താലും; നിനക്ക് വഴിപ്പെട്ട നിലയിൽ ഞങ്ങളെ മരിപ്പിച്ചാലും! (വി. ഖുർആൻ 7:127)

ഈ രണ്ട് വചനങ്ങളിലും 'തവഫ്ഫീ' എന്ന പദം മരിപ്പിക്കുക എന്ന അർത്ഥത്തിലാണ് പ്രയോഗിച്ചിട്ടുള്ളത്. അതിനോടുകൂടി ഒരു സൂചനയൊട്ടില്ലതാനും. 'തവഫ്ഫീ' എന്ന പദത്തിന്റെ വ്യാഖ്യാനത്തിൽ 'ഇബ്നുഹസ്മ്' പറയുന്നത് അതിന്റെ ഉദ്ദേശ്യം ഒന്നുകിൽ ഉറക്കമോ അല്ലെങ്കിൽ മരണമോ ആണെന്നാണ്. അതോടുകൂടിത്തന്നെ അദ്ദേഹം പറയുകയാണ്:ഈസാനബിയുടെ കാര്യത്തിൽ ഉറക്കം ഉദ്ദേശ്യമാവാൻ നിവൃത്തിയില്ല. അതിനാൽ മരണമെന്ന അർത്ഥമെടുക്കുകയേ തരമുള്ളൂ. (അൽമുഹല്ലാ, ജിൽദ് 1, ഭാ.23)

കൂടാതെ തർക്കത്തിലുള്ള ആയത്തിനെപ്പറ്റി ചിന്തിക്കുകയാണെങ്കിലും 'തവഫ്ഫീ' എന്ന പദം മരിപ്പിക്കുക എന്ന അർത്തിലാണ് അതിൽ പ്രയോഗിച്ചിട്ടുള്ളതെന്ന് മനസ്സിലാകുന്നതാണ്. ഞാൻ അവരുടെ ഇടയിൽ ഉണ്ടായിരുന്നിടത്തോളംകാലം അവരുടെ കാര്യത്തിൽ ഞാൻ സാക്ഷിയായിരുന്നു, നീ എന്റെ ജീവനെപ്പിടിച്ചതിനു ശേഷം.... എന്നാണ് ഈസാനബി പറയുന്നത്. ഇവിടെ, അവരുടെ ഇടയിൽ ഉണ്ടായിരുന്നിടത്തോളംകാലം എന്നു പറഞ്ഞതുതന്നെ തെളിയിക്കുന്നുണ്ട് അവരിൽനിന്ന് വേർപ്പെട്ട് അവരുടെ ഇടയിൽ ഇല്ലാതെയാവുന്ന ജീവനെപ്പിടിക്കലാണ് ഉദ്ദേശ്യമെന്ന്. എന്തെന്നാൽ ഞാൻ അവരുടെ ഇടയിൽ ഉണ്ടായിരുന്നിടത്തോളം കാലം എന്നർത്ഥം വരുന്ന ***മാദുംതുഫീഹിം*** എന്ന വാക്കിന്റെ എതിരിലാണ്. നീ എന്റെ ജീവനെപ്പിടിച്ചതിനുശേഷം എന്നർത്ഥം വരുന്ന ഫലമ്മാ, തവഫ്ഫയ്തനീ എന്ന പദം പ്രയോഗിച്ചിരിക്കുന്നത്. അതുകൊണ്ട്

ഇവിടെ ഉറക്കത്തിലെ ജീവനെപ്പിടിക്കൽ ഉദ്ദേശ്യമായിരിക്കാൻ തരമില്ല. ഉറക്കത്തിലെ ജീവനെപ്പിടിക്കൽ അവരുടെ ഇടയിൽ ജീവിച്ചിരുന്ന കാലത്തിനെതിരിലല്ല, അതിനുള്ളിൽതന്നെ സംഭവിച്ചിട്ടുള്ളതാണ്. അവിടെയാവട്ടെ ***തവഫ്ഫയ്തനീ*** എന്ന പദത്തെ ***മാംദുംതു*** എന്ന പദത്തിലെതിരിലായിട്ടാണ് വെച്ചിരിക്കുന്നത്. അതിനാൽ, ഇവിടെ 'തവഫ്ഫീ' എന്നതിനു മരിപ്പിക്കുക എന്നു മാത്രമാണ് അർത്ഥമെന്നും ആ മരണത്തിന്റെ ഫലമായി ഈസാനബി എന്നേയ്ക്കുമായി തന്റെ അനുയായികളിൽനിന്ന് വേർപെട്ടിരിക്കുന്നുവെന്നും സ്പഷ്ടമായി. എന്നിട്ടും 'തവഫ്ഫീ' എന്ന പദത്തിന്മേൽ പിടിച്ചുതൂങ്ങുന്നുവെങ്കിൽ അത് അങ്ങേയറ്റം ദുശ്ശാഠ്യമാണ്. 'തവഫ്ഫീ' എന്ന പദം മറ്റു വല്ലവരേയും പറ്റി പ്രയോഗിക്കുമ്പോൾ അതിനു മരിപ്പിക്കുക എന്നും ഈസാനബിയെപ്പറ്റിയാകുമ്പോൾ മാത്രം അതിന് ആകാശത്തിലേക്ക് എടുപ്പിക്കുകയെന്നും അർത്ഥം ക്ലപിക്കുന്നത് അൽഭുതകരമായിരിക്കുന്നു! ഈസാനബിയുടെ കാര്യത്തിൽ അന്ധമായ അനുകരണമാണ് കൈകൊണ്ടിട്ടുള്ളതെന്ന സംഗതി പ്രത്യക്ഷമാണ്.

വീണ്ടും നോക്കുക: "ഞാൻ അവരുടെ ഇടയിൽ ഉണ്ടായിരുന്നിടത്തോളംകാലം അവരുടെമേൽ സാക്ഷിയായിരുന്നു; നീ എന്നെമരിപ്പിച്ചതിനുശേഷം അവരുടെ മേൽനോട്ടക്കാരൻ നീ തന്നെയായി" എന്നു ഈസാനബി പുനരുത്ഥാനനാളിൽ പറയുന്ന അതേ വചനം നമ്മുടെ മുഹമ്മദു നബി(സ.അ) തിരുമേനിയും പറയുന്നു. സ്വഹീഹ് ബുഖാരിയിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ഒരു ദിവസം നബി(സ)തിരുമേനി പറഞ്ഞു: "പുനരുത്ഥാനനാളിൽ ഞാൻ ഹൗസുൽ കൗഥറിനടുത്തു നില്ക്കുമ്പോൾ പെട്ടെന്ന് എന്റെ മുമ്പിൽ ചില ആളുകൾ വരും- മലക്കുകൾ അവരെ ഉന്തിത്തള്ളിക്കൊണ്ടു പോവുകയായിരിക്കും. അവരെ കാണുമ്പോൾ 'ഉസൈഹാബീ ഉസൈഹാബീ' (ഇതു എന്റെ സ്വഹാബിമാരാണ്) എന്നു ഞാൻനില വിളിക്കും; അതിന് എനിക്കു മറുപടി ലഭിക്കും:

انّک لاتدری ما احدثوا بعدک

انّھم لم یزالوا مرتدّین علیٰ اعقابھم

നിങ്ങൾക്ക് ശേഷം അവർ പുതുതായി എന്താണ് ചെയ്തതെന്ന് നിങ്ങൾ അറിയുകയില്ല. നിങ്ങൾ അവരെ വിട്ടു പിരിഞ്ഞതിനു ശേഷം അവർ പിന്തിരിഞ്ഞു പോയവരാണ്. അപ്പോൾ;

**اقول كما قال العبد الصالح عيسى ابن مريم**

**انّ عيسى ابن مريم عاش عشرين و مئة سنة** (طبرانی و کنزل العمال)

അല്ലാഹുവിന്റെ നല്ലവനായ അടിയാൻ ഈസബ്നുമർയം പറഞ്ഞതുപോലെ ഞാൻ പറയും. ഞാൻ അവരുടെ ഇടയിൽ ഉണ്ടായിരുന്നിടത്തോളംകാലം അവരുടെ പ്രവൃത്തികൾക്ക് ഞാൻ സാക്ഷിയായിരുന്നു; നീ എന്നെ മരിപ്പിച്ചതിനുശേഷം അവരുടെ നോട്ടക്കാരൻ നീ തന്നെയായി (ബുഖാരി, ജിൽദ് 3, കിത്താബുത്തഫ്സീർ).

ഈ നബിവചനത്തിൽനിന്ന് രണ്ട് കാര്യങ്ങൾ തെളിയുന്നു. ഒന്നാമത്, ഏതൊരു തരത്തിലും ഏതൊരർത്ഥത്തിലുമാണോ തന്റെ ജനങ്ങൾ വഴിപിഴച്ചതിനെപ്പറ്റി നബി തിരുമേനി അജ്ഞത പ്രകടിപ്പിക്കുന്നത് അതേ തരത്തിലും അർത്ഥത്തിലുമായിരിക്കും ഈസാനബിയും അദ്ദേഹത്തിന്റെ ജനങ്ങളുടെ മാർഗ്ഗഭ്രംശത്തെപ്പറ്റി അജ്ഞത പ്രകടിപ്പിക്കുക. രണ്ടാമത്, 'തവഫ്ഫീ' എന്ന പദത്തിന്റെ അർത്ഥം ആകാശത്തിലേക്ക് ഉയർത്തുകയെന്നോ ഉറക്കുകയെന്നോ അല്ല, നേരെമറിച്ച് 'മരിപ്പിക്കുക' എന്നാണ്. നബി തിരുമേനി, തന്നെ സംബന്ധിച്ചും 'തവഫ്ഫീ' എന്ന പദം പ്രയോഗിച്ചുകൊണ്ട് ആ പദത്തിന്റെ അർത്ഥം ഇവിടെ തിട്ടപ്പെടുത്തിയിരിക്കുന്നു. ഈ കാരണത്താലാണ് ഇമാം ബുഖാരി ഈ ഹദീഥിനെ ബുഖാരിയിലെ കിതാബുത്തഫ്സീറിൽ കൊണ്ടുവന്നിരിക്കുന്നത്.

ഇങ്ങനെ ഈസാനബി മരിച്ചുപോയിരിക്കുന്നുവെന്ന് വിശുദ്ധ ഖുർആൻകൊണ്ട് സ്ഥാപിതമായിരിക്കുന്നതിനാൽ ഇനി നമുക്ക് നോക്കാനുള്ളത് ഹദീഥ് ഈ കാര്യത്തെപ്പറ്റി എന്തു പറയുന്നുവെന്നാണ്. നബി (സ)തിരുമേനി പറയുകയാണ്:

**انّ عيسى ابن مريم عاش عشرين و مئة سنة** (طبرانی و کنزل العمال)

ഈസബ്നുമർയം നൂറ്റിരുപതുകൊല്ലം ജീവിച്ചിരുന്നു (തബ്റാനീ).

എത്ര വ്യക്തമായ നിലയിലാണ് ഈ ഹദീഥ് ഈസാനബിയുടെ മരണം പ്രഖ്യാപിച്ചിരിക്കുന്നതെന്ന് നോക്കുക, വീണ്ടും നബി (സ) തിരുമേനി പറയുന്നു:

**لو كان موسٰى و عيسٰى حيّين لما وسعهما الّا التباعى** (ابن کثیر)

മൂസായും ഈസായും ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ അവരിരുവർക്കും എന്നെ പിന്തുടരാതിരിക്കാൻ കഴിയുമായിരുന്നില്ല. (സർഖാനി, ശറഹ് മവാഹിബുല്ലദുന്നിയ ജിൽദ് 6).

അൽഭുതം! ഇതിനെക്കാൾ വ്യക്തമായ മറ്റെന്ത് തെളിവാണ് ഈസാനബിയുടെ മരണത്തെപ്പറ്റി വേണ്ടത്? നബിതിരുമേനി സംശയത്തിനിടം നല്കാത്ത നിലയിൽ പറയുന്നു, ഈസാനബി ജീവിച്ചിരിക്കുന്നു എങ്കിൽ തിരുമേനിയെ പിന്തുടരാതിരിക്കാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ലെന്ന്! ആദ്യത്തെ വചനത്തിലാകട്ടെ ഈസാനബിയുടെ വയസ്സ് കൃത്യമായി പറയുകയും ചെയ്തിരിക്കുന്നു! അത് പൂർത്തിയായിട്ട് നൂറ്റാണ്ടുകൾ കഴിയുകയും ചെയ്തു.

വിശുദ്ധഖുർആനിൽനിന്നും ഹദീഥുകളിൽനിന്നും ഉദ്ധരിക്കപ്പെട്ട മേൽ രേഖകളാൽ മറ്റുള്ള മനുഷ്യരെപ്പോലെതന്നെ ഈസാനബിയും മരിച്ചുപോയിരിക്കുന്നുവെന്ന് സൂര്യപ്രകാശം പോലെ തെളിഞ്ഞിരിക്കുന്നു. ഇനി, ഞങ്ങളുടെ എതിരാളികൾ പറയുന്നതുപോലെ ഈസാനബി ആകാശത്തിൽ ജീവിച്ചിരിക്കുകയാണെന്നതിലേക്ക് വല്ലൊരു സൂചനയും നല്കുന്ന ഖുർആൻ വാക്യമോഹദീഥോ എവിടെയെങ്കിലുമുണ്ടെങ്കിൽതന്നെ അവയ്ക്ക്, നിർണ്ണായകമായ മേൽകാണിച്ച ഖുർആൻ വാക്യങ്ങൾക്കും സ്വഹീഹായ ഹദീഥുകൾക്കും എതിരായ അർത്ഥം കൽപ്പിക്കുവാൻ സാധിക്കുകയില്ല. സംശയഗ്രസ്തമായ വചനങ്ങളെ നിർണ്ണായകമായ വചനങ്ങൾക്ക് വിധേയമാക്കി തീർപ്പു കൽപ്പിക്കേണ്ടത് നമ്മുടെ കടമയാണ്. അല്ലെങ്കിൽ (നഊദുബില്ലാഹ്) അല്ലാഹുവിന്റെ വചനങ്ങളിൽ പരസ്പര വൈരുദ്ധ്യമുണ്ടെന്ന് സമ്മതിക്കേണ്ടിവരും. വിശുദ്ധഖുർആനിലെ വചനങ്ങളും നബിതിരുമേനിയുടെ ഹദീഥുകളും അന്യഥാ വ്യാഖ്യാനിക്കപ്പെടാൻ നിവൃത്തിയില്ലാത്തനിലയിൽ ഈസാനബി മരിച്ചു പോയിരിക്കുന്നുവെന്ന് പറയുമ്പോൾ ഈ വിഷയത്തെ സംബന്ധിച്ച് മറ്റു വല്ല ഖുർആൻ വാക്യങ്ങളും ഹദീഥുകളും ഉണ്ടെങ്കിൽതന്നെ അവയെല്ലാം മേൽപറഞ്ഞ വചനങ്ങൾക്ക് വിധേയമാക്കേണ്ടത് നമ്മുടെ കടമയാണ്. എന്നാൽ, അല്ലാഹുവിന്റെ കൃപകൊണ്ട് നമുക്ക് അങ്ങനെ ചെയ്യേണ്ട ആവശ്യം നേരിടുന്നില്ല. എന്തെന്നാൽ, ഈസാനബി ഇതുവരെയും ജീവിച്ചിരിക്കുകയാണെ ന്ന് സൂചിപ്പിക്കുന്ന ഒരൊറ്റ വചനം പോലും വിശുദ്ധഖുർആനിൽ എവിടെയും കാണുകയില്ല. ഉണ്ടെങ്കിൽ ആരെങ്കിലും അതൊന്നു ഞങ്ങൾക്കു കാണിച്ചു

തരട്ടെ. പക്ഷേ, വിശുദ്ധഖുർആൻ മുഴുവൻ പരിശോധിച്ചാലും ഈസാനബി ജീവിച്ചിരിക്കുന്നുണ്ടെന്ന് സൂചിപ്പിക്കുന്ന ഒരൊറ്റ വചനവും കാണാൻ കഴിയുകയില്ല.* അപ്രകാരം തന്നെ ഈസാനബി ജീവിച്ചിരിക്കുന്നുണ്ടെന്ന് സൂചിപ്പിക്കുന്ന സ്വ ഹീഹായ ഒരു ഹദീഥും കാണുകയില്ല. നേരെമറിച്ച്, ഈസാനബിയുടെ മരണത്തെ പ്രകാശിപ്പിക്കുന്ന പല ഹദീഥുകളും കാണുവാൻ കഴിയും.

## ഈസാ(അ) ജീവിച്ചിരിക്കുന്നെന്നതിൽ ഇജ്മാഅ് ഉണ്ടായിട്ടില്ല

വിശുദ്ധഖുർആനും ഹദീഥുകളും ഈസാനബിയുടെ മരണത്തെപ്പറ്റി വ്യക്തമായ തെളിവു നല്കുമ്പോൾ അദ്ദേഹം ജീവിച്ചിരിക്കുകയാണെന്ന തെറ്റായ വിശ്വാസത്തിൽ എങ്ങനെ മുഴുവൻ സമുദായത്തിന്റെയും ഇജ്മാഅ് ഉണ്ടായി എന്ന ഒരു പ്രശ്നം ഇവിടെ ഉൽഭവിക്കുന്നുണ്ട്. ഇതിനുള്ള സമാധാനം, ഈ തെറ്റായ വിശ്വാസത്തിൽ ഒരിക്കലും മുഴുവൻ സമുദായത്തിന്റെയും 'ഇജ്മാഅ്' ഉണ്ടാ

---

* ***വഇൻമ്മിൻ, അഹ്‌ലിൽകിതാബി ഇല്ലാ ലയുമിനന്നബിഹീ ഖബ്‌ലമൗത്തിഹീ*** (4:160)) ***ഇന്നഹു ലഇൽമുല്ലിസ്സാഅത്തി*** (43:62) എന്നീ വചനങ്ങൾകൊണ്ട് ഈസാനബി ജീവിച്ചിരിക്കുന്നുണ്ടെന്ന് തെളിയിക്കാൻ നമ്മുടെ എതിരാളികൾ നിഷ്ഫലമായി ശ്രമിക്കാറുണ്ട്. എന്നാൽ, ഈ വചനങ്ങളെപ്പറ്റി അവയുടെ പൂർവ്വാപരവചനങ്ങളെ മുൻനിറുത്തിക്കൊണ്ട് ആലോചിക്കുകയാണെങ്കിൽ അവയ്ക്ക് ഈസാനബിയുടെ ജീവിച്ചിരിപ്പുമായി യാതൊരു ബന്ധവുമില്ലെന്ന് മനസ്സിലാക്കാൻ കഴിയും. അഹ്‌ലുകിത്താബും അവരുടെ മരണത്തിനു മുമ്പേ ഈസാനബി കൊല്ലപ്പെട്ടുപോയിരിക്കുന്നുവെന്നു വിശ്വസിക്കുമെന്നാണ് ആദ്യത്തെ വചനത്തിൽ പറഞ്ഞിട്ടുള്ളത്. കാരണം ആ വചനത്തിന്റെ മുമ്പേയുള്ള വചനത്തിൽ അവരുടെ ആ വിശ്വാസത്തെപ്പറ്റി ***വഖൗലിഹിം ഇന്നാ ഖതൽനൽ മസീഹ*** (ഞങ്ങൾ മസീഹിനെ കൊന്നുകളഞ്ഞുവെന്ന് അവർ പറഞ്ഞതുനിമിത്തം) എന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഇതിന്നുള്ള മറ്റൊരു തെളിവ് ***ഖബ്‌ല മൗത്തിഹി*** എന്ന വാക്യത്തിന്റെ മറ്റൊരു പാഠം ***ഖബ്‌ല മൗത്തിഹിം*** എന്നാണെന്നതാണ്. (ഇബ്നു ജരീർ, ജിൽദ് 6). ഇവിടെ പറഞ്ഞിട്ടുള്ള മരണംകൊണ്ട് ഈസാനബിയുടെ മരണമല്ല ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നും മറിച്ചു അഹ്‌ലു കിത്താബിന്റെ മരണമാണെന്നുമുള്ളതിലേക്ക് ഇത് അനിഷേധ്യമായൊരു രേഖയാണ്. രണ്ടാമത്തെ വചനത്തിനും ഈസാനബി ജീവിച്ചിരിക്കുന്നുണ്ടെന്ന അഭിപ്രായവുമായി യാതൊരു ബന്ധവുമില്ല. എന്തെന്നാൽ, അതിൽ സൂചിപ്പിച്ചിട്ടുള്ളത് ഒന്നുകിൽ ഖിയാമത്തിന്റെ അടയാളമായിട്ടുള്ള, ഈസാനബിയുടെ 'ബുറൂസി'യായ രണ്ടാം വരവിനെപ്പറ്റിയാണ്, അല്ലെങ്കിൽ ഈസാനബിയുടെ പിതാവില്ലാത്ത ജനനം ഖിയാമത്തിന്റെ അടയാളമായി ഉന്നയിക്കപ്പെട്ടതായിരിക്കണം. ***ഫലാ തംത്തറുന്നബിഹാ*** (നിങ്ങൾ അക്കാര്യത്തിൽ സംശയിക്കരുത്) എന്ന് തുടർന്നുവരുന്ന വാക്യംകൊണ്ട് വെളിവാകുന്നതുപോലെ. ചുരുക്കത്തിൽ മേൽപ്പറഞ്ഞ രണ്ട് വചനങ്ങൾകൊണ്ടും ഈസാനബി ജീവിച്ചിരിക്കുന്നുണ്ടെന്നു ഒരുവിധത്തിലും ആർക്കും തെളിയിക്കാൻ കഴിയുകയില്ല.

യിട്ടില്ല എന്നുള്ളതാണ്. ആദ്യകാല ഉലമാക്കളിൽ പലരും ഈസാ നബി മരിച്ചു പോയെന്നു തുറന്നു സമ്മതിച്ചവരാണ്. സ്വഹാബിക ളും ആ വിശ്വാസക്കാരായിരുന്നു. നബിതിരുമേനിയുടെ പിതൃവ്യ പുത്രനായ ഹദ്റത്ത് ഇബ്നു അബ്ബാസ് - ഇദ്ദേഹത്തിന് വിശുദ്ധ ഖുർആന്റെ ജ്ഞാനം നല്കുന്നതിനുവേണ്ടി നബി തിരുമേനി പ്ര ത്യേകം പ്രാർത്ഥിച്ചിട്ടുണ്ടായിരുന്നു- ***മുതവഫ്ഫീക്ക*** എന്ന പദ ത്തിനു ***മുമീത്തുക്ക*** എന്ന് അർത്ഥം പറഞ്ഞുകൊണ്ട് ഈസാനബി മരിച്ചു എന്ന അദ്ദേഹത്തിന്റെ വിശ്വാസം പ്രകടിപ്പിച്ചിട്ടുണ്ട്.(ബു ഖാരി, കിത്താബുത്തഫ്സീർ). ഹദീഥ് വിജ്ഞാതാക്കളുടെ സുസമ്മ ത നേതാവായ ഇമാം ബുഖാരി തന്റെ ഗ്രന്ഥത്തിൽ ഈ രിവായ ത്ത് ചേർത്തുകൊണ്ട് അതിനെ സത്യപ്പെടുത്തുകയും ആ അഭിപ്രാ യത്തോടുള്ള തന്റെ യോജിപ്പ് വിളംബരപ്പെടുത്തുകയും ചെയ്തി രിക്കുന്നു.

സ്വഹാബത്തിനെക്കഴിച്ചാൽ പിന്നെ താബിഈങ്ങളുടെ ജമാ അത്താണ്. അവരിലും ഈസാനബി മരിച്ചുപോയെന്ന വിശ്വാസ ക്കാരുണ്ടായിരുന്നു. 'മജ്മഉൽ ബിഹാർ' എന്ന ഗ്രന്ഥത്തിൽ പറയു കയാണ്.

والاكثران عيسى عليه السلام
لم يمت وقال مالك مات

അധികമാളുകളും ഈസാനബി മരിച്ചിട്ടില്ലെന്നു വിശ്വസിക്കു ന്നു; എന്നാൽ, ഇമാം മാലിക് പറഞ്ഞിട്ടുള്ളത് അദ്ദേഹം മരിച്ചുപോ യെന്നാണ്. (ജിൽദ് 1, ഭാഗം 286)

ഈ വാക്യത്തിൽനിന്ന് പ്രത്യേകം ശ്രദ്ധാർഹമായ ഒരു സംഗ തി ഇതാണ്. അതായത്, 'മജ്മഉൽ ബിഹാറി'ന്റെ രചയിതാവ് പറയു ന്നത് മുഴുവൻ സമുദായത്തിന്റെയും വിശ്വാസം ഈസാനബി മരിച്ചി ട്ടില്ല എന്നല്ല, മറിച്ച് അധികമാളുകളുടെയും വിശ്വാസം അതാണെ ന്നാകുന്നു എന്നാണ്. അദ്ദേഹത്തിന്റെ കാലംവരെയും മുഴുവൻ സമു ദായത്തിന്റെയും വിശ്വാസമെന്നു പറയത്തക്കനിലയിൽ, ഈസാ നബി മരിച്ചിട്ടില്ല എന്ന അഭിപ്രായത്തിന് വ്യാപ്തിയുണ്ടായിരുന്നി

ല്ലെന്നാണ് ഇതിൽനിന്ന് മനസ്സിലാകുന്നത്. കൂടാതെ 'ഇബ്നുഹ സമി'നെപ്പറ്റി ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു:

وتمسّک ابن حزمٍ بظاهر الاية وقال بموتهٖ

ഇബ്നുഹസം ആയത്തിന്റെ ബാഹ്യാർത്ഥത്തെ ആസ്പദമാക്കി ഈസാനബി മരിച്ചിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. (കമാലയ്ൻ ഹാശിയ: ജലാലയ്ൻ).

ഇബ്നുഹസം തന്റെ സുപ്രസിദ്ധമായ 'അൽമുഹല്ലാ' എന്ന ഗ്രന്ഥത്തിലും ഈസാനബി മരിച്ചുപോയെന്ന് വ്യക്തമായി എഴുതിയിട്ടുണ്ട് (അൽമുഹല്ല, ജിൽദ് 1, ഭാഗം 23). ഇബ്നു ഹസം ഒരു സാധാരണക്കാരനായിരുന്നില്ല, ഉന്നതസ്ഥാനത്തുള്ള ഒരു ഇമാമായിരുന്നു. അതുപോലെത്തന്നെ 'മുഅ്ത്തസില' വിഭാഗത്തിന്റെയും വിശ്വാസം ഈസാനബി മരിച്ചുപോയെന്നാണ് (മജ്മഉൽ ബയാൻ, ജിൽദ് 1). ഏതാനും ചില പേരുകൾ ഉദാഹരണത്തിനുവേണ്ടി ഇവിടെ പറഞ്ഞെന്നേയുള്ളൂ. വാസ്തവത്തിൽ ഈസാനബി മരിച്ചെന്നു വിശ്വസിച്ചിരുന്നവരായി മുസ്ലിം സമുദായത്തിൽ വളരെ അധികം ആളുകൾ കഴിഞ്ഞുപോയിട്ടുണ്ട്. ആദ്യകാലത്തെ ഉലമാക്കളിൽ ഈ കാര്യത്തെപ്പറ്റി യാതൊരു അഭിപ്രായവും പ്രകടിപ്പിച്ചിട്ടില്ലാത്തവരും ധാരാളമുണ്ട്. അവരുടെ വിശ്വാസമെന്തായിരുന്നു എന്ന് നമുക്കു പറയുക സാധ്യമല്ല. എങ്കിലും വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമനുസരിച്ച് അവരും ഈസാനബി മരിച്ചു പോയിരിക്കുന്നുവെന്ന് വിശ്വസിച്ചവരാണെന്നേ നമുക്ക് കരുതാൻ നിവൃത്തിയുള്ളൂ.

നബി തിരുമേനിയുടെ നിര്യാണത്തിനുശേഷം സ്വഹാബത്ത് ഒന്നാമതായി യോജിച്ചത് നബി തിരുമേനിക്ക് മുമ്പേവന്ന പ്രവാചകൻമാരെല്ലാം മരിച്ചു പോയിരിക്കുന്നു എന്ന കാര്യത്തിലായിരുന്നു എന്ന സംഗതിയും നാം വിസ്മരിക്കാൻ പാടില്ല. സ്വഹാബത്തിന്റെ കാലത്തിനുശേഷം നബിതിരുമേനിയുടെ ഉമ്മത്ത് വളരെ അധികം പെരുകുകയും ദൂരദൂരരാജ്യങ്ങളിലേക്ക് പരക്കുകയും ചെയ്തു. അതുകൊണ്ട് ആ കാലത്ത് ഏതെങ്കിലും ഒരു കാര്യത്തെപ്പറ്റി മുസ്ലിംകൾക്കിടയിൽ ഇജ്മാഅ് ഉണ്ടായിട്ടുണ്ടെന്നു വാദിക്കാൻ തന്നെ പ്രയാസമാണ്. അതിനാലാണ്, ഏതെങ്കിലുമൊരു കാര്യത്തെക്കുറിച്ച് ഇജ്മാഅ് ഉണ്ടായിരുന്നുവെന്ന് വാദിക്കുന്നവൻ നുണയനാണെന്ന് ഇമാം അഹ്മദ് ബിൻ ഹമ്പൽ പറഞ്ഞിട്ടുള്ളത് (മുസല്ല

മുഥുബ്ബൂത്ത്). ചുരുക്കത്തിൽ, ഈ തെറ്റായ വിശ്വാസത്തിൽ മുസ്‌ലിം ജനത വല്ലപ്പോഴും യോജിച്ചിരുന്നുവെന്നു പറയുന്നത് കേവലംഅബദ്ധമാണ്. നേരെമറിച്ചു, വല്ലൊരു കാര്യത്തിലും മുസ്‌ലിം ജനതയ്ക്ക് ഇജ്മാഅ് ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഈസാനബി മരിച്ചുപോയി എന്നതിലാണെന്നതാണ് പരമാർത്ഥം. എന്നാൽ, ഒരു കാര്യം ശരിയാണ്. ഈസാനബി ജീവിച്ചിരിക്കുകയാണെന്ന വിശ്വാസം അനേകം നൂറ്റാണ്ടുകളായിട്ട് മുസ്‌ലിംകൾക്കിടയിൽ പരന്നുവശായിട്ടുണ്ട്. പക്ഷേ, അത് ഞങ്ങൾക്കെതിരിൽ ഒരു രേഖയാവുകയില്ല. കാരണം, പലപ്പോഴും തെറ്റായ വിശ്വാസങ്ങൾ ജനങ്ങൾക്കിടയിൽ പരക്കാറുണ്ട്. നോക്കുക, ഇന്ന് മുസ്‌ലിംകൾ അനവധി വിഭാഗങ്ങളായി പിരിഞ്ഞിരിക്കുകയാണ്. അവർ തമ്മിൽ പല കാര്യത്തിലും അഭിപ്രായ വ്യത്യാസമുണ്ട്. ആ സ്ഥിതിയിൽ അവയെല്ലാം സത്യമായിരിക്കാൻ നിവൃത്തിയില്ല. സത്യമാണെങ്കിൽ പ്രധാന കാര്യങ്ങളിൽ ഭിന്നിപ്പുണ്ടാവാൻ പാടില്ല. ഭിന്നിപ്പിൽനിന്ന് മനസ്സിലാകുന്നത് ചില തെറ്റായ വിശ്വാസങ്ങൾ മുസ്‌ലിംകൾക്കിടയിൽ കടന്നുകൂടിയിട്ടുണ്ടെന്നാണ്. ഖുർആനും ഹദീഥുകളും നിശ്ചയമായും ശരിയായ വിശ്വാസങ്ങളാണ് പ്രബോധിച്ചിട്ടുള്ളത്. പിന്നെങ്ങനെ ഈ തെറ്റായ വിശ്വാസങ്ങൾ കടന്നുകൂടി? ഈ ചോദ്യത്തിന് ഞങ്ങളുടെ എതിരാളികൾക്ക് എന്തുത്തരമാണ് പറയാനുള്ളത് അതേ ഉത്തരം ഞങ്ങളുടേതായും കണക്കാക്കിക്കൊള്ളുക. ഇനി യഥാർത്ഥമായ ഉത്തരവും പറഞ്ഞുകൊള്ളാം.

## ഈസാ(അ) ജീവിച്ചിരിക്കുന്നുവെന്ന വിശ്വാസം എവിടെ നിന്നു വന്നു?

ഇസ്‌ലാമിന്റെ അഭിവൃദ്ധിയുടെ കാലത്ത് ക്രിസ്ത്യാനികൾ കൂട്ടം കൂട്ടമായി അതിൽ പ്രവേശിക്കാൻ തുടങ്ങി. മനുഷ്യൻ അവന്റെ പൂർവ്വ വിശ്വാസം ക്രമത്തിൽ മാത്രമേ ഉപേക്ഷിക്കുകയുള്ളൂ എന്നത് സ്വഭാവികം മാത്രമാണ്. 'രാംരാം എന്നത് മെല്ലെ മെല്ലെയേ പുറത്തേക്ക് പോവുകയുള്ളൂ; അല്ലാഹു എന്നത് ക്രമത്തിൽ ക്രമത്തിലെ അകത്തേക്കു കടക്കുകയുള്ളൂ' എന്ന് ഉർദുവിൽ ഒരു പഴഞ്ചൊല്ലുണ്ട്. ഇസ്‌ലാമിൽ പ്രവേശിച്ച ലക്ഷക്കണക്കിലുള്ള ക്രിസ്ത്യാനികളുടെ സ്ഥിതി ഈ പഴഞ്ചൊല്ലിൽ പറഞ്ഞത് തന്നെയായിരുന്നു. അവർ ഇസ്‌ലാംമതം സ്വീകരിച്ചത് അതിന്റെ സത്യം മനസ്സിലാക്കിക്കൊണ്ട് തന്നെയായിരുന്നെങ്കിലും ചില പൂർവ്വധാരണകളെ സംബന്ധിച്ചി

ടത്തോളം അതിന്റെ സ്വാധീനത്തിൽനിന്ന് അവർ പരിപൂർണ്ണമായി മുക്തരായിരുന്നില്ല. തന്നിമിത്തം വ്യാഖ്യാന കാര്യങ്ങളെ സംബന്ധിച്ച് അനേകം തെറ്റായ അഭിപ്രായങ്ങൾ അവർ വിടാതെ പിടിച്ചുനിന്നു. അവയെല്ലാം ഒറ്റദിവസംകൊണ്ട് ഹൃദയത്തിൽ നിന്നു പുറത്തുപോവുകയെന്നത് അസാധ്യവുമായിരുന്നു. ഈസാനബിയെ സംബന്ധിച്ച് അവർക്കുണ്ടായിരുന്ന അതിർകവിഞ്ഞ വിശ്വാസം ശിർക്കിന്റെ സ്ഥാനത്തുനിന്ന് താഴോട്ടിറങ്ങിയെങ്കിലും അതിന്റെ മലിനതകൾ മുഴുവൻ നീങ്ങിക്കഴിഞ്ഞിരുന്നില്ല. അതിനാൽ, വിശുദ്ധഖുർആനിലും ഹദീഥുകളിലും എവിടെയെല്ലാം ഈസാനബിയുടെ പരമാർശം വന്നുവോ അവിടെയെല്ലാം അവർ അവരുടെ ചിന്താഗതിക്കൊത്ത വ്യഖ്യാനങ്ങൾ നല്കി. മറ്റു മുസ്‌ലിംകളും ക്രമത്തിൽ ആ ചിന്താഗതിക്കധീനരായിത്തീർന്നു. ഈ കാരണത്താലാണ് നമ്മുടെ മുഫസ്സിരീങ്ങളിൽ ചിലർ വിശുദ്ധ ഖുർആനെ വ്യാഖ്യാനിക്കുന്ന അവസരത്തിൽ ഇസ്രായീൽ കഥകൾ പറയാൻ തുടങ്ങിയത്.

## മരിച്ചവർ മടങ്ങിവരില്ല

ഉദാഹരണമായി, ഈസാനബിയെ സംബന്ധിച്ച് അദ്ദേഹം മരിച്ചവരെ ജീവിപ്പിച്ചുവെന്ന് വിശുദ്ധഖുർആനിൽ പറയപ്പെട്ടിട്ടുണ്ട്. ആദ്ധ്യാത്മികമായി മൃതിയടഞ്ഞവർക്ക് നവജീവൻ നല്കി എന്നാണ് അതിന്റെ ശിരിയായ അർത്ഥം. പ്രവാചകന്മാർ ആവിർഭവിക്കുന്നത് ഈയൊരു പ്രവൃത്തിക്കുവേണ്ടി തന്നെയാണ്. നബി തിരുമേനിയെപ്പറ്റി വിശുദ്ധഖുർആൻ പറയുന്നത് നോക്കുക:

يَاأَيُّهَا الَّذِينَ آمَنُوا اسْتَجِيبُوا لِلَّهِ
وَلِلرَّسُولِ إِذَا دَعَاكُمْ لِمَا يُحْيِيكُمْ ۖ

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നല്കുവിൻ; നിങ്ങളെ ജീവിപ്പിക്കാൻ വേണ്ടി അവന്റെ റസൂൽ വിളിക്കുമ്പോൾ അദ്ദേഹത്തിന്റെ വിളിക്കും (വി.ഖു. 8:25).

നബി തിരുമേനിയെ സംബന്ധിച്ച് എത്ര വ്യക്തമായാണ് ജീവിപ്പിക്കുന്നുവെന്ന് ഇവിടെ പറഞ്ഞിരിക്കുന്നത്. ഇവിടെ ആദ്ധ്യാത്മികമായി ജീവിപ്പിക്കുക എന്നാണ് ഐക്യകണ്ഠ്യേന അർത്ഥം കൽപി

ക്കപ്പെട്ടിരിക്കുന്നത്. എന്നാൽ, അതേ പദം ഈസാനബിയെ സംബ ന്ധിച്ച് പ്രയോഗിക്കുമ്പോൾ യഥാർത്ഥമായി മരിച്ചവരെ ജീവിപ്പി ക്കുകയെന്ന് ധരിക്കുകയോ വ്യാഖ്യാനിക്കുകയോ ചെയ്യുന്നു. ഇസ്‌ലാംമതം വിശ്വസിച്ച ക്രൈസ്തവജനതയുടെ സ്വാധീനമാണി തിനു കാരണം. യഥാർത്ഥത്തിൽ വിശുദ്ധ ഖുർആന്റെ വ്യക്തമായ അദ്ധ്യാപനമനുസരിച്ച് മരിച്ചുപോയവർ ഈ ലോകത്ത് വീണ്ടും ജീവിക്കുകയെന്നത് അസാധ്യമാണ്, അസംഭവ്യമാണ്. വിശുദ്ധഖുർ ആൻ പറയുന്നു:

وَمِنۡ وَّرَآئِهِمۡ بَرۡزَخٌ اِلٰى يَوۡمِ يُبۡعَثُوۡنَ

മരിച്ചവരുടെയും ഈ ലോകത്തിന്റെയും ഇടയിൽ പുനരു ത്ഥാനനാൾവരെ ഒരു മറയുണ്ടായിരിക്കും (വി.ഖു. 23:101).

ഇതുപോലെത്തന്നെ ഈസാനബിയെ സംബന്ധിച്ച് 'ഖൽഖുൻ' (സൃഷ്ടിക്കൽ) എന്ന പദം പ്രയോഗിച്ചിടത്തും നമ്മുടെ ചില മുഫ സ്സിരീങ്ങൾ അതിന് ശബ്ദാർത്ഥം നല്കിക്കളഞ്ഞു. അത്തരം പദ ങ്ങൾ അലങ്കാരാർത്ഥത്തിൽ പ്രയോഗിക്കുകയെന്നത് സാധാരണ മാണ്. ഇതേസ്ഥിതി തന്നെയാണ് ഈസാനബി ഇറങ്ങുമെന്ന പ്രവ ചനത്തെ സംബന്ധിച്ചും ഉളവായത്. ക്രിസ്തുമതത്തിൽ ഈസാ നബിയുടെ പുനരാഗമനത്തെക്കുറിച്ചുള്ള വർത്തമാനം മുമ്പേതന്നെ ഉണ്ടായിരുന്നു. ഈസാനബിതന്നെ വരുമെന്നാണ് ക്രിസ്ത്യാനിക ൾ അതിൽനിന്ന് മനസ്സിലാക്കിയിരുന്നത്. അവർ ഇസ്‌ലാമിൽ പ്രവേ ശിച്ചപ്പോൾ അതിലും ഒരു മസീഹിന്റെ ആഗമനത്തെക്കുറിച്ചുള്ള പ്രവചനം കണ്ടു . ഉടനടി, അത് ക്രിസ്തുമതത്തിൽ മുമ്പേ തന്നെ യുള്ള അതേ വർത്തമാനമാണെന്നു അവർ ധരിക്കുകയും ചെയ്തു. കൂടാതെ '***നുസൂൽ***' (ഇറങ്ങുക) എന്ന പദവും അവർക്ക് കാണു വാൻ കഴിഞ്ഞു. അതോടുകൂടി ഈസാനബി തന്നെ അവസാന കാലത്ത് ഇറങ്ങി വരുമെന്നുള്ള വിശ്വാസത്തിൽ അവർ പൂണ്ടു പിടിച്ചു നില്ക്കുകയും ചെയ്തു. പിന്നീടു വന്ന മുഖല്ലിദീങ്ങൾക്കു തങ്ങളുടെ പിതാക്കളുടെയും പൂർവ്വികരുടെയും അഭിപ്രായത്തിന്നെ തിരായി എന്തെങ്കിലും പറയാൻ ധൈര്യമുണ്ടായതുമില്ല, സാധാര ണക്കാരുടെ സ്ഥിതി പണ്ടേ ഇതായിരുന്നു എന്നു വിശുദ്ധഖുർആ നും വ്യക്തമാക്കിത്തരുന്നുണ്ട്. അവർ പറഞ്ഞതായി ഖുർആൻ പറ യുന്നത് നോക്കുക:

بَلْ نَتَّبِعُ مَآ اَلْفَيْنَا عَلَيْهِ اٰبَآءَنَا ؕ

ഞങ്ങളുടെ പിതാക്കൾ നടന്ന മാർഗ്ഗത്തിൽ മാത്രമേ ഞങ്ങൾ നടക്കുകയുള്ളൂ (വിശുദ്ധഖുർആൻ, അൽബഖറ).

## മസീഹ് വരേണ്ടത് ഈ ഉമ്മത്തിൽനിന്നു തന്നെ

ഈസാനബി ജീവനോടുകൂടി ആകാശത്തിലേക്ക് ഉയർത്തപ്പെട്ടിട്ടില്ലെന്നും നേരെമറിച്ച്, മരിച്ചുപോയിരിക്കുന്നുവെന്നുമാണ് വിശുദ്ധഖുർആൻ കൊണ്ടും ഹദീഥുകൾകൊണ്ടും സ്ഥാപിതമായിട്ടുള്ളതെന്ന് അല്ലാഹുവിന്റെ കൃപയാൽ ഞങ്ങൾ തെളിയിച്ചു കഴിഞ്ഞു. കൂടാതെ, നബിതിരുമേനിക്ക് മുമ്പേ കഴിഞ്ഞുപോയ പ്രവാചകൻമാരെല്ലാം മരിച്ചുപോയിരിക്കുന്നു എന്നാണ് സ്വഹാബത്ത് വിധി കല്പിച്ചിട്ടുള്ളതെന്നും ഈസാനബി ജീവിച്ചിരിക്കുയാണെന്ന വിശ്വാസം പിന്നീട് മുസ്‌ലിംകൾക്കിടയിൽ കടന്നുകൂടിയതാണെന്നും ഞങ്ങൾ വ്യക്തമാക്കിക്കഴിഞ്ഞു. ഇനി നമുക്ക് പരിശോധിക്കാനുള്ളത് വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് എവിടെനിന്ന് വരേണ്ട ആളാണെന്നാണ്. അങ്ങനെ നോക്കുമ്പോൾ ഈ ഉമ്മത്തിൽനിന്ന് തന്നെയാണ് അദ്ദേഹം വരേണ്ടതെന്ന് വിശുദ്ധഖുർആൻ കൊണ്ടും ഹദീഥു കൊണ്ടും തെളിയുന്നതായി നമുക്ക് കാണുവാൻ കഴിയും. ഖുർആൻ പറയുന്നത് നോക്കുക:

وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ
لَيَسْتَخْلِفَنَّهُمْ فِى الْاَرْضِ كَمَا اسْتَخْلَفَ الَّذِيْنَ مِنْ
قَبْلِهِمْ ۖ وَلَيُمَكِّنَنَّ لَهُمْ دِيْنَهُمُ الَّذِى ارْتَضٰى لَهُمْ

നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അല്ലാഹു വാഗ്ദാനം ന്ലകിയിരിക്കുന്നു; ഏതുവിധം അവർക്കു മുമ്പേ കഴിഞ്ഞവരിൽ അവൻ ഖലീഫമാരെ എഴുന്നേല്പിച്ചുവോ അതേവിധം തീർച്ചയായും അവരിലും ഖലീഫമാരെ എഴുന്നേല്പിക്കുകയും അവർക്കുവേണ്ടി അല്ലാഹു ഇഷ്ടപ്പെട്ട അവരുടെ മതത്തെ അവൻ ബലപ്പെടുത്തുകയും ചെയ്യും (വി.ഖു. 24:56).

ഏതുപ്രകാരം ബനൂഇസ്രായീലിൽ മൂസാനബിക്കുശേഷം ഖലീഫമാരെ നിയോഗിച്ചുവോ അതുപ്രകാരം നബി തിരുമേനിക്ക്

ശേഷവും ഖലീഫമാരെ നിയോഗിക്കുകയും അവർ മുഖേന മതത്തെ ശക്തിപ്പെടുത്തുകയും ചെയ്യുമെന്നാണ് അല്ലാഹു ഈ വാക്യത്തിൽ മുസ്‌ലിംകളോട് വാഗ്ദാനം ചെയ്യുന്നത്. മൂസാനബിക്കു ശേഷം ബനൂഇസ്രായീലിൽ അനേകം ഖലീഫമാർ വരികയും തൗറാത്തിനു സേവനമനുഷ്ഠിക്കുകയും ചെയ്തിരുന്നുവെന്നത് പ്രത്യക്ഷമാണ്. മൂസാനബിയുടെ ഖലീഫമാരുടെ ഈ ശൃംഖല ഈസാനബിയുടെ ആഗമനത്തോടുകൂടി പരിപൂർത്തി പ്രാപിച്ചു. മുസ്‌ലിംകൾക്കും അത്തരം ഖലീഫമാരെക്കുറിച്ചാണ് വാഗ്ദാനം നല്കിയിരിക്കുന്നത്. അതിനാൽ, മൂസാനബിയുടെ ഖലീഫമാരിൽ ഒടുവിലത്തെ ആൾ ഇസ്രായീൽ മസീഹായിരുന്നതു പോലെ, മുസ്‌ലിം ഖലീഫമാരുടെ ശൃംഖലയ്ക്ക് പരിപൂർത്തി വരുത്തുന്ന ഒരു മസീഹ് അവസാനകാലത്ത് മുസ്‌ലിംകളിലും വരേണ്ടതാണെന്ന് നിശ്ചയിക്കപ്പെട്ടിരുന്നു. ഈ വിധത്തിൽ, 'കമാ' എന്ന പദം ദ്യോതിപ്പിക്കുന്നതുപോലെ രണ്ട് ശൃംഖലകളെയും അല്ലാഹു സാദൃശ്യപ്പെടുത്തിയിരിക്കയാണ്. സാദൃശ്യത്തിന് വിഭിന്നത അനുപേക്ഷണീയമാണെന്ന് അഭിജ്ഞന്മാർക്കറിയാം. അതുകൊണ്ട് മുഹമ്മദീയ ശൃംഖലയിലെ ഒടുവിലത്തെ ഖലീഫ അഥവാ മസീഹ് മൂസവി ശൃംഖലയിലെ മസീഹിൽനിന്ന് വിഭിന്നനായ ഒരു വ്യക്തിയായിരിക്കുമെന്നും എന്നാൽ, അവർ തമ്മിൽ സാദൃശ്യമുണ്ടായിരിക്കുമെന്നും തെളിഞ്ഞു.

കൂടാതെ, പ്രസ്തുത വചനത്തിൽ അല്ലാഹു 'മിൻകും' (നിങ്ങളിൽനിന്ന്) എന്ന പദം പ്രയോഗിച്ചുകൊണ്ട് എല്ലാ തർക്കത്തിന്റെയും വേരറുക്കുകയും മുസ്‌ലിംകൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട ഖലീഫമാർ 'അവരിൽനിന്നു' തന്നെയുള്ളവരായിരിക്കുമെന്നും പുറമെ നിന്നുള്ളവരായിരിക്കയില്ലെന്നും സ്പഷ്ടമാക്കുകയും ചെയ്തിരിക്കുന്നു. എന്നിരിക്കേ, മുഹമ്മദീയ ശൃംഖലയിലെ അവസാനത്തേതും ഏറ്റവും മഹാനുമായ ഖലീഫ ബനൂഇസ്രായീലിൽ നിന്നുള്ള ഒരാളായിരിക്കുമെന്ന് വാശിപിടിക്കുന്നതും അങ്ങനെ 'മിൻകും' എന്ന പദം കൊണ്ട് അല്ലാഹു നല്കിയിട്ടുള്ള വാഗ്ദാനത്തെ ചവറ്റുകൊട്ടയിൽ എറിഞ്ഞുകളയുന്നതും എത്രവലിയ അന്യായമാണ്!

പോരെങ്കിൽ, വാഗ്ദാനം നല്കപ്പെട്ട മസീഹ് പുറമേനിന്നുള്ള ഒരാളായിരിക്കയില്ലെന്നും നേരെ മറിച്ച്, മുസ്‌ലിം സമുദായത്തിൽ നിന്നു തന്നെയുള്ള ഒരു വ്യക്തിയായിരിക്കുമെന്നും ഹദീഥ് വ്യക്തമായി സ്ഥാപിക്കുന്നു. നബിതിരുമേനി പറയുന്നത് നോക്കുക:

كيف انتم اذا نزل ابن مريم فيكم و امامكم منكم (بخاری و مسلم)

നിങ്ങളിൽ നിന്ന് നിങ്ങൾക്ക് ഇമാമായി ഇബ്നുമർയം നിങ്ങളിൽ ഇറങ്ങുമ്പോൾ നിങ്ങളുടെ സ്ഥിതി എത്രമേൽ നന്നായിരിക്കുകയില്ല! (ബുഖാരി, മുസ്‌ലിം)

വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് മുസ്‌ലിംകളിൽനിന്നു തന്നെയുള്ള ഒരാളായിരിക്കുമെന്ന്, വ്യാഖ്യാനത്തിന്റെ ആവശ്യമൊന്നുമില്ലാത്ത നിലയിൽ, ഈ ഹദീഥ് വ്യക്തമാക്കുന്നു. 'മിൻകും' എന്ന പദത്തിന് അന്യഥാ അർത്ഥം കൽപിക്കുക സാദ്ധ്യമല്ല. വരാനിരിക്കുന്ന ആൾക്ക് ഇബ്നുമർയം എന്ന പേര് നല്കിയിട്ടുണ്ടെന്നുള്ളത് നേരാണ്. പക്ഷേ, ആ ഇബ്നുമർയം മുമ്പേ കഴിഞ്ഞു പോയ ആളല്ലെന്നും മുസ്‌ലിംകളിൽനിന്നുതന്നെയുള്ള ഒരാളായിരിക്കുമെന്നും, 'മിൻകും' എന്ന പദം ഉച്ചൈസ്തരം വിളിച്ചോതുന്നുണ്ട്. വരാനിരിക്കുന്ന ആൾക്ക് 'ഇബ്നുമർയം' എന്ന പേര് നല്കിയതിന്റെ രഹസ്യം എന്താണെന്ന് പിന്നീട് വ്യക്തമാക്കാം. ഇപ്പോൾ ഒരു കാര്യം മനസ്സിലാക്കുക. 'മിൻകും' എന്ന പദം ഉപയോഗിച്ചുകൊണ്ട് നബി തിരുമേനി, ഈസാനബിതന്നെ വീണ്ടും വരുമെന്ന വിശ്വാസത്തിന്റെ വേരാണ് അറുത്തിരിക്കുന്നത്. വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് ഈ ഉമ്മത്തിൽ നിന്നുള്ള ആളായിരിക്കുമെന്ന് പ്രവാചക പ്രഭുവായ ഹദ്റത്ത് മുഹമ്മദ് നബി(സ) സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. പക്ഷേ, മുസ്‌ലിംകൾ അവരുടെ ആത്മീയോദ്ധാരണത്തിനുവേണ്ടി ബനൂഇസ്രായീലിന്റെ പാദങ്ങളിൽ കുമ്പിട്ടു കൊണ്ട് ഈസാനബിയോട് സ്നേഹം കാണിക്കുന്നതിൽ ശിർക്കിന്റെ ചുവയാണുള്ളത്! അല്ലാഹുതന്നെ ഈ ജനതയെ രക്ഷിക്കട്ടെ! അത്യുൽകൃഷ്ടമെന്നു പ്രകീർത്തിക്കപ്പെട്ട ഒരു ജനത എവിടെനിന്ന് എത്രത്തോളമാഴത്തിൽ വീണു പോയിരിക്കുന്നു!!

ചുരുക്കിപ്പറയുകയാണെങ്കിൽ, വാഗ്ദാനം ചെയ്യപ്പെട്ട മസീഹിനെപ്പറ്റി 'ഇമാമുകും മിൻകും' എന്ന വിശേഷണമുപയോഗിച്ചു കൊണ്ട് നബി(സ) തിരുമേനി എല്ലാ തർക്കങ്ങൾക്കും പരിഹാരം ചെയ്തിരിക്കുന്നു. സംശയത്തിനുള്ള യാതൊരു പഴുതും അദ്ദേഹം ബാക്കിവെച്ചിട്ടില്ല. എന്നാൽ, അദ്ദേഹത്തിന്റെ അനുകമ്പ നോക്കുക. വരാനുള്ള മസീഹ് തന്റെ ഉമ്മത്തിൽനിന്നുതന്നെയുള്ള ഒരു വ്യക്തിയായിരിക്കുമെന്ന് വ്യക്തമായി പ്രസ്താവിച്ചതുകൊണ്ടു മാത്രം അദ്ദേഹം മതിയാക്കിയില്ല. നേരെമറിച്ച്, കൂടുതൽ വിശദീകരണം നല്

കുകയാണ് ചെയ്തത്. അദ്ദേഹം പറയുന്നത് നോക്കുക:

رأيت عيسٰـــى وموسٰـــى فامّا عيسٰى فاحمرُ

جعدٌ عريض اللصدر وامّا موسٰى فاٰدمُ جسيمٌ

سبط الشعر كانّه من رّجال الزّط (بخارى كتاب بدء الخلق)

ഞാൻ ഈസാ, മൂസാ എന്നീ നബിമാരെ ദർശനത്തിൽ കണ്ടു, ഈസായുടെ നിറം ചുവപ്പായിരുന്നു. മുടിചുരുണ്ടതും നെഞ്ചു വീതിയേറിയതുമായിരുന്നു. മൂസായുടെ നിറം ഗോതമ്പിന്റെതായിരുന്നു. ദേഹം തടിച്ചതും മുടി നീണ്ടതും. കണ്ടാൽ ഒരു സുത്തുവർഗ്ഗക്കാരനെപ്പോലെ തോന്നും (ബുഖാരി, ജിൽദ് 2, കിതാബ് ബദ്ഉൽ ഖൽഖ്).

ഈ ഹദീഥിൽ ഈസാനബിയുടെ നിറം ചുവപ്പായിട്ടും മുടി ചുരുണ്ടതായിട്ടും വർണ്ണിക്കപ്പെട്ടിരിക്കുന്നു. ഇത് ബനൂഇസ്രായീലിലെ കഴിഞ്ഞുപോയ ഈസാ ആണെന്നതിന് ഈ ഹദീഥിൽ തന്നെ തെളിവുണ്ട്. എന്തെന്നാൽ, കഴിഞ്ഞുപോയ മൂസാനബിയോടു ചേർത്താണ് അദ്ദേഹത്തെപ്പറ്റി പറഞ്ഞിട്ടുള്ളത്. വായനക്കാർ ഈസാനബിയുടെ ഈ ലക്ഷണം നല്ലതുപോലെ ഓർമ്മവെക്കണം. ഇനി മറ്റൊരു ഹദീഥിൽ നബിതിരുമേനി പറയുന്നത് നോക്കുക:

بينما انا نائمٌ اطوف بالكعبة فاذارجلٌ اٰدم

سبط الشعر ينطف او يهراق رأسه مـــآء

فقلت من هٰذا قالو اابن مريم ...... (بخارى كتاب الفتن)

ഞാൻ കഅ്ബ പ്രദക്ഷിണം ചെയ്യുന്നതായി സ്വപ്നത്തിൽ കണ്ടു. തൽസമയം പെട്ടെന്ന് ഒരാൾ എന്റെ മുമ്പിൽ വന്നു. അയാളുടെ നിറം ഗോതമ്പിന്റെതും മുടി നേരെയുള്ളതും നീണ്ടതുമായിരുന്നു. ഇതാരാണെന്ന് ഞാൻ ചോദിച്ചു. ഇബ്നുമർയമാണെന്ന് മറുപടി പറഞ്ഞു.(ബുഖാരി, കിതാബുൽ ഫിതൻ ബാബ് ദിക്റുദ്ദജ്ജാ ൽ)

ഈ ഹദീഥിൽ നബിതിരുമേനി, വരാനിരിക്കുന്ന മസീഹിന്റെ

ലക്ഷണം പറഞ്ഞിരിക്കുന്നത്, അദ്ദേഹത്തിന്റെ നിറം ഗോതമ്പിന്റേതും മുടി നേരെയുള്ളതും നീണ്ടതുമാണെന്നാണ്. ഈ ഹദീഥിൽ പറഞ്ഞ ഇബ്നുമർയം അവസാനകാലത്ത് വരാനിരിക്കുന്ന മസീഹാണെന്നതിന് തെളിവ്, അതിനോട് തുടർന്നു ദജ്ജാലിന്റെ വർത്തമാനം പറഞ്ഞിരിക്കുന്നുവെന്നതാണ്. എന്തെന്നാൽ, അതെ സന്ദർഭത്തിൽ താൻ ദജ്ജാലിനെ കാണുകയുണ്ടായെന്നും നബി തിരുമേനി പറഞ്ഞിരിക്കുന്നു. അതുകൊണ്ട് സ്പഷ്ടമായി, ഈ പറഞ്ഞ മസീഹ് ദജ്ജാലിനെതിരായി ആവിർഭവിക്കുന്ന മസീഹാണെന്ന്. ഇപ്പോൾ കാര്യം വളരെ വ്യക്തമായിരിക്കുന്നു. ബനൂഇസ്രായീലിൽ എഴുന്നേല്പിക്കപ്പെട്ട ഈസാനബിയുടെ ലക്ഷണം, നിറം ചുവപ്പും, മുടി ചുരുണ്ടതുമാണെന്നുള്ളതാണ്. എന്നാൽ, ദജ്ജാലിനെതിരായി എഴുന്നേല്പിക്കപ്പെടുന്ന മസീഹിന്റെ ലക്ഷണം, നിറം ഗോതമ്പിന്റേതും, മുടി നേർക്കുള്ളതും നീണ്ടതുമായിട്ടാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. രണ്ടു ലക്ഷണങ്ങളിലും വ്യത്യാസം പ്രത്യക്ഷമാണ്. അതിനെപ്പറ്റി വിവരിക്കേണ്ട ആവശ്യമില്ല. ചുവപ്പ് നിറവും ഗോതമ്പിന്റെ നിറവും ഒന്നാകുമോ? ചുരുളൻ മുടിയും നേർക്കുള്ള നീളൻ മുടിയും എങ്ങനെ ഒന്നാകും? ഇതിനേക്കാൾ കവിഞ്ഞൊരു വ്യക്തത എന്തുണ്ട്? രണ്ടു മസീഹുമാരുടെയും രൂപം വായനക്കാരുടെ മുമ്പിൽ വെച്ചു കഴിഞ്ഞിരിക്കുന്നു. അതുതന്നെ 'ഖാത്തമുന്നബിയ്യീൻ' ഹദ്റത്ത് മുഹമ്മദ്(സ.അ) തിരുമേനിയാൽ വരയ്ക്കപ്പെട്ട രൂപം. ഈ രണ്ടു രൂപങ്ങളിലും ഒരേ വ്യക്തിയാണോ കാണപ്പെടുന്നതെന്ന് ഇനി വായനക്കാരൻത്തന്നെ തീരുമാനിക്കട്ടെ. അല്ലാഹു ഉൾക്കണ്ണു നല്കിയിട്ടുള്ളവർക്കാർക്കും ആ രണ്ടു രൂപവും ഒരാളുടേതാണെന്ന് പറയാൻ സാധിക്കുകയില്ല. ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞത് എത്ര പരമാർത്ഥമായിരിക്കുന്നു:

موعودم و بحلیۂ ماثور آمدم / حیف است گر بدیدہ نہ بینند منظرم
رنگم چو گندم است و بمو فرق بیّن است / زانساں کہ آمد است در اخبار سرورم
ایں مقدمم نہ جائے شکوک است و التباس / سیّد جدا کند ز مسیحائے احمرم

വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് ഞാൻ തന്നെയാണ്. ഞാൻ നബി (സ) തിരുമേനി വിവരിച്ചിട്ടുള്ള ലക്ഷണത്തോടുകൂടിയാണ് വന്നിരിക്കുന്നത്. എന്നെ തിരിച്ചറിയാൻ കഴിയാത്ത കണ്ണിനെപ്പറ്റി അഹോ കഷ്ടം! എന്റെ നിറം ഗോതമ്പിന്റേതാണ്. മുടിയുടെ കാര്യ

ത്തിലും നബി തിരുമേനി ഹദീഥിൽ പറഞ്ഞ പ്രകാരം ഈസാന ബിയുമായി എനിക്ക് വ്യത്യാസമുണ്ട്. അതിനാൽ, എന്റെ വരവിനെ സംബന്ധിച്ച് ഇനി സംശയത്തിനിടയില്ല. കാരണം, നമ്മുടെ യജ മാനനും നേതാവുമായ തിരുമേനി(സ) തന്നെ ചെമപ്പുനിറമുള്ള മ സീഹിൽനിന്ന് എന്നെ വേർപെടുത്തിയിരിക്കുന്നു.

## ഇറങ്ങുമെന്നതിന്റെ താൽപര്യം

വരാനുള്ള മസീഹ് കഴിഞ്ഞുപോയ മസീഹിൽനിന്ന് വ്യത്യ സ്തനായ ആളാണെന്ന് മേൽപറഞ്ഞ രേഖകൾ കൊണ്ട് സൂര്യപ്ര കാശം പോലെ തെളിയുന്നുണ്ട്. എല്ലാ ഖലീഫമാരും മുസ്‌ലിംകളിൽ നിന്നു തന്നെയുള്ളവരായിരിക്കുമെന്ന് വിശുദ്ധഖുർആൻ സാക്ഷി പറയുന്നു. വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് ഇതേ ഉമ്മത്തിൽ നിന്നു ള്ള ഒരു വ്യക്തിയായിരിക്കുമെന്ന് ഹദീഥ് വിളിച്ചോതുന്നു. കൂടാതെ നബിതിരുമേനി (സ) രണ്ട് മസീഹുമാരുടെയും വെവ്വേറെയുള്ള രൂപം നമ്മുടെ മുമ്പിൽ വെച്ചുകൊണ്ട് കൂടുതൽ തെളിവ് ആവശ്യ മില്ലാതാക്കിത്തീർത്തിരിക്കുന്നു. എന്നാൽ, ഒരു സംശയം തീർച്ച യായും അവശേഷിക്കുന്നുണ്ട്. അത് മസീഹ് മൗഊദ് അഥവാ വാഗ് ദാനം ചെയ്യപ്പെട്ട മസീഹ് ഈ ഉമ്മത്തിൽ നിന്നുതന്നെ വരേണ്ട ആളാണെങ്കിൽ അദ്ദേഹത്തെ സംബന്ധിച്ചു '***നുസൂൽ***' എന്ന പദ വും 'ഇബ്നു മർയം' എന്ന പദവും എന്തിനുപയോഗിച്ചു എന്നതാ ണ്. 'നുസൂൽ' എന്ന പദം മസീഹ് മൗഊദ് ആകാശത്തിൽ നിന്ന് ഇറങ്ങുമെന്നും ഇബ്നുമർയം എന്ന പദം ഈസാനബി താൻ തന്നെ വരുമെന്നുമാണല്ലോ പ്രകാശിപ്പിക്കുന്നത്? എന്നാൽ, ഇതുസംബ ന്ധിച്ച് നല്ലതുപോലെ ഓർമ്മവെക്കേണ്ട ഒരു സംഗതി, സ്വഹീഹായ ഹദീഥുകളിലൊന്നിലുംതന്നെ 'നുസൂൽ' എന്ന പദത്തോടു കൂടി 'സമാഅ്'(ആകാശം) എന്ന പദം ഉപയോഗിച്ചിട്ടില്ലെന്നുള്ളതാണ്. അതുകൊണ്ട് 'ഇറങ്ങൽ' ആകാശത്തിൽനിന്നാണെന്ന് അർത്ഥമെ ടുക്കാൻ നിവൃത്തിയില്ല. കൂടാതെ 'നുസൂൽ' എന്ന പദത്തിന്റെ അർത്ഥത്തെപ്പറ്റിയും ചിന്തിക്കേണ്ടതുണ്ട്. അറബിയിൽ ഈ പദ ത്തിന് പ്രത്യക്ഷപ്പെടുക വരിക എന്നും കൂടി അർത്ഥമുണ്ട്. വിശുദ്ധ ഖുർആൻ പറയുന്നത് നോക്കുക:

قَدْ اَنْزَلَ اللّٰهُ اِلَيْكُمْ ذِكْرًا رَّسُوْلًا يَّتْلُوْا عَلَيْكُمْ اٰيٰتِ اللّٰهِ

അല്ലാഹു നിങ്ങളുടെ അടുത്തേക്ക് ഒരു ഉൽബോധകനെ ഇറ

ക്കിയിരിക്കുന്നു, അതായത് ഒരു ദൂതനെ. അദ്ദേഹം നിങ്ങൾക്ക് അല്ലാഹുവിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങൾ വ്യക്തമായി വിവരിച്ചു തരുന്നു........(വി.ഖു. 65: 11,12).

ഈ വചനത്തിൽ നബി തിരുമേനിയെ സംബന്ധിച്ച് 'നുസുൽ' എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ, അദ്ദേഹം ആകാശത്തിൽനിന്ന് ഇറങ്ങിയതല്ല, ഭൂമിയിൽ ജനിച്ചു വളർന്നതാണ് എന്ന് എല്ലാവർക്കുമറിയാം. വീണ്ടും വിശുദ്ധഖുർആൻ പറയുന്നു:

وَاَنْزَلْنَا الْحَدِيْدَ فِيْهِ بَأْسٌ شَدِيْدٌ وَّمَنَافِعُ لِلنَّاسِ

പടക്കോപ്പുകൾ നിർമ്മിക്കാനുപയോഗിക്കുന്നതും മറ്റു പല വിധത്തിൽ ജനങ്ങൾക്ക് പ്രയോജനകരവുമായ ഇരുമ്പ് നാം ഇറക്കിത്തന്നിരിക്കുന്നു (വി.ഖു. 57:26).

ഭൂമിയിൽനിന്ന് കുഴിച്ചെടുക്കുന്ന ഇരുമ്പിനെപ്പറ്റിയും ഇറക്കിയെന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. നുസൂലിന്റെ അർത്ഥം എപ്പോഴും 'മുകളിൽനിന്ന് കീഴ്പോട്ട് ഇറക്കുക' എന്നതായിരിക്കണമെന്നില്ലെന്ന് ഈ വാക്യങ്ങളിൽനിന്ന് നല്ലതുപോലെ വ്യക്തമാകുന്നുണ്ട്. 'നുസുൽ' എന്ന പദം അല്ലാഹുവിൽനിന്ന് മനുഷ്യനു അനുഗ്രഹമായി സിദ്ധിക്കുന്ന വസ്തുക്കളെ സംബന്ധിച്ചും പലപ്പോഴും ഉപയോഗിക്കാറുണ്ട്. അതിനാൽ, നുസൂൽ എന്ന പദം ഉപയോഗിച്ചതുകൊണ്ട് മസീഹ് ആകാശത്തിൽനിന്ന് ഇറങ്ങുമെന്ന് അനുമാനിക്കുന്നത് തികച്ചും തെറ്റാണ്. കൂടാതെ, അറബിയിൽ ആഗതർക്ക് 'നസീൽ' എന്നും അവർ തങ്ങുന്ന സ്ഥലങ്ങൾക്ക് 'മൻസിൽ' എന്നും പറയാറുണ്ട്. പോരെങ്കിൽ ഹദീഥുകളിൽതന്നെ മസീഹിന്റെ ആഗമനം സംബന്ധിച്ച് 'ഖുറൂജ്', 'ബഅഥ്' എന്നീ പദങ്ങളും പ്രയോഗിക്കപ്പെട്ടു കാണുന്നു. ആ സ്ഥിതിക്ക് 'ഖുറൂജ്', 'ബഅഥ്', 'നുസൂൽ' എന്നീ മൂന്നു പദങ്ങൾക്കും ഒരുപോലെ യോജിക്കുന്ന അർത്ഥമാണ് ഉദ്ദേശിക്കപ്പെട്ടതെന്ന് തീർച്ചപ്പെടുത്തുകയേ നിവൃത്തിയുള്ളൂ.

## ഇബ്നുമർയം എന്ന അഭിധാനം

ഇനി ഇബ്നുമർയം എന്ന പേരിനെക്കുറിച്ചാണ് പറയാനുള്ളത്. ഭാവിയിൽ വരാനുള്ള ദൈവനിയുക്തരുടെ പേർ ഏതെങ്കിലും പ്രവാചകൻ മുഖാന്തരം പ്രവചിക്കപ്പെടുമ്പോൾ ആ പേർ ആന്തരി

കമായ ഒരു അർത്ഥത്തെ സൂചിപ്പിച്ചു കൊണ്ടായിരിക്കുമെന്നത് സാധാരണമാണെന്ന സംഗതി നാം നല്ലതുപോലെ മനസ്സിലാക്കണം. അതിനാൽ, ആ നാമത്തെ ബാഹ്യമായ നിലയിൽ കണക്കാക്കുന്നത് ശരിയായിരിക്കയില്ല. ആ പേർ പ്രയോഗിക്കുന്നതിന്റെ രഹസ്യം, വാഗ്ദാനം ചെയ്യപ്പെട്ട ആ മഹാത്മാവും അദ്ദേഹത്തിന് പ്രവചനത്തിൽ നല്കപ്പെട്ട പേരും തമ്മിലുള്ള അഗാധവും സൂക്ഷ്മവുമായ ബന്ധത്തെ പ്രകാശിപ്പിക്കുക എന്നതാണ്. ഉദാഹരണമായി മസീഹിന്റെ ആഗമനത്തിനു മുമ്പേ ഇൽയാസ് നബി വീണ്ടും വരുമെന്ന് ബനൂഇസ്രായീലിന് വാഗ്ദാനം നൽകപ്പെട്ടിട്ടുണ്ടായിരുന്നു. ഇൽയാസ് നബി ഈസാനബിക്ക് 850 കൊല്ലം മുമ്പേ കഴിഞ്ഞുപോയ ആളാണ്. അദ്ദേഹം ആകാശത്തിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നുവെന്നാണ് യഹൂദർ വിശ്വസിച്ചിരുന്നത്. (രാജാക്കൻമാർ 2, അദ്ധ്യായം 2, വചനം 11). തൻമൂലം കഴിഞ്ഞുപോയ ഇൽയാസ് നബിതന്നെ ആകാശത്തിൽനിന്ന് ഇറങ്ങിവരുമെന്നും അതിനുശേഷമേ മസീഹ് വരുകയുള്ളുവെന്നും യഹൂദർ ധരിച്ചു. തൽഫലമായി ഈസാനബി വന്നു മസീഹാണെന്ന വാദം പുറപ്പെടുവിച്ചപ്പോൾ അവർ ആ വാദത്തെ തിരസ്കരിച്ചു. അവർ പറഞ്ഞു: "ഞങ്ങളുടെ ഗ്രന്ഥങ്ങളിൽ എഴുതിയിട്ടുള്ളത് മസീഹിനു മുമ്പേ ഇൽയാസ് ഇറങ്ങുമെന്നാണ്. ഇൽയാസ് നബി ഇതുവരെയും വന്നിട്ടില്ല. അതുകൊണ്ട് യേശുവിന്റെ വാദം ശരിയാകാൻ നിവൃത്തിയില്ല." ഇതിന് മറുപടിയായി ഈസാനബി പറഞ്ഞത് ഇപ്രകാരമായിരുന്നു: ഇൽയാസ് വരുമെന്ന പ്രവചനം കൊണ്ട് ഉദ്ദേശിക്കപ്പെട്ടത് അദ്ദേഹത്തിന്റെ പുനരാഗമനമല്ല. നേരെമറിച്ച്, അദ്ദേഹത്തിന്റെ സ്വഭാവത്തോടും ഗുണത്തോടും കൂടിയ മറ്റൊരു പ്രവാചകന്റെ വരവാണ്. അദ്ദേഹം വന്നു കഴിഞ്ഞു. അത് യഹ്യയാണ്. കണ്ണുള്ളവർ കണ്ടുകൊള്ളട്ടെ (മത്തായി, 11,14). പക്ഷേ, പദത്തിന്റെ ബാഹ്യാർത്ഥം മാത്രം പരിഗണിച്ച് യഹൂദർ ഇൽയാസുനബിതന്നെ ഇറങ്ങിവരണമെന്ന കാര്യത്തിൽ ശഠിച്ചുനില്ക്കുകയും തന്നിമിത്തം രക്ഷ പ്രാപിക്കുന്നതിൽനിന്ന് വിദൂരപ്പെടുകയും ചെയ്തു (മത്തായി, അദ്ധ്യായം 17).

വരാനിരിക്കുന്ന പരിഷ്ക്കർത്താക്കളെപ്പറ്റി പ്രവചനങ്ങളിൽ കാണുന്ന പേരുകൾ എപ്പോഴും ബാഹ്യമായ അർത്ഥത്തിൽ ആയിരിക്കേണ്ടതില്ലെന്നും, നേരെമറിച്ച് ആന്തരികമായ സാദൃശ്യത്തെ സൂചിപ്പിക്കുന്നതിനുവേണ്ടി അവ അലങ്കാരമായി ഉപയോഗിക്കുന്നത് സാധാരണമാണെന്നും ഈ ഉദാഹരണത്തിൽനിന്നു നല്ലതുപോലെ

സ്പഷ്ടമാകുന്നുണ്ട്. അങ്ങനെയല്ലെങ്കിൽ, ഇൽയാസ്നബി ആകാശത്തിൽനിന്ന് ഇറങ്ങി വരുന്നതും യഹ്യാനബി ഭൂമിയിൽനിന്ന്ജനിച്ചുണ്ടാകുന്നതും തമ്മിൽ എത്രതന്നെ അന്തരവും അകൽച്ചയുമില്ല! പക്ഷേ, ഈസാനബി പറയുന്നു, യഹ്യയാണ് ഇൽയാസെന്ന്. കാരണം യഹ്യ, ഇൽയാസിന്റെ സ്വഭാവത്തോടും ഗുണത്തോ ടും കൂടിയാണ് വന്നത്. കഴിഞ്ഞുപോയ ഏതെങ്കിലുമൊരു പ്രവാചകൻ ആകാശത്തിൽനിന്ന് ഇറങ്ങി വരുമെന്ന് അല്ലാഹുവിന്റെ വചനങ്ങളിൽ പ്രവചിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ അർത്ഥം ആ പ്രവാചകൻതന്നെ ആകാശത്തിന്റെ തട്ടു പിളർന്ന് ഭൂമിയിലേക്ക് ഇറങ്ങി വരുമെന്നല്ല, മറിച്ച് അദ്ദേഹത്തിന്റെ  സദൃശനായി മറ്റൊരാൾ വരുമെന്നാണ് എന്നുകൂടി മേൽപറഞ്ഞ ഉദാഹരണം വ്യക്തമാക്കിത്തരുന്നുണ്ട്. അതുകൊണ്ട് മസീഹിനെ സംബന്ധിച്ച്, അദ്ദേഹം ഇറങ്ങുമെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യവും അദ്ദേഹംതന്നെ ആകാശത്തി ൽനിന്ന് ഇറങ്ങുമെന്നല്ല. പ്രത്യുത അദ്ദേഹത്തിന്റെ ഒരു സദൃശൻ ആവിർഭവിക്കുമെന്നാണെന്ന് മനസ്സിലാകുന്നു- ഇൽയാസ്നബി ആകാശത്തിൽനിന്ന് ഇറങ്ങുമെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം, അദ്ദേഹത്തിന്റെ സദൃശനായ  യഹ്യാനബിയുടെ  ജനനമായിരുന്നതുപോലെ.

അതിനാൽ, ഇബ്നുമർയം എന്ന പേരിന്റെ ബാഹ്യരൂപത്തിൻമേൽ പറ്റിപ്പിടിച്ചു നില്ക്കുന്നതും ആ പേരുകാരണം, വരാനുള്ള മസീഹിനെ നിഷേധിക്കുന്നതും ഭയങ്കരമായ നാശത്തിന്റെ വഴിയാണ്. അതിൽനിന്ന് ഒഴിഞ്ഞുനില്ക്കേണ്ടത് എല്ലാവരുടെയും കർത്തവ്യമാകുന്നു. പേര് എല്ലായ്പ്പോഴും പ്രത്യക്ഷത്തിൽ കണ്ടേ കഴിയൂ എന്നില്ല. അതിൽ അർത്ഥ സംബന്ധമായ രഹസ്യം അടങ്ങിയിരിക്കാവുന്നതാണ്. പ്രതിപാദ്യവിഷയത്തെ കൂടുതൽ വ്യക്തമാക്കുന്ന ഒരു ഉദാഹരണം കൂടി പറയാം. തനിക്ക് പിറകിലുള്ളതും അഹ്മദ് എന്നു പേരുള്ളതുമായ ഒരു പ്രവാചകന്റെ വരവിനെപ്പറ്റി ഈസാനബി പ്രവചിച്ചിരുന്നതായി വിശുദ്ധഖുർആനിലെ സൂറഃസഫ്ഫിൽ പറയുന്നുമുണ്ട്. ഈ പ്രവചനം നബിതിരുമേനിയുടെ ആഗമനത്താൽ നിറവേറിയിരിക്കുന്നുവെന്ന് എല്ലാ മുസ്ലിംകളും വിശ്വസിക്കുന്നു. എന്നാൽ, നബിതിരുമേനിയുടെ സ്വന്തം പേർ 'അഹ്മദ്' എന്നല്ല, 'മുഹമ്മദ്' എന്നാണ് എന്ന് എല്ലാവർക്കുമറിയാം. പ്രവാചകത്വവാദത്തിനുശേഷം തന്റെ പേർ 'അഹ്മദ്' എന്നു കൂടിയാണെന്ന് നബിതിരുമേനി പറഞ്ഞിട്ടുണ്ടെന്നത് നേരാണ്. എന്നാൽ, വാദത്തിനുശേഷം ആ പേർ തന്നോട് സംബന്ധിപ്പിക്കുന്നത് ഒരുവിധത്തിലും ശ

ത്രുക്കൾക്കൊരു രേഖയാവുകയില്ല. അവർക്ക് രേഖയാവണമെങ്കിൽ നബിതിരുമേനിയുടെ മാതാപിതാക്കൾ അദ്ദേഹത്തിന് ആ പേർ നല്കുകയോ വാദത്തിന് മുമ്പേ അദ്ദേഹം ആ പേരിൽ വിളിക്കപ്പെടുകയോ ചെയ്തിട്ടുണ്ടാവണം. എന്നാൽ, സ്വഹീഹായ ഒരൊറ്റ ഹദീഥ്കൊണ്ടും അങ്ങനെ സ്ഥാപിതമാകുന്നില്ല. അതിനാൽ, ഈ സംശയത്തിന് ഒരേയൊരുത്തരമേ പറയാനാവുകയുള്ളൂ- തിരുമേനിയിൽ 'അഹ്മദ്' എന്ന നാമത്തിന്റെ ഗുണമുണ്ടായിരുന്നു എന്നും ആകാശത്തിൽ യഹ്യായ്ക്കു ഇൽയാസെന്നു പേരായതു പോലെ തിരുമേനിക്ക് ആകാശത്തിൽ 'അഹ്മദ്' എന്നുകൂടി പേരുണ്ടായിരുന്നു എന്നും പ്രവചനങ്ങളിൽ പറയപ്പെട്ട പേര് പ്രത്യക്ഷത്തിൽ ഉണ്ടായിരിക്കേണ്ടത് നിർബന്ധമല്ലെന്നും അത് ഏതെങ്കിലും ആന്തരികമായ രഹസ്യത്തെ സൂചിപ്പിക്കുന്നതായിരിക്കാമെന്നും മേൽപറഞ്ഞ രണ്ട് ഉദാഹരണങ്ങളിൽനിന്ന് വ്യക്തമാകുന്നുണ്ട്. ഇതിൽ അടങ്ങിയിരിക്കുന്ന രഹസ്യമെന്താണെന്നുവെച്ചാൽ, അല്ലാഹുവിനു ബാഹ്യമായ പേരിനോടല്ല ബന്ധം, നേരെമറിച്ച് വസ്തുക്കളുടെ സ്വഭാവഗുണങ്ങളോടാകുന്നു. മനുഷ്യർ തീർച്ചയായും തിരിച്ചറിവിനുവേണ്ടി ബാഹ്യമായ നാമത്തിനു പ്രാധാന്യം നല്കിയേക്കാം. എന്നാൽ, അല്ലാഹുവിന്റെ ദൃഷ്ടിയിൽ യഥാർത്ഥ നാമം ബാഹ്യമായതല്ല, സ്വഭാവഗുണങ്ങളെ സംബന്ധിച്ചതാകുന്നു.

വരാനിരിക്കുന്ന മസീഹിന് അല്ലാഹു 'ഇബ്നുമർയം' എന്നുപേർ നല്കിയതിന്റെ രഹസ്യം എന്താണെന്നുള്ള ചോദ്യം ഇവിടെഉൽഭവിക്കുന്നുണ്ട്. ഇതിന് മറുപടിയായി ധാരാളം കാര്യങ്ങൾ പറയാൻ കഴിയും. പക്ഷേ, ദൈർഘ്യഭയത്താൽ ഈ ചെറു പുസ്തകത്തിൽ അവ വിവരിക്കാൻ നിവൃത്തിയില്ല. ഏതാനും ചില പ്രധാന കാരണങ്ങൾ മാത്രം പറയാം.

ഒന്നാമത്, വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് ഈസാനബിയുടെ സ്വഭാവഗുണങ്ങളോടുകൂടിയാണ് വരേണ്ടത്- യഹ്യാനബി ഇൽയാസുനബിയുടെ സ്വഭാവഗുണങ്ങളോടുകൂടി വന്നതുപോലെ. അതിനാൽ, യഹ്യാനബിയുടെ ആഗമനത്താൽ ഇൽയാസുനബിയുടെ ആഗമനം സംബന്ധിച്ച വാഗ്ദാനം എപ്രകാരം നിറവേറിയോ, അപ്രകാരം ഏതെങ്കിലുമൊരു സദൃശന്റെ ആഗമനത്തിൽ മസീഹിന്റെ വരവിനെ കുറിച്ചുള്ള വാഗ്ദാനവും നിറവേറേണ്ടതാകുന്നു. ഈ സാദൃശ്യം നിമിത്തമാണ് വാഗ്ദാനം ചെയ്യപ്പെട്ട മസീഹിന് ഇബ്നുമർയം എന്നുപേർ നല്കപ്പെട്ടത്.

രണ്ടാമത്, ഏതുപ്രകാരം നാസിരിമസീഹ് മൂസാനബിയുടെ മതത്തിൽ 'ഖാത്തമുൽഖുലഫ'യായി വന്നുവോ അതുപ്രകാരം മുഹമ്മദീമസീഹ് ഇസ്‌ലാംമതത്തിൽ 'ഖാത്തമുൽഖുലഫ'യായി വരേണ്ടതാണ്. അതുകൊണ്ട് അദ്ദേഹത്തിന് ഇബ്നുമർയം എന്ന പേർ നല്കപ്പെട്ടു.

മൂന്നാമത്തേതും പ്രധാനവുമായ കാരണമിതാണ്. അവസാന കാലം ക്രിസ്തുമതം, അതായത് കുരിശുമതം പ്രാബല്യം പ്രാപിക്കുമെന്ന് വിശുദ്ധ ഖുർആനിൽ നിന്നും ഹദീസുകളിൽ നിന്നും മനസ്സിലാകുന്നു അതിനാൽ മസീഹ് മൗഊദിന്റെ ഏറ്റവും പ്രധാനപ്പെട്ട കടമയായി പ്രസ്താവിക്കപ്പെട്ടിട്ടുള്ളത് അദ്ദേഹം കുരിശിനെ തകർക്കും എന്നതാണ്. കാരണം, ഏതെങ്കിലും ഒരു നബിയുടെ ജനങ്ങളിൽ കുഴപ്പമുണ്ടാകുമ്പോൾ ആ കുഴപ്പം നീക്കേണ്ടത് അതേ നബിയുടെ ധാർമ്മികമായ ചുമതലയാകുന്നു. ഏതുപോലെയെന്നാൽ,ഏതെങ്കിലും ഭരണത്തിൻകീഴിൽ ഒരു കുഴപ്പമുണ്ടാവുകയാണെങ്കിൽ അത് അവസാനിപ്പിക്കേണ്ടത് അന്യഗവൺമെന്റുകളുടെ കടമയല്ല, അതേ ഗവൺമെന്റിന്റെതന്നെ കടമയാണ്. അങ്ങനെ, അവസാനകാലത്തേക്ക് വാഗ്ദാനം ചെയ്യപ്പെട്ട ആളുടെ പ്രധാന കർത്തവ്യം ക്രൈസ്തവ മതത്തിന്റെ കുഴപ്പം നേരിടലായതു കൊണ്ടു ഈസാനബിയോട് സാദൃശ്യപ്പെടുത്തി അദ്ദേഹത്തിന് ഈസബ്നുമർയമെന്നും മസീഹെന്നും പേർ നല്കപ്പെട്ടു. അവസാനകാലത്ത് ഈയൊരു കുഴപ്പത്തിനുപുറമെ വളരെ വലിയ മറ്റു കുഴപ്പങ്ങളും ഉണ്ടാവുകയും എല്ലാ ജനതകളും അതിനു വിധേയമായിത്തീരുകയും ചെയ്യുമെന്നും പ്രവചിക്കപ്പെട്ടിട്ടുണ്ടായിരുന്നു. അതിനാൽ, ആ സമയത്ത് എല്ലാ ജനതകളുടെയും സ്ഥാപകന്മാരുടെ പ്രതിനിധികൾ വരേണ്ടതും താന്താങ്ങളുടെ ജനതകളെ ഉദ്ധരിക്കേണ്ടതും ആവശ്യമാണ്. പക്ഷേ, ഒരേ സമയത്ത് അനേകം മതപരിഷ്ക്കർത്താക്കൾ ലോകത്ത് വരുകയെന്നാൽ, അത് കുഴപ്പത്തെ ഇല്ലാതാക്കുന്നതിനു പകരം അതിനെ ആളിക്കത്തിക്കാനാണ് ഇടയാക്കുക. കൂടാതെ, ഇസ്‌ലാമിന്റെ ആവിർഭാവത്തിനുശേഷം ആദ്ധ്യാത്മികജലം മുഴുവനും ഇസ്‌ലാം അതിനുള്ളിലേക്കു വലിച്ചെടുക്കുകയുണ്ടായി. ഇപ്പോൾ ഇസ്‌ലാമിലല്ലാതെ മറ്റൊരു ജനതയിലും ഒരു ആദ്ധ്യാത്മിക പരിഷ്ക്കർത്താവ് അവതരിക്കുക സാധ്യമല്ല. തൻമൂലം എല്ലാ പ്രവാചകന്മാരുടെയും പ്രതിനിധികളെ ഒരേ ഒരു വ്യക്തിയിൽ ഒരുമിച്ചുകൂട്ടി ഇസ്‌ലാമിന

കത്ത് എഴുന്നേല്പിക്കേണ്ടത് അത്യാവശ്യമായിത്തീർന്നു. അദ്ദേഹത്തിന് നിശ്ചയിക്കപ്പെട്ട ജോലി എല്ലാ ജനതകളെയും ഉദ്ധരിക്കുക എന്നതാണ്. മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ അദ്ദേഹത്തിന്റെ ജോലി രണ്ടായി വിഭജിക്കപ്പെട്ടിരിക്കയാണ്. ഒന്ന്,മുസ്‌ലിം ജനതയുടെ ഉദ്ധാരണം. രണ്ടാമത്തേത്, ബാക്കി മുഴുവൻ ജനതകളുടെയും ഉദ്ധാരണം. മുസ്‌ലിമല്ലാത്ത ജനതകളുടെ ഉദ്ധാരണത്തിൽഏറ്റവും പ്രധാനപ്പെട്ടത് ഈസാനബിയുടെ അനുയായികളുടെതാണ്. മസീഹ് മൗഊദിന്റെ ജോലിയെ സംബന്ധിച്ച് തിരുമേനി(സ) അദ്ദേഹം 'കുരിശിനെ തകർക്കും' എന്നു പറഞ്ഞിട്ടുള്ളതിൽനിന്ന് വ്യക്തമാകുന്നത് ക്രൈസ്തവ സമുദായത്തിന്റെ തെറ്റായ വിശ്വാസങ്ങളെ ഖണ്ഡിക്കേണ്ടത് അദ്ദേഹത്തിന്റെ പ്രധാന കർത്തവ്യമാണെന്നാണ്. ഈ കാര്യം മുൻനിറുത്തിയാണ് വരാനിരിക്കുന്ന ആളെ സംബന്ധിച്ച് പ്രത്യേകമായും ഈസബ്നുമർയം എന്ന് പറഞ്ഞിട്ടുള്ളത്. ഹദ്റത്ത് അഹ്മദ്(അ) പറയുകയാണ്:

چوں مرا نورے پئے قوم مسیحی دادہ اند
مصلحت را ابن مریم نام من بنہادہ اند

ക്രൈസ്തവജനതയുടെ പരിഷ്ക്കരണത്തിനായി എനിക്ക് പ്രത്യേകമായ പ്രകാശം നല്കപ്പെട്ടിരിക്കുന്നു. ഈ കാരണത്താലാ ണ് എനിക്ക് ഇബ്നുമർയം എന്നു പേർ വെക്കപ്പെട്ടിരിക്കുന്നത്.

ഇതിനെതിരായി മറ്റു ജനതകളുടെ പരിഷ്ക്കരണത്തെ സംബന്ധിച്ച് وَ إِذَا الرُّسُلُ أُقِّتَتْ ﴿١٢﴾ എല്ലാ റസൂൽമാരും പ്രാതിനിധ്യസ്വഭാവത്തോടെ ഒരേ വ്യക്തിയിൽ ഒരുമിച്ചുകൂട്ടപ്പെടും. (വി.ഖു. 77:12) എന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ.

എന്നാൽ, മറുഭാഗത്ത് മുസ്‌ലിംസമുദായത്തെ ഉദ്ധരിക്കുകയെന്നതും വളരെ പ്രധാനപ്പെട്ട ജോലിയാണ്. അതുകൊണ്ട് ആ കാര്യം മുൻനിറുത്തി വരാനിരിക്കുന്ന ആൾക്ക് 'മുഹമ്മദ്' എന്നും 'അഹ്മദ്' എന്നും പേർ വെക്കപ്പെട്ടു. അതുകൊണ്ട് മുസ്‌ലിം സമുദായത്തിന്റെ ഉദ്ധാരണത്തെ സംബന്ധിച്ചിടത്തോളം വാഗ്ദാനം ചെയ്യപ്പെട്ട ആൾ നബിതിരുമേനിയുടെ പ്രതിനിധിയും പ്രതിബിംബവുമായിരിക്കുന്നതാണ്.

## വാഗ്ദത്ത മസീഹും മഹ്ദിയും ഒരാൾ

ഈസാനബിയുടെ മരണത്തപ്പറ്റിയും അതിനോട് ബന്ധപ്പെട്ട മറ്റു വിഷയങ്ങളെപ്പറ്റിയും ചുരുങ്ങിയ നിലയിൽ പ്രതിപാദിച്ചു കഴിഞ്ഞു. ഇനി നമുക്ക് മസീഹ് മൗഊദും, മഹ്ദിയും ഒരാളാണോ അതോ വെവ്വേറെ വ്യക്തികളാണോ എന്നതിനെക്കുറിച്ച് പരിചിന്തനം ചെയ്യാം. വാഗ്ദാനം ചെയ്യപ്പെട്ട മസീഹും മഹ്ദിയും വെവ്വേറെ വ്യക്തികളാണെന്നാണ് ഇക്കാലത്തെ മുസ്‌ലിംകൾ പൊതുവിൽ വിശ്വസിക്കുന്നത്. എന്നാൽ, സൂക്ഷ്മമായി പരിശോധിക്കുന്ന പക്ഷം ഈ വിശ്വാസം തെറ്റാണെന്നും നബി തിരുമേനിയുടെ ഉപദേശത്തിന് വിരുദ്ധമാണെന്നും കാണുവാൻ കഴിയും. ഈ വിവാദത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പേ മഹ്ദിയെ സംബന്ധിച്ച് മുസ്‌ലിംകൾ എന്തെല്ലാം അഭിപ്രായങ്ങളാണ് പ്രകടിപ്പിച്ചിട്ടുള്ളതെന്ന് ചുരുക്കത്തിൽ പരിശോധിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. മഹ്ദിയെ സംബന്ധിച്ചുള്ള പ്രസ്താവനകളിൽ അമ്പരിപ്പിക്കുന്ന വ്യത്യാസവും വൈരുദ്ധ്യവുമാണ് കാണപ്പെടുന്നത്. ആ വ്യത്യാസം ഒരു കാര്യത്തിൽ മാത്രമല്ല, മിക്കവാറും എല്ലാ കാര്യങ്ങളിലും കാണുവാൻ കഴിയും. ഉദാഹരണമായി മഹ്ദിയുടെ വംശത്തെപ്പറ്റി ഒരു കൂട്ടർ പറയുന്നു, മഹ്ദി, ഹദ്റത്ത് ഫാത്തിമയുടെ വംശത്തിൽ നിന്നായിരിക്കുമെന്ന്. ഈ കൂട്ടരിൽതന്നെ മൂന്ന് ശാഖകളുണ്ട്. ഒന്നാമത്തെ ശാഖയുടെ അഭിപ്രായം മഹ്ദി, ഇമാംഹസന്റെ സന്തതികളിൽ നിന്നുള്ള ആളായിരിക്കുമെന്നാണ്. രണ്ടാമത്തെ ശാഖ പറയുന്നത് അദ്ദേഹം ഇമാം ഹുസൈന്റെ സന്തതികളിൽ നിന്നായിരിക്കുമെന്നാണ്. മൂന്നാമത്തെ ശാഖയാകട്ടെ ഇമാം ഹസന്റെയും ഇമാം ഹുസൈന്റെയും സന്തതികളിൽ നിന്നാണ് അദ്ദേഹം ജനിക്കുകയെന്ന് വാദിക്കുന്നു. അതായത്, മഹ്ദിയുടെ മാതാവ് ഹസനിയാണെങ്കിൽ പിതാവ് ഹുസൈനിയായിരിക്കും. മറ്റൊരു കൂട്ടർ മഹ്ദി, ഹദ്റത്ത് ഫാത്തിമയുടെ വംശത്തിൽ നിന്നാണ് ജനിക്കുകയെന്ന് പറയുന്നു. വേറെയുമൊരു കൂട്ടർ പറയുന്നു, അദ്ദേഹം ഹദ്റത്ത് ഉമറിന്റെ സന്താനങ്ങളിൽനിന്നാണ് വരുകയെന്ന്. ചില ഹദീഥുകൾ പ്രകാരം മഹ്ദി ഒരു പ്രത്യേക വംശത്തിൽ നിന്നായിരിക്കണമെന്നില്ലെന്നും, പ്രത്യുത നബിതിരുമേനിയുടെ ഉമ്മത്തിൽ നിന്നാവണമെന്നേയുള്ളൂവെന്നും മനസ്സിലാകുന്നു. കൂടാതെ മഹ്ദിയുടെയും അദ്ദേഹത്തിന്റെ പിതാവിന്റെയും പേരുകളെ സംബന്ധിച്ചും അഭിപ്രായവ്യത്യാസമുണ്ട്. ചില ഹദീസുകൾ മഹ്ദിയുടെ പേർ 'മുഹമ്മദ്' എന്നാ

യിരിക്കുമെന്ന് പറയുമ്പോൾ മറ്റു ചിലത് 'അഹ്മദ്' എന്നായിരി ക്കുമെന്നും വേറെ ചിലത് 'ഈസാ' എന്നായിരിക്കുമെന്നും പറയു ന്നു. പിതാവിന്റെ പേർ സുന്നികളുടെ അഭിപ്രായത്തിൽ 'അബ്ദു ല്ലാഹ്' എന്നാണ്. ശിയാക്കൾ പറയുന്നു 'ഹസൻ' എന്നാണെന്ന്. ഇതുപോലെതന്നെ മഹ്ദി പുറപ്പെടുന്ന സ്ഥലത്തെപ്പറ്റിയും അദ്ദേ ഹം ലോകത്ത് എത്രകാലം കർമ്മനിരതനാകുമെന്നതിനെപ്പറ്റിയും അഭിപ്രായവ്യത്യാസമുണ്ട്. ചുരുക്കത്തിൽ, മഹ്ദിയെ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും അഭിപ്രായവ്യത്യാസമുള്ളതായി കാണുന്നു. ഈ വിഭിന്ന വാദങ്ങൾക്കെല്ലാം വിഭിന്ന വിഭാഗങ്ങൾ ഹദീഥാണ് രേഖയായി കാണിക്കുന്നതെന്നതാണ് ഒട്ടേറെ രസാവഹമായിരി ക്കുന്നത് (ഹുജജുൽ കിറാമ നോക്കുക). ഈ സ്ഥിതിയിൽ മഹ്ദിയെ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ഹദീഥുകളും ശരി യാണെന്ന് വിശ്വസിക്കുക സാധ്യമല്ല. ഈ കാരണത്താലാണ് ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും തങ്ങളുടെ ഹദീഥുഗ്രന്ഥങ്ങളിൽ മ ഹ്ദിയെ സംബന്ധിച്ചുള്ള ഹദീഥുകൾക്കു സ്ഥാനം നല്കാതിരുന്നത്. ആ ഹദീഥുകൾ ഒന്നുംതന്നെ വിശ്വാസയോഗ്യമാണെന്ന് അവർ കരു തിയിരുന്നില്ല. അതുപോലെത്തന്നെ പിന്നീടുവന്ന ചില ഉലമാക്കളും മഹ്ദിയെ സംബന്ധിച്ച ഹദീഥുകളെല്ലാം ബലഹീനങ്ങളാണെന്ന് സമർത്ഥിക്കുകയും അവയിൽ ഒന്നുംതന്നെ നിരാക്ഷേപമല്ലെന്ന് തുറ ന്നുപറയുകയും ചെയ്തിട്ടുണ്ട്. (ഹുജജുൽ കിറാമ നോക്കുക).

ഈ അഭിപ്രായ വ്യത്യാസങ്ങൾക്കെല്ലാം കാരണമെന്താണെന്ന ഒരു ചോദ്യം ഇവിടെ സ്വാഭാവികമായും ജനിക്കുന്നതാണ്. ഇക്കാര്യ ത്തിൽ ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത് ഇതാണ്. നബി തിരുമേനി ഒരു മഹ്ദിയെപ്പറ്റി പ്രത്യേകമായി വാഗ്ദാനം നല്കിയി ട്ടുണ്ടായിരുന്നുവെങ്കിലും വിവിധകാലങ്ങളിൽ വിവിധ അവസ്ഥക ളിൽ പ്രത്യക്ഷപ്പെടേണ്ട അനേകം മഹ്ദിമാരെപ്പറ്റി പൊതുവിൽ മുന്നറിയിപ്പ് നല്കിയിട്ടുമുണ്ടായിരുന്നു. അതിനാൽ, ആ പ്രസ്താ വനകളിൽ വ്യത്യാസങ്ങൾ ഉണ്ടായിരിക്കുകയെന്നത് സംഗതം മാത്ര മാണ്. പൊതുജനങ്ങൾ ആ പ്രസ്താവനകളെല്ലാം ഒരാളെ സംബ ന്ധിച്ചാണെന്ന് ധരിച്ചുപോയതാണ് തെറ്റ്. വാസ്തവത്തിൽ അവയെ ല്ലാം വ്യത്യസ്ത വ്യക്തികളെപ്പറ്റിയായിരുന്നു. അനുഭവങ്ങളുടെ വെ ളിച്ചത്തിൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന മറ്റൊരു കാരണമാ ണിത്. ഓരോ ജനതയ്ക്കും ഓരോ ജനവിഭാഗത്തിനും നന്മകളെ യെല്ലാം തങ്ങളുമായി ബന്ധപ്പെടുത്തുവാൻ അഭിലാഷമുണ്ടായിരി

ക്കും. അങ്ങനെ നബി(സ) തിരുമേനി തന്റെ ഉമ്മത്തിൽനിന്നും ഒരു മഹ്ദി ജനിക്കുമെന്ന് പ്രവചിച്ചപ്പോൾ മുസ്‌ലിം സമുദായത്തിലെ എല്ലാ വിഭാഗങ്ങൾക്കും ആ മഹ്ദി തങ്ങളിൽ നിന്നായിരിക്കണമെന്ന ആഗ്രഹമുണ്ടായി. ഒരു സമുദായത്തിൽ എല്ലാവരും ദൈവഭക്തിയും ആത്മശുദ്ധിയുമുള്ളവരായിരിക്കുകയില്ല. മഹ്ദി തങ്ങളുടെവിഭാഗത്തിൽ നിന്നാണ് വരുകയെന്ന് തോന്നുമാറുള്ള ചില ഹദീഥുകൾ അവരിൽ ചിലർ കെട്ടിച്ചമച്ചു. മഹ്ദിയെ സംബന്ധിച്ചുള്ള ഹദീഥുകളിൽ ഇത്രയേറെ കുഴപ്പങ്ങൾ കാണുന്നതിനു ഇതാണ് കാരണം. എന്നാൽ, മഹ്ദി ഒരു പ്രത്യേക വിഭാഗത്തിൽ നിന്നായിരിക്കുമെന്നു സൂചിപ്പിക്കാതെ മുസ്‌ലിം സമുദായത്തിൽനിന്നുള്ള ഒരു വ്യക്തിയായിരിക്കുമെന്ന് മാത്രം കാണിക്കുന്ന ഹദീഥുകൾ തീർച്ചയായും സ്വീകാര്യയോഗ്യങ്ങളാണ്. കാരണം, അവ കൃത്രിമമാണെന്ന് വിചാരിക്കാൻ യാതൊരു ന്യായവുമില്ല. മഹ്ദി മുസ്‌ലിം സമുദായത്തിൽ നിന്നുള്ള ഒരു വ്യക്തിയായിരിക്കുമെന്ന് കാണിക്കുന്ന ഹദീഥുകൾ കെട്ടിച്ചമയ്ക്കേണ്ട ആവശ്യം ഒരാൾക്കും ഉണ്ടാവുകയില്ല. എന്നാൽ, മഹ്ദി ഏതെങ്കിലും പ്രത്യേക വിഭാഗത്തോട് ബന്ധപ്പെട്ട ആളായിരിക്കുമെന്ന് കാണിക്കുന്ന ഹദീഥുകളെപ്പറ്റി അവ പിന്നീട് നിർമ്മിച്ചു ചേർക്കപ്പെട്ടതാണെന്ന് സംശയിക്കാൻ ധാരാളം വഴിയുണ്ട്.

ഈ വ്യത്യാസങ്ങളുടെ വെളിച്ചത്തിൽ മഹ്ദിയെ ഏതെങ്കിലും ഒരു വംശത്തോട് ബന്ധിപ്പിക്കാതിരിക്കേണ്ടത് നമ്മുടെ കടമയാണ്. നബിതിരുമേനി തന്റെ ഉമ്മത്തിൽനിന്ന് അവസാനകാലത്ത് വരാനുള്ള ഒരു മഹ്ദിയെപ്പറ്റി പ്രവചിച്ചിട്ടുണ്ടെന്ന് മൊത്തത്തിൽ നാംവിശ്വസിച്ചുകൊണ്ടാൽ മതി. അതിലാണ് നമ്മുടെ നന്മ; അതാണ് നമുക്ക് സുരക്ഷിതമായ മാർഗ്ഗം. അഥവാ, മഹ്ദി, ഹദ്റത്ത് ഫാത്തിമയുടെ സന്താനങ്ങളിൽനിന്നായിരിക്കുമെന്ന് നാം വിശ്വസിക്കുകയും ഒടുവിൽ അദ്ദേഹം ഹദ്റത്ത് അബ്ബാസിന്റെ സന്താനങ്ങളിൽനിന്ന് വരികയും ചെയ്യുകയാണെങ്കിൽ നമ്മുടെ മുൻവിശ്വാസം നമുക്ക് വലിയൊരു മാർഗ്ഗതടസ്സമായിത്തീരുകയും തന്നിമിത്തം മഹ്ദിയെ സ്വീകരിക്കാൻ കഴിയാതെയാവുകയും ചെയ്യുന്നതാണ്. അതുപോലെത്തന്നെ, മഹ്ദി, ഹദ്റത്ത് അബ്ബാസിന്റെ സന്താനങ്ങളിൽനിന്നായിരുക്കുമെന്ന് നാം വിശ്വസിക്കുകയും അദ്ദേഹം ഹദ്റത്ത് ഫാത്തിമയുടെ സന്താനങ്ങളിൽനിന്നോ ഹദ്റത്ത് ഉമറിന്റെ സന്താനങ്ങളിൽനിന്നോ വരുകയും ചെയ്യുകയാണെങ്കിലും അദ്ദേഹത്തെ സ്വീകരിക്കാൻ നമുക്ക് സാധിക്കാതായേക്കും. അതിനാൽ, ചുരുങ്ങിയപക്ഷം

നമ്മുടെ വിശ്വാസത്തിന് രക്ഷയായിരിക്കാൻ വേണ്ടിയെങ്കിലും, മഹ്ദിയെ ഒരു പ്രത്യേക വംശവുമായി ബന്ധിപ്പിക്കാതെ ഹദ്‌റത്ത് മുഹമ്മദ് നബിയുടെ ഉമ്മത്തിൽനിന്ന്, തിരുമേനിയുടെ അനുയായിയും ദാസനുമായ ഒരാളായിരുക്കും അദ്ദേഹമെന്ന് മാത്രം നാം വിശ്വിസിക്കേണ്ടതാണ്. അങ്ങനെ വിശ്വസിച്ചാൽ നമുക്ക് ആപത്തൊന്നുംനേരിടാനില്ല. നബിതിരുമേനി യഥാർത്ഥത്തിൽ മഹ്ദിയെ ഏതെങ്കിലും വംശവുമായി ബന്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽത്തന്നെയും നമുക്കതൊരു തടസ്സമാവുകയില്ല. എന്തെന്നാൽ, ഏതൊരു വിഭാഗത്തിൽ നിന്നു അദ്ദേഹം വരുന്നതായാലും നബിതിരുമേനിയുടെ ഉമ്മത്തിൽനിന്നു തന്നെയായിരിക്കുമല്ലോ. ഒരു സംഗതി കൂടി നാം ഓർമ്മിക്കേണ്ടതുണ്ട്. മഹ്ദിയുടെയും അദ്ദേഹത്തിന്റെ പിതാവിന്റെയും നാമങ്ങളെക്കുറിച്ച് അഭിപ്രായവ്യത്യാസമുണ്ടെങ്കിലും പ്രബലമായ അഭിപ്രായം മഹ്ദിയുടെ പേർ മുഹമ്മദെന്നും അദ്ദേഹത്തന്റെ പിതൃനാമം അബ്ദുല്ലാഹ് എന്നും ആയിരിക്കുമെന്നതാണ്. ഈ അഭിപ്രായത്തിന് അനുകൂലമായി കാണപ്പെടുന്ന രിവായത്തുകൾ കേവലം ആക്ഷേപരഹിതമല്ലെങ്കിൽകൂടിയും സിദ്ധാന്തപരമായി കൂടുതൽ കനമുള്ളതാണ്. അതിനാൽ, അതിന് നാം മുൻഗണന നല്കുന്നത് ന്യായം മാത്രമായിരിക്കും. എന്നാൽ, ഈ സ്ഥിതിയിലും ഹദ്‌റത്ത് അഹ്മദിന്റെ വാദം ആക്ഷേപാർഹമാവുകയില്ല. കാരണം, നബിതിരുമേനി അവസാനകാലത്ത് മറ്റൊരു കൂട്ടർക്കുകൂടി ആദ്ധ്യാത്മികോദ്ധാരണം നല്കുമെന്നു സൂറഃജുമുഅയിലെ ***വ ആഖരീന മിൻഹും*** (അവരിൽനിന്നുള്ള മറ്റൊരു കൂട്ടരിലും) എന്ന വചനത്തിൽനിന്ന് മനസ്സിലാകുന്നുണ്ട്. അതിന്റെ ഉദ്ദേശ്യം അവസാനകാലത്ത് തിരുമേനിയുടെ ഒരു പരിപൂർണ്ണ പ്രതിരൂപം ജന്മമെടുക്കുമെന്നും തിരുമേനിയുടെ മാതൃകയിൽ ഒരു കൂട്ടർക്ക് ശിക്ഷണം നല്കുമെന്നുമാണ്. അതിനാൽ, ഞങ്ങൾ പറയുന്നത് മഹ്ദിയുടെ പേർ മുഹമ്മദെന്നും അദ്ദേഹത്തിന്റെ പിതാവിന്റെ പേർ അബ്ദുല്ലായെന്നും ആയിരിക്കുമെന്ന് നബിതിരുമേനി പറഞ്ഞതിന്റെ അർത്ഥം, മഹ്ദി ഒരു സ്വതന്ത്രവ്യക്തിയായിരിക്കയില്ലെന്നും മറിച്ച് സൂറഃജുമുഅയിൽ പ്രവചിച്ചവിധം നബിതിരുമേനിയുടെ ഒരു പരിപൂർണ്ണ പ്രതിരൂപമായിരിക്കുമെന്നുമാണ്. മഹ്ദിയുടെ പേരിനെ സംബന്ധിച്ച് 'മുഹമ്മദുബ്നു അബ്ദില്ലാഹ്' എന്ന് ഉപയോഗിക്കപ്പെട്ടതുകൊണ്ട് നബിതിരുമേനി ഉദ്ദേശിച്ചത് മഹ്ദിയുടെ മേൽവിലാസം പറഞ്ഞുകൊടുക്കുകയായിരുന്നില്ല. നേരെ മറിച്ച് മഹ്ദി തന്റെ പ്രതിരൂപമാണെന്നും മഹ്ദിയുടെ ആഗമനംതന്റെ ആഗമനംപോലെയാണെന്നും വെളിപ്പെടുത്തുകയായിരുന്നു. നബി

തിരുമേനിയുടെ ആ പദപ്രയോഗംതന്നെ ഇത് സൂചിപ്പിക്കുന്നുമുണ്ട്. എന്തെന്നാൽ ഹദീഥിൽ, പറഞ്ഞിട്ടുള്ളത് മഹ്ദിയുടെ പേർ മുഹമ്മ ദുബ്നുഅബ്ദില്ലാഹ് എന്നായിരിക്കുമെന്നല്ല, പ്രത്യുത

**یو اطئی اسمہٗ اسمی و اسم ابیہ اسم ابی**

മഹ്ദിയുടെ പേർ എന്റെ പേരിനും അദ്ദേഹത്തിന്റെ പിതാവി ന്റെ പേർ എന്റെ പിതാവിന്റെ പേരിനും യോജ്യമായിരിക്കും എന്നാ കുന്നു (മിശ്കാത്ത്).

ഈ വാചകത്തിന്റെ രീതിതന്നെ തിരുമേനിയുടെ ഉദ്ദേശ്യം എ ന്തായിരുന്നുവെന്ന് വെളിപ്പെടുത്തുന്നുണ്ട്.

നാം ഓർമ്മിക്കേണ്ട മറ്റൊരു സംഗതികൂടിയുണ്ട്- മഹ്ദിയുടെ വംശത്തെ സംബന്ധിച്ചുള്ള പ്രസ്താവനകളിൽ കൂടുതൽ ശരിയാ യിട്ടുള്ളത് അദ്ദേഹം നബിതിരുമേനിയുടെ 'അഹ്ലുബയ്ത്തി'ൽനി ന്നുള്ള ഒരാളായിരിക്കുമെന്നതാണ്. അതിനെതിരിൽ മറ്റുള്ള പ്രസ് താവനകളെല്ലാം ബലം കുറഞ്ഞവയാകുന്നു. കൂടാതെ മഹ്ദി അഹ് ലുബയ്ത്തിൽനിന്നുള്ള ഒരാളായിരിക്കുമെന്ന പ്രസ്താവന സ്വീക രിക്കുന്നതുകൊണ്ട് ഒരു ദോഷവും വരാനില്ല. എന്തെന്നാൽ ***വ ആഖരീന മിൻഹും*** എന്നുള്ള വചനമിറങ്ങിയപ്പോൾ സ്വഹാബ ത്തിന്റെ ചോദ്യത്തിനുത്തരമായി നബിതിരുമേനി, സൽമാനുൽഫാ രിസിയുടെ ചുമലിൽ കൈവെച്ചു കൊണ്ട്, സത്യവിശ്വാസം ലോക ത്തുനിന്ന് ഥുറയ്യാ നക്ഷത്രത്തിലേക്ക് ഉയർന്നുപോയാലും ഈ ഫാരിസികളുടെ കൂട്ടത്തിൽനിന്ന് ഒരാൾ അതിനെ മടക്കിക്കൊണ്ടു വരുന്നതാണെന്ന് പറഞ്ഞതായി നാം കണ്ടു കഴിഞ്ഞിരിക്കുന്നു(ബു ഖാരി). അതിന്റെ സാരം മഹ്ദി സൽമാനുൽ ഫാരിസിയുടെ വംശ ത്തിൽനിന്നുള്ള ഒരാളായിരിക്കുമെന്നാണ് സ്ഥാപിച്ചതെന്നാകുന്നു. മറ്റൊരു ഭാഗത്ത് അതേ സൽമാനുൽ ഫാരിസിയെപ്പറ്റി ***സൽമാനു മ്മിന്ന അഹ്ലുൽ ബയ്ത്ത്*** സൽമാൻ നമ്മിൽനിന്നുള്ള അഹ്ലുബയ്ത്താണെന്ന് അഹ്സാബ് യുദ്ധത്തിന്റെ സന്ദർഭത്തിൽ നബി(സ) തിരുമേനി പറഞ്ഞതായി നാം കാണുന്നു. (തബ്രി). അതിനാൽ, മഹ്ദിയെ സംബന്ധിച്ച് അഹ്ലുബയ്ത്ത് എന്ന പദമു പയോഗിച്ചിട്ടുള്ളത് ഹദ്റത്ത് അഹ്മദിന്റെ വാദത്തിന് എതിരാവു കയില്ല; നേരെമറിച്ചു, സഹായകമാവുകയേയുള്ളൂ. ഇത് മറക്കാൻ പാടില്ലാത്ത പ്രധാനപ്പെട്ട ഒരു സംഗതിയാണ്. അങ്ങനെ, വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദി ഹദീഥിൽ പറഞ്ഞതുപോലെ ഫാരിസി വംശ

ക്കാരനും സാധാരണ പ്രസ്താവനകൾ കാണിക്കുന്നതുപോലെ അഹ്ലുബയ്ത്തുകാരനുമായി.

'കൂടാതെ അദ്ദേഹം എന്നോടൊന്നിച്ച് എന്റെ കബറിൽ അട ക്കപ്പെടുന്നതാണ്' എന്ന് മസീഹ് മൗഊദിനെ സംബന്ധിച്ച് നബി തിരുമേനി പറഞ്ഞതായി നാം കാണുന്നു. ഈ വചനം തെളിയി ക്കുന്നതും ആദ്ധ്യാത്മികമായ അതേ ഐക്യത്തെത്തന്നെയാണ്. അങ്ങനെയല്ലെങ്കിൽ, നഊദുബില്ലാ, നബിതിരുമേനിയുടെ കബ്ർ ഏതെങ്കിലുമൊരു ദിവസം തുറക്കപ്പെടുമെന്നും അതിനകത്ത് മഹ്ദീ മസീഹ് അടക്കപ്പെടുമെന്നും സങ്കല്പിക്കുന്നത് എത്ര അസംബ ന്ധവും അഭിമാനഹീനവുമായിരിക്കും! അൽപമെങ്കിലും അഭിമാന മുള്ള ഒരു യഥാർത്ഥ മുസൽമാനു ഒരു നൊടിയിട നേരത്തേക്കു പോലും അത്തരമൊരു വിചാരം ഉൾക്കൊള്ളാൻ കഴിയുകയില്ല. സത്യമിതാണ്: മഹ്ദി തന്റെ പരിപൂർണ്ണ പ്രതിരൂപമായിരിക്കുമെന്നും മഹ്ദിയുടെ ആവിർഭാവം തന്റേതന്നെ ആവിർഭാവമായിരിക്കുമെ ന്നുമുള്ള കാര്യമാണ് നബിതിരുമേനിയുടെ പ്രസ്തുത വചനങ്ങ ളിലെല്ലാം സൂചിതമായിരിക്കുന്നത്.

ഈ പ്രാരംഭ പ്രസ്താവനയ്ക്കുശേഷം, മഹ്ദിയും മസീഹും വ്യത്യസ്ത വ്യക്തികളെല്ലന്നും പ്രത്യുത, ഒരേ വ്യക്തിയുടെ രണ്ട് വിഭിന്ന നിലയെ ആസ്പദിച്ചുള്ള രണ്ട് നാമങ്ങളാണെന്നും അല്ലാ ഹുവിന്റെ കൃപകൊണ്ട് ഞങ്ങൾ തെളിയിക്കാം. മസീഹും മഹ്ദിയും ഒരാളാണെന്നു കാണിക്കുന്ന ഒന്നാമത്തെ രേഖ മഹ്ദിയെന്ന പദ ത്തിന്റെ അർത്ഥമാണ്- മഹ്ദിയെന്ന പദം നബിതിരുമേനി ഒരു പ്ര ത്യേക നാമമായിട്ടല്ല, ഒരു ഗുണനാമമായിട്ടാണ് ഉപയോഗിച്ചിട്ടുള്ള ത്. മഹ്ദി എന്ന പദത്തിന്റെ അർത്ഥം നേർവഴി പ്രാപിച്ചവൻ എന്നാ കുന്നു. വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദിയെക്കുറിച്ചല്ലാതെയും നബി തിരുമേനി ഈ പദം പ്രയോഗിച്ചിട്ടുള്ളതായി ഹദീഥിൽ കാണുന്നു ണ്ട്. ഉദാഹരണമായി തന്റെ ഖലീഫമാരെ സംബന്ധിച്ച് നബിതി രുമേനി (ابوداؤد) **الخلفاء الراشدون المهديّين** മഹ്ദികളായ ഖലീഫമാർ എന്ന് പറഞ്ഞിട്ടുണ്ട് (അബൂദാവൂദ്, തിർമിദി). നബി തിരുമേനി യുടെ ഖലീഫമാരെല്ലാം മഹ്ദികളാണെന്നും ഇതിൽനി ന്നു വ്യക്ത മാകുന്നുണ്ട്. വാഗ്ദാനം ചെയ്യപ്പെട്ട മസീഹാണെങ്കിൽ, നബി തിരു മേനിയുടെ ഖലീഫമാരിൽ സവിശേഷ സ്ഥാനമലങ്കരിക്കുന്ന ആളാ ണ്. അതിനാൽ, അദ്ദേഹം എല്ലാവരിലും വലിയ മഹ്ദിയാകുന്നു. എല്ലാവരിലും വലിയ മഹ്ദിയായതുകൊണ്ട് വാഗ്ദാനം ചെയ്യപ്പെട്ട

മഹ്ദിയെന്നത് തീർച്ചയാണ്. അതുകൊണ്ട് മറ്റു ഖലീഫമാരും മഹ്ദി യാണെങ്കിലും അവരിൽ പ്രത്യേകമായി വാഗ്ദാനംചെ യ്യപ്പെട്ട ആൾ മസീഹും കൂടിയാണെന്ന് വ്യക്തമാകുന്നു.

നബിതിരുമേനി ഇപ്രകാരം പറയാറുണ്ടായിരുന്നുവെന്ന് ഹദീഥി ൽ രേഖപ്പെടുത്തിയിരിക്കുന്നു:

كيف تهلك امّة انا اوّلها و عيسى ابن مريم اٰخرها (كنزل العمال)

ഞാൻ ആരംഭത്തിലും ഈസബ്നുമർയം അവസാനത്തിലും ഉണ്ടായിരിക്കുന്ന ഒരു ജനം എങ്ങനെ നാശമടയാനാണ്? വീണ്ടും നബിതിരുമേനി പറഞ്ഞിരിക്കുന്നു:

خير هٰذه الامّة اوّلها و اٰخرها اوّلها فيهم رسول اللّه

و اٰخرها فيهم عيسى ابن مريم و بين ذالــــك فيج

اعوج ليسوا منّى ولســـــــــــت منهم (كنزل العمال)

ഈ ജനതയിൽ നല്ലവർ ആദ്യകാലത്തും അവസാനകാല ത്തും ഉള്ളവരാണ്. ആദ്യകാലത്തെ ജനങ്ങളിൽ അല്ലാഹുവിന്റെറസൂ ൽ തന്നെയുണ്ടായിരിക്കും; അവസാനകാലത്തെ ജനങ്ങളിൽ ഈസ ബ്നുമർയമും. അതിനിടയിലുള്ളവർ വക്രതയുള്ളവരായിരിക്കും. ഞാൻ അവരിൽ നിന്നുള്ളവനോ അവർ എന്നിൽ നിന്നുള്ളവരോ ആയിരിക്കുകയില്ല. (കൻസുൽ ഉമ്മാൽ, ജിൽദ് 7, ഭാഗം 2002).

അവസാനകാലത്ത് വരുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള മഹ് ദി, മസീഹിൽനിന്ന് വ്യത്യസ്തനായ ഒരാളായിരുന്നുവെങ്കിൽ രണ്ടാ ളെപ്പറ്റിയും അവർ അവസാനകാലത്ത് വന്ന് തന്റെ ഉമ്മത്തിന്റെ നേതൃത്വം വഹിക്കുമെന്ന് നബിതിരുമേനി പറയുമായിരുന്നു. എന്നാ ൽ, അങ്ങനെ ചെയ്യാതെ മസീഹിന്റെ പേർ മാത്രം പറയുകയാണ് ചെയ്തത്. മസീഹും മഹ്ദിയും ഒരേ ആളാണെന്ന് ഇതിൽനിന്ന് സ്പഷ്ടമാകുന്നു. അതുകൊണ്ടാണ് മസീഹിന്റെ പേർ മാത്രം പറ ഞ്ഞു നബിതിരുമേനി മതിയാക്കിയത്. ഇതു നല്ലതുപോലെ ആലോ ചിക്കേണ്ട ഒരു കാര്യമാണ്. മഹ്ദി, ഇമാമായിരിക്കുകയും മസീഹ് മഅ്മൂമായിരിക്കുകയും ചെയ്യുമെന്ന് പറയപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് ഉമ്മത്തിന്റെ പരിപാലനത്തെക്കുറിച്ച് പ്രതിപാദിച്ചിടത്ത് നബിതി രുമേനി മഅ്മൂമിന്റെ പേർ മാത്രം പറഞ്ഞുകൊണ്ടു ഇമാമിനെ ഉപേ

ക്ഷിച്ചു കളഞ്ഞത് ആശ്ചര്യകരമല്ലയോ? വീണ്ടും നോക്കുക, മറ്റൊരു ഹദീഥിൽ രണ്ടു കൂട്ടർ മാത്രമാണ്.* സന്മാർഗം പ്രാപിച്ചവരും നല്ലവരുമെന്ന് നബിതിരുമേനി പറഞ്ഞിരിക്കുന്നു- ഒരു കൂട്ടർനബിതിരുമേനിയിൽനിന്നു നേരിട്ടു ജ്ഞാനം നേടിയവരും മറ്റൊരുകൂട്ടർ മസീഹ് മൗഊദിന്റെ അനുയായികളും. എന്നാൽ, മഹ്ദിയുടെ അനുയായികളെപ്പറ്റി സൂചിപ്പിക്കുകപോലും ചെയ്യുന്നില്ല. മറിച്ച് ആ രണ്ടുകൂട്ടർക്കും ഇടയിലുള്ളവർ വക്രതയുള്ളവരും വഴിപിഴച്ചവരുമായിരിക്കുമെന്നു പറയുകയും ചെയ്തിരിക്കുന്നു. മഹ്ദി, മസീഹിൽനിന്ന് വ്യത്യസ്തനായ ഒരു വ്യക്തിയല്ലെന്നും രണ്ട് അവസ്ഥകളെ മുൻനിറുത്തി രണ്ട് നാമങ്ങൾ നല്കപ്പെട്ട ഒരേ ആളാണെന്നും ഇതുകൊണ്ട് സ്ഥാപിതമാകുന്നു.

പോരെങ്കിൽ ഹദീഥിൽ മസീഹ് മൗഊദിനു എന്തൊരു കർത്തവ്യം ന്ശ്ചയിക്കപ്പെട്ടിരിക്കുന്നുവോ മിക്കവാറും അതേ കർത്തവ്യം തന്നെയാണ് മഹ്ദിക്കും ന്ശ്ചയിക്കപ്പെട്ടിരിക്കുന്നത്. മസീഹും മഹ്ദിയും ഒരാളാണെന്നതിന് ഇതും ഒരു തെളിവാകുന്നു. കൂടാതെ, വരാനിരിക്കുന്ന മസീഹിന്റെയും മഹ്ദിയുടെയും രൂപാകൃതിയും ഹദീഥിൽ വിവരിക്കപ്പെട്ടിരിക്കുന്നതു ഒന്നുതന്നെയാണ് (മുസ്നദ് അഹ്മദ്). അപ്പോൾ അവർ രണ്ടു വ്യത്യസ്ത വ്യക്തികളാകുന്നതെങ്ങനെ? കൂടാതെ സത്യവാനായ ഒരു ഖലീഫ ജീവിച്ചിരിക്കുമ്പോൾ മറ്റൊരാൾ ഖിലാഫത്തുവാദം പുറപ്പെടുവിക്കുകയാണെങ്കിൽ രണ്ടാമത്തെ ആളെ കൊന്നുകളയണമെന്നും ഹദീഥിൽ പറഞ്ഞിട്ടുണ്ട് അതിന്റെ സാരം യുദ്ധസ്ഥിതിയിലാണെങ്കിൽ അയാളെ എതിർത്തു കൊല്ലുകയും അല്ലാത്ത അവസ്ഥയിലാണെങ്കിൽ മരിച്ചവരെപ്പോലെ കണക്കാക്കി അയാളുമായുള്ള ബന്ധം വേർപ്പെടുത്തുകയും ചെയ്യണമെന്നാണ്. ഈ ഉപദേശത്തിന്റെ വെളിച്ചത്തിൽ ഒരേ സമയത്ത് രണ്ട് ഖലീഫമാരുണ്ടാകുമെന്നു എങ്ങനെ വിശ്വസിക്കാൻ സാധിക്കും? ഇസ്ലാമികാദ്ധ്യാപനമനുസരിച്ച് ഒരു സമയത്ത് ഒരു ഇമാം

* ഈ രണ്ടുകൂട്ടരാണ് വിശുദ്ധഖുർആനിലെ സൂറഃജുമുഅയിലും സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹു പറയുന്നത് കാണുക: "അല്ലാഹുവാണ് അക്ഷരജ്ഞാനമില്ലാത്ത അറബികളുടെ ഇടയിൽ അവരിൽനിന്നുതന്നെയുള്ള ഒരു റസൂലിനെഎഴുന്നേല്പിച്ചത്. ആ ദൂതൻ അവർക്ക് അല്ലാഹുവിന്റെ വചനങ്ങൾ ഓതിക്കേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും ഗ്രന്ഥവും തത്ത്വശാസ്ത്രവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു. അതിനു മുമ്പേ അവർ പ്രത്യക്ഷമായ വഴികേടിലായിരുന്നു. (അതുപോലെതന്നെ) അവരോട് ചേർന്നിട്ടില്ലാത്ത ഒടുവിലത്തെ ജനങ്ങളിൽനിന്നും ആ റസൂലിനെ (ഒരു പ്രതിപുരുഷന്റെ രൂപത്തിൽ) എഴുന്നേല്പിക്കുന്നതാണ്" (62:3,4).

മാത്രമേ ഉണ്ടാവാൻ പാടുള്ളൂ. മസീഹും മഹ്ദിയും രണ്ട് വ്യത്യസ്ത വ്യക്തികളല്ലെന്നും നേരെമറിച്ച്, അവസാനകാലത്ത് നബിതിരുമേനിയുടെ ഖലീഫയായിരിക്കുന്ന ഒരേ വ്യക്തിയുടെ രണ്ട് പേരുകളാണവ എന്നും ഉള്ളതിലേക്ക് ഇതും ഒരു തെളിവാണ്.

ഇതുവരെയും നാം തെളിവായി സ്വീകരിച്ചതു നിഗമനപ്രധാനങ്ങളായ രേഖകളാണ്. ഇനി മസീഹും മഹ്ദിയും ഒരാളാണെന്നു നബിതിരുമേനി സ്പഷ്ടമായി പറയുന്ന ഒരു ഹദീഥ് വായനക്കാരുടെ മുമ്പിൽ വെക്കാം. നബിതിരുമേനി പറയുകയാണ്:

لا مهدی الا عیسیٰ

വാഗ്ദത്ത മഹ്ദി ഈസായല്ലാതെ മറ്റാരുമല്ല.

എത്ര വ്യക്തവും സ്പഷ്ടവുമായ വാക്കുകൾ കൊണ്ടാണ് നബിതിരുമേനി മസീഹും മഹ്ദിയും രണ്ട് വ്യക്തികളല്ലെന്നും വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് തന്നെയാണ് വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദിയെന്നും വിധി കൽപിച്ചിരിക്കുന്നത്? നബി തിരുമേനിയിൽ വിശ്വാസമുള്ളവർക്കാർക്കും തിരുമേനിയുടെ ഈ വാക്കുകളുടെ മുമ്പിൽ തല കുനിക്കാതിരിക്കാൻ നിവൃത്തിയില്ല. പക്ഷേ, ഹൃദയത്തിൽ വക്രതയുള്ളവർ ആയിരമായിരം എതിർന്യായങ്ങൾ ഉന്നയിക്കും. അത്തരക്കാരോട് ഞങ്ങൾക്കൊന്നും പറയാനില്ല. നബിതിരുമേനിയുടെ വിധിക്ക് തലചായ്ക്കുന്നത് മോക്ഷമാണെന്ന പാഠം ആദ്ധ്യാത്മിക വിദ്യാലയത്തിൽനിന്ന് പഠിച്ചിട്ടുള്ള ആളുകളെ മാത്രമാണ് ഞങ്ങൾ അഭിസംബോധന ചെയ്യുന്നത്.

ഇനിയും, മസീഹ് മൗഊദ് ഇമാം മഹ്ദിയാണെന്ന് വ്യക്തമായി കാണിക്കുന്ന നബിതിരുമേനിയുടെ മറ്റൊരു ഹദീഥ് കൂടിയുണ്ട്. തിരുമേനി പറയുകയാണ്:

یوشک من عاش فیکم ان یّلقٰی عیسی ابن مریم اماماً مّهدیّاً

وحکمًا عدلاً فیکسر الصلیب و یقتل الخنزیر....... (مسند احمد)

لیتر کنّ القلاص فلا یسعٰی علیها (صحیح مسلم)

നിങ്ങളിൽ ഏതൊരുവൻ ജീവിച്ചിരിക്കുന്നുവോ അവൻ ഈസബ്നുമർയമിനെ കാണും - ഇമാം മഹ്ദിയും നീതിമാനായ വിധിക

ർത്താവുമായിട്ട്. അദ്ദേഹം കുരിശിനെ മുറിക്കുകയും പന്നിയെ കൊല്ലുകയും ചെയ്യും........

നോക്കുക. എത്ര സ്പഷ്ടമായ നിലയിലാണ് ഈസാനബി തന്നെയാണ് ഇമാംമഹ്ദിയെന്ന് നബിതിരുമേനി ഈ ഹദീഥിൽ പറഞ്ഞിരിക്കുന്നത്! എന്നാൽ, അൽഭുതം! നബിതിരുമേനിയുടെ പ്രബോധനത്തിൽ വിശ്വസിച്ചതിനാൽ ഇന്ന് ഞങ്ങളെ കാഫിറെന്നും മുർത്തദ്ദെന്നും അവർ വിളിച്ചുകൊണ്ടിരിക്കുന്നു! അതേ സമയം നബിതിരുമേനിയുടെ അധ്യാപനങ്ങളെ കീറക്കടലാസ്സ് പോലെ അവർ അവഗണിക്കുകയും ചെയ്യുന്നു! കഷ്ടം!

മസീഹും മഹ്ദിയും ഒരാളാണെന്ന് മേൽകാണിച്ച രേഖകൾ കൊണ്ടു സൂര്യപ്രകാശം പോലെ തെളിയുന്നുണ്ട്. അവർ വ്യത്യസ്ത വ്യക്തികളല്ലെന്ന് സംശയത്തിനിടയില്ലാത്തവിധം വ്യക്തമായി നബി തിരുമേനി പറഞ്ഞിരിക്കെ, അവർ വ്യത്യസ്ത വ്യക്തികളാണെന്ന് മുസ്‌ലിംകൾ വിശ്വസിക്കാൻ കാരണമെന്തെന്ന് ചോദിക്കാം. അതിനുള്ള സമാധാനമിതാണ്: ഈസാനബി ജീവനോടുകൂടി ആകാശത്തിലേക്ക് ഉയർത്തപ്പെട്ടിരിക്കയാണെന്നും അദ്ദേഹം അവസാന കാലത്ത് ഭൂമിയിലേക്ക് ഇറങ്ങിവരുമെന്നുമുള്ളത് മുസ്‌ലിംകളുടെ പൊതുവിശ്വാസമായിത്തീർന്നു. അതേ സമയത്ത് മഹ്ദിയെ സംബന്ധിച്ച അവരുടെ ഏകകണ്ഠമായ വിശ്വാസം അദ്ദേഹം മുസ്‌ലിം സമുദായത്തിൽ നിന്നുതന്നെയുള്ള ഒരാളായിരിക്കുമെന്നാണ്. അതിനാൽ, ഈസാനബി ആകാശത്തു നിന്ന് ഇറങ്ങി വരുമെന്ന തെറ്റായ വിശ്വാസത്തിൽ മുസ്‌ലിംകൾ നില്ക്കുന്നിടത്തോളം മസീഹും മഹ്ദിയും ഒരാളാണെന്ന് സമ്മതിക്കാൻ  അവർക്ക് സാധിക്കുകയില്ല. ഈസാനബിയെ സംബന്ധിച്ചുള്ള തെറ്റായ വിശ്വാസം അവർ കൈയ്യൊഴിക്കുകയും അദ്ദേഹം മരിച്ചു പോയെന്ന് സമ്മതിക്കുകയുംചെയ്യുകയാണെങ്കിൽ വാഗ്ദാനം ചെയ്യപ്പെട്ട മസീഹും മഹ്ദിയും ഒരാളാണെന്ന് വിശ്വസിക്കുക അവർക്ക് എളുപ്പമായിരിക്കും. എന്നാൽ, ഭൂമിയിൽനിന്ന് ജനിക്കുന്ന ആളും ആകാശത്തുനിന്ന് ഇറങ്ങിവരുന്ന ആളും ഒന്നാണെന്ന് വിശ്വസിക്കുക സാധ്യമല്ല. ഒരാൾക്ക് രണ്ട് വ്യത്യസ്ത പേരുകൾ നല്കാൻ കാരണമെന്തെന്ന് മുമ്പേ വിവരിച്ചുകഴിഞ്ഞിരിക്കയാൽ ഇവിടെ അത് ആവർത്തിക്കേണ്ടതില്ല. ചുരുക്കത്തിൽ, വരാനിരിക്കുന്ന ആൾ വിവിധോദ്ദേശ്യത്തോടു കൂടിയാണ് വരേണ്ടത്. ആ ഉദ്ദേശ്യങ്ങളിൽ പ്രധാനപ്പെട്ടത് രണ്ടാകുന്നു– കുരിശിന്റെ ഖണ്ഡനവും മുസ്‌ലിം സമുദായത്തിന്റെ ഉദ്ധാരണവും. അതിനാൽ

കുരിശിനെ മുറിക്കുന്ന ആൾ എന്ന നിലയിൽ അദ്ദേഹത്തിനു ഈസാ മസീഹെന്നും മുസ്‌ലിം സമുദായത്തിന്റെ ഉദ്ധാരകൻ എന്നനിലയിൽ മഹ്ദി എന്നും പേർ നൽകപ്പെട്ടു.

മസീഹ് ഇറങ്ങുന്നതിനു മുമ്പേ മഹ്ദി ലോകത്ത് ആവിർഭവിക്കുമെന്നും മഹ്ദി, ഇമാമും മസീഹ് മഅ്മൂമും ആകുമെന്നും മറ്റും ഹദീഥിൽ പറഞ്ഞിരിക്കുന്നതുകൊണ്ട് മസീഹും മഹ്ദിയും രണ്ട് വ്യത്യസ്ത വ്യക്തികളാണെന്ന് വ്യക്തമാകുന്നുണ്ടെന്ന് ചിലർ പറയുന്നുണ്ട്. അവരുടെ ഈ അനുമാനം ശരിയല്ല. എന്തെന്നാൽ, മസീഹിന്റെ കാലത്ത് മറ്റൊരു മഹ്ദിയുണ്ടാവാൻ പാടില്ലെന്ന് ശക്തിമത്തായ രേഖകളാൽ സ്ഥാപിതമായിരിക്കുമ്പോൾ മേൽപറഞ്ഞ വചനങ്ങൾ അതിന്റെ ബാഹ്യാർത്ഥത്തിൽ സ്വീകരിക്കാൻ സാധിക്കുകയില്ല. തീർച്ചയായും മറ്റു വ്യക്തമായ ഹദീഥുകൾക്കു വിരുദ്ധമല്ലാത്ത ഒരർത്ഥം അതിനു നല്കേണ്ടി വരും. ഈ യാഥാർത്ഥ്യം മുൻനിറുത്തി നോക്കുകയാണെങ്കിൽ വിഷമമൊന്നുമുണ്ടാവുകയില്ല. എന്തെന്നാൽ, വാഗ്ദാനം ചെയ്യപ്പെട്ട ആൾ മഹ്ദിയെന്ന പദവിയിൽ നബി തിരുമേനിയുടെ സദൃശനും പ്രതിരൂപവുമാണ്. ആ സ്ഥിതിയ്ക്ക് അദ്ദേഹത്തിന്റെ മഹ്ദവിയ്യത്തിന്റെ ഗുണം മസീഹിയ്യത്തിന്റെ ഗുണത്തേക്കാൾ മികച്ചതാണെന്ന് സംശയിക്കാനെന്തുണ്ട്? ഈ നിലപാടിനെയാണ് ആലങ്കാരികമായി മഹ്ദി, ഇമാമും മസീഹ് മഅ്മൂമും ആയിരിക്കുമെന്ന വചനത്തിൽ പ്രകാശിപ്പിച്ചിട്ടുള്ളത്. ഒന്നുകൂടി വ്യക്തമാക്കിപ്പറയുകയാണെങ്കിൽ, വാഗ്ദാനം ചെയ്യപ്പെട്ട ആളുടെ മഹ്ദവിയ്യത്തിന്റെ പദവി മസീഹിയ്യത്തിന്റെ പദവിയുടെ മുന്നിലായിരിക്കുമെന്നും അദ്ദേഹത്തിന്റെ മസീഹിയ്യത്തുഗുണം മഹ്ദവിയ്യത്തു ഗുണത്തെ അനുഗമിക്കുമെന്നും സാരം. മഹ്ദി ആദ്യം വരുമെന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം വാഗ്ദാനം ചെയ്യപ്പെട്ട പരിഷ്കർത്താവ് മഹ്ദിയെന്ന പദവിയിൽ ആദ്യം വെളിപ്പെടുമെന്നും മസീഹിയ്യത്തുവാദം പിന്നീടു പുറപ്പെടുവിക്കുമെന്നുമാണ്. അതനുസരിച്ച് ഹദ്റത്ത് അഹ്മദ്(അ) ആദ്യം പതിനാലാം നൂറ്റാണ്ടിലെ മുജദ്ദിദാണെന്ന വാദം മാത്രം - അതാണ് മഹ്ദവിയ്യത്തിന്റെ സ്ഥാനം - പുറപ്പെടുവിക്കാനും അവിടെന്ന് എത്രയോ കൊല്ലങ്ങൾ കഴിഞ്ഞതിനുശേഷം മസീഹ് മൗഊദ് എന്ന വാദം ചെയ്യുവാനും അല്ലാഹു ഇടയാക്കി. സത്യാന്വേഷകർക്ക് ഇത് ഗ്രഹിക്കാവുന്നതേയുള്ളൂ.

മേൽപറഞ്ഞ വിവരണത്തിൽനിന്ന് താഴെ പറയുന്ന സംഗതികൾ തെളിയുന്നു. ഒന്നാമത്, മഹ്ദിയെ സംബന്ധിച്ചുള്ള പരസ്പര

വിരുദ്ധങ്ങളായ പ്രസ്താവനകൾ ദ്യോതിപ്പിക്കുന്നത്, ഒന്നുകിൽ നബിതിരുമേനി പല മഹ്ദികളെ സംബന്ധിച്ച് പ്രവചനം ചെയ്യുകയും നിർഭാഗ്യത്തിൽ അതെല്ലാം ഒരാളെപ്പറ്റിയാണെന്ന് തെറ്റിദ്ധരിക്കപ്പെടുകയും ചെയ്തിരിക്കുന്നുവെന്നോ, അല്ലെങ്കിൽ ഇതു സംബന്ധിച്ചുള്ള ഹദീഥുകളിൽ ചിലത് തെറ്റും നിർമ്മിതങ്ങളും ആണെന്നോ ആണ്. വാസ്തവത്തിൽ, നബിതിരുമേനി പല മഹ്ദികളെക്കുറിച്ചും പ്രവചിച്ചിട്ടുണ്ടെന്നും മഹ്ദിയെ സംബന്ധിച്ചുള്ള ചില ഹദീഥുകൾ നിർമ്മിതങ്ങളാണെന്നുള്ളതും ശരിയാണ്. രണ്ടാമത്, മസീഹ് മൗഊദിന്റെ കാലത്ത് വേറൊരു മഹ്ദി ഉണ്ടാവുകയില്ലെന്നും മസീഹിനെയും മഹ്ദിയെയും സംബന്ധിച്ച വാഗ്ദാനം ഒരേ വ്യക്തിയുടെ ആവിർഭാവത്തിൽ പൂർത്തിയാകുമെന്നും സ്ഥാപിതമായിരിക്കുന്നു.

ഇനി മഹ്ദിയെ സംബന്ധിച്ച് പരിഹരിക്കപ്പെടേണ്ട സംശയം ഒന്നു മാത്രമേയുള്ളൂ അതിനു പ്രതിപാദ്യപ്രശ്നവുമായി ബന്ധമില്ലെങ്കിലും മഹ്ദി മസീഹിനെ തിരിച്ചറിയുന്ന മാർഗ്ഗത്തിൽ അത് വലിയൊരു പ്രതിബന്ധമാണ്. അത് അകറ്റിക്കഴിഞ്ഞാൽ പിന്നെ മഹ്ദിയെ സംബന്ധിച്ചു ഒരു സംശയവും ബാക്കിയുണ്ടാവുകയില്ല. അതിനാൽ, മഹ്ദിയെപ്പറ്റിയുള്ള ചർച്ച പൂർത്തിയാകുന്നതിനുവേണ്ടി ആ സംശയത്തിനുള്ള ഉത്തരവും ഇവിടെ ചേർത്തുകൊള്ളാം. വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദി വാളുമായി വന്ന് അവിശ്വാസികളെയെല്ലാം കൊന്നൊടുക്കുമോ, അതോ സമാധാനത്തോടു കൂടി വെളിപ്പെട്ട് യുക്തിവാദമാകുന്ന വാളാൽ ഇസ്ലാമിനെ വിജയിപ്പിക്കുമോഎന്നതാണ് ആ സംശയം. മഹ്ദി എല്ലാ അവിശ്വാസികളുമായി പടവെട്ടുമെന്നും അദ്ദേഹം 'ജിസ്യ' സ്വീകരിക്കുകയില്ലെന്നും അവിശ്വാസികൾക്ക് ഒന്നുകിൽ ഇസ്ലാം മതം സ്വീകരിക്കുകയോ അല്ലെങ്കിൽ വാളിന്നിരയാവുകയോ ചെയ്യേണ്ടി വരുമെന്നുമാണ് ഈ കാലത്തെ മുസ്ലിംകൾ പൊതുവിൽ വിശ്വസിച്ചു വരുന്നത്. എന്നാൽ, ഞങ്ങളുടെ അഭിപ്രായത്തിൽ ഈ വിശ്വാസം തെറ്റാണെന്നു മാത്രമല്ല, ഇസ്ലാമിന് ദുഷ്ക്കീർത്തിയുണ്ടാക്കുന്നത് കൂടിയാണ്.

## മഹ്ദി വാളെടുത്തു യുദ്ധം ചെയ്യില്ല

ഇതു സംബന്ധിച്ച് ശരിയായൊരു തീരുമാനത്തിലെത്തുന്നതിനുവേണ്ടി നാം വിശുദ്ധഖുർആനിലേക്ക് നോക്കുകയും വിശ്വാസകാര്യത്തിൽ ആയുധം പ്രയോഗിക്കാൻ അത് അനുവാദം തരുന്നുണ്ടോ?

ഇസ്‌ലാമികാദ്ധ്യാപനമനുസരിച്ച് ജനങ്ങളെ നിർബന്ധിച്ച് ഇസ്‌ലാം മതം വിശ്വസിപ്പിക്കുന്നത് ശരിയാണോ? എന്ന് പരിശോധിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ജനങ്ങളെ നിർബന്ധപൂർവ്വം ഇസ്‌ലാമിൽ പ്രവേശിപ്പിക്കുന്നത് അനുവദനീയമാണെങ്കിൽ മാത്രമേ മഹ്ദി, ഇസ്‌ലാംമതപ്രചാരണത്തിനുവേണ്ടി വാളെടുക്കുമെന്ന കാര്യത്തെ കുറിച്ച് നാം ചിന്തിക്കേണ്ടതുള്ളൂ. നേരെ മറിച്ച്, വിശ്വാസ കാര്യത്തിൽ നിർബന്ധം പാടില്ലെന്നും ആയുധമുപയോഗിച്ചു ജനങ്ങളെ ഇസ്‌ലാമിൽ പ്രവേശിപ്പിക്കുന്നത് അനുവദനീയമല്ലെന്നുമാണ് ഇസ്‌ലാം പഠിപ്പിക്കുന്നതെങ്കിൽ അതോടുകൂടി ബലം പ്രയോഗിച്ച് മതം പ്രചരിപ്പിക്കുന്ന മഹ്ദിയുടെ പ്രശ്നം അവസാനിക്കുന്നതാണ്. വിശ്വാസ കാര്യത്തിൽ നിർബന്ധം അനുവദനീയമല്ലെങ്കിൽ, ജനങ്ങളെ നിർബന്ധിച്ച് ഇസ്‌ലാമിൽ പ്രവേശിപ്പിക്കുന്ന ഒരു പരിഷ്ക്കർത്താവ് വരുന്നതു എങ്ങനെ സാധ്യമാവും? ഇനി നമുക്ക് വിശുദ്ധ ഖുർആനിലേക്ക് ഒന്നു എത്തിനോക്കാം. ഖുർആൻ പറയുന്നു:

لَآ إِكْرَاهَ فِى ٱلدِّينِ ۖ قَد تَّبَيَّنَ ٱلرُّشْدُ مِنَ ٱلْغَىِّ ۚ

മതത്തിൽ ഒരു വിധത്തിലുള്ള ബലപ്രയോഗവുമില്ല. തീർച്ചയായും സന്മാർഗം ദുർമാർഗ്ഗത്തിൽനിന്നും വ്യതിരിക്തമായിരിക്കുന്നു.

മതകാര്യത്തിൽ നിർബന്ധം അനുവദനീയമല്ലെന്ന് ഈ വാക്യത്തിൽ അല്ലാഹു സ്പഷ്ടമായി വിധിച്ചിരിക്കുന്നു. വിശുദ്ധ ഖുർആൻ, വാദങ്ങളോടൊപ്പം തന്നെ രേഖകളും ഉന്നയിക്കുക പതിവാണ്. അതുകൊണ്ട്, നിർബന്ധം അനുവദനീയമല്ല എന്നു പറഞ്ഞതോടുകൂടി അതിന് കാരണമായി സത്യമാർഗ്ഗം ദുർമാർഗ്ഗത്തിൽനിന്നും വ്യതിരക്തമാണെന്നും, ശാന്തമായി ആലോചിക്കുന്നുവർക്കെല്ലാം സത്യമാർഗ്ഗം തിരിച്ചറിയാൻ കഴിയുമെന്നും പറഞ്ഞിരിക്കുന്നു. നോക്കുക, വിശുദ്ധഖുർആൻ എത്ര വിശിഷ്ടവും വ്യക്തവുമായ രേഖയാണ് നല്കിയിരിക്കുന്നത്. അദ്ധ്യാപനം ന്യൂനമായിരിക്കുകയും സ്വന്തം മേൻമയുടെ ശക്തിയാൽ ജനഹൃദയങ്ങളിൽ പ്രവേശിക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്നിടത്താണ് നിർബന്ധം ആവശ്യമായിത്തീരുന്നത്. എന്നാൽ, വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളാവട്ടെ സൂര്യനെപ്പോലെ തെളിമയും ശോഭയുമുള്ളതാണ്. അൽപമെങ്കിലും ആലോചിക്കുന്ന ഏതൊരു മനുഷ്യനും സത്യം മനസ്സിലാക്കാൻ

കഴിയും. അതിനാൽ, അതും വിശ്വസിപ്പിക്കാൻ വേണ്ടി നിർബന്ധത്തിന്റെ മാർഗ്ഗം കൈക്കൊള്ളുന്നതു ഒരു വിധത്തിലും ശരിയല്ല. നല്ലതുപോലെ ആലോചിച്ചു നോക്കുക, ആയുധബലം കൊണ്ടു ജനങ്ങളെ ഇസ്‌ലാമിൽ പ്രവേശിപ്പിക്കുന്നതിന്റെ അർത്ഥം, ഇസ്‌ലാം അസത്യമാണെന്നും തന്നത്താൻ അതിന്റെ സത്യം ജനങ്ങളെക്കൊണ്ട് സമ്മതിപ്പിക്കത്തക്ക ശ്രേഷ്ഠത അതിനില്ലെന്നും അതിനാലാണ് നിർബന്ധം ആവശ്യമായിത്തീർന്നതെന്നും നാം പരസ്യമായി സമ്മതിക്കുന്നുവെന്നല്ലേ?

മറ്റൊരു കാര്യംകൂടി നാം നോക്കേണ്ടതുണ്ട്– നിർബന്ധത്തിന്റെ പരിധി മനുഷ്യന്റെ ശരീരത്തോളമാണ്. അതായത്, നിർബന്ധം വഴി മനുഷ്യന്റെ ആത്മാവിനെയും ചിന്തകളെയും സ്വാധീനിക്കാൻ കഴിയുകയില്ല. മതമാകട്ടെ, പ്രധാനമായും ഹൃദയവുമായി ബന്ധപ്പെട്ടതാണ്. കർമ്മങ്ങളും അതിൽ ഉൾപ്പെടുമെന്നത് നേരുതന്നെ. പക്ഷേ, കർമ്മം ആത്മമോക്ഷത്തിനുതകുന്ന ക്രമമാകണമെങ്കിൽ അത് ഹൃദയത്തിന്റെ പ്രചോദനത്താൽ അനുഷ്ഠിക്കുന്നവയായിരിക്കണം. അങ്ങനെയല്ലാതെ, ബാഹ്യമായ വല്ല പ്രേരണകൊണ്ടുണ്ടാവുകയും ഹൃദയം അതിനോട് യോജിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ, അത് മതത്തിൽ ഉൾപ്പെടുകയില്ലെന്നു മാത്രമല്ല, മതവുമായി അതിനു യാതൊരു ബന്ധമുണ്ടാവുന്നതുമല്ല. ഉദാഹരണമായി, അല്ലാഹുവിന്റെ മുമ്പിൽ സുജൂദ് ചെയ്യുന്നത് പരിശുദ്ധമായൊരു കർമ്മമാണ്. എന്നാൽ, ഒരാൾ നിരത്തിന്മേൽ നടന്നുകൊണ്ടിരിക്കേ കാലിടറി മുഖം കുത്തിവീഴുകയാണെങ്കിൽ കാഴ്ചയിൽ അയാളുടെ കിടപ്പു സുജൂദ് ചെയ്യുന്ന ഒരാളുടേതുപോലെയിരിക്കും. പക്ഷേ, മതപരമായ വീക്ഷണത്തിൽ അയാൾ ദൈവത്തിന്റെ മുമ്പിൽ സുജൂദ്ചെയ്യുന്നതായി കണക്കാക്കപ്പെടുകയില്ല. കാരണം, പ്രസ്തുത കർമ്മത്തോടുകൂടി ഹൃദയത്തിന്റെ പ്രേരണയും ഉദ്ദേശ്യവും ചേർന്നിട്ടില്ല. ആ അവസ്ഥ മറ്റൊരു കാരണത്താലുണ്ടായതാണ്. ഹൃദയത്തിന്റെ പ്രേരണകൊണ്ട്. ഉദ്ദേശ്യത്തോടുകൂടി ചെയ്യുന്ന കർമ്മങ്ങൾമാത്രമേ മതത്തിൽ ഉൾപ്പെടുകയുള്ളൂ. ***ഇന്നമൽ അഅ്മാലു ബിന്നിയ്യാത്***–മനോനിശ്ചയത്തോടുകൂടി ചെയ്യുന്ന പ്രവൃത്തികൾ മാത്രമാണ് മതകർമ്മം എന്ന് നബിതിരുമേനി വിധിക്കാൻ കാരണം ഇതാകുന്നു(ബുഖാരി). ഉദ്ദേശ്യവും മനോനിശ്ചയവുമില്ലെങ്കിൽ യാതൊരു കർമ്മവും യഥാർത്ഥ കർമ്മമാവുകയില്ല. നിർബന്ധം പ്രയോഗിച്ചു ആരെയെങ്കിലും ഇസ്‌ലാമിലോ മറ്റേതെങ്കിലും മതത്തിലോ പ്രവേ

ശിപ്പിക്കുക ഒരു വിധത്തിലും സാധ്യമല്ലെന്ന് ഇതിൽനിന്ന് തെളിയുന്നു. എന്തെന്നാൽ മതമെന്നു പറയുന്നത് ഹൃദയം സത്യപ്പെടുത്തുകയും നാവുകൊണ്ട് ഏറ്റു പറയുകയും ചെയ്യുന്ന കാര്യങ്ങൾക്കാണ്. ഇവരണ്ടും നിർബന്ധത്തിന്റെ ഫലമായി ഒപ്പം ഉണ്ടാവുകയില്ല. അതിനാൽ, നിർബന്ധംകൊണ്ട് ആരെയെങ്കിലും ഏതെങ്കിലും മതത്തിൽ പ്രവേശിപ്പിക്കുകയെന്ന കാര്യം ബുദ്ധിയിൽ അടങ്ങാത്തതാണ്. അതിനാലാണ്, ***ഇന്നമാ അലാ റസൂലിനൽ ബലാഗുൽ മുബീൻ***- നമ്മുടെ റസൂലിന്റെ കർത്തവ്യം സന്ദേശം വ്യക്തമായനിലയിൽ എത്തിക്കുക മാത്രമാണ് എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നത്. അതിനുശേഷം വിശ്വസിക്കുന്നതും വിശ്വസിക്കാതിരിക്കുന്നതും ജനങ്ങളെ സംബന്ധിച്ച കാര്യമാണ്. അത് റസൂലിനെ സംബന്ധിച്ച കാര്യമല്ല. അദ്ദേഹത്തിന്റെ പ്രവൃത്തി നല്ല നിലയിൽ ദൈവസന്ദേശം ജനങ്ങളെ അറിയിക്കുന്നതോടെ അവസാനിക്കുന്നു. മതകാര്യത്തിൽ നിർബന്ധം ചെലുത്തുന്നത് തെറ്റാണെന്ന് തെളിയിക്കുന്ന ഒരു രേഖകൂടിയുണ്ട്. ഇസ്‌ലാം കപടവിശ്വാസത്തെ കഠിനമായി വെറുക്കുകയും കപടവിശ്വാസിക്ക് അവിശ്വാസികളുടേതിനേക്കാൾ കവിഞ്ഞ ശിക്ഷ നിശ്ചയിക്കുകയും ചെയ്തിരിക്കുന്നുവെന്നതാണത്. വിശുദ്ധഖുർആൻ പറയുന്നത് നോക്കുക:

إِنَّ الْمُنٰفِقِيْنَ فِى الدَّرْكِ الْأَسْفَلِ مِنَ النَّارِ ۚ

കപടവിശ്വാസികൾ തീർച്ചയായും നരകത്തിന്റെ ഏറ്റവും അടിത്തട്ടിലായിരിക്കും (വി.ഖു. 4:146).

നിർബന്ധത്തിന്റെ ഫലമായി സത്യവിശ്വാസികളല്ല, കപടവിശ്വാസികളാണ് ഉണ്ടാവുകയെന്നത് പ്രത്യക്ഷമാണ്. എന്നിരിക്കെ, ഇസ്‌ലാം നിർബന്ധമതമാറ്റത്തിന് എങ്ങനെ അനുവാദം നില്കാനാണ്?

ഇപ്പോൾ ഇവിടെ മറ്റൊരു ചോദ്യമുത്ഭവിക്കുന്നു- വിശുദ്ധ ഖുർആൻ നിർബന്ധം അനുവദിക്കാതിരിക്കുകയും ആയുധപ്രയോഗത്താൽ ജനങ്ങളെ ഇസ്‌ലാമിൽ പ്രവേശിപ്പിക്കുന്നത് വ്യക്തമായി നിരോധിക്കുകയും ആണ് ചെയ്യുന്നതെങ്കിൽ നബിതിരുമേനി എന്തിനുവേണ്ടി വാളെടുത്തു യുദ്ധം ചെയ്തു? ഈ ചോദ്യത്തിന് ഉത്തരം കണ്ടുപിടിക്കുന്നതിനായി, ആയുധമെടുക്കാൻ മുസൽമാൻ മാർക്ക് ആദ്യമാദ്യം അനുവാദം നല്കിയ ഖുർആൻ വാകൃത്തിലേ ക്ക് ദൃഷ്ടി പതിപ്പിക്കേണ്ടിയിരിക്കുന്നു. അല്ലാഹു പറയുന്നതു നോക്കുക:

أُذِنَ لِلَّذِيْنَ يُقٰتَلُوْنَ بِاَنَّهُمْ ظُلِمُوْا ۗ وَاِنَّ اللّٰهَ عَلٰى
نَصْرِهِمْ لَقَدِيْرُ ۙ۝ الَّذِيْنَ اُخْرِجُوْا مِنْ دِيَارِهِمْ بِغَيْرِ
حَقٍّ اِلَّآ اَنْ يَّقُوْلُوْا رَبُّنَا اللّٰهُ ۗ وَلَوْلَا دَفْعُ اللّٰهِ النَّاسَ
بَعْضَهُمْ بِبَعْضٍ لَّهُدِّمَتْ صَوَامِعُ وَبِيَعٌ وَّصَلَوٰتٌ
وَّ مَسٰجِدُ يُذْكَرُ فِيْهَا اسْمُ اللّٰهِ كَثِيْرًا ۗ

ആക്രമിക്കപ്പെട്ടവർക്ക് തിരിച്ചും യുദ്ധം ചെയ്യാൻ അനുവാദം നല്കിയിരിക്കുന്നു. എന്തെന്നാൽ, നിശ്ചയമായും അവർ ദ്രോഹിതരാണ്; അല്ലാഹു അവർക്ക് സഹായം ചെയ്യാൻ ശക്തിയുള്ളവനത്രെ. അല്ലാഹുവാണ് ഞങ്ങളുടെ രക്ഷിതാവ് എന്നു പറഞ്ഞതൊഴികെ, മറ്റു കാരണമൊന്നുമില്ലാതെ അവർ അവരുടെ ഭവനങ്ങളിൽ നിന്ന് പുറത്താക്കപ്പെട്ടിരിക്കുന്നു; അല്ലാഹു ജനങ്ങളിൽ ചിലരെ മറ്റു ചിലരെ ദ്രോഹിക്കുന്നതിൽനിന്ന് തടയാതിരിക്കുകയാണെങ്കിൽ, സന്യാസി മഠങ്ങളും ക്രിസ്തീയദേവാലയങ്ങളും ജൂതപ്പള്ളികളും അല്ലാഹുവിന്റെ നാമം അധികമായി സ്മരിക്കപ്പെടുന്ന മുസ്‌ലിം പള്ളികളും നശിപ്പിക്കപ്പെടുന്നതാണ്.

അവിശ്വാസികൾക്കെതിരായി യുദ്ധം ചെയ്യാൻ മുസ്‌ലിംകൾക്ക് അനുവാദം നല്കിയ ഒന്നാമത്തെ ഖുർആൻ വാക്യമിതാണ്. ഈ വാക്യത്തിൽ അല്ലാഹു എത്ര വിശദമായാണ് യുദ്ധകാരണം വിവരിച്ചിരിക്കുന്നതെന്ന് നോക്കുക. അക്രമങ്ങൾ ഇല്ലാതായി മതസ്വാതന്ത്ര്യം സ്ഥാപിതമാവുക എന്നതാണത്. യുദ്ധത്തിൽ മുൻകൈയ്യെടുത്തത് മുസ്‌ലിംകളല്ലെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. അവിശ്വാസികൾ മുസ്‌ലിംകൾക്കെതിരായി വാളെടുക്കുകയും മുസ്‌ലിംകൾക്കു നേരെ വിവിധതരത്തിലുള്ള അക്രമങ്ങൾ നടത്തുകയും അവരെ അവരുടെ ഭവനങ്ങളിൽനിന്ന് പുറത്താക്കുകയും ചെയ്തപ്പോൾ മാത്രമാണ് ആത്മരക്ഷയ്ക്കുവേണ്ടി വിദ്രോഹികളായ ആ അവിശ്വാസികൾക്കെതിരായി വാളെടുക്കാൻ അല്ലാഹു അവർക്ക് അനുവാദം നല്കിയത്. മുസ്‌ലിംകൾ നീണ്ട പതിമൂന്ന് കൊല്ലങ്ങളോളം ക്ഷമ കൈക്കൊള്ളുകയും എല്ലാ വിധത്തിലുള്ള ദ്രോഹങ്ങളും ക്ലേശങ്ങ

ളും ധീരതയോടെ സഹിക്കുകയും ചെയ്തു. ഒടുവിൽ അവർ മക്കയിലെ അവിശ്വാസികളുടെ മർദ്ദനത്തിൽ നിന്ന് രക്ഷകിട്ടുന്നതിനുവേണ്ടി മക്കയിൽനിന്ന് മദീനയിലേക്ക് അഭയാർത്ഥികളായി പോയി. എന്നിട്ടും ശത്രുക്കൾ അവരെ ദ്രോഹിക്കുന്നതിൽനിന്ന് ഒഴിഞ്ഞുമാറിയില്ല. അവർ മദീനയെ ആക്രമിക്കാനൊരുങ്ങി. അപ്പോഴാണ്, എല്ലാ വിധത്തിലും നിർബന്ധിതരായി മുസ്‌ലിംകൾക്ക് വാളെടുക്കേണ്ടി വന്നത്. മുസ്‌ലിംകൾ വാളെടുത്തത് ജനങ്ങളെ നിർബ്ബന്ധിച്ച് ഇസ്‌ലാംമതത്തിൽ ചേർക്കാൻ വേണ്ടിയായിരുന്നു എന്നു പറയുന്നത് ഒരു പച്ച നുണയാണ്. യഥാർത്ഥത്തിൽ, ചരിത്രത്തിൽ തുല്യത കാണാൻ കഴിയാത്ത തരത്തിലുള്ള സഹനമാതൃകയാണ് അവർ കാണിച്ചിട്ടുള്ളത്. എന്നിരിക്കേ അവരുടെമേൽ നിർബന്ധത്തിന്റെയും അക്രമത്തിന്റെയും കുറ്റം ചുമത്തുന്നതിനേക്കാൾ വലിയ അന്യായം മറ്റെന്തുണ്ട്?

തുടക്കത്തിൽ അക്രമം തടയുന്നതിനും മതസ്വാതന്ത്ര്യം സ്ഥാപിക്കുന്നതിനും വേണ്ടിയായിരുന്നു മുസ്‌ലിംകൾ ആയുധമെടുത്തത്. പിന്നീട് ഒരു ഇസ്‌ലാമിക ഭരണം സ്ഥാപിതമായപ്പോൾ രാഷ്ട്രീയോദ്ദേശ്യത്തിനുവേണ്ടിയും ചില ഘട്ടങ്ങളിൽ അവർക്കു യുദ്ധം ചെയ്യേണ്ടിവന്നിട്ടുണ്ട്. എന്നാൽ, ഒരിക്കലുംതന്നെ ഒരാളെയും അവർ നിർബന്ധിച്ച് ഇസ്‌ലാംമതത്തിൽ പ്രവേശിപ്പിച്ചിട്ടില്ല. എന്നിരിക്കേ, മഹ്ദിയുടെ ആഗമനോദ്ദേശ്യം, മുഴുവൻ ലോകത്തെയും നിർബ്ബന്ധിച്ച് ഇസ്‌ലാംമതത്തിൽ പ്രവേശിപ്പിക്കുകയാണെന്ന് കരുതുന്നത് ആശ്ചര്യകരമല്ലയോ? അത്തരമൊരു മഹ്ദിയുടെ ആഗമനം ഇസ്‌ലാം മതത്തിന് അഭിമാനകരമായിരിക്കുമോ? ഒരിക്കലുമില്ല. ഇസ്‌ലാമിനു അഭിമാനകരം, യുക്തിന്യായങ്ങളാൽ മറ്റു മതങ്ങളുടെമേൽ അതിന്റെ വിജയം സ്ഥാപിക്കുന്നതിലാണ്. ഇസ്‌ലാമിന്റെ ശ്രേഷ്ഠതകൾ ജനങ്ങളുടെ മുമ്പിൽ വെച്ചുകൊടുത്തുകൊണ്ട്, ഇസ്‌ലാം ഒരു സജീവ മതമാണെന്നും ഭയഭക്തിയോടുകൂടി ആലോചിക്കുന്നവർക്കെല്ലാം സത്യം തിരിച്ചറിയാൻ കഴിയുമാറുള്ള തെളിവുകൾ അതിനുണ്ടെന്നും ജനങ്ങൾക്ക് കാണിച്ചു കൊടുക്കുന്നതിലാണ്.

വന്ന ഉടൻ തന്നെ യുദ്ധം ചെയ്യാൻ തുടങ്ങുകയും ജനങ്ങളെ നിർബന്ധിച്ച് മതപരിവർത്തനം ചെയ്യിക്കുകയും ചെയ്യുന്ന ഒരു മഹ്ദി ഇസ്‌ലാമികാദ്ധ്യാപനത്തിന്റെ വെളിച്ചത്തിൽ വരുക ഒരിക്കലും സാധ്യമല്ലെന്ന് മേൽപറഞ്ഞ രേഖകളിൽനിന്ന് സൂര്യപ്രകാശം പോലെ തെളിയുന്നു. ആലോചിച്ചു നോക്കുക. മഹ്ദി ഇസ്‌ലാമി

കാദ്ധ്യാപനത്തിന് വിധേയനായിരിക്കുകയില്ലേ? അദ്ദേഹത്തിന്റെ കാലത്ത് ഇസ്ലാമിക നിയമശാസ്ത്രം ദുർബ്ബലപ്പെട്ടുപോകുമോ? അതൊരിക്കലും സംഭവിക്കുകയില്ല. മഹ്ദി, ഇസ്ലാം മതത്തിന്റെ സേവകനായിട്ടു തന്നെയാണ് പ്രത്യക്ഷപ്പെടുക എന്ന കാര്യത്തിൽ സംശയമില്ല. അതാണ് വാസ്തവമെന്ന് വരുമ്പോൾ മതകാര്യത്തിൽ നിർബന്ധം അനുവദനീയമല്ലെന്ന ഇസ്ലാമിന്റെ അദ്ധ്യാപനങ്ങൾക്കെതിരിൽ അദ്ദേഹം അവിശ്വാസികൾക്കെതിരായി എങ്ങനെ യുദ്ധം ചെയ്യാനാണ്? അദ്ദേഹം അങ്ങനെ ചെയ്യുകയാണെങ്കിൽ ഒരു മതപരിഷ്ക്കർത്താവായിരിക്കുന്നതിനു പകരം ഇസ്ലാമികാദ്ധ്യാപനത്തെ തകിടം മറിക്കുകയും കുഴപ്പമില്ലാതാക്കുന്നതിന് പകരം ഉണ്ടാക്കുകയും ചെയ്യുന്ന ആളായിരിക്കും.

ആലോചനാർഹമായിട്ടുള്ള മറ്റൊരു സംഗതി കൂടിയുണ്ട്. മസീഹും മഹ്ദിയും ഒരേ വ്യക്തിയുടെ രണ്ട് നാമങ്ങളാണെന്ന് തെളിയുകയും മസീഹിനെ സംബന്ധിച്ച് അദ്ദേഹം യുദ്ധം ഇല്ലാതാക്കുന്ന ആളായിരിക്കുമെന്ന് ഹദീസിൽ പ്രസ്താവിക്കപ്പെട്ടിരിക്കുകയും ചെയ്യുമ്പോൾ മഹ്ദിക്ക് എങ്ങനെ വാളെടുത്തു യുദ്ധം ചെയ്യാൻ സാധിക്കും? വാഗ്ദാനം ചെയ്യപ്പെട്ട മസീഹിനെ സംബന്ധിച്ച് നബിതിരുമേനി പറയുന്നത് നോക്കുക:

**والّذی نفسی بیدہٖ لیوشکنّ ان یّنزل فیکم ابن مریم حکماً عدلاً**

**فیکسر الصّلیب ویقتل الخنزیر ویضع الحرب** (صحیح البخاری کتاب بدء الخلق)

ഏതൊരുവന്റെ കൈയിൽ എന്റെ ജീവനിരിക്കുന്നുവോ അവനാണെ! നീതിമാനായ വിധികർത്താവായി ഇബ്നുമർയം നിങ്ങളിൽ ഇറങ്ങുന്ന കാലം വരും; അദ്ദേഹം കുരിശുമുറിക്കുകയും പന്നിയെ കൊല്ലുകയും യുദ്ധം നിറുത്തുകയും ചെയ്യും.

നോക്കുക, ഈ ഹദീഥ് എത്ര സ്പഷ്ടമായാണ് നമുക്ക് കാണിച്ചു തരുന്നത്, മഹ്ദി ജനങ്ങളെ മതപരിവർത്തനത്തിന് നിർബന്ധിക്കുകയില്ലെന്നും അദ്ദേഹം മതയുദ്ധങ്ങളെ ഇല്ലാതാക്കുക കൂടി ചെയ്യുന്നതാണെന്നും. എന്നിട്ടും നമ്മുടെ മുസ്ലിം സഹോദരന്മാർ വിശുദ്ധ ഖുർആന്റെ അദ്ധ്യാപനത്തിനെതിരായി ഖഡ്ഗധാരിയായ ഒരുമഹ്ദിയെയാണ് പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്നത്. മഹ്ദി ഉറങ്ങുന്ന ആളുകളെ ഉണർത്തുകയോ ആരുടെയെങ്കിലും രക്തം ചിന്തുകയോ ചെയ്യാതെ കേവലം സമാധാനപരമായ മാർഗ്ഗത്തിൽക്കൂടി തന്റെ ജോ

ലി നിർവ്വഹിക്കുമെന്ന് വ്യക്തമാക്കുന്ന ഇബ്നുഹജറിന്റെ ഒരു നിവേദനം അല്ലാമഃ സിദ്ദീഖ് ഹസൻ സാഹിബ് അദ്ദേഹത്തിന്റെ ഹുജജുൽ കിറാമഃ എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുമുണ്ട്.

യുദ്ധം ചെയ്യുന്ന ഒരു മഹ്ദി വരികയില്ലെന്നും വരുന്ന മഹ്ദി സമാധാനത്തോടുകൂടി ജോലി ചെയ്യുന്ന ആളായിരിക്കുമെന്നും മുകളിൽ പറഞ്ഞ എല്ലാ രേഖകൾകൊണ്ടും തെളിയുന്നുണ്ട്. എന്നാൽ, ഇവിടെ സ്വാഭാവികമായി ഒരു സംശയത്തിനു വഴിയുണ്ട്. ഇസ്ലാം, മതകാര്യത്തിൽ നിർബന്ധം അനുവദിക്കാതിരിക്കുകയും നബിതിരുമേനി യുദ്ധം ചെയ്യുകയോ രക്തം ചിന്തുകയോ ചെയ്യുന്ന ഒരുമഹ് ദിയെപ്പറ്റി പ്രവചിക്കാതിരിക്കുകയും ചെയ്ത സ്ഥിതിക്ക് മുസ്ലിംകളിൽ അതിനെതിരായ വിശ്വാസം എങ്ങനെ കടന്നു കൂടി? അതിനുള്ള മറുപടി ഇതാണ്. ദൗർഭാഗ്യവശാൽ പ്രവചനങ്ങളുടെ ആന്തരാർത്ഥത്തെ അഗണ്യമാക്കിക്കൊണ്ട് ബാഹ്യമായ പദങ്ങളിൽ ഒട്ടിപ്പിടിക്കുകയെന്നത് പൊതു ജനങ്ങളുടെ സ്വഭാവമാണ്. ഉദാഹരണമായി, മസീഹ് വരുമ്പോൾ മഹത്തായ ഒരു യഹൂദഭരണത്തിന്റെ അസ്തിവാരമിടുമെന്ന് ബനൂഇസ്രായീലിനു വാഗ്ദാനം നല്കപ്പെട്ടിട്ടുണ്ടായിരുന്നു. (സെക്ര്യാവു: 9,10). എന്നാൽ, ഈസാനബി മസീഹാണെന്ന വാദം പുറപ്പെടുവിച്ചപ്പോൾ, ബലഹീനനും നിസ്സഹായനുമായ ഒരാളായിട്ടാണ് യഹൂദർ അദ്ദേഹത്തെകണ്ടത്. അദ്ദേഹം ഒരു ഭരണത്തിന്റെയും തറക്കല്ലിടാതെ സമാധാനത്തോടുകൂടി റോമൻ ഭരണത്തിനു കീഴിൽ തന്റെ ദൗത്യസന്ദേശം പ്രചരിപ്പിക്കാൻ തുടങ്ങുകയാണ് ചെയ്തത്. യഹൂദികളുടെ നൈരാശ്യത്തിന്റെ ആഴം നോക്കുക! ഒരു മഹത്തായ യഹൂദ സാമ്രാജ്യം സ്ഥാപിക്കുകയും തങ്ങളെ ആ സാമ്രാജ്യസിംഹാസനത്തിൽ അവരോധിക്കുകയും ചെയ്യുന്ന ഒരാളെയാണ് അവർ കാത്തിരുന്നത്. എന്നാൽ, മസീഹ് വന്നപ്പോൾ എന്തു സംഭവിച്ചു? അദ്ദേഹത്തിന്റെ വാമൊഴിതന്നെ കേൾക്കുക: കുറുനരികൾക്ക് കുഴികളും ആകാശത്തിലെ പറവകൾക്ക് കൂടുകളും ഉണ്ട്; മനുഷ്യപുത്രനോ തല ചായിപ്പാൻ ഇടമില്ല. ഇതേപ്രകാരത്തിൽത്തന്നെ മഹത്തായ ഒരു ഇസ്ലാമിക സാമ്രാജ്യത്തിന്റെ അസ്തിവാരമിടുകയും അവിശ്വാസികളെയെല്ലാം കൊന്നൊടുക്കുകയും ചെയ്യുന്ന യോദ്ധാവായ ഒരു മഹ്ദിയെ മുസ്ലിംകളും കാത്തിരിക്കുകയാണ്. എന്നാൽ, ബനൂഇസ്റായീലി ന്റെ എല്ലാ ആശകളും തകർന്നതുപോലെ ഇവരുടെ ആശയും തകരുക തന്നെ ചെയ്യും. അല്ലാഹുവിന്റെയും, റസൂലിന്റെയും വാഗ്ദാനത്തിനെതിരായി ആരെന്തുവിചാരിച്ചാലും അവയൊന്നും നിറവേറുകയില്ല.

യാഥാർത്ഥ്യമിതാണ് - വരാനിരിക്കുന്ന പരിഷ്ക്കർത്താവിന്റെ ആദ്ധ്യാത്മികാഭിവൃദ്ധിയെ പ്രത്യക്ഷപ്പെടുത്താനും ശത്രുക്കളുടെ എതിർപ്പിന്റെയും അദ്ദേഹത്തിന്റെ വിജയത്തിന്റെയും രൂപം ജനഹൃദയങ്ങളിൽ പതിപ്പിക്കുവാനുംവേണ്ടി ചിലപ്പോൾ യുദ്ധഭാഷയിൽ ആലങ്കാരികമായി സംസാരിക്കപ്പെടാറുണ്ട്. എന്നാൽ, ജനങ്ങൾ അജ്ഞത നിമിത്തം ആ വാക്കുകളുടെ ബാഹ്യാർത്ഥത്തിൽ പറ്റിപിടിച്ചു നില്ക്കുകയും ദിവ്യവാദിയെ അളക്കുവാൻ അവയെ മാനദണ്ഡമാക്കുകയും ചെയ്യുന്നു. ലൗകികമായ ഒരു സാമ്രാട്ടിന്റെ ആഗമനത്തിൽ മോക്ഷം പ്രതീക്ഷിക്കുമ്പോൾ അവർ കൂടുതലായി അന്ധന്മാരായിത്തീരുന്നു. സമാധാനത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു പരിഷ്ക്കർത്താവിനു എന്തു ചെയ്യാൻ സാധിക്കും? അദ്ദേഹത്തിന് അവരുടെ സാമ്പത്തിക സ്ഥിതി നന്നാക്കുവാനോ രാഷ്ട്രീയമായി അവരെ ഉദ്ധരിക്കുവാനോ കഴിയുകയില്ല. എന്നാൽ, യോദ്ധാവായ ഒരു പ്രവാചകനാണെങ്കിൽ അദ്ദേഹത്തിന് വളരെ എളുപ്പത്തിൽ അവരുടെ ഒഴിഞ്ഞ സഞ്ചികൾ നിറയ്ക്കുവാനും അവരെ ഭരണാധികാരികളാക്കിത്തീർക്കുവാനും സാധിക്കും. അതിനാൽ, മോഹനസുന്ദരമായ ഒരു പൂങ്കാവനത്തിൽ നിന്ന് പുറത്തേക്ക് വന്ന് കണ്ടക സങ്കീർണ്ണമായ മാർഗ്ഗത്തിൽ കാലുകുത്താൻ അവരെങ്ങനെ ഇഷ്ടപ്പെടും? എന്നാൽ, അവർ ആലോചിക്കുന്നില്ല- അല്ലാഹുവിന്റെ അടുക്കൽനിന്നുവരുന്ന പരിഷ്ക്കർത്താക്കളുടെ യഥാർത്ഥ ജോലി ആദ്ധ്യാത്മികോദ്ധാരണമാണെന്ന്. ആ പരിഷ്ക്കർത്താക്കൾ വന്ന ഉടൻതന്നെ വാളെടുത്തു യുദ്ധം തുടങ്ങുകയാണെങ്കിൽ അവരുടെ ആഗമനോദ്ദേശ്യംതന്നെ വിഫലമായിപ്പോകും. അതിനാൽ, വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദിയെ സംബന്ധിച്ച് ചില ഹദീഥുകൾ യുദ്ധഭാഷ ഉപയോഗിച്ചതിന് അദ്ദേഹം ഒരു സൈനിക ജനറലിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടും എന്നർത്ഥമില്ല. അതിന്റെ സാരം അസാധാരണമായ അടയാളങ്ങളോടുകൂടിയാണ് അദ്ദേഹത്തിന്റെ ആവിർഭാവമുണ്ടാവുക എ ന്നും ശത്രുക്കൾ മൃതപ്രായരായിത്തീരുമാറുള്ള രേഖകളും ദൃഷ്ടാ ന്തങ്ങളും ഇസ്‌ലാമിന്റെ സത്യം സ്ഥാപിക്കാൻവേണ്ടി അദ്ദേഹംകൊ ണ്ടുവരുമെന്നും മാത്രമാണ് .അതല്ലാതെ മറ്റൊരു അർത്ഥം അതിന് കൽപിക്കാൻ നിവൃത്തിയില്ല. ഇഷ്ടമുള്ളവർ സ്വീകരിച്ചു കൊള്ളട്ടെ.

ഹദ്റത്ത് അഹ്മദിന്റെ(അ) വാദം സ്വീകരിക്കുന്നതിന് പൊതുജനങ്ങൾക്ക് തടസ്സമായി നില്ക്കുന്ന ഏറ്റവും വലിയ തെറ്റായ രണ്ടു ധാരണകൾ ഞങ്ങളിപ്പോൾ നീക്കം ചെയ്തു കഴിഞ്ഞിരിക്കുന്നു.

അതായത്, ഈസാനബി സ്ഥൂലദേഹത്തോടും ജീവനോടും കൂടി ആകാശത്തിലേക്ക് പോവുകയല്ല, പ്രത്യുത ഭൂമിയിൽ വെച്ചു തന്നെ മരണം പ്രാപിക്കുകയാണ് ചെയ്തതെന്നും* ഏതൊരു മസീഹിന്റെ ആഗമനത്തെപ്പറ്റി ഈ ഉമ്മത്തിനു വാഗ്ദാനം നല്കപ്പെട്ടിരിക്കുന്നുവോ ആ മസീഹ് പുറത്തുനിന്നുള്ള ഒരാളായിരിക്കയില്ല, മറിച്ച് ഇതേ ഉമ്മത്തിൽനിന്നും നബിതിരുമേനിയുടെ ദാസൻമാരിൽ നിന്നുമുള്ള ഒരു വ്യക്തിയായിരിക്കുമെന്നും ഞങ്ങൾ തെളിയിച്ചിരിക്കുന്നു. രണ്ടാമതായി, വാഗ്ദാനം ചെയ്യപ്പെട്ട മസീഹിന്റെ കാലത്ത് അദ്ദേഹമല്ലാത്ത ഒരു മഹ്ദി ഉണ്ടാവുകയില്ലെന്നും മസീഹെന്നും മഹ്ദിയെന്നുമുള്ള പേരുകൾ ഒരേ വ്യക്തിക്കുള്ള രണ്ട് വ്യത്യസ്ത ഉദ്യോഗപദവികളെ മുൻനിറുത്തി നല്കപ്പെട്ടതാണെന്നും അതുകൊണ്ട് മസീഹും മഹ്ദിയും ഒരേ ആളാണെന്നും ഞങ്ങൾ സ്ഥാപിച്ചിരിക്കുന്നു കൂടാതെ, വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദി വാളെടുത്തു അവിശ്വാസികളുമായി യുദ്ധം ചെയ്യുകയും, കാരണം കൂടാതെ ലോകത്ത് ചോരപ്പുഴ ഒഴുക്കുകയും ചെയ്യുമെന്നുമുള്ള വിശ്വാസം തെറ്റാണെന്നും യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ വാൾ ദൃഷ്ടാന്തങ്ങളുടെ വാളും ആയുധം ആദ്ധ്യാത്മികതയുടെ ആയുധവും ആയിരിക്കുമെന്നും അദ്ദേഹം സമാധാനത്തോടുകൂടി പ്രവർത്തിക്കുകയും ദൃഷ്ടാന്തങ്ങളുടെ ശക്തികൊണ്ട് ഇസ്‌ലാമിനെ വിജയിപ്പിക്കുകയും ചെയ്യുമെന്നും ഞങ്ങൾ വ്യക്തമാക്കി. ഇനി നമുക്ക്, വാഗ്ദാനം ചെയ്യപ്പെട്ട മസീഹും മഹ്ദിയുമാണ് താനെന്ന ഹദ്റത്ത് അഹ്മദിന്റെ(അ) വാദം എത്രത്തോളം ശരിയും സ്വീകാര്യവുമാണ് എന്ന യഥാർത്ഥ പ്രശ്നത്തിലേക്ക് പ്രവേശിക്കാം.

---

* ഈസാനബി(അ) കുരിശുസംഭവത്തിൽനിന്ന് രക്ഷപ്പെട്ട് ഇന്ത്യയിലേക്ക് അഭയാർത്ഥിയായി വരികയും ഒടുവിൽ കശ്മീരിൽവെച്ച് നിര്യാതനാവുകയും ചെയ്തുവെന്നും ശ്രീനഗറിലെ ഖാൻയാർ മുഹല്ലയിൽ അദ്ദേഹത്തിന്റെ കബ്ർ ഇന്നും സ്ഥിതിചെയ്യുന്നുണ്ടെന്നും ഹദ്റത്ത് അഹ്മദ്(അ) ചരിത്രരേഖകളാൽ തെളിയിച്ചിട്ടുണ്ടെന്ന സംഗതി ഇവിടെ സ്മർത്തവ്യമാണ്. ഈ ഗ്രന്ഥകാരനും ആ കബ്ർ സന്ദർശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് കൂടുതൽ അറിയാൻ താൽപര്യമുള്ളവർ ഹദ്റത്ത് അഹ്മദി(അ)ന്റെ 'മസീഹ് ഹിന്ദുസ്ഥാൻമെ' 'റാസെ ഹഖീഖത്ത്' എന്നീ ഗ്രന്ഥങ്ങൾ നോക്കുക.

# 3. മഹ്ദീമസീഹിന്റെ അടയാളങ്ങൾ

ആദ്യമായി അടയാളങ്ങളെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാം. അതായത് വിശുദ്ധ ഖുർആനിൽനിന്നും ഹദീഥിൽനിന്നും വാഗ്ദത്ത മഹ്ദിയെക്കുറിച്ച് എന്തെല്ലാം അടയാളങ്ങൾ മനസ്സിലാകുന്നുവോ അവ മുഖേന ഹദ്റത്ത് അഹ്മദിന്റെ (അ) വാദങ്ങൾ നമുക്ക് പരിശോധിക്കാം.

മസീഹ് മൗഊദിന്റെ അടയാളങ്ങളെപ്പറ്റി അനേകം പ്രസ്താവനകൾ കാണുവാൻ കഴിയും. എന്നാൽ, ഇതു സംബന്ധിച്ച് ചിലർക്ക് ആപൽക്കരമായ ഒരു തെറ്റ് പറ്റിയിരിക്കുന്നു. അതിനാൽ ഇത് സംബന്ധിച്ച പ്രതിപാദനത്തിൽ എത്തുംപിടിയുമില്ലാതെ അനവധി ആശയക്കുഴപ്പങ്ങൾ ഉണ്ടായിരിക്കുന്നു. ഖിയാമത്തിനെ സംബന്ധിച്ച് പറയപ്പെട്ടിട്ടുള്ള അടയാളങ്ങളെല്ലാം മസീഹ് മൗഊദിനെ സംബന്ധിച്ചതാണെന്ന് ധരിച്ചുപോയി എന്നതാണത്. ഒന്നാമതായി, ഖിയാമത്തിനെ സംബന്ധിച്ച് പറയപ്പെട്ടിട്ടുള്ള അടയാളങ്ങളെല്ലാം മസീഹ് മൗഊദിന്റെയും അടയാളങ്ങളായിക്കൊള്ളണമെന്നുമില്ല. മസീഹ് മൗഊദ്, ഖിയാമത്തിന്റെ അതായത്, സാഅത്തിന്റെ ഒരു അടയാളമായിരിക്കുമെന്ന് പറയപ്പെട്ടിട്ടുള്ളത് നേരാണ്. എന്നാൽ, അതുകൊണ്ട് ഖിയാമത്തിന്റെ എല്ലാ അടയാളങ്ങളും മസീഹ് മൗഊദിന്റെകാലത്തുതന്നെ പ്രത്യക്ഷപ്പെട്ടു കൊള്ളണമെന്നുമില്ല. ചില അടയാളങ്ങൾ ഖിയാമത്തിനോട് അടുത്തും പ്രത്യക്ഷപ്പെടാവുന്നതാണ്. ചുരുക്ക ത്തിൽ, മസീഹ് മൗഊദ്തന്നെ ഖിയാമത്തിന്റെ ഒരു അടയാളമാണെങ്കിലും ഖിയാമത്തിന്റെ എല്ലാ അടയാളങ്ങളും മസീഹ് മൗഊദിന്റെ കാലത്ത് പ്രത്യക്ഷപ്പെടുമെന്ന് പ്രതീക്ഷിക്കുന്നതും അതിനുവേണ്ടി അന്വേഷണം നടത്തുന്നതും ഭീമമായ ഒരു തെറ്റാകുന്നു. അവ അദ്ദേഹത്തിന്റെ അടയാളങ്ങളല്ല. ഖിയാമത്തിന്റെ അടയാളങ്ങളാണ്. അവയിൽ ചിലത് ഖിയാമത്തിന് വളരെ അടുത്തായി പുലരുകയെന്നത് സംഭവ്യമാണ്. രണ്ടാമതായി ഹദീഥിൽ എവിടെയെല്ലാം 'ഖിയാമ ത്ത്' എന്നും 'സാഅത്ത്' എന്നുമുള്ള പദങ്ങൾ ഉപയോഗിച്ചിട്ടുണ്ടോ അവിടെയെല്ലാം അതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് ***ഖിയാമത്തുൽ കുബ്റാ***, അതായത് വലിയ ഖിയാമത്താണെന്ന് ചിലർ ധരിച്ചുപോയിരിക്കുന്നു. ഇത് ആപൽക്കരമാ

യൊരു അബദ്ധമാണ്. യഥാർത്ഥത്തിൽ സാഅത്തെന്നും ഖിയാമ ത്തെന്നുമുള്ള പദങ്ങൾ അറബിഭാഷയിൽ ഖിയാമത്തുൽ കുബ റായ്ക്ക് പ്രത്യേകമായുള്ളതല്ല. അത് വമ്പിച്ച എല്ലാ പരിവർത്തന ങ്ങളെപ്പറ്റിയും പ്രയോഗിക്കുന്ന പദങ്ങളാണ്. ഖുലഫാഉർറാശിദീന്റെ കാലത്തുണ്ടായ കുഴപ്പം ഒരു സാഅത്തായിരുന്നു. ബനൂഉമയ്യയുടെ നാശവും ഒരു സാഅത്തായിരുന്നു. ബഗ്ദാദിന്റെയും ബനൂഅബ്ബാ സിന്റെയും നാശവും പ്രധാനപ്പെട്ടഒരു സാഅത്തും ഖിയാമത്തുമാ യിരുന്നു. ഇതുപോലെത്തന്നെ ഇസ്ലാ മിക ചരിത്രത്തിലെ വലിയ വലിയ എല്ലാ പരിവർത്തനങ്ങളും കുഴപ്പങ്ങളും സാഅത്തുകളാ യിരുന്നു. നബിതിരുമേനിയുടെ വചനങ്ങളിൽ സാഅത്തിന്റെ ലക്ഷ ണങ്ങളായി പറഞ്ഞിട്ടുള്ള സംഗതികളെല്ലാം ഖിയാമത്തുൽ കുബ്റായെ സംബന്ധിച്ചതല്ല, ഈ മദ്ധ്യകാല സാഅത്തുകളെ സംബന്ധിച്ച് കൂടിയാണ്. ഒരു ഹദീഥിൽ പറഞ്ഞിട്ടുള്ളത് ഒരു സാഅ ത്തിനെപ്പറ്റിയാണെങ്കിൽ മറ്റൊരു ഹദീഥിൽ പറഞ്ഞിട്ടുള്ളത് മറ്റൊരു സാഅത്തിനെപ്പറ്റിയാകുന്നു. ചില അടയാളങ്ങൾ ഖിയാമ ത്തുൽ കുബ്റായെപ്പറ്റിയും വിവരിക്കപ്പെട്ടിട്ടുണ്ട്. അവധാനപൂർവ്വം ആലോചിക്കുകയും ഇസ്ലാമിക ചരിത്രം മുന്നിൽ വെ ക്കുകയും ചെയ്യുന്ന ഏതൊരാൾക്കും നിഷേധിക്കാൻ കഴിയാത്ത ഒരു പര മാർത്ഥമാണിത്. എന്തെന്നാൽ, ചില അടയാളങ്ങൾ മദ്ധ്യകാലത്തെ സാഅത്തുകളിൽ പ്രത്യക്ഷപ്പെട്ടു കൊണ്ട് ഈ പരമാർത്ഥ ത്തിൻമേൽ മുദ്ര കുത്തിയിരിക്കുന്നു. ഈ നിലക്ക് മസീഹിന്റെയും മഹ്ദിയുടെയും കാലത്തെയോ വ്യക്തിത്വത്തെയോ സംബന്ധിച്ച അടയാളങ്ങളെ മാത്രം വ്യാവർത്തിച്ചറിയേണ്ടത് നമ്മുടെ ഒന്നാമ ത്തെ കടമയാണ്.

## മഹ്ദീമസീഹിനെ സംബന്ധിച്ച പത്തടയാളങ്ങൾ

മസീഹിനെയും മഹ്ദിയെയും സംബന്ധിച്ചതും മിക്കവാറും എല്ലാ മുസ്ലികളും അറിയുന്നതുമായ പത്ത് പ്രധാനപ്പെട്ട അടയാ ളങ്ങൾ വിശുദ്ധ ഖുർആനും ഹദീഥുകളും വ്യക്തമാക്കിത്തരുന്നത് താഴെ പറയുന്നവയാണ്.

**1.** മസീഹ് മൗഊദിന്റെ കാലത്ത് ലോകം മുഴുവനും ഒരു രാജ്യം പോലെ ആകുമാറ് ഗതാഗത സൗകര്യങ്ങൾ വളരെ അധികം അഭി വൃദ്ധിപ്പെടുന്നതാണ്. പുതിയ വാഹനങ്ങൾ ഉണ്ടായിത്തീരും. ഒട്ടക സവാരി ഉപേക്ഷിക്കപ്പെടും. ഗ്രന്ഥങ്ങൾ, പ്രബന്ധങ്ങൾ തുടങ്ങിയ

വയുടെ സമാഹാരങ്ങൾ, പത്രങ്ങൾ എന്നിവയുടെ പ്രസിദ്ധീകരണം ഒട്ടേറെ വർദ്ധിക്കും. ഭൗതിക വിജ്ഞാനം അഭിവൃദ്ധിപ്പെടും. മറഞ്ഞിരുന്ന അനേകം വിജ്ഞാനങ്ങൾ പുതുതായി പുറത്തേക്കുവരും.നദികൾകൊണ്ടും സമുദ്രങ്ങൾ കൊണ്ടും കനാലുകൾ നിർമ്മിക്കപ്പെടും. ഗതാഗത സൗകര്യങ്ങൾ അസാധാരണമായി അഭിവൃദ്ധിപ്പെടും,മറ്റും മറ്റും

2. കുരിശുമതം വളരെ പ്രാബല്യം പ്രാപിച്ചിരിക്കും.

3. ദജ്ജാൽ പുറപ്പെടും, ദജ്ജാലിന്റെ കുഴപ്പം കഴിഞ്ഞു കടന്ന എല്ലാ കുഴപ്പങ്ങളെക്കാളും വലുതായിരിക്കും.

4. യഅ്ജൂജ് മഅ്ജൂജ് പൂർണ്ണപ്രതാപത്തോടുകൂടി പ്രത്യക്ഷപ്പെടുകയും ലോകത്തിന്റെ നല്ല നല്ല ഭാഗങ്ങൾ സ്വാധീനപ്പെടുത്തുകയും ചെയ്യും. ജനതകൾ അന്യോന്യം ശത്രുക്കളായിത്തീരും.

5. മതത്തിന് വലിയ ഒരു വിപൽക്കാലമായിരിക്കുമത്. നാനാഭാഗത്തും ഭൗതികത്വവും നിരീശ്വരത്വവും പരക്കും. ഇസ്‌ലാമിന്റെ സ്ഥിതി അങ്ങേയറ്റം ദുർബലമായിരിക്കും. ഉലമാക്കളുടെ അവസ്ഥ ശോചനീയമായിരിക്കും. ഇസ്‌ലാമിൽ വമ്പിച്ച അഭിപ്രായ വ്യത്യാസങ്ങളുണ്ടാവും. ജനങ്ങളുടെ വിശ്വാസങ്ങൾ പിഴച്ചു പോകും. കർമ്മങ്ങൾ ദൂഷിക്കും. സത്യവിശ്വാസം ലോകത്തുനിന്ന് എടുക്കപ്പെട്ടുപോകും. ബാഹ്യമായും ഇസ്‌ലാം നാനാഭാഗത്തു നിന്നും ശത്രുക്കളാൽ വലയം ചെയ്യപ്പെടും.

6. മഹ്ദീമസീഹിന്റെ കാലത്ത് റമദാൻ മാസത്തിൽ നിശ്ചിത ദിവസങ്ങളിൽ സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും ഉണ്ടാകും.

7. മഹ്ദിമസീഹിന്റെ കാലത്ത് ദാബ്ബത്തുൽഅർള് പുറപ്പെടും.

8. മഹ്ദീമസീഹ് ദിമശ്ഖിനു കിഴക്കു ഭാഗത്ത് ഒരു വെളുത്ത മിനാരത്തിൽ ഇറങ്ങും.

9. അദ്ദേഹത്തിന്റെ ലക്ഷണം ഇതായിരിക്കും:- നിറം ഗോതമ്പിന്റെയും മുടി നേരെയുള്ളതും നീണ്ടതും.

10. അദ്ദേഹം കുരിശിനെ മുറിക്കും. പന്നിയെ കൊല്ലും. ദജ്ജാലിനെ വധിക്കും. ഇസ്‌ലാമിനെ വിജയിപ്പിക്കും. അദ്ദേഹത്തിന്റെ കാലത്ത് സൂര്യൻ പടിഞ്ഞാറുനിന്ന് ഉദിക്കും. അദ്ദേഹം അഭ്യന്തരവും ബാഹ്യവുമായ എല്ലാ അഭിപ്രായവ്യത്യാസങ്ങളെപ്പറ്റിയും ന്യായം

വിധിക്കും. നഷ്ടപ്പെട്ടുപോയ സത്യവിശ്വാസം വീണ്ടും ലോകത്ത് സ്ഥാപിക്കും. ജനങ്ങൾക്ക് ധാരാളമായി ധനം കൊടുക്കും. ജനങ്ങ ൾ അത് സ്വീകരിക്കയില്ല.

ഇപ്പറഞ്ഞ പത്ത് പ്രധാനപ്പെട്ട അടയാളങ്ങളാണ് വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദീ മസീഹിനെയും അദ്ദേഹത്തിന്റെ കാലത്തെയും സംബന്ധിച്ച് വിശുദ്ധ ഖുർആനിൽനിന്നും ഹദീഥുകളിൽനിന്നും തെളിയുന്നത്. ഈ പത്ത് അടയാളങ്ങളെയും വെവ്വേറെ മുന്നിൽ വെച്ചുകൊണ്ട് ഹദ്റത്ത് അഹ്മദിന്റെ(അ) വാദം നമുക്ക് പരിശോധി ക്കാം. സത്യാസത്യങ്ങൾ തിരിച്ചറിയാൻ സത്യാന്വേഷികൾക്ക് വഴി തുറന്നുകിട്ടുമാറാകട്ടെ. ***വമാ തൗഫീഖീ ഇല്ലാബില്ലാഹ്***

## ഒന്നാമത്തെ അടയാളം

ഖിയാമത്ത് അടുക്കുകയും മസീഹ് വിജയിക്കുകയും ചെയ്യുന്ന തിന്റെ ഒന്നാമത്തെ അടയാളം വിശുദ്ധ ഖുർആൻ വിവരിക്കുന്നത് ഇപ്രകാരമാണ്.

وَاِذَا الْعِشَارُ عُطِّلَتْ ۝٥ وَاِذَا الْوُحُوْشُ حُشِرَتْ ۝٦
وَاِذَا الْبِحَارُ سُجِّرَتْ ۝٧ وَاِذَا النُّفُوْسُ زُوِّجَتْ ۝٨

ഒട്ടകങ്ങളുടെ സവാരി നിറുത്തൽ ചെയ്യപ്പെടും. അതായത്, പുതിയ പുതിയ വാഹനങ്ങൾ കണ്ടുപിടിക്കപ്പെടുന്നതിന്റെ ഫലമാ യി ഒട്ടകസവാരി ഉപേക്ഷിക്കപ്പെടും. നദികളും സമുദ്രങ്ങളും കീറപ്പെ ടും. അതായത്, കനാലുകൾ കീറി നദികളും സമുദ്രങ്ങളും അവയി ൽക്കൂടി ഒഴുക്കപ്പെടും. വിവിധ ജനതകൾ അന്യോന്യം ബന്ധിക്ക പ്പെടും. അതായത്, ഗതാഗതസൗകര്യം വർദ്ധിക്കുകയാൽ പണ്ടത്തെ പ്പോലെ ജനങ്ങൾ പരസ്പരം വേറിട്ടു നില്ക്കുകയില്ല; സമ്പർക്കാധി ക്യംകൊണ്ട് ലോകം ഒരു രാജ്യം പോലെയായിത്തീരും. ഗ്രന്ഥങ്ങ ളും, സഞ്ചികകളും, പത്രങ്ങളും വളരെയധികം പ്രസിദ്ധീകരിക്കപ്പെ ടും. അതായത് അച്ചടിയന്ത്രങ്ങളുടെ കണ്ടുപിടിത്തത്താൽ പത്രഗ്ര ന്ഥങ്ങളുടെ പ്രസിദ്ധീകരണം വിപുലമായ തോതിൽ നടക്കും.

വിശുദ്ധ ഖുർആന്റെ ഈ പ്രസ്താവനയെ അനുകൂലിക്കുന്ന ഒരു ഹദീഥുണ്ട്. അതിൽ പറയുകയാണ്:

ليتر كنّ القلاص فلا يسعٰى عليها

ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെടും; അവയിൻമേൽ സവാരി ചെയ്യുകയില്ല.

വിശുദ്ധ ഖുർആനിൽ മറ്റൊരു സ്ഥലത്ത് പറയുകയാണ്:

وَاَخْرَجَتِ الْاَرْضُ اَثْقَالَهَا ۝٣

അവസാനകാലത്ത് ഭൂമി അതിന്റെ എല്ലാ ഭാരങ്ങളെയും പുറത്താക്കുകയും ഭൗതികവിജ്ഞാനം വർദ്ധിക്കുകയും ചെയ്യും.

ഈ കാലത്ത് മേൽപറഞ്ഞ അടയാളങ്ങൾ എത്ര വ്യക്തമായാണ് നിറവേറിയിരിക്കുന്നതെന്ന് നോക്കുക. റെയിൽ, മോട്ടോർ, കപ്പൽ, വിമാനം മുതലായ വാഹനങ്ങളും തപാൽ, കമ്പി, കമ്പിയില്ലാകമ്പി, ടെലഫോൺ, റേഡിയോ മുതലായ വാർത്താവിനിമയ മാർഗ്ഗങ്ങളും കനാലുകൾ, പത്രഗ്രന്ഥാദികളുടെ ആധിക്യം, അച്ചടിയന്ത്രങ്ങൾ, ടൈപ്പ്റൈറ്റർ, ഷോർട്ട്ഹാന്റ്, ടെലിപ്രിന്റർ എന്നിവയും ലോകത്തെ എത്രമേൽ ഒന്നാക്കിച്ചേർത്തിരിക്കുന്നു! മതപ്രചാരണം എത്രയധികം സൗകര്യപ്പെടുത്തിയിരിക്കുന്നു! റെയിൽ, മോട്ടോർ മുതലായ വാഹനങ്ങൾ ഒട്ടകങ്ങളെ നിരുപയോഗമാക്കിത്തീർത്തിട്ടില്ലയോ? അറേബ്യയിൽ പോലും റെയിൽ എത്തിച്ചേർന്നിരിക്കുന്നു. മക്കയ്ക്കും മദീനയ്ക്കുമിടയിൽ റെയിൽ പാതയുണ്ടാക്കി. ഒട്ടകപ്പുറത്തുള്ള ദീർഘയാത്ര മറ്റു രാജ്യങ്ങളിലെന്ന പോലെ അവിടെയും നിശ്ശേഷം അവസാനിപ്പിക്കുന്ന കാലം വിദൂരമല്ല. യഥാർത്ഥത്തിൽ, ബുദ്ധിയുള്ളവർക്കാർക്കും സംശയിക്കാൻ വഴിയില്ലാത്ത വിധം വ്യക്തമായി ഈ അടയാളങ്ങൾ ഈ കാലത്ത് നിറവേറിയിരിക്കുന്നു. അതേപ്രകാരം തന്നെ ചരിത്രത്തിൽ തുല്യത കാണാൻ കഴിയാത്ത വിധം ലൗകിക വിജ്ഞാനം ഇക്കാലത്ത് വർദ്ധിക്കുകയും ചെയ്തിരിക്കുന്നു.

മസീഹ് മൗഊദിന്റെ ആഗമനം അങ്ങനെയുള്ള ഒരു കാലത്തായിരിക്കണമെന്നത് ഒഴിച്ചുകൂടാത്തതാണ്. എന്തെന്നാൽ, അദ്ദേഹത്തിന്റെ കാലം മതപ്രചാരണത്തിന്റെ കാലമാകുന്നു. അദ്ദേഹത്തിനും അദ്ദേഹത്തിന്റെ അനുയായികൾക്കും മതപ്രചാരണകർത്തവ്യം എളുപ്പം നിർവ്വഹിക്കുന്നതിനായി പ്രസിദ്ധീകരണ സൗകര്യങ്ങൾ വർദ്ധിക്കാതെ കഴിയുകയില്ല.

## രണ്ടാമത്തെ അടയാളം

മസീഹ് മൗഊദിന്റെ കാലത്തെ രണ്ടാമത്തെ അടയാളമായിപറയുന്നത് അന്ന് കുരിശുമതം വളരെ പ്രതാപത്തിലായിരിക്കുമെന്നാണ്. അതായത് ക്രിസ്ത്യാനികൾ ലോകത്ത് മികച്ചു നില്ക്കും. വിശുദ്ധ ഖുർആന്റെ സൂചനയ്ക്കു പുറമെ മസീഹ് മൗഊദിനെ സംബന്ധിച്ച്,, അദ്ദേഹം കുരിശു മുറിക്കുമെന്ന് ഹദീഥിൽ പറഞ്ഞിരിക്കുന്നതിൽനിന്നും വ്യക്തമായി തെളിയുന്നത് അദ്ദേഹം വരുന്നത് കുരിശു മതത്തിന്റെ പ്രതാപകാലത്തായിരിക്കുമെന്നാണ്. അങ്ങനെയാണെങ്കിൽ മാത്രമേ അതിനോടെതിരിട്ട് അതിനെ മുറിക്കാൻ അദ്ദേഹത്തിന് സാധിക്കുകയുള്ളൂ. ദുർബ്ബലമായ അവസ്ഥയിൽ ക്രിസ്തുമതത്തിന്റെ അസ്തിത്വം നബിതിരുമേനിയുടെ കാലത്തും ഉണ്ടായിരുന്നു. എന്നാൽ, തിരുമേനിയെ സംബന്ധിച്ച് കുരിശിനെ മുറിക്കുമെന്ന് പറയപ്പെട്ടിട്ടില്ല. കുരിശിനെ മുറിക്കുകയെന്നതിന്റെ അർത്ഥം, കുരിശുമതം പ്രാബല്യത്തിലിരിക്കുന്ന അവസ്ഥയിൽ ആരെങ്കിലും അതിനെ എതിർത്തു പരാജയപ്പെടുത്തുക എന്നാണെന്ന് ഇതിൽ നിന്ന് മനസ്സിലാകുന്നു. ഇനി ഇക്കാലത്ത് കുരിശുമതത്തിന് എത്രത്തോളം പ്രതാപവും പ്രാബല്യവുംമുണ്ടെന്ന് നോക്കുക. ഏതുഭാഗത്ത് നോക്കിയാലും ആ മതത്തിന്റെ അനുയായികളെ കാണാൻ കഴിയും. ലോകത്ത് മുഴുവൻ തങ്ങളുടെ മതപ്രചരാണത്തിനുവേണ്ടി അവർ ഗംഭീരമായൊരു വല വിരിച്ചു വെച്ചിരിക്കുകയാണ്. അതിനാൽ, മസീഹ് മൗഊദ് വരേണ്ട കാലം ഇതു തന്നെയാകുന്നു. കുരിശുഖണ്ഡനത്തെ സംബന്ധിച്ചുള്ള ചർച്ച പിന്നീട് വരുന്നതാണ്. ക്രിസ്തുമതത്തിന്റെ പ്രതാപം മസീഹ് മൗഊദിന്റെ കാലത്തെ സംബന്ധിച്ച ഒരു അടയാളമായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ടെന്ന് കാണിക്കാൻ മാത്രമേ ഇവിടെ ഉദ്ദേശിക്കുന്നുള്ളൂ. ഈ കാലത്ത് ആ അടയാളം പരിപൂർണ്ണമായി പ്രത്യക്ഷപ്പെടുകയും ചെയ്തിരിക്കുന്നു.

## മൂന്നാമത്തെ അടയാളം

മസീഹ് മൗഊദിന്റെ മൂന്നാമത്തെ അടയാളമായി പറയപ്പെട്ടിരി ക്കുന്നത്, അദ്ദേഹത്തിന്റെ കാലത്ത് ദജ്ജാലിന്റെ പുറപ്പാട് ഉണ്ടാകുമെന്നുള്ളതാണ്. നബി(സ) തിരുമേനി, സ്വഹാബാത്തിനെ അഭിമുഖീകരിച്ച് ഇങ്ങനെ പറഞ്ഞതായി ഹദീഥിൽ രേഖപ്പെടുത്തിയിരിക്കുന്നു.

مامن نبىّ الاقد انذر امّته الاعور الكذاب الا انّه اعورو انّ
ربّـــــــكم ليس باعور ـ مكتوبٌ بين عينه ك ـ ف ـ ر
وفى رواية وانّه يجئ معه بمثل الجنّـــة والنّار فالّتى يقول
انّها الجنّــة هى النّار ـ وفى روايته انّ الدّجّال يخرج وانّ
معه مآءً ونارًا فامّا الّذى براه النّاس مآءً فنار تــحرّق واما
الّذى يراه النّـــاس نارًا فمآءٌ باردٌ وعذبٌ ـ وانّ الدّجّال
ممسوح العين علــــيها ظفرةٌ غليظةٌ مكتوبٌ بين عينيه
كافر يقـــــرأهُ كلّ مؤمن كاتب غيركاتب ـ وفى روايةٍ
انّ الدّجّال اعور العين اليمنٰى فمن ادركه منـــكم فليقرأ
عليه فواتح سورة الكــــــهف فانّها جواركم من فتنته ـ
وفى روايةٍ ويامر الســــــمآء فتمطرُ ويامر الارض فتبت
ويمرّ بالخربة فيقول لهااخرجى كنوزك فتتبعه كنوزها ـ
وفى روايةٍ يقـــول الدّجّال ارأيتم ان قتلت هٰذا ثمّ احييتهٗ
وفى روايةٍ ان معه جبل خبزٍ ونهر مآءٍ ـ وفى روايةٍ يخرج
الدّجّال علىٰ حمارٍ اقمر ما بين اذنيه سبعون باعاً (مشـــكٰوة)

ഒറ്റക്കണ്ണനായ പെരുംനുണയനെപ്പറ്റി തന്റെ ജനത്തോട് ഭയപ്പെടുത്തി പറഞ്ഞിട്ടില്ലാത്ത ഒരു നബിയും കഴിഞ്ഞുപോയിട്ടില്ല. അറിഞ്ഞുകൊണ്ടാലും, അവൻ ഒറ്റക്കണ്ണനായിരിക്കും. എന്നാൽ, നിങ്ങളുടെ ദൈവം ഒറ്റക്കണ്ണനല്ല. ആ ഒറ്റക്കണ്ണനായ ദജ്ജാലിന്റെ കണ്ണുകൾക്കിടയിൽ ക.ഫ.റ. എന്ന് എഴുതപ്പെട്ടിരിക്കും. അവൻ അവനോ

ടുകൂടി സ്വർഗ്ഗ നരകങ്ങളുടെ സാദൃശ്യങ്ങൾ കൊണ്ടുവരും എന്ന് മറ്റൊരു പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു. എന്നാൽ, അവൻ ഏതൊന്നിനെപ്പറ്റി സ്വർഗ്ഗമെന്ന് പറയുമോ അത് യഥാർത്ഥത്തിൽ നരകമായിരിക്കും. മറ്റൊരു റിപ്പോർട്ടിൽ പറയുന്നു: ദജ്ജാൽ പുറപ്പെടുമ്പോൾ അവനോടൊന്നിച്ച് വെള്ളവും തീയുമുണ്ടാകും. എന്നാൽ ജനങ്ങൾ വെള്ളമായി കാണുന്നത് യഥാർത്ഥത്തിൽ ദഹിപ്പിക്കുന്ന തീ ആയിരിക്കും. ജനങ്ങൾ തീയായി കാണുന്നത് യഥാർത്ഥത്തിൽ തണുപ്പും സ്വാദുമുള്ള വെള്ളമായിരിക്കും. ദജ്ജാലിന്റെ ഒരു കണ്ണ് കാഴ്ചയില്ലാത്തതായിരിക്കും. അവന്റെ കണ്ണുകൾക്കിടയിൽ കാഫിർ എന്ന് എഴുതപ്പെട്ടിട്ടുണ്ടാകും. അക്ഷരജ്ഞാനമുള്ളവരും അല്ലാത്തവരുമായ എല്ലാ വിശ്വാസികൾക്കും അത് വായിക്കാൻ കഴിയും. മറ്റൊരു രിവായത്തിൽ പറഞ്ഞിരിക്കുന്നു. ദജ്ജാൽ മഴ പെയ്യാൻ ആകാശത്തോട് കൽപിക്കുമ്പോൾ ആകാശം വെള്ളം ചൊരിയുകയും മുളപ്പിക്കുക എന്ന് ഭൂമിയോട് കൽപിക്കുമ്പോൾ ഭൂമി മുളപ്പിക്കുകയും ചെയ്യും. അവൻ പാഴ്ഭൂമിയിൽ കൂടി നടക്കുമ്പോൾ നിന്റെ നിക്ഷേപങ്ങൾ പുറത്തേക്ക് കൊണ്ടു വരിക എന്ന് അതിനോട് പറയുകയും നിക്ഷേപങ്ങൾ പുറത്തു വന്നു അവനെ പിന്തുടരുകയുംചെയ്യും. മറ്റൊരു രിവായത്തിൽ പറയുന്നു: ഞാൻ ഇവനെ കൊല്ലുകയും ജീവിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ നിങ്ങൾ എന്റെ കാര്യത്തിൽ സംശയിക്കുമോ എന്ന് ദജ്ജാൽ ജനങ്ങളോട് ചോദിക്കും. ഇല്ലെന്ന് ജനങ്ങൾ മറുപടി പറയും. അനന്തരം ദജ്ജാൽ അവനെ കൊല്ലുകയും വീണ്ടും ജീവിപ്പിക്കുകയും ചെയ്യും. മറ്റൊരു രിവായത്തിൽ പറയുകയാണ്: അവന്റെ കൂടെ റൊട്ടിയുടെ മലയും വെള്ളത്തിന്റെ തോടും ഉണ്ടാകും. മറ്റൊരു രിവായത്തിൽ പറയുകയാണ്: ദജ്ജാൽ ഒരു വെളുത്ത കഴുതപ്പുറത്ത് പ്രത്യക്ഷപ്പെടും. ആ കഴുതയുടെ ഒരു ചെവി മുതൽ മറ്റെ ചെവി വരെ 70 വാര അകലമുണ്ടാവും" (മിശ്കാത്ത്, കിത്താബുൽ ഫിത്തൻ).

മിശ്കാത്തിലെ പല രിവായത്തുകളിൽനിന്ന് സംഗ്രഹിച്ചു ചേർത്തിട്ടുള്ള ദജ്ജാലിനെ സംബന്ധിച്ച വിവരണമാണിത്. ഇനി നമുക്ക് നോക്കാനുള്ളത് ഈ ദജ്ജാൽ ആരാണ്, അവൻ വന്നുകഴിഞ്ഞോ ഇല്ലയോ എന്നതാണ്. ഈ കാര്യത്തിൽ പ്രഥമഗണനീയം അറബിഭാഷയിൽ ദജ്ജാൽ എന്ന പദത്തിന് എന്ത് അർത്ഥം പറയുന്നു എന്ന പരിശോധനയാണ്. ദജ്ജാൽ എന്ന പദത്തിന് ആറ് അർത്ഥങ്ങളാണ് അറബിഭാഷയിൽ ഉള്ളത്.

1. ഭയങ്കരമായ കളവു പറയുന്നവൻ.

2. മറയ്ക്കുന്നവൻ. അറബിയിൽ **دجل البعير** എന്നു പറഞ്ഞാൽ യാതൊരു പഴുതുമില്ലാത്തവിധം ഒട്ടകത്തിന്റെ ശരീരം മൈലാഞ്ചി കൊണ്ട് അവൻ മൂടിയെന്നാണ്. ദജ്ജാൽ എന്ന പദം ഇതേ മൂലത്തിൽ നിന്നുത്ഭവിച്ചതാണെന്ന് താജുൽ അറൂസിൽ പറയുന്നു:

**لانّهٗ يعمّ الارض كما انّ الهناء يعمّ الجسد**

മൈലാഞ്ചി ശരീരത്തെയെന്നപോലെ അവൻ ഭൂമിയെ മുഴുവൻ മറച്ചു കളയും.

3. ലോകത്ത് സഞ്ചാരം നടത്തുന്നവൻ. അറബി ഭാഷാനിഘണ്ടുവിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

**دجل الرجل اذا قطع نواحى الارض سيرًا**

ഒരാൾ ലോകസഞ്ചാരം ചെയ്താൽ ദജലർറജ്ലു എന്നു പറയും.

4. വലിയ കുബേരൻ, നിക്ഷേപകൻ. സ്വർണ്ണത്തിനും ദജ്ജാൽ എന്നു പറയും.

5. വലിയ ജനസമൂഹത്തിനും ദജ്ജാൽ എന്ന് പറയും

**الّتى تغتى الارض بكثرة اهلها**

വ്യക്തികളുടെ ആധിക്യത്താൽ ലോകത്തെ മറച്ചുകളയുന്ന ജനക്കൂട്ടം.

6. **الّتى تحمل المتاع التجارة** ദജ്ജാൽ എന്ന പദം കച്ചവട സാമാനങ്ങൾ പേറിക്കൊണ്ട് സഞ്ചരിക്കുന്ന ജനക്കൂട്ടത്തിനും ഉപയോഗിക്കും.

ഈ എല്ലാ അർത്ഥങ്ങളും വിശ്വാസയോഗ്യവും സുപ്രസിദ്ധവുമായ താജുൽഅറൂസ് എന്ന അറബിനിഘണ്ടുവിൽ രേഖപ്പെടുത്തിയിട്ടുള്ളവയാണ്. ഈ അർത്ഥങ്ങൾ മുൻനിറുത്തി നോക്കുമ്പോൾ ദജ്ജാൽ, തങ്ങളുടെ കച്ചവടച്ചരക്കുകളുമായി ലോകം മുഴുവൻ സഞ്ചരിക്കുന്ന വമ്പിച്ചൊരു ജനസമൂഹമാണെന്ന് മനസ്സിലാകുന്നതാണ്. അവരുടെ തൊഴിൽ കച്ചവടമായിരിക്കും. അവർ വലിയ സമ്പന്നരായിരിക്കും. ലോകംമുഴുവൻ അവർ സഞ്ചാരം കൊണ്ട് തരണം ചെയ്യും. മതപരമായി ഭയങ്കരമായ കള്ളവിശ്വാസത്തിൽ അടിയുറച്ചവരായിരിക്കുകയും ചെയ്യും.

ഇനി, ഈ വിവരണത്തെയും മുകളിൽ ചേർത്ത ഹദീഥുകളിലെ വിവരണത്തെയും സംയോജിപ്പിച്ച് നോക്കുകയാണെങ്കിൽ ദജ്ജാൽ എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് ഇക്കാലത്ത് ലോകം മുഴുവനും പരന്നിട്ടുള്ള, പശ്ചിമരാജ്യങ്ങളിലെ ക്രൈസ്തവ ജനതയാണെന്ന് മനസ്സിലാക്കാൻ കഴിയും. മുകളിൽ പറഞ്ഞ എല്ലാ ലക്ഷണങ്ങളും പ്രത്യക്ഷമായിതന്നെ അവരിൽ തെളിഞ്ഞു കാണുന്നു. ഒറ്റക്കണ്ണനായിരിക്കുമെന്നതിന്റെ സൂചന അവരുടെ ഭൗതികത്വമാണ്. അതായത് അവരുടെ ആദ്ധ്യാത്മികതയുടെ കണ്ണു മൂടപ്പെട്ടിരിക്കുകയും ലൗകിക കണ്ണ് നല്ലതുപോലെ തുറന്നിരിക്കുകയും ചെയ്യും. അവരുടെ രണ്ട് കണ്ണുകൾക്കിടയിൽ കാഫിർ എന്ന് എഴുതിയിട്ടുണ്ടാകുമെന്ന് പറഞ്ഞതിന്റെ സാരം- എഴുത്തറിയുന്നവരും അല്ലാത്തവരുമായ എല്ലാ സത്യവിശ്വാസികൾക്കും അറിയാൻ കഴിയുന്ന തെറ്റായ വിശ്വാസം, ഈസാനബി ദൈവമാണെന്ന വിശ്വാസം അവരുടെ പ്രധാന ലക്ഷണമായിരിക്കുമെന്നാണ്. ആകാശഭൂമികളിൽസ്വാധീനം ചെലുത്തുക, ജീവിപ്പിക്കുക മുതലായ ലക്ഷണങ്ങൾ അവരുടെ ശാസ്ത്ര വിജ്ഞാനത്തിന്റെയും കണ്ടുപിടിത്തങ്ങളുടെയും ശക്തിയെയും രാഷ്ട്രീയ സാമ്പത്തികമോധാവിത്വത്തെയുമാണ് സൂചിപ്പിക്കുന്നത്. അങ്ങനെയല്ലങ്കിൽ, അല്ലാഹുവിന്റെ അധികാരത്തിൽപ്പെട്ട ഈ കാര്യങ്ങളെല്ലാം സൃഷ്ടികളുമായി ബന്ധപ്പെടുത്തുന്നത് ദൈവദൂഷണമാകുന്നു. ദജ്ജാലോടുകൂടി സ്വർഗ്ഗ നരകങ്ങൾ ഉണ്ടായിരിക്കുമെന്ന് പറഞ്ഞതിന്റെ അർത്ഥം, ഏതൊരുവൻ അവരോടുകൂടി ചേരുകയും അവരുടെ കൽപന അനുസരിക്കുകയും അവരുടെ മതം വിശ്വസിക്കുകയും ചെയ്യുന്നുവോ അവന് ബാഹ്യമായി ഒരു സ്വർഗ്ഗം ലഭിക്കുകയും ഏതൊരുവൻ അവരുടെ ദുർബോധനയിൽനിന്നും തെറ്റായ വിശ്വാസത്തിൽ നിന്നും അകന്നു നില്ക്കുന്നുവോ അവന് ബാഹ്യമായി ഒരു നരകയാതന അനുഭവിക്കേണ്ടിവരികയും ചെയ്യുമെന്നാണ്. എന്നാൽ, യഥാർത്ഥത്തിൽ ആ സ്വർഗ്ഗം നരകവും ആ നരകം സ്വർഗ്ഗവുമായിരിക്കും. അവരോടൊന്നിച്ച് അപ്പത്തിന്റെ മലയും വെള്ളത്തിന്റെ തോടും ഉണ്ടായിരിക്കുമെന്നതിന്റെ അർത്ഥം ഒരു വ്യാഖ്യാനം ആവശ്യമില്ലാത്തവിധം വ്യക്തമാണ്. രണ്ട് കാതുകൾക്കിടയിലുള്ള അകലം കേവലം 70 വാരയായിരിക്കുന്ന കഴുതകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് ബാഹ്യാർത്ഥത്തിലുള്ള കഴുതയല്ല. പാശ്ചാത്യരുടെ കണ്ടുപിടിത്തവും പഴയ കാലത്തെ സവാരിയായ കഴുതയുടെ സ്ഥാനം വഹിക്കുന്നതുമായ തീവണ്ടിയാണ്.

കഴുതയുടെ ചെവികൊണ്ട് ഉദ്ദേശിക്കപ്പെട്ടത് തീവണ്ടിയുടെ രണ്ട റ്റങ്ങളിലിരിക്കുന്ന ഡ്രൈവറും ഗാർഡുമാണ്! തീവണ്ടിയുടെ നീള മാണ് രണ്ട് ചെവികൾക്കിടയിലുള്ള അകലമായി പറയപ്പെട്ടിരിക്കു ന്നത്. തീവണ്ടിയുടെ നീളവും ഏറെക്കുറെ 70 വാരയാകുന്നു. മേൽപ റഞ്ഞ ലക്ഷണങ്ങളെല്ലാം പാശ്ചാത്യജനങ്ങളിൽ എത്ര വ്യക്തമായി കാണപ്പെടുന്നുവെന്നു നോക്കുക. അവസാനകാലത്ത് ദജ്ജാൽ പുറ പ്പെടുമെന്ന് പറഞ്ഞതുകൊണ്ട് മനസ്സിലാകുന്നത് അവൻ മുമ്പേയു ള്ളവനാണെന്നാണ്. ചില ഹദീഥുകളും ഈ സംഗതി സൂചിപ്പിക്കു ന്നുണ്ട്. എന്നാൽ, മുമ്പേ അവൻ അവന്റെ രാജ്യത്ത് ബന്ധനസ്ഥനാ യിരുന്നെങ്കിൽ ഖിയാമത്തിനടുത്ത് പ്രതാപത്തോടുകൂടി പുറത്തു വരികയും മുഴുവൻ ലോകത്തും പരക്കുകയും ചെയ്യും. അത് അങ്ങ നെത്തന്നെ സംഭവിച്ചു. പാശ്ചാത്യ ജനങ്ങൾ മുമ്പേ അവരുടെ രാജ്യ ങ്ങളിൽ ഉറങ്ങിക്കഴിയുകയായിരുന്നു. എന്നാൽ, അവർ ഉണർന്നു ഭൂമുഖം മുഴുവൻ വ്യാപിച്ചിരിക്കുകയാണ് ഇന്ന്.

നബി തിരുമേനി, ദജ്ജാലിനെ ഒരു ഒറ്റ വ്യക്തിയുടെ രൂപ ത്തിൽ കണ്ട സ്ഥിതിക്ക് അവൻ എങ്ങനെയാണ് ഒരു ജനസമൂഹ മായിത്തീരുന്നതെന്ന സംശയം അർത്ഥരഹിതമാണ്. എന്തെന്നാൽ, നബി തിരുമേനി ആ കാഴ്ച കണ്ടത് ആദ്ധ്യാത്മിക ദർശനത്തിലാ യിരുന്നു. അതിനെപ്പറ്റി ബുഖാരിയിൽ പറയുന്നത് ഇപ്രകാരമാണ്:

بينما انا نائمٌ اطوف بالكعبةِ

ഞാൻ ഉറങ്ങിക്കൊണ്ടിരിക്കെ കഅ്ബ പ്രദക്ഷിണം ചെയ്യുന്ന തായി കണ്ടു.

സ്വപ്നങ്ങൾ എപ്പോഴും വ്യാഖ്യാന വിധേയമാണെന്ന സംഗതി സർവ്വരാലും സമ്മതിക്കപ്പെട്ടതാണ്. സ്വപ്നത്തിൽ പലപ്പോഴും വ്യ ക്തി സമൂഹത്തെ പ്രതിനിധാനം ചെയ്യുന്നു. ഉദാഹരണമായി ഈജി പ്തിലെ രാജാവ് ഏഴ് കൊല്ലത്തെ ക്ഷാമത്തെപ്പറ്റി ഏഴ് മെലിഞ്ഞ പശുക്കളെയാണ് സ്വപ്നത്തിൽ കണ്ടതെന്ന് സൂറഃയൂസുഫിൽ പറ യുന്നു. അതിന് ഹദ്റത്ത് യൂസുഫ് നബി(അ) വ്യാഖ്യാനം നൽകിയ ത് ഒരു പശു, ഒരു കൊല്ലത്തെ മുഴുവൻ നാൽക്കാലികളെ മാത്രമല്ല മുഴുവൻ ജന്തുജാലങ്ങളെത്തന്നെയും പ്രതിനിധാനം ചെയ്യുന്നുവെ ന്നാണ്. പശു മെലിഞ്ഞതു കണ്ടത് ക്ഷാമത്തെയും ഏഴ് പശുക്കളെ കണ്ടത് ഏഴു കൊല്ലത്തെ ക്ഷാമത്തെയും ആണ് സൂചിപ്പിക്കുന്നതെ ന്നും അദ്ദേഹം വ്യാഖ്യാനിച്ചു. അങ്ങനെ എല്ലാ ജീവജാലങ്ങൾക്കും

പകരം കണ്ടത് ഒരു പശുവിനെയാണ്. ഇതേപ്രകാരം തന്നെയാണ് നബിതിരുമേനിക്ക് ദജ്ജാലിനെയും ഒരു വ്യക്തിയുടെ രൂപത്തിൽ അല്ലാഹു കാണിച്ചു കൊടുത്തത്. അത് ദർശനരൂപാത്മകമായ ഭാഷയോടും തികച്ചും യോജിച്ചതുതന്നെയാകുന്നു. ചുരുക്കത്തിൽ ദജ്ജാൽ എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് ഒരു വ്യക്തിയല്ലെന്നും നേരെ മറിച്ച്, ഇക്കാലത്ത് ക്രൈസ്തവ ജനതയുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട വമ്പിച്ചൊരു ജനസമൂഹമാണെന്നുമുള്ളതാണ് വാസ്തവം. അതിനുള്ള തെളിവുകൾ താഴെ പറയുന്നവയാണ്:-

1. അറബി ഭാഷയിൽ ഒരു സമൂഹത്തിനും ദജ്ജാൽ എന്നു പറയും. അതിനാൽ അതൊരു വ്യക്തി ആയേ തീരൂ എന്നില്ല.

2. ദജ്ജാലിനെ സംബന്ധിച്ച് പറയപ്പെട്ടിട്ടുള്ള കുഴപ്പവും അവനുണ്ടായിരിക്കേണ്ട കഴിവുകളും ഒരു വ്യക്തിയിൽ ഒരുമിച്ചുകൂടുകയെന്നത് ബുദ്ധിക്കും യുക്തിക്കും യോജിക്കാത്തതാണ്.

3. ദജ്ജാലിന്റെ ലക്ഷണങ്ങൾ വിവരിക്കുന്നതിനായി ഉപയോഗിക്കപ്പെട്ടിട്ടുള്ള പദങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ ആ പ്രവചനത്തിൽ ഉപമാലങ്കാരങ്ങൾക്ക് സ്ഥാനം നല്കപ്പെട്ടിട്ടുണ്ടെന്ന് നല്ലതുപോലെ മനസ്സിലാകുന്നു. ബാഹ്യാർത്ഥമായി എടുക്കുകയാണെങ്കിൽ നഊദുബില്ലാ, ദജ്ജാലിന് ചില ദൈവിക ശക്തികളുണ്ടെന്ന് സമ്മതിക്കേണ്ടി വരും.

4. ദജ്ജാലിന് പറയപ്പെട്ടിട്ടുള്ള എല്ലാ ലക്ഷണങ്ങളും ക്രൈസ്തവ ജനതകളിൽ തെളിഞ്ഞു കാണുന്നുണ്ട്.

5. ദജ്ജാലിന്റെ കുഴപ്പം ഏറ്റവും വലിയ കുഴപ്പമായിരിക്കുമെന്നാണ് പറയപ്പെട്ടിരിക്കുന്നത്. ക്രൈസ്തവ ജനതയുടെ അതിഭൗതികതയും മതതത്ത്വവും ഇന്ന് മതത്തിനും ദൈവവിശ്വാസത്തിനും വരുത്തിത്തീർത്തിട്ടുള്ള കെടുതി മുമ്പൊരിക്കലും ഉണ്ടായിട്ടില്ലെന്നും മേലിൽ ഉണ്ടാകുമെന്ന് വിചാരിക്കാൻ നിവൃത്തിയില്ലെന്നും അനുഭവം മനസ്സിലാക്കിത്തരുന്നു. കൂടാതെ ഏറ്റവും വലിയ കുഴപ്പം ക്രിസ്തുമതത്തിന്റേതായിരിക്കുമെന്നാണ് സൂറഃഫാത്തിഹയും പഠിപ്പിക്കുന്നത്.

6. നബിതിരുമേനി മദീനയിലെ ഒരു യഹൂദ യുവാവായ ഇബ്നുസയ്യാദിനെ സംബന്ധിച്ച് - അദ്ദേഹം പിന്നീട് മുസ്‌ലിമായി- ദജ്ജാലാണെന്ന സംശയം പ്രകടിപ്പിക്കുകയുണ്ടായി. അവൻ ദജ്ജാലാണെന്ന് നബിതിരുമേനിയുടെ മുമ്പിൽ വെച്ച് ഹദ്റത്ത് ഉമർ സത്യം

ചെയ്തു പറഞ്ഞപ്പോൾ തിരുമേനി അതിനെ നിഷേധിക്കുകയും ചെയ്തില്ല(മിശ്ക്കാത്ത്). ഇബ്നുസയ്യാദിലാവട്ടെ, ദജ്ജാലിന്റെ ലക്ഷണങ്ങളിൽ പലതും കാണപ്പെട്ടിരുന്നതുമില്ല. നബിതിരുമേനിയും സ്വഹാബത്തും ദജ്ജാലിനെ സംബന്ധിച്ച പ്രവചനത്തെ ആലങ്കാരികമായിട്ടാണ് കണ്ടിരുന്നതെന്നും എല്ലാ ലക്ഷണങ്ങളും അക്ഷരാർത്ഥത്തിൽ പ്രകടമായി കാണേണ്ടത് ആവശ്യമായി കരുതിയിരുന്നില്ലെന്നുമാണ് ഇതിൽനിന്ന് വ്യക്തമായി തെളിയുന്നത്.

7. ദജ്ജാലിന്റെ കുഴപ്പത്തിൽനിന്ന് രക്ഷപ്രാപിക്കുന്നതിനായി സൂറഃ കഹ്ഫിലെ പ്രാരംഭവചനങ്ങൾ ഓതിക്കൊണ്ടിരിക്കാൻ നബിതിരുമേനി ഉപദേശിച്ചിട്ടുണ്ട്. സൂറഃകഹ്ഫിന്റെ പ്രാരംഭ വചനങ്ങളിലെ പ്രതിപാദ്യം ക്രിസ്തുമതത്തിന്റെ തെറ്റായ വിശ്വാസങ്ങളുടെ ഖണ്ഡനമാണ്.

اَلْحَمْدُ لِلّٰهِ الَّذِیْۤ اَنْزَلَ عَلٰی عَبْدِهِ الْكِتٰبَ وَلَمْ یَجْعَلْ لَّهٗ
عِوَجًا ۜ ﴿٢﴾ قَیِّمًا لِّیُنْذِرَ بَاْسًا شَدِیْدًا مِّنْ لَّدُنْهُ وَیُبَشِّرَ
الْمُؤْمِنِیْنَ الَّذِیْنَ یَعْمَلُوْنَ الصّٰلِحٰتِ اَنَّ لَهُمْ اَجْرًا حَسَنًا ۙ ﴿٣﴾
مَّاكِثِیْنَ فِیْهِ اَبَدًا ۙ ﴿٤﴾ وَّیُنْذِرَ الَّذِیْنَ قَالُوا اتَّخَذَ اللّٰهُ وَلَدًا ۗ ﴿٥﴾
مَا لَهُمْ بِهٖ مِنْ عِلْمٍ وَّلَا لِاٰبَآئِهِمْ ؕ كَبُرَتْ كَلِمَةً تَخْرُجُ
مِنْ اَفْوَاهِهِمْ ؕ اِنْ یَّقُوْلُوْنَ اِلَّا كَذِبًا ﴿٦﴾ فَلَعَلَّكَ بَاخِعٌ نَّفْسَكَ
عَلٰۤی اٰثَارِهِمْ اِنْ لَّمْ یُؤْمِنُوْا بِهٰذَا الْحَدِیْثِ اَسَفًا ﴿٧﴾ اِنَّا جَعَلْنَا
مَا عَلَی الْاَرْضِ زِیْنَةً لَّهَا لِنَبْلُوَهُمْ اَیُّهُمْ اَحْسَنُ عَمَلًا ﴿٨﴾
وَاِنَّا لَجٰعِلُوْنَ مَا عَلَیْهَا صَعِیْدًا جُرُزًا ؕ ﴿٩﴾

തന്റെ ദാസന് ഈ ഗ്രന്ഥം ഇറക്കിക്കൊടുത്ത അല്ലാഹുവിനാണ് എല്ലാ സ്തുതിയും......... അല്ലാഹു തനിക്കായി ഒരു പുത്രനെ

സ്വീകരിച്ചിരിക്കുന്നു എന്ന് പറയുന്നവർക്ക് മുന്നറിയിപ്പ് നല്കുന്നതിനുവേണ്ടിയാണ് (ഈ ഗ്രന്ഥം ഇറക്കിയിട്ടുള്ളത്). അവർക്കോ അവരുടെ പിതാക്കൾക്കോ അതു സംബന്ധിച്ച ഒരറിവുമില്ല. അവരുടെ മുഖത്തുനിന്ന് പുറപ്പെടുന്ന വാക്കുകൾ ഗുരുതരമായതാണ്. കള്ളമല്ലാതെ അവർ പറയുന്നില്ല.................

ഇക്കാലത്ത് അസാധാരണമായ നിലയിൽ പ്രതാപം പ്രാപിക്കുകയും ലോകം മുഴുവൻ വ്യാപിക്കുകയും ചെയ്തിട്ടുള്ള ക്രൈസ്തവ ജനതയാണ് ദജ്ജാൽ എന്നതിലേക്ക് ഇതിൽ കവിഞ്ഞ തെളിവ് മറ്റെന്താണ് വേണ്ടത്? ഈ ദജ്ജാലിന്റെ ദജ്ജാലിയ്യത്ത് അവരുടെ ഭൗതികതയും തെറ്റായ വിശ്വാസങ്ങളുമാണ്. കണ്ണുള്ളവർ കണ്ടുകൊള്ളട്ടെ. ഹദ്റത്ത് അഹ്മദ്(അ) അദ്ദേഹത്തിന്റെ എതിരാളികളായ മൗലവിമാരെ സംബോധനം ചെയ്തുകൊണ്ട് എത്ര ഭംഗിയായാണ് ഒരിടത്ത് എഴുതിയിരിക്കുന്നത്! അദ്ദേഹം പറയുകയാണ്: 'ദജ്ജാൽ' അത്ഭുത സൃഷ്ടിയായ ഒരു വ്യക്തിയാണെന്ന് കരുതി നിങ്ങൾ കാത്തിരിക്കുകയാണ്. എന്നാൽ, നിങ്ങളുടെ സാങ്കൽപികമായ ആ ദജ്ജാലിന്റെ പിതാവിനുപോലും ആലോചിക്കാൻ കഴിയാത്ത ഭയങ്കരമായ വഞ്ചനയും കുഴപ്പവുമാണ് നിങ്ങളുടെ കൺമുന്നിൽ പ്രത്യക്ഷപ്പെട്ടു കൊണ്ടിരിക്കുന്നത്'. ***ഫഹ്ഹമു വതദബ്ബറൂ***.

8. നബിതിരുമേനിയുടെ അനുയായികളിൽ ഒരാളായ തമീംദാരി തനിക്കുണ്ടായ ഒരു സ്വപ്നത്തിൽ ദജ്ജാലിനെ ഒരു ചർച്ചിൽ ബന്ധിക്കപ്പെട്ട നിലയിൽ കണ്ടതായി സ്വഹീഹ് മുസ്‌ലിം രേഖപ്പെടുത്തുന്നു. ഇക്കാര്യം അദ്ദേഹം തിരുമേനിയോടും തിരുമേനി ജനങ്ങളോടും പറയുകയും ചെയ്തു. ചർച്ചിൽനിന്ന് പുറത്തേക്കു വരുന്നവർ ആരായിരിക്കും എന്നത് ആലോചിച്ചറിയാവുന്ന കാര്യമാണല്ലോ.

## നാലാമത്തെ അടയാളം

നാലാമത്തെ അടയാളം യഅ്ജൂജ് മഅ്ജൂജ് പൂർണ്ണപ്രതാപത്തോടെ പ്രത്യക്ഷപ്പെടും, ലോകത്തിന്റെ നല്ലഭാഗങ്ങളിൽ ഭൂരിഭാഗവും സ്വാധീനപ്പെടുത്തും. അപ്പോൾ ജനതകൾ പരസ്പരം ശത്രുക്കളായി മാറുകയും ചെയ്യും എന്നതാണ്. ഇതുസംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു.

حَتّٰٓى اِذَا فُتِحَتْ يَاْجُوْجُ وَمَاْجُوْجُ وَهُمْ مِّنْ
كُلِّ حَدَبٍ يَّنْسِلُوْنَ ﴿٩٧﴾

'യഅ്ജൂജ് മഅ്ജൂജ് തുറന്നിളക്കപ്പെടുമ്പോൾ അവർ എല്ലാ പീഠ പ്രദേശങ്ങളിൽനിന്നും പാഞ്ഞു വരും' (വി.ഖു. 21:97).

وَتَرَكْنَا بَعْضَهُمْ يَوْمَئِذٍ يَّمُوْجُ فِيْ بَعْضٍ وَّ نُفِخَ فِي الصُّوْرِ فَجَمَعْنٰهُمْ جَمْعًا ﴿١٠٠﴾

"അന്നാളിൽ ജനതകൾ പരസ്പരം എതിരായി എഴുന്നേൽക്കും. അപ്പോൾ ഒരു കാഹളം ഊതപ്പെടും. പിന്നീട് എല്ലാവരെയും നാം ഒരുമിച്ചു കൂട്ടുകയും ചെയ്യും" (വിശുദ്ധഖുർആൻ, 18:100). ഇതു സംബന്ധിച്ച് ഹദീഥിൽ ഇപ്രകാരം പറയുന്നു:

يبعث اللّٰه ياجوج وماجوج وهم من كلّ حدبٍ يّنسلون (مشكوة)

'അല്ലാഹു യഅ്ജൂജ് മഅ്ജൂജിനെ എഴുന്നേല്പിക്കും; അവർ എല്ലാ പീഠ പ്രദേശങ്ങളിൽനിന്നും പാഞ്ഞുവന്നുകൊണ്ടിരിക്കും'(മിശ്കാത്ത്).

യഅ്ജൂജ് മഅ്ജൂജ് എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് ഇംഗ്ലീഷുകാരും റഷ്യക്കാരുമാണെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ബൈബിളിൽ ഈ സംഗതി വിശദമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ട് (യെഹെസ്കേൽ 38:39) അദ്ധ്യായങ്ങളും വെളിപ്പാടും നോക്കുക). ഹദീഥിൽ പറഞ്ഞിട്ടുള്ള ലക്ഷണങ്ങളും യഅ്ജൂജ് മഅ്ജൂജ് ഈ ജനതകളാണെന്നാണ് സൂചിപ്പിക്കുന്നത്. മുമ്പേ ഈ ജനതകൾ ദുർബ്ബലാവസ്ഥയിലായിരുന്നു. പിന്നീട് അല്ലാഹു അവർക്ക് ഭൗതികമായ അഭിവൃദ്ധി നല്കി. അവർ ലോകത്തിന്റെ ഭൂരിഭാഗം സ്വാധീനപ്പെടുത്തുകയും വളരെ ശക്തി സമ്പാദിക്കുകയുംചെയ്തു. അവരുടെ ഈ അഭിവൃദ്ധി മുഴുവനും ഇക്കാലത്ത് ഉണ്ടായതാണ്. മുമ്പേയൊരിക്കലും അവർക്ക് ഇത്തരമൊരവസ്ഥ സ്വപ്നം കാണാൻപോലും സാധിച്ചിരുന്നില്ല. അവരും മറ്റുള്ള ജനതകളും അന്യോന്യം ശത്രുക്കളായി എഴുന്നേല്ക്കുമെന്നത് പ്രത്യക്ഷത്തിൽ കാണുന്ന കാര്യമാണ്. അതിനു വ്യാഖ്യാനമൊന്നും ആവശ്യമില്ല. ഒരു കാഹളമൂതപ്പെടുമെന്ന് പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് മസീഹ് മൗഊദിന്റെ ആഗമനമാകുന്നു. എന്തെന്നാൽ, അല്ലാഹുവിന്റെ ദൂതന്മാർ ഒരു കാഹളത്തിന്റെ ജോലി നിർവ്വഹിക്കുന്നവരാണ്. അതായത്, അല്ലാഹു അവന്റെ ശബ്ദത്തെ അവർ മുഖാന്തരം ജനങ്ങൾക്ക്

എത്തിക്കുന്നു. പിന്നെ അവർ മുഖാന്തരം അവൻ ജനങ്ങളെ ഒരു കേന്ദ്രത്തിൽ ഒരുമിച്ചു കൂട്ടുകയും ചെയ്യുന്നു. ഇപ്പോഴും അതുപോലെത്തന്നെ നടക്കും; അല്ല, നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ, ഏതുപ്രകാരം പിറവിചന്ദ്രൻ മിക്കവർക്കും കാണത്തക്കതായിരിക്കുന്നില്ലയോ അപ്രകാരം എല്ലാ പരിവർത്തനങ്ങളും ആരംഭത്തിൽ പ്രകടമായിരിക്കുകയില്ല. പക്ഷേ, ക്രമത്തിൽ ക്രമത്തിൽ അത് വളർന്നുവന്നു പൂർണ്ണചന്ദ്രനെപ്പോലെ പ്രകാശമായിത്തീരും. ബുദ്ധിയുള്ളവർ ആലോചിച്ചുകൊള്ളട്ടെ.

## അഞ്ചാമത്തെ അടയാളം

അഞ്ചാമത്തെ അടയാളം മസീഹ് മൗഊദിന്റെ കാലത്ത് ഇസ്ലാമിന്റെ സ്ഥിതി തുലോം ശോച്യമായിരിക്കും എന്നതാണ്. അതായത്, മുസ്‌ലിംകൾ യഹൂദരെപ്പോലെയാകും; അവരുടെ ഉലമാക്കളുടെ അവസ്ഥ എത്രയും നികൃഷ്ടമായിരിക്കും; മുസ്‌ലിംകൾക്കിടയിൽ ഭീമമായ അനൈക്യവും ഭിന്നിപ്പുമുണ്ടാകും; സത്യവിശ്വാസം ലോകത്തുനിന്ന് അന്തർദ്ധാനം ചെയ്യും. നബിതിരുമേനി പറയുന്നു:

لتتبعنّ سنن من قبلــــــكم شبرًا بشبرٍ وذراعًا بذراعٍ حتّٰى
لو دخلوا جحر ضبٍّ لتبعتموهم ـ قيل يا رســــــول اللّٰه
اليهود والنّصارٰى ـ قال فمن وفى روايةٍ يذهب الصالحون
ويبقٰى حفالةً كحفالة الشعير او التّــمر لا يباليهم اللّٰه بالةً ـ
وفى روايةٍ قال رسول اللّٰه صلعم يوشک الامم ان تداعٰى
عليكم كــما تداعى الأكلة الٰى قصعتها ـ قال قائلٌ ومن قلّةٍ
نحن يومئذٍ ؟ قال بل انتم يومئذٍ كثيرٌ وّلاكنّكم غثآءٌ كغثآء
الســـــيل لينزعنّ اللّٰه من صدور عدوّكم المهابة منـــكم
واليقذفنّ فى قلوبكم الوهن ـ قال قائلٌ يا رســـول اللّٰه وما

الوهن ـ قال حبّ الدّنيا و كراهية المـوت ـ وفى روايةٍ قال
يكـــــون بعدى ائمّةٌ لّايهتدون بهداى ولا يستنّون بسنّتى
وسيقوم فيهم رجالٌ قلوبهم قلوب الشيٰطين فى جثمان انس
ـ وفى روايةٍ علمآئهم شرّ من تحت اديم السّــــمآء ـ وفى
روايةٍ ويرفع العلم ويكثر الجهل ويكثر الزّنا ويكـــثر شرب
الخـــمر ـ وفى روايةٍ تفترق امّتى علٰى ثلاثٍ وسبعين فرقةٍ
كلّهم فى النار الّا واحدةً وهى الجماعة ـ وفى روايةٍ لوكان
الايمان عند الثّريّا لنا لهٗ رجلٌ مّن اهل الفارس ـ (مشكٰوة)

അല്ലയോ മുസ്ലിംകളേ, നിശ്ചയമായും നിങ്ങൾ നിങ്ങൾക്ക് മുമ്പേയുള്ളവരുടെ ചെയ്തികളെ ചവിട്ടടിതോറും അനുഗമിക്കും; ചാണിനു ചാണായും, മുഴത്തിനു മുഴമായും. അവർ ഒരു ഉടുമ്പിന്റെ പൊത്തിൽ കടന്നിട്ടുണ്ടെങ്കിൽ നിങ്ങളും അതിൽ കടക്കും. സ്വഹാബാക്കൾ ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ, മുമ്പേയുള്ളവർ എന്നു പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് യഹൂദരും ക്രിസ്ത്യാനികളുമാണോ? തിരുമേനി ഉത്തരമരുളി: അവരല്ലാതെ മറ്റാര്? മറ്റൊരു രിവായത്തിൽ പറയുന്നു: സ്വാലിഹീങ്ങൾ കഴിഞ്ഞുപോകും. പതിരുമാത്രം അവശേഷിക്കും; യവത്തിന്റെയോ ഈത്തപ്പഴത്തിന്റെയോ പതിരുപോലെ. അല്ലാഹു അത്തരം ആളുകളെ തീരെ വിലവെക്കുകയില്ല. മറ്റൊരു രിവായത്തിൽ പറയുന്നു: നിങ്ങൾക്കതിരായി മറ്റു ജനതകൾ അന്യോന്യം സഹായത്തിന് ക്ഷണിക്കുന്ന കാലം അടുത്തിരിക്കുന്നു; ഉണ്ണാനിരിക്കുമ്പോൾ അവന്റെ മേശയിലേക്ക് മറ്റുള്ളവരെ ക്ഷണിക്കുന്നതുപോലെ. അതായത് നിങ്ങൾ മറ്റുള്ളവരുടെ ആഹാരമായിത്തീരുകയും നിങ്ങളെ ഭക്ഷിപ്പാനായി അവർ അന്യോന്യം ക്ഷണിക്കുകയുംചെയ്യും. ഒരാൾ ചോദിച്ചു:അല്ലാഹുവിന്റെ ദൂത

രേ, അന്നാളിൽ ഞങ്ങൾ എണ്ണത്തിൽ കുറഞ്ഞവരായിരിക്കുമോ? ഞങ്ങളുടെ എണ്ണക്കുറവു കൊണ്ടായിരിക്കുമോ ഞങ്ങൾക്ക് ആ സ്ഥിതി നേരിടുക? തിരുമേനി മറുപടി പറഞ്ഞു. അല്ല, നിങ്ങൾ അന്ന് എണ്ണത്തിൽ വളരെ അധികമുണ്ടായിരിക്കും- പക്ഷേ, വെള്ളപ്പൊക്കത്തിനുശേഷം ജലാശയങ്ങളുടെ തീരത്ത് കാണപ്പെടുന്ന ചണ്ടിക്കു തുല്യമായിരിക്കും നിങ്ങൾ. അതായത് നിങ്ങൾ കേവലം നികൃഷ്ടവും നിരുപയോഗവുമായ അവസ്ഥയിലായിരിക്കും. അല്ലാഹു ശത്രുക്കളുടെ ഹൃദയത്തിൽനിന്ന് നിങ്ങളെ സംബന്ധിച്ച ശങ്കയും ഭീതിയും അകറ്റിക്കളയും. നിങ്ങളുടെ ഹൃദയത്തിൽ ദൗർബല്യബോധം കടത്തിവിടും. ഒരു സ്വഹാബി ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, ദൗർബ്ബല്യബോധം എന്നാലെന്താണ്? തിരുമേനി പ്രതിവചിച്ചു: അത് ലോകത്തോടുള്ള സ്നേഹവും മരണത്തോടുള്ള പേടിയുമാണ്. അതായത്, ഭീരുത്വം നിമിത്തം സൽക്കർമ്മങ്ങളിൽനിന്ന് പിന്തിരിഞ്ഞുകളയും. മറ്റൊരു രിവായത്തിൽ പറയുന്നു: എനിക്കുശേഷം ഒരു കാലത്ത് എന്റെ മാർഗ്ഗദർശനം സ്വീകരിക്കാത്തവരും എന്റെ സുന്നത്ത് അനുസരിക്കാത്തവരുമായ ഉലമാക്കൾ ഉണ്ടാവുന്നതാണ്. എന്റെ ഉമ്മത്തിൽ ഹൃദയം ശൈത്താന്റെയും ശരീരം മനുഷ്യന്റേതുമായ ജനങ്ങൾ ജനിക്കുകയും ചെയ്യും. മറ്റൊരു രിവായത്തിൽ പറയുന്നു: എന്റെ ഉമ്മത്തിലെ ഉലമാക്കൾ ആകാശത്തിനു കീഴിൽ ഏറ്റവും നികൃഷ്ടരായ ജീവികളായിരിക്കും. മറ്റൊരു രിവായത്തിൽ പറയുന്നു: ജ്ഞാനം എടുക്കപ്പെട്ടു പോകും. അജ്ഞാനം പരക്കുകയും, വ്യഭിചാരം, മദ്യപാനം എന്നീ കുറ്റങ്ങൾ വർദ്ധിക്കുകയും ചെയ്യും. മറ്റൊരു രിവായത്തിൽ പറയുന്നു: എന്റെ ഉമ്മത്ത് എഴുപത്തിമൂന്ന് ഫിർഖത്തുകളായി വേർപിരിയും. അതിൽ എഴുപത്തി രണ്ട് ഫിർഖത്തുകളും വഴികേടിലും ഒന്നുമാത്രം നേർവഴിയിലുമായിരിക്കും. മറ്റൊരു രിവായത്തിൽ പറയുന്നു: സത്യവിശ്വാസം ലോകത്തുനിന്ന് അന്തർദ്ധാനം ചെയ്യും. എന്നാൽ, അത് ഥുറയ്യാ എന്ന നക്ഷത്രത്തിലേക്ക് പോകയാണെങ്കിലും ഫാരിസി വംശക്കാരനായ ഒരാൾ അതിനെ മടക്കിക്കൊണ്ടു വരും (മിശ്കാത്ത്, കിതാബുൽഫിതൻ).

വാഗ്ദാനം ചെയ്യപ്പെട്ട മസീഹിന്റെ ആഗമനകാലത്തെ മുസ്‌ലിംകളുടെ ചിത്രം തിരുമേനി തന്നെ വരച്ചിരിക്കുന്നത് ഇങ്ങനെയാണ്. ഇനി ഇക്കാലത്തെ മുസ്‌ലിംകളുടെ ചിത്രവുമായി ഈ ചിത്രം എത്രമാത്രം അനുയോജ്യമായിരിക്കുന്നു എന്ന കാര്യം വായനക്കാർതന്നെ പരിശോധിച്ചു നോക്കട്ടെ. മുസ്‌ലിംകളുടെ അവസ്ഥ ഇത്രമാത്രം

അധഃപതിക്കുകയും വഷളാവുകയും ചെയ്ത ഒരു കാലം ഇന്നത്തേതുപോലെ നബിതിരുമേനിക്കു ശേഷം ഒരിക്കലുമുണ്ടായിട്ടില്ലെന്ന് ഞങ്ങൾക്ക് ധൈര്യസമേതം പറയാൻ കഴിയും. ഒരു വിശദീകരണമാവശ്യമില്ലാത്ത വിധം അത്രയും പ്രത്യക്ഷമായ സംഗതിയാണിത്. കർമ്മത്തിൽ അലസരായതിനു പുറമേ വിശ്വാസത്തിലും മുസ്‌ലിംകൾ അന്ധരായിത്തീർന്നിരിക്കുന്നു. വിശ്വാസകാര്യങ്ങളിൽ അവർ അന്യോന്യം ഭിന്നിച്ചും അകന്നും കഴിയുന്നു. മറ്റു കാര്യങ്ങളോപോകട്ടെ, അല്ലാഹുവിന്റെ ഗുണങ്ങളെ സംബന്ധിച്ചു പോലും അവരിൽ വമ്പിച്ച അഭിപ്രായവ്യത്യാസമുണ്ട്. വിശ്വാസത്തെപ്പറ്റി പറയുകയാണെങ്കിൽ 99 ശതമാനം മുസ്‌ലിംകളുടെയും ഹൃദയത്തിൽനിന്ന് സത്യവിശ്വാസം മാഞ്ഞുപോയിരിക്കുകയാണ്. അല്ലാഹു ഉണ്ടെന്ന് വായ്കൊണ്ടവർ സമ്മതിക്കുമെങ്കിലും യഥാർത്ഥത്തിൽ ഹൃദയം കൊണ്ടു നിഷേധിക്കുന്നവരാണവർ. പരോക്ഷമായി അവർ നിരീശ്വരത്വത്തിനു ഇരയായിത്തീർന്നിരിക്കയാണ്. ചുഴിഞ്ഞു ചോദിച്ചാൽ ദൈവാസ്തിക്യം സംബന്ധിച്ച് അവർ അനേകം സംശയങ്ങളിൽ കുടുങ്ങിക്കിടക്കുകയാണെന്ന് മനസ്സിലാക്കാൻ കഴിയും. നബിതിരുമേനിയെ സംബന്ധിച്ചുള്ള വിശ്വാസത്തിലും അവർ ഉറച്ചൊരവസ്ഥയിലല്ല സ്ഥിതി ചെയ്യുന്നത്. അല്പമായൊരു ചലനമുണ്ടായാൽ മതി അടിതെറ്റി വീഴാൻ. മരണാനന്തര ജീവിതം, പുനരുത്ഥാനം, ശിക്ഷാരക്ഷകൾ, മലക്കുകളുടെ അസ്തിത്വം എന്നിവ കേവലം സാങ്കൽപികാശയങ്ങളായിട്ടാണ് അവർക്ക് അനുഭവപ്പെടുന്നത്.

അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ മുമ്പേയുള്ള ജനങ്ങൾക്ക് സഹായകമായിത്തീർന്ന ആരാധനാമാർഗ്ഗം നിഷ്പ്രയോജനവും നിന്ദ്യവുമായി വീക്ഷിക്കപ്പെടുന്നു. വിശുദ്ധഖുർആൻ ആദ്യാവസാനംവരെ നിഷേധിക്കുകയും നിരോധിക്കുകയും ചെയ്യുന്ന ശിർക്ക് മുസ്‌ലിംകളുടെ എല്ലാ ചേഷ്ടകളിലും ചലനങ്ങളിലും പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. അവർ ധനത്തിന്റെ പൂജകൻമാരായിത്തീർന്നിരിക്കുന്നു. അല്ലാഹുവിന്റെ മഹത്ത്വത്തെ നിസ്സാരമാക്കുന്ന വിശ്വാസമാണ് അവർ അതിൽ അർപ്പിച്ചിരിക്കുന്നത്. കബ്റുകളിൽ ചെന്ന് അവർ സുജൂദ് ചെയ്യുന്നു. മദ്യപാനം, വ്യഭിചാരം, ചൂതുകളി എന്നിവയുടെ കമ്പോളം പെരുകിക്കൊണ്ടിരിക്കുകയാണ്. ഏതൊരു പലിശയെപ്പറ്റി അത് വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നവർ അല്ലാഹുവുമായി യുദ്ധത്തിന് ഒരുങ്ങിക്കൊള്ളട്ടെ എന്ന് താക്കീത് ചെയ്യപ്പെട്ടിരുന്നുവോ ആ പലിശ മുലപ്പാലിനെയെന്നോണം ആസ്വാദ്യ

മായി കണക്കാക്കപ്പെടുന്നു. മുസ്‌ലിംകളുടെ എല്ലാ ഭരണകൂടങ്ങളും ദുർബ്ബലങ്ങളും പൊള്ളയുമായിക്കിടക്കുന്നു. ക്രൈസ്തവ ഗവൺമെന്റുകൾ അവയെ തങ്ങളുടെ ഇരയായിട്ടാണ് കരുതുന്നത്. മറുഭാഗത്ത് ഇസ്‌ലാമിന്റെ അസ്തിത്വംതന്നെ ഇന്നല്ലെങ്കിൽ നാളെ ഇല്ലാതെയാകുമെന്ന ആശങ്കയുണർത്തുന്ന വിധത്തിൽ  ഇസ്‌ലാം ബാഹ്യമായ ആക്രമണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. പ്രവാചകശ്രേഷ്ഠനായ ഹദ്റത്ത് മുഹമ്മദ്(സ) തിരുമേനിയുടെ മേൽ ചൊരിയപ്പെടാത്ത ആക്ഷേപങ്ങളൊന്നും ബാക്കിയില്ല. അദ്ദേഹത്തിന്റെ പരിശുദ്ധ പത്നിമാരും വിവിധങ്ങളായ ആക്ഷേപങ്ങൾക്ക് ലക്ഷ്യമാക്കപ്പെട്ടിരിക്കുന്നു. ഇസ്‌ലാമികാദ്ധ്യാപനങ്ങളെ വികൃതരൂപത്തിൽ പ്രകടിപ്പിച്ച് പരിഹാസപാത്രമാക്കിത്തീർത്തിരിക്കുന്നു. കുരിശുമതം പ്രതാപത്തിന്റെ ഉച്ചം പ്രാപിച്ചിരിക്കുന്നു. നിരീശ്വരത്വം തന്നത്താൻ ഒരു സുന്ദരരൂപം കൈക്കൊണ്ട് നൃത്തംവെക്കുന്നു.ചുരുക്കിപ്പറഞ്ഞാൽ, ഇസ്‌ലാമിക നൗക ഭയങ്കരവും വിപൽക്കരവും ആയ കോളിലും കൊടുക്കാറ്റിലും കുടുങ്ങിക്കിടക്കുകയാണ്. അതിനെ രക്ഷിക്കാനായി അല്ലാഹുവിന്റെ കൈ മുന്നോട്ടു വരുന്നില്ലെങ്കിൽ അത് കരപറ്റുക അസാദ്ധ്യമാണ്. ഇത്തരം സന്ദർഭങ്ങളിൽ ഇസ്‌ലാമിന്റെ സഹായത്തിനായി മുന്നിട്ടിറങ്ങേണ്ട ഉലമാക്കൾ സുഷുപ്തിയിൽ ആണ്ടുകിടക്കുകയാണ്. എന്നുമാത്രമല്ല, അവർ അനേകം രോഗങ്ങൾ ബാധിച്ചവരായിരിക്കുകയും ചെയ്യുന്നു. അവരുടെ വിശ്വാസത്തിന്റെ നിലവാരമാണെങ്കിൽ, ഏതാനും ചെമ്പുകാശിനു വില്ക്കപ്പെടാൻ തയ്യാറുള്ളവിധം അധഃപതിച്ചിരിക്കുന്നു. നബിതിരുമേനി നമ്മെ ജാഗ്രതപ്പെടുത്തിക്കൊണ്ടിരിക്കുന്ന കാലവും ഇസ്‌ലാമിലെ മഹാനായ മുജദ്ദിദ്, അതായത് മഹ്ദീ മസീഹ് വരാൻ നിശ്ചയിക്കപ്പെട്ട സന്ദർഭവും ഇതുതന്നെയാണെന്ന്  സ്ഥിതിഗതികളെല്ലാം  വിളിച്ചോതുന്നുണ്ട്. അങ്ങനെയല്ലാത്തപക്ഷം, ഖുർആനിനെയും ഇസ്‌ലാമിനെയും രക്ഷിക്കുമെന്നും ഇസ്‌ലാമിന്റെ സേവനത്തിനായി ഖലീഫമാരെയും മുജദ്ദിദുമാരെയും അയച്ചുകൊണ്ടിരിക്കുമെന്നും അല്ലാഹു നല്കിയ വാഗ്ദാനം, നഊദുബില്ലാഹ്  കളവായിത്തീരുന്നതാണ്.

## ആറാമത്തെ അടയാളം

മസീഹിന്റെയും മഹ്ദിയുടെയും ആറാമത്തെ അടയാളമായി പറയപ്പെട്ടിട്ടുള്ളത് അദ്ദേഹത്തിന്റെ കാലത്ത് നിശ്ചിത തിയതികളിൽ സൂര്യചന്ദ്രഗ്രഹണങ്ങൾ ഉണ്ടാകുമെന്നാണ്. ഇമാം മുഹമ്മദ്ബാഖിർ ഇപ്രകാരം രിവായത്ത് ചെയ്യുന്നു:

انّ لمهدينا اٰيتين لم نكونا منذ خلق السّـــمٰوٰت
والارض ينكسف القمر لاوّل ليلة من رمضان
وتنكسف الشمس فى النّصف منه (دارقطنى)

നമ്മുടെ മഹ്ദിക്ക് രണ്ട് ദൃഷ്ടാന്തങ്ങൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ആകാശഭൂമികൾ ഉണ്ടായതു മുതൽ ഈ ദൃഷ്ടാന്തങ്ങൾ മറ്റൊരു മഅ്മൂറിന്റെ കാലത്തും പ്രത്യക്ഷപ്പെട്ടിട്ടില്ല. അതായത്, ചന്ദ്രന് റമദാൻ മാസത്തിൽ അതിന്റെ ആദ്യ രാത്രിയിലും സൂര്യന് അതിന്റെ നടുവിലെ ദിവസത്തിലും ഗ്രഹണമുണ്ടാവുന്നതാണ്. (ദാറുഖുത്നി).

ഇവിടെ ആദ്യരാത്രിയിൽ ചന്ദ്രഗ്രഹണമുണ്ടാവുമെന്ന് പറഞ്ഞതിന്റെ അർത്ഥം ചന്ദ്രഗ്രഹണത്തിനായി പ്രകൃതി നിശ്ചയിച്ചിട്ടുള്ള 13,14,15 തിയ്യതികളിലെ ആദ്യത്തെ രാത്രിയിൽ ഗ്രഹണം ഉണ്ടാകുമെന്നാണ്. അതുപോലെതന്നെ സൂര്യന് അതിന്റെ മദ്ധ്യദിനത്തിൽ ഗ്രഹണമുണ്ടാകുമെന്ന് പറഞ്ഞതിന്റെ അർത്ഥം സൂര്യഗ്രഹണത്തിനായി പ്രകൃതി നിശ്ചയിച്ചിട്ടുള്ള 27,28,29 എന്നീ തിയ്യതികളിലെ മദ്ധ്യ ദിവസത്തിൽ ഗ്രഹണം സംഭവിക്കുമെന്നാണ്. ഈ അപൂർവ്വദൃഷ്ടാന്തം ഹിജ്റ 1311 നു സമമായ 1894 ൽ ഏറ്റവും വ്യക്തമായ നിലയിൽ പൂർത്തിയായെന്ന് മുഴുവൻ ലോകത്തിനും അറിയാവുന്നതാണ്. 1311 ലെ റമദാൻ മാസത്തിൽ ചന്ദ്രന് ഗ്രഹണം ബാധിക്കുന്ന ദിവസങ്ങളിൽ ഒന്നാമത്തെ ദിവസമായ 13നും സൂര്യന് ഗ്രഹണം ബാധിക്കുന്ന ദിവസങ്ങളിൽ നടുവിലത്തെ ദിവസമായ 28നും ഗ്രഹണമുണ്ടായി. പൂർവ്വാർദ്ധഗോളത്തിലും മറ്റൊരിക്കൽ അമേരിക്കയിലും രണ്ട് സ്ഥലങ്ങളിലും ഹദീഥ് സൂചിപ്പിക്കുന്ന മേൽപ്പറഞ്ഞ തിയ്യതികളിൽ തന്നെയാണുണ്ടായത്. ഈ അടയാളത്തെപ്പറ്റി ഹദീസ് മാത്രമല്ല, വിശുദ്ധഖുർആനും സൂചന നല്കുന്നുണ്ട്. ഖുർആൻ പറയുന്നത് നോക്കുക:

وَخَسَفَ الْقَمَرُ ۝٩ وَجُمِعَ الشَّمْسُ وَالْقَمَرُ ۝١٠

ചന്ദ്രന് ഗ്രഹണം ബാധിക്കും സൂര്യനും ചന്ദ്രനും ഒന്നായി ചേർക്കപ്പെടുകയും ചെയ്യും. (വിശുദ്ധഖുർആൻ, 75:9,10)

അതായത്, സൂര്യനും അതേ മാസത്തിൽ ഗ്രഹണം ബാധിക്കുമെന്നർത്ഥം.

ഈ അടയാളം പ്രത്യക്ഷമായ നിലയിൽതന്നെ കാണിച്ചുകൊണ്ട്, മഹ്ദി വരേണ്ട കാലം ഇതുതന്നെയാണെന്ന് നമുക്ക് മനസ്സിലാക്കിത്തരുന്നു. ഈ ഹദീഥ് മർഫൂഅ് അല്ലെന്നും അതിന്റെ കണ്ണി ഇമാം മുഹമ്മദുബാഖിർവരെ എത്തി നിലച്ചുപോകുന്നുവെന്നും ചിലർ ആക്ഷേപിക്കാറുണ്ട്. അതുപോലെതന്നെ, അതിൽ ചന്ദ്രഗ്രഹണം റമസാൻ മാസത്തിലെ ആദ്യത്തെ രാത്രിയിലും സൂര്യഗ്രഹണം റമദാന്റെ മധ്യദിവസത്തിലുമുണ്ടാകുമെന്നാണ് പറയപ്പെട്ടിരിക്കുന്നതെന്നും അതിനെതിരായി ചന്ദ്രഗ്രഹണം13നും സൂര്യഗ്രഹണം 28നുമാണ് ഉണ്ടായതെന്നും ആക്ഷേപിക്കുക സാധാരണമാണ്. ഈ ആക്ഷേപത്തിനുള്ള മറുപടി ഇതാണ്: പ്രത്യക്ഷത്തിൽ ഈ ഹദീഥ് മൗഖൂഫ് തന്നെയാണ്. എങ്കിലും ഹദീഥ് വിജ്ഞാനികളുടെ നിയമപ്രകാരം ഈ രിവായത്ത് മർഫൂഅ് ആകുന്നു. കൂടാതെ ഇതിന്റെ റാവി ആരാണെന്നുകൂടി നോക്കേണ്ടതുണ്ട്. അദ്ദേഹം നബിതിരുമേനിയുടെ അഹ്‌ലുബയ്ത്തിൽപെട്ട സുസമ്മതനായ വ്യക്തിയാണ്. അഹ്‌ലുൽബയ്ത്തിൽപെട്ട മഹാന്മാർ അവരുടെ വ്യക്തിപ്രഭാവത്തിന്റെ വെളിച്ചത്തിൽ ഹദീഥുറിപ്പോർട്ടിന്റെ കണ്ണികളെ നബി തിരുമേനിവരെ എത്തിക്കേണ്ടത് ആവശ്യമായി കരുതിയിരുന്നില്ലെന്നത് എല്ലാവരും സമ്മതിക്കുന്ന സംഗതിയാണ്. ഹദീഥ് റിപ്പോർട്ട് ചെയ്യുന്നതിൽ അവർ സ്വീകരിച്ചിരിക്കുന്ന ഈ പതിവ് സുപ്രസിദ്ധവുമാണ്. പേരെങ്കിൽ ഈ ഹദീഥ് ഞങ്ങൾ നിർമ്മിച്ചതല്ല, 1300കൊല്ലങ്ങൾക്ക് മുമ്പേയുള്ളതാണ്. രണ്ടാമത്തെ ആക്ഷേപത്തെപറ്റി പറയുകയാണെങ്കിൽ, ചന്ദ്രന് മാസത്തിന്റെ ആദ്യത്തിൽ ഗ്രഹണം ബധിക്കുന്നത് അല്ലാഹുവിന്റെ സുന്നത്തിനും പ്രകൃതി നിയമത്തിനും എതിരാകുന്നു. അല്ലാഹു നിശ്ചയിച്ച പ്രകൃതി നിയമം ചന്ദ്രഗ്രഹണത്തിനായി 13,14.15 എന്നീ തിയതികളും സൂര്യചന്ദ്രഗ്രഹണത്തിനായി 27,28,29 എന്നീ തിയതികളും പരിമിതപ്പെടുത്തിയിരിക്കുകയാണ്. അതിനാൽ, ഒന്നാം തിയതി എന്നതുകൊണ്ട് ഈ ദിവസങ്ങളിൽ ഒന്നാമത്തെ ദിവസവും മധ്യതിയതി എന്നതുകൊണ്ട് ഈ ദിവസങ്ങളിൽ രണ്ടാമത്തെ ദിവസവുമാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അങ്ങനെയല്ലാതെ മാസത്തിന്റെ ആദ്യദിവസവും മധ്യദിവസവും ആവാൻ പാടില്ല. ഇതിന് മറ്റൊരു തെളിവുകൂടിയുണ്ട്. മാസത്തിലെ ആദ്യരാത്രികളിലെ ചന്ദ്രന് അറബിഭാഷയിൽ 'ഹിലാൽ' എന്നാണ് പറയു

ക. എന്നാൽ, ഹദീഥിൽ 'ഖമർ' എന്നാണ് പറഞ്ഞിരിക്കുന്നത്. മാസത്തിന്റെ ആദ്യരാത്രിയല്ല ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് ഇതിൽനിന്ന് നല്ലതുപോലെ മനസ്സിലാകുന്നുണ്ട്. ഇതിനും പുറമെ, ഈ തിയ്യതികളെ സംബന്ധിച്ച് മുസ്‌ലിം ഉലമാക്കൾ ഇതേ വ്യാഖ്യാനമാണ് ഇതുവരെയും നല്കിക്കൊണ്ടിരുന്നത്. അധുനാതനകാലത്തെ ഒരു മഹാപണ്ഡിതനായ മൗലവി മുഹമ്മദ് സാഹിബ് ലാഖോക്കെവാലെ ഈ അടയാളം പ്രത്യക്ഷപ്പെടുന്നതിനു മുമ്പേ എഴുതിയ ഒരു പദ്യശകലമാണിത്:

تیرھویں چند ستیہویں سورج گرہن ہوسی اس سالے
اندر ماہ رمضانے لکھیا ایہہ ایک روایت والے

ഈ പദ്യത്തിൽ മൗലവി സാഹിബ് 28നു പകരം 27-ാം തിയതിയാണ് എഴുതിയിട്ടുള്ളത്. അങ്ങനെയൊരു തെറ്റ് അദ്ദേഹത്തിന് പറ്റിയിട്ടുണ്ടെങ്കിലും ഞങ്ങൾ മുകളിൽ പറഞ്ഞ തത്ത്വം അദ്ദേഹവും സമ്മതിച്ചിട്ടുണ്ടെന്നുവേണം പറയാൻ. എല്ലാറ്റിലുമുപരിയായി, ഒന്നാമത്തെ ദിവസം കൊണ്ട് ഉദ്ദേശിക്കപ്പെട്ടത് 13-ാം തിയ്യതിയും മദ്ധ്യദിവസം കൊണ്ട് ഉദ്ദേശിക്കപ്പെട്ടത് 28-ാം തിയ്യതിയുമാണെന്നു സംഭവവും തെളിയിച്ചിരിക്കുന്നു.

ചുരുക്കത്തിൽ, ആ അടയാളം യാതൊരു ആക്ഷേപത്തിനും ഇടമില്ലാത്ത വിധത്തിലാണ് പൂർത്തിയായിട്ടുള്ളത്. ഇത് പൂർത്തിയായപ്പോൾ ചില മൗലവിമാർ തലയ്ക്ക് കൈയടിച്ചുകൊണ്ട്, ഇനി ജനങ്ങൾ വഴിപിഴച്ചു പോകും, ഇനി ജനങ്ങൾ വഴി പിഴച്ചു പോകും എന്നു പറഞ്ഞ് വിലപിച്ചിരുന്നുവെന്ന് വിശ്വാസയോഗ്യമായി അറിയാൻ കഴിഞ്ഞിരിക്കുന്നു. ഇതും ഇക്കാലത്തെ ഉലമാക്കൾ സൃഷ്ടികളിൽവച്ച് നികൃഷ്ടരായിരിക്കുമെന്ന് നബിതിരുമേനി പ്രവചിച്ചിട്ടുള്ളതിന്റെ ഒരു സാക്ഷാത്ക്കാരമാണ്. എന്തെന്നാൽ, ഒരു ഭാഗത്ത് അല്ലാഹുവിന്റെ മഹത്തായ അടയാളം നിറവേറിക്കൊണ്ടിരിക്കുന്നു! മറുഭാഗത്ത് ഇനി തങ്ങളുടെ സ്വാധീനത്തിൽനിന്ന് വേർപെട്ട് ജനങ്ങൾ മിർസാസാഹിബിനെ വിശ്വസിക്കാൻ തുടങ്ങുമാറ് ഈ അടയാളം എന്തിന് അല്ലാഹു നിറവേറ്റിയെന്ന് മൗലവിമാർ ദുഃഖം പ്രകടിപ്പിക്കുന്നു! കഷ്ടം! കഷ്ടം! ഹതഭാഗ്യരായ മൗലവിമാരേ, ശുദ്ധാത്മാക്കളായ അനവധി ജനങ്ങളെ നിങ്ങൾ വഴികേടിലാക്കിക്കളഞ്ഞു! നിങ്ങളുടെ ദുർബ്ബോധനത്തിൽ കുടുങ്ങിയതുകൊണ്ട് അവർ കണ്ണു

ണ്ടായിട്ടും കണ്ടില്ല. ചെവിയുണ്ടായിട്ടും കേട്ടില്ല. ഹൃദയമുണ്ടായിട്ടും ഗ്രഹിച്ചില്ല. അല്ലാഹുവിനെ ഭയപ്പെടുക! ഒരു ദിവസം അവന്റെ സന്നിധിയിൽ ഹാജരായി ഉത്തരം പറയേണ്ടിവരും.

## ഏഴാമത്തെ അടയാളം

ഏഴാമത്തെ അടയാളമായി പറയപ്പെട്ടിരിക്കുന്നത് മസീഹ് മൗഊദിന്റെ കാലത്ത് ദാബ്ബത്തുൽഅർളിന്റെ പുറപ്പാട് ഉണ്ടാകുമെന്നതാണ്. അത് ജനങ്ങളെ കടിച്ചു പരിക്കേല്പിക്കും. വിശ്വാസികളിലും അവിശ്വാസികളിലും വ്യത്യാസം കാണിക്കും. ലോകത്ത് ചുറ്റി സഞ്ചരിക്കും. വിശുദ്ധഖുർആനിലും അതിനെപ്പറ്റി പറയപ്പെട്ടിട്ടുണ്ട്. അല്ലാഹു പറയുന്നത് നോക്കുക:

وَإِذَا وَقَعَ الْقَوْلُ عَلَيْهِمْ أَخْرَجْنَا لَهُمْ دَآبَّةً مِّنَ الْأَرْضِ
تُكَلِّمُهُمْ أَنَّ النَّاسَ كَانُوا بِآيَاتِنَا لَا يُوقِنُونَ ﴿٨٣﴾

(മസീഹ് മൗഊദിനെ അയക്കുന്നതുകൊണ്ട്) അല്ലാഹുവിന്റെ ന്യായം അവരിൽ പൂർത്തിയാകുമ്പോൾ നാം ഭൂമിയിൽനിന്ന് ഒരു ജന്തുവിനെ പുറപ്പെടുവിക്കും; അത് ജനങ്ങളെ കടിച്ചു പരിക്കേല്പിക്കും. എന്തുകൊണ്ടെന്നാൽ ജനങ്ങൾ നമ്മുടെ അടയാളങ്ങൾ വിശ്വസിക്കുന്നവരായിരിക്കുകയില്ല.” (വി.ഖു. 27:83).

കൂടാതെ ഹദീഥുകളിലും ഖിയാമത്തിന്റെ അടയാളമായി ദാബ്ബത്തുൽഅർളിന്റെ പുറപ്പാടിനെപ്പറ്റി പറഞ്ഞു കാണുന്നുണ്ട് (ബുഖാരിയും മുസ്‌ലിമും നോക്കുക). മസീഹ് മൗഊദിന്റെ കാലത്ത് ഒരു കീടം പുറപ്പെടുമെന്നും നാട്ടിൽ മുഴുവൻ വ്യാപിക്കുമെന്നും വിശ്വാസികളിലും അവിശ്വാസികളിലും വ്യത്യാസം കാണിക്കപ്പെടുമെന്നുമാണ് പറയപ്പെട്ടിരിക്കുന്നത്.

ഹദ്റത്ത് അഹ്മദിന്റെ(അ) കാലത്ത് പ്ലേഗ് പൊട്ടിപുറപ്പെട്ടുകൊണ്ട് ഈ അടയാളം എത്ര സ്പഷ്ടമായാണ് പൂർത്തിയായതെന്ന് നോക്കുക. പ്ലേഗു രോഗം ഒരു കൃമിയിൽനിന്നുണ്ടാകുന്നു എന്ന കാര്യം സർവ്വരാലും സമ്മതിക്കപ്പെട്ടതാണ്. ദാബ്ബത്തുൽ അർള് എന്ന പദത്തിന്റെ അർത്ഥവും ഭൂമിയിൽനിന്നുണ്ടാകുന്ന ഒരു കൃമി എന്നാണ്. എന്തെന്നാൽ വിശുദ്ധഖുർആനിൽ മറ്റൊരു സ്ഥലത്ത് പറയുകയാണ്:

دَآبَّةُ الْاَرْضِ تَاْكُلُ مِنْسَاَتَهٗ

മരുഭൂമിയിൽനിന്നുള്ള ഒരു കൃമി ഹദ്റത്ത് സുലയ്മാന്റെ വടി തിന്നുകൊണ്ടിരുന്നു. (വി.ഖു. 34:15)

ഇവിടെ എല്ലാ മുഫസ്സിറുകളും ദാബ്ബത്തിനു കൃമിയെന്നാണ് അർത്ഥം പറഞ്ഞിരിക്കുന്നത്. അതിനാൽ, മസീഹ് മൗഊദിന്റെ കാലത്ത് പ്രത്യക്ഷപ്പെടുന്ന ദാബ്ബത്തിന് കൃമി എന്നല്ലാതെ മറ്റൊരു അർത്ഥം കല്പിക്കാൻ കാരണം കാണുന്നില്ല. മറ്റ് രിവായത്തുകളിൽ ഈ ദാബ്ബത്തിനെപ്പറ്റി പറഞ്ഞിട്ടുള്ള ലക്ഷണങ്ങളെല്ലാം ആലങ്കാരികങ്ങളാണ്. യഥാർത്ഥത്തിൽ പ്ലേഗാണ് ദാബ്ബത്തുൽ അർള്. അത് മസീഹ് മൗഊദിന്റെ കാലത്ത് പ്രത്യക്ഷപ്പെട്ടു സത്യത്തെയും അസത്യത്തെയും വേർതിരിക്കുകയും ചെയ്തു. അതായത്, അവിശ്വാസികളുടെ നെറ്റിയിലും വിശ്വാസികളുടെ നെറ്റിയിലും അത് ഓരോ അടയാളം വരച്ചു. അങ്ങനെ രണ്ട് കൂട്ടരേയും വ്യത്യാസപ്പെടുത്തുകയും ചെയ്തു. മസീഹ് മൗഊദിന്റെ കാലത്ത് അഹ്മദിയ്യാ ജമാഅത്തിന് പ്ലേഗ് ദൃഷ്ടാന്തവുമായി ബന്ധപ്പെട്ടുണ്ടായ അഭിവൃദ്ധി മറ്റൊരു മാർഗ്ഗത്തിൽ കൂടിയും ഉണ്ടായിട്ടില്ല. ആ രോഗം ഹദ്റത്ത് അഹ്മദിന്റെ ശത്രുക്കളെ എണ്ണിയെണ്ണി നശിപ്പിച്ചു. അതേ സമയത്ത്, ഹദ്റത്ത് അഹ്മദും അദ്ദേഹത്തിന്റെ അനുയായികളും പ്ലേഗ് ബാധയിൽനിന്ന് നിശ്ശേഷം സുരക്ഷിതരാവുകയും ചെയ്തു. അതാണ് ദാബ്ബത്തുൽഅർള് വരച്ച കറുത്തതും വെളുത്തതുമായ അടയാളങ്ങൾ. നാട്ടിൽ പ്ലേഗു രോഗം ഭയങ്കരമായി വ്യാപിച്ചുകൊണ്ടിരുന്ന കാലത്ത് ഓരോ ദിവസവും, ബയ്അത്ത് ചെയ്തു ശിഷ്യത്വം സ്വീകരിക്കാനുള്ള അപേക്ഷകൾ അടങ്ങുന്ന നൂറുക്കണക്കിൽ കത്തുകൾ ഹദ്റത്ത് അഹ്മദിന്റെ(അ) അടുക്കൽ വന്നുകൊണ്ടിരുന്നു. ജനങ്ങൾ പരിഭ്രാന്തരായി അദ്ദേഹത്തിന്റെ അടുക്കലേക്ക് ഓടിവരികയും ചെയ്തു. അതൊരു അത്ഭുതകരമായ കാഴ്ചയായിരുന്നു. ആദ്യത്തെ ഏതാനും വർഷങ്ങളിൽ അഹ്മദികളുടെ എണ്ണം മൂന്ന് അക്കത്തിൽനിന്ന് മേൽപ്പോട്ടു കയറിയിരുന്നില്ല. എന്നാൽ, ദാബ്ബത്തുൽഅർളിന്റെ പുറപ്പാടിനുശേഷം, അതായത് 1900-നു ശേഷം, നോക്കിക്കൊണ്ടിരിക്കെ അഹ്മദിയ്യാ ജമാഅത്തിന്റെ സംഖ്യ ആയിരക്കണക്കിലല്ല, ലക്ഷക്കണക്കിലായി വർദ്ധിച്ചു. സർവ്വസ്തുതിയും അല്ലാഹുവിനാകുന്നു.

പ്ലേഗിന് ചില അഹ്മദികളും ഇരയാവുകയുണ്ടായി എന്നു പറയുന്നത് അവിവേകമായൊരു ആക്ഷേപമാണ്. ഒന്നാമതായി അഹ്മദികളെയും മറ്റുള്ളവരെയും ഈ രോഗം ബാധിച്ചതിനെ അതിന്റെ ശതമാനത്തോതു കൊണ്ടാണ് താരതമ്യപ്പെടുത്തിനോക്കേണ്ടത്. രണ്ടാമതായി, നബിതിരുമേനി(സ) വിജയപൂർവ്വം നയിച്ച യുദ്ധങ്ങളിൽ മുസ്ലിംകളും രക്തസാക്ഷികളായിട്ടില്ലയോ എന്നും നോക്കേണ്ടതുണ്ട്. ആ യുദ്ധങ്ങളാണെങ്കിൽ അവിശ്വാസികൾക്ക് അല്ലാഹുവിൽനിന്നുള്ള ഒരു ശിക്ഷയായിരുന്നു. അതിനാൽ, ഈ പ്ലേഗു കൊണ്ട് ആർക്ക് അഭിവൃദ്ധിയുണ്ടായി, ആർക്ക് നാശനഷ്ടങ്ങളുണ്ടായി എന്ന് നോക്കുന്നതാണ് ന്യായവും യുക്തവുമായിരിക്കുക. ഈ രോഗബാധയിൽ അപൂർവ്വ ചില മരണങ്ങൾ അഹ്മദികൾക്കിടയിൽ ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഞങ്ങളുടെ ഭടൻമാർക്കു നല്കിയ രക്തസാക്ഷിത്വഭാഗ്യമാണ്. എങ്കിലും ജമാഅത്തിലെ നേതാക്കളും ജമാഅത്തുമായി പ്രത്യേക ബന്ധമുള്ള വ്യക്തികളും പ്ലേഗു ബാധയിൽ നിന്ന് നിശ്ശേഷം സുരക്ഷിതരായിരുന്നു. അതേ സമയത്ത് ശത്രുനിരയിൽ ഒന്നാം കിടയിലുണ്ടായിരുന്ന അനേകം പേരും ഈരോഗത്തിന് ഇരയായിത്തീർന്നു. സർവ്വോപരി, ഈ ദൃഷ്ടാന്തം അഹ്മദിയ്യാ ജമാഅത്തിന് അസാധാരണമായ അഭിവൃദ്ധി കൈവരുത്തുകയും ശത്രുക്കളുടെ എണ്ണം ഗണ്യമായി കുറയ്ക്കുകയും ചെയ്തു. ചുരുക്കത്തിൽ, ദാബ്ബത്തുൽഅർള് പ്രത്യക്ഷപ്പെട്ട് അതിന്റെ ജോലി നിർവ്വഹിച്ചു. ഇനി അല്ലാഹുവിന്റെ മുമ്പിൽ വീണു എത്ര വിലപിച്ചാലും പ്രാർത്ഥിച്ചാലും നിങ്ങളുടെ അഭീഷ്ടമനുസരിച്ചുള്ള ഒരു ദാബ്ബത്തുൽഅർള് പ്രത്യക്ഷപ്പെടുകയില്ല. കാരണം, വരേണ്ടത് വന്നു കഴിഞ്ഞിരിക്കുന്നു. എന്നാൽ, നിങ്ങളുടെതലച്ചോറിൽ അജ്ഞതയുടെയും സ്വാർത്ഥ താൽപര്യത്തിന്റെയും ഒരു ദാബ്ബത്തുൽഅർള് ഇപ്പോഴും മറഞ്ഞിരുന്നു നിങ്ങളെ തിന്നുകയാണ്. നിങ്ങൾക്ക് സമാധാനമുണ്ടാവാനായി അതുകൂടി പുറത്തേക്കു വരാൻ അല്ലാഹു സഹായിച്ചെങ്കിൽ!

## എട്ടാമത്തെ അടയാളം

എട്ടാമത്തെ അടയാളം മസീഹ് മൗഊദ് ദിമിശ്ഖിന് കിഴക്കുഭാഗത്തുള്ള ഒരു വെളുത്ത മിനാരത്തിൽ ഇറങ്ങുമെന്നുള്ളതാണ്. നബി (സ) തിരുമേനി പറയുകയാണ്:

**ينزل عيسى ابن مريم عند المنارة البيضآء شرقيّ دمشق** (كنزل العمال)

'മസീഹ് മൗഊദ് ദിമിശ്ഖിനു കിഴക്കുഭാഗത്തുള്ള വെളുത്ത മി നാരത്തിനടുത്ത് ഇറങ്ങുന്നതാണ്.'

ഈ അടയാളം പരിശോധിക്കുന്നതിനു മുമ്പേ, മസീഹ് മൗഊദ് ആകാശത്തിൽനിന്ന് ഇറങ്ങുകയില്ലെന്നും മറിച്ച് ഇതേ ഉമ്മത്തിൽ നിന്നുള്ള ഒരാളായിരിക്കുമെന്നും മനസ്സിലാക്കേണ്ടതുണ്ട്. അതുകൊണ്ട്, മിനാരത്തിനടുത്ത് ഇറങ്ങുമെന്ന് പറഞ്ഞതിന് മസീഹ് മൗഊദ് ആകാശത്തിൽനിന്ന് ഏതെങ്കിലും മിനാരത്തിന്റെ മുകളിൽ നേരെ വന്നിറങ്ങി പിന്നീട് താഴത്തേക്ക് വരുമെന്ന് അർത്ഥമെടുക്കാൻ പാടില്ല. കൂടാതെ, ഈ ഹദീഥിൽ പറഞ്ഞിട്ടുള്ളത് മിനാരത്തിന്റെ മുകളിൽ ഇറങ്ങുമെന്നല്ല, മിനാരത്തിന്റെ അടുത്ത് ഇറങ്ങുമെന്നാണ്. അതിന്റെ സാരം സമീപത്തിൽ ഒരു വെളുത്ത മിനാരമുണ്ടായിരിക്കുന്ന അവസ്ഥയിലായിരിക്കും അദ്ദേഹം ഇറങ്ങുകയെന്നാകുന്നു. ഇതിനുശേഷം, ഹദ്റത്ത് അഹ്മദിന്റെ ജൻമദേശമായ പഞ്ചാബിലെ ഖാദിയാൻ കൃത്യമായും ദിമിശ്ഖിനു കിഴക്കാണെന്നുള്ള സംഗതി നാം മനസ്സിലാക്കണം. അതായത്, ദിമിശ്ഖിനുനേരെ കിഴക്ക്, ദിമിശ്ഖ് നില്ക്കുന്ന അതേ അക്ഷരേഖയിലാണ് ഖാദിയാൻ സ്ഥിതി ചെയ്യുന്നത്. അതിനാൽ, ഖാദിയാൻ ദിമിശ്ഖിനു കിഴക്കാണെന്നുള്ള കാര്യത്തിൽ യാതൊരു സന്ദേഹവുമില്ല. ഇനിയുള്ളത് മിനാരമെന്ന പദപ്രയോഗമാണ്. അതിന്റെ സാരം, ഗതാഗത സൗകര്യം, സമ്പർക്കാധിക്യം എന്നിവയാൽ, അതായത് റെയിൽ, തീക്കപ്പൽ, തപാൽ, കമ്പി, അച്ചടിയന്ത്രം, മുതലായതിന്റെ കാരണത്താൽ മതപ്രചാരവേല അത്യധികം എളുപ്പമായിത്തീരുന്ന ഒരു കാലത്തായിരിക്കും മസീഹ് മൗഊദ് വരുകയെന്നാകുന്നു. അതിനാൽ, അദ്ദേഹത്തിന്റെ പ്രചാരവേല, ഒരാൾ ഒരു മിനാരത്തിന്റെ മുകളിൽ നിന്നുകൊണ്ടു പ്രസംഗിക്കുകയും വെളിച്ചം കാണിക്കുകയും ചെയ്താൽ അയാളുടെ ശബ്ദം ബഹുദൂരം കേൾക്കുകയും അയാൾ കാണിക്കുന്നപ്രകാശം ലോകത്ത് അതിവേഗം പരക്കുകയും ചെയ്യുമെന്നത് പോലെയിരിക്കും. ചുരുക്കത്തിൽ, ഇതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് മസീഹ് മൗഊദ് മിനാരത്തിന്റെ മുകളിൽ ഇറങ്ങുമെന്നല്ല, സമീപത്തിൽ ഒരു വെളുത്ത മിനാരം ഉണ്ടാവുന്ന അവസ്ഥയിലായിരിക്കും അദ്ദേഹം പ്രത്യക്ഷപ്പെടുകയെന്നാകുന്നു. അതായത്, മതപ്രചാരണത്തിനുള്ള എല്ലാ സൗകര്യങ്ങളുമുള്ള കാലത്തായിരിക്കും അദ്ദേഹം വരുക

യെന്നർത്ഥം. ഈ അർത്ഥപ്രകാരം കിഴക്ക് എന്ന പദത്തിൽ, മസീഹു മൗഊദാകുന്ന സൂര്യൻ പൂർവ്വചക്രവാളത്തിൽനിന്നു പൂർണ്ണപ്രതാപത്തോടെ ഉദയം ചെയ്യുമെന്നും അദ്ദേഹത്തിന്റെ കിരണങ്ങൾ അതിവേഗം ദിഗന്തങ്ങളിലേക്ക് പരക്കുമെന്നുമുള്ള സൂചനകൂടി ഇതിൽ അടങ്ങിയിട്ടുണ്ട്. കൂടാതെ 'മിനാരം' എന്ന പദം കൊണ്ട് ഇതുംകൂടി ഉദ്ദേശിക്കപ്പെട്ടിരിക്കാം. ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഒരു വസ്തു അടുത്തും അകലെയുമുള്ള എല്ലാവർക്കും കാണുവാൻ കഴിയുന്നതുപോലെ, ജനങ്ങൾ തന്നത്താൻ കണ്ണടക്കുകയും മുഖം തിരിക്കുകയും ചെയ്യാതിരിക്കുന്ന പക്ഷം എല്ലാവർക്കും കാണാനും അറിയാനും കഴിയുമാറുള്ള പ്രകാശത്തോടും തെളിവോടും കൂടിയായിരിക്കും അദ്ദേഹം പ്രത്യക്ഷപ്പെടുക. അതായത്, അദ്ദേഹം ഒരു ഉന്നത പദവിയിലുള്ള ആളായിരിക്കും.

എല്ലാ മിനാരങ്ങളും ദൂരെനിന്നു കാണാൻ കഴിയുന്നവയാണ്. പ്രത്യേകിച്ച് വെളുത്തതായിരുന്നാൽ, അതുകൂടുതൽ പ്രകാശിക്കുകയും പ്രേക്ഷകരെ ആകർഷിക്കുകയും ചെയ്യും. അതുകൊണ്ടാണ് മസീഹ് മൗഊദിന്റെ മിനാരം വെളുത്തതായിരിക്കുമെന്ന് പറഞ്ഞിരിക്കുന്നത്. മറ്റൊരു വിധത്തിൽ, മസീഹ് മൗഊദിന്റെ ഔന്നത്യം കറയറ്റതായിരിക്കുമെന്നുകൂടി അർത്ഥമാക്കാവുന്നതാണ്. അതായത്, ഏതെങ്കിലും ലൗകികമായ കാരണങ്ങളാൽ അദ്ദേഹം ഉന്നത സ്ഥാനം പ്രാപിച്ചതായിരിക്കയില്ല, പ്രത്യുത അദ്ദേഹത്തിന്റെ ഉന്നതി കേവലം ആദ്ധ്യാത്മികമായിരിക്കുന്നതാണ്. അതേ, പരിശുദ്ധമായ രൂപത്തിൽ അദ്ദേഹം ജനങ്ങൾക്ക് ദൃശ്യമാകുന്നതാണ്; അവർ വിദ്വേഷത്താലും അന്ധകാരപ്രേമത്താലും തന്നത്താൻ കണ്ണടയ്ക്കുന്നില്ലെങ്കിൽ. ഇതിനൊരുദാഹരണം പറയാം, ഒരാൾ തന്റെ ഭവനത്തിന്റെ വാതിലും ജനലുമെല്ലാം അടച്ച് അകത്തിരിക്കുകയാണെങ്കിൽ പുറത്ത് സൂര്യനുദിച്ച് ഉച്ചിയിലെത്തിയാലും അയാൾക്ക് സൂര്യനെ ദർശിക്കാൻ കഴിയില്ല. അയാളുടെ വീട് ഇരുട്ടിൽത്തന്നെയായിരിക്കും. സൂര്യന്റെ കുറ്റമല്ല അത്. ഇതുപോലെ തങ്ങളുടെ ഹൃദയത്തിന്റെ വാതിലുകളെല്ലാം കൊട്ടിയടക്കുന്ന ആളുകൾക്ക് എങ്ങനെ ആധ്യാത്മിക സൂര്യന്റെ വെളിച്ചം ലഭിക്കും? ഈ അടയാളം പൂർത്തിയായതിനെപ്പറ്റി ഹദ്റത്ത് അഹ്മദ്(അ) ഒരു പദ്യത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

از کلمۀ منارۀ شرقی عجب مدار    چون خود ز مشرق است تجلی نیرم

രിവായത്തുകളിൽ കിഴക്കുള്ള മിനാരത്തെപ്പറ്റിപ്പറഞ്ഞതിൽ ആശ്ചര്യപ്പെടേണ്ടതില്ല; എന്തെന്നാൽ ഞാനാകുന്ന സൂര്യന്റെ ഉദയവും കിഴക്കുനിന്നാണ് ഉണ്ടായിട്ടുള്ളത്.

## ഒമ്പതാമത്തെ അടയാളം

ഒമ്പതാമത്തെ അടയാളം ഹദീഥിൽ പ്രവചിതമായ മസീഹ് മൗഊദിന്റെ രൂപമാണ്. നബിതിരുമേനി പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്:

بینما انا نائمٌ اطوف بالکعبة فاذارجلٌ اٰدم سبط
الشعر ینطف او یهراق رأسه مـآءً فقلت من هٰذا
قالواابن مریم ثمّ ذهبت التفت فاذا رجلٌ جسیم
احـــــمر جعدُ الرأس اعورالعین کانّ عینهٗ عنبةٌ
طافیةٌ فقلت من هٰذا قالوا هٰذا الدّجّال (بخاری)

ینزل عند المـــــنارة البیضـــــآء شرقیّ دمـــشق بین
مهذودتین واضعًا کفّیه علیٰ اجنحة ملکین اذا طأطا
رّأسه قطرواذا رفعهٗ تحــدّر منه مثل جمانٍ کالؤلوء
فلا یحلّ لکافر یجد من ریح نفسهٖ الّا مات (مسلم)

ഞാൻ കഅ്ബ പ്രദക്ഷിണം ചെയ്യുന്നതായി സ്വപ്നം കണ്ടു. പെട്ടെന്ന് ഒരാൾ എന്റെ മുമ്പിൽ വന്നു. അദ്ദേഹത്തിന്റെ നിറം ഗോതമ്പിന്റേതായിരുന്നു. മുടി നേർക്കുള്ളതും നീണ്ടതുമായിരുന്നു. അദ്ദേഹത്തിന്റെ തലയിൽ നിന്ന് വെള്ളം ഇറ്റിറ്റു വീഴുന്നുണ്ടായിരുന്നു. ഇതാരാണെന്ന് ഞാൻ ചോദിച്ചു. ഇബ്നുമർയമാണെന്ന് പറയപ്പെട്ടു. അനന്തരം ഞാനൊരു തടിച്ച മനുഷ്യനെ കണ്ടു. അയാളുടെനിറം ചെമപ്പായിരുന്നു. മുടി ചുരുണ്ടതായിരുന്നു. ഒരു കണ്ണ് കാഴ്ചയില്ലാ

ത്തതായിരുന്നു. അവന്റെ കണ്ണ് മുന്തിരിപ്പഴം പോലെയിരുന്നു. ഇതാരാണെന്ന് ഞാൻ ചോദിച്ചു. ദജ്ജാലാണെന്ന് പറയപ്പെട്ടു.

മറ്റൊരു രിവായത്തിൽ പറയുന്നു: "മസീഹ് മൗഊദ് ദിമിശ്ഖിനു കിഴക്കു ഭാഗത്തുള്ള വെളുത്തൊരു മിനാരത്തിനടുത്തിറങ്ങും -രണ്ട് മഞ്ഞപ്പുതപ്പ് പുതച്ച് രണ്ടു കൈകളും രണ്ട് മലക്കുകളുടെ ചുമലിൽ വെച്ച് അദ്ദേഹം തല കുനിച്ചാൽ അതിൽനിന്ന് ജലബിന്ദുക്കൾ ഇറ്റിറ്റു വീഴും. തല ഉയർത്തിയാൽ അതിൽനിന്ന് മുത്തുകൾ പൊഴിയും. അദ്ദേഹത്തിന്റെ നിശ്വാസമേല്ക്കുന്ന അവിശ്വാസികളെല്ലാം മരണമടയും."

ഇതാണ് ഹദീഥിൽ മസീഹ് മൗഊദിനെ കുറിച്ച് പറഞ്ഞിരിക്കുന്നത്. ഈ ആകൃതിവിശേഷം ഹദ്റത്ത് അഹ്മദിൽ(അ) ഏതുവിധത്തിലാണ് കാണപ്പെടുന്നതെന്ന് പരിശോധിച്ചു നോക്കാം. അദ്ദേഹത്തിന്റെ നിറം ഗോതമ്പിന്റേതായിരുന്നു എന്ന് ലോകത്തിനറിവുള്ളതാണ്. അദ്ദേഹത്തിന്റെ മുടി നേർക്കുള്ളതും പട്ടുപോലെ മൃദുലവുമായിരുന്നു. പട്ടുനാരുപോലെ അതിന്റെ ഇഴകൾ ഒറ്റൊറ്റയായി കാണപ്പെട്ടിരുന്നു. അദ്ദേഹം രണ്ട് മഞ്ഞപ്പുതപ്പ് പുതച്ച ആളായിരുന്നു, അതായത്, രണ്ട് രോഗങ്ങൾ മസീഹിയ്യത്തു വാദം പുറപ്പെടുവിച്ചത് മുതൽ മരണം വരെ അദ്ദേഹത്തിന്റെ സഹചാരികളായിരുന്നു. ഇത് സംബന്ധിച്ച് അദ്ദേഹം തന്നെ പറയുന്നു:

രണ്ട് രോഗങ്ങൾ എന്നിൽ നിലനിന്നു വരുന്നു. ഒന്ന് ശരീരത്തിന്റെ മേൽഭാഗത്തും മറ്റേത് കീഴ്ഭാഗത്തും. മേൽഭാഗത്തേത് തലകറക്കമാണ്. കീഴ്ഭാഗത്തേത് മൂത്രാധിക്യവുമാണ്. ഞാൻ അല്ലാഹുവിനാൽ അയക്കപ്പെട്ടവനാണെന്ന വാദം എന്നു തുടങ്ങിയോ അന്നു മുതൽക്ക് ഈ രണ്ട് രോഗങ്ങളും തുടർച്ചയായി നിലനിന്നു വരുന്നു. അതിന്റെ ശമനത്തിനായി ഞാൻ പ്രാർത്ഥിക്കുകയുണ്ടായി. പക്ഷേ, നിഷേധത്തിലാണ് മറുപടി കിട്ടിയത്.

സ്വപ്ന വ്യാഖ്യാനമനുസരിച്ച് മഞ്ഞ വസ്ത്രം സൂചിപ്പിക്കുന്നത്, രോഗമാണെന്ന കാര്യം എല്ലാവരാലും സമ്മതിക്കപ്പെട്ടതാണ്. (തഅ്ത്തീറുൽ അനാം, രണ്ടാം ഭാഗം നോക്കുക). മസീഹ് മൗഊദിന്റെ നിശ്വാസംകൊണ്ട് അവിശ്വാസികൾ മരണമടയും, അദ്ദേഹത്തിന്റെ തലയിൽ നിന്ന് ജലകണങ്ങളും മുത്തുകളും പൊഴിയും, എന്നിങ്ങനെയുള്ള ഹദീഥിലെ മറ്റു ലക്ഷണങ്ങളെപ്പറ്റി, അടയാളങ്ങളെ സംബന്ധിച്ച ചർച്ചയുടെ ഒടുവിൽ ഒരു കുറിപ്പ് ചേർത്തു കൊള്ളാം.

എന്തെന്നാൽ, അവ ആകൃതി വിശേഷത്തിൽ പെട്ടതല്ല, പൊതു വിലുള്ള അടയാളങ്ങളിൽപെട്ടതാണ്.

## പത്താമത്തെ അടയാളം

പത്താമത്തെ അടയാളമായി പറയപ്പെട്ടിരിക്കുന്നത് ഇതാണ്: മസീഹ് മൗഊദ് കുരിശു മുറിക്കും; പന്നിയെ കൊല്ലും; ദജ്ജാലിനെ വധിച്ചു ഇസ്ലാമിനെ മറ്റു മതങ്ങളുടെമേൽ വിജയിപ്പിക്കും; സൂര്യൻ പടിഞ്ഞാറുനിന്ന് ഉദിക്കും; മസീഹ് മൗഊദ് എല്ലാ അഭിപ്രായഭിന്ന തകളെ സംബന്ധിച്ചും സത്യം സത്യമായി തീരുമാനം കൽപിക്കും; നഷ്ടപ്പെട്ടുപോയ സത്യവിശ്വാസം വീണ്ടും ലോകത്ത് സ്ഥാപിക്കും; വളരെയധികം ധനം വിതരണം ചെയ്യും; എന്നാൽ, ജനങ്ങൾ അത് സ്വീകരിക്കുകയില്ല. ഇത് സംബന്ധിച്ച് നബിതിരുമേനി(സ) അരുൾ ചെയ്തത് ഇപ്രകാരമാണ്:

**واللّٰه لينزلنّ ابن مريم حكمًا عادلًا فيكسرنّ**
**الصّــــليب وليقتلنّ الخنزير وليضعن الجزية وليتركنّ**
**القلاص فلا يسعٰى عليها ولتذهبنّ الزرحنآء والتباغض**
**والتحاسد وليدعون الى المال فلايقبله احد ـ** (مسلم)
**وفى روايةٍ يفيض المال حتّٰى لا يقبله احد ـ** (بخارى)

ദജ്ജാലിന്റെ വധം സംബന്ധിച്ചുള്ള ഒരു രിവായത്തിന്റെ ഫാർസി തർജമ ഇതാണ്.

*دجال چوں نظر بعیسٰی کند بگدازو     چنانچہ نمک درآب بگدازدوبگریزد*

**فيطبله حتّٰى يدركه بباب لدّ فيقتله** (مسلم)

**وفى روايةٍ وتطلع الشمس من مغربها** (مشكٰوة)

هُوَ الَّذِيْٓ اَرْسَلَ رَسُوْلَهٗ بِالْهُدٰى وَدِيْنِ الْحَقِّ لِيُظْهِرَهٗ عَلَى الدِّيْنِ كُلِّهٖ وَلَوْ كَرِهَ الْمُشْرِكُوْنَ ۝١٠

"അല്ലാഹുവാണെ! നിങ്ങളിൽ നിശ്ചയമായും ഇബ്നുമർയം ഇറങ്ങും; അദ്ദേഹം നിങ്ങളുടെ അഭിപ്രായഭിന്നതകളെ സംബന്ധിച്ച് ന്യായമായി വിധി കൽപിക്കും." (അതായത് രിവായത്തുകൾ, വിശ്വാസങ്ങൾ, കർമ്മങ്ങൾ മുതലായ കാര്യങ്ങളിൽ ഉണ്ടായിട്ടുള്ള അഭിപ്രായഭിന്നതകളെ സംബന്ധിച്ച് ന്യായമായ തീർപ്പു കൽപിക്കും.) അദ്ദേഹം തീർച്ചയായും കുരിശു മുറിക്കുകയും പന്നിയെ കൊല്ലുകയും ജിസ്‌യ ഇല്ലാതാക്കുകയും ചെയ്യും. (ഇതിന്റെ വിശദീകരണമായി, അദ്ദേഹം യുദ്ധം നിറുത്തുമെന്ന് ബുഖാരിയിൽ ഒരു രിവായത്തുണ്ട്) അദ്ദേഹത്തിന്റെ കാലത്ത് ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെടും. (അദ്ദേഹത്തെ വിശ്വസിക്കുന്നവരിൽ) പകയും വിദ്വേഷവും അസൂയയും ഉണ്ടായിരിക്കുകയില്ല. അദ്ദേഹം ജനങ്ങളെ ധനത്തിലേക്ക്ക്ഷണിക്കും. എന്നാൽ, ആരും അത് സ്വീകരിക്കുകയില്ല. മറ്റൊരു രിവായത്തിൽ പറയുന്നു: അക്കാലത്ത് ആരും സ്വീകരിക്കാത്തവിധം ധനം വർദ്ധിക്കും. വേറൊരു രിവായത്തിൽ പറയുന്നു: ദജ്ജാൽ അദ്ദേഹത്തെ കണ്ടാൽ വെള്ളത്തിൽ ഉപ്പെന്നപോലെ അലിയാൻ തുടങ്ങും. ദജ്ജാൽ അദ്ദേഹത്തിൽനിന്ന് (രക്ഷപ്പെടാനായി) ഓടും. എന്നാൽ, അദ്ദേഹം അവനെ അനുധാവനം ചെയ്യുകയും ബാബുല്ലുദ്ദിന്നടുത്തുവെച്ച് പിടികൂടി കൊല്ലുകയും ചെയ്യും. അദ്ദേഹത്തിന്റെ കാലത്ത് സൂര്യൻ പടിഞ്ഞാറുനിന്ന് ഉദിക്കും. സത്യവിശ്വാസം ലോകത്തുനിന്ന് അന്തർദ്ധാനം ചെയ്ത് ഥുറയ്യാ എന്ന നക്ഷത്രത്തിൽ എത്തുകയാണെങ്കിൽതന്നെയും ഫാർസി വംശജനായ ഒരാൾ അതിനെവീണ്ടും ഭൂമിയിലേക്ക് ഇറക്കിക്കൊണ്ടു വരുന്നതാണ്. (അതായത് മസീഹ് മൗഊദ് നഷ്ടപ്പെട്ട സത്യവിശ്വാസം ലോകത്ത് പുനഃസ്ഥാപിക്കും). വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: സൻമാർഗ്ഗത്തോടും സത്യമതത്തോടും കൂടി തന്റെ റസൂലിനെ അയച്ചത് അല്ലാഹുവാണ്– അതിനെ മറ്റെല്ലാ മതങ്ങൾക്കുമെതിരായി വിജയിപ്പിക്കുന്നതിനുവേണ്ടി, മുശ്‌രിക്കുകൾക്ക് അത് അനിഷ്ടമായാലും ശരി. (ഈ വാക്യത്തെ മസീഹ് മൗഊദിന്റെ കാലവുമായാണ് ഖുർആൻ വ്യാഖ്യാതാക്കൾ ബന്ധപ്പെടുത്തിയിട്ടുള്ളത്. ഈ വാഗ്ദാനം അദ്ദേഹത്തിന്റെ കാലത്ത് നിറവേറുമെന്ന് അവർ തുറന്നുപറയുകയും ചെയ്തിരിക്കുന്നു.)

മസീഹ് മൗഊദിന്റെ അടയാളങ്ങളിൽ പത്താമത്തേതാണിത്. യഥാർത്ഥത്തിൽ ഇത് മറ്റെല്ലാ അടയാളങ്ങളുടെയും ജീവനാകുന്നു. ഇതിൽ മസീഹ് മൗഊദിന്റെ പ്രവൃത്തിയെപ്പറ്റിയാണ് പറഞ്ഞിട്ടുള്ള ത്. ഒരു ആദ്ധ്യാത്മികപരിഷ്ക്കർത്താവിനെ തിരിച്ചറിയാനുള്ള ഏറ്റ വും നല്ല മാർഗ്ഗം അദ്ദേഹത്തിന്റെ പ്രവൃത്തിയെപ്പറ്റി പഠനം ചെയ്യുക യാണ്. അതിനാൽ, ഈ അടയാളത്തെപ്പറ്റിയുള്ള ചർച്ച ഒരു പ്രത്യേ ക അദ്ധ്യായമായി തുടരുന്നതായിരിക്കും. മസീഹ് മൗഊദ് മുഖാന്ത രം നിറവേറാനായി നിശ്ചയിക്കപ്പെട്ട പ്രവൃത്തി യഥാർത്ഥത്തിൽ ഹദ്റത്ത് അഹ്മദ്(അ) ചെയ്തു കാണിച്ചിരിക്കുന്നുവെങ്കിൽ, പിന്നെ അദ്ദേഹത്തിന്റെ വാദത്തെപ്പറ്റി സംശയിക്കാൻ യാതൊരു പഴുതു മുണ്ടാകുന്നതല്ല. അതിനുശേഷം സാങ്കൽപികമായ ഏതെങ്കിലും മസീഹിനെയും മഹ്ദിയെയും കാത്തിരിക്കുന്നത് നിരർത്ഥകമായി രിക്കുകയും ചെയ്യും. കാരണം, ഹദ്റത്ത് അഹ്മദ്, മസീഹും മഹ്ദി യുമല്ലെന്നു വാദത്തിനുവേണ്ടി സമ്മതിക്കുകയാണെങ്കിൽതന്നെ വാഗ്ദത്ത മസീഹും മഹ്ദിയും ചെയ്യേണ്ട പ്രവൃത്തി അദ്ദേഹം ചെയ്തു തീർത്തിരിക്കുന്നുവെങ്കിൽ, മറ്റൊരു മസീഹിന്റെയും മഹ്ദി യുടെയും ആഗമനം നിഷ്പ്രയോജനമായിത്തീരുന്നതാണ്. സർവ്വ ജ്ഞനായ അല്ലാഹുവിൽനിന്ന് അത്തരമൊരു കാര്യം പ്രതീക്ഷിക്കാ ൻ നിവൃത്തിയില്ല. എന്നാൽ, ഈ വിഷയത്തെക്കുറിച്ചുള്ള ചർച്ച ആരംഭിക്കുന്നതിനു മുമ്പേ ചില പ്രാരംഭ സംഗതികൾ വിവരിക്കേണ്ട തുണ്ട്. അത് താഴെ വിവരിച്ചു കൊള്ളുന്നു.

ഒന്നാമത്തെ പ്രശ്നം കുരിശു മുറിക്കുക എന്നതുകൊണ്ട് എന്ത് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു എന്നതാണ്. കുരിശു മുറിക്കുക എന്നതിന്റെ അർത്ഥം മസീഹ് മൗഊദ് പ്രത്യക്ഷത്തിൽ കാണുന്ന എല്ലാ കുരിശു കളെയും മുറിച്ചു കൊണ്ട് നടക്കുമെന്നാവാൻ പാടില്ലെന്ന് ബുദ്ധിയു ള്ളവർക്കെല്ലാം മനസ്സിലാക്കാൻ കഴിയും. അങ്ങനെയാണെങ്കിൽജീ വിതകാലം മുഴുവനും കുരിശു മുറിച്ചു നടക്കാനാണ് അദ്ദേഹം എഴുന്നേല്പിക്കപ്പെട്ടതെന്ന് സമ്മതിക്കേണ്ടി വരും. ഒന്നാമത്, ഒരു ദൈവനിയുക്തന്റെ അന്തസ്സിന് ചേരാത്ത പ്രവൃത്തിയാണത്. രണ്ടാമ ത്, അതുകൊണ്ട് യഥാർത്ഥമായ ഫലമൊന്നുമുണ്ടാവുകയുമില്ല. കുരിശുകളെല്ലാം മുറിച്ചു കളഞ്ഞതുകൊണ്ട് ക്രിസ്ത്വാരാധന ഇല്ലാ തായിപ്പോകുമോ? അല്ലെങ്കിൽ ക്രിസ്ത്യാനികൾക്ക് മേലിൽ കുരിശു നിർമ്മിക്കാൻ കഴിയാത്ത വിധം മരവും ലോഹവുമെല്ലാം അവസാ നിച്ചു പോകുമോ? യഥാർത്ഥത്തിൽ ഏതുവരെ ക്രൈസ്തവമതത്തി

ന്റെ തെറ്റായ സിദ്ധാന്തങ്ങൾ പ്രാബല്യത്തിലിരിക്കുമോ അതുവരെ കുരിശു നിലനില്ക്കും എന്നത് നല്ലവണ്ണം ഓർത്തുകൊള്ളുക. അതിനാൽ, അതിനെ മുറിച്ചുകൊണ്ട് കൃതാർത്ഥതയടയുന്നത് ബാലിശമാണ്. ശത്രുക്കളുടെ പരിഹാസത്തിന് കാരണമാവുമെന്നല്ലാതെ അതുകൊണ്ട് യാതൊരു പ്രയോജനവുമുണ്ടാവുകയില്ല. ക്രിസ്ത്യാനികളുടെ ഹൃദയങ്ങളെ ജയിച്ചടക്കി കുരിശുമതത്തിന്റെ പ്രാബല്യം ശിഥിലമാക്കുകയും ശക്തിമത്തായ തെളിവുകളാൽ അതിന്റെ തെറ്റുകൾ സ്ഥാപിക്കുകയും ചെയ്യുമ്പോൾ മാത്രമേ കുരിശ് ഉടയുകയുള്ളൂ. ആ അവസ്ഥയിൽ നിശ്ചയമായും ബാഹ്യമായ കുരിശുകളും മുറിഞ്ഞുപോകും. കുരിശു സിദ്ധാന്തത്തിൽ ലോകത്തിന് മടുപ്പും വെറുപ്പും തോന്നുമ്പോൾ ജനങ്ങൾ തന്നത്താൻ കുരിശുകൾ വലിച്ചെറിയും. മറ്റൊരു സംഗതികൂടി നാം ഓർമ്മിക്കേണ്ടതുണ്ട്. ഏതെങ്കിലുമൊരു കാലത്ത് ക്രിസ്തുമതം ലോകത്തുനിന്ന് നിശ്ശേഷം അന്തർദ്ധാനം ചെയ്യുമെന്ന് വിചാരിക്കുന്നത് അബദ്ധമാണ്. എന്തെന്നാൽ വിശുദ്ധഖുർആൻ പറയുകയാണ്:

وَاَلْقَيْنَا بَيْنَهُمُ الْعَدَاوَةَ وَالْبَغْضَآءَ اِلٰى يَوْمِ الْقِيٰمَةِ

നാം ക്രിസ്ത്യാനികൾക്കും യഹൂദർക്കുമിടയിൽ അവസാനകാലം വരെ ശത്രുതയും പകയും നിലനിറുത്തിയിരിക്കുന്നു (വി. ഖു. 5:65).

ക്രിസ്തുമതം അന്ത്യനാൾവരെ നിലനില്ക്കുമെന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. അതിനാൽ, കുരിശു മുറിക്കുക എന്നതിന്റെ അർത്ഥം കുരിശുമതം നിശ്ശേഷം ഇല്ലാതാകുമെന്ന് ആവാൻ പാടില്ല. അതിന്റെ ശരിയായ ഉദ്ദേശ്യം ക്രിസ്തുമത്തിന്റെ ശക്തി ശിഥിലമാവുകയും വിജയാവസ്ഥ നഷ്ടപ്പെട്ടു പോവുകയും ലോകത്തിലെ പ്രധാനപ്പെട്ട മതങ്ങളിൽ ഒന്നായി പരിഗണിക്കപ്പെടുന്നതിന് പകരം ബലഹീനവും പരാജിതവുമായ ഒരു മതമായി ഗണിക്കപ്പെടുകയും ചെയ്യുമെന്നാണ്.

രണ്ടാമത്തെ പ്രശ്നം ദജ്ജാലിനെ വധിക്കുമെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം എന്താണ് എന്നതാകുന്നു. ദജ്ജാൽ ഒരു വ്യക്തിയുടെപേരല്ലെന്നും, പ്രത്യുത ക്രൈസ്തവജനതയുടെയും അവരുടെ പാതിരിമാരുടെയും പേരാണെന്നും സ്ഥാപിതമായിരിക്കയാൽ, ദജ്ജാൽ വധത്തിന്റെ ഉദ്ദേശ്യം അവരുടെ നാശമായിരിക്കുമെന്ന് വിചാരിക്കാൻ നിവൃത്തിയില്ല. അതിന്റെ ഉദ്ദേശ്യം നിശ്ചയമായും ക്രൈസ്ത

വ ജനതയുടെയും അവരുടെ തെറ്റായ മതസിദ്ധാന്തങ്ങളുടെയും അവരുടെ ഭൗതികത്വത്തിന്റെയും അവരുടെ അസത്യമായ മതതത്ത്വങ്ങളുടെയും വിജയത്തെ തകർക്കുകയെന്നതാണ്. ഇവിടെ ഒരു കാര്യം കൂടി മനസ്സിലാക്കേണ്ടതുണ്ട് - ദജ്ജാൽ എന്നതുകൊണ്ട് ക്രിസ്തുമതം മാത്രമല്ല ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. എന്തെന്നാൽ, ക്രിസ്തുമതം നബിതിരുമേനിയുടെ കാലത്തും നിലവിലുണ്ടായിരുന്നു. തിരുമേനിയും അതിനെ നേരിടുകയും പരാജയപ്പെടുത്തുകയും ചെയ്തിരുന്നു. ദജ്ജാൽ എന്നത് ക്രിസ്തുമതത്തിന്റെ അബദ്ധ സിദ്ധാന്തങ്ങൾ മാത്രമാണെങ്കിൽ ആ ദജ്ജാൽ തിരുമേനിയുടെ മുമ്പിൽ വരുകയും അവനെ തിരുമേനി വധിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, നബി(സ)തിരുമേനി അത് സമ്മതിക്കുന്നില്ല. ദജ്ജാലിനെ മസീഹ് മൗഊദ് തന്നെ വധിക്കുമെന്നാണ് തിരുമേനി പറയുന്നത്. കൂടാതെ ദജ്ജാൽ തന്റെ കാലത്ത് പുറപ്പെട്ടിരുന്നെങ്കിൽ താൻ അവനെ നേരിടുമായിരുന്നുവെന്നും തിരുമേനി അരുൾ ചെയ്തിരുന്നു. തിരുമേനിയുടെ കാലത്ത് ദജ്ജാൽ പുറപ്പെട്ടിരുന്നില്ലെന്നാണ് ഇത് വ്യക്തമാക്കുന്നത്. അതുകൊണ്ട് തിരുമേനിയുടെ കാലത്ത് പുറപ്പെട്ടിരുന്നില്ലാത്ത ഒന്നാണ് ദജ്ജാലെന്ന് അർത്ഥം കൽപിക്കാൻ നാം നിർബന്ധിതരായിത്തീർന്നിരിക്കുന്നു. അതെന്താണ്? അത് ക്രിസ്തുമതത്തിന്റെ അബദ്ധസിദ്ധാന്തങ്ങളുടെ പ്രതാപവും പ്രചാരവുമാണ്; ക്രൈസ്ത്രവജനതയുടെ അഭിവൃദ്ധിയോടുകൂടി, ഒരു ജലപ്രവാഹംപോലെ ലോകത്തെ മുഴുവൻ ബാധിച്ചിട്ടുള്ള ഭൗതികതയുടെ വഞ്ചനാത്മകത്വമാണത്. കുഴപ്പകാലത്ത് മുസ്ലിംകൾക്കിടയിൽ ഉടലെടുത്ത ക്രൈസ്തവസിദ്ധാന്തങ്ങളുടെ വളർച്ചയ്ക്ക് കാരണമായിത്തീർന്ന തെറ്റായ ചില വിശ്വാസങ്ങളും കൂടിയാണത്. ഉദാഹരണമായി ഈസാനബി മരിച്ചിട്ടില്ലെന്നുള്ള വിശ്വാസം, ഈസാനബി ആകാശത്തിലേക്ക് ജീവനോടെ ഉയർത്തപ്പെട്ടിരിക്കയാണെന്നുള്ള വിശ്വാസം, മുഹമ്മദു നബിയുടെ ഉമ്മത്തിന്റെ ഉദ്ധാരണപ്രവൃത്തി, തിരുമേനിയുടെ ഉമ്മത്തിൽ നിന്നല്ലാത്ത ഒരു മസീഹിന് സംവരണം ചെയ്യുന്ന വിശ്വാസം, പ്രവാചകൻമാരുടെ സമൂഹത്തിൽ ഈസാനബി മാത്രം പിശാചിന്റെ സ്പർശത്തിൽനിന്ന് പരിശുദ്ധനാണെന്നുള്ള വിശ്വാസം, അദ്ദേഹം പക്ഷികളെ സൃഷ്ടിക്കുകയും മരിച്ചവരെ ജീവിപ്പിക്കുകയും ചെയ്തിരിക്കുന്നു എന്ന വിശ്വാസം ഇവയെല്ലാം ക്രൈസ്തവ സിദ്ധാന്തങ്ങളുടെ വളർച്ചയെ സഹായിക്കുന്നവയാണ്. ഇവയൊന്നും നബിതിരുമേനിയുടെ കാലത്ത് മുസ്ലിംകളിൽ ഉണ്ടായിരുന്നില്ലാത്തതുമാണ്. അതായത്, ക്രിസ്തുമത്തിന്റെ അബ

ദ്ധസിദ്ധാന്തങ്ങൾ ലോകവ്യാപകമായ നിലയിൽ പ്രബലപ്പെടുകയോ അഭിനവ വിജ്ഞാനത്തിന്റെ ആപൽക്കരമായ ഭൗതിക മതത്തിന്റെ മാർഗ്ഗത്തിൽ ഭയങ്കരമായ കുഴപ്പം സൃഷ്ടിക്കുകയോ ചെയ്തിരുന്നില്ല. മുസ്‌ലിംകളുടെ വിശ്വാസങ്ങൾ വ്യതിചലിച്ച് ക്രിസ്തുമതത്തിന് സഹായകമായിത്തീർന്നിരുന്നുമില്ല. അതിനാൽ, ഈ കാര്യങ്ങളും അവയുടെ സഹായികളുമാണ് യഥാർത്ഥമായ ദജ്ജാൽ. അത് ഈ കാലത്ത് അതിന്റെ പൂർണ്ണശക്തിയോടുകൂടി വെളിപ്പെടുകയും ചെയ്തിരിക്കുന്നു. ദജ്ജാൽ വധംകൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് ഈ ദജ്ജാലിന്റെ വധമാണ്. അതായത്, ഇക്കാലത്ത് പ്രത്യക്ഷപ്പെട്ടിരിക്കുന്ന, ക്രിസ്തു മതത്തിന്റെ ഈ ആപൽക്കരമായ ശക്തിയേയും അതിനെ സഹായിക്കുന്ന കാരണങ്ങളേയും നിർമ്മാർജ്ജനം ചെയ്യുകയെന്നതാണത്. അല്ലാഹുവിന് സ്തുതി. ഹദ്റത്ത് അഹ്മദ്(അ) മുഖാന്തരം ആ വധത്തിന്റെ അടയാളങ്ങൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. രക്ഷപ്പെടാൻ നിവൃത്തിയില്ലാത്ത പ്രഹരങ്ങൾ ദജ്ജാലിന് ഏറ്റു കഴിഞ്ഞിരിക്കുന്നു. ഇപ്പോഴും ഏറ്റുകൊണ്ടിരിക്കുകയും ചെയ്യുന്നു. അവനിപ്പോൾ ഊർദ്ധശ്വാസം വലിക്കുകയാണ്. ക്രാന്തനിരീക്ഷകൻമാരുടെ പക്കൽ അവൻ മരിച്ചവരുടെ കൂട്ടത്തിലാണുള്ളത്, കണ്ണുള്ളവർ കണ്ടുകൊള്ളട്ടെ.

മൂന്നാമത്തെ പ്രശ്നം ദജ്ജാൽ അലിയുമെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം എന്താണെന്നുള്ളതാണ്. ദജ്ജാൽ അലിയുമെന്ന് പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്, മസീഹ് മൗഊദിനെതിരിൽ ദജ്ജാൽ തന്നത്താൻ അലിയാൻ തുടങ്ങുകയും അവന്റെ കൈകാലുകൾ ദുർബ്ബലങ്ങളും നിസ്സഹായങ്ങളുമായിത്തീരുകയും ചെയ്യുമെന്നുമാണ്. മസീഹ് മൗഊദിനെതിരായി രംഗത്തിറങ്ങുന്നതിന് അവൻ ഭയപ്പെടുമാറ് ആദ്ധ്യാത്മികശക്തി അല്ലാഹു അദ്ദേഹത്തിന് നല്കുമെന്നും ദജ്ജാൽ ഉള്ളാലെ ദഹിച്ചില്ലാതായിത്തീരുന്നതിന് മതിയായ മറഞ്ഞ ശക്തികൾ മസീഹ് മൗഊദിന്റെ കാലത്ത് അല്ലാഹു പ്രവർത്തനത്തിൽ കൊണ്ടു വരുമെന്നും ആണ്.

നാലാമത്തെ പ്രശ്നം 'ബാബുല്ലുദ്ദ്' എന്നതിന്റെ അർത്ഥം എന്താണെന്നുള്ളതാകുന്നു. മുഹദ്ദിസീങ്ങൾ പറയുന്നത് ബാബുല്ലുദ്ദ് എന്നത് ദിമിശിഖിന് അടുത്തുള്ള ഒരു സ്ഥലത്തിന്റെ പേരാണെന്നാണ്. നബി(സ)തിരുമേനി അതിനൊരു വ്യഖ്യാനം നല്കിയതായി രിവായത്ത് ചെയ്യപ്പെട്ടിട്ടില്ല. തിരുമേനി വ്യാഖ്യനം നല്കിയിട്ടില്ലാത്തനിലയ്ക്ക് ബുദ്ധിക്കും യുക്തിക്കും യോജിച്ച ഒരു വ്യാഖ്യാനം

അതിന് നല്കാൻ നമുക്ക് അവകാശമുണ്ട്. 'ലുദ്ദ്' ഒരു അറബിപദ മാണ്. 'അലദ്ദു' എന്ന പദത്തിന്റെ ബഹുവചനമാണത്. അതിന്റെ അർത്ഥം ശണ്ഠകൂടുന്നവൻ, തർക്കിക്കുന്നവൻ എന്നെല്ലാമാകുന്നു. ഈ അർത്ഥത്തിലാണ് ***വഹുവഅലദ്ദുൽ ഹിസാം*** എന്നും ***ഖൗമൻ ലുദ്ദാ*** എന്നും വിശുദ്ധഖുർആനിൽ ആ പദം പ്രയോഗിക്കപ്പെട്ടിട്ടു ള്ളത്. അതിനാൽ, 'ബാബുല്ലുദ്ദ്' എന്നതിന് ശണ്ഠകൂടുന്നവരുടെവാ തിൽ എന്നും തർക്കിക്കുന്നവരുടെ വാതിൽ എന്നും ആണ് ശബ്ദാ ർത്ഥം. ഈ വിധത്തിൽ നബിതിരുമേനിയുടെ ആ ഹദീഥ് മസീഹ് മൗഊദ് ദജ്ജാലിനെ തർക്കിക്കുന്നവരുടെ വാതിൽക്കൽവച്ച് ഹനി ക്കുമെന്ന് അർത്ഥമായി. അതായത്, ദജ്ജാൽ മസീഹ് മൗഊദിൽ നിന്ന് ഓടിരക്ഷപ്പെടാൻ ശ്രമിക്കും. എന്നാൽ, അദ്ദേഹം അനുധാ വനം ചെയ്തു ഒടുവിൽ തർക്കിക്കുന്നവരുടെ വാതിക്കൽ വെച്ച് അവനെ പിടികൂടുകയും വധിക്കുകയും ചെയ്യും. ഈ വ്യാഖ്യാന പ്രകാരം യാതൊരു സംശയവും ഉദിക്കുന്നില്ല. ദജ്ജാൽ മസീഹ് മൗഊദിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാതെ ഓടിക്കളയുമെന്നും എ ന്നാൽ, മസീഹ് മൗഊദ് അവനെ അനുധാവനം ചെയ്യുകയും ഒടു വിൽ യുക്തിവാദമാകുന്ന സമര രംഗത്തിൽ വെച്ച് അവനെ പിടിച്ചു കൊല്ലുകയും ചെയ്യുമെന്നാണ് അതിന്റെ വ്യക്തമായ അർത്ഥം. അതായത്, അവന്റെ വധം വാൾ കൊണ്ടുള്ളതായിരിക്കയില്ല, യുക്തിവാദംകൊണ്ടും ദൃഷ്ടാന്തങ്ങൾ കൊണ്ടുമുള്ളതായിരിക്കും.

അഞ്ചാമത്തെ പ്രശ്നം ധനത്തിലേക്ക് വിളിക്കുക എന്നതുകൊ ണ്ട് ഉദ്ദേശിക്കപ്പെട്ടത് എന്താണെന്നുള്ളതാണ്. ഈ ചോദ്യത്തിന്റെ ഉത്തരം എളുപ്പമുള്ളതാകുന്നു. ധനം കൊണ്ട് ഉദ്ദേശിക്കപ്പെട്ടത് ആ ദ്ധ്യാത്മിക ധനമാണ്. മസീഹ് മൗഊദ് അത് ലോകത്തിന്റെ മുമ്പാ കെ വളരെയധികം സമർപ്പിക്കുകയുണ്ടായി. പക്ഷേ, ലോകം അത് സ്വീകരിച്ചില്ല. ധനത്തിലേക്ക് ക്ഷണിക്കുമെന്നതിന്റെ മറ്റൊരു ഉദ്ദേ ശ്യം ഇതാണ്. തന്റെ മുന്നിൽ വന്നു തന്നോട് എതിരിടുന്നതിനായി മസീഹ് മൗഊദ് അദ്ദേഹത്തിന്റെ എതിരാളികൾക്കു വേണ്ടി വലിയ വലിയ സംഖ്യകൾ സമ്മാനം നിശ്ചയിക്കുമെന്നാണ്. എന്നാൽ, എ തിരാളികളിൽ ആരുംതന്നെ അത് സ്വീകരിക്കാനായി മുന്നോട്ടുവ രികയില്ല. അതായത് അദ്ദേഹം ധനം കൊടുക്കാൻ ഒരുക്കമാണെ ങ്കിലും അത് വാങ്ങാൻ ആളുണ്ടാവുകയില്ല. ഇങ്ങനെയല്ലാതെ ലൗ കിക ജനങ്ങളെപ്പോലെ ധനം വെച്ചുകാട്ടുകയെന്നത് ആദ്ധ്യാത്മിക ജനങ്ങൾക്ക് ഒരു ഭൂഷണമായിരിക്കാൻ നിവൃത്തിയില്ല.

ഈ വ്യാഖ്യാനത്തിന്റെ വെളിച്ചത്തിൽ, വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദീമസീഹിന്റെ പ്രവൃത്തി താഴെ പറയുന്ന ശാഖകളായിട്ടു കാണാവുന്നതാണ്:-

1. ആഭ്യന്തരമായ അഭിപ്രായ ഭിന്നതകളെക്കുറിച്ച് ന്യായമായനിലയിൽ തീർപ്പുകൽപ്പിക്കുക.

2. ഇസ്ലാമിന്റെ നേർക്ക് പുറമെ നിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന ആക്രമണത്തെ ചെറുക്കുക. വിശിഷ്യാ ക്രിസ്തുമതത്തിന്റെയും ഭൗതികത്വത്തിന്റെയും ശക്തിയെ ശിഥിലമാക്കി മറ്റു മതങ്ങളുടെമേൽ ഇസ്ലാമിന്റെവിജയം സ്ഥാപിക്കുകയും അതിന്റെ പ്രചാരം ലോകത്തിന്റെ അറ്റം വരെ എത്തിക്കുകയും, യൂറോപ്പും അമേരിക്കയുമുൾപ്പെടെയുള്ള പശ്ചിമ രാജ്യങ്ങളെ പ്രചാരണമാർഗ്ഗത്തിൽകൂടി ജയിച്ചടക്കുകയും ചെയ്യുക.

3. നഷ്ടപ്പെട്ടുപോയ സത്യവിശ്വാസത്തെ വീണ്ടും ലോകത്ത് സ്ഥാപിക്കുക.

ഈ മൂന്ന് മഹത്തായ പ്രവൃത്തികളാണ് മസീഹ് മൗഊദിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഈ പ്രവൃത്തികൾ ദൈവാനുഗ്രഹത്താൽ എത്രയും ഭംഗിയായ നിലയിലാണ് ഹദ്റത്ത് അഹ്മദ്(അ) നിർവ്വഹിച്ചിട്ടുള്ളതും അദ്ദേഹത്തിനുശേഷം അദ്ദേഹത്തിന്റെ ഖലീഫമാർ നിർവ്വഹിച്ചു കൊണ്ടിരിക്കുന്നതും. (ഖലീഫമാരുടെ പ്രവൃത്തി അദ്ദേഹത്തിന്റെ പ്രവൃത്തി തന്നെയാണല്ലോ). ഈ യാഥാർത്ഥ്യം വിദ്വേഷമില്ലാത്ത ഏതൊരു എതിരാളിക്കും നിഷേധിക്കാനാവുകയില്ല.

# 4. മസീഹ് മൗഊദിന്റെ പ്രവൃത്തി

## ഒന്നാമത്തെ പ്രവൃത്തി

മസീഹ് മൗഊദിന്റെ ഒന്നാമത്തെ പ്രവൃത്തി ആഭ്യന്തരമായ അഭിപ്രായ ഭിന്നതകളിൽ ന്യായാധിപനായി വിധി പറയുക എന്ന താണല്ലോ. ഇക്കാലത്ത് മുസ്‌ലിം സമുദായത്തിലുണ്ടായിത്തീർന്നി ട്ടുള്ള അഭിപ്രായഭിന്നതകൾ താഴെ പറയുന്ന ഇനത്തിൽ പെട്ടവയാ ണ്:-

1. അല്ലാഹുവിന്റെ ഗുണങ്ങളെ സംബന്ധിച്ച്.
2. മലക്കുകളെ സംബന്ധിച്ച്.
3. പ്രവാചകത്വത്തിന്റെ തുടർച്ച സംബന്ധിച്ച്
4. മരണാനന്തരമുള്ള ഉയിർത്തെഴുന്നേല്പ്, ശിക്ഷാരക്ഷകൾ, സ്വർഗ്ഗനരകങ്ങൾ എന്നിവയെ സംബന്ധിച്ച്.
5. തഖ്ദീർ(ദൈവവിധി) സംബന്ധിച്ച്.
6. ഖുലഫാഉർറാശിദീന്റെ ഖിലാഫത്ത് സംബന്ധിച്ച്.
7. വിശുദ്ധഖുർആന്റെയും ഹദീഥിന്റെയും പദവി സംബന്ധിച്ച്.
8. അഹ്‌ലെ ഹദീഥിനേയും അഹ്‌ലെഫിഖ്ഹിനേയും സംബന്ധിച്ച്.
9. ജ്ഞാനപരമായ കാര്യങ്ങളെ സംബന്ധിച്ച്.
10. ഫിഖ്ഹ് (കർമ്മശാസ്ത്ര) കാര്യങ്ങൾ സംബന്ധിച്ച്.

മുസ്‌ലിംലോകത്ത് ഇക്കാലത്ത് അസ്വാസ്ഥ്യത്തിനും കുഴപ്പത്തി നും കാരണമായിത്തീർന്ന അഭിപ്രായഭിന്നതകൾ മേൽപറഞ്ഞ പ ത്ത് കാര്യങ്ങളെ സംബന്ധിച്ചാകുന്നു. ഈ അഭിപ്രായ വ്യത്യാസങ്ങ ൾ മുസ്‌ലിം വിഭാഗങ്ങൾ തമ്മിൽ ശത്രുതയും കലഹവും ഉണ്ടാവു ന്നതിന് ഹേതുവായി എന്നു മാത്രമല്ല, ഇസ്‌ലാമിനു ദുഷ്കീർത്തിയു ണ്ടാക്കാനും ശത്രുക്കൾക്ക് ഇസ്‌ലാമിനു നേരെ ആക്രമണം നട ത്താനും അത് വഴിവെക്കുക കൂടി ചെയ്തിട്ടുണ്ട്. ഹൃദയാലുക്കളാ യ ചില മുസ്‌ലിംകൾ ഇത് സഹിക്കാനാകാതെയും ഒരു രക്ഷാമാ ർഗ്ഗം കാണാനാകാതെയും ഇസ്‌ലാമിനെ കൈയ്യൊഴിക്കാനും തുട

ങ്ങി. അങ്ങനെയുള്ള ഒരു വിപൽസന്ധിയിലാണ് അല്ലാഹു അവന്റെ വാഗ്ദാനമനുസരിച്ച് ഹദ്റത്ത് അഹ്മദിനെ(അ) നീതിമാനായ വിധികർത്താവായി എഴുന്നേല്പിച്ചത്. അദ്ദേഹം വന്നുഉടനെ തന്റെ വെള്ളക്കൊടി ഉയർത്തിക്കൊണ്ട് പ്രഖ്യാപിച്ചു:-

"നിങ്ങളുടെ അഭിപ്രായഭിന്നതകളിന്മേൽ വിധി പറയാനാണ് അല്ലാഹു എന്നെ നിയോഗിച്ചിരിക്കുന്നത്. അതിനാൽ നിങ്ങൾ എന്റെ അടുക്കൽ വരുവിൻ. ഞാൻ ന്യായം വിധിക്കാം."

അതിനുശേഷം അദ്ദേഹം ന്യായാധിപാസനത്തിൽ ഇരിക്കുകയും ആദ്ധ്യാത്മിക വിചാരണ ആരംഭിക്കുകയും ചെയ്തു.

ഒന്നാമത്തെ അഭിപ്രായഭിന്നത ഇതായിരുന്നു. അല്ലാഹു പഴയകാലത്ത് തന്റെ ഭക്തദാസരുമായി സംഭാഷണം ചെയ്യാറുണ്ടായിരുന്നുവെങ്കിലും ഇപ്പോൾ അത് നിലച്ചു പോയിരിക്കുന്നു എന്നാണ് മുസ്ലിംകൾ വിശ്വസിക്കുന്നത്. അതായത്, അല്ലാഹു ഇപ്പോൾ കേൾക്കുകയല്ലാതെ സംസാരിക്കുകയില്ലെന്ന് അവർ വിശ്വസിക്കുന്നു. ഹദ്റത്ത് അഹ്മദ്(അ) ഇക്കാര്യത്തിൽ വിധി പറഞ്ഞു. അല്ലാഹുവിന്റെ സംസാരശക്തി ഇപ്പോൾ ഇല്ലാതായിരിക്കുന്നു എന്നു കരുതുന്നത് കഠിനമായ ദൈവദൂഷണമാണെന്ന് ബുദ്ധിപരവും പ്രമാണപരവുമായ രേഖകൾകൊണ്ടദ്ദേഹം സ്ഥാപിച്ചു. അല്ലാഹു സംസാരിക്കുന്നില്ലെങ്കിൽ ഇസ്ലാം ഒരു നിർജ്ജീവമതമാണെന്നും മറ്റു മതങ്ങളെപ്പോലെ തന്നെ അതിന്റെയും അടിസ്ഥാനം കഥകളും പുരാണങ്ങളും മാത്രമായിത്തീരുന്നതാണെന്നും ഒരു സത്യാന്വേഷിയും ദൈവഭക്തനുമായ ആളുടെ തൃഷ്ണ ശമിപ്പിക്കാൻ അത് ഒരു വിധത്തിലും പര്യാപ്തമാവുകയില്ലെന്നും അദ്ദേഹം തുറന്നു കാട്ടി. ഇസ്ലാമിന്റെയും വിശുദ്ധ ഖുർആന്റെയും നബിതിരുമേനിയുടെയും മധുരഫലങ്ങൾ എപ്പോഴും തുടർന്നനുഭവിക്കുന്നവയാണെന്നും അദ്ദേഹം തെളിയിച്ചു. ആ ഫലങ്ങളാവട്ടെ, അല്ലാഹുവിനെ യഥാർത്ഥമായി അനുസരിക്കുന്നവർക്ക് അല്ലാഹു അവന്റെ സാമീപ്യത്താലും പ്രഭാഷണത്താലും നല്കുന്ന അനുഗ്രഹമാണെന്ന് അദ്ദേഹം തന്റെ സ്വന്തം അനുഭവംകൊണ്ട് സൂര്യപ്രകാശം പോലെ വെളിപ്പെടുത്തുകയും ചെയ്തു. അല്ലാഹുവിനെ സംബന്ധിച്ച മറ്റൊരു അഭിപ്രായവ്യത്യാസം ഇതാണ്: ഒരാളെ ശിക്ഷിക്കുമെന്ന് അല്ലാഹുവിന്റെ വിധി ഉണ്ടാവുന്നതുവരെ അയാൾ അവന്റെ കാരുണ്യത്തിന് പാത്രമാകാവുന്നതാണ്. പക്ഷേ, ശിക്ഷാവിധിക്കുശേഷം അയാൾ പശ്ചാത്തപിച്ച് മാനസാന്തരപ്പെട്ടാൽ തന്നെയും ആ ശിക്ഷാ വിധി മാറ്റി അ

യാളിൽ അനുഗ്രഹം ചൊരിയാൻ അല്ലാഹു ഒരുങ്ങുകയില്ല. അതായത്, ആദ്യത്തെ വിധിയനുസരിച്ച് പ്രവർത്തിക്കാൻ അല്ലാഹു നിർബന്ധിതനാണ്. ഇങ്ങനെയായിരുന്നു, നഊദുബില്ലാ, മുസ്‌ലിംകൾ വിശ്വസിച്ചിരുന്നത്. ഹദ്‌റത്ത് അഹ്മദ്(അ) യുക്തിപൂർവ്വം ഈ ദുർയദ്ധാരണം നീക്കുകയും അത് അല്ലാഹു സർവ്വശക്തനാണെന്ന മഹത്തായ ഗുണത്തിനും അല്ലാഹുവിന്റെ അപാരമായ കാരുണ്യത്തിനും യോജിക്കാത്തതാണെന്ന് സ്ഥാപിക്കുകയും ചെയ്തു. അല്ലാഹുവിനെ സംബന്ധിച്ച് അവൻ ബനൂഇസ്‌റായീലിലും ബനൂഇസ്മായീലിലു മൊഴികെ മറ്റൊരു ജനതയിലും പ്രവാചകൻമാരെ അയച്ചിട്ടില്ലെന്നും അവന്റെ അനുഗ്രഹത്തിനായി ആ രണ്ട് ജനതകളെ മാത്രം തിരഞ്ഞെടുത്തിരിക്കുകയാണെന്നുമുള്ള തെറ്റുധാരണ മുസ്‌ലിംകളിൽ പരന്നിട്ടുണ്ടായിരുന്നു. ഇത് തെറ്റാണെന്ന് ഹദ്‌റത്ത് അഹ്മദ്(അ) പ്രമാണ സഹിതം തെളിയിക്കുകയും എല്ലാ ജനതകളും അല്ലാഹുവിന്റെ പ്രഭാഷണമാകുന്ന അനുഗ്രഹത്തിനു പാത്രമായിട്ടുണ്ടെന്നും എല്ലാ ജനതകളിലും അവൻ പ്രവാചകന്മാരെ അയച്ചുകൊണ്ടിരുന്നിട്ടുണ്ടെന്നും ശ്രുതിയുക്തികളാൽ സ്ഥാപിക്കുകയും ചെയ്തു. അങ്ങനെ ഹിന്ദുക്കളുടെ കൃഷ്ണൻ, ബൗദ്ധരുടെ ഗൗതമബുദ്ധൻ, ചൈനക്കാരുടെ കൺഫ്യൂഷ്യസ്, പാർസികളുടെ സർതഷ്ത് എന്നിവരുടെ പ്രവാചകത്വം അംഗീകരിച്ചുകൊണ്ട് അദ്ദേഹം ജനതകൾ തമ്മിലുള്ള ബന്ധത്തിൽ മഹത്തായൊരു പരിവർത്തനമുണ്ടാക്കി.

അല്ലാഹുവിന്റെ ഇൽഹാമിനെ സംബന്ധിച്ച്, അത് പദങ്ങളായി ഇറങ്ങുന്നതല്ലെന്നും മറിച്ച് ആശയങ്ങൾ ഹൃദയത്തിൽ ഉദിക്കുന്നതാണെന്നും വിശ്വസിക്കപ്പെട്ടിരുന്നു. അതായത്, ഹൃദയത്തിൽ ഉദിക്കുന്ന പരിശുദ്ധവും ഉൽക്കൃഷ്ടവുമായ ചിന്തകളാണ് ഇൽഹാമെന്ന് കരുതപ്പെട്ടിരുന്നു. ഈ അഭിപ്രായവും തെറ്റാണെന്ന് അദ്ദേഹം തെളിയിക്കുകയും, നിഗൂഢമായ വഹ്‌യും ദൈവഭാഷണത്തിലെ ഒരു ഇനമാണെങ്കിലും കൂടുതൽ ഉൽക്കൃഷ്ടവും കൂടുതൽ സുരക്ഷിതവുമായ പ്രഭാഷണം പദങ്ങളായിട്ട് ഇറങ്ങുന്നതാണെന്നും വിശുദ്ധഖുർആന്റെ വഹ്‌യ് ഈ ഇനത്തിൽപെട്ടതാണെന്നും ഖുർആന്റെ അദ്ധ്യാപനം, ബുദ്ധിപരമായ രേഖകൾ, സ്വന്തമായ അനുഭവം എന്നിവയുടെ വെളിച്ചത്തിൽ അദ്ദേഹം സ്ഥാപിക്കുകയും ചെയ്തു.

ദുആ സ്വീകരിക്കുകയെന്ന അല്ലാഹുവിന്റെ ഗുണത്തെ സംബന്ധിച്ച്, ദുആ ഒരു ആരാധന മാത്രമാണെന്നും ദുആ കൊണ്ട് അല്ലാ

ഹു അവന്റെ തീരുമാനത്തിലോ ഉദ്ദേശ്യത്തിലോ മാറ്റം വരുത്തുന്ന തല്ലെന്നും മുസ്ലിംകളിൽ തെറ്റായ ധാരണയുണ്ടായിരുന്നു. ഇതും തെറ്റാണെന്ന് അദ്ദേഹം രേഖാമൂലം തെളിയിക്കുകയും വിശുദ്ധ ഖുർആന്റെ അദ്ധ്യാപനം, സംഭവങ്ങൾ, സ്വന്തം അനുഭവം എന്നീ അനിഷേധ്യങ്ങളായ തെളിവുകൾ അതിന് അദ്ദേഹം നല്കുകയും ചെയ്തു.

അല്ലാഹുവിന്റെ അസ്തിത്വത്തെ സംബന്ധിച്ച്, അവൻ ഭൗതിക രാജാക്കൻമാരെപ്പോലെ ഒരു സിംഹാസനത്തിൽ ഇരിക്കുകയാണെന്ന തെറ്റായ ചിന്തയും മുസ്ലിംകൾക്കിടയിൽ പരന്നിട്ടുണ്ടായിരുന്നു. ഹദ്റത്ത് അഹ്മദ്(അ) ഈ തെറ്റ് തിരുത്തുകയും അർശിന്റെ യാഥാർത്ഥ്യം വെളിപ്പെടുത്തുകയും ചെയ്തു.

അല്ലാഹു തന്റെ അധികാരങ്ങൾ ചില ഭക്തദാസർക്ക് നല്കുമെന്നും അവർ അല്ലാഹുവിനെപ്പോലെ സ്വതന്ത്രമായി ദിവ്യശക്തികൾ പ്രകടിപ്പിക്കുമെന്നും മുസ്ലിംകൾ വിശ്വസിച്ചിരുന്നു. ഈ വിശ്വാസം ഇസ്ലാമിൽ കള്ളക്കഥകളുടെ ഒരു പ്രവാഹംതന്നെ ഉണ്ടാക്കിയിട്ടുണ്ട്. ഹദ്റത്ത് അഹ്മദ്(അ) ഈ വിശ്വാസവും തെറ്റാണെന്ന് രേഖാമൂലം സ്ഥാപിച്ചു.

മലക്കുകളെ സംബന്ധിച്ച് മുസ്ലിംകളിൽ അനേകം അഭിപ്രായ ഭിന്നതകളുണ്ടായിരുന്നു. മലക്കുകളുടെ ആകൃതിയെന്താണ്, പ്രവൃത്തിയെന്താണ്, എങ്ങനെ അവർ അവരുടെ കടമകൾ നിർവ്വഹിക്കുന്നു, അവരെക്കൊണ്ടുള്ള ആവശ്യമെന്ത് ഇത്യാദി കാര്യങ്ങളിലെല്ലാം മുസ്ലിംകൾ തെറ്റായ ധാരണകൾക്ക് വിധേയരായിത്തീർന്നിരുന്നു. ഹദ്റത്ത് അഹ്മദ്(അ) നിഗൂഢമായ ഈ കാര്യങ്ങളിൽ ദൃഷ്ടാന്തപൂർവ്വം വെളിച്ചം വീശുകയും ശരിയായ മാർഗ്ഗദർശനം നല്കുകയും ചെയ്തു.

പ്രവാചകത്വ ശൃംഖലയെ സംബന്ധിച്ച്, നബിതിരുമേനിയുടെ ആവിർഭാവത്തോടുകൂടി എല്ലാ വിധമായ പ്രവാചകത്വവും അവസാനിച്ചുപോയെന്നും മേലിൽ യാതൊരു തരത്തിലുള്ള പ്രവാചകനും നബിതിരുമേനിയിൽനിന്ന് അനുഗ്രഹം സിദ്ധിച്ചവരാവട്ടെ, അദ്ദേഹത്തിന്റെ ശരീഅത്തിന്റെ സേവകനായിക്കൊണ്ടാവട്ടെ, വരാൻ പാടില്ലെന്നും ആണ് മുസ്ലിംകൾ വിശ്വസിച്ചു പോന്നത്. എന്നാൽ, 'ഖാത്തമുന്നബിയ്യീൻ' എന്നതിന് നല്കപ്പെടുന്ന ഈ അർത്ഥം ശരിയല്ലെന്നും പ്രവാചകത്വ ശൃംഖല അവസാനിച്ചു എന്നതിന്റെ ഉദ്ദേ

ശ്യം ഇനി യാതൊരു വിധത്തിലുള്ള നബിയും വരാൻ പാടില്ല എന്നല്ലെന്നും നബിതിരുമേനിക്കുശേഷം ശരീഅത്തോടുകൂടിയ പ്രവാചകത്വത്തിന്റെ വാതിലാണ് അടയ്ക്കപ്പെട്ടിട്ടുള്ളതെന്നും ശരീഅത്തോടുകൂടിയല്ലാത്ത പ്രതിരൂപാത്മകമായ പ്രവാചകത്വത്തിന്റെ വാതിൽ അടയ്ക്കപ്പെട്ടിട്ടില്ലെന്നും അദ്ദേഹം തെളിയിച്ചു. പ്രവാചകത്വത്തിന്റെ എല്ലാ വാതിലുകളും അടയ്ക്കപ്പെട്ടു പോയെന്നും അവസാനിച്ചുപോയെന്നും വിചാരിക്കുകയാണെങ്കിൽ, അതിന്റെ അർത്ഥം, നഊദുബില്ലാ, നബിതിരുമേനിയുടെ ആവിർഭാവം, ഈ ഉമ്മത്തിന് മഹത്തായൊരു ദൈവികാനുഗ്രഹം നഷ്ടപ്പെട്ടു പോകുന്നതിന് കാരണമായിത്തീർന്നു എന്നു വരുന്നതാണ്. ചുരുക്കിപ്പറയുകയാണെങ്കിൽ, മുസ്‌ലിംകളിൽ പരന്നുവശായിരുന്ന പ്രസ്തുത അഭിപ്രായം അബദ്ധമാണെന്ന് പ്രമാണം കൊണ്ടും യുക്തികൊണ്ടും അദ്ദേഹം സ്ഥാപിച്ചു.

നബിമാരെപ്പറ്റിയും റസൂൽമാരെപ്പറ്റിയും, ഈസാനബി ഒഴികെയുള്ള എല്ലാ പ്രവാചകൻമാരും പാപികളാണെന്നും ഈസാനബിയല്ലാതെ മറ്റൊരു പ്രവാചകനും അപ്രമാദിയും പിശാചിന്റെ സ്പർശനത്തിൽ നിന്ന് പരിശുദ്ധനും ആയിട്ടില്ലെന്നും മുസ്‌ലിംകൾ വിശ്വസിച്ചിട്ടുണ്ടായിരുന്നു. ഹദ്റത്ത് അഹ്മദ്(അ) ശക്തിമത്തായ രേഖകൾ കൊണ്ട് ഈ വിശ്വാസം തെറ്റാണെന്ന് തെളിയിച്ചു. ഗംഭീരങ്ങളായ ലേഖനങ്ങളെഴുതിക്കൊണ്ട് അദ്ദേഹം ഈ വിഷയം സംബന്ധിച്ച യാഥാർത്ഥ്യം വെളിപ്പെടുത്തുകയും ചെയ്തു.

പ്രവാചകത്വത്തിന്റെ സ്വഭാവത്തെപ്പറ്റി, അതായത് പ്രവാചകൻ ആരാണ്, പ്രവാചക പദവിയുടെ ഉദ്ദേശ്യമെന്താണ് എന്നീ കാര്യങ്ങളെപ്പറ്റി, മുസ്‌ലിംകൾക്കിടയിൽ അങ്ങേയറ്റം അബദ്ധമായ അഭിപ്രായങ്ങൾ പരന്നിട്ടുണ്ടായിരുന്നു. അദ്ദേഹം ആ കാര്യങ്ങളെ സംബന്ധിച്ചും സത്യം വെളിപ്പെടുത്തി.

മരണാനന്തരജീവിതം, ശിക്ഷാരക്ഷകൾ, സ്വർഗ്ഗനരകങ്ങൾ എന്നിവയെപ്പറ്റി അസാധാരണവും അമ്പരപ്പിക്കുന്നതുമായ അഭിപ്രായങ്ങളാണ് മുസ്‌ലിംകൾ രൂപീകരിച്ചിരുന്നത്. തന്നിമിത്തം മറ്റുള്ളവർക്ക് ഇസ്‌ലാമിനെ ആക്ഷേപിക്കാനും അവഹേളിക്കാനും വളരെ അധികം സൗകര്യം ലഭിക്കുകയും ചെയ്തിരുന്നു. സ്വർഗ്ഗനരകങ്ങളെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ പലപ്പോഴും ബാലിശവും ജുഗുപ്സാവഹവും ആയിരുന്നു. ഹദ്റത്ത് അഹ്മദ്(അ) അതിനെ സംബന്ധിച്ച് ഉജ്ജ്വലങ്ങളായ ലേഖനങ്ങളെഴുതി. വിശുദ്ധ ഖുർആ

ൻകൊണ്ടും ഹദീഥുകൊണ്ടും അതിന്റെ സത്യം വെളിപ്പെടുത്തുകയുണ്ടായി. അതിന്റെ ഫലമായി മുമ്പേ ആക്ഷേപം ചൊരിഞ്ഞ ശത്രുക്കൾപോലും പ്രശംസ ചൊരിയുന്നവരായിത്തീർന്നു.

മുസ്ലിംകൾക്കിടയിൽ, ഒരു വമ്പിച്ച വിവാദ വിഷയമായിരുന്നു തഖ്ദീർ അഥവാ ദൈവവിധി. അത് സംബന്ധിച്ച അഭിപ്രായവ്യത്യാസങ്ങൾ എണ്ണമറ്റതായിരുന്നു. എന്നാൽ, ഹദ്റത്ത് അഹ്മദ്(അ)കൊച്ചുകുട്ടികൾക്ക്പോലും മനസ്സിലാകുമാറ് തഖ്ദീറിനെ വ്യക്തവും സരളവുമായി ആഖ്യാനം ചെയ്തു.

ഖിലാഫത്തിനെ സംബന്ധിച്ച് സുന്നികളും ശിയാക്കളും തമ്മിലുള്ള അഭിപ്രായവ്യത്യാസം സുവിദിതമാണ്. അക്കാര്യത്തിലും ഹദ്റത്ത്(അ) സത്യവും ന്യായവുമായ വിധി കല്പിച്ചു.

വിശുദ്ധഖുർആന്റെയും ഹദീഥിന്റെയും പദവിയെപ്പറ്റി, അതായത്, ഇവയിൽ ഏതിന് ഏതിന്റെ മേലാണ് വിധി കർതൃത്വമുള്ളത് എന്നതിനെപ്പറ്റിയും മുസ്ലിംകൾ തർക്കിച്ചുകൊണ്ടിരുന്നു. അവരിൽ ഒരു വിഭാഗം വിശുദ്ധഖുർആനെ പിന്തള്ളുകയും ഒരു വിഗ്രഹത്തിന്റെ മുമ്പിലെന്നപോലെ ഹദീഥിന്റെ മുമ്പിൽ മുഖം കുത്തി വീഴുകയും ചെയ്തു. ഹദ്റത്ത് അഹ്മദ്(അ) ഈ വിഷയത്തെപ്പറ്റി അവധാനപൂർവ്വം ചർച്ചനടത്തുകയും സുന്നത്തും, ഹദീഥും വെവ്വേറെ രേഖകളാണെന്ന് തെളിയിക്കുകയും വിശുദ്ധഖുർആൻ, സുന്നത്ത്, ഹദീഥ് എന്നിവയ്ക്ക് രേഖാമൂലം വെവ്വേറെ പദവികൾ നിർണ്ണയിക്കുകയും ചെയ്തു.

അഹ്ലെ ഫിഖ്ഹും അഹ്ലെ ഹദീഥും തമ്മിലുള്ള അഭിപ്രായഭിന്നതയും വടംവലിയും എല്ലാവരും അറിയുന്നതാണ്. ഹദ്റത്ത് അഹ്മദ്(അ) രേഖാമൂലം രണ്ട് കൂട്ടരുടെയും തെറ്റുകൾ തുറന്നുകാട്ടി.രണ്ട് കൂട്ടരിലുമുണ്ടായിരുന്ന നന്മകളും അദ്ദേഹം വെളിപ്പെടുത്തി. അവർക്കിടയിൽ ഒരു നേർവഴി അദ്ദേഹം ചൂണ്ടിക്കാണിക്കുകയും ചെയ്തു.

അത്ഭുത അടയാളങ്ങളുടെയും ദിവ്യദൃഷ്ടാന്തങ്ങളുടെയും നിലയെക്കുറിച്ച് പ്രകൃതിവാദികളായ മുസ്ലിംകൾ, അഹ്ലെ ഹദീസ്, ഹനഫികൾ എന്നിവർ തമ്മിലുള്ള അഭിപ്രായ വ്യത്യാസം കണക്കില്ലാത്തതാണ്. ഹദ്റത്ത് അഹ്മദ്(അ) ഈ വിഷയം സംബന്ധിച്ച് എല്ലാ അബദ്ധധാരണകളും തിരുത്തുമാറ് ശരിയായ മാർഗ്ഗം ചൂണ്ടിക്കാണിച്ചു.

ജിഹാദിനെപ്പറ്റി മുസ്‌ലിംകൾക്കുണ്ടായിരുന്ന ധാരണ അതീവ വികൃതമായിരുന്നു. പരിശുദ്ധമായ ഇസ്‌ലാമിന്റെ മുഖം കളങ്കപ്പെടുത്തുവാൻ അത് വഴിയൊരുക്കി. ഹദ്റത്ത് അഹ്മദ്(അ) പ്രകാശമയമായ തെളിവുകൾകൊണ്ട് ആ വൈകൃതം നീക്കുകയും യാഥാർത്ഥ്യം വെളിപ്പെടുത്തുകയും ചെയ്തു.

കർമ്മശാസ്ത്രത്തെ സംബന്ധിച്ച അഭിപ്രായവ്യത്യാസത്തിന് അറ്റമുണ്ടായിരുന്നില്ല. ഹദ്റത്ത് അഹ്മദ്(അ) ശാഖാപരമായ ചില അഭിപ്രായ വ്യത്യാസങ്ങളെ വകവെച്ചു കൊടുക്കുകയും അത് ഉമ്മത്തിന് ഒരു അനുഗ്രഹമാണെന്നു പറയുകയും ചെയ്തു. മറ്റു കാര്യങ്ങളിൽ അദ്ദേഹം രേഖാമൂലം ശരിയായ മാർഗ്ഗദർശനം നല്കി.

മുസ്‌ലിംസമുദായത്തിൽ വ്യാപിച്ചിരുന്ന ചില അഭിപ്രായ വ്യത്യാസങ്ങളുടെ ചുരുങ്ങിയ ഒരു പട്ടികയാണിത്. അവയെപ്പറ്റിയെല്ലാം ഹദ്റത്ത് അഹ്മദ്(അ) വിധി കർത്താവെന്ന നിലയിൽ വിധികൽപിക്കുകയും ചെയ്തിരിക്കുന്നു. മുസ്‌ലിംകൾക്കിടയിലുണ്ടായിട്ടുള്ള എല്ലാ അഭിപ്രായഭിന്നതകളെയും അവയ്ക്ക് അദ്ദേഹം നല്കിയിട്ടുള്ള വിധിന്യായത്തെയും പറ്റി വിശദമായി പ്രതിപാദിക്കുന്നതിന് ഒരു വലിയ ഗ്രന്ഥം തന്നെ വേണ്ടി വരുന്നതാണ്. ഉദാഹരണാർത്ഥം സ്ഥൂലമായ ചില അഭിപ്രായഭിന്നതകൾ ഇവിടെ എടുത്തുകാണിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ.

അഭിപ്രായഭിന്നതകളെക്കുറിച്ച് എല്ലാ ഉലമാക്കളും താന്താങ്ങളുടെ അഭിപ്രായം പ്രകടിപ്പിച്ചിരിക്കയാൽ ഹദ്റത്ത് അഹ്മദിന്(അ) അക്കാര്യത്തിൽ എന്ത് പ്രത്യേകതയാണെന്നുള്ളതെന്ന് ആരെങ്കിലും സംശയിക്കുകയാണെങ്കിൽ അത് അർത്ഥശൂന്യമായ ഒരു സംശയമേ ആയിരിക്കയുള്ളൂ. എന്തെന്നാൽ, അഭിപ്രായപ്രകടനം ചെയ്യുക എന്നതും ഒരു വിധി കർത്താവെന്ന നിലയിൽ വിധി കൽപിക്കുക എന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്. അഭിപ്രായപ്രകടനം ഒരു കുട്ടിക്കു പോലും ചെയ്യാവുന്നതാണ്. ഹദ്റത്ത് അഹ്മദ്(അ)കേവലമായ അഭിപ്രായപ്രകടനം നടത്തുകയല്ല, മറിച്ച് മുസ്‌ലിംകളുടെ അഭിപ്രായവ്യത്യാസങ്ങളെ സംബന്ധിച്ച് വിധി കൽപിക്കുകയായിരുന്നു. അദ്ദേഹം വിധി കർത്താവാണെന്നതിൻമേൽ അവ വെളിച്ചം വീശുന്നു. അദ്ദേഹം സ്വീകരിച്ച ആ വിശേഷതകൾ താഴെ പറയുന്നവയാണ്:

1. ഹദ്റത്ത് അഹ്മദ്(അ) യാതൊരു കാര്യത്തിലും ഏതെങ്കി

ലും ഒരു കക്ഷിയുടെ പക്ഷം നിന്നുകൊണ്ടല്ല അഭിപ്രായപ്രകടനം ചെയ്തത്. മൂന്നാമതൊരു വിധികർത്താവിന്റെ നിലയിലാണ്. അതിനാൽ, അദ്ദേഹത്തിന്റെ തീർപ്പുകൾ പക്ഷാപാതിത്വത്തിന്റെ വിഷജ്വാലയിൽ നിന്ന് നിശ്ശേഷം പരിശുദ്ധമാണ്. ഇത് വലിയൊരു വിശേഷതയാകുന്നു. അദ്ദേഹത്തിന്റെ തീർപ്പുകൾ കണ്ടിട്ടുള്ള ഏതൊരാൾക്കും അവയെല്ലാം നീതിപൂർവ്വവും നിക്ഷ്പക്ഷവുമാണെന്ന് സമ്മതിക്കാതിരിക്കാൻ  കഴിയുകയില്ല.

2. ഹദ്റത്ത് അഹ്മദ്(അ) വിധി പറയുക മാത്രമല്ല, ബുദ്ധിപരവും പ്രമാണപരവുമായ രേഖകളുടെ ഒരു സൂര്യനെത്തന്നെ ഉയർത്തിക്കാണിക്കുക കൂടി ചെയ്തു. ഒരു സത്യാന്വേഷിക്ക് സംശയത്തിന് യാതൊരു പഴുതും അദ്ദേഹം നല്കിയില്ല. ഏതൊരു വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യാൻ അദ്ദേഹം പേനയെടുത്തിട്ടുണ്ടോ അതിനെക്കുറിച്ച് മലപോലെ ഉറച്ചുനില്ക്കുന്ന തീരുമാനമാണ് അദ്ദേഹം പ്രഖ്യാപിച്ചിട്ടുള്ളത്. അതിന്റെ നിർണ്ണായകത്വത്തിന്റെ ശക്തി സമ്മതിക്കാതിരിക്കാൻ നിക്ഷപക്ഷകനായ ഒരാൾക്കും കഴിയുകയില്ല. എല്ലാ തീരുമാനങ്ങളെക്കുറിച്ചും അദ്ദേഹം സ്വീകരിച്ചിട്ടുള്ള തത്ത്വമാണെങ്കിൽ ഒരു ശത്രുവിനും ഓടി രക്ഷപ്പെടാൻ ഇടം നല്കാത്തതാണ്.

3. ഹദ്റത്ത് അഹ്മദ്(അ) അസാധാരണമായ ആത്മശക്തികൊണ്ടും ദൈവികമായ അടയാളങ്ങൾകൊണ്ടും തന്റെ എല്ലാ തീർപ്പുകളുടെയും ന്യായം സ്ഥാപിച്ചിരിക്കുന്നു. തന്റെ തീർപ്പുകൾക്ക് ബുദ്ധിപരവും പ്രമാണപരവുമായ രേഖകൾ നല്കിയത് കൂടാതെ, നിഷേധികൾ എതിർത്തതിനെത്തുടർന്ന് ദൈവികമായ അടയാളങ്ങൾകൂടി കാണിച്ചുകൊടുത്തുകൊണ്ട് ആ തീർപ്പുകളുടെമേൽ അദ്ദേഹം ദൈവസാക്ഷ്യത്തിന്റെ മുദ്ര കുത്തിക്കുകയും ചെയ്തു. ഈ തീർപ്പുകളുടെ പദവിക്കും മൗലവിമാരുടെ വിവാദങ്ങളുടെ പദവിക്കും തമ്മിൽ എന്തു ബന്ധം? കടലിനും കടലാടിക്കും തമ്മിലുള്ള ബന്ധമല്ലാതെ!

## രണ്ടാമത്തെ  പ്രവൃത്തി

മസീഹ് മൗഊദിന്റെ രണ്ടാമത്തെ പ്രവൃത്തി പുറമെ നിന്നുള്ള ആക്രമണങ്ങളെ ചെറുക്കുകയും മറ്റു മതങ്ങളുടെ മേൽ ഇസ്ലാമിന്റെ വിജയം സ്ഥാപിക്കുകയും ചെയ്യുക എന്നതായിരുന്നു. അതായത് ഇസ്ലാംമതപ്രചാരണത്തെ വിപുലീകരിച്ച്, ലോകത്തെ മുഴുവനും പ്രത്യേകിച്ച്, പാശ്ചാത്യ രാജ്യങ്ങളെ ജയിച്ചടക്കുക എന്നതാ

യിരുന്നു. ഈ പ്രവൃത്തി എത്ര ഭംഗിയായും നിസ്തുലമായും ആണ് അദ്ദേഹം നിർവ്വഹിച്ചതെന്നും അദ്ദേഹത്തിന്റെ ഖലീഫമാർ ഇപ്പോഴും ആ പ്രവൃത്തി നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണെന്നും ആരെയും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. ഒന്നാമതായി ഇസ്‌ലാമിനകത്ത് കടന്നുകൂടി മറ്റുള്ളവർക്ക് നിശിതവിമർശനത്തിന് സൗകര്യം നല്കിയ അബദ്ധ വിശ്വാസങ്ങളെപ്പറ്റിയാണ് നാം ചിന്തിക്കേണ്ടത്. അത് ഇസ്‌ലാമിന്റെ പരിശുദ്ധമുഖത്ത് കരിതേച്ചുകൊണ്ടിരുന്ന ആഭ്യന്തരമായ അഭിപ്രായ വ്യത്യാസങ്ങളാണ്. ഏതുവിധത്തിലാണ് ഹദ്റത്ത് അഹ്മദ്(അ) ആ കറ കഴുകിക്കളഞ്ഞതെന്ന് ചുരുങ്ങിയനിലയിൽ പ്രതിപാദിച്ചു കഴിഞ്ഞു. ഇനി, ഈസാനബിയെ സംബന്ധിച്ച് മുസ്‌ലിംകൾക്കിടയിൽ കടന്നു കൂടിയതും തന്നിമിത്തം ഇസ്‌ലാമികപക്ഷത്തുനിന്ന് അനേകലക്ഷം ആളുകളെ മതപരിവർത്തനം ചെയ്യിക്കുവാൻ ദജ്ജാലിന് ശക്തി കൈവരുത്തിയതുമായ സംഗതികൾ വിവരിക്കുവാൻ മാത്രമാണ് ഇവിടെ ഉദ്ദേശിക്കുന്നത്:-

1. പ്രവാചക ശ്രേഷ്ഠരായ ഹദ്റത്ത് മുഹമ്മദ് നബി(സ) തിരുമേനി മണ്ണിൽ മറയടക്കപ്പെട്ടിരിക്കെ, അല്ലാഹുവിന്റെ സുന്നത്തിനെതിരായി ഈസാനബി സ്ഥൂലദേഹത്തോടുകൂടി ആകാശത്തിലേക്ക് കയറിപ്പോവുകയും മരണത്തിൽനിന്ന് സുരക്ഷിതനായിരിക്കുകയും ചെയ്യുന്നുവെന്ന വിശ്വാസം.

2. ഈസാനബി സൃഷ്ടികർത്താവായിരുന്നുവെന്ന വിശ്വാസം. ചില പക്ഷികളെ അദ്ദേഹം സൃഷ്ടിച്ചിട്ടുണ്ടെന്നും മറ്റു യാതൊരു മനുഷ്യനും ഈ ശക്തി ഉണ്ടായിട്ടില്ലെന്നും മുസ്‌ലിംകൾ വിശ്വസിക്കുന്നു!

3. ഈസാനബി മരിച്ചവരെ ജീവിപ്പിച്ചുവെന്ന വിശ്വാസം. മരിച്ചവരോട് എഴുന്നേല്ക്കുക എന്ന് അദ്ദേഹം പറഞ്ഞപ്പോൾ അവർ കബ്റുകളിൽനിന്ന് ഉയിർത്തെഴുന്നേറ്റു പുറത്തേക്കുവന്ന് അദ്ദേഹത്തെ അനുഗമിച്ചുവെന്നും അങ്ങനെ അദ്ദേഹം ആയിരക്കണക്കിൽ മരിച്ചവരെ പുനർജ്ജീവിപ്പിച്ചു എന്നും ഈ ശക്തി മറ്റൊരു നബിക്കും നല്കപ്പെട്ടിട്ടില്ലെന്നും മുസ്‌ലിംകൾ വിശ്വസിക്കുന്നു.

4. ഈസാനബിക്ക് അത്യുന്നത പദവി ഉണ്ടെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നു. അതായത്, നബിതിരുമേനിയുടെ പ്രസ്താവനയനുസരിച്ച് ഏറ്റവും വലിയ കുഴപ്പമായ ദജ്ജാലിന്റെ കുഴപ്പമുണ്ടാകുമ്പോൾ, അതിനെ നിർമ്മാർജ്ജനം ചെയ്യാനുള്ള കഴിവ് ഈസാന

ബിക്കല്ലാതെ മറ്റൊരു പ്രവാചകനുമില്ലെന്നും അക്കാരണത്താലാണ് അല്ലാഹു ആ പ്രവൃത്തിക്കായി അദ്ദേഹത്തെ മരണത്തിൽനിന്ന് സുരക്ഷിതനാക്കി വെച്ചിട്ടുള്ളതെന്നും മുസ്‌ലിംകൾ വിശ്വസിക്കുന്നു – അല്ലാഹുവിന് അദ്ദേഹത്തെപ്പോലെ മറ്റൊരു പരിഷ്ക്കർത്താവിനെ എഴുന്നേല്പിക്കാൻ ശക്തിയില്ലാത്തതുപോലെ!

5. ഈസാനബിയല്ലാതെ മറ്റൊരു പ്രവാചകനും പിശാചിന്റെ സ്പർശനത്തിൽനിന്ന് പരിശുദ്ധനല്ലെന്നുള്ള വിശ്വാസം. അതായത്, ഹദ്റത്ത് മുഹമ്മദ് നബി(സ.അ)തിരുമേനിയാകട്ടെ, മറ്റേതെങ്കിലും പ്രവാചകന്മാരാകട്ടെ, എല്ലാവരും ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ ഏതെങ്കിലും കുറ്റം ചെയ്തവരാണെന്നും ആരെങ്കിലും യാതൊരു വിധമായ കുറ്റം ചെയ്യാതിരുന്നിട്ടുണ്ടെങ്കിൽ അത് മർയമിന്റെ ഈ അത്ഭുതസന്താനം മാത്രമാണെന്നും മുസ്‌ലിംകൾ വിശ്വസിക്കുന്നു!

മേൽപറഞ്ഞ അഞ്ച് ആപൽക്കരങ്ങളായ വിശ്വാസങ്ങളാണ് ഈസാനബിയെ സംബന്ധിച്ച് മുസ്‌ലിംകളിൽ കടന്നുകൂടിയിട്ടുണ്ടായിരുന്നത്. അവ ക്രിസ്തുമതത്തിന് വളരെയധികം ശക്തി നല്കുകയും ചെയ്തിരുന്നു. ഈ വിശ്വാസങ്ങൾ വെച്ചുകൊണ്ടിരിക്കയാൽ ക്രിസ്ത്യാനികൾക്ക് എളുപ്പത്തിൽ പിടിക്കാവുന്ന ഇരയായിത്തീർന്നു മുസ്‌ലിംകൾ. അനേകലക്ഷം മുസ്‌ലിംകളെ അവർ പിടിച്ചെടുത്ത് ക്രിസ്ത്യാനികളാക്കുകയും ചെയ്തു. മുസ്‌ലിംകൾ അവരുടെ മുമ്പിൽ നിസ്സഹായരുമായിരുന്നു. ഉദാഹരണമായി ഒരു സംഭവം പറയാം. ഉന്നതപദവിയിലുള്ള ഒരു ക്രൈസ്തവ പാതിരി ലാഹോറിൽ പ്രസംഗിച്ചു കൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം മേൽ പറഞ്ഞ പ്രശ്നങ്ങൾ മുസൽമാൻമാരുടെ നേരെ ഉന്നയിച്ചു. സദസ്യരിൽ ചില മൗലവിമാരുമുണ്ടായിരുന്നു. തങ്ങൾക്കനുകൂലമായ മുസ്‌ലിം വിശ്വാസങ്ങളെ ആവർത്തിച്ചാവർത്തിച്ച് ചൂണ്ടിക്കാട്ടുകയും ക്രിസ്തുമതത്തിന്റെ മഹത്ത്വം അതിലൂടെ സ്ഥാപിക്കുകയും ചെയ്തപ്പോൾ നിശബ്ദരായി അത് കേട്ടിരിക്കാനേ മൗലവിമാർക്ക് കഴിഞ്ഞുള്ളൂ. എന്നാൽ, വളരെ യാദൃശ്ചികമായി അവിടെ ഡോ.മുഫ്തിമുഹമ്മദ് സ്വാദിഖ് വന്നുചേർന്നു. അദ്ദേഹം അമേരിക്കയിൽ ഇസ്ലാംമതപ്രചാരകനായി പ്രവർത്തിച്ച ആളായിരുന്നു. അദ്ദേഹം ആത്മസംയമനം പാലിച്ചുകൊണ്ട് പാതിരിയെ നേരിട്ടു. നിങ്ങൾ പറയുന്നതൊന്നും ഇസ്‌ലാമിക വിശ്വാസമല്ല. ഞങ്ങളിതൊന്നും വിശ്വസിക്കുന്നുമില്ല. വിശുദ്ധഖുർആനിലോ ഹദീഥിലോ ഈ വക വിശ്വാസ

ങ്ങൾക്ക് യാതൊരു സ്ഥാനവുമില്ല. മസീഹ് ഒരു പ്രവാചകൻ മാത്രമാണ്. എല്ലാ പ്രവാചകൻമാരും എപ്രകാരം മരിച്ചുവോ അപ്രകാരം മസീഹ് മരിച്ചിരിക്കുന്നു എന്നു തന്നെയാണ് ഞങ്ങൾ വിശ്വസിക്കുന്നത്. മറ്റ് പ്രവാചകൻമാർക്കില്ലാത്ത പ്രത്യേകതകളൊന്നും അദ്ദേഹത്തിനില്ല. അദ്ദേഹത്തേക്കാൾ ശ്രേഷ്ഠരായ പ്രവാചകന്മാർ ഉണ്ടായിട്ടുമുണ്ട്.... മുഫ്തീ സാഹിബിന്റെ പ്രസംഗം കേട്ടപ്പോൾ പാതിരി സായ്പ് പറഞ്ഞു. താങ്കൾ ഒരു ഖാദിയാനിയാണെന്നാണ് തോന്നുന്നത്. കൊള്ളാം, താങ്കളുമായി സംസാരിക്കാൻ ഞങ്ങൾ ഒരുക്കമില്ല. ഇത്രയും പറഞ്ഞു അദ്ദേഹം തന്റെ പ്രസംഗം അവസാനിപ്പിച്ചു.

നോക്കുക, എത്ര ആപൽക്കരമായ വിശ്വാസമാണ് ഈസാനബിയെ സംബന്ധിച്ച് മുസ്ലിംകൾ കൈക്കൊണ്ടിട്ടുള്ളത്? എന്നാൽ, അതെല്ലാംതെറ്റാണെന്ന് ഹദ്റത്ത് അഹ്മദ്(അ)സ്ഥാപിച്ചു. ഈ വിശ്വാസങ്ങളെല്ലം അടിസ്ഥാനരഹിതങ്ങളാണെന്നും ഇവ പില്ക്കാലത്ത് മുസ്ലിംകളിൽ കടന്നുകൂടിയവയാണെന്നും വിശുദ്ധഖുർആനിലോ ഹദീഥുകളിലോ അവയ്ക്കു സ്ഥാനമില്ലെന്നും അദ്ദേഹം തെളിയിക്കുകയും ചെയ്തു. അതുനിമിത്തം ഇസ്ലാമിനെതിരായി പ്രവർത്തനം നടത്താൻ അവന് എളുപ്പം സാധിച്ചിരുന്നു. രണ്ടാമത്തെകാൽ അവന്റെ തന്നെ തെറ്റായ വിശ്വാസങ്ങളായിരുന്നു. അതിന്റെ ശക്തികൊണ്ട് അവൻ ഒരു ജലപ്രവാഹം പോലെ തള്ളിക്കയറിക്കൊണ്ടിരുന്നു. ചുരുക്കത്തിൽ, ഇസ്ലാമിനെതിരായി മറ്റു മതസ്ഥരിൽ നിന്നുണ്ടായിരുന്ന ആക്രമണത്തിന് വലിയൊരു കാരണം മുസൽമാൻമാരുടെ തന്നെ തെറ്റായ വിശ്വാസങ്ങളായിരുന്നു. ആപൽക്കരങ്ങളായ ആ വിശ്വാസങ്ങൾ രേഖാമൂലം നീക്കം ചെയ്യുകയാൽ ബാഹ്യമായ ആക്രമണത്തിന്റെ ആ ഭാഗം തകർന്നുപോയി.

ഇത് ഹദ്റത്ത് അഹ്മദ്(അ) നിർവ്വഹിച്ച മഹത്തായ ഒരു സേവനമായിരുന്നു. ഇതദ്ദേഹം മുസൽമാൻമാർക്കുവേണ്ടി ചെയ്ത മഹത്തായ ഒരു നൻമയുമായിരുന്നു. അദ്ദേഹത്തിന്റെ ഈ പ്രവൃത്തിയിലൂടെ മുസ്ലിംകൾക്ക് രണ്ട് വമ്പിച്ച നേട്ടങ്ങളുണ്ടായി. ഒന്നാമത്,ഈ അബദ്ധവും ആപൽക്കരവുമായ വിശ്വാസത്താൽ മുസ്ലിംകളുടെ സ്ഥിതിതന്നെ അങ്ങേയറ്റം മോശപ്പെട്ടിരിക്കുകയായിരുന്നു. അവരുടെ സത്യവിശ്വാസ ധർമ്മമാകുന്ന മേൽപ്പുരയ്ക്ക് ഉറക്കുത്ത് ബാധിച്ചുമിരുന്നു. എന്നാൽ, ഈ വിശ്വാസങ്ങൾ തിരുത്തപ്പെട്ടതോടെ അവരുടെ അവസ്ഥ ശക്തമായിത്തീരുകയും സത്യവിശ്വാസം നാശത്തിൽ നിന്ന് രക്ഷപ്പെടുകയും ചെയ്തു. രണ്ടാമത്, ഈ തെറ്റായ വിശ്വാസ

ത്തിന്റെ ഫലമായി ഇസ്‌ലാം മറ്റു മതസ്ഥരുടെ നിശിതമായ ആക്രമണത്തിന് ലക്ഷ്യമായിത്തീർന്നിരുന്നു. അതായത്, ഈസാനബിയെ സംബന്ധിച്ച അബദ്ധവിശ്വാസങ്ങൾ എതിരാളികൾക്ക് ഇസ്‌ലാമിന്റെ നേരെ ആക്രമണം നടത്താൻ നല്ലൊരു സൗകര്യമുണ്ടാക്കിക്കൊടുത്തു. മുസ്‌ലിംകളാകട്ടെ, ഈ തെറ്റായ വിശ്വാസത്തെ തങ്ങളുടെ മതത്തിന്റെ ഒരു ഭാഗമായിട്ടാണ് കണക്കാക്കിയിരുന്നത്. വിശുദ്ധ ഖുർആനും ഹദീഥുമാണ് അതിന് ആധാരമെന്നവർ കരുതുകയും ചെയ്തിരുന്നു. തൻമൂലം സ്ഥിതി കൂടുതൽ ഭയാനകമായിത്തീർന്നിരുന്നു. എന്തെന്നാൽ, ആ അവസ്ഥയിൽ ശത്രുക്കളുടെ ആക്രമണം മുസൽമാന്മാരെ മാത്രമല്ല, ഇസ്‌ലാമിനെത്തന്നെയും ബാധിച്ചിരുന്നു. എന്നാൽ, മേൽപറഞ്ഞ വിശ്വാസങ്ങൾ തെറ്റാണെന്ന് സ്ഥാപിതമായതോടെ ഇത്തരം ആക്രമണങ്ങളിൽനിന്ന് ഇസ്‌ലാം രക്ഷിക്കപ്പെടുകതന്നെ ചെയ്തു.

മസീഹ് മൗഊദിന്റെ ഈ പ്രവൃത്തിയുടെ രണ്ടാമത്തെ ഭാഗം മറ്റു മതങ്ങളുടെ നേരെ പ്രത്യാക്രമണം നടത്തി അവയെ പരാജയപ്പെടുത്തുകയെന്നതാണ്. ഈ പ്രവൃത്തിയും വളരെ ഭംഗിയായും കാര്യക്ഷമമായും നിർവ്വഹിക്കപ്പെട്ടിരിക്കുന്നു. ഇപ്പോഴും നിർവ്വഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇന്ത്യ, മതങ്ങളുടെ ഒരു പ്രദർശനശാലയാണ്. ഈ രാജ്യത്തെപ്പോലെ ഇത്രയധികം മതങ്ങൾ ഇത്രത്തോളം ശക്തിയായ നിലയിൽ കാണപ്പെടുന്ന മറ്റൊരു രാജ്യവും ലോകത്തില്ല. പ്രത്യേകിച്ച് പഞ്ചാബ് സംസ്ഥാനം എല്ലാ മതങ്ങളുടെയും കേന്ദ്രമാണ്. ക്രിസ്ത്യാനികൾ, ആര്യസമാജക്കാർ, സിക്കുകൾ, ബ്രഹ്മസമാജികർ, ദേവ സമാജികൾ എന്നിവരുടെയെല്ലാം പ്രവർത്തനം ഇവിടെയാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കർമ്മചൈതന്യമുള്ള ഏതൊരു മതവും പഞ്ചാബിൽ കാണാതിരിക്കയില്ല. അതുകൊണ്ടുതന്നെ മസീഹ് മൗഊദ് എഴുന്നേല്പിക്കപ്പെടാൻ ഏറ്റവും പറ്റിയ പ്രദേശം പഞ്ചാബ് തന്നെയായിരുന്നു. എല്ലാ മതങ്ങൾക്കും അദ്ദേഹവുമായി മാറ്റുരയ്ക്കാൻ അതുകൊണ്ട് സാധിച്ചു. ഹദ്റത്ത് അഹ്മദ്(അ) ഈ മതങ്ങളുടെയെല്ലാംമേൽ രണ്ടുവിധത്തിലും വിജയം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. ഒന്നാമത് ബുദ്ധിപരമായും പ്രമാണപരമായും അവയുടെ തെറ്റായ നില അദ്ദേഹം തെളിയിച്ചു. രണ്ടാമത് ദൈവികമായ അടയാളങ്ങൾ കൊണ്ടും ആദ്ധ്യാത്മിക ശക്തികൊണ്ടും അദ്ദേഹം അവയെ പരാജയപ്പെടുത്തുകയും ഇസ്‌ലാമിനെ വിജയിപ്പിക്കുകയും ചെയ്തു.

## ക്രിസ്തുമതത്തിനെതിരിൽ

ആദ്യമായി നമുക്ക് ക്രിസ്തുമതത്തെ പരിശോധിക്കാം. ക്രിസ്തുമതത്തിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നത് മൂന്ന് സിദ്ധാന്തങ്ങളാണ്.

1. ത്രിയേകത്വം: ദൈവം മൂന്ന് ഘടകങ്ങൾ കൂടിച്ചേർന്നതാണെന്ന വിശ്വാസം. സാധാരണയായി ദൈവമെന്ന് പറയപ്പെടുന്ന പിതാവ്, മനുഷ്യരൂപം പൂണ്ടു ലോകത്ത് അവതീർണ്ണനായ ക്രിസ്തുവാകുന്ന പുത്രൻ, പിതാവിന്റെയും പുത്രന്റെയും മദ്ധ്യവർത്തിയായ പരിശുദ്ധാത്മാവ്. ഈ മൂന്നുപേരും വെവ്വേറെ നിലനില്പുള്ള ദൈവങ്ങളാണ്. എന്നിരുന്നാലും, ക്രിസ്ത്യാനികളുടെ അഭിപ്രായത്തിൽ ദൈവം മൂന്നല്ല, ഒന്നുതന്നെയാണ്.

2. ക്രിസ്തുവിന്റെ ദൈവത്വം: അതായത്, നസ്റേത്തുകാരനായ ക്രിസ്തു മനുഷ്യരൂപം പൂണ്ടാണ് ലോകത്ത് അവതരിച്ചതെങ്കിലും അദ്ദേഹം ദൈവവും ദൈവപുത്രനും ആയിരുന്നുവെന്നും ദൈവം അദ്ദേഹത്തെ അയച്ചത് അദ്ദേഹത്തിന്റെ ബലികൊണ്ട് മനുഷ്യസമുദായത്തെ പാപത്തിൽനിന്ന് രക്ഷിക്കാനായിരുന്നുവെന്നുമുള്ള വിശ്വാസം.

3. ക്രിസ്തുമതത്തിലെ പാപപരിഹാരസിദ്ധാന്തം: അതായത്, മൂസാനബിയുടെ ന്യായപ്രമാണമനുസരിച്ച് ഒരു ശാപമായിട്ടുള്ള കുരിശുമരണം മനുഷ്യസുദായത്തിനുവേണ്ടി ക്രിസ്തു വരിക്കുകയും അങ്ങനെ അദ്ദേഹത്തിന്റെ മരണത്തിൽ വിശ്വസിക്കുന്ന എല്ലാവരുടെയും പാപങ്ങൾ അദ്ദേഹം ഏറ്റെടുക്കുകയും ആ ശാപഭാരത്തിന്റെ കീഴിൽ മൂന്നു ദിവസം വരെ അമർന്നു കിടക്കുകയും അതിനുശേഷം ഉയിർത്തെഴുന്നേറ്റ് ആകാശത്തിലേക്കുപോയി മുമ്പേ എന്നപോലെ തന്റെ പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുകയും ചെയ്തിരിക്കുന്നുവെന്ന വിശ്വാസം.

മൗലികമായി ഈ സിദ്ധാന്തങ്ങളോടുകൂടിത്തന്നെ, പ്രായശ്ചിത്തം കൂടാതെ കൃപ ചെയ്യുന്നത്, അഥവാ പശ്ചാത്താപത്തെയും മാനസാന്തരത്തെയും സ്വീകരിച്ച് പാപം പൊറുത്തു കൊടുക്കുന്നത്, ദൈവത്തിന്റെ ഗുണത്തിൽ പെട്ടതല്ലെന്നും ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. അത് നീതിവിരുദ്ധമാണ്.മനുഷ്യന് പാപത്തിന്റെ ബീജം ആദമിൽ നിന്നും ഹവ്വായിൽനിന്നും പാരമ്പര്യമായി കിട്ടിയതാക

യാൽ ഒരു മനുഷ്യനും പാപത്തിൽനിന്ന് നിശ്ശേഷം പരിശുദ്ധനാവാൻ കഴിയുകയില്ല. മറുഭാഗത്ത് പാപം പൊറുക്കപ്പെടുകയുമില്ല. അതുകൊണ്ട് മോക്ഷത്തിനുവേണ്ടി പുറത്തുനിന്ന് മറ്റെന്തെങ്കിലും ഒരു പ്രതിവിധി ആവശ്യമായിത്തീർന്നു. അതാണ് പ്രായശ്ചിത്തം, അഥവാ ക്രിസ്തുവിന്റെ കുരിശുമരണം. ഇതിനുപുറമെ, ന്യായപ്രമാണം ഒരു ശാപമാണെന്നും അതിൽനിന്ന് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയിരിക്കുന്നുവെന്നുംകൂടി ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു.

ഇനി നമുക്ക് ഹദ്റത്ത് അഹ്മദും(അ) ക്രൈസ്തവലോകവും തമ്മിൽ നടന്ന വിവാദത്തെപ്പറ്റി, ഏതൊന്നിന്റെ ഫലമായി നബിതിരുമേനിയുടെ പ്രവചനമനുസരിച്ച് കുരിശു മുറിക്കുകയും ദജ്ജാലിന്റെ വധലക്ഷണം പ്രത്യക്ഷപ്പെടുകയും ചെയ്തിരിക്കുന്നുവോ ആ മഹത്തും പരിശുദ്ധവുമായ സമരത്തെപ്പറ്റി പ്രതിപാദിക്കാം. ഒരുവിധത്തിൽ ഹദ്റത്ത് അഹ്മദ്(അ) യൗവനപ്രായം മുതൽക്കു തന്നെ ക്രിസ്ത്യാനികളുമായി ഈ ആദ്ധ്യാത്മികസമരം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. യൗവനാരംഭത്തിൽ അദ്ദേഹം സിയാൽകോട്ട് കച്ചേരിയിൽ ജോലി ചെയ്തുകൊണ്ടിരുന്ന കാലത്ത് പാതിരി ബട്ട്ളർ മുതലായവരുമായി മതപരമായ ചർച്ചകൾ നടത്താറുണ്ടായിരുന്നു എന്നതിന് വിശ്വാസയോഗ്യമായ തെളിവുകളുണ്ട്. കൂടാതെ, ബറാഹീനെ അഹ്മദിയ്യായുടെ പ്രസിദ്ധീകരണം എല്ലാ മതസ്ഥരോടും പൊതുവിലുള്ള ഒരു വെല്ലുവിളിയായിരുന്നു. പ്രത്യേകിച്ച്, 1884-ൽ ബറാഹീനെ അഹ്മദിയ്യായുടെ നാലാംഭാഗം അച്ചടിച്ചപ്പോൾ അദ്ദേഹം ഉർദുവിലും ഇംഗ്ലീഷിലും ഒരു വിജ്ഞാപനം 20,000 കോപ്പി അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്യുകയുണ്ടായി. യൂറോപ്പിൽ പല രാജ്യങ്ങളിലും അമേരിക്കയിലും മറ്റും വലിയ തോതിൽ അത് വിതരണം ചെയ്തുകൊണ്ട് അതിന്റെ പ്രസിദ്ധീകരണം ഫലപ്രദമാക്കിത്തീർത്തിരുന്നു. ചക്രവർത്തിമാർ, രാജാക്കൻമാർ, പ്രജായത്തരാജ്യങ്ങളിലെ പ്രസിഡണ്ടുമാർ, രാജ്യകാര്യതന്ത്രജ്ഞൻമാർ, തത്വചിന്തകൻമാർ, മതനേതാക്കൾ എന്നിവരുൾപ്പെടെയുള്ള എല്ലാ പ്രമുഖ വ്യക്തികൾക്കും അത് തപാൽ വഴി രജിസ്റ്റർ ചെയ്തു അയക്കുകയും ചെയ്തിരുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ എല്ലാ മതാനുയായികളും ആഹ്വാനം ചെയ്യപ്പെട്ടിരുന്നുവെങ്കിലും ക്രിസ്തുമതത്തിന്റെ അനുയായികളിലാണ് അത് പ്രത്യേകമായി വിതരണം ചെയ്യപ്പെട്ടിരുന്നത്. തന്നെ ഈസാമസീഹിന്റെ മാതൃകയിൽ അല്ലാഹു ഈ നൂറ്റാണ്ടിലെ മുജദ്ദിദായി അയച്ചിരിക്കുന്നുവെന്നും അല്ലാഹുവിന്റെ

സാമീപ്യം പ്രാപിക്കുവാനുള്ള മാർഗ്ഗം ഇസ്‌ലാംമതം മാത്രമാണെന്ന് താൻ മുഴുവൻ ലോകത്തോടും പ്രഖ്യാപിക്കുന്നുവെന്നും തന്റെവാദത്തിന് തെളിവ് ആവശ്യപ്പെടുന്നവരെ തൃപ്തിപ്പെടുത്താൻ ഒരുക്കമാണെന്നും സത്യാന്വേഷികൾക്ക് ദൈവികമായ അടയാളങ്ങൾ കാണിച്ചു കൊടുക്കാമെന്നും ഹദ്റത്ത് അഹ്മദ്(അ) ആ വിജ്ഞാപനത്തിൽ  പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു.

ഇത് പ്രസിദ്ധപ്പെടുത്തി അധികം വൈകാതെതന്നെ അദ്ദേഹം അച്ചടിച്ച ഒരു കത്ത് കൂടി പ്രശസ്തരായ പാതിരിമാർ, ആര്യസമാജക്കാർ, ബ്രഹ്മസമാജക്കാർ, പ്രകൃതിവാദികൾ, എതിരാളികളായ മൗലവിമാർ എന്നിവർക്കും അയച്ചു കൊടുത്തു. ഇസ്‌ലാമിന്റെ സത്യത്തെയോ തന്റെ വാദങ്ങളെയോ സംശയിക്കുകയോ ദൈവികമായ അടയാളങ്ങളെ നിഷേധിക്കുകയോ ചെയ്യുന്നവർ സത്യാന്വേഷികളായിക്കൊണ്ട് ഖാദിയാനിൽ വന്നു തന്നോടൊപ്പം ഒരു കൊല്ലം താമസിക്കുകയാണെങ്കിൽ അവർക്ക് തീർച്ചയായും തൃപ്തികരമായ അടയാളങ്ങൾ കാണാൻ കഴിയുമെന്ന് ദൈവിക വാഗ്ദാനം മുൻനിറുത്തി താൻ പ്രഖ്യാപിക്കുന്നുവെന്നും ആ പരീക്ഷണത്തിനായി അവരെ ക്ഷണിച്ചുകൊള്ളുന്നുവെന്നും അദ്ദേഹം ആ കത്തിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. കൂടാതെ, ഈ ഒരു കൊല്ലക്കാലത്തിനിടയിൽ അസാധാരണമായ അടയാളങ്ങളൊന്നും പ്രത്യക്ഷപ്പെടാതിരിക്കുകയാണെങ്കിൽ നഷ്ടപരിഹാരമായിട്ടോ പിഴയായിട്ടോ മാസത്തിൽ 200ക. താൻ കൊടുത്തു കൊള്ളാമെന്നും ആ കത്തിൽ അദ്ദേഹം  പറഞ്ഞിട്ടുണ്ടായിരുന്നു.

നോക്കുക, തീരുമാനത്തിനുള്ള ഈ മാർഗ്ഗം എത്ര നീതിപൂർവ്വമാണ് ആവിഷ്ക്കരിക്കപ്പെട്ടത്. പാതിരിമാർ അവരുടെ ഒരു പ്രതിനിധിയെ തിരഞ്ഞെടുത്ത് ഒരു കൊല്ലത്തേക്ക്  ഖാദിയാനിൽ അയച്ചിരുന്നെങ്കിൽ, മറ്റൊന്നുമില്ലെങ്കിൽ അവരുടെ മിഷന്റെ സഹായത്തിനായി ഒരു നല്ല തുകയെങ്കിലും കിട്ടുമായിരുന്നു. ഇസ്‌ലാമിന്റെ പരാജയവും അവരുടെ വിജയവും അവർക്ക് ആഘോഷിക്കുകയും ചെയ്യാമായിരുന്നു!! അതോടെ ഹദ്റത്ത് അഹ്മദിന്റെയും(അ) അദ്ദേഹത്തിന്റെ അനുയായികളുടെയും നാക്ക് തീർച്ചയായും നിശബ്ദമാകുമായിരുന്നു.പക്ഷേ, സത്യത്തെ നേരിടാൻ അസത്യത്തിന് എപ്പോഴും പേടിയാണല്ലോ.നാശം വലിച്ചുകൊണ്ടുപോയാലല്ലാതെ അസത്യം സത്യത്തിന്റെ മുന്നിലേക്ക് അടുക്കുകയില്ല. ഇവിടെയാണെങ്കിൽ, ദജ്ജാൽ മസീഹ് മൗഊദിന്റെ മുമ്പിൽ വന്നാൽ ജലത്തിൽ ഉപ്പെന്ന

പോലെ അലിയുമെന്നും അവൻ ഓടിരക്ഷപ്പെടാൻ ശ്രമിക്കുമെന്നും നബിതിരുമേനി തന്നെ പ്രവചിക്കുകയും ചെയ്തിട്ടുണ്ട്! എന്നിരിക്കേ, എങ്ങനെയാണവർ മുന്നോട്ടു വരിക? ഹദ്റത്ത് അഹ്മദ്(അ) പൊതുവിജ്ഞാപനങ്ങൾ കൊണ്ടുമാത്രം തൃപ്തിപ്പെടാതെ സ്വകാര്യമായും ചില പാതിരിമാരെ തട്ടിയുണർത്തുകയും ശക്തിയായി പ്രചോദിപ്പിക്കുകയും ചെയ്തു. എങ്കിലും യാതൊരാളും മുന്നോട്ടുവന്നില്ല. ഖാദിയാനിൽനിന്ന് പതിനൊന്നു നാഴിക മാത്രം ദൂരത്തുള്ള ബട്ടാലയിൽ അക്കാലത്ത് പാതിരി വൈറ്റ് ബ്രേക്ക് സായ്പ് താമസിക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തെയും ഹദ്റത്ത് അഹ്മദ്(അ) ഒട്ടേറെ തവണ ആവർത്തിച്ചു ക്ഷണിക്കുകയുണ്ടായി. അദ്ദേഹവും അനങ്ങിയില്ല. നോക്കുക, ക്രൈസ്തവജനതയുടെമേൽ എത്ര വ്യക്തമായ വിജയമാണ് ഹദ്റത്ത് അഹ്മദ് (അ) സ്ഥാപിച്ചത്?

ഹദ്റത്ത് അഹ്മദിന്റെ(അ) മേൽപറഞ്ഞ നിബന്ധനയനുസരിച്ചുള്ള തീരുമാനം സ്വീകരിക്കാൻ ക്രൈസ്തവലോകം ഒരുങ്ങിയില്ലെങ്കിലും1893ൽ അമൃതസരസ്സിലെ പാതിരിമാർ മതപരമായി ഒരു വാദപ്രതിവാദം നടത്താൻ സമ്മതിച്ചു. അങ്ങനെ ക്രിസ്ത്യാനികളുടെ ഭാഗത്തുനിന്ന് അബ്ദുല്ലാ ആഥം (ഇ.എ.സി) അവരുടെ വക്താവായും പാതിരി തോമസ് ഹാവൽ, പാതിരി ഠാക്കൂർദാസ് മുതലായവർ അദ്ദേഹത്തിന്റെ സഹായികളായും നിശ്ചയിക്കപ്പെട്ടു. ഇസ്‌ലാമിന്റെ ഭാഗത്തുനിന്ന് ഇസ്‌ലാമിന്റെ വക്താവായി ഹദ്റത്ത് അഹ്മദും (അ) നിശ്ചയിക്കപ്പെട്ടു. അമൃതസറിൽവെച്ച് വാദപ്രതിവാദം ആരംഭിച്ചു. ക്രിസ്ത്യാനികളുടെ ഭാഗത്തുനിന്ന് മി. മാർട്ടിൻ ക്ലാർക്കായിരുന്നു യോഗാദ്ധ്യക്ഷൻ. മുസ്‌ലിംകളുടെ ഭാഗത്തുനിന്ന് ശയ്ഖ് ഗുലാം ഖാദിർ സാഹിബും. പതിനഞ്ച് ദിവസംവരെ വാദം നീണ്ടുനിന്നു. അതിൽ ആർക്കാണ് ജയമുണ്ടായത് എന്ന കാര്യം ഞങ്ങളിവിടെ പറയുന്നില്ല. വാദപ്രതിവാദത്തിന്റെ പൂർണ്ണവിവരം ഉൾക്കൊള്ളുന്ന ഗ്രന്ഥം 'ജങ്കെ മുഖദ്ദസ്സ്' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് വായിച്ചാൽ, ആരാണ് പരാജയപ്പെട്ടത് എന്ന കാര്യം ചിന്തകർക്ക് അറിയാൻ സാധിക്കും. എന്നാൽ, വാദപ്രതിവാദത്തിലെ ഒന്നുരണ്ട് കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ആ കാര്യങ്ങളെ മുൻനിറുത്തിക്കൊണ്ട് പ്രസ്തുത ഗ്രന്ഥം പാരായണം ചെയ്യുന്നവർക്ക് എന്തെന്നില്ലാത്ത ഒരു ആനന്ദമുണ്ടാകുന്നതാണ്.

ഒന്നാമതായി, എല്ലാ മതങ്ങളുടെയും വാദത്തെയും തെളിവിനെയും സംബന്ധിച്ച് ഏറ്റവും ന്യായമായ ഒരു മൗലിക തത്ത്വം ഹദ്റത്ത്

അഹ്മദ്(അ) ഉന്നയിച്ചു. അത് എല്ലാ തർക്കങ്ങളുടെയും വേരറുക്കാൻ പര്യാപ്തമായിരുന്നു. പക്ഷേ, ക്രൈസ്തവ സ്നേഹിതൻമാർ അതിലേക്ക് ശ്രദ്ധ ചെലുത്തിയില്ല. വാസ്തവത്തിൽ അവർക്കതിൽ ശ്രദ്ധ ചെലുത്താൻ കഴിയുമായിരുന്നില്ല. കാരണം, അങ്ങനെ ചെയ്താൽ അവരുടെ വഴിമുട്ടിപ്പോകുമായിരുന്നു. ആ മൗലികതത്ത്വത്തെപ്പറ്റി പിന്നീട് വിശദമായി പ്രതിപാദിച്ചു കൊള്ളാം.

രണ്ടാമതായി, ഹദ്റത്ത് അഹ്മദിന്റെ(അ) ശക്തിമത്തായ ന്യായവാദത്താൽ നിസ്സഹായനായിത്തീർന്ന ആഥം സായ്പിന് സുപ്രസിദ്ധമായ ക്രൈസ്തവ വിശ്വാസത്തെ ഉപേക്ഷിച്ചു കൊണ്ട് പലപ്പോഴും തന്റെ സ്വന്തം അഭിപ്രായത്തിന്റെ തണലിൽ അഭയം തേടേണ്ടിവന്നുവെന്ന് ചിന്താശക്തിയുള്ളവർക്കെല്ലാം മനസ്സിലാക്കാൻ കഴിഞ്ഞു. എന്തെന്നാൽ, പല സ്ഥലങ്ങളിലും അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ള വാദങ്ങളും ഉന്നയിച്ചിട്ടുള്ള തെളിവുകളും അക്കാലത്തെ അംഗീകൃത ക്രൈസ്തവ വിശ്വാസങ്ങൾക്ക് എതിരായിരുന്നു. അനേകം പ്രാവശ്യം അദ്ദേഹം തന്റെ നിലപാട് മാറ്റുകയും ചെയ്തു. ഇതുതന്നെയും ഹദ്റത്ത് അഹ്മദിന്റെ(അ) വിജയത്തിന് അനിഷേധ്യമായൊരു തെളിവാണ്. എന്നാൽ, എതിരാളി എത്രതന്നെ ഉത്തരം മുട്ടിയാലും തന്റെ വാദം കൈവെടിയുകയില്ലെന്നുള്ളത് പ്രത്യക്ഷമാണല്ലോ. ചുരുക്കിപ്പറഞ്ഞാൽ ആ വാദ പ്രതിവാദം ഇസ്ലാമിന് മഹത്തായൊരു വിജയവും ക്രിസ്ത്യാനികൾക്ക് വ്യക്തമായൊരു പരാജയവുമായിരുന്നു.

അതിനുശേഷം, ഹദ്റത്ത് അഹ്മദിനെതിരായി പാതിരി ഫത്ഹ് മസീഹ് രംഗത്തിറങ്ങാൻ ആഗ്രഹിച്ചു. പക്ഷേ, അദ്ദേഹത്തിനും കനത്ത പ്രഹരമാണ് ഏല്ക്കേണ്ടിവന്നത്. അദ്ദേഹം തന്റെ അധമാവസ്ഥയുടെ ഒരു രേഖ വിട്ടേച്ചു പോയിട്ടുണ്ട്. ഹദ്റത്ത് അഹ്മദ്(അ) അദ്ദേഹത്തിന്റെ ആക്ഷേപങ്ങൾക്ക് ചുട്ട മറുപടി നല്കുകയും ചെയ്തു.

അതിനുശേഷം ഹദ്റത്ത് അഹ്മദിന്റെ(അ) മുന്നിൽ വരാൻ ഒരു പാതിരിക്കും ധൈര്യമുണ്ടായിട്ടില്ല. എങ്കിലും അദ്ദേഹം തന്റെ ജോലി നിർബാധം തുടർന്നുകൊണ്ടുതന്നെയിരുന്നു. ഇതിനിടയിൽ നൂറുൽഹഖ്, സിറാജ്ദീൻ കെ ചാർ സവാലോൻകാ ജവാബ്, കിത്താബുൽബരിയ്യ എന്നീ ഉജ്ജ്വലഗ്രന്ഥങ്ങൾ അദ്ദേഹം രചിക്കുകയുണ്ടായി. അവസാനമായി 1900 ത്തിൽ പഞ്ചാബിലെ ലോർഡ് ബിഷപ്പ്

റൈറ്റ് റവറണ്ട് ജോർജ്ജ് ലീഫ്രോയെ വെല്ലുവിളിച്ചുകൊണ്ട് ക്രിസ്ത്യാനികളുടെമേലുള്ള വിജയം അദ്ദേഹം പൂർത്തിയാക്കുകയും ചെയ്തു. ആ വെല്ലുവിളിയോടൊന്നിച്ച് ഹദ്റത്ത് അഹ്മദിന്റെ (അ)പ്രേരണപ്രകാരം ഒരുകൂട്ടം അഹ്മദികളുടെ വകയായി ഒരു അഭ്യർത്ഥനയും ബിഷപ്പിന് അയച്ചിട്ടുണ്ടായിരുന്നു. ആ അഭ്യർത്ഥനയിൽ ഇങ്ങനെ എഴുതിയിരുന്നു: "താങ്കൾ ഈ നാട്ടിലെ എല്ലാ ക്രിസ്ത്യാനികളുടെയും നേതാവാണ്. അതിനാൽ, സത്യാന്വേഷികളെ സംതൃപ്തിപ്പെടുത്തേണ്ടത് താങ്കളുടെ കടമയാണ്. താങ്കളാണെങ്കിൽ വാദപ്രതിവാദത്തിന് മുസ്ലിംകളെ വെല്ലുവിളിച്ചിട്ടുമുണ്ട്. അതുകൊണ്ട് ഈ സന്ദർഭത്തിൽ പിൻമാറാതെ സത്യാസത്യങ്ങൾക്ക് തീരുമാനമുണ്ടാക്കാനും ഇസ്ലാമിന്റെയും ക്രിസ്തുമതത്തിന്റെയും സത്യത്തെ സംബന്ധിച്ച് ഹദ്റത്ത് അഹ്മദുമായി ലാഹോറിൽവച്ച് ഒരു വാദപ്രതിവാദം നടത്തി മനുഷ്യസമുദായത്തിന് ഉപകാരം ചെയ്യാനും ഞങ്ങൾ ക്രിസ്തുവിന്റെ പേരിൽ താങ്കളോട് അഭ്യർത്ഥിക്കുന്നു." ഇങ്ങനെ അഭിമാനത്തെ ചലിപ്പിക്കുന്ന വാക്കുകൾ ഉപയോഗിച്ച് ബിഷപ്പ് ജോർജ് ലീഫ്രോയെ വാദപ്രതിവാദത്തിന് ക്ഷണിച്ചെങ്കിലും അദ്ദേഹം മുന്നോട്ടു വന്നില്ല. അനേകം ഒഴികഴിവുകൾ പറഞ്ഞ് അദ്ദേഹം മാറിക്കളഞ്ഞു.

പിന്നീട് 1902ൽ യൂറോപ്പിലും അമേരിക്കയിലും ഇസ്ലാംമത പ്രചാരണത്തിനുവേണ്ടി ഹദ്റത്ത് അഹ്മദ്(അ) 'റിവ്യു ഓഫ് റിലീജ്യൻസ്' എന്ന പേരിൽ ഒരു ഇംഗ്ലീഷ് മാസിക ആരംഭിച്ചു. ഇസ്ലാമിന്റെ സത്യത്തെ സംബന്ധിച്ചും ക്രിസ്തുമതത്തിനെതിരായും അതിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഗംഭീരങ്ങളും ഉജ്ജ്വലങ്ങളുമായ ലേഖനങ്ങൾ ക്രിസ്ത്യാനികളെ അമ്പരിപ്പിച്ചു. അവയുടെ നിസ്തുലാവസ്ഥയെ അനേകം നിഷ്പക്ഷബുദ്ധികളായ ക്രിസ്ത്യാനികൾ തന്നെയും സമ്മതിച്ചിട്ടുണ്ട്. ത്രിയേകത്വ സിദ്ധാന്തം ക്രൈസ്തവവേദപുസ്തകത്തിന്റെ അദ്ധ്യാപനത്തിനെന്നല്ല, മനുഷ്യപ്രകൃതിക്കും ബുദ്ധിക്കു തന്നെയും എതിരാണെന്ന് അദ്ദേഹം പ്രമാണപരവും ബുദ്ധിപരവുമായ തെളിവുകളാൽ സ്ഥാപിച്ചു. മൂന്ന് ദൈവം ഉണ്ടാവുകയെന്നത് രണ്ടിലൊരുവിധത്തിലാവാനേ വഴിയുള്ളൂ. ഒന്നുകിൽ ഓരോ ദൈവവും താന്താങ്ങളുടെ സ്ഥാനത്ത് പരിപൂർണ്ണനായിരിക്കണം. അതായത്, ദൈവത്തിന്റെ എല്ലാ ഗുണങ്ങളും പരിപൂർണ്ണമായ നിലയിൽ ഓരോരുത്തരും ഉൾക്കൊണ്ടിരിക്കണം; അതല്ലെങ്കിൽ അവർ ഓരോരുത്തരും പരിപൂർണ്ണനല്ലാതിരിക്കുകയും മൂന്നും ഒന്നായി

ച്ചേർന്നാൽ മാത്രം പരിപൂർണ്ണമാവുകയും വേണം. ആദ്യം പറഞ്ഞ വിധത്തിലാണെങ്കിൽ മൂന്ന് ദൈവങ്ങൾ ഉണ്ടായിരിക്കുന്നത് ആവശ്യമില്ലാത്ത ഒരു കാര്യമാണ്. എന്തുകൊണ്ടെന്നാൽ, മൂന്നുപേരിൽ ഓരോരുത്തനും പരിപൂർണ്ണനായിരിക്കെ പരസ്പര സഹായം കൂടാതെ ഓരോരുത്തനും ഒറ്റയ്ക്ക് ഈ പ്രപഞ്ചത്തെ നടത്താൻ കഴിയും. അതിനാൽ, ഒരു ദൈവത്തിന് ചെയ്യാൻ കഴിയുന്ന പ്രവൃത്തിക്ക് മൂന്ന് ദൈവങ്ങൾ ആവശ്യമില്ല. അഥവാ രണ്ട് ദൈവത്തിന് ചെയ്യാൻ കഴിയുന്ന പ്രവൃത്തിക്ക് മൂന്ന് ദൈവങ്ങൾ ആവശ്യമില്ല. അഥവാ രണ്ടാമത് പറഞ്ഞവിധത്തിലാണെങ്കിൽ, അതായത്, ഒറ്റയ്ക്കൊറ്റയ്ക്ക് പരിപൂർണ്ണമല്ലെങ്കിൽ, ഈ പ്രപഞ്ചത്തെ നടത്താൻ ശക്തനല്ലെങ്കിൽ ഓരോരുത്തനും ന്യൂനതയുള്ളവനായിരിക്കും. ന്യൂനതയുള്ളവൻ ദൈവമാകാൻ പാടില്ല. ഈ വിധത്തിലുള്ള യുക്തി വാദങ്ങളാൽ ഹദ്റത്ത് അഹ്മദ്(അ) ത്രിയേകത്വസിദ്ധാന്തത്തിന്റെ അബദ്ധം തെളിയിച്ചു. കൂടാതെ ക്രിസ്ത്യാനികളുടെ വിശ്വാസങ്ങൾക്ക് അടിസ്ഥാനമായിരിക്കുന്ന വേദപുസ്തകം ത്രിയേകത്വ സിദ്ധാന്തത്തെ അനുകൂലിക്കുന്നില്ലെന്നും നേരെമറിച്ച്, അതിന്റെ യഥാർത്ഥ അദ്ധ്യാപനം ഏകദൈവ സിദ്ധാന്തമാണെന്നും അദ്ദേഹം രേഖാമൂലം സ്ഥാപിക്കുകയും ചെയ്തു.

അതുപോലെത്തന്നെ ക്രിസ്തു ദൈവമാണെന്ന സിദ്ധാന്തത്തിൻ മേൽ അദ്ദേഹമേൽപിച്ച ആഘാതം നിമിത്തം, ക്രിസ്ത്യാനികൾക്ക് ക്രിസ്തുവിനെ ദൈവമാണെന്ന് തെളിയിക്കുന്നതോ പോകട്ടെ, ഒരു പരിപൂർണ്ണമനുഷ്യനാണെന്നു തെളിയിക്കുന്നതു പോലും അസാധ്യമായിത്തീർന്നു. അതിനുപുറമെ, പാപപരിഹാര സിദ്ധാന്തത്തെ ഖ ണ്ഡിച്ചു കൊണ്ടും ഗംഭീരങ്ങളായ ലേഖനങ്ങൾ അദ്ദേഹം എഴുതി. ആ ലേഖനങ്ങൾ ഉത്തരം മുട്ടിക്കുന്നവയാണെന്ന് ചില ക്രിസ്ത്യാനികൾക്കുതന്നെയും സമ്മതിക്കേണ്ടിവന്നു. പാപപരിഹാരസിദ്ധാന്തം മനുഷ്യ പ്രകൃതിക്ക് വിരുദ്ധമാണെന്നദ്ദേഹം സ്ഥാപിച്ചു. അന്തോണിയുടെ രക്തംകൊണ്ട് അന്തപ്പന്റെ പാപം പൊറുക്കുകയെന്ന സിദ്ധാ ന്തം വെച്ചു പൊറുപ്പിക്കാൻ പോലും ബുദ്ധി സമ്മതിക്കുകയില്ല. സത്യവിശ്വാസംകൊണ്ട് മാത്രമേ പാപം ദൂരപ്പെടുകയുള്ളൂവെന്നും അതിന് യാതൊരു വിധമായ രക്തബലിയും ആവശ്യമില്ലെന്നും അദ്ദേഹം തെളിയിച്ചു. ഈ അഭിപ്രായത്തിന്റെ നിരർത്ഥകത സ്ഥാപി ക്കാനായി അദ്ദേഹം പ്രമാണങ്ങൾ ഉദ്ധരിക്കുകയും ചെയ്തു. അതുപോലെതന്നെ പ്രായശ്ചിത്തം

കൂടാതെ ദൈവം കരുണ ചെയ്യുക യില്ലെന്നുള്ള സാങ്കൽപിക സിദ്ധാന്തത്തിന്റെ അബദ്ധം അദ്ദേഹം തുറന്നു കാട്ടി. ചുരുക്കിപ്പറഞ്ഞാൽ, ക്രിസ്തുമതത്തെ സംബന്ധിച്ച് പ്രമാണപരവും ബുദ്ധിപരവുമായ മാർഗ്ഗത്തിൽക്കൂടി ഏറ്റവും ശക്തി മത്തും സരളവുമായ വാദമാണ് അദ്ദേഹം നടത്തിയിട്ടുള്ളത്. അദ്ദേ ഹം അതിനേല്പിച്ചിട്ടുള്ള പ്രഹരങ്ങളാവട്ടെ രക്ഷപ്പെടാൻ സാധി ക്കാത്തവിധം കഠിനവുമാണ്.

ഈ വിധം വാദം നടത്തിയതിനു പുറമെ മറ്റൊരു മഹത്തായ പ്രവൃത്തികൂടി അദ്ദേഹം ചെയ്തിട്ടുണ്ട്. അത് ക്രിസ്തുമതമാകുന്ന കെട്ടിടത്തിന്റെ അടിത്തറയെത്തന്നെ തകർക്കുന്നതാണ്. ഈസാനബിയുടെ കുരിശുസംഭവത്തെയും കബ്റിനെയും സംബന്ധിച്ച് അദ്ദേഹം നടത്തിയ ഗവേഷണമായിരുന്നു അത്. അദ്ദേഹം വേദപുസ്തകത്തിലെ പുതിയ നിയമം (ഇഞ്ചീൽ) കൊണ്ടും ചരിത്രം കൊണ്ടും താഴെ പറയുന്ന യാഥാർത്ഥ്യങ്ങൾ സൂര്യപ്രകാശം പോലെ തുറന്നു കാട്ടി.

ഒന്നാമതായി, പാപപരിഹാര സിദ്ധാന്തമാകുന്ന കെട്ടിടം നിറുത്തപ്പെട്ടിട്ടുള്ള കുരിശുമരണത്തെ സംബന്ധിച്ച്, ക്രിസ്തു കുരിശിൻമേൽ കയറ്റപ്പെട്ടിരുന്നുവെങ്കിലും അതിൻമേൽവച്ച് മരിച്ചിരുന്നില്ലെന്നും പ്രത്യുത, മോഹാലസ്യാവസ്ഥയിൽ ജീവനോടെ അതിൽനിന്ന് ഇറക്കപ്പെടുകയാണ് ചെയ്തതെന്നും യാതൊരുവിധമായ സംശയത്തിനും ഇടയില്ലാത്തവിധം അനിഷേധ്യങ്ങളായ രേഖകളാൽ അദ്ദേഹം സ്ഥാപിച്ചു.

രണ്ടാമത്, ദൈവമാക്കപ്പെട്ടിട്ടുള്ള ക്രിസ്തു സാധാരണപോലെ മരണപ്പെട്ടു പോയിരിക്കുന്നുവെന്ന് സമുജ്ജ്വലരേഖകൾകൊണ്ട് അദ്ദേഹം തെളിയിച്ചു.

മൂന്നാമത്, കുരിശുസംഭവത്തിനുശേഷം ക്രിസ്തു, തന്റെ രാജ്യം വിട്ടു കാശ്മീരിലേക്ക് പോയെന്നും അവിടെവെച്ച് മരണപ്പെട്ട് ശ്രീനഗറിലെ ഖാൻയാർ മുഹല്ലയിൽ കബ്റടക്കം ചെയ്യപ്പെട്ടിരിക്കുന്നുവെന്നും ചരിത്രപരമായ രേഖകൾകൊണ്ടും പുരാവസ്തുക്കളുടെ അടയാളങ്ങൾകൊണ്ടും അദ്ദേഹം സമർത്ഥിച്ചു.

അദ്ദേഹം നടത്തിയ മഹത്തായ ഗവേഷണത്തിന്റെ ഈ മൂന്ന് ഫലങ്ങൾ ക്രിസ്തുമത സിദ്ധാന്തങ്ങളെ ഏതു വിധത്തിലാണ് ബാ

ധിക്കുന്നതെന്ന് നോക്കുക. ക്രിസ്തുവിന്റെ ദൈവത്വവും പാപപരിഹാര സിദ്ധാന്തവും തെല്ലെങ്കിലും അതിനുശേഷം അവശേഷിക്കുന്നുണ്ടോ? യേശുക്രിസ്തു കുരിശിൻമേൽ മരിക്കാതെ ജീവനോടെ അതിൽനിന്ന് ഇറക്കപ്പെടുകയാണ് ചെയ്തതെങ്കിൽ പാപപരിഹാര സിദ്ധാന്തം അമ്പേ തകർന്നുപോകുന്നതാണ്. യേശുക്രിസ്തു മറ്റു മനുഷ്യരെപ്പോലെ തന്റെ ജീവിതകാലം ഭൂമിയിൽ കഴിച്ചു കൂട്ടുകയും സ്വാഭാവികമരണം പ്രാപിക്കുകയും ഭൂമിയിൽ കബ്റടക്കം ചെയ്യപ്പെടുകയും ആണ് ചെയ്തതെങ്കിൽ ഇന്നു കാണുന്ന ക്രിസ്തുമതത്തിന്റെ എല്ലാ പ്രസക്തിയും നഷ്ടപ്പെടുന്നു. യേശുക്രിസ്തുവിന്റെ കബ്ർ കണ്ടെത്തിയതോടെ യേശുക്രിസ്തുവിൽ ആരോപിച്ചുയർത്തപ്പെട്ട ദൈവികത്വവും കബ്റിൽ മറയടക്കപ്പെട്ടിരിക്കുന്നു! ഇവിടെ സ്വാഭാവികമായും തകർന്നു തരിപ്പണമായി നിലം പൊത്തുന്നത് ക്രിസ്തുമതമാകുന്ന കെട്ടിടമാണെന്ന കാര്യത്തിൽ ആർക്കെങ്കിലും തർക്കമുണ്ടാവുമെന്ന് വിചാരിക്കാവതല്ല! അദ്ദേഹം മാത്രമല്ല, അദ്ദേഹത്തിന്റെ ദൈവത്വവും കബ്റടക്കം ചെയ്യപ്പെട്ടിരിക്കുന്നു. ക്രിസ്തുമതമാകുന്ന കെട്ടിടംതന്നെ കത്തിയെരിഞ്ഞ് പുകയായി ആകാശത്തിൽ വിലയം പ്രാപിച്ചിരിക്കുന്നു.

## ആദ്ധ്യാത്മിക പരീക്ഷണം

ഇതിനും പുറമെ ഹദ്റത്ത് അഹ്മദ്(അ) ആദ്ധ്യാത്മികമായ പരീക്ഷണത്തിന് വേണ്ടിയും ക്രിസ്ത്യാനികളെ വെല്ലുവിളിച്ചു. അദ്ദേഹം അടിക്കടി അവരോട് ഇപ്രകാരം ആഹ്വാനം ചെയ്തു. ക്രിസ്തു കാണിച്ചതായി കരുതപ്പെടുന്ന അത്ഭുതകൃത്യങ്ങൾ കടുകളവു വിശ്വാസമുള്ളവർക്കുപോലും കാണിക്കാൻ കഴിയുമെന്ന് വാദിക്കുന്നവരാണ് നിങ്ങൾ. അത് വാസ്തവമാണെങ്കിൽ നിങ്ങൾ എനിക്കെതിരായി വന്നു നിങ്ങളുടെ വിശ്വാസം തെളിയിക്കുവിൻ. ഞാൻ ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുന്നവനാണ് എന്നു മാത്രമല്ല, അദ്ദേഹത്തെക്കാൾ ശ്രേഷ്ഠനാണ് ഞാനെന്നാണ് എന്റെ വിശ്വാസം . അദ്ദേഹം തീർച്ചയായും അല്ലാഹുവിന്റെ പ്രവാചകൻമാരിൽ ഒരാളായിരുന്നു. എന്നാൽ അല്ലാഹു എനിക്ക് അദ്ദേഹത്തിന്റേതിനേക്കാൾ ഉയർന്ന പദവി നല്കിയിട്ടുണ്ട്. പാപപരിഹാരമാകുന്ന രക്ത സിദ്ധാന്തവും തെറ്റാണെന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങളിൽ ആർക്കെങ്കിലും ധൈര്യമുണ്ടെങ്കിൽ ആദ്ധ്യാത്മിക പരീക്ഷണത്തിനായി എന്റെ മുമ്പിൽ വരുവിൻ. പ്രാർത്ഥനയിലും ആദ്ധ്യാത്മിക സിദ്ധിയിലും എന്നോട് മത്സരിക്കുവിൻ. എന്നിട്ട്, ദൈവം ആരുടെ

ഭാഗത്താണെന്ന് നോക്കുക. അദ്ദേഹം ഇങ്ങനെയും എഴുതുകയുണ്ടായി: നറുക്കിട്ടുകൊണ്ട് ഭയങ്കരമായ രോഗം ബാധിച്ച ഏതാനും പേരെ എനിക്കു തരിക. ഏതാനും പേരെ നിങ്ങളും എടുക്കുക. ഞാൻ എന്റെ രോഗികൾക്കു വേണ്ടി അവരെ സുഖപ്പെടുത്താനായി ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്യാം. നിങ്ങൾ നിങ്ങളുടെ രോഗികളുടെ സുഖപ്രാപ്തിക്കായി നിങ്ങളുടെ മശീഹായോടും പ്രാർത്ഥിക്കുക. നിങ്ങളുടെ ഭൗതികവിജ്ഞാനത്തിന്റെ സഹായത്താൽ നിങ്ങൾക്കവരെ ചികിത്സിക്കുകയും ചെയ്യാം. എന്നിട്ട് ആരുടെ ദൈവമാണ് മേലെയെന്നും ആരാണ് വിജയിക്കുന്നതെന്നും ആരാണ് പരാജയപ്പെട്ടു നിന്ദ്യരാവുന്നതെന്നും നമുക്ക് നോക്കാം. അദ്ദേഹം ഈ ആഹ്വാനം പല പ്രാവശ്യം ആവർത്തിക്കുകയും അതുസംബന്ധിച്ച് അസംഖ്യം പരസ്യങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. അഭിമാനത്തെ വിജൃംഭിപ്പിച്ചുകൊണ്ട് പാതിരിമാരെ അദ്ദേഹം ആവർത്തിച്ചു വിളിച്ചു. വലിയ വലിയ ബിഷപ്പുമാർക്ക് ക്ഷണക്കത്തുകൾ അയച്ചു. പക്ഷേ, ആർക്കും മുന്നോട്ടു വരാൻ ധൈര്യമുണ്ടായില്ല. ഇതിൽ കവിഞ്ഞ ഒരു ആദ്ധ്യാത്മിക മരണം ആ സമുദായത്തിന് മറ്റെന്തുണ്ട് നേരിടാൻ?

## അബ്ദുല്ലാ ആഥമിനെക്കുറിച്ചുള്ള പ്രവചനം

കൂടാതെ, 1893 ൽ അമൃതസരസ്സിൽവച്ച് ക്രിസ്ത്യാനികളുമായി നടന്നതും ജങ്കെമുഖദ്ദസ് എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടതുമായ ആ ഗംഭീര വിവാദത്തിനു ശേഷം ക്രിസ്ത്യാനികളുടെ വക്താവായിരുന്ന അബ്ദുല്ലാ ആഥമിനെപ്പറ്റി അദ്ദേഹം താഴെ പറയും പ്രകാരമൊരു പ്രവചനം പ്രസിദ്ധപ്പെടുത്തി: "അബ്ദുല്ലാആഥം, നബിതിരുമേനിയെ ദജ്ജാലെന്നു പറയുകയും എന്നെയും ഇസ്‌ലാം മതത്തെയും ആക്ഷേപിക്കുകയും ചെയ്തു. അയാൾ അങ്ങേയറ്റം അബദ്ധമായ സിദ്ധാന്തങ്ങളെ അനുകൂലിക്കുകയും ന്യായീകരിക്കുകയുമാണ് ചെയ്യുന്നത്. അതിനാൽ അയാൾ സത്യത്തിലേക്കു മടങ്ങാത്ത പക്ഷം 15 മാസത്തിനുള്ളിൽ മരണമാകുന്ന അവഗർത്തത്തിലേക്ക് തള്ളപ്പെടുന്നതാണ്." ഈ പ്രവചനം ആഥമിന്റെ ഹൃദയത്തിലുണ്ടാക്കിയ ഭയം കഠിനമായിരുന്നു. ഇത് പ്രസിദ്ധപ്പെടുത്തിയ സദസ്സിൽ വെച്ചുതന്നെ അയാൾ നാവ് പുറത്തേക്ക്നീട്ടിക്കൊണ്ടും ചെവി കൈകൊണ്ട് അമർത്തിപ്പിടിച്ചുകൊണ്ടും താൻ നബിതിരുമേനിയെ ദജ്ജാലെന്ന് വിളിച്ചിട്ടില്ലെന്ന് പറഞ്ഞു. അതിനുശേഷം കാലം കടന്നുപോകുന്തോറും അദ്ദേഹത്തിന്റെ ഭയവും പരിഭ്രമവും വർദ്ധിച്ചുകൊണ്ടേ

യിരുന്നു. അദ്ദേഹം അസ്വസ്ഥനായി ഒരു നഗരത്തിൽനിന്ന് മറ്റൊരു നഗരത്തിലേക്ക് പോകാൻ തുടങ്ങി. ഭയം നിറഞ്ഞ ഭാവനയിൽ ചിലപ്പോൾ വാളോങ്ങി നില്ക്കുന്ന ആളുകളെ അദ്ദേഹം കണ്ടിരുന്നു; ചിലപ്പോൾ സർപ്പങ്ങളേയും. അദ്ദേഹം ഇസ്‌ലാമിനെതിരായി ഒരക്ഷരംപോലും ഉരിയാടാതെയും എഴുതാതെയുമിരുന്നു. ആ ദിവസങ്ങളിൽ ഒറ്റക്കിരുന്നു അദ്ദേഹം വിശുദ്ധ ഖുർആൻ ഓതുക കൂടി ചെയ്തിരുന്നുവെന്നും അറിവായിരിക്കുന്നു. ക്രിസ്ത്യാനികൾ അദ്ദേഹത്തിന്റെ ഭയപ്പാട് കുറയ്ക്കുന്നതിനായി അദ്ദേഹത്തിന്റെ അടുക്കൽ പോലീസുകാരെ കാവൽ നിറുത്തിയിട്ടുണ്ടായിരുന്നു. എന്നിട്ടും അദ്ദേഹത്തിന് പേടി വർദ്ധിച്ചു കൊണ്ടിരിക്കുക തന്നെ ചെയ്തു. ഒടുവിൽ, അദ്ദേഹത്തിന്റെ സ്ഥിതി ഇത്രത്തോളം ഗുരുതരമായിത്തീർന്നു. മദ്യം കൊടുത്തു അദ്ദേഹത്തെ ബോധരഹിതനാക്കി കിടത്തേണ്ടിവന്നു. ചുരുക്കത്തിൽ, നബി തിരുമേനിയുടെയും ഇസ്‌ലാമിന്റെയും സത്യത്താൽ താൻ വിഹ്വലനും പരിഭ്രാന്തനുമായിരിക്കുന്നുവെന്ന് അദ്ദേഹം സ്വയം വെളിപ്പെടുത്തി. അതിനാൽ, പ്രവചനത്തിലെ നിബന്ധനയനുസരിച്ച് നിശ്ചയിക്കപ്പെട്ട അവധിക്കുള്ളിൽ നാശമടയുന്നതിൽനിന്ന് അദ്ദേഹത്തെ അല്ലാഹു രക്ഷിച്ചു.

പക്ഷേ, അല്ലാഹുവിന്റെ ആ കാരുണ്യത്തിൽനിന്ന് ഫലമെടുക്കാൻ ക്രിസ്ത്യാനികൾക്ക് കഴിഞ്ഞില്ല. കള്ളവാദികളുടെ പതിവനുസരിച്ച്, അവധി കഴിഞ്ഞപ്പോൾ അവർ പ്രവചനം തെറ്റിപ്പോയെന്ന് പറയാൻ തുടങ്ങി. ഇതിന് മറുപടിയായി പ്രവചനത്തിൽ പറഞ്ഞതനുസരിച്ചു തന്നെയാണ് ആഥം രക്ഷിക്കപ്പെട്ടതെന്ന് ഹദ്റത്ത് അഹ്മദ്(അ) തെളിവോടുകൂടി അവരെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു. പ്രവചനത്തിൽ രണ്ട് സാധ്യതകളാണ് പറഞ്ഞിട്ടുള്ളത്– ആഥം മാനസാന്തരപ്പെട്ട് മടങ്ങാതിരിക്കുകയാണെങ്കിൽ 15 മാസത്തിനുള്ളിൽ നാശമടയുമെന്നും മാനസാന്തരപ്പെട്ട് മടങ്ങുകയാണെങ്കിൽ രക്ഷപ്പെടുമെന്നും. അതായത്, ഒരു വിധത്തിൽ അദ്ദേഹത്തിന്റെ നാശത്തെപ്പറ്റിയും മറ്റൊരു വിധത്തിൽ രക്ഷയെപ്പറ്റിയുമുള്ള പ്രവചനമായിരുന്നു അത്. ആ നിലയക്ക് പശ്ചാത്തപിച്ച് പിൻവാങ്ങുകയാൽ അദ്ദേഹം നാശത്തിൽനിന്ന് രക്ഷപ്പെടുകയുണ്ടായി. ഇത് പ്രവചനത്തെ പ്രതികൂലമായി ബാധിക്കുന്നില്ല. പ്രവചനത്തിന്റെ യഥാർത്ഥമായ പുലർച്ചതന്നെയാണിത്. എന്നാൽ, ക്രിസ്ത്യാനികൾ ഇതു സമ്മതിച്ചില്ല; അഥവാ സമ്മതിക്കാൻ ധൈര്യപ്പെട്ടില്ല. അതിനെത്തുടർന്ന് ഹദ്റത്ത് അഹ്മദിന്റെ(അ) ഇസ്‌ലാമികാഭിമാനം വിജൃംഭിച്ചു. അദ്ദേ

ഹം ഒരു ലഘുലേഖ മുഖാന്തരം ആഥമിനെ വെല്ലുവിളിച്ചു കൊണ്ട് ഇപ്രകാരം പറഞ്ഞു: "പ്രവചനത്താൽ താൻ ചകിതനായിട്ടില്ലെന്നും ഇസ്‌ലാമിന്റെ ഭാഗത്തേക്ക് മടങ്ങിയിട്ടില്ലെന്നും ആഥം സത്യം ചെയ്യട്ടെ. എന്നിട്ട് ഒരു കൊല്ലത്തിനുള്ളിൽ നാശമടയാതിരിക്കുകയാണെങ്കിൽ ഞാൻ അയാൾക്ക് 1000 ഉറുപ്പിക ഇനാം നല്കാം. അങ്ങനെ വന്നാൽ അയാൾ സത്യവാനും ഞാൻ കള്ളവാദിയുമായിരിക്കും. ഈ തുക ഇപ്പോൾതന്നെ ഏതെങ്കിലുമൊരു മദ്ധ്യസ്ഥന്റെ കൈയിൽ ഏല്പിക്കാൻ ഞാൻ ഒരുക്കമാണ്. ഏതുവിധത്തിൽ വേണമെങ്കിലും ഉറപ്പു വാങ്ങാം. പക്ഷേ, ആഥം സായ്പ് സത്യം ചെയ്യാൻ മുന്നോട്ടു വന്നില്ല."

അതിനുശേഷം ഹദ്റത്ത് അഹ്മദ്(അ) വീണ്ടും ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തി. താൻ പശ്ചാത്തപിച്ചു മടങ്ങിയിരുന്നില്ലെന്ന് ആഥം സത്യം ചെയ്യുകയാണെങ്കിൽ രണ്ടായിരം ഉറുപ്പിക നല്കാമെന്ന് അദ്ദേഹമതിൽ പറഞ്ഞിരുന്നു. എന്നിട്ടും ആഥം മൗനം ദീക്ഷിക്കുകയാണ് ചെയ്തത്. വീണ്ടും അദ്ദേഹം മൂന്നാമത്തെ ലഘുലേഖ പ്രസിദ്ധപ്പെടുത്തി. ആഥം സത്യം ചെയ്യുകയാണെങ്കിൽ മൂവായിരം ഉറുപ്പിക സമ്മാനം കൊടുക്കാമെന്ന് അതിൽ പറഞ്ഞിരുന്നു. അതിനും ആഥം മറുപടി പറഞ്ഞില്ല. വീണ്ടും സമ്മാനസംഖ്യ നാലായിരം ഉറുപ്പികയാക്കി വർദ്ധിപ്പിച്ചുകൊണ്ട് നാലാമത്തെ ലഘുലേഖ അദ്ദേഹം പ്രസിദ്ധപ്പെടുത്തി. അതിൽ അദ്ദേഹം എഴുതി: പ്രവചനത്തെകുറിച്ചുള്ള ഭയം ഹൃദയത്തെ സ്പർശിച്ചിരുന്നില്ലെന്നും നിങ്ങൾ പശ്ചാത്തപിച്ചു മടങ്ങിയിരുന്നില്ലെന്നും സത്യം ചെയ്യുകയാണെങ്കിൽ ഞാൻ നിങ്ങൾക്ക് റൊക്കസംഖ്യയായി 4000ക. സമ്മാനമായി തന്നുകൊള്ളാം. ഇപ്രകാരം സത്യം ചെയ്യുകയാണെങ്കിൽ ഒരു കൊല്ലത്തിനുള്ളിൽ നിങ്ങളുടെ നാശം തീർച്ചയാണ്. അതിനു യാതൊരു നിബന്ധനയുമില്ല. അഥവാ, സത്യം ചെയ്യാതിരിക്കുകയാണെങ്കിൽ, മൗനത്താൽ സത്യം മറച്ചുവെക്കാനാണ് നിങ്ങൾ ആഗ്രഹിക്കുന്നതെന്ന് ബുദ്ധിയുള്ളവർ തീരുമാനിക്കുന്നതാണ്. ഈ അവസ്ഥയിൽ ഞാൻ ഒരു കൊല്ലത്തെ അവധി നിശ്ചയിക്കുന്നില്ല. എങ്കിലും അതിവേഗത്തിൽ നിങ്ങളുടെ നാശമുണ്ടാകുമെന്ന് ഞാൻ പ്രവചിച്ചു കൊള്ളുന്നു. ഒരു കൃത്രിമദൈവത്തിനും നിങ്ങളെ ആ നാശത്തിൽ നിന്ന് രക്ഷിക്കാൻ സാധിക്കുകയില്ല.

1895 ഡിസംബർ മാസം 30-ാം തിയതി ഇതേ വിഷയം ആവർത്തിച്ചുകൊണ്ട് അദ്ദേഹം മറ്റൊരു ലഘുലേഖ കൂടി പ്രസിദ്ധപ്പെടു

ത്തി. അതിൽ പറഞ്ഞിരുന്നതാണിത്: “ഏതൊരുവന്റെ കൈയ്യിൽ എന്റെ ജീവൻ ഇരിക്കുന്നുവോ അവനാണെ! ആഥം സത്യം ചെയ്യാൻ ഒരുക്കമാണെങ്കിൽ ഞാൻ ഉന്നയിച്ചതായ വാക്കുകളോടുകൂടി (പതിനഞ്ചു മാസത്തെ അവധിക്കുള്ളിൽ പ്രവചനത്തെക്കുറിച്ചുള്ള ഭയം അദ്ദേഹത്തെ ബാധിച്ചിരുന്നില്ലെന്നും ഇസ്‌ലാമിന്റെ സത്യം അദ്ദേഹത്തിന്റെ ഹൃദയത്തിൽ മികച്ചു വന്നിരുന്നില്ലെന്നും അദ്ദേഹം പശ്ചാത്തപിച്ചു മടങ്ങിയിരുന്നില്ലെന്നും) ഒരു ജനക്കൂട്ടത്തിന്റെ മുമ്പിൽ വെച്ചു എന്റെ സാന്നിധ്യത്തിൽ അദ്ദേഹം മൂന്നുപ്രാവശ്യം സത്യം ചെയ്യട്ടെ. ഞങ്ങൾ ആമീൻ ചൊല്ലാം. എന്നാൽ, അതേ സമയത്ത് നാലായിരം ഉറുപ്പിക ഞാൻ അദ്ദേഹത്തിന് കൊടുക്കുന്നതാണ്. സത്യം ചെയ്ത തിയ്യതി മുതൽ ഒരു കൊല്ലക്കാലം അദ്ദേഹം ജീവിച്ചിരിക്കുകയാണെങ്കിൽ ആ സംഖ്യ അദ്ദേഹത്തിനുള്ളതായിരിക്കും. അതിനുശേഷം ജനങ്ങൾ എന്ത് ശിക്ഷയെങ്കിലും എനിക്ക് തന്നുകൊള്ളട്ടെ. വാളു കൊണ്ട് എന്നെ കഷണം കഷണമായി നുറുക്കുകയാണെങ്കിലും എനിക്കത് സമ്മതമായിരിക്കും. ലോകത്തിലെ ശിക്ഷകളിൽ വെച്ച് ഏറ്റവും കഠിനമായ ശിക്ഷ തരികയാണെങ്കിലും ഞാനതും നിരസിക്കുകയില്ല. അദ്ദേഹം സത്യം ചെയ്തതിനുശേഷം എന്റെ പ്രവചന പ്രകാരം തന്നെ ഞാൻ കള്ളനായിത്തീരുകയാണെങ്കിൽ അതിനേക്കാൾ അപമാനകരമായി എനിക്ക് മറ്റെന്ത് നേരിടാനുണ്ട്?”

വായനക്കാർ ദൈവശക്തിയുടെ വിളയാട്ടമൊന്നു നോക്കുക. ഈ ഒടുവിലത്തെ ലഘുലേഖ പ്രസിദ്ധപ്പെടുത്തി 7 മാസം തികയുന്നതിനു മുമ്പേ 1896 ജൂലായ് 27-നു ആഥം എന്നേക്കുമായി ഇഹലോകവാസം വെടിഞ്ഞു. ആഥം മരണമടഞ്ഞതിനുശേഷം ശത്രുക്കളുടെമേൽ കൂടുതൽ ന്യായം വെളിപ്പെടുത്തുന്നതിനായി ക്രിസ്ത്യാനികളേയും മറ്റെല്ലാ ശത്രുക്കളേയും അഭിസംബോധന ചെയ്തുകൊണ്ട് ഹദ്റത്ത് അഹ്മദ്(അ) ഇപ്രകാരം എഴുതി:

“ആഥമിന്റെ കള്ളത്തരത്തെപ്പറ്റി ഇനിയും ഏതെങ്കിലുമൊരു ക്രിസ്ത്യാനിക്ക് സംശയമുണ്ടെങ്കിൽ ആ സംശയം ദൈവികമായ അടയാളങ്ങൾകൊണ്ട് തീർത്തുകൊള്ളട്ടെ. ആഥം പ്രവചനമനുസരിച്ച് മരണമടഞ്ഞുപോയി. അതുകൊണ്ട് മറ്റാരെങ്കിലും അദ്ദേഹത്തിന്റെ പ്രതിനിധിയായിക്കൊണ്ട് അദ്ദേഹത്തിനുവേണ്ടി സത്യം ചെയ്യട്ടെ. അതായത് ആദം പ്രവചനത്തിന്റെ മഹത്ത്വത്തെ ഭയപ്പെട്ടിരുന്നില്ലെന്നും നേരെമറിച്ച് അദ്ദേഹത്തിനുനേരെ പുറമേനിന്നുള്ള ആക്ര

മണം ഉണ്ടാവുകയാണ് ചെയ്തതെന്നും സത്യം ചെയ്യട്ടെ(ഹദ്റത്ത് അഹ്മദ്(അ) ആഥമിനെ ഭയപ്പെടുത്താനായി ഖഡ്ഗധാരികളായ ആളുകളെ അയച്ചെന്നും പാമ്പുകളെ വിട്ടെന്നും നായ്ക്കളെ പരിശീ ലിപ്പിച്ചുവിട്ടെന്നും മറ്റും ശത്രുക്കൾ പറഞ്ഞിരുന്നു. നഊദുബില്ലാഹ് മിൻദാലിക്) അങ്ങനെ സത്യം ചെയ്യുന്നവൻ ഒരു കൊല്ലം തികച്ചും ജീവിച്ചിരിക്കുകയാണെങ്കിൽ എന്റെ പ്രവചനം തെറ്റായി പുലർന്നു വെന്ന് ഞാൻ പരസ്യം ചെയ്യാമെന്ന് ഇപ്പോൾ തന്നെ വാഗ്ദാനം ചെയ്തുകൊള്ളുന്നു. ആ സത്യത്തിന് യാതൊരു വിധമായ നിബ ന്ധനയും ആവശ്യമില്ല. അത് ഏറ്റവും വ്യക്തമായൊരു തീരുമാന മായിരിക്കും. അല്ലാഹുവിന്റെ പക്കൽ ആരാണ് തെറ്റുകാരനെന്നാൽ അവന്റെ തെറ്റ് പ്രത്യക്ഷമാകും.

എന്നാൽ ഈ പ്രാവശ്യവും ക്രിസ്തുമതത്തിന്റെ ഒരു ധീരസ ന്താനവും സത്യപരീക്ഷക്കായി മുന്നോട്ടു വന്നില്ല. അല്ലാഹുവിനു സ്തുതി - ഇസ്ലാമിനെതിരിൽ ക്രിസ്തുമതത്തിന് നേരിട്ട എത്ര വലിയ അപമാനവും പരാജയവുമായിരുന്നു അത്! പക്ഷേ, കണ്ണില്ലാ ത്തവർക്ക് അത് കാണാൻ കഴിയുന്നതെങ്ങനെ!

ആഥമിന്റെ അപമാനകരമായ ഈ മരണം ക്രൈസ്തവ സമുഹ ത്തിൽ പകയുടെയും അസൂയയുടെയും തീ ആളിക്കത്തിച്ചു. എന്തെ ന്നാൽ അദ്ദേഹം മരിച്ചിട്ട് അധികകാലം കഴിയുന്നതിനു മുമ്പേ അ മൃതസറിലെ വാദപ്രതിവാദത്തിൽ ആഥമിന്റെ സഹായിയും സഹ കാരിയുമായിരുന്ന അമൃതസറിലെ ഒരു പ്രസിദ്ധ പാതിരി ഡോക്ടർ മാർട്ടിൻ ക്ലാർക്ക്, ഹദ്റത്ത് അഹ്മദിന്റെ (അ) പേരിൽ കൊലയ്ക്കു പ്രേരിപ്പിച്ചു എന്ന കുറ്റം ചുമത്തിക്കൊണ്ട് ഒരു കള്ളക്കേസ് ഫയൽ ചെയ്തു. ഹദ്റത്ത് അഹ്മദ്(അ) ജഹ്ലം ദേശക്കാരനായ ഒരു അബ് ദുൽ ഹമീദിനെ, തന്നെ വധിക്കാനായി അമൃതസരസ്സിലേക്ക് അയ ച്ചു എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. ഭയപ്പെടുത്തിയും പ്രലോ ഭനങ്ങൾ നല്കിയും അബ്ദുൽ ഹമീദിനെ കൊണ്ട് തന്റെ വാദത്തി നനുകൂലമായി അദ്ദേഹം മൊഴി കൊടുപ്പിക്കുകയും ചെയ്തു. ഈ കേസ്സ് വിചാരണയ്ക്ക് വരുന്നതിന് മുമ്പേ തനിക്കെതിരായി ഒരു കേസ്സ് ഉണ്ടാവുന്നതാണെന്നും എന്നാൽ, അതിന്റെ ഫലം വിമോച നമായിരിക്കുമെന്നും ഹദ്റത്ത് അഹ്മദിനെ(അ) അല്ലാഹു ഇൽ ഹാം വഴി അറിയിച്ചിരുന്നു. ഹദ്റത്ത് അഹ്മദ്(അ) ആ ഇൽഹാം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അതിനുശേഷം കേസ്സിന്റെ നടപ ടികൾ ആരംഭിച്ചു. ആര്യസമാജക്കാരും അഹ്മദികളല്ലാത്ത മുസൽ

മാൻമാരും പരസ്യമായി ക്രിസ്ത്യാനികളുടെ ഭാഗം ചേരുകയും അവരെ സഹായിക്കുകയും ചെയ്തു. മാർട്ടിൻ ക്ലാർക്കിനു വേണ്ടി ആര്യസമാജികളായ വക്കീൽമാർ സൗജന്യമായി കേസ്സ് വാദിച്ചു. മുസ്‌ലിം മൗലവിമാർ ഉത്സാഹപൂർവ്വം മുന്നോട്ടു വന്ന് ഹദ്റത്ത് അഹ്മദിനെ(അ)തിരായി സാക്ഷി പറഞ്ഞു. എന്നാൽ, ന്യായാധിപനായിരുന്ന ഗുർദാസ്പൂരിലെ ഡെപ്യുട്ടി കമ്മീഷണർ ക്യാപ്റ്റൻ ഡഗ്ലസിനു അല്ലാഹു സത്യം വെളിപ്പെടുത്തിക്കൊടുത്തു. ഒടുവിൽ, ഈ കേസ്സു കൃത്രിമമാണെന്നും ഇന്നിന്നവിധം മൊഴികൊടുക്കുവാൻ തന്നെ പാതിരിമാർ പഠിപ്പിച്ചതാണെന്നും അബ്ദുൽ ഹമീദ് ക്യാപ്റ്റൻ ഡഗ്ലസിന്റെ കാൽക്കൽ വീണ് കരഞ്ഞുകൊണ്ട് സമ്മതിച്ചു. അല്ലാഹുവിന്റെ സുവിശേഷമനുസരിച്ച് ഹദ്റത്ത് അഹ്മദ്(അ) ബഹുമാനപൂർവ്വം വിട്ടയക്കപ്പെട്ടു. എന്നാൽ, ക്രൈസ്തവ പാതിരിമാരുടെ നെറ്റിയിൽ അപമാനം, പരാജയം, കളവ്, ഗൂഢാലോചന, വധോദ്ദേശ്യം എന്നിവയുടെ കരിങ്കല വീഴുകയും ഇസ്‌ലാമിനു മഹത്തായൊരു വിജയം കൈവരുകയും ചെയ്തു.

## ക്രിസ്ത്യാനികൾക്കെതിരിൽ മുബാഹല

ക്രിസ്ത്യാനികളിൽനിന്ന് ആരുംതന്നെ പ്രാർത്ഥനയ്ക്കോ ആദ്ധ്യാത്മിക പരീക്ഷണത്തിനോ മുന്നോട്ടു വരുന്നില്ലെന്ന് കണ്ടപ്പോൾ ഹദ്റത്ത് അഹ്മദ്(അ) അവരെ മുബാഹലയ്ക്കുവേണ്ടി ആഹ്വാനം ചെയ്തു. അതായത് ക്രിസ്തുമതം സത്യമാണെന്നു ക്രിസ്ത്യാനികൾ വിശ്വസിക്കുന്നുണ്ടെങ്കിൽ താനുമായി മുബാഹല നടത്തുവാനും തന്റെ മുമ്പാകെ വന്നു താഴെ പറയും പ്രകാരം സത്യം ചെയ്യുവാനും അദ്ദേഹം അവർക്ക് ആഹ്വാനം നല്കി: “ദൈവമേ, ക്രിസ്തുമതം സത്യമാണെന്നും ഇസ്‌ലാംമതം കള്ളമാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങൾക്കെതിരിൽ മിർസാ ഗുലാം അഹ്മദ് ഖാദിയാനി, ഇസ്‌ലാം സത്യമാണെന്നും ക്രിസ്തുമതവിശ്വാസങ്ങൾ കള്ളമാണെന്നും വാദിക്കുന്നു. ദൈവമേ, നീ സത്യം അറിയുന്നവനാണ്. ഞങ്ങൾ രണ്ട് കൂട്ടർക്കിടയിലും നീ സത്യം വിധിച്ചാലും. ഞങ്ങളിൽ ഏതൊരു വിഭാഗത്തിന്റെ വാദം കളവാണോ ആ വിഭാഗത്തെ സത്യവിഭാഗത്തിന്റെ ജീവിതത്തിൽ ഒരു കൊല്ലത്തിനകമായി ശിക്ഷയിൽ അകപ്പെടുത്തിയാലും!” താനും അപ്രകാരംതന്നെ പ്രാർത്ഥിക്കാമെന്നും അതിനുശേഷം ദൈവം ആരെയാണ് ശിക്ഷയിൽ അകപ്പെടുത്തുക, ആരുടെ ബഹുമതിയാണ് പ്രത്യക്ഷപ്പെടുത്തുക എന്നു നോക്കാമെന്നും കൂടി ഹദ്റത്ത് അഹ്മദ്(അ) എഴുതുകയുണ്ടായി.

പക്ഷേ, കഷ്ടമെന്നു പറയട്ടെ, ക്രിസ്ത്യാനികളിൽനിന്ന് ആരുംതന്നെ ആ ആഹ്വാനം സ്വീകരിക്കാനായി മുന്നോട്ടു വന്നില്ല.

ഒരു അമേരിക്കൻ പാതിരിയും അഹ്മദിയ്യാ പ്രസ്ഥാനത്തെക്കുറിച്ച് ചരിത്രഗ്രന്ഥം രചിച്ചിട്ടുള്ള ആളുമായ പരേതനായ മി. വാൾട്ടർ ഹദ്റത്ത് അഹ്മദി(അ)ന്റെ ഈ വെല്ലുവിളിയെ പരമാർശിച്ചു കൊണ്ട് പറയുകയാണ്: "യഥാർത്ഥത്തിൽ ക്രൈസ്തവ ജനത മറ്റാരുടെയെങ്കിലും നാശമാഗ്രഹിക്കുകയോ അതിനുവേണ്ടി പ്രാർത്ഥിക്കുകയോ ചെയ്യുകയെന്ന നിലവാരത്തിൽ നിന്ന് ഉയർന്നവരാണ്. അവർ മതവിശ്വാസമനുസരിച്ച് ആരുടെയും നാശവും എളിമയും ഇഷ്ടപ്പെടുന്നില്ല. അതിനാലാണ് ഒരു ക്രിസ്ത്യാനിയും മിർസാസാഹിബിന്നെതിരായി മുന്നോട്ടു വരാതിരുന്നത്."

കൊള്ളാം, അങ്ങനെയാണെങ്കിൽ ആഥമിന്റെ ആദ്യത്തെ അവധി കഴിഞ്ഞപ്പോൾ നഗരങ്ങളിൽ ഘോഷയാത്ര നടത്താനും കോലം കെട്ടി തുള്ളാനും പിന്നീട് അദ്ദേഹത്തിന്റെ മരണത്തിനു ശേഷം കോപാകുലരായി വധശ്രമത്തിന്റെ കുറ്റമാരോപിച്ച് കള്ളക്കേസുണ്ടാക്കുവാനും ഹദ്റത്ത് അഹ്മദിനെ(അ) അറസ്റ്റ് ചെയ്യിച്ച് തൂക്കുമരത്തിൽ കയറ്റിക്കുകയോ നാടുകടത്തിക്കുകയോ ചെയ്യാനും മറ്റും, ക്രൈസ്തവത്വത്തിന്റെ പാവങ്ങളായ കുഞ്ഞാടുകളേ, നിങ്ങൾ എന്തിനായിട്ട് ശ്രമിച്ചു? അതിൽ നിന്നൊന്നും നിങ്ങളുടെ മതം നിങ്ങളെ തടയുന്നില്ല! എന്നാൽ, ഇസ്‌ലാമും ക്രിസ്തുമതവും തമ്മിലുള്ള തർക്കത്തിന് സത്യം വിധിക്കാനായി ദൈവത്തോട് പ്രാർത്ഥിക്കാൻ കയ്യുയർത്തേണ്ടി വരുമ്പോൾ മാത്രം നിങ്ങൾക്ക് നിങ്ങളുടെ മതത്തെപ്പറ്റി ഓർമ്മ വരുന്നു!! ഇസ്‌ലാമിനെപ്പറ്റിയും അതിന്റെ പരിശുദ്ധ സ്ഥാപകരെപ്പറ്റിയും പ്രസംഗങ്ങളിലും എഴുത്തുകളിലും വിഷം വമിപ്പിക്കുക എന്നതും ദുർഭാഷണം കൊണ്ട് ഗ്രന്ഥതാളുകൾ വിഷലിപ്തമാക്കുക എന്നതും അനുവദനീയമായിട്ട് നിങ്ങൾ കരുതുന്നു. ഇസ്‌ലാമിനു ദോഷം ചെയ്യാൻ കഴിയുന്ന ഒരു സന്ദർഭത്തേയും നിങ്ങൾ പാഴാക്കുന്നില്ല. എന്നാൽ, മതപരമായ അഭിപ്രായവ്യത്യാസങ്ങളെ സംബന്ധിച്ച തർക്കം ദൈവത്തിന്റെ കോടതിയിൽ ഉന്നയിക്കാനാവശ്യപ്പെടുമ്പോൾ മാത്രം, ഇടത്തെ ചെകിടത്തടിച്ചാൽ വലത്തേതും തിരിച്ചു കാണിക്കുക എന്ന ഉപദേശമനുസരിച്ചു പ്രവർത്തിക്കാൻ നിങ്ങൾക്ക് ഓർമ്മ വരുന്നു! ഈ കാരണത്താലാണ് ഹദീഥിൽ നിങ്ങൾക്ക് അർഹവും യോഗ്യവുമായൊരു പേർ നല്കപ്പെട്ടിരിക്കുന്നത്. ഒരു കാര്യംകൂടി ചോദിച്ചുകൊള്ളട്ടെ. അന്യോന്യം മുബാഹല

(എതിർ പ്രാർത്ഥന) നടത്തുന്നത് ക്രിസ്തുവിന്റെ സ്നേഹോപദേശത്തിന് എതിരാണെങ്കിൽ ഒരു സദസ്സിൽ നേരിട്ടു വന്ന് അടയാളങ്ങൾ കാണുകയും കാണിക്കുകയും ചെയ്യുന്നതിനും രോഗികളുടെ രോഗശമനത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതിനും എന്തായിരുന്നു വിരോധം?

വാസ്തവത്തിൽ മിസ്റ്റർ വാൾട്ടരുടേത് ചോദ്യം ചെയ്യപ്പെടാവുന്ന ഒരു പ്രസ്താവനയാണ്. എന്നാൽ, അതല്ല ഇവിടെ ഉദ്ദേശ്യം; ഹദ്റത്ത് അഹ്മദി(അ)ന്റെ മുബാഹലയെപ്പറ്റി പ്രതിപാദിക്കുകയാകുന്നു. അദ്ദേഹം എല്ലാ വിധത്തിലും ക്രിസ്ത്യാനികളെ മുബാഹലയ്ക്കായി വിളിച്ചു. പക്ഷേ, ആർക്കും മുന്നോട്ടു വരാൻ ധൈര്യമുണ്ടായില്ല. ഈ തുറയിലും ഇസ്ലാമിന്റെ വിജയവും ക്രിസ്തുമതത്തിന്റെ പരാജയവും പ്രകടമാക്കാൻ അല്ലാഹുവിനു ഉദ്ദേശ്യമുണ്ടായിരുന്നു.

ഇതേകാലത്ത് അമേരിക്കയിൽ ഡോ.ഡൂയി എന്നു പേരായ ഒരാൾ മുന്നോട്ടു വന്നു. അദ്ദേഹം യഥാർത്ഥത്തിൽ സ്കോട്ട്ലണ്ടുകാരനായിരുന്നു. അതിവേഗത്തിൽ അദ്ദേഹം ഒരു ജനസമൂഹത്തെ തന്റെ പിന്നിൽ ഒരുമിച്ചു കൂട്ടുകയും ക്രിസ്തുമതത്തിന്റെ സഹായത്തിനായി രംഗത്തിറങ്ങുകയും ചെയ്തു. താൻ ക്രിസ്തുവിന്റെ ദൂതനാണെന്നും ക്രിസ്തുവിന്റെ ആസന്നമായ ആഗമനത്തെക്കുറിച്ചുള്ള സുവിശേഷവുമായി വന്നിരിക്കയാണെന്നും അദ്ദേഹം വാദിച്ചു. കൂടാതെ, ഇസ്ലാമിനെ നശിപ്പിക്കുകയെന്നതും തന്റെ കർത്തവ്യമാണെന്ന് അദ്ദേഹം അവകാശപ്പെട്ടു. അദ്ദേഹം ഇസ്ലാമിന്റെ ഒരു കഠിനശത്രുവായിരുന്നു. ക്രിസ്തുമതത്തോടുള്ള ഭ്രമത്തിൽ മുഴുകിയ ആളുമായിരുന്നു. ക്രിസ്തു മത പ്രചാരണത്തിനുവേണ്ടി ഘലമ്ലല ീള ഒലമഹശിഴ എന്ന ഒരു പത്രവും അദ്ദേഹം നടത്തി വന്നു.പ്രസ്തുത പത്രത്തിൽ അദ്ദേഹം എഴുതി: “ഞാൻ സത്യപ്രവാചകനല്ലെങ്കിൽ ദൈവത്തിന്റെ പ്രവാചകനായിട്ട് ഒരാളും ഭൂമുഖത്തുണ്ടായിട്ടില്ല.” കൂടാതെ ഇങ്ങനെയും അദ്ദേഹം എഴുതുകയുണ്ടായി: ലോകത്തു നിന്ന് ഇസ്ലാം നശിച്ചു നാമാവശേഷമാകുന്ന ആ ദിവസം വരുന്നതിനുവേണ്ടി ഞാൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു. ദൈവമേ, നീ അപ്രകാരം ചെയ്താലും! ദൈവമേ, നീ ഇസ്ലാമിനെ നശിപ്പിച്ചാ ലും! കൂടാതെ, ആ മനുഷ്യൻ നബിതിരുമേനിയെ കഠിനമായി ചീത്ത പറയുന്നതും പതിവാക്കി. ചുരുക്കിപ്പറഞ്ഞാൽ, ഇസ്ലാമിനെ എതി ർക്കുകയും ഇസ്ലാമിനെതിരിൽ അധിക്ഷേപങ്ങൾ ചൊരിയുകയും ചെയ്യുന്ന കാര്യത്തിൽ മുഴു

വൻ ക്രൈസ്തവലോകത്തും അദ്ദേഹത്തിന് ഒന്നാം സ്ഥാനമാണ് ഉണ്ടായിരുന്നത്. അദ്ദേഹത്തിന്റെ ഈ നെറികെട്ട അക്രമത്തെപ്പറ്റി അറിവ് കിട്ടിയപ്പോൾ ഹദ്റത്ത് അഹ്മദ് (അ) ഒരു പരസ്യം മുഖാന്തരം അദ്ദേഹത്തെ മുബാഹലയ്ക്കായി ക്ഷണിച്ചു. ആ പരസ്യം അമേരിക്കയിലെയും യൂറോപ്പിലെയും പല പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ആ പത്രങ്ങളുടെ പട്ടിക 'ഹഖീഖത്തുൽ വഹ്യ്' എന്ന ഗ്രന്ഥത്തിലും 'റിവ്യു ഓഫ് റിലീജ്യൻസ്' എന്ന മാസികയിലും ചേർത്തിട്ടുണ്ട്. എന്നാൽ, ഡൂയി അഹംഭാവിയായിരുന്നു – ഹദ്റത്ത് അഹ്മദിന്റെ ആഹ്വാനത്തിന് മറുപടി പറയാൻ പോലും അയാൾ കൂട്ടാക്കിയില്ല. പക്ഷേ, തന്റെ പത്രത്തിൽ അതിനെ പരാമർശിച്ചുകൊണ്ട് അയാൾ എഴുതി: "ഇന്ത്യയിൽ ഒരു വിഡ്ഢിയായ മുഹമ്മദൻ മസീഹുണ്ട്. ക്രിസ്തുവിന്റെ ശവകുടീരം കാശ്മീരിലുണ്ടെന്ന് അയാൾ അടിക്കടി എനിക്ക് എഴുതിക്കൊണ്ടിരിക്കുന്നു. അയാളുടെ വാദത്തിനും ആഹ്വാനത്തി നും എന്തുകൊണ്ടു മറുപടി പറയുന്നില്ല എന്നു ജനങ്ങൾ എന്നോടു ചോദിക്കുന്നു. അത്തരം കൊതുകുകൾക്കും ഈച്ചകൾക്കും ഞാൻ മറുപടി പറയുമെന്നാണോ നിങ്ങൾ വിചാരിക്കുന്നത്? അവയുടെമേൽ ഞാൻ എന്റെ കാൽവയ്ക്കുകയാണെങ്കിൽ അവയൊക്കെ ചതഞ്ഞു ചത്തുപോകും." വീണ്ടും മറ്റൊരു ലക്കത്തിൽ അയാൾ ഇപ്രകാരം എഴുതി: "കിഴക്കുനിന്നും തെക്കുനിന്നും വടക്കുനിന്നും ജനങ്ങളെ ഒരുമിച്ചു കൂട്ടുകയും ഈ നഗരത്തിലും മറ്റു നഗരങ്ങളിലും ക്രിസ്ത്യാനികളെ അധിവാസം ചെയ്യിക്കുകയുമാണ് എന്റെ കർത്തവ്യം. മുഹമ്മദീയ മതം ലോകത്തുനിന്നു മായിക്കപ്പെടുന്നതുവരെ ആ ജോലി ഞാൻ തുടർന്നു കൊണ്ടിരിക്കും. ദൈവമേ, ആ ദിവസം നീ ഞങ്ങൾക്ക് കാണിച്ചു തന്നാലും." ഇതറിഞ്ഞപ്പോൾ രണ്ടാമതും ഹദ്റത്ത് അഹ്മദ്(അ) ഒരു പരസ്യം മുഖേന ഡൂയിയെ ആഹ്വാനം ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു: "നിങ്ങൾ എന്റെ ആഹ്വാനത്തിന് ഇതുവരെയും മറുപടി തന്നില്ല. എനിക്കുനേരെ വരാൻ ഞാൻ വീണ്ടും നിങ്ങളെ വെല്ലു വിളിക്കുന്നു. ഞാൻ നിങ്ങൾക്ക് ഏഴുമാസത്തെ അവധി അനുവദിക്കുന്നു. ഈ അവധിക്കുള്ളിൽ നിങ്ങൾ മറുപടി തരാത്തപക്ഷം അത് നിങ്ങളുടെ പരാജയമായി കണക്കാക്കപ്പെടുന്നതാണ്. നിങ്ങൾ ക്രിസ്തുവിന്റെ അവരോഹണത്തിനായി തയ്യാറാക്കിയിട്ടുള്ള സിയോൺ നഗരത്തിൽ ആപത്ത് ഇറങ്ങുന്നതും ഞാൻ മുഖേന അല്ലാഹു ഇസ്ലാമിന്റെ വിജയം പ്രത്യക്ഷപ്പെടുത്തു

ന്നതുമാണ്....” ഈ പരസ്യവും അമേരിക്കയിലെ അനേകം പത്രങ്ങളിൽ പ്രസിദ്ധം ചെയ്യുകയുണ്ടായി. കൂടാതെ റിവ്യു ഓഫ് റിലീജ്യൻസ് എന്ന മാസികയിലും(1902-03) അതുസംബന്ധിച്ച വിശദമായ അറിയിപ്പുകളും വിശദീകരണങ്ങളുമുണ്ടായി. ഒടുവിൽ 1907 ഫെബ്രുവരി 20 നു ഒരു പരസ്യം മുഖേന ഹദ്റത്ത് അഹ്മദ്(അ) ഇങ്ങനെ പ്രഖ്യാപിച്ചു: “അല്ലാഹു പറയുന്നു. അവൻ ഒരു പുതിയ അത്ഭുതം കാണിക്കും. അതു മഹത്തായൊരു വിജയവും ലോകത്തിനൊരു അടയാളവുമായിരിക്കും.”

## മഹത്തായ അടയാളം

ഇനി, എന്തു മഹത്തായ അടയാളമാണ് അല്ലാഹു കാണിച്ചിരിക്കുന്നതെന്നറിയുക. ഹദ്റത്ത് അഹ്മദ്(അ) ബലപരീക്ഷയ്ക്കായി ആഹ്വാനം നല്കിയ കാലത്ത് ഒരു വമ്പിച്ച ശക്തിയും ഒരു സംഘത്തിന്റെ നേതാവുമായിരുന്ന ആൾ, രാജകുമാരനെപ്പോലെ ജീവിക്കുകയും തന്റെ നാട്ടുകാരാലും മതസമൂഹത്താലും ബഹുമാനിക്കപ്പെടുകയും വന്ദിക്കപ്പെടുകയും ചെയ്തിരുന്ന ആൾ, പൊതുവിൽ എല്ലായിടത്തും അറിയപ്പെട്ടിരുന്ന ആൾ, നബിതിരുമേനിയെയും അദ്ദേഹത്തിന്റെ പ്രതിപുരുഷനെയും അധിക്ഷേപിക്കുകയും ഹദ്റത്ത് അഹ്മദ്(അ)അദ്ദേഹത്തെപ്പറ്റി പ്രവചിക്കുകയും ചെയ്തിനു ശേഷം അദ്ദേഹം ഏത് അഗാധഗർത്തത്തിലാണ് വീണതെന്ന് ഇവിടെ ഹ്രസ്വമായി വിവരിക്കാം.

1. മദ്യപാനത്തിനെതിരായി പ്രബോധനം നടത്തുന്ന ഒരാളായിരുന്നതോടുകൂടി അയാൾ മദ്യപാനം ചെയ്തിരുന്നതായി തെളിഞ്ഞു. 2. അയാൾ വ്യഭിചാരത്തിൽനിന്ന് ജനിച്ചവനാണെന്ന് തെളിഞ്ഞു. 3. അയാളുടെ ശിഷ്യന്മാർ അയാളെ വെറുത്തു, അവർ അയാൾക്കെതിരായിത്തീർന്നു. അയാളുടെ കോടിക്കണക്കിലുള്ള മുതലുകൾ അവർ പിടിച്ചെടുത്തു. ഒടുവിൽ അയാളെ അവർ അയാളുടെ സിയോൺ നഗരത്തിൽനിന്ന് പുറത്താക്കുകയും ചെയ്തു. 4. അമ്പത് വയസ്സ് പ്രായത്തിൽ, നല്ല ആരോഗ്യവാനായിരിക്കെ പക്ഷവാതരോഗം പിടിപെട്ട് അയാൾ ശയ്യാവലംബിയായിത്തീർന്നു. 5. അവസാനം, ഹദ്റത്ത് അഹ്മദിന്റെ(അ) 1907 ഫെബ്രവരി 20-ാം തിയതിയിലെ പരസ്യം പുറത്തിറക്കി ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ, അതായത് 1907 മാർച്ച് 11-ാം തിയതി പത്രങ്ങൾക്ക് അറിയിപ്പ് കിട്ടുന്നു; അയാൾ അന്ത്യശ്വാസംവലിച്ചു എന്ന്.

ഇസ്‌ലാമിന്റെ സത്യത്തെയും ക്രിസ്തുമത്തിന്റെ അസത്യത്തെയും മറനീക്കി പ്രത്യക്ഷപ്പെടുത്താനായി ഹദ്റത്ത് അഹ്മദ് (അ) മുഖേന പൂർത്തിയാക്കപ്പെട്ട ഈ അടയാളം എത്ര മഹത്തായ ഒന്നാണ്? അത് പുലർന്നതോ ഹദ്റത്ത് അഹ്മദിന്റെ(അ) പ്രവചനത്തിന് ലോകം മുഴുവൻ സാക്ഷിയായിരിക്കുന്ന അവസ്ഥയിൽ. യൂറോപ്പിലെയും അമേരിക്കയിലെയും അനേകം പത്രങ്ങൾ ഹദ്റത്ത് അഹ്മദും(അ) ഡൂയിയും തമ്മിലുള്ള ബലപരീക്ഷയുടെ വാർത്തകൾ പ്രസിദ്ധം ചെയ്യുകയാൽ ആ പ്രവചനത്തെപ്പറ്റി ലോകം അറിഞ്ഞുകഴിഞ്ഞിരുന്നു. ഇതിനേക്കാൾ മികച്ച നിലയിലുള്ള കുരിശുമുറിക്കലും ദജ്ജാലിനെ കൊല്ലലും മറ്റെന്താണുള്ളത്?

ചുരുക്കത്തിൽ താഴെ പറയുന്ന നാല് മാർഗ്ഗത്തിൽക്കൂടി ഹദ്റത്ത് അഹ്മദ്(അ) കുരിശു മുറിക്കുകയും ദജ്ജാലിനെ വധിക്കുകയും ചെയ്യുകയെന്ന കർത്തവ്യം നിറവേറ്റിയിരിക്കുന്നു:-

ഒന്നാമത്, ഇസ്‌ലാമിന് ദുഷ്ക്കീർത്തി വരുത്തിവെച്ചതും ഇസ്‌ലാമിനെതിരിൽ മറ്റുമതസ്ഥരെ ധൃഷ്ടരാക്കിത്തീർത്തതുമായ ആഭ്യന്തര അഭിപ്രായഭിന്നതകൾക്ക് അനിഷേധ്യങ്ങളായ രേഖകളാൽ അദ്ദേഹം തീരുമാനം കൽപിച്ചു.

രണ്ടാമത്, ബുദ്ധിപരവും പ്രമാണപരവുമായ തെളിവുകളാൽ ക്രിസ്തുമത്തിന്റെ അടിസ്ഥാന സിദ്ധാന്തങ്ങളുടെ അബദ്ധം അദ്ദേഹം വ്യക്തമാക്കി. ഈ വിവാദത്തിൽ രേഖകളുടെ ഒരു പ്രഭാപൂരം തന്നെ അദ്ദേഹം പരത്തി. വമ്പിച്ച ഒരു വാദപ്രതിവാദത്തിൽ ക്രിസ്ത്യാനികളെ അദ്ദേഹം പരാജയപ്പെടുത്തുകയും ചെയ്തു.

മൂന്നാമത്, കുരിശു സംഭവം, ക്രിസ്തുവിന്റെ മരണം, ക്രിസ്തുവിന്റെ കബ്ർ എന്നിവയെപ്പറ്റി ചരിത്രപരമായ ഗവേഷണം നടത്തിക്കൊണ്ട് ക്രിസ്തുമത്തിന്റെ തായ്‌വേരിന് മാരകമായ പ്രഹരമാണ് അദ്ദേഹം ഏല്പിച്ചത്.

നാലാമത്, പ്രാർത്ഥന, ആദ്ധ്യാത്മികമായ ബലപരീക്ഷ, ശക്തിമത്തായ ദൈവിക അടയാളങ്ങൾ എന്നിവയുടെ മാർഗ്ഗത്തിൽക്കൂടി ക്രിസ്തുമതത്തിനെതിരായി ഇസ്‌ലാമിനെ അദ്ദേഹം വിജയിപ്പിച്ചു കാണിച്ചു.

ഈ നാല് സൂര്യൻമാരുടെ വെളിച്ചത്തിൽ, മാതൃഗർഭത്തിൽ നിന്നുതന്നെ അന്ധതാ ഗുണത്തോടെ ജനിച്ചവർക്കല്ലാതെ യാതൊ

രാൾക്കും ഒരു നിമിഷനേരത്തേക്കുപോലും ഇസ്‌ലാമിന്റെ വിജയത്തെയും ക്രിസ്തുമതത്തിന്റെ പരാജയത്തെയും പറ്റി സംശയിക്കാനാവുകയില്ല. ഇതെല്ലാം ഹദ്റത്ത് അഹ്മദ്(അ) മുഖാന്തരമാണ് സംഭവിച്ചത്.

اللّٰھمّ صلّ علیه وعلٰی مطاعهٖ محمّد صلٰوۃً وسلامًا دائماً وبارک وسلّم

## ആര്യസമാജത്തിന്നെതിരിൽ

രണ്ടാമത് ആര്യസമാജക്കാരുമായി എതിരിട്ട സംഭവങ്ങൾ വിവരിക്കാം. അവർ പണ്ഡിറ്റ് ദയാനന്ദ സരസ്വതിയുടെ നേതൃത്വത്തിൽ, മതാവേശം പൂണ്ട് സ്വയം മറന്ന് ഇസ്‌ലാമിനെ അധിക്ഷേപിക്കുന്ന കാര്യത്തിൽ പാതിരിമാരെ അനുഗമിച്ചു. എന്നാൽ, അസഭ്യം പറയുന്നതിൽ പലപ്പോഴും അവർ പാതിരിമാരെ പിന്നിലാക്കുകയും ചെയ്തു. അവരുടെ എഴുത്തുകളും പ്രസംഗങ്ങളും ഇസ്‌ലാമിനോടും അതിന്റെ പരിശുദ്ധ സ്ഥാപകരോടുമുള്ള വിദ്വേഷംകൊണ്ട് നിറഞ്ഞവയായിരുന്നു. ചീത്ത പറയുന്ന കാര്യത്തിൽ എല്ലാവരുടെയും മുന്നിലായിരുന്നു അവർ. ആദ്ധ്യാത്മികത്വവുമായി അവർക്ക് യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. പുറത്തുനിന്നുള്ള വെളിച്ചം തങ്ങളുടെ കണ്ണുകൾക്ക് അസഹ്യമായി തോന്നുമാറ് അജ്ഞതാന്ധകാരത്താൽ അവർ വലയം ചെയ്യപ്പെട്ടിരുന്നു. ഹദ്റത്ത് അഹ്മദ് (അ) അവരെപ്പറ്റി പറഞ്ഞത് എത്ര തന്നെ നേരല്ല!

کیڑا جو دب رہا ہے گوبر کی تہ کے نیچے
اس کے گماں میں اسکا ارض و سما یہی ہے

ചാണകപ്പുറ്റിന്നടിയിലെക്കീടങ്ങൾക്കാകാശഭൂമിയതാണെന്നു തോന്നിടും.

അവരുടെ സ്വന്തം മതത്തിന്റെ സ്ഥിതി നോക്കുകയാണെങ്കിൽ അത് ഒരു മതമെന്ന് വിളിക്കപ്പെടാൻ യോഗ്യതയുള്ളതല്ല. അവർ ആവിഷികരിച്ച ഒരു സിദ്ധാന്തസമുച്ചയമാണത്. എന്നാൽ, അവർക്ക് തീർച്ചയായും ഒരു ഗുണമുണ്ട് - ഇസ്‌ലാമികോപദേശത്താലും പരിതസ്ഥിതികളാലും പ്രചോദിതരായിട്ട് ഹിന്ദുക്കളിൽനിന്ന് വിഗ്രഹാരാധന നീക്കം ചെയ്യാൻ അവർ നല്ല നിലയിൽ പരിശ്രമിച്ചു കൊണ്ടിരുന്നു. അക്കാര്യത്തിൽ അവർക്ക് കുറച്ചൊക്കെ വിജയമുണ്ടാവുക

യും ചെയ്തു. പക്ഷേ, വിഗ്രഹാരാധനയിൽനിന്ന് പുറത്തുവന്നെങ്കിലും ഫലംകൊണ്ട് വിഗ്രഹാരാധനയിൽ ഒട്ടും കുറഞ്ഞതല്ലാത്ത ആപൽക്കരമായ ഒരു മലയിടുക്കിലേക്കവർ തന്നത്താൻ വീഴുകയാണ് ചെയ്തത്. പോരെങ്കിൽ, മറ്റു മതങ്ങളുടെ സ്ഥാപകൻമാരെ ചീത്ത പറയുന്നത് ഒരു തൊഴിലായി അവർ സ്വീകരിക്കുകയും ചെയ്തു. അവരുടെ മതം രണ്ട് തൂണുകളിൻമേലാണ് നിലനിറുത്തപ്പെട്ടിട്ടുള്ളത്.

ഒന്നാമത്, ആത്മാവിന്റെയും ധാതുവിന്റെയും ഉൽപത്തിയെക്കുറിച്ചുള്ള അവരുടെ വിശ്വാസമാണ്. അവ രണ്ടും ദൈവ സൃഷ്ടികളെല്ലന്നാണ് അവർ വിശ്വസിക്കുന്നത്. നേരെമറിച്ച്, ദൈവത്തെപ്പോലെതന്നെ അവ അനാദിയാണ്! അതായത്, ആത്മാവും ധാതുവും ആദ്യം മുതൽക്കേ ദൈവത്തോടുകൂടി ഉള്ളതും എന്നും അവനോടൊന്നിച്ച് നിലനിൽക്കുന്നതുമാണ്. ദൈവത്തിന് അവയെ സൃഷ്ടിക്കുവാനോ നശിപ്പിക്കാനോ സാധിക്കുകയില്ല. അവയെ കൂട്ടിയിണക്കിയും രൂപഭേദം വരുത്തിയും ദൈവം അവന്റെ ആവശ്യം നിർവ്വഹിക്കുകയും ഭരണം നടത്തുകയും ചെയ്യുന്നുവെന്നേയുള്ളൂ.

രണ്ടാമത്, അവരുടെ പുനർജന്മസിദ്ധാന്തമാണ്. അതായത് ആത്മാക്കൾ അവയുടെ കർമ്മഫലമായി വിവിധതരത്തിലുള്ള ജന്മമെടുത്തുകൊണ്ടിരിക്കുന്നു. ഈ ജന്മചക്രത്തിൽനിന്ന് അവ ഒരിക്കലും പരിപൂർണ്ണമായി വിമുക്തമാവുകയില്ല. ആരെങ്കിലും നല്ല കർമ്മം ചെയ്യുകയാണെങ്കിൽ അവന് നല്ല ജന്മം നല്കപ്പെടും. ചീത്ത കർമ്മം ചെയ്യുന്നവനെ ചീത്ത ജന്മത്തിലേക്ക് തള്ളിവിടുകയും ചെയ്യും. പ്രപഞ്ചമുണ്ടായ കാലം മുതൽക്കേ ഈ ജൻമചക്രം തിരിഞ്ഞുകൊണ്ടിരിക്കുന്നു. ഇനിയും തിരിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യും. ആർക്കെങ്കിലും മുക്തി ലഭിക്കുകയാണെങ്കിൽ അത് താൽക്കാലികം മാത്രമായിരിക്കും. വീണ്ടും ആ ആത്മാവ് പുനർജ്ജന്മ ചക്രത്തിന്റെ തിരിച്ചിലിലേക്ക് തള്ളപ്പെടുന്നതാണ്. കാരണം, ആര്യൻ സ്നേഹിതൻമാരുടെ സങ്കൽപത്തിൽ പരിമിതമായ കർമ്മത്തിനു അപരിമിതമായ പ്രതിഫലം കിട്ടുക സാധ്യമല്ല.

ഇതിനും പുറമെ, ദൈവത്തിന്റെ വെളിപാട് ആര്യാവർത്തത്തിൽ പരിമിതമാണെന്നും മറ്റൊരു ജനതയും ഈ അനുഗ്രഹത്തിന് പാത്രമായിട്ടില്ലെന്നും ആര്യസമാജക്കാർ വിശ്വസിക്കുന്നു. അവരുടെ അഭിപ്രായത്തിൽ തുടക്കത്തിലേ ലോകത്തിനു നല്കപ്പെട്ട ഗ്രന്ഥം

വേദമാണ്. അവസാനം വരെയും മാർഗ്ഗദർശനത്തിനുള്ള ഉറവിട മായിരിക്കാൻ നിശ്ചയിക്കപ്പെട്ടിരിക്കുന്നതും അതുതന്നെയാണ്. അതിറങ്ങിയതിനുശേഷം ദൈവഭാഷണം എന്നേക്കുമായി അവസാ നിച്ചു പോയിരിക്കുന്നു. സൃഷ്ടിയുടെ ആരംഭത്തിൽ നല്കപ്പെട്ടതുമാ ത്രമേ ദൈവപ്രോക്ത ഗ്രന്ഥമാവാൻ പാടുള്ളൂ വെന്നാണ് അവരുടെ വാദം. ദൈവം പാപം പൊറുക്കുകയില്ലെന്നും മാനസാന്തരമുണ്ടായാ ൽത്തന്നെയും മനുഷ്യൻ എല്ലാ ദുഷ്കർമ്മങ്ങൾക്കും ശിക്ഷ അനുഭ വിക്കേണ്ടത് അത്യാവശ്യമാണെന്നും അവർ വിശ്വസിക്കുന്നു. ലോക ത്തിലെ പ്രായോഗിക ജീവിതത്തെപ്പറ്റിയാണെങ്കിൽ, ഏതെങ്കിലും ഒരു പുരുഷന് ആൺമക്കളില്ലാതിരുന്നാൽ പുത്രസന്താന ത്തിനുവേണ്ടി തന്റെ ഭാര്യയെ അന്യപുരുഷന്മാരുടെ അടുക്കലേക്ക് അയക്കാമെന്നും പതിനൊന്ന് ആൺമക്കളുണ്ടാവുന്നതുവരെ ആ കർത്തവ്യം തുടർന്നു പോകാവുന്നതാണെന്നുമാണ് അവർ വിശ്വ സിക്കുന്നത്. ഈ കർമ്മത്തിന് 'നിയോഗ'മെന്നു പറയുന്നു.

ഹിന്ദുമതത്തിലെ ആര്യസമാജം എന്നു പറയപ്പെടുന്ന വിഭാഗ ത്തിന്റെ വിശ്വാസങ്ങളാണിത്. ഹിന്ദുക്കളുടെ കൂട്ടത്തിൽ തങ്ങൾ മാത്രമാണ് വേദത്തിന്റെ യഥാർത്ഥ സിദ്ധാന്തങ്ങളിൽ ഉറച്ചു നില് ക്കുന്നതെന്നും മറ്റു വിഭാഗങ്ങളെല്ലാം യഥാർത്ഥ മാർഗ്ഗത്തിൽനിന്ന് വ്യതിചലിച്ചവരാണെന്നും അവർ വാദിക്കുന്നു. 1883-ൽ മരണപ്പെട്ടു പോയ പണ്ഡിറ്റ് ദയാനന്ദ സരസ്വതിയെ തങ്ങളുടെ നേതാവായി അവർ കരുതുന്നു.

ഇനി, ഹദ്റത്ത് അഹ്മദ്(അ) ആ സമൂഹത്തിനെതിരായി നട ത്തിയ മഹത്തായ സമരത്തെപ്പറ്റി പ്രതിപാദിക്കാം. അവരുമായി ബുദ്ധിയും പ്രമാണവും ഉപയോഗിച്ച് നടത്തിയ വാദങ്ങളെ സംബ ന്ധിച്ചും പിന്നീട് ആദ്ധ്യാത്മികമായി നടത്തിയ പരീക്ഷണങ്ങളെ സംബന്ധിച്ചും ഇവിടെ പ്രതിപാദിക്കുകയാണ്. 1877-ൽ ദയാനന്ദസര സ്വതി പത്രങ്ങളിൽ പ്രസിദ്ധം ചെയ്ത ഒരു വിളംബരത്തോടു കൂടി യാണ് ആര്യൻമാരുമായുള്ള ഹദ്റത്ത് അഹ്മദിന്റെ(അ) പരസ്യമാ യ വിവാദം ആരംഭിച്ചത്. ആ വിളംബരത്തിന്റെ സാരമിതായിരുന്നു: "നിലവിലുള്ള ആത്മാക്കൾ അനന്തമാണ്. അവയുടെ എണ്ണം ദൈവ ത്തിനുപോലും അറിയാൻ പാടില്ലാത്ത വിധം അത്ര അധികമാണ്. അതിനാൽ, എന്നും അവ മുക്തിപ്രാപിച്ചുകൊണ്ടിരിക്കും. ഒരിക്ക ലും ആ പ്രക്രിയ അവസാനിക്കുകയില്ല." അബദ്ധജടിലമായ ആ വിളംബരം പ്രസിദ്ധപ്പെടുത്തിയപ്പോൾ അതിനെതിരിൽ ആദ്യം പ്ര

തികരിച്ചത് ഹദ്റത്ത് അഹ്മദ്(അ) ആയിരുന്നു. ആ സിദ്ധാന്തത്തി നെതിരായി അദ്ദേഹം ഗംഭീരങ്ങളായ ലേഖനങ്ങളെഴുതി പത്രങ്ങളി ൽ പ്രസിദ്ധം ചെയ്തു. തന്റെ ലേഖനത്തിന് ഖണ്ഡനം എഴുതുന്ന വർക്ക് 500ക. അദ്ദേഹം സമ്മാനം നിശ്ചയിക്കുകയും ചെയ്തു. ആ ലേഖനങ്ങൾ ആര്യൻ കേമ്പിൽ അമ്പരപ്പുണ്ടാക്കി. അതിനു മുമ്പേ തങ്ങളുടെ ഹിംസാത്മക പരിപാടികളുമായി നിരങ്കുശം മുന്നേറുക യായിരുന്നു അവരുടെ പതിവ്. അവരുടെ കേമ്പിൽ പതിച്ച ഒന്നാമ ത്തെ അമ്പ് അതായിരുന്നു. അതവരെ അങ്ങേയറ്റം പരിഭ്രാന്തരാ ക്കുകയും ചെയ്തു. ഇതിനു മുമ്പേ ഹദ്റത്ത് അഹ്മദിന്റെ(അ) പ്രവർത്തനങ്ങൾ അണിയറയ്ക്കുള്ളിൽ മറഞ്ഞിരിക്കുകയായിരുന്നു. ആരും അദ്ദേഹത്തെ അറിഞ്ഞിരുന്നില്ല. എന്നാൽ, പ്രസ്തുത ലേഖ നങ്ങൾ പ്രസിദ്ധീകരിച്ചതോടെ ജനങ്ങളുടെ ദൃഷ്ടി ആശ്ചര്യത്തോ ടുകൂടി അദ്ദേഹത്തിനു നേരെ പതിയാൻ തുടങ്ങി. ആര്യൻ വൃത്ത ത്തിലുണ്ടായ ഫലം അതിലേറെ അൽഭുതകരമായിരുന്നു-ആത്മാക്ക ൾ അനന്തമാണെന്നുള്ള വിശ്വാസം പണ്ഡിറ്റ് ദയാനന്ദ സരസ്വതി യുടെ സ്വന്തമാണെന്നും ആര്യസമാജത്തിന് പൊതുവിലുള്ളതല്ലെ ന്നും പറയാൻ പ്രബലരായ ആര്യസമാജികൾ നിർബന്ധിതരായി. അന്ന് ലാഹോറിലെ ആര്യസമാജത്തിന്റെ സെക്രട്ടറിയും ആര്യസ മാജക്കാർക്കിടയിൽ വളരെ പ്രധാനപ്പെട്ട ഒരാളുമായ ലാലാ ജീവൻ ദാസ് ഇപ്രകാരം പത്രത്തിലെഴുതി:

ഇത് സമാജത്തിന്റെ മൗലികസിദ്ധാന്തങ്ങളിൽ ഉൾപ്പെട്ടതല്ല. സമാജത്തിലെ ഏതെങ്കിലുമൊരു അംഗം ഈ വാദക്കാരനാണെങ്കി ൽ അതിനെപ്പറ്റി അയാളോട് ചോദിക്കുകയും അയാളതിന് മറുപടി പറയുകയും വേണം.

തുടർന്ന് അദ്ദേഹം ഇങ്ങനെയും എഴുതുകയുണ്ടായി:

ആര്യസമാജക്കാർ ദയാനന്ദസ്വാമിയെ അനുസരണം നിർബ ന്ധമായ ഒരു നേതാവായിട്ട് കണക്കാക്കുന്നില്ല. അതിനാൽ അദ്ദേഹ ത്തിന്റെ എല്ലാ അഭിപ്രായങ്ങളും ആര്യൻ ജനത മുഴുവനും സമ്മതി ച്ചുകൊള്ളണമെന്നില്ല.

സുബ്ഹാനല്ലാഹ്! ആര്യസമാജക്കാർക്കെതിരായി ഹദ്റത്ത് അഹ്മദിനു(അ) കൈവന്ന ഈ വിജയം എത്ര മഹത്തായ ഒന്നായി രുന്നു! ഒരൊറ്റ പ്രത്യാക്രമണത്തിന്റെ ഫലമായി അവർ പോർക്കള ത്തിൽനിന്ന് ഓടിക്കളഞ്ഞു. എന്നാൽ, അതുകൊണ്ടും കാര്യം അവ

സാനിച്ചില്ല. തനിക്കെതിരിൽവന്ന് ആത്മാക്കൾ അനന്തമാണെന്ന് തെളിയിച്ച് സമ്മാനം വാങ്ങാൻ പണ്ഡിറ്റ് ദയാനന്ദനെ വെല്ലുവിളിച്ചുകൊണ്ട് അദ്ദേഹം തുടരെത്തുടരെ ലേഖനങ്ങളെഴുതിക്കൊണ്ടിരുന്നു. അതിനാൽ, സ്വാമിജിക്ക് രക്ഷപ്പെടുവാൻ പ്രയാസമായി. പിടിക്കാനും നിവൃത്തിയില്ല വിടാനും നിവൃത്തിയില്ല എന്ന പതനത്തിലായി അദ്ദേഹം. ഒടുവിൽ ഗത്യന്തരമില്ലാതെ അദ്ദേഹം ഹദ്റത്ത് അഹ്മദിന്(അ) ഇപ്രകാരമൊരു സന്ദേശമയച്ചു: ആത്മാക്കൾ യഥാർത്ഥത്തിൽ അനന്തമല്ല. എന്നിരുന്നാലും പുനർജ്ജന്മസിദ്ധാന്തം ശരിയാണ്. വായനക്കാർ ഒന്നാലോചിച്ചു നോക്കൂ. വേദത്തെ ആസ്പദമാക്കിക്കൊണ്ട് സ്വാമിജി ഒരു സിദ്ധാന്തം ഉന്നയിക്കുന്നു. ആ സിദ്ധാന്തമാണെങ്കിൽ മതത്തിന്റെ അടിസ്ഥാനമെന്ന് പറയാവുന്നതരത്തിലുള്ളത്, പക്ഷേ, ഹദ്റത്ത് അഹ്മദിന്റെ (അ) ഖണ്ഡനത്തിന്റെ ഫലമായി ആ സിദ്ധാന്തത്തിൽനിന്ന് പിന്മാറാൻ അദ്ദേഹം നിർബന്ധിതനായിത്തീരുന്നു. ആര്യസമാജക്കാരുടെ പേരും പെരുമയുമുള്ളനേതാവെന്നു മാത്രമല്ല സമാജത്തിന്റെ സ്ഥാപകൻ കൂടിയായ അദ്ദേഹം ഈ വിധം പടക്കളത്തിൽനിന്ന് പിന്തിരിഞ്ഞോടുകയെന്നതിനേക്കാൾ പ്രത്യക്ഷമായൊരു വിജയം ഹദ്റത്ത് അഹ്മദിന്(അ) എന്തുകൈവരാൻ? അത് അത്രമേൽ വ്യക്തമായൊരു വിജയമായിരുന്നു- സ്വാമിജിയുടെ ശിഷ്യനല്ലെങ്കിലും ഒരു ഹിന്ദുവും ഇസ്‌ലാമിന്റെ എതിരാളികളിൽ ഒരാളും 'ബ്രാദരെഹിന്ദ്' എന്ന പത്രത്തിന്റെ അധിപരുമായിരുന്ന 'പണ്ഡിറ്റ് ശിവനാരായണൻ അഗ്നിഹോത്രി' 'ഖാദിയാനിലെ പ്രമാണിയായ മിർസാ ഗുലാം അഹ്മദ് സാഹിബും ആര്യസമാജവും' എന്ന തലക്കെട്ടിൽ അദ്ദേഹത്തിന്റെ പത്രത്തിൽ ഇപ്രകാരമെഴുതി:

"മിർസാ സാഹിബ് മേൽപറഞ്ഞ സിദ്ധാന്തം തെറ്റാണെന്ന് സ്ഥാപിച്ചപ്പോൾ ഗത്യന്തരമില്ലാതെ സ്വാമിജി അദ്ദേഹത്തിന് ഒരു സന്ദേശമയച്ചു. അതിൽ വാസ്തവത്തിൽ ആത്മാക്കൾ സംഖ്യാതീതമല്ലെന്നും എന്നിരുന്നാലും പുനർജ്ജന്മ സിദ്ധാന്തം ശരിയാണെന്നും അദ്ദേഹം എഴുതിയിരുന്നു."

അതിനുശേഷം ആത്മാക്കൾ സംഖ്യാതീതമാണെന്നും അവയുടെ എണ്ണം ദൈവത്തിനുപോലും അറിഞ്ഞുകൂടെന്നുമുള്ള സിദ്ധാന്തം ആര്യസമാജക്കാർ കൈയൊഴിച്ചു. അതിനു പകരമായി ആത്മാക്കളുടെ എണ്ണം പരിമിതമാണെന്നും എന്നാൽ, ആത്മാവിനു ശാശ്വതമായി മുക്തി പ്രാപിക്കുക സാധ്യമല്ലാത്തതുകൊണ്ട് പുനർജ്ജന്മ

ചക്രം പിന്നെയും നിലനില്ക്കുന്നുവെന്നുമുള്ള സിദ്ധാന്തം അവർ സ്വീകരിച്ചു.

പണ്ഡിറ്റ് ദയാനന്ദസരസ്വതി നിശബ്ദനായതിനുശേഷം ആര്യൻകേമ്പിലെ തലയെടുപ്പുള്ള മറ്റൊരു പടനായകൻ മുന്നോട്ടു വന്നു. അമൃതസരസ്സിലെ ആര്യസമാജത്തിന്റെ സെക്രട്ടറി 'ബാവാ നാരായൺസിങ്ങാ'യിരുന്നു അത്. തുടക്കത്തിൽ അദ്ദേഹം കുറേയൊക്കെ വമ്പു പറയുകയും ബഡായി കാണിക്കുകയും ചെയ്തു. ഏതൊരു മൈതാനത്തിൽ അദ്ദേഹത്തിന്റെ ഗുരുവായ സ്വാമിജിക്കു നില്ക്കാൻ കഴിഞ്ഞില്ലയോ, ആ മൈതാനത്തിൽ കാലൂന്നാൻ അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ, ഹദ്റത്ത് അഹ്മദിന്റെ (അ) ഒന്നുരണ്ട് വെട്ടുകൾ കൊണ്ടുമാത്രം അദ്ദേഹത്തിന്റെ ചൈതന്യമറ്റു. അദ്ദേഹത്തിന് മിണ്ടാട്ടമില്ലാതായി-ഒരിക്കലും സംസാരിച്ചിട്ടില്ലാത്തവനെപ്പോലെ. അദ്ദേഹത്തിന്റെ മൗനത്തേക്കാൾ ഉപരിയായ മറ്റൊരു സംഭവം കൂടി നടന്നു. ആ സമയത്ത് ആര്യസമാജത്തിലെ എണ്ണപ്പെട്ട അംഗവും സജീവപ്രവർത്തകനുമായിരുന്ന അദ്ദേഹം ആര്യസമാജവേദിയിൽനിന്ന് വിടവാങ്ങി തന്റെ പൂർവ്വസമുദായത്തിൽ ചേർന്നു എന്നതായിരുന്നു അത്. സുബ്ഹാനല്ലാഹ്! എത്ര മഹത്തായൊരു വിജയമാണ് ഹദ്റത്ത് അഹ്മദ്(അ) മുഖേന ഇസ്ലാമിനു കൈവന്നത്!

ഇനിയും മുന്നോട്ടു പോവുക. ഈ സമരകോലാഹലത്തിനുശേഷം കുറച്ചുകാലത്തേക്ക് ആര്യൻ കേമ്പിൽ നിശബ്ദത പരന്നു. അനന്തരം ഏറ്റവും പ്രധാനപ്പെട്ട രണ്ടു പേർ സമരരംഗത്തേക്കു വന്നു. 'മുൻശി ഇന്ദ്രമൻ മുറാദബാദി', 'പണ്ഡിറ്റ് ലേഖ്റാം പിശാവരി' എന്നിവരായിരുന്നു അവർ. പണ്ഡിറ്റ് ലേഖ്റാമിന്റെ പദവി വളരെ ഉയർന്നതായിരുന്നു. ദയാനന്ദസ്വാമിക്കുശേഷം സമുദായത്തിനിടയിൽ ഏറ്റവുമധികം ബഹുമാനിക്കപ്പെട്ടിരുന്നത് അദ്ദേഹമായിരുന്നു. ചില കാര്യങ്ങളിൽ സ്വാമിജിയെക്കാളും ഉന്നതമായ സ്ഥാനം അദ്ദേഹത്തിന് നല്കപ്പെട്ടിരുന്നു. അദ്ദേഹവും ഇന്ദ്രമൻ മുറാദബാദിയും ഇസ്ലാമിന്റെ ബദ്ധവൈരികളായിരുന്നു. പരിഹാസത്തിലും ദുർഭാഷണത്തിലും സമർത്ഥരുമായിരുന്നു. ഹദ്റത്ത് അഹ്മദു(അ)മായി അവർ പോരാടിക്കൊണ്ടിരുന്നു. ആ പോരാട്ടത്തിന്റെ പര്യവസാനം ഇസ്ലാമിക ചരിത്രത്തിലെ, പ്രത്യേകിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിലെ, മഹത്തായൊരു വിജയമാണ്. അത് ആദ്ധ്യാത്മിക ബലപരീക്ഷയുമായി ബന്ധപ്പെട്ടതായതുകൊണ്ട്, ആ ഭാഗം പറയുമ്പോൾ അതിനെപ്പറ്റി വിവരിക്കാം.

ഹദ്റത്ത് അഹ്മദ്(അ) 1886 ൽ ഹൊശിയാർപൂരിൽവച്ച് ഒരു പ്രമുഖ ആര്യസമാജക്കാരനായ മാസ്റ്റർ 'മുരളീധരനു'മായി ഒരു വാദപ്രതിവാദം നടത്തി. ആ വാദപ്രതിവാദത്തിൽ മാസ്റ്റർ മുരളീധ രനു ഭയങ്കരമായ പരാജയം നേരിട്ടു. ആ വാദപ്രതിവാദത്തിന്റെ ന ടപടികൾ വിവരിച്ചുകൊണ്ട്, സുർമചശ്മെ ആര്യ എന്ന പേരിൽ ഹദ്റത്ത് അഹ്മദ്(അ) ഒരു ഗ്രന്ഥമെഴുതി. അത് അത്രമേൽ ഉത്ക്കൃ ഷ്ടമായൊരു ഗ്രന്ഥമാണ്– തന്നത്താൻ അപമാനിതനായിട്ടല്ലാതെ അതിന് മറുപടിയെഴുതാൻ ആർക്കും സാധിക്കുകയില്ല. അതിനുശേ ഷം 'ശഹ്നയെ ഹഖ്' എന്ന പേരിൽ മറ്റൊരു മഹത്തായ ഗ്രന്ഥം കൂടി വിരചിച്ചുകൊണ്ട് അദ്ദേഹം എതിരാളികളുടെ മേലുള്ള വിജയം പരിപൂർണ്ണമാക്കുകയും ആര്യസമാജക്കാരുടെ മതസിദ്ധാന്തങ്ങളെ തകർക്കുകയും ചെയ്തു. ആത്മാവിന്റെയും ധാതുവിന്റെയും അനാ ദിത്വം, പുനർജ്ജന്മം മുതലായ സിദ്ധാന്തങ്ങളെപ്പറ്റി 'സുർമചശ്മെ ആര്യ' എന്ന ഗ്രന്ഥത്തിൽ നടത്തിയിട്ടുള്ള യുക്തിപൂർവ്വമായ ചർച്ച ഉത്തരം പറയാൻ കഴിയാത്തതാണ്. ആത്മാവും ധാതുവും അനാദി യാണെന്നുള്ള വാദം ദൈവത്തിന്റെ ഗുണങ്ങളെ താറടിക്കുന്ന ഒന്നാ ണെന്നും അത് വിശ്വസിക്കുകയാണെങ്കിൽ ആര്യസമാജക്കാർ മൊ ത്തത്തിൽ സമ്മതിക്കുന്നതായ,ദൈവത്തിന്റെ ചില ഗുണങ്ങൾ– സൃ ഷ്ടിവൈഭവം, ഉടമസ്ഥത മുതലായ ഗുണങ്ങൾ പോലും നിഷേധി ക്കേണ്ടി വരുമെന്നും അദ്ദേഹം സമർത്ഥിച്ചു. ആത്മാവിന്റെയും ധാ തുവിന്റെയും അനാദിത്വം പുനർജ്ജന്മം എന്നീ സിദ്ധാന്തങ്ങൾ തെ റ്റായ വീക്ഷണത്തിന്റെയും തെറ്റായ അനുമാനത്തിന്റെയും ഫലമാ ണെന്നും അദ്ദേഹം സ്ഥാപിച്ചു. അതായത്, സൃഷ്ടികളുടെമേൽ നട ക്കുന്ന നിയമങ്ങൾകൊണ്ട് സ്രഷ്ടാവിനെ അളന്നതിന്റെ ഫലമാണ ത്. കൂടാതെ, പ്രകൃതി നിയമത്തെയും ന്യായപ്രമാണനിയമത്തെയും അവർ വേർതിരിക്കുകയുണ്ടായില്ല. രണ്ടും ഒന്നാണെന്ന് ധരിച്ചുകള ഞ്ഞു. യഥാർത്ഥത്തിൽ അത് രണ്ടും വെവ്വേറെ വൃത്തങ്ങളിൽ പ്രവ ർത്തിക്കുന്ന വ്യത്യസ്ത നിയമങ്ങളാണ്. ദൈവത്തിന്റെ വെളിപാട് വേദകാലത്തേക്കു മാത്രം പരിമിതമാണെന്നും അതിനുശേഷം എ ന്നേക്കുമായി അത് നിലച്ചിരിക്കുന്നുവെന്നുമുള്ള വിശ്വാസത്തെപ്പറ്റി അദ്ദേഹം ഇപ്രകാരമെഴുതി: സത്യവിശ്വാസമാകുന്ന ചെടിയെ കത്തി ച്ചു ഭസ്മമാക്കിക്കളയുന്ന ആപൽക്കരമായൊരു വിശ്വാസമാണത്. സത്യവിശ്വാസമാകുന്ന വൃക്ഷം ദൈവികമായ അടയാളങ്ങൾകൊ ണ്ടും ദൈവികമായ വെളിപാടുകൾ കൊണ്ടും പുതുതായി ജലസേ

ചനം ചെയ്യപ്പെട്ടില്ലെങ്കിൽ ഉണങ്ങിപ്പോകുന്ന ഒന്നാണ്. അതിനെ ഫലപുഷ്ടമാക്കി നിറുത്താൻ പുരാണകഥകൾക്ക് ഒരിക്കലും സാധിക്കുകയില്ല. ദൈവഭാഷണത്തിന്റെ കവാടം അടച്ചിടുന്ന മതങ്ങൾ നിർജ്ജീവങ്ങളാണ്. അവയുടെ കൈയ്യിൽ ശുഷ്കിച്ച കഥകളല്ലാതെ മറ്റൊന്നുമുണ്ടാവില്ല. വേദം മാത്രമാണ് ദൈവപ്രോക്തമെന്ന് കരുതുന്നത്, സർവ്വലോക രക്ഷിതാവാണെന്നുള്ള ദൈവഗുണത്തെ നിഷേധിക്കലാകുന്നു. ദൈവം ആര്യാവർത്തത്തിന്റെ മാത്രം രക്ഷിതാവല്ല, മുഴുവൻ ലോകത്തിന്റെയും രക്ഷിതാവാണ്. എല്ലാ ജനതകളിലും അവൻ ദൂതൻമാരെ അയക്കുകയും വചനങ്ങൾ ഇറക്കുകയും ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ സൻമാർഗ്ഗദർശനം പരിപൂർണ്ണമാക്കേണ്ട കാലം വന്നപ്പോൾ അവന്റെ പരിപൂർണ്ണമായ ന്യായപ്രമാണം പ്രവാചകപ്രഭുവായ ഹദ്റത്ത് മുഹമ്മദ്(സ.അ) തിരുമേനിയിൽ ഇറക്കുകയും ആ ന്യായപ്രമാണം, അതായത് വിശുദ്ധ ഖുർആൻ, മുഴുവൻ ലോകത്തിനും എല്ലാ കാലത്തിനും ബാധകമാക്കുകയും ചെയ്തു. എന്തെന്നാൽ, എല്ലാ ജനങ്ങൾക്കും കാലത്തിനും പറ്റിയ പരിപൂർണ്ണമായൊരു നിയമം ഇറക്കാവുന്ന അവസ്ഥയിലും കാലത്തിലും ലോകം അപ്പോൾ എത്തിച്ചേർന്നിട്ടുണ്ടായിരുന്നു. അതിനുശേഷവും ദൈവം വെളിപാടിന്റെ കവാടം അടയ്ക്കുകയുണ്ടായില്ല. അത് ഇപ്പോഴും തുറന്നിരിക്കുകയാണ്. മേലിലും തുറന്നിരിക്കുകയും ചെയ്യും. പരിമിതമായ കർമ്മങ്ങൾക്ക് അപരിമിതമായ ഫലം കിട്ടുകയില്ലെന്നുള്ള ആര്യൻ സിദ്ധാന്തത്തെപ്പറ്റി അദ്ദേഹം ഇങ്ങനെ പറഞ്ഞു- നിശ്ചയമായും മനുഷ്യന്റെ കർമ്മം പരിമിതമാണ്. എന്നാൽ, അനുസരണമുള്ള ഭക്തന്റെ മനോനിശ്ചയം പരിമിതമല്ല. അതിനാൽ, അവനുള്ള പ്രതിഫലം പരിമിതമായിരിക്കണമെന്നില്ല. കൂടാതെ കർമ്മം പരിമിതമായിട്ടുള്ളത് മനുഷ്യന്റെ അഭീഷ്ടമനുസരിച്ചല്ല. അത് ദൈവനിയമത്തിന്റെ ഫലമാണ്. എന്തെന്നാൽ, ദൈവത്തിന്റെ നിയമമനുസരിച്ചുള്ള മരണം സംഭവിച്ചില്ലായിരുന്നെങ്കിൽ, നല്ല മനുഷ്യരുടെയെല്ലാം വിചാരം എപ്പോഴും സൽക്കർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കണമെന്നായിരിക്കും. യഥാർത്ഥമായ പശ്ചാത്താപവും മാനസാന്തരവുമുണ്ടായാലും ദൈവം പാപം പൊറുക്കുകയില്ലെന്നുള്ളത് മനുഷ്യ പ്രകൃതിക്കുപോലും നിരക്കാത്ത സിദ്ധാന്തമാണ്. മനുഷ്യർക്കിടയിൽ അഭിനന്ദനാർഹമായി കരുതപ്പെടുന്ന ഒരു കാര്യം ദൈവത്തിന് വകവെച്ചുകൊടുക്കാൻ ആര്യസമാജക്കാർ ഇഷ്ടപ്പെടുന്നില്ല. അവരുടെ 'നിയോഗ'മാണെങ്കിൽ അഭിമാനമുള്ള ആർക്കും

സഹിക്കാനോ അംഗീകരിക്കാനോ കഴിയാത്തവിധം നീചവും ലജ്ജാകരവുമായ പ്രവൃത്തിയാണ്.

ചുരുക്കത്തിൽ, ആര്യസമാജക്കാരുടെ എല്ലാ സിദ്ധാന്തങ്ങളെപ്പറ്റിയും അദ്ദേഹം ഏറ്റവും വ്യക്തമായ നിലയിൽ വിവാദം നടത്തി. ബുദ്ധിപരമായും പ്രമാണപരമായും അവയെ അദ്ദേഹം ഖണ്ഡിച്ചു. കൂടാതെ ഇന്നു നിലവിലുള്ള വേദത്തിന്റെ അദ്ധ്യാപനം അപ്പടി ദോഷകലുഷവും സൃഷ്ടിപൂജാപരവുമാണെന്നും അവ മനുഷ്യനിൽ യഥാർത്ഥമായ സത്യവിശ്വാസവും പരിഷ്കാരവും ഉണ്ടാക്കാൻ പര്യാപ്തമല്ലെന്നും തെളിയിക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ ഈ ലേഖനങ്ങൾ ആര്യസമാജക്കാരുടെ വായടച്ചു കളഞ്ഞു. ആയിടെ, കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തുന്ന ഊമക്കത്തുകൾ ചിലർ അദ്ദേഹത്തിന് അയച്ചു. അതൊന്നും കാര്യമായെടുക്കാതെ അദ്ദേഹം തന്റെ ജോലി വളരെ കൃത്യതയോടുകൂടി തുടർന്നു കൊണ്ടിരുന്നു. ആര്യധർമ്മം, നസീമെ ദഅ്വത്ത്, സനാതനധർമ്മം, ഖാദിയാൻകെ ആര്യ ഔർ ഹം എന്നിങ്ങനെ ഉജ്ജ്വലങ്ങളായ ചില ഗ്രന്ഥങ്ങളെഴുതി ആര്യസമാജക്കാരുടെ തകർന്നകോട്ടയുടെ ഇടിപൊളികളിന്മേൽ കൂടുതൽ ഉണ്ടകൾ അദ്ദേഹമുതിർത്തു. ഒടുക്കം 1907-ൽ ആര്യസമാജക്കാർ ലാഹോറിലെ വിച്ഛുവാലി എന്ന സ്ഥലത്ത് ഒരു മതസമ്മേളനത്തിന് ഏർപ്പാട് ചെയ്യുകയും ഹദ്റത്ത് അഹ്മദി(അ)നെയും അതിൽ പങ്കുകൊള്ളാൻ ക്ഷണിക്കുകയും ചെയ്തു. അദ്ദേഹം ഏറ്റവും ഇജ്ജ്വലമായൊരു ഉപന്യാസമെഴുതി അതിലേക്കയച്ചു. എന്നാൽ, ആര്യസമാജികൾ, വാഗ്ദാനത്തിനും ആതിഥേയ മര്യാദയ്ക്കുമെതിരായി പ്രവർത്തിക്കുകയാണ് ചെയ്തത്. അവർ അവരുടെ പ്രസംഗങ്ങൾ ചീത്തപറയുവാനും പരിഹസിക്കുവാനും മനോവേദന ഉണ്ടാക്കുവാനും ഉപയോഗപ്പെടുത്തിക്കൊണ്ട് ഇസ്ലാം മതത്തെയും അതിന്റെ പരിശുദ്ധ സ്ഥാപകരെയും കഠിനമായി ആക്ഷേപിച്ചു. ഈ വിവരമറിഞ്ഞപ്പോൾ ഹദ്റത്ത് അഹ്മദിന്റെ(അ) ഇസ്ലാമിക രക്തം തിളച്ചു. ഉടനടി അദ്ദേഹം 'ചശ്മയെ മഅ്രിഫത്ത്' (ജ്ഞാന നിർഝരി) എന്നു പേരായ ഒരു സമുജ്ജ്വലവും നിസ്തുലവുമായ ഗ്രന്ഥം രചിച്ചു. യഥാർത്ഥത്തിൽ അദ്ദേഹം തന്റെ പേനയുടെ ചലനത്തിൽ ജ്ഞാനനിർഝരിയുടെ മുഖം തുറന്നു കൊടുക്കുകയാണ് ചെയ്തത്. വിവാദരംഗത്തിൽ അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് ആര്യൻകേമ്പിലേക്ക് എറിയപ്പെട്ട ഒടുവിലത്തെ ഉണ്ടയായിരുന്നു അത്. ആ ഉണ്ട തയ്യാറാക്കിയ മനുഷ്യന്റെ കൈക്കു

അല്ലാഹു എത്രത്തോളം ശക്തിയാണ് നല്കിയിട്ടുള്ളതെന്ന് ആ ഗ്രന്ഥം വായിച്ചവർക്കു മാത്രമേ മനസ്സിലാക്കാൻ കഴിയൂ! വിദ്വേഷത്തിൽ മുഴുകിയ ശത്രു അടങ്ങുക പതിവില്ല. എന്നാൽ, അവന്റെ പിടച്ചൽകൊണ്ട് ബുദ്ധിയുള്ളവർക്ക് കാര്യം മനസ്സിലാക്കാൻ കഴിയും. അവനു കഠിനമായി പരുക്കേറ്റിരിക്കയാണെന്നും അവൻ അതിൽനിന്ന് രക്ഷ പ്രാപിക്കുന്നത് അസാദ്ധ്യമാണെന്നും, ആരെങ്കിലും ഇസ്‌ലാമിന് സേവനം ചെയ്യുകയെന്ന ലക്ഷ്യത്തോടുകൂടി സുർമചശ്മെ ആര്യ, ചശ്മെ ആര്യ, ചശ്മയെ മഅ്‌രിഫത്ത് എന്നീ ഗ്രന്ഥങ്ങൾ കൈയിലെടുത്തുകൊണ്ട് ആര്യസമാജവൃത്തത്തിൽ എവിടെ പോയാലും നിശ്ചയമായും വിജയം അയാളുടെ പാദങ്ങളെ ചുംബിക്കുകയും വിജയപതാക അയാളുടെ തലക്കുമീതെ പറക്കുകയും ചെയ്യും.

ഇനി ആദ്ധ്യാത്മിക ബലപരീക്ഷയെപ്പറ്റി പറയാം. ഒന്നാമത്തേത് ആര്യസമാജത്തിന്റെ സ്ഥാപകനായ സ്വാമി ദയാനന്ദന്റെ കഥയാണ്. അദ്ദേഹം ജീവിച്ചിരിക്കുമ്പോൾ ഹദ്‌റത്ത് അഹ്മദ്(അ) അല്ലാഹുവിൽനിന്ന് അറിയിപ്പു കിട്ടിയതനുസരിച്ച്, സ്വാമിജിയുടെ അന്ത്യമടുത്തെന്നും താമസിയാതെ അദ്ദേഹം ലോകത്തുനിന്ന് മറഞ്ഞുപോകുമെന്നും പ്രവചിച്ചു. അദ്ദേഹം അനേകം ആര്യസമാജക്കാരോടുതന്നെയും ഈ വിവരം പറഞ്ഞിരുന്നു. അതിനുശേഷം അധികനാൾ ജീവിച്ചിരിക്കാൻ സ്വാമിജിക്ക് കഴിഞ്ഞില്ല.

അതിനുശേഷം, മുകളിൽ പറഞ്ഞതുപോലെ മുൻശി ഇന്ദ്രമൻ മുറാദാബാദി എതിരിൽ വന്നു. ഈ മനുഷ്യൻ മുൻകോപിയും ദുർഭാഷണക്കാരനുമായിരുന്നു. അദ്ദേഹത്തിന്റെ ദുർഭാഷണത്തിന്റെ മാതൃക കാണണമെങ്കിൽ ഹദ്‌റത്ത് അഹ്മദ്(അ)ന്റെ ‘കിത്താബുൽബരിയ്യ’ നോക്കുക. അദ്ദേഹം ഇസ്‌ലാമിനെ എതിർത്ത മര്യാദയുടെ നിലവാരം ഹദ്‌റത്ത് അഹ്മദ്(അ) അതിൽ ഉദ്ധരിച്ചിട്ടുണ്ട്.

ഹദ്‌റത്ത് അഹ്മദ്(അ) തെളിവ് പൂർത്തിയാക്കാനുള്ള ഉദ്ദേശ്യത്തോടെ, 1885ൽ ഇപ്രകാരമൊരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരുന്നു: "ഏതെങ്കിലും അന്യമതത്തിന്റെ ഒരു അനുയായി -അയാൾ അയാളുടെ സമുദായത്തിൽ പ്രത്യേക വ്യക്തിത്വമുള്ള ആളായിരിക്കണം- ഖാദിയാനിൽവന്ന് എന്റെ അടുക്കൽ ഒരു കൊല്ലം താമസിക്കട്ടെ. ആ കാലത്തിനിടയിൽ ഇസ്‌ലാമിന്റെ സത്യം തെളിയിക്കുന്ന ഒരു അടയാളവും അയാൾ കാണാതിരിക്കുകയാ

ണെങ്കിൽ മാസത്തിൽ 200ക. തോതിൽ 2400ക. ഞാൻ അയാൾക്ക് റൊക്കമായി കൊടുത്തു കൊള്ളാം. ദൈവികമായ അടയാളമെന്തെങ്കിലും കാണുകയാണെങ്കിൽ, ഇവിടെ വെച്ചുതന്നെ ഇസ്‌ലാം മതം സ്വീകരിക്കുകയും ആ കാര്യം പ്രഖ്യാപിക്കുകയും ചെയ്യേണ്ടത് അയാളുടെ കർത്തവ്യമായിരിക്കും. വാഗ്ദാനം ചെയ്യപ്പെട്ട പണത്തെ സംബന്ധിച്ചു ഏതു വിധത്തിൽ വേണമെങ്കിലും ഉറപ്പു നല്കാൻ ഞാൻ ഒരുക്കമാണ്."

ഈ വിജ്ഞാപനം കണ്ടതോടെ മേൽപറഞ്ഞ ഇന്ദ്രമൻ വലിയ ആവേശത്തോടും ഉത്സാഹത്തോടുംകൂടി എഴുന്നേറ്റ് ബലപരീക്ഷയ്ക്ക് വരാനുള്ള സന്നദ്ധത പ്രകടിപ്പിച്ചു. സംഖ്യ തനിക്ക് ആദ്യം കാണിച്ചു കൊടുക്കണമെന്നും തന്റെ മുമ്പാകെതന്നെ വിശ്വാസയോഗ്യനായ ഒരു മദ്ധ്യസ്ഥനെ ഏല്പിക്കണമെന്നും അദ്ദേഹം എഴുതി. ഇതേ ഉദ്ദേശ്യത്തോടുകൂടി അദ്ദേഹം 'നാഭ'യിൽനിന്ന് 'ലാഹോറി'ൽ വരികയും ചെയ്തു. ഹദ്റത്ത് അഹ്മദ്(അ) ഉടൻ തന്റെ ഒരു വിശ്വസ്ത ശിഷ്യനായ ഹദ്റത്ത് മിയാൻ അബ്ദുല്ലാഹ് സാഹിബ് സിന്നൗരിയെ ഖാദിയാനിൽനിന്ന് ലാഹോറിലേക്കയച്ചു. ലാഹോറിലെ ചില സ്നേഹിതൻമാർക്ക് കത്തു കൊടുത്ത്, അവിടെനിന്നു പണം വാങ്ങി ഇന്ദ്രമന്റെ അടുക്കൽ പോകാനായി സിന്നൗരിസാഹിബിനു നിർദ്ദേശം നല്കി. സിന്നൗരിസാഹിബ് ലാഹോറിൽ ചെന്നു സ്നേഹിതൻമാരെ കാണുകയും അന്നു രാത്രി തന്നെ ഇന്ദ്രമനു ഒരു കത്തയക്കുകയും ചെയ്തു. തങ്ങൾ പിറ്റേന്നു കാലത്ത് സംഖ്യയുമായി അദ്ദേഹം താമസിക്കുന്ന സ്ഥലത്ത് വരുന്നതാണെന്നും അതുകൊണ്ട് പുറത്തെങ്ങും പോകാതെ കാത്തിരിക്കണമെന്നും ആ കത്തിൽ സിന്നൗരി സാഹിബ് എഴുതിയിട്ടുണ്ടായിരുന്നു. അതനുസരിച്ച് രാത്രി അദ്ദേഹം സംഖ്യ തയ്യാറാക്കുകയും കാലത്ത് മുൻശി ഇന്ദ്രമന്റെ താമസസ്ഥലത്ത് ചെല്ലുകയും ചെയ്തു. എന്നാൽ, ഇന്ദ്രമൻ അവിടെ ഉണ്ടായിരുന്നില്ല. അദ്ദേഹം രാത്രി തന്നെ വണ്ടി കയറി എങ്ങോട്ടോ പോയിക്കളഞ്ഞെന്ന് അന്വേഷണത്തിൽനിന്നു മനസ്സിലാക്കാൻ കഴിഞ്ഞു. ഇന്ദ്രമന്റെ ആദ്ധ്യാത്മിക പരീക്ഷ അതോടുകൂടി അവസാനിക്കുകയാണുണ്ടായത്. സ്വന്തം വീട്ടിൽ ചെന്നതിനുശേഷം തന്റെ തിരിച്ചോട്ടത്തിന്റെമേൽ മറയിടാനായി അദ്ദേഹം ഒരു ശ്രമം നടത്തി. പക്ഷേ, സൂര്യന്റെ നേരെ മണ്ണ് വാരി എറിയുന്നതുകൊണ്ട് ഫലമെന്തുണ്ടാവാനാണ്?

അതിനുശേഷം പണ്ഡിറ്റ് ലേഖ്റാമിന്റെ ഊഴം വന്നു. അദ്ദേഹം

ദുഷിച്ച നാക്കുകാരനും പരിഹാസിയുമായിരുന്നു. അദ്ദേഹത്തിന്റെ പേനയും നാക്കും മൂർച്ചയേറിയ കത്തിക്ക് സമാനമായിരുന്നു. അദ്ദേഹം ഹദ്റത്ത് അഹ്മദ്(അ)മായി എതിർക്കുന്നതിനുവേണ്ടി ഒരിക്കൽ ഖാദിയാനിൽ വരികയുണ്ടായി. എന്നാൽ, ഏതാനും ദിവസം ശത്രുക്കളുടെകൂടെ താമസിച്ച് മടങ്ങിപ്പോവുകയാണ് ചെയ്തത്. അതിനുശേഷം ഹദ്റത്ത് അഹ്മദിനോട്(അ) ദൈവികമായ അടയാളത്തിനായി അദ്ദേഹം ആവശ്യപ്പെട്ടു. ഹദ്റത്ത് അഹ്മദ്(അ) ലേഖ്റാമിനെപ്പറ്റി പ്രാർത്ഥിച്ചു. ആ പ്രാർത്ഥനയ്ക്കുത്തരമായി മഹത്തായ ഒരു പ്രവചനത്തെപ്പറ്റി അല്ലാഹു അദ്ദേഹത്തിന് വിവരമറിയിച്ചു. 1893 ഫെബ്രുവരി 20 നു പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിൽ ഹദ്റത്ത് അഹ്മദ്(അ) ഇപ്രകാരം പറഞ്ഞു:

അറിഞ്ഞു കൊണ്ടാലും! ഞാൻ 1886 ഫെബ്രവരി 20-നു ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും അത് ആ ഗ്രന്ഥത്തോടു കൂടി ചേർക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ആ വിജ്ഞാപനത്തിൽ ഇന്ദ്രമൻ മുറാദാബാദിക്കും ലേഖ്റാം പിശാവരിക്കും അവർ ഇഷ്ടപ്പെടുകയാണെങ്കിൽ അവരുടെ അന്ത്യത്തെപ്പറ്റി ചില പ്രവചനങ്ങൾ ചെയ്യാമെന്ന് ആഹ്വാനം നല്കിയിട്ടുണ്ടായിരുന്നു. ആ വിജ്ഞാപനത്തിനുശേഷം ഇന്ദ്രമൻ ഒഴിഞ്ഞുമാറുകയും കുറച്ചു കാലത്തിനു ശേഷം മരണമടയുകയും ചെയ്തു. എന്നാൽ, ലേഖ്റാമാകട്ടെ, തന്നെപ്പറ്റി എന്തു പ്രവചനം വേണമെങ്കിലും ചെയ്തുകൊള്ളാനും അങ്ങനെ ചെയ്യുന്നത് തനിക്ക് സമ്മതമാണെന്നും അറിയിച്ചുകൊണ്ട് വളരെ ധൈര്യത്തോടുകൂടി ഒരു കാർഡ് എനിക്ക് അയക്കുകയാണുണ്ടായത്. അദ്ദേഹത്തെപ്പറ്റി പ്രാർത്ഥിച്ചപ്പോൾ സർവ്വശക്തനായ അല്ലാഹുവിൽനിന്ന് എനിക്ക് ഇപ്രകാരം വെളിപാടുണ്ടായി:

عجلٌ جسدٌ لهٗ خوارٌ ۔ لهٗ نصبٌ وعذاب ۔

അതായത്, "അയാൾ ജീവനില്ലാത്ത ഒരു പശുക്കുട്ടിയാണ്. അയാളിൽ നിന്ന് ദുഷിച്ചൊരു ശബ്ദം പുറപ്പെട്ടുകൊണ്ടിരിക്കുന്നു. അയാൾക്ക് ആ വിക്രിയകൾക്കും ദുർഭാഷണങ്ങൾക്കും പകരമായി ശിക്ഷയും ദുഃഖവും നാശവും വിധിക്കപ്പെട്ടിരിക്കുന്നു. അതയാൾക്ക് കിട്ടാതെ പോവുകയില്ല." അതിനുശേഷം ആ ശിക്ഷയുടെ സമയം അറിയുന്നതിനുവേണ്ടി, 1893 ഫെബ്രവരി 20നു തിങ്കളാഴ്ചയായ ഇന്ന് പ്രാർത്ഥന നടത്തിയപ്പോൾ "ഇന്നത്തെ തിയതി മുതൽ 6 കൊല്ലത്തിനുള്ളിൽ ആ മനുഷ്യൻ അയാളുടെ ദുർഭാഷണത്തിന്

പകരമായി അതായത് അയാൾ നബിതിരുമേനിയുടെ നേർക്ക് കാണിച്ച അവഹേളനത്തിന് പകരമായി, കഠിനമായ ശിക്ഷയിൽ അകപ്പെടുന്നതാണെന്ന് സർവ്വശക്തനായ അല്ലാഹു എനിക്ക് വെളിപ്പെടുത്തിത്തന്നിരിക്കുന്നു. അതിനാൽ ഞാനിപ്പോൾ ഈ പ്രവചനം പ്രസിദ്ധപ്പെടുത്തിക്കൊണ്ട് എല്ലാ മുസ്ലിംകളെയും ആര്യസമാജക്കാരെയും ക്രിസ്ത്യാനികളെയും മറ്റു ജനവിഭാഗങ്ങളെയും അറിയിച്ചുകൊള്ളുന്നു- ആ മനുഷ്യന്റെമേൽ ഇന്നു മുതൽ ആറ് കൊല്ലക്കാലത്തിനുള്ളിൽ സാധാരണ ക്ലേശങ്ങളിൽനിന്ന് വ്യത്യസ്തവും അസാധാരണ സ്വഭാവത്തോടുകൂടിയതും ദൈവകോപത്തിന്റെ ലക്ഷണമുൾക്കൊള്ളുന്നതുമായ ആപത്ത് ഇറങ്ങുന്നില്ലെങ്കിൽ ഞാൻ ദൈവത്തിന്റെ ഭാഗത്തുനിന്നുള്ളവനല്ലെന്നും എന്റെ വാക്കിന് അവനുമായിയാതൊരു ബന്ധവുമില്ലെന്നും ധരിച്ചുകൊള്ളണം. ഈ പ്രവചനം നിറവേറാതിരിക്കുകയാണെങ്കിൽ ഏതൊരു ശിക്ഷയും അനുഭവിക്കാൻ ഞാൻ ഒരുക്കമാണ്. കഴുത്തിനു കയറിട്ടു ഏതെങ്കിലും തൂക്കുമരത്തിൽ എന്നെ കയറ്റുകയാണെങ്കിൽ അതും എനിക്ക് സമ്മതമാണ്.

അതേ വിജ്ഞാനപനത്തിന്റെ തുടക്കത്തിൽ ഹദ്റത്ത് അഹ്മദ് അ), ലേഖ്റാമിനെ സംബന്ധിച്ച് താഴെ ഉദ്ധരിക്കുന്ന പേർസ്യൻ പദ്യങ്ങളും ചേർത്തിട്ടുണ്ടായിരുന്നു:

الا اے دشمن نادان و بے راہ بترس از تیغ بران محمد
رہ مولیٰ کہ گم کردند مردم بجو در آل و اعوان محمد
الا اے منکر از شان محمد ہم از نور نمایان محمد
کرامت گرچہ بے نام و نشان است
بیا بنگر ز غلمان محمد

സൂക്ഷിച്ചു കൊള്ളുക, അവിവേകിയും വഴിപിഴച്ചവനുമായ ഇസ്ലാമിന്റെ ശത്രുവേ! (നീ നിന്റെ നാവാകുന്ന കഠാരി തെല്ലുനേരം അടക്കിവെക്കുക). ഹദ്റത്ത് മുഹമ്മദ്(സ) തിരുമേനിയുടെ മാരകമായ ഖഡ്ഗത്തെ ഭയപ്പെട്ടാലും. അല്ലാഹുവിന്റെ അടുക്കലേക്ക് എത്താനുള്ളതും ജനങ്ങൾക്ക് നഷ്ടപ്പെട്ടുപോയതുമായ മാർഗ്ഗത്തെ ഹദ്റത്ത് മുഹമ്മദ്(സ.അ) തിരുമേനിയുടെ ആദ്ധ്യാത്മിക സന്താനങ്ങളിലും അദ്ദേഹത്തിന്റെ മതത്തിന്റെ സഹായികളിലും അന്വേഷിക്കുക. മുഹമ്മദുനബി(സഅ) തിരുമേനിയുടെ ഉൽക്കൃഷ്ടമായ പദ

വിയേയും വ്യക്തമായ പ്രകാശത്തേയും നിഷേധിക്കുന്ന ഹേ മനുഷ്യാ! ഇക്കാലത്ത് അത്ഭുതകൃത്യങ്ങളുടെ പേരും അടയാളവും മറഞ്ഞുപോയിരിക്കുകയാണ്. എന്നാൽ, മുഹമ്മദുനബി(സ.അ) തിരുമേനിയുടെ ദാസരായ ഞങ്ങളുടെ അടുക്കൽവന്ന് അത് കണ്ടുകൊള്ളുക.

പിന്നീട്, 1893 ഏപ്രിൽ 2-ാം തിയതി വീണ്ടും അദ്ദേഹമൊരുവിജ്ഞാപനം പ്രസിദ്ധപ്പെടുത്തി. അതിൽ ഇങ്ങനെ പ്രഖ്യാപിച്ചു:

1893 ഏപ്രിൽ 2-ാം തിയതി അതായത് 1310 റമദാൻ 14-ാം തിയതിയായ ഇന്ന് പുലർകാലത്ത് ലേശമൊരു മയക്കത്തിന്റെ അവസ്ഥയിൽ ഞാൻ കണ്ടു. ഞാനൊരു വിശാലമായ കെട്ടിടത്തിൽ ഇരിക്കുകയാണ്. ചില സ്നേഹിതൻമാരും എന്നോടൊന്നിച്ചുണ്ട്. തൽസമയം ശക്തകായനും ഭയങ്കരരൂപിയുമായ ഒരാൾ എന്റെ മുമ്പിൽ വന്നു നിന്നു. അയാളുടെ മുഖത്തുനിന്ന് ചോര ഇറ്റുവീഴുന്നതായി തോന്നി. ഞാൻ ദൃഷ്ടി ഉയർത്തി നോക്കിയപ്പോൾ അയാൾ ഒരു പുതിയ ആകൃതിയിലും പ്രകൃതിയിലുമുള്ള ആളാണെന്നും എനിക്ക് തോന്നി. അദ്ദേഹം മനുഷ്യനല്ല ഉഗ്രന്മാരായ മലക്കുകളിൽ ഒരാളാണെന്ന് എനിക്ക് മനസ്സിലായി. അദ്ദേഹത്തിന്റെ ഭയങ്കരാകാരം എന്റെ ഹൃദയത്തെ സ്പർശിച്ചു. ഞാൻ നോക്കിക്കൊണ്ടിരിക്കേ, ലേഖ്റാം എവിടെ എന്നദ്ദേഹമെന്നോട് ചോദിച്ചു. മറ്റൊരാളുടെപേർ കൂടി പറഞ്ഞു കൊണ്ട് അയാളും എവിടെ എന്നദ്ദേഹം ചോദിച്ചു. അദ്ദേഹം ലേഖ്റാമിനേയും മറ്റെ ആളെയും ശിക്ഷിക്കാൻവേണ്ടി നിയോഗിക്കപ്പെട്ടിരിക്കയാണെന്ന് അപ്പോൾ എനിക്ക് മനസ്സിലായി. എന്നാൽ മറ്റെ ആൾ ആരാണെന്ന് എനിക്ക് മനസ്സിലായില്ല.

പിന്നീട് 1893ൽ അദ്ദേഹം തന്റെ 'ബറക്കാത്തുദ്ദുആ' എന്ന ഗ്രന്ഥത്തിൽ സർസയ്യിദ് അഹ്മദ്ഖാനെ അഭിസംബോധന ചെയ്തു കൊണ്ടു ഇപ്രകാരമെഴുതി:

اے کہ گوئی گر دعاہا را اثر بودے کجاست     سوئے من بشتاب بنمایم ترا چوں آفتاب
ہاں مکن انکار زیں اسرار قدرتہائے حق
قصہ کوتاہ کن ببیں از ما دعائے مستجاب

പ്രാർത്ഥനയ്ക്ക് വല്ല ഫലവുമുണ്ടെങ്കിൽ അത് എവിടെ എന്ന് ചോദിക്കുന്ന മനുഷ്യാ! എന്റെ അടുക്കൽ വേഗം വരൂ. ദുആയുടെ

ഫലം സൂര്യനെപ്പോലെ വ്യക്തമായി നിങ്ങൾക്ക് കാണിച്ചു തരാം. ദൈവത്തിന്റെ ഗോപ്യങ്ങളായ ശക്തിമാഹാത്മ്യങ്ങളെ നിങ്ങൾ നിഷേധിക്കാതിരിക്കുക! ദുആയുടെ ഫലം കാണണമെങ്കിൽ വരൂ; ആരെപ്പറ്റിയുള്ള ദുആ സ്വീകരിക്കപ്പെട്ടിരിക്കുന്നുവെന്ന് അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നുവോ ആ ദുആയുടെ ഫലം കണ്ടുകൊള്ളുക.

'ആരെപ്പറ്റിയുള്ള ദുആ' എന്നു പറഞ്ഞിടത്ത് ചേർത്തിട്ടുള്ള ഒരു കുറിപ്പിൽ ലേഖ്റാമിന്റെ മരണത്തെപ്പറ്റിയുള്ള ദുആ എന്ന വ്യാഖ്യാനം ആ സമയത്തുതന്നെ അദ്ദേഹം നല്കിയിട്ടുണ്ടായിരുന്നു.

വീണ്ടും 1893-ൽ അദ്ദേഹം തന്റെ 'കറാമാത്തുസ്സ്വാദിഖീൻ' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതി:

وبشرنی ربی وقال مبشرًا    ستعرف یوم العید اقرب

ലേഖ്റാമിന്റെ മരണം സംബന്ധിച്ച് സുവിശേഷമറിയിച്ചു കൊണ്ട് അല്ലാഹു പറഞ്ഞു: അടുത്തുതന്നെ ആ പെരുന്നാൾ ദിനത്തെ നീ അറിയും; യഥാർത്ഥമായ പെരുന്നാൾ ആ പെരുന്നാളിനടുത്തായിരിക്കുകയും ചെയ്യും.

ലേഖ്റാമിന്റെ മരണം പെരുന്നാളിനോട് അടുത്ത ഒരു ദിവസത്തിൽ സംഭവിക്കുമെന്ന ഈ വാർത്ത ചില ആര്യസമാജപത്രങ്ങളിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരുന്നു (സമാചാർ പത്രം തുടങ്ങിയവ നോക്കുക).

ഇത് ഹദ്റത്ത് അഹ്മദി(അ)ന്റെ ഭാഗത്തുനിന്നുണ്ടായ പ്രവചനമാണ്. ഇനി ലേഖ്റാമിന്റെ ഭാഗത്തുനിന്ന് എന്തു സംഭവിച്ചുവെന്ന് നോക്കുക. പണ്ഡിറ്റ് ലേഖ്റാം അദ്ദേഹത്തിന്റെ ഒരു ഗ്രന്ഥത്തിൽ ഹദ്റത്ത് അഹ്മദി(അ)നെതിരായി ഇപ്രകാരമെഴുതി:

"കള്ളം പറയുന്നവനെ അവന്റെ വാതിക്കലോളമോടിക്കേണ്ടതാണെന്ന ആപ്തവാക്യമനുസരിച്ച് മിർസാസാഹിബിന്റെ ഈ ഒടുവിലത്തെ അപേക്ഷയും ഞാൻ സ്വീകരിച്ചു കൊണ്ട് മുബാഹല ഇവിടെത്തന്നെ അച്ചടിപ്പിച്ച് പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

"പണ്ഡിറ്റ് താരാസിങ്ങ് ശർമ്മയുടെ മകനും 'തക്ക്ദീബെ ബറാഹീനെ അഹ്മദിയ്യാ'യുടെയും ഈ ഗ്രന്ഥത്തിന്റെയും കർത്താവുമാ

യ ലേഖ്റാം എന്ന ഞാൻ മനസ്സാന്നിദ്ധ്യത്തോടും സത്യബോധ ത്തോടുംകൂടി പറയുന്നു: ഞാൻ സുർമചശ്മെആര്യ എന്ന ഗ്രന്ഥം ആദ്യം മുതൽ അവസാനംവരെ വായിച്ചു- ഒരിക്കലല്ല, അനേകപ്രാ വശ്യം. അതിലെ തെളിവുകൾ നല്ലതുപോലെ മനസ്സിലാക്കുകയും ചെയ്തു. എന്നാൽ, അവയുടെ അബദ്ധത്തെ സത്യധർമ്മമായ വേദ ത്തെ പ്രമാണമാക്കി ഈ പുസ്തകത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടു ണ്ട്. മിർസാ സാഹിബിന്റെ തെളിവുകളൊന്നും എന്റെ ഹൃദയത്തിനു തെല്ലും ഫലം ചെയ്തിട്ടില്ല. അവ സത്യവുമായി ബന്ധപ്പെട്ടവയുമ ല്ല. ഞാൻ എന്റെ **ജഗൽപിതാവായ പരമേശ്വരനെ** സാക്ഷിയാക്കി ക്കൊണ്ട് ഏറ്റു പറയുന്നു- നാലു വിശുദ്ധ വേദങ്ങളും സത്യമാർഗ്ഗ ത്തിന്റെ അടിസ്ഥാനമാണെന്ന് ഞാൻ എപ്രകാരം വിശ്വസിക്കുന്നു വോ അപ്രകാരം എന്റെ ആത്മാവിനും മറ്റെല്ലാ ആത്മാക്കൾക്കും ഒരിക്കലും പൂർണ്ണമായ നാശം ഉണ്ടാവുന്നതല്ലെന്നും ഒരിക്കലും ഉണ്ടായിട്ടില്ലെന്നും ഞാൻ ദൃഢമായി വിശ്വസിക്കുന്നു. എന്റെ ആത്മാ വിനെ ആരും സൃഷ്ടിച്ചതല്ല. അത് എന്നും പരമാത്മാവിന്റെ അനാദി ശക്തിയിൽനിന്നിരുന്നതും നിലനില്ക്കുന്നതുമാണ്. അതുപോലെ തന്നെ എന്റെ ശരീരത്തിന്റെ ധാതുവും, അതായത് പ്രകൃതി അല്ലെ ങ്കിൽ പരമാണു, അനാദിയായ പരമാത്മാവിന്റെ അധീനത്തിൽ ഉ ണ്ടായിരുന്നതാണ്; ഒരിക്കലും ഇല്ലാതാവുകയില്ല. മുഴുവൻ ജഗത്തി ന്റെയും സൃഷ്ടി സംഹാരങ്ങൾ നിർവ്വഹിക്കുന്നത് ഒരുവനാണ്. മ റ്റാരും അവന് പങ്കാളിയായിട്ടില്ല. ഞാൻ പരമേശ്വരനെപ്പോലെ മുഴുവ ൻ ലോകത്തിന്റെയും ഉടമസ്ഥനോ നിർമ്മാതാവോ അല്ല; സർവ്വ വ്യാപിയും സർവ്വാന്തര്യാമിയുമല്ല. നേരെമറിച്ച്, ആ മഹാശക്തിമാ ന്റെ ഒരു എളിയ സേവകൻ മാത്രമാണ്. എന്നാൽ, അവന്റെ ജ്ഞാന ത്തിലും ശക്തിയിലും എന്നും ഉള്ളവനാണ്. ഒരിക്കലും ഇല്ലാതാ യിട്ടില്ല. ഇല്ലായ്മയ്ക്കൊരു സ്ഥലമില്ല. യാതൊരു വസ്തുവിനും ഇല്ലായ്മയുമില്ല. അതുപോലെതന്നെ കർമ്മത്തിനനുസരിച്ച് മഹാ കൽപം വരെ മുക്തി കിട്ടിക്കൊണ്ടിരിക്കുമെന്നും അതിനുശേഷം പരമാത്മാവിന്റെ ന്യായമനുസരിച്ച് വീണ്ടും മനുഷ്യജന്മം കൈക്കൊ ള്ളേണ്ടി വരുമെന്നും പരിമിതമായ കർമ്മത്തിന് അപരിമിതമായ ഫലം സിദ്ധിക്കുകയില്ലെന്നുമുള്ള വേദത്തിന്റെ ന്യായപൂർവ്വമായ അദ്ധ്യാപനത്തിലും ഞാൻ വിശ്വസിക്കുന്നു.... പരമേശ്വരൻ പാപ ങ്ങൾ അശേഷം പൊറുക്കുകയില്ലെന്നും ഞാൻ വിശ്വസിക്കുന്നു. ഞാൻ വേദങ്ങളുടെ അടിസ്ഥാനത്തിൽ ഇങ്ങനെയും ദൃഢമായിവി

ശ്വസിക്കുന്നു. നാല് വേദങ്ങളും ഈശ്വരജ്ഞാനമാണ്. അതിൽ അൽപമെങ്കിലും തെറ്റോ കളവോ അല്ലെങ്കിൽ കെട്ടുകഥയോ ഇല്ല. അതിനെ എല്ലാ കാലത്തും മഹാകൽപത്തിനുശേഷമുള്ള എല്ലാ പുതിയ ലോകത്തും ജഗത്തിന്റെ പൊതു മാർഗ്ഗദർശനത്തിനുവേണ്ടി ദൈവം പ്രകാശിപ്പിച്ചു കൊണ്ടിരിക്കുന്നു. ഈ സൃഷ്ടിയുടെ തുടക്കത്തിൽ മനുഷ്യനെ സൃഷ്ടിച്ചതോടു കൂടി പരമാത്മാവ് നാല് ഋഷിമാരുടെ ആത്മാക്കളിൽ വേദങ്ങളെ ഇറക്കി.... ഏതുപ്രകാരം മറ്റു തെറ്റായ മാർഗ്ഗങ്ങൾ തെറ്റാണെന്ന് ഞാൻ കരുതുന്നുവോ, അതുപ്രകാരം തന്നെ വേദങ്ങൾക്കെതിരായിരിക്കുന്ന ഖുർആനും അതിന്റെ സിദ്ധാന്തങ്ങളും ഉപദേശങ്ങളും തെറ്റാണെന്നും കളവാണെന്നും ഞാൻ കരുതുന്നു. എന്നാൽ എന്റെ പ്രതിപക്ഷക്കാരനായ മിർസാ ഗുലാം അഹ്മദ് ഖുർആൻ ദൈവവചനമാണെന്നാണ് വിശ്വസിക്കുന്നത്. അതിന്റെ എല്ലാ ഉപദേശങ്ങളും സത്യവും ശരിയുമാണെന്നും അദ്ദേഹം വിശ്വസിക്കുന്നു... ഏതുപ്രകാരം ഖുർആൻ മുതലായത് വായിച്ചതിനുശേഷം ഞാനത് തെറ്റാണെന്ന് കരുതുന്നുവോ അതുപ്രകാരം സംസ്കൃതവും നാഗരിലിപിയും തീരേ അറിയാത്ത അദ്ദേഹം വേദങ്ങൾ കാണുകയോ വായിക്കുകയോ ചെയ്യാതെ അവ തെറ്റാണെന്ന് വിശ്വസിക്കുന്നു......

അല്ലയോ, പരമേശ്വരാ, ഞങ്ങൾ രണ്ട് കക്ഷികളെപ്പറ്റിയും നീ സത്യം വിധിച്ചാലും... കള്ളവാദി സത്യവാനെപ്പോലെ ഒരിക്കലും നിന്റെ സന്നിധിയിൽ മാനിക്കപ്പെടുകയില്ല.

കൂടാതെ, പണ്ഡിറ്റ് ലേഖ്റാം ഇങ്ങനെയും വാദിക്കുകയുണ്ടായി:

ഈ മനുഷ്യൻ (ഹദ്റത്ത് അഹ്മദ്) കള്ളവാദിയായിരിക്കയാൽ മൂന്നുകൊല്ലത്തിനുള്ളിൽ കോളറ ബാധിച്ച് മരണമടയുന്നതാണ്. കാരണം (നഊദുബില്ലാഹ്) പെരുംകള്ളനാണ്. അയാളുടെ സന്താനങ്ങളാരും അവശേഷിക്കുകയില്ല" (തക്ദീബെ ബറാഹീനെ അഹ്മദിയ്യാ, പേജ് 211, കുല്ലിയാത്തെ ആര്യമുസാഫിർ, പേജ് 501).

അതിനും പുറമെ, മൂന്നു കൊല്ലത്തിനകം അദ്ദേഹത്തിന്റെ (ഹദ്റത്ത് അഹ്മദിന്റെ) അന്ത്യം വരുമെന്ന് പണ്ഡിറ്റ് ലേഖ്റാം എഴുതുകയും ചെയ്തു. ചുരുക്കത്തിൽ ഹദ്റത്ത് അഹ്മദി(അ)നെതിരിൽ പണ്ഡിറ്റ് ലേഖ്റാമും അദ്ദേഹത്തിന്റെ പരമേശ്വരനിൽനിന്ന് ലഭിച്ചതായി വാദിച്ചുകൊണ്ട് ഒരു സന്ദേശം ലോകത്തെ അറിയിച്ചു.

ഇനി സർവ്വശക്തനായ ദൈവം എന്തു വിധിയാണ് കൽപിച്ച തെന്ന് നോക്കുക. ഹദ്റത്ത് അഹ്മദ്(അ) തന്റെ പ്രവചനം പ്രസിദ്ധപ്പെടുത്തിയ 5-ാം കൊല്ലം, അതായത് 1897 മാർച്ച് 6-ാം തിയതി ചെറിയ പെരുന്നാളിന്റെ പിറ്റേന്ന്, അദ്ദേഹത്തിന്റെ അത്ഭുതാവഹമായ അഭിവൃദ്ധി കണ്ടുകൊണ്ടിരിക്കുന്ന അവസ്ഥയിൽ പണ്ഡിറ്റ് ലേഖ്റാം അജ്ഞാതനായ ഒരുവന്റെ കൈയാൽ കൊല്ലപ്പെട്ടു. തന്റെ രക്തത്താൽ ഇസ്‌ലാമിന്റെ സത്യത്തിന് മുദ്ര കുത്തിക്കൊണ്ടും തന്റെ ആശകൾ നിറവേറ്റാത്തതിൽ ഖേദിച്ചുകൊണ്ടും പണ്ഡിറ്റ് ലേഖ്റാം ഈ ലോകത്തോട് വിട പറഞ്ഞു മറഞ്ഞു. എത്രതന്നെ പരിശ്രമിച്ചിട്ടും അദ്ദേഹത്തിന്റെ ഘാതകന്റെ തുമ്പു കിട്ടുകയുണ്ടായില്ല! ആ ഘാതകൻ അന്തർദ്ധാനം ചെയ്ത ഒരു മനുഷ്യനോ ആകാശത്തേക്ക് കരേറിയ ഒരു മലക്കോ എന്ന് ആർക്കും അറിഞ്ഞു കൂടാ. എന്തെന്നാൽ, പണ്ഡിറ്റ് ലേഖ്റാം കൊല്ലപ്പെട്ട സമയം ഒരു സന്ദർശകൻ പുറത്തു നിന്ന് അദ്ദേഹത്തിന്റെ വീട്ടിന്റെ പടിവാതിക്കൽ വന്നു നില്ക്കുന്നുണ്ടായിരുന്നുവെന്നും ആരും പുറത്തു പോകുന്നത് അയാൾ കണ്ടിരുന്നില്ലെന്നുമാണ് പറയപ്പെടുന്നത്. ലേഖ്റാമിന്റെ ഭാര്യയുടെയും മറ്റും മൊഴിപ്രകാരമാണെങ്കിൽ, ഘാതകൻ ലേഖ്റാമിനെ കൊന്നതിനുശേഷം കോണിപ്പടി കയറി വീട്ടിന്റെ തട്ടിൻ മുകളിലേക്ക് പോവുകയാണ് ചെയ്തതെന്നും പിന്നീട് അവന്റെ യാതൊരു അടയാളവും കണ്ടില്ലെന്നുമാണറിയുന്നത്. ചുരുക്കത്തിൽ, ഹദ്റത്ത് അഹ്മദി(അ)ന്റെ പ്രവചനമനുസരിച്ച് ലേഖ്റാം കൊല്ലപ്പെടുകയാൽ ആ പ്രവചനത്തിന്റെ സത്യത്തിന് മുദ്ര കുത്തപ്പെട്ടു.

എന്നാൽ, കഷ്ടം! ഈ സംഭവത്തിൽനിന്ന് പാഠം പഠിക്കുകയും ദൈവത്തിന്റെ പ്രകാശമയമായ ഈ അടയാളത്തിൽനിന്ന് ഫലമെടുക്കുകയും ചെയ്യുന്നതിന് പകരം ആര്യസമാജക്കാരുടെ വിദ്വേഷാഗ്നി കൂടുതലായി ആളിക്കത്തുകയാണ് ചെയ്തത്. ഹദ്റത്ത് അഹ്മദ്(അ) ലേഖ്റാമിനെ കൊല്ലിച്ചുവെന്ന് അവർ ഉദ്ഘോഷിച്ചു തുടങ്ങി. ലേഖ്റാമിന്റെ വധത്തിന് പ്രതികാരമായി ഹദ്റത്ത് അഹ്മദി(അ)നെ കൊന്നുകളയുന്നതാണെന്ന് ഭീഷണിപ്പെടുത്തുന്ന അനേകം കത്തുകൾ അക്കാലത്ത് അദ്ദേഹത്തിന് കിട്ടിക്കൊണ്ടിരുന്നു. അതിനെത്തുടർന്ന് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തു തന്റെ നിരപരാധിത്വം പ്രകാശിപ്പിച്ചുകൊണ്ട് അദ്ദേഹമൊരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി. അതിൽ ഇങ്ങനെ എഴുതിയിരുന്നു:

“ഇനിയും സംശയാലുക്കളുടെ സംശയം തീരുന്നില്ലെങ്കിലും,

ഹിന്ദുപത്രങ്ങൾ വെളിപ്പെടുത്തിയതുപോലെ ആ വധം ഒരു ഗൂഢാലോചനയുടെ ഫലമായിരുന്നുവെന്നും അതിൽ എനിക്ക് പങ്കുണ്ടെന്നും അവർ വിചാരിക്കുന്നുണ്ടെങ്കിലും എല്ലാ കാര്യത്തിനും തീരുമാനമുണ്ടാക്കുന്നതിനായി ഞാൻ നല്ലൊരു വഴികാണിച്ചു തരാം. അത് ഇതാണ്: "അങ്ങനെയുള്ള ആൾ എന്റെ മുമ്പാകെ വന്നു താഴെപറയും പ്രകാരം സത്യം ചെയ്യട്ടെ. ഇദ്ദേഹം (ഹദ്റത്ത് അഹ്മദ്) വധഗൂഢാലോചനയിൽ പങ്കുകാരനായിരുന്നെന്നും ഇദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരമാണ് വധസംഭവമുണ്ടായിട്ടുള്ളതെന്നും ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ഇത് ശരിയല്ലെങ്കിൽ, സർവ്വശക്തനായ ദൈവമേ, ഒരു കൊല്ലത്തിനുള്ളിൽ നീ എന്റെ മേൽ ആപത്ത് ഇറക്കിയാലും! അത് ഭയങ്കരമായൊരു ആപത്തായിരിക്കണം. മനുഷ്യകരങ്ങളാലോ അവരുടെ ആലോചനയുടെ ഫലമായിട്ടോ ഉണ്ടായതായിരിക്കരുത്. മനുഷ്യന്റെ ഗൂഢാലോചനയ്ക്ക് അതിൽ പങ്കുണ്ടെന്ന് തോന്നുകയുമരുത്." ഇപ്രകാരം സത്യം ചെയ്യുന്നവൻ ഒരു കൊല്ലംവരെ എന്റെ എതിർപ്രാർത്ഥനയിൽനിന്ന് രക്ഷപ്പെടുകയാണെങ്കിൽ ഞാൻ കുറ്റക്കാരനാണ്. ഒരു കൊലപാതകിക്ക് കിട്ടേണ്ട ശിക്ഷയ്ക്ക് അർഹനുമാണ്. അതിനാൽ, കരളുറപ്പുള്ള ഒരു ആര്യസമാജക്കാര നുണ്ടെങ്കിൽ അയാൾ മുന്നോട്ടുവന്ന് മുഴുവൻ ലോകത്തെയും സംശയത്തിൽ നിന്ന് വിമുക്തമാക്കുന്നതിനായി ഈ മാർഗ്ഗം കൈക്കൊള്ളട്ടെ."

ആര്യസമാജക്കാരുടെ മുമ്പിൽ സമർപ്പിക്കട്ടെ ഈ മാർഗ്ഗം എത്ര ചൊവ്വായ ഒന്നായിരുന്നുവെന്ന് വായനക്കാർ ആലോചിക്കുക. കൂടാതെ, മേൽപ്രകാരം സത്യം ചെയ്യുന്ന ആൾ ഒരു കൊല്ലത്തിനകം നാശമടയാതിരിക്കുകയാണെങ്കിൽ അയാൾക്ക് 10000ക. സമ്മാനം കൊടുക്കാമെന്ന് വാഗ്ദാനം ചെയ്യുന്ന മറ്റൊരു വിജ്ഞാപനം ഹദ്റത്ത് അഹ്മദ്(അ) പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിൽ, ഒരു കൊലപാതകിയെന്നപോലെ തന്നെ തൂക്കുമരത്തിൽ കയറ്റാനും തന്റെ മൃതദേഹം ശത്രുക്കളെ ഏല്പിക്കാനും കൂടി അദ്ദേഹം സമ്മതിക്കുകയും ചെയ്തു. പക്ഷേ, ഒരൊറ്റ ആര്യസമാജിയെങ്കിലും സമരരംഗത്തിറങ്ങി വന്നില്ല. അവർ ദൂരെനിന്ന് ബഹളം വെച്ച് ആത്മസംതൃപ്തി കൊള്ളുകയാണ് ചെയ്തത്! സുബ്ഹാനല്ലാ! ഇസ്ലാമിന്റെ സത്യത്തിനും ആര്യസമാജത്തിന്റെ അസത്യത്തിനും വേണ്ടി പ്രത്യക്ഷപ്പെട്ട എത്ര മഹത്തായൊരു അടയാളമായിരുന്നു ഇത്! സൻമാർഗ്ഗത്തിന്റെ സൂര്യൻ ഉദിച്ചുയർന്നതുപോലെയായിരുന്നെങ്കി

ലും അന്ധമായ ലോകത്തിന് അതിന്റെ കിരണങ്ങൾ കാണുവാൻ കഴിഞ്ഞില്ല. കഷ്ടം!

ലേഖ്റാമിനെ ഹദ്റത്ത് അഹ്മദ്(അ) കൊല്ലിച്ചതാണെന്ന് സംശയിക്കുന്നത് എത്ര വലിയൊരു വങ്കത്തമാണ്? ആലോചനാ ശൂന്യരേ! പണ്ഡിറ്റ് ലേഖ്റാം ഹദ്റത്ത് അഹ്മദി(അ)ന്റെ ഗൂഢാ ലോചനയുടെ ഫലമായിട്ടാണ് കൊല്ലപ്പെട്ടതെന്നുതന്നെ സങ്കൽപി ച്ചുകൊള്ളുക. എന്നാലെന്താണ്? അതുകൊണ്ട് പ്രവചനത്തിന്റെ സത്യത്തിന് വല്ല മാറ്റവും വരുന്നുണ്ടോ? രണ്ടു പേരും ദൈവത്തോട് വിധി ആവശ്യപ്പെടുകയും കള്ളവാദി നശിക്കാനും സത്യവാന്റെ സത്യം വെളിപ്പെടാനും പ്രാർത്ഥിക്കുകയും ചെയ്തു എന്നതല്ലേ വാസ്തവം? രണ്ടുപേരും താന്താങ്ങളുടെ മതത്തിന്റെ സത്യത്തിന് അടിസ്ഥാനമായി ഈ മുബാഹലയുടെ ഫലത്തെ സമ്മതിച്ചിരു ന്നില്ലേ? എന്നിരിക്കേ, ഹദ്റത്ത് അഹ്മദി(അ)ന്റെ മാനുഷികായുധം പണ്ഡിറ്റ് ലേഖ്റാമിന്റെമേൽ ഫലിച്ചെങ്കിൽ, ഹദ്റത്ത് അഹ്മദി(അ) ന്റെ ദൈവമെന്നുവേണ്ട, അദ്ദേഹംതന്നെയും ആര്യസമാജക്കാരുടെ ദൈവത്തേക്കാൾ ശക്തനാണെന്നല്ലേ അതുകൊണ്ട് തെളിയുന്നത്? തന്റെ പ്രിയപ്പെട്ട ദാസനായ ലേഖ്റാം തന്നോട് വിധി ആവശ്യ പ്പെട്ടിട്ടുണ്ടെന്നും തന്റെ മതത്തിന്റെ സത്യം ലേഖ്റാം സുരക്ഷിത നായിരിക്കുകയും മിർസാ സാഹിബ് നാശമടയുകയും ചെയ്യുക യെന്ന വിധിയെ ആശ്രയിച്ചാണ് നിലകൊള്ളുന്നതെന്നും ഈ വിധി കാണുവാൻ ഒരു ലോകം കാത്തിരിക്കുന്നുണ്ടെന്നും അറിഞ്ഞു കൊണ്ട് ആര്യസമാജക്കാരുടെ ദൈവത്തിന് ഹദ്റത്ത് അഹ്മദി(അ) നെ നശിപ്പിക്കുകയോ പോകട്ടെ, തന്റെ പ്രിയപ്പെട്ട ദാസനായ ലേഖ്റാമിനെ ഹദ്റത്ത് അഹ്മദി(അ)ന്റെ ഗൂഢാലോചനയിൽ നിന്ന് രക്ഷിക്കാൻപോലും കഴിഞ്ഞില്ലെന്നുള്ളത് ആരുടെ പരാജയത്തെ യാണ് തെളിയിക്കുന്നത്? ഇതിന്നെതിരിൽ ഇസ്ലാമിന്റെ ദൈവം ഹദ്റത്ത് അഹ്മദി(അ)നെ ലൗകികവും ആകാശസംബന്ധിയുമായ എല്ലാവിധ വിപത്തുകളിൽനിന്നും രക്ഷിച്ചുകൊണ്ടും അദ്ദേഹ ത്തിന്റെ ശത്രുവിനെ അദ്ദേഹത്തിന്റെ പ്രവചനപ്രകാരം നശിപ്പിച്ചു കൊണ്ടും ഇസ്ലാമിന്റെ സത്യത്തെയും ആര്യസമാജത്തിന്റെ അസ ത്യത്തെയും പറ്റി എന്നേക്കുമായി തീർപ്പുകൽപിക്കുകയാണ് .തി യിരുന്നു. ചുരുക്കത്തിൽ ആ കേസ്സിന്റെ പര്യവസാനമിതാണ്. ആദ്യ ത്തെ മജിസ്ട്രേട്ട് ഇ.എ.സി സ്ഥാനത്തുനിന്ന് മുൻസിപ്പായി തരം താഴ്ത്തപ്പെടുകയും ഗുർദാസ്പൂരിൽനിന്ന് മാറ്റപ്പെടുകയും ചെയ്തു.

അദ്ദേഹത്തിനു പകരം വന്ന മജിസ്ട്രേട്ട് തന്റെ രണ്ട് യുവപുത്രൻമാരുടെ വിയോഗദുഃഖം അനുഭവിക്കേണ്ടി വന്നു. അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് ആയിടെയുണ്ടായ താക്കീതു നല്കുന്ന സ്വപ്നങ്ങളെ അഗണ്യമാക്കിക്കൊണ്ട് അദ്ദേഹം ഹദ്റത്ത് അഹ്മദിന് 500ക. പിഴ കൽപിക്കുകയാണ് ചെയ്തത്. ഈ വിധിയിൻമേൽ ബോധിപ്പിച്ച അപ്പീലിൽ മേൽക്കോടതി, കീഴ്ക്കോടതി വിധിയെപ്പറ്റി കഠിനമായി വിമർശിച്ചു കൊണ്ട് ശിക്ഷ റദ്ദാക്കുകയും പിഴ മടക്കിക്കൊടുക്കാൻ കൽപിക്കുകയും ചെയ്തു. ഹദ്റത്ത് അഹ്മദ്(അ)അല്ലാഹുവിൽനിന്ന് സുവിശേഷം ലഭിച്ചതനുസരിച്ച് മുൻകൂട്ടി പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതുപോലെത്തന്നെ മാന്യമായി വിട്ടയ്ക്കപ്പെട്ടു.ആര്യൻ സ്നേഹിതൻമാർക്ക് നിരാശയോടെ അത് നോക്കിനില്ക്കേണ്ടി വന്നു.

ഈ വിഷയം ഉപസംഹരിക്കുന്നതിനു മുമ്പേ ഖാദിയാനിലെ ആര്യസമാജികളെപ്പറ്റിയും രണ്ട് വാക്ക് പറയുന്നത് സന്ദർഭോചിതമായിരിക്കുമെന്ന് കരുതുന്നു. എന്തെന്നാൽ, അല്ലാഹുവിന്റെ ശക്തിപ്രഭാവത്തിന്റെ ചില പ്രത്യേക കിരണങ്ങൾ അവരുടെ ഇടയിലും വെളിപ്പെട്ടിട്ടുണ്ടായിരുന്നു. ഖാദിയാനിലെ ആര്യസമാജം കുറേ പഴക്കമുള്ള ഒന്നാണ്. ആ സമാജത്തിലെ രണ്ട് അംഗങ്ങളായ ലാലാശരംപത്തും ലാലാമലാവാമലും ആദ്യകാലം മുതൽക്കേ ഹദ്റത്ത് അഹ്മദി(അ)ന്റെ അടുക്കൽ പതിവായി വരാറുണ്ടായിരുന്നു. അവർ മതവിഷയത്തെക്കുറിച്ച് സംഭാഷണം നടത്തുകയും പതിവായിരുന്നു. അവരിരുവരും ഹദ്റത്ത് അഹ്മദി(അ)ന്റെ അനേകം പ്രവചനങ്ങൾ നിറവേറിയത് കണ്ടിട്ടുണ്ട്. പക്ഷേ, ജന്മനാലുള്ള ഹൃദയകാഠിന്യം ഹേതുവായി സത്യം സ്വീകരിക്കാൻ അവർക്ക് കഴിഞ്ഞില്ല.

ആരെങ്കിലും, അടയാളം കാണാൻ ആഗ്രഹിക്കുന്നവരുണ്ടെങ്കിൽ അവർ ഖാദിയാനിൽവന്ന് തന്നോടൊന്നിച്ച് ഒരു കൊല്ലം താമസിക്കട്ടെ എന്ന് ആഹ്വാനം ചെയ്തുകൊണ്ട് 1884-85ൽ ഹദ്റത്ത് അഹ്മദ്(അ) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയപ്പോൾ ഖാദിയാനിലെ ചില ആര്യസമാജികളും സനാതനക്കാരും അടയാളം കാണാനായി എഴുത്തുമൂലം അദ്ദേഹത്തോട് ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി. അതിനെത്തുടർന്ന് രണ്ട് കൂട്ടരും തമ്മിൽ ഒരു കരാർ എഴുതുകയും രണ്ട് ഭാഗത്തുനിന്നും സാക്ഷികളെ നിറുത്തിക്കൊണ്ട് അതിൽ ഒപ്പുവെക്കുകയും ചെയ്തു. ആയിടെ ഹദ്റത്ത് അഹ്മദ്(അ) അദ്ദേഹത്തിന്റെ അടുത്തബന്ധുക്കളായ മിർസാ നിസാമുദ്ദീൻ, മിർ

സാ ഇമാമുദ്ദീൻ എന്നിവരെപ്പറ്റി അവരുടെ ആഗ്രഹമനുസരിച്ച് ഒരു പ്രവചനം പ്രസിദ്ധം ചെയ്തിട്ടുണ്ടായിരുന്നു. ആ പ്രവചനത്തിൽ, 31 മാസത്തിനുള്ളിൽ അവരുടെ വീട്ടിൽനിന്ന് ഒരാൾ മരിക്കുമെന്നും ആ മരണം മൂലം അവർക്ക് കഠിനമായ മനോവ്യഥ നേരിടുമെന്നും അല്ലാഹു തന്നെ അറിയിച്ചിരിക്കുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ടായിരുന്നു. ആ പ്രവചനത്തിനുള്ള കാരണമെന്തെന്നാൽ ഹദ്റത്ത് അഹ്മദിന്റെ പിതൃവ്യപുത്രന്മാരായ മിർസാ ഇമാമുദ്ദീൻ, മിർസാ നിസാമുദ്ദീൻ മുതലായവർ അങ്ങേയറ്റം മതവിരോധികളായിരുന്നു. അവർ ദൈവവചനത്തെയും ഇൽഹാമിനെയും പറ്റി പരിഹസിക്കുകയും ശിക്ഷാപരമായ എന്തെങ്കിലും ദൈവിക അടയാളങ്ങൾക്കായി ആവശ്യപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. ചുരുക്കത്തിൽ, പരസ്യത്തിൽ പറഞ്ഞതുപോലെ തങ്ങൾക്കും ഒരു കൊല്ലത്തിനുള്ളിൽ എന്തെങ്കിലുമൊരു അടയാളം കാണിച്ചുകൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലത്തെ ഹിന്ദുക്കളും ഹദ്റത്ത് അഹ്മദി(അ)ന് കത്തയച്ചു.

ഇനി അല്ലാഹുവിന്റെ പ്രവൃത്തി നോക്കുക. ഹിന്ദുക്കൾ ആവശ്യപ്പെട്ട ഒരു കൊല്ലം കഴിയുന്നതിന് മുമ്പേ, 31 മാസം അവധിവെച്ചുകൊണ്ടുള്ള പ്രവചനത്തിലെ അവധിയിൽ ഏതാനും ദിവസം കൂടി ബാക്കിയുണ്ടായിരിക്കേ, 31 മാസം കഴിയാറായെന്നും ഇനി ഏതാനും ദിവസങ്ങൾകൂടിയേ ബാക്കിയുള്ളുവെന്നും എന്നാൽ, അടയാളമൊന്നും ഇതുവരെ കണ്ടില്ലെന്നും എല്ലാവരും സുരക്ഷിതരായിത്തന്നെ ജീവിക്കുകയാണെന്നും ശത്രുക്കൾ കൊട്ടിഘോഷിക്കുവാൻ തുടങ്ങി. അക്കൂട്ടർ ഇങ്ങനെ പരിഹസിക്കുകയും ചിരിക്കുകയും ചെയ്തുകൊണ്ടിരിക്കേ പെട്ടന്ന് അല്ലാഹുവിന്റെ അടയാളം പ്രത്യക്ഷപ്പെട്ടു. എങ്ങനെയെന്നാൽ, 31 മാസത്തെ അവധിയിൽ 15 ദിവസം മാത്രം ബാക്കിയുള്ളപ്പോൾ മിർസാ നിസാമുദ്ദീന്റെ യുവപുത്രി ഏതാനും മാസം പ്രായമുള്ള ശിശുവിനെ വിട്ടും വെച്ച് ഈ ലോകത്തുനിന്ന് കഴിഞ്ഞു കടന്നു പോയി. ആകസ്മികമായ ഈ മരണം കാരണത്താൽ ആ കുടുംബം കടിനമായ ദുഃഖത്തിൽ ആഴുകയും ചെയ്തു. അങ്ങനെ, ഈയൊരു സംഭവം ഒരു ഭാഗത്ത് മിർസാ നിസാമുദ്ദീനും മിർസാ ഇമാമുദ്ദീനും മറുഭാഗത്ത് ഖാദിയാനിലെ ആ ഹിന്ദുക്കൾക്കും അടയാളമായിത്തീർന്നു. എന്നാൽ, കണ്ണുകൾ അടച്ചുപിടിച്ചവർക്ക് സൂര്യപ്രകാശം എങ്ങനെ കാണുവാൻ കഴിയും? അല്ലാഹു വിശുദ്ധഖുർആനിൽ പറയുകയാണ്:

وَاِنۡ یَّرَوۡا اٰیَۃً یُّعۡرِضُوۡا وَیَقُوۡلُوۡا سِحۡرٌ مُّسۡتَمِرٌّ ﴿۳﴾

അടയാളം പൂർത്തിയായിക്കണ്ടിട്ടും അവിശ്വാസികൾ സമ്മതിക്കുന്നില്ല; ഇതെന്തോ ചതിയും തന്ത്രവുമാണെന്ന് പറഞ്ഞു അവർ മുഖം തിരിച്ചു കളയുന്നു.

ഖാദിയാനിലുള്ളവർ അടയാളം കണ്ടു. എന്നാൽ, അത് ചതിയും തന്ത്രവുമാണെന്ന് പറഞ്ഞ് അവർ മുഖം തിരിച്ചു കളയുകയാണ് ചെയ്തത്. മാത്രമല്ല, അബൂജഹ്ൽ പ്രഭൃതികളെപ്പോലെ കാലം കഴിയുന്തോറും അവർ ശത്രുതയിൽ കൂടുതൽ മുന്നോട്ടു പോവുകയും ചെയ്തു. ലേഖ്റാം കൊല്ലപ്പെട്ടപ്പോൾ മറ്റുള്ള ആചാര്യൻമാരെപ്പോലെ തന്നെ ഖാദിയാനിലെ ആര്യന്മാരുടെയും ചൂടിന്റെ ഡിഗ്രി വർദ്ധിച്ചു. അതിന്റെ ഫലമായി ഹദ്റത്ത് അഹ്മദിന്റെ ജീവിതത്തിന്റെ അവസാനത്തെ ഏതാനും കൊല്ലങ്ങളിൽ അവർ ഖാദിയാനിൽനിന്ന് 'ശുഭചിന്തക്' എന്ന പേരിൽ ഒരു പത്രം പുറപ്പെടുവിക്കുകയുണ്ടായി. ആ പത്രം ആര്യൻ സംസ്കാരത്തിന്റെ പരിപൂർണ്ണമായൊരു മാതൃകയായിരുന്നു. എന്തെന്നാൽ, കളവ്, കറ്റുകെട്ട്, ദുർഭാഷണം, അപവാദം എന്നിവയായിരുന്നു അതിന്റെ അടിസ്ഥാനം. ആ പത്രത്തിന്റെ അധിപരും നടത്തിപ്പുകാരും മൂന്നുപേരായിരുന്നു - സോം രാജ്, അക്ഷർചന്ദ്, ഭഗത്രാം. ഈ മൂവരും അങ്ങേയറ്റം ദ്രോഹികളും ദുഷ്ടൻമാരുമായിരുന്നു. അവരുടെ ദുർഭാഷണത്തിന്റെയും പരിഹാസത്തിന്റെയും ചില മാതൃകകളാണ് താഴെ ചേർക്കുന്നത്:

ഇദ്ദേഹം (ഹദ്റത്ത് അഹ്മദ്) സ്വാർത്ഥതൽപരനും ആത്മപൂജകനും പാപിയും ദുർവൃത്തനുമാണ്. അതുകൊണ്ട് ദുഷ്ടവും നികൃഷ്ടവുമായ സ്വപ്നങ്ങൾ ഇദ്ദേഹത്തിനുണ്ടായിക്കൊണ്ടിരിക്കുന്നു.

ഖാദിയാനി മസീഹിന്റെ വെളിപാടുകളുടെയും അയാളുടെ പ്രവചനങ്ങളുടെയും രഹസ്യം തുറന്നുകാട്ടുന്നതിനുള്ള ഉത്തരവാദം ഏറ്റെടുത്തിരിക്കുന്ന ഏകപത്രം 'ശുഭചിന്തക്' ആണ്. മിർസാ ഖാദിയാനി ദുഃസ്വഭാവിയും കീർത്തിപ്രിയനും ഉദരസേവകനുമാണ്.

ദുർഭഗൻ, ധനമോഹി, വഞ്ചകൻ, കുതന്ത്രപടു, കളവു പറയുന്നതിൽ നിപുണൻ.

ഞങ്ങൾ അയാളുടെ സൂത്രങ്ങൾ തുറന്നു കാട്ടും. ഈ കാര്യത്തിൽ വിജയിക്കുമെന്ന് വിശ്വാസമുണ്ട്. മിർസാ ഉപായിയും കളവ്

പറയുന്നവനുമാണ്. മിർസായുടെ സംഘക്കാർ ദുർനടപ്പുകാരും തെമ്മാടികളുമാണ്.

ഞങ്ങൾ 15 കൊല്ലക്കാലം തുടർച്ചയായി ഒരേ ഗ്രാമത്തിൽ അടുത്തടുത്ത് താമസിച്ച് അയാളുടെ സ്ഥിതിയെപ്പറ്റി ചിന്തിച്ചു കൊണ്ടിരുന്നു. ഇത്രകാലം ചിന്തിച്ചതിന്റെ ഫലമായി അയാൾ യഥാർത്ഥത്തിൽ വഞ്ചകനും സ്വാർത്ഥതൽപരനും സുഖലോലുപനും ദുർഭാഷകനും മറ്റുമാണെന്ന് ഞങ്ങൾക്ക് മനസ്സിലായി. ഇതുവരെ ഞങ്ങൾ ഒരു ദൃഷ്ടാന്തവും കണ്ടില്ല. എന്നാൽ, ഈ മനുഷ്യൻ എല്ലാ ദിവസവും കള്ള ഇൽഹാമുകൾ നിർമ്മിച്ചു കൊണ്ടിരിക്കുന്നതായി ഞങ്ങൾ കാണുന്നു. അയാൾ നിസ്തുല്യനായൊരു വിഡ്ഢിയാണ്.

ചുരുക്കത്തിൽ, പ്രസ്തുത പത്രത്തിന്റെ ഓരോ ലക്കവും തെറികൾകൊണ്ട് അഭിഷേകം ചെയ്യപ്പെട്ടാണ് പുറത്തുവന്നിരുന്നത്. ആര്യാവർത്തത്തിലെ പരിഷ്കൃത സമൂഹത്തിന്റെ തെറികൾ കേട്ട് തഴമ്പിച്ച ഹദ്റത്ത് അഹ്മദ്(അ) ഈ തെറികളും കേട്ടുകൊണ്ടിരുന്നു. അല്ലാഹുതന്നെ എന്തെങ്കിലും തീർപ്പു കൽപിക്കുമെന്ന് അദ്ദേഹം വിശ്വസിക്കുകയും ചെയ്തു. എന്നാൽ, ഒരു കാര്യത്തിൽ അദ്ദേഹത്തിന് വലുതായ ഉത്ക്കണ്ഠയുണ്ടായി. എന്തെന്നാൽ, ഈ കൂട്ടർ ഖാദിയാൻ നിവാസികളും അയൽവാസികളുമാണെന്ന് വാദിക്കുന്നവരായിരുന്നു. അത് പ്രത്യക്ഷത്തിൽ ശരിയാണുതാനും. ഈ സ്ഥിതിയിൽ അവരുടെ ഭാഗത്തുനിന്ന് പുറത്തേക്ക് പോകുന്ന വർത്തമാനങ്ങൾ ദുർബ്ബലഹൃദയരായ ജനങ്ങളിൽ തീർച്ചയായും സംശയമുണ്ടാക്കാൻ കാരണമാകും. സത്യാവസ്ഥ അറിഞ്ഞിട്ടില്ലാത്തവർക്ക് സത്യം സ്വീകരിക്കുന്നതിന് അത് തടസ്സമാവുകയും ചെയ്യും. അതിനാൽ, അദ്ദേഹം 1907ന്റെ തുടക്കത്തിൽ 'ഖാദിയാൻ കെ ആര്യ ഔർ ഹം' എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ചു. അതിൽ അദ്ദേഹം ദൈവശിക്ഷയെപ്പറ്റി ഭയപ്പെടുത്തിക്കൊണ്ട് അവരെ ഗുണദോഷിക്കുകയും അവർക്കുവേണ്ടി ലേഖ്റാമിന്റെ അടയാളം കാണിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നുവെന്നും അവർ ഇനിയും ഈ കറ്റുകെട്ടിൽനിന്ന് ഒഴിഞ്ഞുമാറുന്നില്ലെങ്കിൽ ദൈവം അവരുടെ ഇടയിൽ തന്നെ മറ്റെന്തെങ്കിലും അടയാളം പ്രത്യക്ഷപ്പെടുത്തുമെന്നും അവർക്ക് താക്കീത് നല്കുകയുമുണ്ടായി. ഖാദിയാനിലെ ആര്യസമാജക്കാരെപ്പറ്റി അദ്ദേഹം ആ ഗ്രന്ഥത്തിന്റെ ആരംഭത്തിൽ എഴുതിയത് ഇങ്ങനെയാണ്:

"موت لیکھو بڑی کرامت ہے
پر سمجھتے نہیں یہ شامت ہے
میرے مالک تو ان کو خود سمجھا
آسماں سے پھر اک نشان دکھلا"

ലേഖ്റാമിന്റെ മരണം വലിയൊരു അടയാളമാണ്. പക്ഷേ, ഭാഗ്യദോഷമെന്നു പറയട്ടെ, അവരത് മനസ്സിലാക്കുന്നില്ല. എന്റെ നാഥാ, നീ തന്നെ അവർക്കത് മനസ്സിലാക്കിക്കൊടുക്കുക. ആകാശത്തുനിന്ന് അവർക്കായി വീണ്ടും ഒരു അടയാളം കാണിച്ചാലും!

വീണ്ടും അദ്ദേഹം ഇപ്രകാരം എഴുതി

"دین خدا کے آگے کچھ بن نہ آئی آخر
سب گالیوں پہ اُترے دل میں اُٹھی یہی ہے
شرم و حیا نہیں ہے آنکھوں میں اُن کی ہرگز
وہ بڑھ چکے ہیں حد سے اب انتہا یہی ہے
ہم نے ہے جس کو مانا قادر ہے وہ توانا
اس نے ہے کچھ دکھانا اس سے رجا یہی ہے
اے آریو یہ کیا ہے کیوں دل بگڑ گیا ہے
ان شوخیوں کو چھوڑو راہِ حیا یہی ہے
مجھ کو ہو کیوں ستاتے سو افترا بناتے
بہتر تھا باز آتے دُور از بلا یہی ہے
جس کی دعا سے آخر لیکھو مرا تھا کٹ کر
ماتم پڑا تھا گھر گھر وہ میرزا یہی ہے
اچھا نہیں ستانا پاکوں کا دل دکھانا
گستاخ ہوتے جانا اس کی سزا یہی ہے"

ദൈവവിധിക്കെതിരായി ഒന്നും ചെയ്യാൻ നിവൃത്തിയില്ലാത്തതുകൊണ്ട്, എല്ലാവരും അസഭ്യം പറയാൻതുടങ്ങി; അവരുടെ ഹൃദയത്തിൽ തോന്നിയത് അതാണ്. അവരുടെ നയനങ്ങളിൽ ലജ്ജയും നാണവും അശേഷമില്ല. അവർ അതിർകവിഞ്ഞ് പരിധി വിട്ടു കഴിഞ്ഞിരിക്കുന്നു. ഞങ്ങൾ ആരെ വിശ്വസിച്ചിരിക്കുന്നുവോ അവൻ ശക്തനും മഹാനുമാണ്. അവൻതന്നെ വേണം വല്ലതും കാണിക്കാൻ. അവനിൽനിന്ന് പ്രതീക്ഷിക്കുന്നത് അതാണ്. അല്ലയോ ആര്യസമാജക്കാരേ, ഇതെന്താണ്? നിങ്ങളുടെ ഹൃദയം എന്തുകൊണ്ട് മറിഞ്ഞുപോയി? ഈ അന്യായം ഉപേക്ഷിച്ചാലും! അതാണ് ലജ്ജയുടെ വഴി. നിങ്ങൾ എന്തിനു എന്നെ കഷ്ടപ്പെടുത്തുന്നു? എന്തിനു എന്നെപ്പറ്റി കണക്കില്ലാത്ത കള്ളക്കഥകൾ നിർമ്മിച്ചു എന്നെ ദ്രോഹിക്കുന്നു? നിങ്ങൾ അതിൽനിന്ന് ഒഴിയുകയാണ് നല്ലത്. ആപത്തി

ൽനിന്നു രക്ഷപ്പെടാനുള്ള വഴി അതാണ്. ഏതൊരുവന്റെ പ്രാർത്ഥന യുടെ ഫലമായി ലേഖ്റാം വെട്ടേറ്റു മരിക്കുകയും വീടുകൾതോറും ദുഃഖവിലാപം മുഴങ്ങുകയും ചെയ്തുവോ ആ മിർസ ഞാൻ തന്നെ യാണ്. വിശുദ്ധൻമാരെ കഷ്ടപ്പെടുത്തുകയും അവരുടെ ഹൃദയം വേദനപ്പെടുത്തുകയും അന്യായം പ്രവർത്തിക്കുകയും ചെയ്യുന്നത് നന്നല്ല. അതിനുള്ള ശിക്ഷ മേൽപ്രകാരമായിരിക്കും (ഖാദിയാൻകെ ആര്യ ഔർ ഹം, പേജ്:61).

ഇനി, ആയിടെ കഴിഞ്ഞ ഒരു സംഭവം പറയാം. ഒരു ദിവസം ഞങ്ങളുടെ ബഹുമാന്യ സ്നേഹിതനും അൽഹക്കം പത്രാധിപരു മായ ഹദ്റത്ത് ശയ്ഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനീ, ഖാ ദിയാനിലെ പോസ്റ്റോഫീസിൽ ഇരിക്കുകയായിരുന്നു. അദ്ദേഹത്തി ന്റെ അടുക്കൽ മേൽപറഞ്ഞ മൂന്ന് ആര്യസമാജികളിൽ ഒരാളായ അക്ഷരചന്ദും ഇരിക്കുന്നുണ്ടായിരുന്നു. സബ് പോസ്റ്റ് മാസ്റ്റർ ബാബു അല്ലാദത്താ സാഹിബും അവിടെ ഉണ്ടായിരുന്നു. ഹദ്റത്ത് അഹ്മ ദും(അ) അദ്ദേഹത്തിന്റെ ഭവനത്തിൽ പാർക്കുന്ന എല്ലാവരും പ്ലേഗി ൽനിന്ന് സുരക്ഷിതരാവുമെന്ന് അല്ലാഹു അദ്ദേഹത്തെ അറിയിച്ചി രിക്കുന്നുവെന്നും അതൊരു അടയാളമായിരിക്കുമെന്നും ശയ്ഖ് യഅ്ഖൂബ് അലി സാഹിബ് അക്ഷരചന്ദിനോടു പറഞ്ഞു. ഉടനടി അക്ഷരചന്ദ് പ്രതിവചിച്ചു. ഇതൊരു അടയാളമാണോ? ഞാൻ പറയു ന്നു. ഞാനും പ്ലേഗുകൊണ്ടു മരിക്കുകയില്ല. ഇതു കേട്ടപ്പോൾ ശയ്ഖ് സാഹിബിന്റെ വിശ്വാസാഭിമാനം വിജൃംഭിച്ചു. ആവേശത്തോടുകൂടി അദ്ദേഹം പറയുകയുണ്ടായി: “അങ്ങനെയാണെങ്കിൽ തീർച്ചയായും നിങ്ങൾ പ്ലേഗു കൊണ്ടുതന്നെ മരണമടയും (ഹഖീഖത്തുൽ വഹയ്, അനുബന്ധം:154). അതിനുശേഷം അല്ലാഹുവിന്റെ ശക്തി മാഹാ ത്മ്യം ഏതു വിധം പ്രകടമായെന്ന് നോക്കുക.

ഖാദിയാൻകെ ആര്യ ഔർ ഹം എന്ന ഗ്രന്ഥം പ്രസിദ്ധപ്പെടു ത്തി ഏതാനും ദിവസം കഴിഞ്ഞപ്പോൾ ഖാദിയാനിൽ പ്ലേഗ് പൊട്ടി പ്പുറപ്പെട്ടു. മൂന്ന് ദിവസത്തിനുള്ളിൽ മേൽ പറഞ്ഞ മൂന്നുപേരും അല്ലാഹുവിന്റെ ഭയങ്കരമായ പ്രഹരമേറ്റ് കഥാവശിഷ്ടരായി. അവ രുടെ വിപത്ത് അവരുടെ ബന്ധുജനങ്ങളുടെമേലും പതിച്ചു. ചില രുടെ കുടുംബം പറ്റെ നശിച്ചു. ഹദ്റത്ത് അഹ്മദ്(അ) നെപ്പോലെ താനും പ്ലേഗിൽനിന്ന് സുരക്ഷിതനാകുമെന്ന് വീരവാദം പറഞ്ഞ അക്ഷരചന്ദ് പ്ലേഗിന്നിരയായതോടുകൂടി ശുഭചിന്തക് എന്ന വാരി കയുടെ കഥയും കഴിഞ്ഞു.

ഇത് ലേഖ്റാമിന്റേതിനേക്കാൾ കുറഞ്ഞ ഒരു ദൃഷ്ടാന്ത മായിരുന്നില്ല. ലേഖ്രാമിനെ(നഊദുബില്ലാഹ്) ഹദ്റത്ത് അഹ്മദ് (അ) കൊല്ലിച്ചതാണെന്ന ആക്ഷേപത്തിന് ഇതൊരു മറുപടിയാ വുകയും ചെയ്തു. ആലോചന ഇല്ലാത്തവരേ, ലേഖ്റാമിനെ കൊന്നത് ഹദ്റത്ത് അഹ്മദി(അ)ന്റെ കത്തിയായിരുന്നെന്ന് നിങ്ങൾ സങ്കൽപിച്ചു. ആ സംശയത്തോടുകൂടി നിങ്ങൾ നിങ്ങളുടെ കണ്ണീർ തോർത്തുകയും ചെയ്തു. എന്നാൽ, അക്ഷരചന്ദ്, സോംരാജ്, ഭഗത്റാം എന്നിവരെ ആരുടെ കത്തിയാണ് കൊന്നത്? രണ്ട് സന്ദർഭ ങ്ങളിലും ഒരേ ആയുധമാണ് പ്രവർത്തിച്ചത് - ദൈവകോപം. അത് കത്തിയുടെ രൂപം കൈക്കൊണ്ട് ഒരാളുടെ വയറ്റിലേക്ക് ഇറങ്ങിയ താണെങ്കിൽ, പ്ലേഗ് കൃമിയുടെ രൂപം കൈക്കൊണ്ട് മറ്റുള്ളവരെ വിഴുങ്ങുകയാണ് ചെയ്തത്. കൂട്ടത്തിൽ, ഈ സംഭവം, ഖാദിയാ നിൽ പ്ലേഗ് എന്തിന് വന്നു എന്ന ആക്ഷേപത്തിനും മറുപടി നല്കു ന്നുണ്ട്. എന്തെന്നാൽ, ഒന്നാമതായി, ഖാദിയാനിൽ പ്ലേഗ് തീരെ വരികയില്ലെന്ന് ഹദ്റത്ത് അഹ്മദ്(അ) പ്രവചിച്ചിട്ടില്ല. അദ്ദേഹ ത്തിനുണ്ടായ ഇൽഹാം, ഇവിടെ 'ത്വാഊൻജാരിഫ്' അതായത് ഗ്രാമത്തെ അപ്പടി നശിപ്പിക്കുകയും ജനങ്ങൾ പരിഭ്രാന്തരായി അങ്ങോട്ടു മിങ്ങോട്ടും ഓടിപ്പോകാൻ ഇടയാവുകയും ചെയ്യുന്ന ഭയങ്കരമായ പ്ലേഗ് വരികയില്ലെന്നാണ്. എന്തെന്നാൽ, അല്ലാഹു പറഞ്ഞത് ഇപ്രകാരമായിരുന്നു:

لو لا الاکرام لهلک المقام انّه اٰوٰی القریة

ഖാദിയാൻ നമ്മുടെ ഒരു ദൂതന്റെ ആസ്ഥാനമല്ലായിരുന്നെ ങ്കിൽ അതു നിശ്ശേഷം നശിപ്പിക്കപ്പെടേണ്ട ഒരു ഗ്രാമമായിരുന്നു. പക്ഷേ, നാശത്തിൽനിന്നും ജനശൂന്യമാകുന്നതിൽ നിന്നും അതിനെ രക്ഷിച്ചിരിക്കുന്നു.

രണ്ടാമതായി, ഖാദിയാനിൽ പ്ലേഗ് തീരെ വരാതിരിക്കുകയാ ണെങ്കിൽ ഈ ദൃഷ്ടാന്തം എങ്ങനെയാണ് പൂർത്തിയാവുക? ഒരേ ഗ്രാമത്തിൽ ചുമരോട് ചുമർ തൊട്ടനിലയിൽ ഒരു ഭാഗത്ത് ഹദ്റത്ത് അഹ്മദും(അ) മറുഭാഗത്ത് അക്ഷരചന്ദ്, സോംരാജ്, ഭഗത്റാം എ ന്നിവരും താമസിക്കുക, രണ്ടുകൂട്ടരും തങ്ങൾ പ്ലേഗിൽനിന്ന് സുര ക്ഷിതരായിരിക്കുമെന്ന് വാദിക്കുക, ആ അവസ്ഥയിൽ പ്ലേഗുവന്ന് അക്ഷരചന്ദ്, സോംരാജ്, ഭഗത്റാം മുതലായവരുടെ കഥ കഴിക്കു കയും ഹദ്റത്ത് അഹ്മദി(അ)ന്റെ ഭവനത്തിൽ ഒരു എലിപോലും

ചത്തു വീഴാതിരിക്കുകയും ചെയ്യുക. ഇതിനെക്കാൾ വിശിഷ്ടമായ അടയാളം മറ്റെന്തുണ്ടാവാനാണ്?

ചുരുക്കത്തിൽ, ഹദ്റത്ത് അഹ്മദ്(അ) രണ്ട് പ്രകാരത്തിലും, യുക്തിപ്രമാണങ്ങളുടെ മാർഗ്ഗത്തിലും ആത്മീയ ബലപരീക്ഷയിലും ആര്യസമാജക്കാരുമായി സമരം നടത്തുകയും ആ സമരത്തിൽ പരിപൂർണ്ണമായി വിജയം പ്രാപിക്കുകയും ചെയ്തിരിക്കുന്നു.

## സിക്കുമതത്തിനെതിരിൽ

മൂന്നാമത്തെ മതം സിക്കുകാരുടെതാണ്. ഈ മതത്തിന്റെ അനുയായികൾ എണ്ണത്തിൽ വളരെ കുറഞ്ഞവരാണ്. പഞ്ചാബിന് പുറത്ത് അവരുടെ സ്വാധീനശക്തി കേവലം നിസ്സാരവുമാണ്. അതേസമയത്ത് പഞ്ചാബിൽ സിക്കുജനതയ്ക്ക് വളരെ പ്രാധാന്യവും സ്വാധീനശക്തിയും ഉണ്ടെന്ന് സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. തങ്ങളുടെ മതത്തിനുവേണ്ടി അവർ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ജീവൻ കൊടുക്കുന്നവരുമാണ്. ഈ മതാനുയായികളിൽ ഒരു ഗുണം നിലനിന്നുവന്നിട്ടുണ്ടായിരുന്നു- അവർ മറ്റു മതസ്ഥാപകന്മാരെപ്പറ്റി, ആര്യസമാജക്കാരെയും ക്രിസ്ത്യാനികളെയും പോലെ ചീത്ത വാക്കുകൾ ഉപയോഗിച്ചിരുന്നില്ല*. പക്ഷേ അതുകൊണ്ട് ഇസ്‌ലാമിനോട് അവർക്ക് ശത്രുതയില്ലെന്ന് ധരിച്ചു പോകരുത്. ഇസ്‌ലാമിനോട് അവർക്ക് കഠിനമായ വെറുപ്പും വിദ്വേഷവുമുണ്ട്. എന്നാൽ, അഭ്യസ്തവിദ്യരായ സിക്കുകാരുടെ ഇടയിൽ സാധാരണയായി മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ മാന്യതയും മര്യാദയും കാണാവുന്നതാണ്. അവരുമായി ഹദ്റത്ത് അഹ്മദിന് യാതൊരു ആത്മീയ ബലപരീക്ഷയും ഉണ്ടായിട്ടില്ല. മറ്റു മതസ്ഥർക്കു നേരെ പുറപ്പെടുവിച്ച പൊതു ആഹ്വാനങ്ങൾ അവർക്കും ബാധകമായിരുന്നു. എന്നാൽ, അവരിൽനിന്ന് ആരും അദ്ദേഹത്തിന്നെതിരായി മുന്നോട്ടു വന്നില്ല. അദ്ദേഹം പക്ഷേ, അവരുടെ കാര്യത്തിലും ശ്രദ്ധാലുവായിരുന്നു. അദ്ദേഹം തന്റെ വാദങ്ങൾ പുറപ്പെടുവിക്കുന്നതിന് മുമ്പേതന്നെ ഒരിക്കൽ സിക്കുഗുരുവായ ബാബാനാനാക്കിനെ സ്വപ്നത്തിൽ ദർശിക്കുകയുണ്ടായി. താൻ മുസൽമാനായിരുന്നു എന്ന വസ്തുത ബാബാസാഹിബ് അദ്ദേഹത്തോട് ആ സ്വപ്നത്തിൽ വെളിപ്പെടുത്തുകയുണ്ടായി. അതിനുശേഷം

* ഇപ്പോൾ പക്ഷേ, ഇതിന്നെതിരായ നിലപാട് അവരിൽ ചിലർ കൈക്കൊണ്ട് തുടങ്ങിയിരിക്കുന്നുവെന്നത് ദുഃഖമുളവാക്കുന്ന കാര്യമാണ്.

ബാബാസാഹിബ് മുസൽമാനായിരുന്നു എന്ന പരമാർത്ഥം സ്ഥാപിക്കുന്നതിനായി അല്ലാഹുവിൽനിന്ന് ഒരു മാർഗ്ഗംകൂടി തെളിഞ്ഞുകിട്ടാൻ അദ്ദേഹം കാത്തിരിക്കുകയായിരുന്നു. പിന്നീട് അദ്ദേഹം അക്കാര്യത്തിൽ വീണ്ടും ശ്രദ്ധ ചെലുത്തുകയും ഗവേഷണം ആരംഭിക്കുകയും ചെയ്തു. അതിന്റെ ഫലമായി, ബാബാസാഹിബ് ഹിന്ദുകുടുംബത്തിൽ ജനിച്ച ഒരാളായിരുന്നു എങ്കിലും പിന്നീട് ഇസ്ലാംമതം വിശ്വസിച്ചു വിലായത്ത് പദം നേടുകയും ദർവേശിമാരുടെ കാൽപാടുകൾ പിൻപറ്റി ഒരു പ്രസ്ഥാനത്തിന്റെ സ്ഥാപകനാവുകയും ചെയ്തതാണെന്ന് ശക്തിമഹത്തായ ചരിത്രസാക്ഷ്യങ്ങളാൽ അദ്ദേഹത്തിന് ബോധ്യമായി. ബാബാസാഹിബ് മുസൽമാനായിരുന്നുവെന്ന യാഥാർത്ഥ്യം താഴെ പറയുന്ന രേഖകളാൽ അദ്ദേഹം സ്ഥാപിക്കുകയും ചെയ്തു.

1. ബാബാ സാഹിബ് ജ്ഞാനികളായ മുസ്ലിം സൂഫികളുമായി കൂടിക്കാഴ്ച നടത്തുകയും അവരോടൊപ്പം താമസിക്കുകയും ചെയ്തിരുന്നു.

2. ബാബാ സാഹിബ് ഇസ്ലാമിക സമ്പ്രദായത്തിൽ നമസ്കരിക്കുകയും നോമ്പു നോൽക്കുകയും പതിവായിരുന്നു.

3. ബാബാ സാഹിബ്, മക്കയിലേക്ക് തീർത്ഥാടനത്തിന് പോവുകയും ഇസ്ലാമിക സമ്പ്രദായത്തിൽ ഹജ്ജുകർമ്മം നിർവ്വഹിക്കുകയും ചെയ്തിരുന്നു.

4. ബാബാ സാഹിബ് ഇസ്ലാമിക രീതിയനുസരിച്ച് ഏകദൈവത്തിലും നബിതിരുമേനിയുടെ ദൗത്യത്തിലും വിശുദ്ധ ഖുർആനിലും വിശ്വസിച്ചിരുന്നു.

5. ബാബാ സാഹിബ് തുടർച്ചയായി തന്റെ ഇസ്ലാമിക വിശ്വാസത്തെപ്പറ്റി അനുയായികൾക്ക് ഉദ്ബോധനം നല്കിക്കൊണ്ടിരുന്നു.

6. ബാബാസാഹിബിന്റെ ഏറ്റവുമധികം പുണ്യപ്പെട്ട ഒരു വസ്തുവായി സിക്കുജനത തലമുറതലമുറയായി സംരക്ഷിച്ചുപോരുന്നത് ഗുർദാസ്പൂർ ജില്ലയിലെ ഡേരാബാബാനാനാക്കിലുള്ള ബാബാസാഹിബിന്റെ ഒരു 'മേൽവസ്ത്ര'മാണ്. അത് അദ്ദേഹത്തിന് ദൈവികമായി സിദ്ധിച്ചതാണെന്നാണ് സിക്കുകാരുടെ മതേതിഹാസങ്ങളിൽ കാണുന്നത്. അതിനാൽ, സിക്കുകാർ അതിനെ വളരെ

ആദരപൂർവ്വം വീക്ഷിക്കുന്നു. എന്നാൽ, പ്രസ്തുത 'മേൽവസ്ത്രം' ഹദ്റത്ത് അഹ്മദ്(അ) തന്റെ ചില സ്നേഹിതൻമാരോടൊന്നിച്ച് പരിശോധിച്ചപ്പോൾ അതിൻമേൽ എല്ലായിടത്തും വിശുദ്ധഖുർആനിലെ ആയത്തുകളും പ്രത്യേകമായ നിലയിൽ ***ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹി*** എന്ന പരിശുദ്ധ കലിമയും എഴുതിയിരിക്കുന്നതായി കാണുകയുണ്ടായി.

7. ഫിറോസ്പൂരിലെ ഒരു ഗുരുദ്വാരയിൽ ബാബാ സാഹിബിന്റെ ഒരു പുണ്യവസ്തു സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. അതെന്താണെന്നു പരിശോധിച്ചപ്പോൾ വിശുദ്ധഖുർആന്റെ ഒരു പ്രതിയാണെന്ന് അറിയാൻ കഴിഞ്ഞു.

8. ബാബസാഹിബ് വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും തുടർച്ചയായി ഹിന്ദുമതത്തെയും അതിന്റെ സിദ്ധാന്തങ്ങളെയും നിഷേധിക്കുകയും ഹിന്ദുപ്രമാണമായ വേദങ്ങളെ ഖണ്ഡിക്കുകയും അതിനെതിരായി ഉപദേശം നല്കുകയും ചെയ്തുകൊണ്ടിരുന്നു. ഇക്കാരണത്താലും അദ്ദേഹം ഒരു ഹിന്ദുമതാനുയായി ആയിരുന്നില്ലെന്ന് വ്യക്തമാകുന്നു.

9. സിക്കുമതത്തിന് ഒരു നിയമസംഹിതയില്ല. അതുകൊണ്ട് അതൊരു മതമായിരുന്നില്ലെന്ന് വ്യക്തമാകുന്നുണ്ട്.

10. സിക്കുകാരുടെ പൊതുസംസ്കാരാചാരങ്ങൾ അവരുടെ യഥാർത്ഥ ബന്ധം ഇസ്ലാമിനോടാണെന്ന് തെളിയിക്കുന്നു. ഹിന്ദുമതത്തിന്റെ സ്വാധീനതയ്ക്ക് വശംവദമായ ചില കാര്യങ്ങളിലൊഴികെ മറ്റ് കാര്യങ്ങളിലെല്ലാം അവർ അടിസ്ഥാനപരമായി ഇസ്ലാമിക വർണ്ണത്താൽ നിറം പിടിപ്പിക്കപ്പെട്ടതായിട്ടാണ് കാണുന്നത്.

ഈ രേഖകൾകൊണ്ടാണ് ബാബാ സാഹിബ് മുസൽമാനായിരുന്നുവെന്ന് ഹദ്റത്ത് അഹ്മദ്(അ) സ്ഥാപിച്ചത്. ഈ രേഖകളെല്ലാം സത്യമാണെങ്കിൽ ബാബാസാഹിബ് മുസൽമാനായിരുന്നുവെന്ന കാര്യത്തിൽ സംശയത്തിനിടമില്ലെന്ന് എല്ലാവർക്കും മനസ്സിലാക്കാൻ കഴിയും. ബാബാ സാഹിബ് ഒരു മുസ്ലിം 'വലിയ്യ്' ആയിരുന്നുവെന്ന് സ്ഥാപിതമാവുമ്പോൾ, പിന്നെ സിക്കുമത്തിന്റെ സ്ഥിതി എന്തായിത്തീരുന്നുവെന്നത് പ്രത്യക്ഷമാണ്. ഈ ഒറ്റ സംഗതിയാൽതന്നെ സിക്കുമതത്തിന്റെ കോട്ട ജയിച്ചടക്കപ്പെട്ടിരിക്കുന്നു.

ഹദ്റത്ത് അഹ്മദ്(അ) മേൽപറഞ്ഞ തെളിവുകളെല്ലാം സിക്കുകാരുടെ വിശുദ്ധഗ്രന്ഥങ്ങളായ ഗ്രന്ഥസാഹിബ്, ജനംസാഖി എന്നിവയിൽനിന്നും ആ മതത്തിന്റെ ചരിത്രത്തിൽനിന്നും സംഭവങ്ങളിൽനിന്നും ശേഖരിച്ചവയാണ്. അങ്ങനെ, ഒന്നും ഒന്നും രണ്ട് എന്നപോലെ അത്രയും വ്യക്തമായ നിലയിൽ ബാബാ സാഹിബ് മുസൽമാനായിരുന്നുവെന്നദ്ദേഹം സ്ഥാപിക്കുകയും ചെയ്തു*.

ഹദ്റത്ത് അഹ്മദ്(അ) അന്യമതങ്ങളുടെമേൽ ഏല്പിച്ചിട്ടുള്ള ആഘാതങ്ങൾ മിക്കവാറും അടിസ്ഥാനപരമാണെന്നുള്ളത് അത്ഭുതകരമായൊരു വസ്തുതയാണ്. ഉദാഹരണമായി ക്രിസ്തുമതത്തെ സംബന്ധിച്ച്, ക്രിസ്തു കുരിശിൻമേൽ മരിച്ചിട്ടില്ല എന്നും സാധാരണ മനുഷ്യരെപ്പോലെ പ്രകൃതിസഹജമായ നിലയിൽ മരണം പ്രാപിക്കുകയാണ് ചെയതതെന്നും അദ്ദേഹത്തിന്റെ കബ്ർ കശ്മീരിൽ ഉണ്ടെന്നും ചരിത്രരേഖകൾ നിരത്തി അദ്ദേഹം സമർത്ഥിച്ചു. ആര്യമതത്തെ സംബന്ധിച്ച്, അതിന്റെ മൗലിക സിദ്ധാന്തങ്ങളെല്ലാം ദൈവത്തിന്റെ മഹത്ത്വത്തിന് നിരക്കാത്തതാണെന്നും ദൈവത്തോട് മനുഷ്യനുള്ള സ്വാഭാവിക ബന്ധത്തെ ദുർബലവും നിർജ്ജീവവുമാക്കിത്തീർക്കുന്നവയാണെന്നും ആര്യസമാജക്കാരുടെതന്നെ മറ്റു വിശ്വാസങ്ങൾ അവയ്ക്കെതിരാണെന്നും അദ്ദേഹം സ്ഥാപിച്ചു. സിക്കുകാരെ സംബന്ധിച്ച്, അതിന്റെ സ്ഥാപകൻ മുസൽമാനായിരുന്നുവെന്നും പിന്നീട് അദ്ദേഹത്തിന്റെ അനുയായികളുടെ സ്ഥിതി ഒട്ടൊക്കെ കാലചക്രത്തിന്റെ തിരിച്ചൽ നിമിത്തവും ഒട്ടൊക്കെ മുസൽമാൻമാരുടെ അശ്രദ്ധ നിമിത്തവും മാറിപ്പോയതാണെന്നും അദ്ദേഹം തെളിയിച്ചു.

ഒരു മതപ്രസ്ഥാനവും അതിന്റെ തുടക്കം സത്യത്തിൻമേലും സന്മാർഗ്ഗത്തിൻമേലും അധിഷ്ഠിതമല്ലെങ്കിൽ, ലക്ഷക്കണക്കിൽ ആളുകൾ അവയിൽ വിശ്വസിച്ചുകൊണ്ട് പൊതു സ്വീകാര്യത കിട്ടത്തക്കനിലയിലും സ്ഥിരപ്രതിഷ്ഠ ലഭിക്കത്തക്ക നിലയിലും ലോകത്ത് പ്രശോഭിക്കുകയില്ലെന്നുള്ളതായിരുന്നു യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ സിദ്ധാന്തം. കുമിളകൾ പോലെ പൊന്തിവന്ന് അമരുകയെന്നതും രണ്ടോ മൂന്നോ തലമുറ നിലനിന്നതിനുശേഷം നാശ

* ഹദ്റത്ത് അഹ്മദ്(അ)ന്റെ 'സത്‌വചൻ', 'ചശ്മയെ മഅ്രിഫത്ത്' എന്നീ ഗ്രന്ഥങ്ങളും, അദ്ദേഹത്തിന്റെ ശിഷ്യനും 'നൂർ' പത്രത്തിന്റെ അധിപരുമായ ശയ്ഖ് മുഹമ്മദ് യൂസുഫ് സാഹിബിന്റെ (ഇദ്ദേഹം മുമ്പേയൊരു സിക്കുകാരനായിരുന്നു) 'ബാബാനാനാക്ക് സാഹിബിന്റെ ജീവചരിത്രം', 'ബാബാസാഹിബിന്റെ മതം' എന്നീ കൃതികളും നോക്കുക.

മടയുകയോ അഥവാ നശിച്ചതിന് തുല്യമാവുകയോ ചെയ്യുകയെന്നതും സത്യമതത്തിന്റെ ലക്ഷണമല്ല. ഈ കാരണത്താൽ അഹ്മദികളായ ഞങ്ങൾ ഹിന്ദുക്കളുടെ ശ്രീകൃഷ്ണൻ, ശ്രീരാമചന്ദ്രൻ, ബൗദ്ധരുടെ ഗൗതമബുദ്ധൻ, പാർസികളുടെ സർതഷ്ത്ത്, ചീനരുടെ കൺഫ്യൂഷസ് എന്നിവരെല്ലാം സത്യവാദികളായിരുന്നു എന്ന് സമ്മതിക്കുന്നു; അവരെയെല്ലാം അത്യധികം ബഹുമതിയോടുകൂടി വീക്ഷിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ ഗുരു ബാബാനാനാനാക്ക് അല്ലാഹുവിന്റെ ഒരു 'വലിയ്യ്' ആയിരുന്നു എന്നാണ് ഞങ്ങളുടെ വിശ്വാസം. ഇവരെപ്പറ്റിയുള്ള ബഹുമാനം ഹദ്റത്ത് അഹ്മദാ(അ)ണ് ഞങ്ങളുടെ ഹൃദയങ്ങളിൽ ജനിപ്പിച്ചത്. ഇതിനുപുറമെ, മറ്റു വാദങ്ങളോടുകൂടി താൻ ശ്രീകൃഷ്ണന് സദൃശനാണെന്നും അദ്ദേഹം വാദിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന് ഒരിക്കൽ ഇപ്രകാരം ഒരു ഇൽഹാമുണ്ടായി:

"اے رودر گوپال تیری مہما گیتا میں بھی لکھی ہے"

അല്ലയോ തിൻമയേ ഉൻമൂലനം ചെയ്യുകയും നൻമയെ സ്ഥാപിക്കുകയും ചെയ്യുന്നവനേ, നിന്റെ മഹിമയും നിന്റെ ആഗമനം സംബന്ധിച്ച വാഗ്ദതവും ഗീതയിലും എഴുതപ്പെട്ടിരിക്കുന്നു.

## ബ്രഹ്മസമാജത്തിനെതിരിൽ

ഹദ്റത്ത് അഹ്മദിനു നേരിടേണ്ടി വന്ന നാലാമത്തെ മതം ബ്രഹ്മസമാജക്കാരുടെതാണ്. ഈ കൂട്ടർ ആചാരപരമായി ഹിന്ദുക്കളിൽ ഉൾപ്പെട്ടവരാണ്. എന്നാൽ, അവരുടെ വിശ്വാസങ്ങൾ മറ്റു ഹിന്ദുക്കളുടെതിൽനിന്ന് വ്യത്യസ്തമാകുന്നു. ചില വിശ്വാസങ്ങളിൽ അവർക്ക് മുസ്ലിംകളിൽ പുതിയൊരു വിഭാഗമായ പ്രകൃതിവാദികളോട് സാദൃശ്യമുണ്ട്. എന്തെന്നാൽ, ഏതുപ്രകാരം പ്രകൃതിവാദികൾ ഇൽഹാം, പ്രാർത്ഥനയുടെ സ്വീകരണം, അത്ഭുതാടയാളങ്ങൾ എന്നിവയെ നിരാകരിക്കുന്നുവോ (നിഷേധിക്കുന്നതിനു തുല്യമായ വ്യാഖ്യാനങ്ങളാണ് അവർ അവയ്ക്ക് നല്കുന്നത്). അതുപ്രകാരം അവരും പ്രവാചകത്വ ശൃംഖല, ഇൽഹാം, പ്രാർത്ഥനയുടെ സ്വീകാര്യത മുതലായവയെ നിഷേധിക്കുന്നു. അവരുടെ മതത്തിന്റെ അടിസ്ഥാനം അവരുടെ ബുദ്ധിയാണ്. ദൈവമുണ്ടെന്ന് സമ്മതിക്കുമെങ്കിലും ഇൽഹാമിലും പ്രവാചകത്വത്തിലും അവർക്ക് വിശ്വാസമില്ല. എന്നാൽ, ഒരു ഗുണമുണ്ട്– മറ്റു മതസ്ഥാപകൻമാ

രെയും പുണ്യാത്മാക്കളെയും അവർ അധിക്ഷേപിക്കുകയില്ല. നേരെ മറിച്ച് ബഹുമാന ദൃഷ്ടിയോടുകൂടി വീക്ഷിക്കുകയും ചെയ്യും. അവരുടെത് ഒരു പ്രചാരണമതമല്ല. അതായത്, അവർ ആര്യസമാജക്കാരെപ്പോലെയും ക്രിസ്ത്യാനികളെപ്പോലെയും വാദപ്രതിവാദങ്ങളിലും മറ്റും അധികം ശ്രദ്ധിക്കുകയില്ല. വിജ്ഞാനപരമായി തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുക എന്നത് മാത്രമാണ് അവരുടെ പ്രവർത്തന പരിപാടി. മതസംബന്ധിയായ ഉത്സാഹവും ആവേശവും അവരിൽ കാണുകയില്ല. ഈ കാരണങ്ങളാൽ ഹദ്റത്ത് അഹ്മദിന്(അ) അവരുമായി ക്രമപ്രകാരമുള്ള ഒരു ആദ്ധ്യാത്മിക ബലപരീക്ഷ നടത്തേണ്ടി വന്നിട്ടില്ല. എന്നിരുന്നാലും, അദ്ദേഹം മറ്റു മതസ്ഥരെ അഭിസംബോധന ചെയ്തുകൊണ്ട് പുറപ്പെടുവിച്ച ആഹ്വാനങ്ങൾ അവർക്കും ബാധകമായിരുന്നു. പക്ഷേ, അവരിൽനിന്ന് യാതൊരാളും അദ്ദേഹത്തിനെതിരിൽ മുന്നോട്ടു വരികയുണ്ടായില്ല.

ബുദ്ധിപരമായോ പ്രമാണപരമായോ അവരുമായി ഹദ്റത്ത് അഹ്മദ്(അ) ഒരു വിവാദത്തിലേർപ്പെട്ടിട്ടില്ല. എങ്കിലും അദ്ദേഹം അവരുടെ നേരെ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. തന്റെ പല ഗ്രന്ഥങ്ങളിലും അവരുടെ വിശ്വാസത്തെ ഖണ്ഡിച്ചിട്ടുമുണ്ട്. പ്രത്യേകിച്ച്, ബറാഹീനെ അഹ്മദിയ്യായുടെ മൂന്നും നാലും ഭാഗങ്ങളിൽ അധിക ഭാഗവും ബ്രഹ്മസമാജക്കാരുടെ വിശ്വാസങ്ങളെ ഖണ്ഡിക്കാനായിട്ടാണ് അദ്ദേഹം ഉപയോഗിച്ചിട്ടുള്ളത്. ഇതിനു പുറമെ ആയിനയെ കമാലാത്തെ ഇസ്ലാം, ബറക്കാത്തുദ്ദുആ, ബറാഹീനെ അഹ്മദിയ്യാ അഞ്ചാം ഭാഗം, മക്ത്തൂബാത്ത് എന്നീ ഗ്രന്ഥങ്ങളിലും അവരുടെ വിശ്വാസങ്ങളെ ഖണ്ഡിച്ചതായി കാണാം. ദൈവവിശ്വാസം വാദിക്കുകയും അതേ സമയം ഇൽഹാം, നുബുവ്വത്ത്, പ്രാർത്ഥനയുടെ സ്വീകരണം എന്നിവയെ നിഷേധിക്കുകയും ചെയ്യുകയെന്നത് പരസ്പര വിരുദ്ധമായ സംഗതികളാണെന്ന് ഹദ്റത്ത് അഹ്മദ്(അ) പല പ്രാവശ്യം എഴുതിയിട്ടുണ്ട്. കേവലമായ ബുദ്ധി ദൈവത്തെ സംബന്ധിച്ച് മനുഷ്യനെ ഏതെങ്കിലുമൊരു ദൈവം ഉണ്ടായിരിക്കണമെന്ന പദവിയിൽനിന്ന് ഒരിക്കലും മുന്നോട്ടു കൊണ്ടു പോവുകയില്ല. ബുദ്ധിയുടെ പ്രവൃത്തി അങ്ങേയറ്റം ഒരു ദൈവം ഉണ്ടായിരിക്കണമെന്ന് സ്ഥാപിക്കുക എന്നതാണ്. എന്നാൽ, ഉണ്ടായിരിക്കണമെന്ന അവസ്ഥ ഒരു വിധത്തിലും തൃപ്തികരമാവുകയില്ല. ദൈവത്തെ സംബന്ധിച്ച് ആ വിധത്തിലുള്ള ഒരു

വിശ്വാസം വിശ്വാസമേയല്ലെന്നുള്ളതാണ് പരമാർത്ഥം. നാമമാത്രമായ ആ വിശ്വാസത്തിന് സത്യ പ്രേമിയുടെയോ സത്യാന്വേഷിയുടെയോ സ്വാഭാവികമായ തൃഷ്ണ ശമിപ്പിക്കാൻ സാധിക്കുകയുമില്ല. എന്നു മാത്രമല്ല, ചിലപ്പോൾ ശുഷ്കമനസ്കരായ തത്ത്വജ്ഞാനികളെപ്പോലെ അവരെയും അത് നിരീശ്വരത്വത്തിലേക്കു നയിക്കും. യഥാർത്ഥമായ വിശ്വാസം, ദൈവം ഉണ്ടായിരിക്കണമെന്ന സംശയഗ്രസ്തവും ആപൽക്കരവുമായ സ്ഥാനത്തുനിന്ന് ദൈവം ഉണ്ട് എന്ന സുദൃഢവും സുരക്ഷിതവുമായ സ്ഥാനം പ്രാപിക്കുകയെന്നതാണ്. ഇത് കേവലമായ ബുദ്ധിയുടെ പ്രവൃത്തി പരിധിയിൽ പെട്ടതല്ല. എന്തെന്നാൽ, ദൈവാസ്തിക്യം ഇന്ദ്രിയഗോചരമല്ലാത്തവിധം സൂക്ഷ്മമാണ്. കേവലമായ ബുദ്ധിക്ക് അതുവരെ എത്തിച്ചേരുക സാധ്യമല്ല. ദൂരത്തുനിന്നുകൊണ്ട് അതിനെപ്പറ്റി സൂചന നല്കാൻ മാത്രമേ ബുദ്ധിക്ക് കഴിയുകയുള്ളൂ. അതുകൊണ്ട് മനുഷ്യനെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്ന എന്തെങ്കിലുമൊരു മാർഗ്ഗമുണ്ടായിരിക്കണം. അത് അവൻതന്നെ അവന്റെ ഇൽഹാം വഴിയായും പ്രവാചക നിയോഗം വഴിയായും അവന്റെ അടിയാരുടെ അടുക്കലേക്ക് വരികയും അവന്റെ അസ്തിത്വത്തെ ഗോചരമാക്കുകയും ചെയ്യുക എന്നതാണ്. ദൈവം ഉണ്ടായിരിക്കണമെന്ന അവസ്ഥയിൽ തങ്ങിനില്ക്കാതെ ദൈവം ഉണ്ട് എന്ന അവസ്ഥയിൽ വിശ്വാസം എത്തിച്ചേരുന്നതിനും മനുഷ്യൻ ദൈവവുമായി ബന്ധം സ്ഥാപിക്കുന്നതിനും ഇത് അനിവാര്യമാണ്. ഉണ്ടായിരിക്കണമെന്ന അനുമാനം ഒരു സാങ്കൽപിക വിഗ്രഹത്തെ മാത്രമാണ് ആവിഷ്കരിക്കുന്നത്. ഇതു സംബന്ധിച്ച ഹദ്റത്ത് അഹ്മദി(അ)ന്റെ ചോദ്യം പ്രസക്തമാണ്.

بن دیکھے کس طرح کسی مہ رخ پہ آئے دل
کیونکر کوئی خیالی صنم سے لگائے دل

കാണാതെ കണ്ട് ഏതെങ്കിലുമൊരു സുന്ദരമുഖത്തിൽ എങ്ങനെ മനസ്സ് പതിയാനാണ്? സാങ്കൽപികമായ ഒരു വിഗ്രഹത്തോട് എങ്ങനെ പ്രേമമുണ്ടാകാനാണ്?

കൂടാതെ അദ്ദേഹം തന്റെ ഇൽഹാമുകളെയും മുൻകാലത്ത് നബി തിരുമേനി(സ) വഴിയായും ഇക്കാലത്ത് താൻ വഴിയായും അല്ലാഹു കാണിച്ച ശക്തിപ്രകടനങ്ങളെയും ഖണ്ഡിതമായ തെളിവെന്ന നിലയിൽ ഉന്നയിച്ചുകൊണ്ട്, നിഷേധിക്കുന്നവരെ പരീക്ഷ

ണത്തിനുവേണ്ടി വെല്ലുവിളിക്കുകയും ചെയ്തു. ആരും മുന്നോട്ടു വന്നില്ല. അങ്ങനെ അദ്ദേഹം ഇസ്‌ലാമിന്റെ പതാക ഉയരത്തിൽ പറപ്പിച്ചു കൊണ്ടിരുന്നു.

## ദേവസമാജത്തിനെതിരിൽ

അഞ്ചാമത്തേത് നിരീശ്വരത്വവും ദേവസമാജമതവുമാണ്. ഈ മതം അടുത്തകാലത്ത് പലരുടെയും ഹൃദയങ്ങൾ തിന്നു കളഞ്ഞിട്ടുണ്ട്. അവരിൽ ചിലർ ധൈര്യസമേതം അവരുടെ അഭിപ്രായം തുറന്നു പറയുകയും ഒരു പാർട്ടി രൂപീകരിക്കുകയും ചെയ്തു. എന്നാൽ, അധികപേരും അവരുടെ സംശയം ഹൃദയത്തിൽ മറച്ചുവെക്കുകയാണ് ചെയ്തത്. ശ്രദ്ധാപൂർവ്വം നോക്കുകയാണെങ്കിൽ അവരുടെയും വിശ്വാസമാകുന്ന ദണ്ഡിക മുഴുവൻ ആ കീടം തിന്നു കളഞ്ഞിരിക്കുന്നുവെന്ന് മനസ്സിലാക്കാൻ കഴിയും. ഹിന്ദുക്കളിലും ക്രിസ്ത്യാനികളിലും മുസ്‌ലിംകളിലും മറ്റു സമുദായങ്ങളിലും അത്തരക്കാരെ ധാരാളം കാണാൻ സാധിക്കും. അവരുടെ വിശ്വാസത്തിന് ആ കീടബാധ ഏല്ക്കുക മാത്രമല്ല, ഇക്കാലത്തെ വിഷക്കാറ്റും നവീന വിജ്ഞാനത്തിന്റെ നാശകാരിയായ സ്വാധീനതയും ഭൗതികത്വത്തിന്റെ ഇരുളും അവരുടെ മതങ്ങളുടെ കഥ കഴിക്കുക കൂടി ചെയ്തിരിക്കുന്നു. അവർ കേവലം ആചാരപരമായിട്ടും പാരമ്പര്യമായിട്ടുമാണ് മതത്തോടു ബന്ധം പുലർത്തിപ്പോരുന്നത്. അവർ മതത്തിന്റെ കാര്യത്തിൽ വല്ല അഭിമാനവും കാണിക്കുന്നുണ്ടെങ്കിൽ അതും വിശ്വാസപരമായിട്ടല്ല, സാമുദായികമായിട്ടാണ്. രഹസ്യമായ ഈ നിരീശ്വര വിശ്വാസികൾക്ക് പുറമെ തുറന്ന നിലയിൽ ദൈവാസ്തിക്യത്തെ നിഷേധിക്കുന്ന ഒരു കൂട്ടരും നിലവിലുണ്ട്. അവർ ഹിന്ദുക്കളിലാണ് പ്രത്യക്ഷമായിക്കാണപ്പെടുന്നത്. അവർ (വടക്കെ ഇന്ത്യയിൽ) 'ദേവസമാജ്' എന്ന പേരിൽ അറിയപ്പെടുന്നു. ആ കൂട്ടരുമായി ഹദ്റത്ത് അഹ്മദ്(അ) ക്രമപ്രകാരം ഏറ്റുമുട്ടിയിട്ടില്ല. പക്ഷേ, ഒരുപ്രകാരത്തിൽ അദ്ദേഹം തന്റെ ജീവിതം മുഴുവനും ആ കൂട്ടരുമായുള്ള സമരത്തിലാണ് കഴിച്ചുകൂട്ടിയിട്ടുള്ളത്. അദ്ദേഹത്തിന്റെ എല്ലാ ഗ്രന്ഥങ്ങളിലും അവരുടെ വിശ്വാസത്തിന്റെ ഖണ്ഡനം അടങ്ങിയിട്ടുണ്ട്. ഏതെല്ലാം രേഖകൾകൊണ്ടും തെളിവുകൾ കൊണ്ടും അദ്ദേഹം മറ്റു മതക്കാരെ പരാജയപ്പെടുത്തിയോ ആ രേഖകളും തെളിവുകളും ഈ വിശ്വാസത്തിന്റെയും വേരറുക്കുന്നവയാണ്. പ്രത്യേകിച്ച് ആത്മീയ രംഗത്തിലെ തെളിവുകൾ

ആ മതത്തിനെതിരായുള്ള മൂർച്ചയേറിയ ആയുധമാണ്. ഉദാഹരണമായി ആഥമിന്റെ മരണം, മാർട്ടിൻ ക്ലാർക്കിന്റെ പരാജയം, ഡൂയിയുടെ നാശം, ഇന്ദ്രമന്റെ പാലായനം, ലേഖ്റാമിന്റെ വധം, അക്ഷരചന്ദ് മുതലായവരുടെ നാശം ഇത്യാദി സംഭവങ്ങൾ ക്രിസ്തുമത്തിന്റെയും ആര്യമതത്തിന്റെയും വേരറുത്തുകൊണ്ടിരിക്കുമ്പോൾ നിരീശ്വരത്വത്തിന്റെയും ദേവസമാജത്തിന്റെയും കഴുത്തിൽ മാരകമായ വെട്ടേല്പിക്കുകയും ചെയ്യുന്നു.

ദൃഷ്ടാന്തങ്ങൾ കാണുവാനായി വിവിധ മതാനുയായികൾക്ക് അദ്ദേഹം ആഹ്വാനം നല്കിയപ്പോൾ ദേവസമാജക്കാരെയും അതിനുവേണ്ടി ക്ഷണിച്ചിട്ടുണ്ടായിരുന്നു. എന്നാൽ, നിരീശ്വരവാദികളുടെ ഹൃദയം ബലഹീനമാണെന്നതിനെ ശരിവെച്ചുകൊണ്ട് അവരിൽ നിന്ന് ആരുംതന്നെ ആ ആഹ്വാനം സ്വീകരിക്കാൻ മുന്നോട്ടു വന്നില്ല. ഏതൊരാൾ ദൈവത്തിൽ വിശ്വസിക്കുന്നുവോ, അത് തെറ്റായ വിശ്വാസമായിരുന്നാലും ശരി, അയാളുടെ മനസ്സ് ദൃഢമായിരിക്കും. എന്നാൽ, നിരീശ്വരവാദിയുടെ ഹൃദയം എപ്പോഴും വിറച്ചുകൊണ്ടിരിക്കുകയേയുള്ളൂ. അയാൾക്ക് ഒരിക്കലും മനസ്സമാധാനമുണ്ടാവുകയില്ല. എതിർപ്പിന്റെ കാര്യത്തിൽ അയാൾ സാധാരണയായി ഭീരുത്വം കാണിക്കും. ഏതെങ്കിലും നിരീശ്വരവാദിയോ ദേവസമാജക്കാരനോ ഹദ്റത്ത് അഹ്മദി(അ)നെതിരിൽ വരാതിരിക്കാൻ കാരണമതാണ്. അദ്ദേഹം ആ കൂട്ടരെ രണ്ടു വിധത്തിൽ എതിർക്കുകയുണ്ടായി. ഒന്നാമത്, ബുദ്ധി ശരിയായി ഉപയോഗിച്ചു ചിന്തിക്കുന്ന ഏതൊരാൾക്കും ഒരു വിധാതാവിന്റെ അസ്തിത്വത്തെപ്പറ്റി ബോധമുണ്ടാകുന്നതാണെന്ന് അദ്ദേഹം സ്ഥാപിച്ചു. ഏറ്റവും സൂക്ഷ്മമായ തന്ത്രങ്ങളോടും നിസ്തുല്യമായ ക്രമീകരണത്തോടും കൂടിയ ഈ സ്ഥൂലപ്രപഞ്ചം പരിപൂർണ്ണനായ ഒരു സ്രഷ്ടാവ് ഉണ്ടായിരിക്കണമെന്നതിന് തെളിവാണ്. ഈ നിസ്തുല്യമായ തൊഴിൽശാല ഒരു വിധാതാവില്ലാതെ ഉണ്ടാകുമെന്നോ നിലനിന്നുവരുമെന്നോ വിചാരിക്കുന്നത് ബുദ്ധിക്കു യോജിച്ചതല്ല. അതിനാൽ, ഈ പ്രപഞ്ചത്തിനു ഏതെങ്കിലുമൊരു നിർമ്മാതാവും ഉടമസ്ഥനുമുണ്ടായിരിക്കണമെന്ന് സമ്മതിക്കാൻ നാം നിർബന്ധിതരായിത്തീരുന്നു. ഒരു സത്യാന്വേഷി ദൈവം ഉണ്ടായിരിക്കണ മെന്ന സ്ഥാനത്തോളമെത്തിച്ചേരുമ്പോൾ അവനു ഇൽഹാമും ശക്തിപ്രകടനങ്ങളുമാകുന്ന അടയാളങ്ങളിൽനിന്നു ഫലമെടുക്കാനുള്ള വാതിൽ തുറക്കപ്പെടുകയും അവൻ ദൈവം ഉണ്ട് എന്ന സ്ഥാനത്തേക്കു ആന

യിക്കപ്പെടുകയും ചെയ്യുന്നു. മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ ദൈവം ഉണ്ടായിരിക്കണെ മെന്ന സ്ഥാനത്തു എത്തിച്ചേരുകയെന്നത് മനുഷ്യന്റെയും അവിടെനിന്നു ദൈവം ഉണ്ട് എന്ന സ്ഥാനത്തേക്കു എത്തിക്കുകയെന്നതു ദൈവത്തിന്റെയും പണിയാണ്. ദൈവം അവന്റെ പ്രത്യേകമായ ശക്തിപ്രകടനങ്ങൾകൊണ്ടും ഇൽഹാം കൊണ്ടും അത് നിറവേറ്റുകയും ചെയ്യുന്നു. ഹദ്റത്ത് അഹ്മദ്(അ) പറയുകയാണ്:

قدرت سے اپنی ذات کا دیتا ہے حق ثبوت
اس بے نشاں کی چہرہ نمائی یہی تو ہے
جس بات کو کہے کہ کروں گا میں یہ ضرور
ٹلتی نہیں وہ بات خدائی یہی تو ہے

ദൈവം ശക്തിപ്രകടനംകൊണ്ട് അവന്റെ അസ്തിത്വം തെളിയിക്കുന്നു. ആ അരൂപി അവന്റെ മുഖം കാണിക്കുന്നത് അങ്ങനെയാണ്. ഏതൊരു കാര്യത്തെപ്പറ്റി താനത് ചെയ്യുമെന്നു പറയുന്നുവോ ആ കാര്യം ഒഴിഞ്ഞു പോവുകയില്ല. അതാണ് അവന്റെ ദൈവത്വത്തിന്റെ ലക്ഷണം.

അതിസൂക്ഷ്മനും നിഗൂഢനുമായ ദൈവത്തെ സംബന്ധിച്ച് അവൻ ബാഹ്യമായ ഇന്ദ്രിയങ്ങൾക്ക് ഗോചരമാകുമെന്ന് കരുതുന്നത് ബാലിശമാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

لَا تُدْرِكُهُ الْأَبْصَارُ وَهُوَ يُدْرِكُ الْأَبْصَارَ ۚ
وَهُوَ اللَّطِيفُ الْخَبِيرُ ﴿١٠٤﴾

അല്ലാഹു ലത്തീഫ് (സൂക്ഷ്മജ്ഞൻ) ആയതുകൊണ്ട് ബാഹ്യമായ ഇന്ദ്രിയങ്ങൾക്ക് അവനിലേക്ക് എത്തിച്ചേരാൻ കഴിയുകയില്ല. എന്നാൽ, അവൻ 'ഖബീർ' (കാര്യങ്ങൾ അറിയുന്നവൻ) ആയതുകൊണ്ട് അവനെ പ്രാപിക്കാതെ അടിയാന് ആദ്ധ്യാത്മികമായി ജീവിക്കുക സാധ്യമല്ലെന്ന് അവനറിയാം (വി.ഖു. 6:104). അടിയാന്റെ വിശ്വാസം പരിപൂർണ്ണമാകുന്നതോ പോകട്ടെ, അതിലേക്ക് എത്തിച്ചേരുവാൻതന്നെ അടിയാനു കഴിയുകയില്ലെന്നും അവനറിയാം. അതിനാൽ, അവൻ തന്നത്താൻ മനുഷ്യനിലേക്ക് ഇറങ്ങി മനുഷ്യന് മനസ്സിലാക്കിക്കൊടുക്കുന്നു. അതായത്, പ്രവാചക നിയോഗം,

ഇൽഹാം, ശക്തിപ്രകടനം എന്നീ മാർഗ്ഗങ്ങളിൽക്കൂടി അവന്റെ മുഖം മനുഷ്യന് കാണിച്ചു കൊടുക്കുന്നു; മനുഷ്യന്റെ വിശ്വാസം ദൈവം ഉണ്ടായിരിക്കണമെന്ന സംശയ സ്ഥാനത്തുനിന്ന് ഉണ്ട് എന്ന ദൃഢസ്ഥാനത്ത് എത്തിച്ചേരാൻ വേണ്ടി

ഹദ്റത്ത് അഹ്മദ്(അ) ലോകത്തെ അഭിസംബോധന ചെയ്തു കൊണ്ട് ഇപ്രകാരം പറഞ്ഞു:

വരുവിൻ, ദൈവമുണ്ടെന്നും അവൻ സർവ്വജ്ഞനാണെന്നും ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം. ഒരു മനുഷ്യനായിരിക്കുന്നതുകൊണ്ട് ഞാൻ എല്ലാം അറിയുന്നവനല്ല. എങ്കിലും ഇന്ന കാര്യം ഇന്നവിധം സംഭവിക്കുമെന്ന് അല്ലാഹു എന്നോട് പറയുന്നു. അതിനുശേഷം അസംഖ്യം തിരശ്ശീലയ്ക്ക് പിന്നിലായിരുന്നിട്ടും ആ കാര്യങ്ങൾ അല്ലാഹു പറഞ്ഞതുപോലെത്തന്നെ സംഭവിക്കുന്നു. വരുവിൻ, അതൊന്ന് പരീക്ഷിച്ചു നോക്കുവിൻ. അല്ലാഹു ഉണ്ടെന്നും അവൻ സർവ്വശക്തനാണെന്നും ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം. ഞാൻ മനുഷ്യനാകയാൽ ശക്തിയില്ലാത്തവനാണ്. എങ്കിലും അല്ലാഹു എന്നോട് പറയുന്നു. അവൻ ഇന്ന കാര്യം ഇന്ന വിധം ചെയ്യുമെന്ന്, അതിനുശേഷം ആ കാര്യം മനുഷ്യശക്തിക്കതീതമായിരുന്നിട്ടും അല്ലാഹു പറഞ്ഞതു പോലെത്തന്നെ നിറവേറുന്നു. വരുവിൻ, അതൊന്ന് പരീക്ഷിച്ചു നോക്കുവിൻ. അല്ലാഹു ഉണ്ടെന്നും അവൻ പ്രാർത്ഥനകൾ കേൾക്കുന്നവനാണെന്നും ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം. പ്രത്യക്ഷത്തിൽ അസംഭാവ്യമാണെന്ന് തോന്നുന്ന കാര്യങ്ങളെക്കുറിച്ചാണ് ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നത്. എന്നിരുന്നിട്ടും അവൻ എന്റെ പ്രാർത്ഥനയനുസരിച്ച് അവ പൂർത്തിയാക്കുന്നു. വരുവിൻ, അതൊന്ന് പരീക്ഷിച്ചു നോക്കുവിൻ. അല്ലാഹു ഉണ്ടെന്നും ദുർഭാഷണത്തിൽ അതിർ കവിഞ്ഞവരായ ഇസ്‌ലാംമതശത്രുക്കളുടെ മേൽ, തെളിവുകൾ പൂർത്തിയാക്കിയതിനുശേഷം അവൻ ശാപമിറക്കുന്നുവെന്നും ഞാൻ നിങ്ങൾക്കു കാണിച്ചു തരാം. അല്ലാഹു ഉണ്ടെന്നും അവൻ സ്രഷ്ടാവാണെന്നും ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം. ഞാൻ ഒരു മനുഷ്യനായതിനാൽ, സൃഷ്ടിക്കാൻ കഴിയുന്നവനല്ല. എങ്കിലും അല്ലാഹു, ഞാൻ മുഖാന്തരം അവന്റെ സൃഷ്ടികർത്തൃത്വം വെളിപ്പെടുത്തുന്നു. ഉദാഹരണമായി, യാതൊരു ധാതുവും കൂടാതെ എന്റെ വസ്ത്രത്തിൻമേൽ അവന്റെ മഷിത്തുള്ളികൾ കുടഞ്ഞുവീഴ്ത്തി, അല്ലാഹു ഉണ്ടെന്നും അവൻ പശ്ചാ

ത്താപം സ്വീകരിക്കുന്നവനാണെന്നും അടിയാൻ അവനിലേക്ക് മടങ്ങുമ്പോൾ അവൻ കരുണാപൂർവ്വം അടിയാനിലേക്ക് മടങ്ങുകയും സ്ഥിതിഗതികൾ മാറുന്നതനുസരിച്ച് അവന്റെ ശിക്ഷാവിധി മാറ്റുകയും ചെയ്യുന്നവനാണെന്നും ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം. എന്തെന്നാൽ അവൻ ദ്രോഹിയല്ല, കരുണാമയനാണ്. അല്ലാഹു ഉണ്ടെന്നും അവൻ അവന്റെ പ്രത്യേക ദാസരുമായി സ്നേഹസല്ലാപം ചെയ്യുന്നവനാണെന്നും എന്നോട് അവൻ അങ്ങനെ ചെയ്യുന്നുവെന്നും ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം. അല്ലാഹു ഉണ്ടെന്നും അവൻ സർവ്വലോക പരിപാലകനാണെന്നും അവന്റെ പരിപാലനത്തിൽ നിന്ന് യാതൊരു വസ്തുവും ഒഴിഞ്ഞുപോയിട്ടില്ലെന്നും ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം. ഇന്ന വസ്തുവിന്റെ പരിപാലനം കൈയൊഴിക്കുന്നുവെന്ന് അവൻ പറയുമ്പോൾ ആ വസ്തു എന്തായിരുന്നാലും പിന്നെ നിലനില്ക്കുകയില്ല. അല്ലാഹു ഉണ്ടെന്നും അവൻ അധികാരിയാണെന്നും ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം. സൃഷ്ടികളിൽ ഒന്നിനു പോലും അവന്റെ നിയമം ലംഘിക്കുക സാധ്യമല്ല. അവൻ വിചാരിക്കുന്ന ഏതൊരു വസ്തുവിന്റെമേലും അവന് നിയന്ത്രണം ചെലുത്താൻ കഴിയും. വരുവിൻ, ആകാശത്തിൽ അവന്റെ നിയന്ത്രണം ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം. വരുവിൻ ഭൂമിയിൽ അവന്റെ നിയന്ത്രണം ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം. വരുവിൻ ജലത്തിൽ അവന്റെ നിയന്ത്രണം ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം. വരുവിൻ പർവ്വതങ്ങളിൽ അവന്റെ നിയന്ത്രണം ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം. വരുവിൻ ജനതകളിൽ അവന്റെ നിയന്ത്രണം ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം. വരുവിൻ ഹൃദയങ്ങളിൽ അവന്റെ നിയന്ത്രണം ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം.

വലിയൊരു വാദമാണിത്. ആലോചിച്ചു നോക്കുക. ഇത് സ്ഥാപിതമാവുകയാണെങ്കിൽ പിന്നെ നിരീശ്വരത്വത്തിനു നിലനില്ക്കാൻ കഴിയുമോ? എന്നിട്ടും എന്തുകൊണ്ട് ജനങ്ങൾ ഹദ്റത്ത് അഹ്മദിനെ(അ) വിശ്വസിച്ചില്ല എന്ന് ചോദിക്കുകയാണെങ്കിൽ അത് അജ്ഞതയിൽനിന്ന് മുളയെടുത്ത ഒരു ചോദ്യമാണെന്നേ പറയാൻ തരമുള്ളൂ. എല്ലാ ജനങ്ങളും വിശ്വസിച്ച ഏതൊരു പ്രവാചകനാണ് ലോകത്ത് അവതീർണ്ണനായിട്ടുള്ളത്? ഹദ്റത്ത് മുഹമ്മദ് നബി(സ.അ) തിരുമേനിയെക്കാൾ ശ്രേഷ്ഠൻ ആരാണുള്ളത്? ഹദ്റത്ത് അഹ്മദാ(അ)ണെങ്കിൽ ആ മഹാത്മാവിന്റെ ദാസനാവുന്നതിൽ അഭിമാനംകൊണ്ട ആളായിരുന്നു. ഈസയും മൂസയും

ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ അവർക്ക്തന്നെ പിൻപറ്റേണ്ടി വരുമായിരുന്നു എന്ന് നബി തിരുമേനി പറഞ്ഞിട്ടുണ്ടായിരുന്നു. അത്രയ്ക്ക് ശ്രേഷ്ഠനാണ് ആ പുണ്യപ്രവാചകൻ. അല്ലാഹു തന്റെ അത്യത്ഭുതകരമായ ശക്തിപ്രഭാവം അദ്ദേഹത്തിന് കാണിച്ചു കൊടുക്കുകയും ചെയ്തിരുന്നു. എന്നിട്ടും അന്ധഹൃദയർ അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നു മാത്രമല്ല, പതിമൂന്നര നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും അദ്ദേഹത്തെ നിഷേധിക്കുന്നവരുടെ സംഖ്യ, അദ്ദേഹത്തെ വിശ്വസിച്ചവരേക്കാൾ എത്രയോ അധികമാണ്. അതുകൊണ്ട് അവിവേകമായ ആക്ഷേപം ഉന്നയിക്കരുത്. വിശുദ്ധഖുർആൻ തുറന്നു നോക്കുക അല്ലാഹു പറയുന്നു:

يٰحَسْرَةً عَلَى الْعِبَادِ ۚ مَا يَأْتِيْهِمْ مِّنْ رَّسُوْلٍ اِلَّا
كَانُوْا بِهٖ يَسْتَهْزِءُوْنَ ۝٣١

മനുഷ്യർക്ക് അഹോ കഷ്ടം! അവരുടെപരിഹാസത്തിന് പാത്രമായിട്ടല്ലാതെ ഒരു ദൈവദൂതനും അവരുടെ അടുക്കൽ വരുന്നില്ല (വി.ഖു. 36:31).

അതിനാൽ, പ്രവാചകൻമാരെ സംബന്ധിച്ച ആ പഴയ പതിവനുസരിച്ച് ഹദ്റത്ത് അഹ്മദി(അ)ന്റെ എതിരാളികളും അദ്ദേഹത്തിനെതിരിൽ ശത്രുത്വം സ്വീകരിച്ചുവെന്നതിൽ ഞങ്ങൾക്ക് സന്തോഷമാണുള്ളത്. ആലോചിക്കുകയാണെങ്കിൽ ആ ശത്രുത്വവും ഹദ്റത്ത് അഹ്മദി(അ)ന്റെ സത്യത്തിന് ഒരു തെളിവാണെന്ന് കാണാവുന്നതാണ്.

## മറ്റു പല മതങ്ങൾക്കുമെതിരിൽ

മുകളിൽ പറഞ്ഞ അഞ്ചുമതങ്ങളുമായി ഏതുവിധത്തിൽ ഹദ്റത്ത് അഹ്മദ്(അ) സമരം നടത്തി, ഏതുവിധത്തിൽ അവയെ പരാജയപ്പെടുത്തി അവയുടെമേൽ ഇസ്ലാമിന്റെ വിജയം എപ്രകാരം സ്ഥാപിച്ചു എന്നീ കാര്യങ്ങൾ ചുരുക്കത്തിൽ വിവരിച്ചു കഴിഞ്ഞു. അതിനെപ്പറ്റി സവിസ്തരമായി അറിയണമെന്ന് ആഗ്രഹിക്കുന്നവർക്കുവേണ്ടി ഗ്രന്ഥങ്ങളുടെ പേരുകൾ ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്. പ്രസ്തുത മതങ്ങൾക്ക് പുറമെ ലോകത്ത് ബുദ്ധമതമെന്നറിയപ്പെടുന്ന ഒരു മതമുണ്ട്. അത് മൃതപ്രായമായ അവസ്ഥയിലാണ് ഇന്നുള്ളത്. ആ മതത്തിന്റെ അനുയായികളുടെ സംഖ്യ മറ്റേത് മതാ

നുയായികളുടെതിനെക്കാളും അധികമാണെങ്കിലും ജീവിതത്തിന്റെ ചൈതന്യം അവരിൽ കാണുന്നില്ല. അവരുടെ മതപ്രചാരണം പ്രായോഗികമായി അറ്റുപോയിരിക്കുന്നു. എന്നിരുന്നാലും, അതിനെയും അദ്ദേഹം അഗണ്യമാക്കിയില്ല. മറ്റൊന്ന് യഹൂദമതമാണ്. അതിന്റെയും നിർജ്ജീവാവസ്ഥ പ്രത്യക്ഷമാണ്. എന്നാൽ, ഹദ്റത്ത് അഹ്മദ്(അ) അദ്ദേഹത്തിന്റെ കൃതികളിൽ പലേടത്തും മറ്റു കാര്യങ്ങൾക്കിടയിൽ ആ മതത്തെയും സ്പർശിച്ചിട്ടുണ്ട്. വേറെയൊന്ന് പാർസികളുടെ മതമാണ്. അതിപ്പോൾ ഒരു സാമുദായിക പാരമ്പര്യമെന്ന നിലയിൽ ഏതാനും വ്യക്തികളെ മാത്രം ചുറ്റിപ്പറ്റി നില്ക്കുകയാണ്. അതിനെപ്പറ്റിയും പരമാർശിക്കപ്പെട്ടിട്ടുണ്ട്. മറ്റൊന്ന് വിഗ്രഹാരാധനയാണ്. അതിനെക്കുറിച്ചുള്ള ചർച്ച അദ്ദേഹം തന്റെ എല്ലാ ഗ്രന്ഥങ്ങളിലും നടത്തിയിട്ടുണ്ട്. തിയോസഫിയേയും അദ്ദേഹം അഗണ്യകോടിയിൽ തള്ളിയില്ല. ബഹായി മതം ഒരു പ്രസ്ഥാനമായതുകൊണ്ട് അതിൽ ജീവിതത്തിന്റെ ചില ലക്ഷണങ്ങളുണ്ട്. അതും യഥാർത്ഥത്തിൽ ക്ഷയിച്ചു കൊണ്ടിരിക്കുകയാണ്. സൂക്ഷ്മപരിശോധനയിൽ അതൊരു പുതിയ മതമല്ലെന്ന് മനസ്സിലാക്കാൻ കഴിയും. ഒരു തരം ധാർമ്മികതത്ത്വങ്ങൾ പ്രചരിപ്പിക്കുന്ന ഒരു സംഘടനയാണത്. ആരംഭത്തിൽ ഇസ്‌ലാമുമായി ബന്ധം പുലർത്തിയിരുന്ന അതിന്റെ സ്ഥാപകൻ വിവിധ മതങ്ങളിൽ നിന്ന് കേൾക്കാൻ സുഖമുള്ളതും കാഴ്ചയ്ക്ക് നല്ലതെന്നു തോന്നുന്നതുമായ ഉപദേശങ്ങൾ തിരഞ്ഞെടുത്ത് ഒരു പ്രസ്ഥാനം ആരംഭിക്കുകയാണ് ചെയ്തത്. ഈ കാരണത്താൽ നിർബന്ധപൂർവ്വം അനുസരണമോ മറ്റു മതങ്ങളോട് ഏറ്റുമുട്ടലോ അതിലില്ല. അത് എല്ലാ മതങ്ങളെയും നല്ലതെന്ന് പറയുകയും പൊതുവിൽ ചില ധാർമ്മികോപദേശങ്ങൾ നല്കുകയും മാത്രമാണ് ചെയ്യുന്നത്. യഥേഷ്ടം ജീവിക്കാനാഗ്രഹിക്കുന്ന ചിലർ അതിലേക്ക് ആകർഷിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ ആ മതം അനിയന്ത്രിത ചിന്താഗതിയുടെ ഒരു പിറവിയാണെന്ന് വ്യക്തമാകുന്നുണ്ട്. ആ മതത്തെപ്പറ്റിയും റിവ്യു ഓഫ് റിലിജ്യൻസിൽ ചർച്ച നടത്തുകയും അഹ്മദിയ്യാ ജമാഅത്തിന്റെ വകയായി ചില ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## സത്യാന്വേഷണതത്ത്വങ്ങൾ

ഹദ്റത്ത് അഹ്മദ്(അ) മറ്റു മതങ്ങളെ എങ്ങനെ നേരിട്ടു എന്നതിനെ സംബന്ധിച്ച് സവിസ്തരമായ ചർച്ച നാമിപ്പോൾ നടത്തി

ക്കഴിഞ്ഞു. ഈ വിഷയം അവസാനിപ്പിക്കുന്നതിന് മുമ്പേ അദ്ദേഹം ഇസ്‌ലാമിന് ചെയ്ത സേവനത്തെക്കുറിച്ച് ഒരു സംക്ഷിപ്ത വിവരണംകൂടി നല്കുന്നത് ഉചിതമായിരിക്കും.

ഒന്നാമതായി, ഹദ്റത്ത് അഹ്മദ്(അ) മതവിവാദത്തിനായി അനർഘമായ ഒരു തത്ത്വം സ്ഥാപിച്ചു. ഇത് മതങ്ങൾ തമ്മിലുള്ള തർക്കങ്ങളെ അങ്ങേയറ്റം ലഘൂകരിക്കാൻ സഹായിക്കുന്നത് കൂടാതെ ഒരു സത്യാന്വേഷിക്ക് സത്യവും അസത്യവും തമ്മിൽ തിരിച്ചറിയാൻ ഒന്നാംതരം സൗകര്യമുണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്നു. ആഥമുമായി നടന്ന വിവാദം ചർച്ച ചെയ്തപ്പോൾ ഈ തത്ത്വത്തെപ്പറ്റി സൂചിപ്പിച്ചിട്ടുണ്ട്. ഏതൊരാൾ സ്വന്തം മതത്തെക്കുറിച്ച് ഒരു വാദവുമായി മുന്നോട്ടു വരുന്നുവോ ആ വാദം സ്വന്തം മതഗ്രന്ഥത്തിൽനിന്നുള്ളതുതന്നെയാണെന്ന് അയാൾ സ്ഥാപിക്കണം, അതിൽനിന്നുതന്നെ അതിന് തെളിവും നല്കണം. ഇതാണ് ആ തത്ത്വം. ഉദാഹരണമായി, ദൈവം മൂന്നാണെന്ന് ഒരു ക്രിസ്ത്യാനി വാദിക്കുന്നു എന്ന് വിചാരിക്കുക. എന്നാൽ, ഈ വാദം സുവിശേഷത്തിൽ നിന്നുള്ളതാണെന്ന് സ്ഥാപിച്ചാലല്ലാതെ അത് പരിഗണനാർഹമാവുകയില്ല. ദൈവം മൂന്നാണെന്നുള്ള വാദം യഥാർത്ഥത്തിൽ സുവിശേഷത്തിൽ ഉള്ളതാണെന്ന് അയാൾ സ്ഥാപിക്കണം. അതിനുശേഷം ആ വാദത്തിനുള്ള തെളിവുകളും സുവിശേഷത്തിൽനിന്നുതന്നെ അയാൾ സമർത്ഥിക്കണം. ആ വാദം സുവിശേഷത്തിൽനിന്നു തന്നെയുള്ളതാണെന്നു അയാൾ സ്ഥാപിക്കാതിരിക്കയാണെങ്കിൽ അതിന്റെ അർത്ഥം അത് സുവിശേഷത്തിന്റെതല്ലെന്നായിരിക്കും. ആ സ്ഥിതിയിൽ ക്രിസ്തുമത്തിന്റെതാണെന്ന നിലയിൽ അതു ഉന്നയിക്കാൻ സാധിക്കുകയില്ല. നേരെമറിച്ച്, ക്രിസ്തുമത്തിന്റെമേൽവെച്ചുകെട്ടിയ, അന്തോണിയുടെയോ ഔസേപ്പിന്റെയോ വിശ്വാസമായിട്ടേ അത് കണക്കാക്കപ്പെടുകയുള്ളൂ. എന്നാൽ, വേദപുസ്തകത്തിൽ ത്രിത്വവാദമുള്ളതായി കാണുകയില്ല. ഈ ഒന്നാമത്തെ ഘട്ടത്തിൽതന്നെ വാദപ്രതിവാദം അവസാനിക്കുന്നതാണ്. കാരണം തർക്കം അന്തോണിയുടെയോ ഔസേപ്പിന്റെയോ വിശ്വാസത്തെക്കുറിച്ചല്ല, ക്രിസ്തുമതത്തെക്കുറിച്ചാണ്. ഏതെങ്കിലുമൊരു മതഗ്രന്ഥം മതത്തിന്റെ അടിസ്ഥാന സിദ്ധാന്തങ്ങളെക്കുറിച്ചുള്ള വാദങ്ങൾപോലും ഉൾക്കൊള്ളാതിരിക്കുകയും ആ വാദത്തിനുവേണ്ടി അന്തോണിയെയോ ഔസേപ്പിനേയോ ആശ്രയിക്കേണ്ടി വരികയും ചെയ്യുകയാണെങ്കിൽ അതു

പരിഗണാനർഹമല്ലെന്നുള്ളതു വ്യക്തമാണ്. അഥവാ ആ ഗ്രന്ഥം ആ വാദം പുറപ്പെടുവിച്ചിട്ടുണ്ടായിരിക്കുകയും എന്നിട്ടതിന് തെളിവ് നല്കാതിരിക്കുകയും തെളിവിനുവേണ്ടി അന്തോണിയെയോ ഔസേപ്പിനെയോ ആശ്രയിക്കേണ്ടി വരികയും ചെയ്യുകയാണെങ്കിലും ആ ഗ്രന്ഥവും അത് ഉൾക്കൊള്ളുന്ന മതവും തെറ്റാണെന്നതിന് അത് ഖണ്ഡിതമായൊരു തെളിവായിരിക്കും. എന്തെന്നാൽ, വാദങ്ങൾ പുറപ്പെടുവിക്കാൻ മാത്രം കഴിയുകയും തെളിവുകളെ സംബന്ധിച്ച് മൗനം ദീക്ഷിക്കുകയും തെളിവുകൾക്കുവേണ്ടി മറ്റുള്ളവരെ ആശ്രയിക്കുകയും ചെയ്യുന്ന ഒരു മതം ദൈവത്തിൽനിന്നുള്ളതായിരിക്കാൻ അവകാശമില്ല. ചുരുക്കത്തിൽ ഈ രണ്ടു നിലയിൽ ഏതായിരുന്നാലും അത് ആ മതത്തിന്റെ അസത്യത്തിന് തെളിവായിരിക്കും. ചില സഹായത്തെളിവുകൾ ബാഹ്യമായും ഉണ്ടാകാമെന്നു ഞങ്ങൾ സമ്മതിക്കുന്നു. അങ്ങനെ ഉണ്ടാവുന്നതു കൊണ്ട് ദോഷമൊന്നുമില്ലതാനും. എന്നാൽ, ഏതെങ്കിലും ഗ്രന്ഥം തെളിവുകളെ സംബന്ധിച്ച് നിശ്ശേഷം നിശബ്ദമാകുന്നത് കടുത്ത ബലഹീനതയാണ്. ആ അവസ്ഥയിൽ അത്തരം മതങ്ങൾ ശ്രദ്ധേയമായി കരുതപ്പെടാൻ പാടില്ല.

നോക്കുക, എത്ര ശക്തവും യുക്തവുമായൊരു തത്ത്വമാണിത്. എന്നാൽ, ഇത് സമ്മതിക്കുമ്പോൾ ഇസ്‌ലാമൊഴികെയുള്ള മതങ്ങളെല്ലാം കേവലം ദുർബ്ബലങ്ങളും നിസ്സഹായങ്ങളുമായിത്തീരുന്നു. ഉദാഹരണമായി, ദൈവം മൂന്നാണെന്നും പാപപരിഹാര സിദ്ധാന്തം സത്യമാണെന്നും ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. പക്ഷേ, അതിനെപ്പറ്റി പരിശോധന നടത്തുകയാണെങ്കിൽ വേദപുസ്തകത്തിൽനിന്ന് അതിന് തെളിവുകൾ കിട്ടുന്നതോ പോകട്ടെ, ആ വാദങ്ങൾതന്നെ അതിൽ കാണുകയില്ല. ക്രിസ്ത്യാനികൾ എന്തുവേണമെങ്കിലും പറഞ്ഞുകൊള്ളട്ടെ, ഇവിടെ നമുക്കാവശ്യം അവർ പ്രമാണമായി സ്വീകരിച്ചിട്ടുള്ള വേദപുസ്തകത്തിന്റെ രേഖയാണ്. വേദപുസ്തകമാകട്ടെ, പ്രസ്തുത സിദ്ധാന്തങ്ങളെ സംബന്ധിച്ച് വിഗ്രഹത്തെപ്പോലെ മൗനം ദീക്ഷിക്കുകയാണ്. അതിൽനിന്ന്വല്ലതും തെളിയുന്നുണ്ടെങ്കിൽ അത് ദൈവം ഏകനാണെന്നും അവനു ഇണയും തുണയുമില്ലെന്നും ക്രിസ്തു അവനാൽ അയക്കപ്പെട്ട ഒരു അടിയാനാണെന്നും മാത്രമാണ്. അതിനാൽ, എല്ലാ വാദവും ഇതോടുകൂടി അവസാനിച്ചുപോകുന്നു.

എല്ലാ കാര്യങ്ങളുടെയും അസ്തിവാരമായിരിക്കേണ്ട മതസി

ദ്ധാന്തങ്ങൾ ദുർബ്ബലങ്ങളായ അനുമാനങ്ങളിൽനിന്ന് സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നത് അങ്ങേയറ്റം അപഹാസ്യമാണ്. അടിസ്ഥാന സിദ്ധാന്തങ്ങളെ സംബന്ധിച്ച് സംശയത്തിനിടയില്ലാത്ത വിധം വ്യക്തമായ വാദം പുറപ്പെടുവിക്കേണ്ടത് മതങ്ങളെ സംബന്ധിച്ചിടത്തോളം അനുപേക്ഷണീയമായ കടമയാണ്. അടിസ്ഥാന സിദ്ധാന്തങ്ങളുടെ കാര്യത്തിൽ അനുമാനങ്ങളെ ആധാരമാക്കുകയാണെങ്കിൽ മതവിശ്വാസങ്ങൾ കേവലം അടിസ്ഥാന രഹിതമായിത്തീരും. വിശുദ്ധഖുർആൻ, ഇസ്‌ലാമിക സിദ്ധാന്തങ്ങളെ സംബന്ധിച്ച് വ്യാഖ്യാനമാവശ്യമില്ലാത്ത നിലയിൽ വളരെ വ്യക്തവും സ്പഷ്ടവുമായിട്ടാണ് അതിന്റെ വാദങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. എന്നു തന്നെയല്ല, അവയെ വീണ്ടും വീണ്ടും ആവർത്തിച്ചു കൊണ്ട് സൂര്യനെപ്പോലെ പ്രകാശോജ്ജ്വലമാക്കിത്തീർക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, ക്രിസ്ത്യാനികളുടെ വേദപുസ്തകത്തിൽ ഈ സംഗതി കാണുകയേയില്ല.

രണ്ടാമത്തെ സ്ഥാനം തെളിവിന്റേതാണ്. ഈ കാര്യത്തിലും വേദപുസ്തകം നിശ്ശേഷം മൗനം ദീക്ഷിക്കുകയാണ് ചെയ്യുന്നത്. വാദങ്ങളുടെ കാര്യത്തിൽ ദൂരെനിന്ന് പിടിച്ചുകൊണ്ടുവന്നിട്ടോ ദുർബ്ബലമായ അനുമാനങ്ങളെ ആധാരമാക്കിയോ ഊടും പാവും കൂട്ടിച്ചേർക്കാൻ ക്രിസ്ത്യാനികൾക്ക് കഴിഞ്ഞെന്നു വരാം. എന്നാൽ, തെളിവുകൾ എങ്ങനെ, എവിടെനിന്ന് കൊണ്ടുവരാനാണ്?

ഗതിമുട്ടി, കുറെ അന്തോണിയോട് ഇരന്നിട്ടും കുറേ ഔസേപ്പിനോട് കടം വാങ്ങിയിട്ടും സുവിശേഷത്തിന്റെ താളുകൾ നിറക്കേണ്ടി വരുന്നു. സ്വന്തം വാദം പുറപ്പെടുവിക്കാത്തതും അതിന് തെളിവുകൾ നല്കാത്തതുമായ ഒരു മതത്തെപ്പറ്റി വിചിത്രമെന്നല്ലാതെ മറ്റെന്തു പറയട്ടെ! അത് മെഴുകു കൊണ്ടുണ്ടാക്കിയ ഒരു മൂക്കാണ്. പൂജാരിമാർ അതിനെ എങ്ങോട്ടു തിരിക്കാൻ വിചാരിക്കുന്നുവോ അങ്ങോട്ടു തിരിക്കുന്നു. സുവിശേഷം തങ്ങൾക്ക് എന്ത് ഉപകാരമാണ് ചെയ്തിട്ടുള്ളതെന്ന് ക്രിസ്ത്യാനികൾ സ്വയം ചിന്തിക്കട്ടെ. കടം വാങ്ങിയിട്ടെങ്കിലും സുവിശേഷത്തെ അപകർഷത്തിൽ നിന്ന് രക്ഷിക്കാൻ ശ്രമിക്കുക വഴി ക്രിസ്ത്യാനികൾ അതിനു അങ്ങോട്ട് ഉപകാരം ചെയ്യുകയാണ് ചെയ്തിരിക്കുന്നത്.

ആര്യസമാജക്കാരുടെയും സ്ഥിതി ഇതുതന്നെയാണ്. അവരുടെ ഏറ്റവും വലിയ സിദ്ധാന്തമാണ് ആത്മാവും ധാതുവും അനാദി

യാണെന്നുള്ളത്. എന്നാൽ, ഈ വാദം വേദത്തിൽനിന്ന് കാണിച്ചു തരാൻ ആവശ്യപ്പെട്ടാൽ ഉത്തരമുണ്ടാവില്ല. നാല് വേദങ്ങളുടെയും ഏടുകൾ മറിച്ചതിനുശേഷം, അവരുടെ അഭിപ്രായപ്രകാരം തന്നെ ആലങ്കാരികമായി ആത്മാവിന്റെയും ധാതുവിന്റെയും അനാദിത്വ ത്തെപ്പറ്റിയുള്ള വാദം അടങ്ങിയിട്ടുണ്ടെന്ന് പറയുന്ന ഒരേ ഒരു മന്ത്രം എടുത്തു കാണിക്കുന്നു. ഇത് എന്തൊരു മതമാണെന്ന് ആലോചിച്ചു നോക്കുക- ഒരു ബലഹീനനായ ആര്യസമാജക്കാ രനു എടുത്താൽ പൊങ്ങാത്ത വിധം ഭാരിച്ച നാല് ഗ്രന്ഥങ്ങളുണ്ടാ യിട്ടും അവയിൽ ആ മതത്തിന്റെ അടിസ്ഥാനതത്ത്വത്തെപ്പറ്റിയുള്ള വാദം പോലും കാണുവാനില്ല. തെളിവുകളുടെ കാര്യം പിന്നെ പറയാനെന്തുണ്ട്? വല്ലതുമുണ്ടെങ്കിൽ നാലു വേദങ്ങളിലും കൂടി ഒരേ ഒരു മന്ത്രം മാത്രം! അതു തന്നെ ആലങ്കാരികമായി മാത്രമേ ആ വാദത്തെപ്പറ്റി പറഞ്ഞിട്ടുള്ളുവെന്നും അനുമാനം കൊണ്ട് അത് ഗ്രഹിക്കേണ്ടിയിരിക്കുന്നുവെന്നും ആര്യൻ സ്നേഹിതൻമാർ തന്നെ സമ്മതിക്കുന്നു. പഴമക്കാർ പറഞ്ഞത് എത്ര ശരി!

بہت شور سنتے تھے پہلو میں دل کا
جو چیرا تو اک قطرۂ خوں نہ نکلا

നെഞ്ചിനുള്ളിൽനിന്ന് ഹൃദയത്തിന്റെ വല്ലാത്ത ബഹളം കേട്ടി രുന്നു; കീറി നോക്കിയപ്പോൾ ഒരു തുള്ളി രക്തം മാത്രം.

ഇത്തരം അത്യാവശ്യവും അടിസ്ഥാനപരവുമായ സിദ്ധാന്ത ത്തെക്കുറിച്ച് വ്യാഖ്യാനമാവശ്യമില്ലാത്ത വിധം വ്യക്തമായ നില യിൽ അതിന്റെ വാദം തുറന്നു പറയേണ്ടതും സംശയത്തിനിടയി ല്ലാതിരിക്കാനായി അത് വീണ്ടും വീണ്ടും ആവർത്തിക്കേണ്ടതും വേദങ്ങളുടെ കർത്തവ്യമായിരുന്നു. എന്നാൽ, അവ അപ്രകാരം ചെയ്തിട്ടില്ല. അതിനാൽ, ധാതുവും ആത്മാവും അനാദിയാണെ ന്നുള്ള സിദ്ധാന്തം വേദങ്ങളുടെതു തന്നെയാണോ എന്നും വേദ ങ്ങളുടെ പേരിൽ ഇക്കാലത്തെ ആര്യൻ സ്നേഹിതൻമാർ കെട്ടിച്ച മച്ച് ആരോപിച്ചതല്ലേയെന്നും ന്യായമായും സംശയമുദിക്കുന്നു. കാരണം ഇവിടെ വാദി ഉദാസീനനും സാക്ഷി ഉത്സാഹിയും എന്ന അവസ്ഥയാണ് കാണപ്പെടുന്നത്.

തെളിവുകളുടെ കാര്യവും ഇതുപോലെതന്നെയാണ്. വേദങ്ങ ളാണെങ്കിൽ വിഗ്രഹങ്ങളെപ്പോലെ മൗനം ദീക്ഷിക്കുന്നു. അനു

യായികൾ കോലാഹലം കൂട്ടുകയും ചെയ്യുന്നു. ഏതൊരു ഗ്രന്ഥം അതുൾക്കൊള്ളുന്ന മതത്തിന്റെ മൗലിക സിദ്ധാന്തത്തെപ്പറ്റി ഖണ്ഡിതമായി വാദം പുറപ്പെടുവിക്കാതിരിക്കുകയും ആ വാദത്തിന് തെളിവ് നല്കാതിരിക്കുകയും ചെയ്യുന്നുവോ, ഏതൊരു ഗ്രന്ഥം ഈ രണ്ട് കാര്യങ്ങൾക്കുംവേണ്ടി മറ്റുള്ളവരോട് കടം ചോദിക്കാൻ നിർബന്ധിതമായിരിക്കുന്നുവോ, ആ ഗ്രന്ഥം നമുക്ക് എന്ത് മാർഗ്ഗദർശനം ചെയ്യാനാണ്?

ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞത് എത്ര അർത്ഥവത്താണ്:-

مُردہ سے کب اُمید کہ وہ زندہ کرسکے
اُس سے تو خود محال کہ رہ بھی گزر سکے

മരിച്ചവൻ മറ്റുള്ളവർക്ക് ജീവൻ നല്കുമെന്ന് എങ്ങനെ ആശിക്കാനാണ്? അവന് തന്നത്താൻ അനങ്ങാൻപോലും സാധ്യമല്ല

ഈ മതങ്ങളെല്ലാം ആരംഭത്തിൽ സത്യവും നേർവഴിയിലുള്ളതുമായിരുന്നുവെന്നത് പരമാർത്ഥമാണെന്ന് ചിന്തിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. ഇന്ന് അവയിൽ കാണുന്ന ശിർക്കും അബദ്ധസിദ്ധാന്തങ്ങളും പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടവയാണ്. അവ ക്രമത്തിൽ ക്രമത്തിൽ പുറമെനിന്ന് വന്നുകൂടി മതത്തിന്റെ ഭാഗമായിത്തീർന്നതാണ്. അതിനാൽ, മതത്തിന്റെ പ്രമാണഗ്രന്ഥങ്ങൾ, മനുഷ്യ കൈയേറ്റത്തിന് വിധേയമായിരുന്നിട്ടുകൂടി അവയുടെ അനുയായികൾ സ്വീകരിച്ചു കാണുന്ന അബദ്ധ സിദ്ധാന്തങ്ങളിൽനിന്ന് അവ ഒട്ടൊക്കെ പരിശുദ്ധമായിത്തന്നെ നിലകൊള്ളുന്നു. സത്യോപദേശത്തിന്റെ ധാതു ആ ഗ്രന്ഥങ്ങളിൽനിന്ന് നിശ്ശേഷം നശിച്ചുപോയിട്ടില്ല. അവയിൽ ഈ അബദ്ധ സിദ്ധാന്തങ്ങളെ സംബന്ധിച്ച തെളിവുകളെന്നു വേണ്ട, വാദങ്ങൾപോലും കാണാൻ കഴിയാത്തതിന് ഇതാണ് കാരണം.

ചുരുക്കിപ്പറയുകയാണെങ്കിൽ, മതങ്ങൾ തമ്മിലുള്ള ചർച്ചയിൽ ഹദ്റത്ത് അഹ്മദ്(അ) സ്ഥാപിച്ചിട്ടുള്ള ഈ തത്ത്വം ഏറ്റവും ശക്തിമത്തായ ഒന്നാണ്. ഇതിനെ മുൻനിറുത്തിക്കൊണ്ട് ഇസ്‌ലാമിന്റെ എതിരാളികളെ നേരിടുകയാണെങ്കിൽ അവർക്ക് ഒരടിപോലും മുന്നോട്ടു വെക്കാൻ സാധിക്കുകയില്ല. അവരുടെ നിസ്സഹായാവസ്ഥ സത്യാന്വേഷികൾക്ക് തീർപ്പു കൽപിക്കുന്നതിനു ഒന്നാന്തരം സന്ദർഭമുണ്ടാക്കിക്കൊടുക്കുകയും ചെയ്യും. ഹദ്റത്ത് അഹ്മദി(അ)ന്റെ ഈ

ഒരൊറ്റ പ്രഹരം ഏതുവിധത്തിലാണ് എല്ലാ മതങ്ങളുടെയും നാവടക്കിയതെന്ന് വായനക്കാർ ആലോചിച്ചു നോക്കുക. ഇന്ന് നിലവിലുള്ള ക്രൈസ്തവ സിദ്ധാന്തങ്ങളെയും ആര്യൻ സിദ്ധാന്തങ്ങളെയും സംബന്ധിച്ച് ക്രൈസ്തവ വേദപുസ്തകവും ഹിന്ദുവേദപുസ്തകങ്ങളും മൗനം ദീക്ഷിക്കുകയാണെങ്കിൽ തീർച്ചയായും ഇസ്‌ലാമിനെതിരിൽ ക്രിസ്തുമതവും ആര്യൻമതവും ഖണ്ഡിതമായി പരാജയമടഞ്ഞു. പിന്നെ അവശേഷിക്കുന്നത് അന്തോണി, ഔസേപ്പ് മുതലായവരുടെ അഭിപ്രായങ്ങൾ മാത്രമാണ്. അതിന്റെ സ്ഥിതി ഹദ്റത്ത് അഹ്മദ്(അ) തുറന്നു കാണിച്ചിട്ടുള്ളത് മുകളിൽ പ്രതിപാദിച്ചു കഴിഞ്ഞു. മറ്റു മതങ്ങളുടെയും അവസ്ഥ ഏറെക്കുറെ ഇതുതന്നെയാണ്.

വിവിധ മതങ്ങൾ തമ്മിലുള്ള വാദം സംബന്ധിച്ച് ഹദ്റത്ത് അഹ്മദ്(അ) ഉന്നയിച്ചിട്ടുള്ള രണ്ടാമത്തെ മഹത്തായ തത്ത്വം ഏതെങ്കിലുമൊരു മതത്തിന്റെ സത്യം തിരിച്ചറിയുന്നതിന് അതിന്റെ ഭൂതഭാവികളിലേക്ക് മാത്രം നോക്കിയാൽ പോരെന്നും വർത്തമാനത്തിലേക്കു കൂടി നോക്കേണ്ടതാണെന്നുമുള്ളതാണ്. ഏതെങ്കിലുമൊരു മതം അതിന്റെ ഭൂതത്തെക്കുറിച്ച് എത്രതന്നെ വലിയ വലിയ കഥകൾ പറഞ്ഞാലും ഭാവിയെക്കുറിച്ച് എത്രതന്നെ വലിയ വലിയ വാഗ്ദാനങ്ങൾ നൽകിയാലും വർത്തമാനത്തെ സംബന്ധിച്ച് അതിന്റെ അനുയായികൾക്ക് യാതൊരു ആശയും നല്കുന്നില്ലെങ്കിൽ ആ മതം ഒരു വിധത്തിലും ശ്രദ്ധേയമായിരിക്കുകയില്ല. നേരെമറിച്ച്, അതിന്റെ മുഴുവൻ അദ്ധ്യാപനവും മിഥ്യയായിരിക്കുകയേയുള്ളൂ. അതിൽനിന്ന് രക്ഷപ്പെടേണ്ടത് ബുദ്ധിയുള്ളവരുടെ കടമയാണ്. കഴിഞ്ഞകാലത്തെ ജനങ്ങൾക്ക് ഏതെങ്കിലും മതത്തെ പിൻപറ്റിയതിനാൽ എന്തു കിട്ടി എന്നതുകൊണ്ട് നമുക്കെന്തു കാര്യം? അതുപോലെത്തന്നെ ഏതെങ്കിലും മതം ഭാവിയെ സംബന്ധിച്ച് എന്തെങ്കിലും വാഗ്ദാനം നല്കുന്നതുകൊണ്ടും നമുക്കെന്തു കാര്യം? ഈ രണ്ട് കാലവും ഒരു തിരശ്ശീലയ്ക്ക് പിന്നിലാണ്. അതിന്റെ രഹസ്യം ദൈവത്തിനു മാത്രമേ അറിയാൻ പാടുള്ളൂ. നാമുമായി ബന്ധപ്പെട്ടത് നമ്മുടെ വർത്തമാനകാലമാണ്. നമ്മുടെ കാലം നമുക്ക് ആശ്വാസവും പ്രതീക്ഷയും നല്കുന്നില്ലെങ്കിൽ കഴിഞ്ഞകാലത്തെ ചരിത്രത്തിന് ഒരു കഥയേക്കാളും ഭാവിയെ സംബന്ധിച്ച വാഗ്ദാനങ്ങൾക്ക് കാനൽജലത്തേക്കാളും കൂടുതൽ കാതലുണ്ടാകുന്നതല്ല. എന്നാൽ, ഒരു മതം സത്യമതത്തിൽനിന്ന്

പ്രതീക്ഷിക്കപ്പെടുന്ന ഫലം വർത്തമാനകാലത്തും നമുക്ക് നല്കുന്നുവെങ്കിൽ തീർച്ചയായും ആ മതത്തെ സംബന്ധിച്ച കഴിഞ്ഞകഥകൾ സത്യമാണെന്ന് വിശ്വസിക്കാനും ഭാവിയെ സംബന്ധിച്ച് അത് നല്കുന്ന വാഗ്ദാനങ്ങളിൽ ആശയുറപ്പിക്കാനും നമുക്ക് സാധിക്കും. നേരെമറിച്ച്, വർത്തമാനം നിഷ്ഫലമാണെങ്കിൽ ഭൂതത്തെ സംബന്ധിച്ച കഥകളും ഭാവിയെ സംബന്ധിച്ച വാഗ്ദാനങ്ങളും നമ്മെ ഒരുവിധത്തിലും തൃപ്തിപ്പെടുത്തുകയില്ല.

കഴിഞ്ഞുപോയ കഥകളിൻമേലും ഭാവിയെസംബന്ധിച്ച വാഗ്ദാനങ്ങളിൻമേലും ആശ്രയിപ്പിക്കാതെ മധുരമുള്ളതും പുതിയതുമായ ഫലം കൈക്കു കൈയ്യോടെ കൊടുക്കുന്നതാണ് സത്യമതത്തിന്റെ ലക്ഷണമെന്ന് ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞു. ഉദാഹരണമായി, ഏതെങ്കിലും മതം മനുഷ്യനെ ദൈവത്തിലേക്ക് നയിക്കുമെന്ന് വാദിക്കുകയാണെന്ന് വിചാരിക്കുക. എന്നാൽ, ആ വാദത്തിന് തെളിവായി കഴിഞ്ഞകാലങ്ങളിൽ ആ മതത്തിന്റെ അനുയായികൾ ദൈവത്തെ പ്രാപിച്ചുകൊണ്ടിരുന്നുവെന്നോ അല്ലെങ്കിൽ മരണത്തിനുശേഷം അതിന്റെ അനുയായികൾ ദൈവത്തെ പ്രാപിക്കുമെന്ന് ആ മതം വാഗ്ദാനം ചെയ്യുന്നുണ്ടെന്നോ ഏതെങ്കിലും ഗ്രന്ഥത്തിൽ കാണിക്കുന്നത് മനുഷ്യ പ്രകൃതിയെ തൃപ്തിപ്പെടുത്താൻ ഒരു വിധത്തിലും പര്യാപ്തമാവുകയില്ല. ഈ രണ്ട് വിധത്തിലുള്ള സാന്ത്വനങ്ങളും ബാലിശങ്ങളാണ്. ബുദ്ധിയും തന്റേടവുമുള്ള ഒരാളും ആ സാന്ത്വനം കൊണ്ട് തൃപ്തിപ്പെടുകയില്ല. നമുക്കാവശ്യമായിട്ടുള്ളത് നമ്മുടെ മതം ഈ ജീവിതത്തിൽത്തന്നെ നമ്മെ ദൈവത്തിന്റെ അടുക്കലേക്കു എത്തിക്കുക, നാം ദൈവത്തിന്റെ സ്പഷ്ടമായ പ്രകാശം ഈ ലോകത്തുവെച്ചുതന്നെ നമ്മുടെ കണ്ണുകൾകൊണ്ട് കാണുകയും അവന്റെ സാമീപ്യം ഒരു സജീവമായ യാഥാർത്ഥ്യമെന്ന നിലയിൽ നമുക്കു അനുഭവമാവുകയും ചെയ്യുക എന്നിവയാണ്. സൂക്ഷ്മജ്ഞനും അപരിമിതനുമായതിനാൽ സ്ഥൂലദൃഷ്ടികൊണ്ട് അവനെ കാണുവാൻ കഴിഞ്ഞില്ലെങ്കിൽ ചുരുങ്ങിയ പക്ഷം അവന്റെ ജീവസന്ദായകമായ ഭാഷണം കാതുകൊണ്ട് കേൾക്കാനും അവന്റെ അടയാളങ്ങൾ കണ്ണുകൊണ്ട് കാണാനും നമുക്ക് സാധിക്കണം. ദൈവാസ്തിക്യം നമുക്ക് ബുദ്ധിപരമായ അനുമാനത്തിന്റെ ഫലമാവാതെ അനുഭവ വിദിതമായിരിക്കാൻ വേണ്ടിയാണിത്. ആ അവസ്ഥയിൽ ഭൂതകാലത്തെ സംബന്ധിച്ച കഥകൾ നമുക്ക് സജീവമായൊരു പാഠമായിത്തീരുന്നതാണ്.

ഭാവിയെ സംബന്ധിച്ച വാഗ്ദതം ഒരു സങ്കൽപ വസ്തുവായി നില കൊള്ളുകയുമില്ല. എന്നാൽ, നമുക്കുവേണ്ടി ഇത്തരം ജീവസന്ദായകമായ മൂല്യം പ്രദാനം ചെയ്യുന്ന മതങ്ങൾ ലോകത്ത് എത്രയുണ്ടെന്ന് ഒന്ന് ആലോചിച്ചു നോക്കുക.

വർത്തമാനകാലത്തിലെ പുതിയ പുതിയ ഫലം കൊണ്ട് സംസിദ്ധമാകുന്ന ആദ്ധ്യാത്മിക ജീവിതം ഇസ്‌ലാമിൽ മാത്രമേ ലബ്ധമാവുകയുള്ളുവെന്നും മറ്റൊരു മതത്തിനും അതിന്റെ ലക്ഷണം കാണിക്കാൻ കഴിയുകയില്ലെന്നും ഹദ്റത്ത് അഹ്മദ്(അ) വാദിച്ചു. എന്തെന്നാൽ, മറ്റ് മതങ്ങളുടെയെല്ലാം ആധാരം ഭൂതകാലത്തെ സംബന്ധിച്ച ചില കഥകളും ഭാവിയെ സംബന്ധിച്ച ചില വാഗ്ദാനങ്ങളും മാത്രമാണ്. ഉദാഹരണമായി, ദൈവഭാഷണത്താൽ അനുഗൃഹീതനാവുകയും ദൈവവചനത്താൽ നവജീവൻ സിദ്ധിക്കുകയും ദൈവത്തിന്റെ സഹായഹസ്തം ചവിട്ടടിതോറും തന്നോടുകൂടി ഉണ്ടാവുകയും ചെയ്തിട്ടുള്ള ഒരൊറ്റ ആളെയും ക്രിസ്ത്യാനികളിൽ കാണുകയില്ല. അതുപോലെത്തന്നെ, ഇക്കാലത്ത് ദൈവസഹായത്തിന്റെ പ്രകാശം കാണിക്കാൻ കഴിയുകയും ദൈവത്തിന്റെ പുതിയ പുതിയ വചനങ്ങൾ കൊണ്ടനുഗൃഹീതനാവുകയും ചെയ്തിട്ടുള്ള ഒരാളെയും ആര്യമതത്തിന്റെ അനുയായികളിലും കാണാവുന്നതല്ല. മറ്റു മതങ്ങളുടെ സ്ഥിതിയും ഇതുതന്നെയാണ്. അവരുടെ പക്കൽ ഭൂതകാലത്തെ സംബന്ധിച്ച കഥകളും ഭാവിയെ സംബന്ധിച്ച മധുര വാഗ്ദാനങ്ങളുമല്ലാതെ മറ്റൊന്നുമില്ല. എന്നാൽ, ഹദ്റത്ത് അഹ്മദാവട്ടെ(അ), ഇസ്‌ലാം ദൈവത്തിന്റെ ഒരു ജീവനുള്ള മതമാണെന്ന് സ്ഥാപിച്ചു. എന്തെന്നാൽ, അതിന്റെ മരം നബിതിരുമേനിയുടെ കാലത്തെന്നപോലെ ഇന്നും ഫലം തന്നുകൊണ്ടിരിക്കുന്നു. കഴിഞ്ഞകാലത്തെന്നതുപോലെ അത് ഇന്നും അതിന്റെ അനുയായികളെ ദൈവത്തോടു അടുപ്പിച്ചു കൊണ്ടിരിക്കുന്നു. കഴിഞ്ഞകാലത്തെ ജനങ്ങളെപ്പോലെത്തന്നെ ഇന്നും അതിനെ അനുസരിച്ചു നടക്കുന്നവർക്ക് ദൈവത്തിന്റെ പുതിയ പുതിയ വചനങ്ങൾ കേൾക്കാൻ കഴിയുന്നു. കഴിഞ്ഞകാലത്തെന്നപോലെത്തന്നെ ഇന്നും അവർ ദൈവത്തിന്റെ സജീവമായ അടയാളങ്ങൾ കാണുന്നു. ചുരുക്കത്തിൽ, ജീവനുള്ള മതം ഇസ്‌ലാം മാത്രമാണ്. മറ്റുള്ള എല്ലാ മതങ്ങളും അവയുടെ ആയുഷ്ക്കാലം അവസാനിപ്പിച്ചു കഴിഞ്ഞു. തന്റെ മുമ്പാകെ വന്നു ഈ വാദമുഖത്തെ നേരിടാനും തങ്ങളുടെ മതത്തിന്റെ സത്യം തെളി

യിക്കാനും ഹദ്റത്ത് അഹ്മദ്(അ) അദ്ദേഹത്തിന്റെ എതിരാളികളെ അടിക്കടി ആഹ്വാനം ചെയ്യുകയുണ്ടായി. എന്നാൽ, ആർക്കും അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ ധൈര്യമുണ്ടായില്ല. ലേഖ്റാം, ഡൂയി മുതലായവരെപ്പോലെ സാഹസത്തിനൊരുങ്ങിയവരോ അവരുടെ നാശത്താൽ ഇസ്ലാമിന്റെ സത്യത്തിനു സാക്ഷ്യം വഹിച്ചു കൊണ്ട് എന്നേക്കുമായി അന്തർദ്ധാനം ചെയ്യുകയും ചെയ്തു. ഇസ്ലാമിന് കൈവന്ന ഈ വിജയം എത്ര മഹത്തരമാണെന്ന് ആലോചിച്ചു നോക്കുക. ഇസ്ലാമിന്റെ സത്യം സൂര്യപ്രകാശം പോലെ സ്പഷ്ടമാക്കുന്ന ശക്തവും ദൃഢവുമായ തത്ത്വങ്ങളല്ലേ ഇവയെന്നും ആലോചിച്ചു നോക്കുക*.

## ഇസ്ലാമിന്റെ വിജയം

ഇനി ഹദ്റത്ത് അഹ്മദി(അ)ന്റെ മറ്റൊരു മഹത്തായ പ്രവൃത്തിയെപ്പറ്റിയാണ് പ്രതിപാദിക്കാൻ വിചാരിക്കുന്നത്. ഇസ്ലാമിനെ വിജയിപ്പിച്ചു കാണിക്കുമെന്ന വാഗ്ദതം ആ പ്രവൃത്തികൊണ്ട് എത്രയും ഉൽക്കൃഷ്ടമായ നിലയിൽ പൂർത്തിയായിരിക്കുന്നു.

1896ൽ ലാഹോറിലെ ചില ഹിന്ദുമാന്യൻമാർ ഒരു മതമഹാസമ്മേളനം നടത്താൻ തീരുമാനിച്ചു. എല്ലാ മതങ്ങളുടെയും ജീവനായിരിക്കുന്ന ചില ചോദ്യങ്ങൾ തിരഞ്ഞെടുക്കുക, എല്ലാ മതങ്ങളുടെയും പ്രതിനിധികളെ സമ്മേളനത്തിലേക്ക് ക്ഷണിക്കുക, ആ പ്രതിനിധികളെക്കൊണ്ട് പ്രസ്തുത പ്രശ്നങ്ങൾക്ക് മറുപടിയായി താന്താങ്ങളുടെ മതത്തിന്റെ അടിസ്ഥാനത്തിൽ പ്രസംഗിപ്പിക്കുക എന്നീ നിശ്ചയങ്ങളും അവർ ചെയ്തു. സത്യാന്വേഷകർക്ക് ശാന്തമായാലോചിക്കാനും ഹൃദയം കൊണ്ട് തീർപ്പു കൽപ്പിക്കാനും സൗകര്യം ലഭിക്കുന്നതിനുവേണ്ടി ആ പ്രസംഗങ്ങളിൽ ആരും മറ്റു മതങ്ങളെ ആക്ഷേപിക്കാൻ പാടില്ലെന്നും അവനവന്റെ മതത്തിന്റെ ഗുണങ്ങൾ മാത്രമെ ഉദ്ധരിക്കാവൂ എന്നും അവർ വ്യവസ്ഥ ചെയ്തിരുന്നു. ഈ സംരംഭത്തിന്റെ പ്രണേതാക്കൾ ബ്രഹ്മസമാജവുമായി ബന്ധമുള്ളവരായിരുന്നു. ഈ തീരുമാനം നടപ്പിൽ വരുത്താനായി ഒരു പ്രവർത്തക കമ്മിറ്റിയെ അവർ നിയോഗിക്കുകയും ചെയ്തു.

പ്രസംഗത്തിനുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട പ്രശ്നങ്ങൾ താഴെ പറയുന്നവയായിരുന്നു:-

---

* ഹഖീഖത്തുൽ വഹ്യ്, ബറാഹീനെ അഹ്മദിയ്യാ അഞ്ചാംഭാഗം എന്നീ ഗ്രന്ഥങ്ങൾ നോക്കുക.

1. മനുഷ്യന്റെ ശാരീരികവും ധാർമ്മികവും ആദ്ധ്യാത്മികവുമായ അവസ്ഥകൾ.

2. മനുഷ്യന്റെ മരണത്തിനുശേഷമുള്ള അവസ്ഥ.

3. ലോകത്ത് മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യമെന്ത്? ആ ഉദ്ദേശ്യം എങ്ങനെ പൂർത്തിയാക്കാൻ കഴിയും?

4. കർമ്മത്തിന്റെ ഫലം ഇഹത്തിലും പരത്തിലും എന്തായിരിക്കും?

5. ജ്ഞാനസിദ്ധിക്കുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്?

ഈ തീരുമാനമനുസരിച്ച് പ്രസ്തുത ചോദ്യങ്ങൾക്ക് ഉത്തരമായി ഉപന്യാസം എഴുതിവായിക്കുകയോ വാചാപ്രസംഗം ചെയ്യുകയോ ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് എല്ലാ മതങ്ങളിലെയും സമുദായങ്ങളിലെയും പ്രധാനപ്പെട്ട ആളുകൾക്ക് ക്ഷണമയച്ചു. ഓരോ മതസ്ഥരിൽ നിന്നും രണ്ടും മൂന്നും ആൾ വീതമാണ് തിരഞ്ഞെടുക്കപ്പെട്ടത്. മുസ്ലിംകളിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ടവർ താഴെ പറയുന്ന മൂന്നു പേരായിരുന്നു:-

1. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

2. മൗലവി അബൂസഈദ് മുഹമ്മദ് ഹുസയ്ൻ സാഹിബ് ബട്ടാലവി.

3. മൗലവി അബുൽവഫാ സനാഉല്ലാ സാഹിബ് അമൃത്സരി.

ക്രിസ്ത്യാനികൾ, ആര്യസമാജക്കാർ, സനാതനധർമ്മികൾ, ബ്രഹ്മസമാജക്കാർ, സിക്കുകാർ, തിയോസഫിക്കൽ സൊസൈറ്റിക്കാർ, ഫ്രീ തിങ്കേർസ് മുതലായവരിൽനിന്നും പ്രതിനിധികൾ നിശ്ചയിക്കപ്പെട്ടിരുന്നു. മേൽപറഞ്ഞ ചോദ്യങ്ങൾക്കുത്തരമായി അവരവരുടെ മതത്തിന്റെ സിദ്ധാന്തം വിവരിക്കുകയല്ലാതെ അന്യമതങ്ങളെ ആക്ഷേപിക്കരുതെന്നും എല്ലാവർക്കും നിർദ്ദേശം നല്കുകയും ചെയ്തിരുന്നു. സമ്മേളനത്തിനുവേണ്ടി 1896 ഡിസംബർ 26,27,28 എന്നീ തിയതികൾ നിശ്ചയിക്കപ്പെട്ടു. സമ്മേളനം നടത്താൻ ലാഹോറിലെ അഞ്ചുമൻഹിമായത്തെ ഇസ്ലാമിന്റെ ഹാൾ ഏർപ്പാട് ചെയ്തു. പത്രങ്ങൾ മുഖേനയും നോട്ടീസുകൾ മുഖേനയും സമ്മേളനത്തെപ്പറ്റി പരസ്യം ചെയ്തു. ഹദ്റത്ത് അഹ്മദ്(അ) പ്രസ്തുത ചോദ്യങ്ങൾക്കുത്തരമായി ഒരു പ്രസംഗം എഴുതുകയും

അതുമായി തന്റെ പ്രമുഖ ശിഷ്യൻ ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടിയെ ലാഹോറിലേക്കു അയക്കുകയും ചെയ്തു. സമ്മേളനത്തിന് അഞ്ചാറു ദിവസം മുമ്പേ 1896 ഡിസംബർ 21 നു താൻ അല്ലാഹുവിന്റെ പ്രത്യേകമായ സഹായത്തോടുകൂടിയാണ് പ്രസ്തുത പ്രസംഗം എഴുതിയിട്ടുള്ളതെന്നും അതു മറ്റെല്ലാ പ്രസംഗങ്ങളെക്കാളും മികച്ചതായിരിക്കുമെന്ന് അല്ലാഹു തന്നെ അറിയിച്ചിരിക്കുന്നുവെന്നും കാണിക്കുന്ന ഒരു വിജ്ഞാപനം ഹദ്റത്ത് അഹ്മദ്(അ) പ്രസിദ്ധപ്പെടുത്തി.

1896 ഡിസംബർ 26,27,28 എന്നീ തിയ്യതികളിൽ ലാഹോറിലെ ടൗൺഹാളിൽ* കൂടുന്ന മതസമ്മേളനത്തിൽ എന്റെ വകയായി വിശുദ്ധഖുർആന്റെ ഉത്ക്കൃഷ്ടതയെയും അൽഭുതങ്ങളെയും സംബന്ധിച്ചുള്ള ഒരു ഉപന്യാസം വായിക്കപ്പെടുന്നതാണ്. അതു മനുഷ്യശക്തിക്ക് അതീതവും ദൈവത്തിന്റെ അടയാളങ്ങളിൽ നിന്നുള്ള ഒരടയാളവും അവന്റെ പ്രത്യേകമായ സഹായത്തോടുകൂടി എഴുതപ്പെട്ടതുമാണ്. വിശുദ്ധഖുർആൻ സത്യമായി ദൈവത്തിന്റെ വചനവും ദൈവത്തിന്റെ ഗ്രന്ഥവുമാണെന്ന് സൂര്യനെപ്പോലെ തെളിയുന്ന വിധത്തിൽ വി.ഖുർആന്റെ വിശേഷതകളും നിഗൂഢജ്ഞാനങ്ങളും അതിൽ ക്രോഡീകരിച്ചിട്ടുണ്ട്. അഞ്ച് ചോദ്യങ്ങളുടെയും ഉത്തരങ്ങൾ ഉൾക്കൊള്ളുന്ന ആ ഉപന്യാസം ആദ്യാന്തം ശ്രദ്ധാപൂർവ്വം കേൾക്കുന്ന ഏതൊരാളിലും ഒരു പുതിയ വിശ്വാസം ജനിക്കുമെന്നും ഒരു പുതിയ വെളിച്ചം വീശുമെന്നും അയാൾക്ക് വിശുദ്ധ വചനത്തിന്റെ സമഗ്രമായൊരു വ്യാഖ്യാനം അറിയാറാകുമെന്നും ഞാൻ വിശ്വസിക്കുന്നു. എന്റെ ഈ ഉപന്യാസം അനാവശ്യങ്ങളിൽനിന്നും അസംബന്ധങ്ങളിൽനിന്നും പരിശുദ്ധമാണ്. മാനവസമുദായത്തോടുള്ള അനുകമ്പ മാത്രമാണ് ഈ സമയത്ത് ഈ ഉപന്യാസമെഴുതാൻ എന്നെ പ്രേരിപ്പിച്ചത്; അവർ വിശുദ്ധഖുർആന്റെ മഹിമ ദർശിക്കുവാൻ വേണ്ടിയും നമ്മുടെ അമുസ്ലിം എതിരാളികൾ അന്ധകാരത്തെ സ്നേഹിച്ചുകൊണ്ടും പ്രകാശത്തെ വെറുത്തുകൊണ്ടും എന്തൊരു അന്യായമാണ് ചെയ്തിരിക്കുന്നതെന്ന് മനസ്സിലാക്കാൻ വേണ്ടിയും. എന്റെ ഈ ഉപന്യാസം മറ്റെല്ലാ പ്രസംഗങ്ങളെക്കാളും മികച്ചുനില്ക്കുമെന്ന് സർവ്വജ്ഞനായ ദൈവം ഇൽഹാം മുഖാന്തരം എന്നെ അറിയിച്ചിരിക്കുന്നു. മറ്റുള്ള സമുദായങ്ങൾ സന്നിഹിതരായി ആദ്യം മുതൽ

* പിന്നീട് യോഗം നടന്നത് ഇസ്ലാമിയാ കോളേജ് ഹാളിൽവച്ചാണ്.

അവസാനം വരെ ശ്രദ്ധിച്ചു കേൾക്കുകയാണെങ്കിൽ അന്ധാളിച്ചുപോകുമാറ് സത്യത്തിന്റെയും ജ്ഞാനത്തിന്റെയും പ്രകാശം തുളുമ്പുന്നതാണത്. അവർക്കൊരിക്കലും അവരുടെ ഗ്രന്ഥങ്ങളിൽനിന്ന് ഈ മേൻമ എടുത്തു കാണിക്കാൻ കഴിയുകയില്ല - അവർ ക്രിസ്ത്യാനികളായിരുന്നാലും ശരി, ആര്യന്മാരായിരുന്നാലും ശരി, സനാതന ധർമ്മികളായിരുന്നാലും ശരി, മറ്റാരായിരുന്നാലും ശരി. എന്തെന്നാൽ, അന്നേദിവസം തന്റെ പരിശുദ്ധ ഗ്രന്ഥത്തിന്റെ പ്രകാശം പ്രത്യക്ഷമാവണമെന്നാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. എന്റെ ഭവനത്തിന്റെ മേൽ മറവിൽനിന്ന് ഒരു കൈ പതിച്ചതായി ഇതിനെപ്പറ്റി ദർശനാവസ്ഥയിൽ ഞാൻ കണ്ടു. ആ കരസ്പർശത്താൽ എന്റെ ഭവനത്തിൽ നിന്ന് ഒരു ഉജ്ജ്വലപ്രകാശം പുറപ്പെട്ടു നാനാഭാഗത്തേക്കും പരന്നു. എന്റെ കൈകളിലും ആ പ്രകാശം വീശി. തത്സമയം എന്റെ അടുക്കൽ നിന്നിരുന്ന ആൾ ഉച്ചൈസ്തരം പറഞ്ഞു.

اللّٰہ اکـــــبر خربت خیبر

ഇവിടെ ഭവനംകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് എന്റെ ഹൃദയമാണ്. അതിൽനിന്നാണ് വിജ്ഞാനമാകുന്ന വെളിച്ചം പൊട്ടിപ്പുറപ്പെട്ടത്. ഖയ്ബർ കൊണ്ട് ഉദ്ദേശിക്കപ്പെട്ടത് ശിർക്കും അസത്യവും കലർന്നിട്ടുള്ളതും മനുഷ്യന് ദൈവത്തിന്റെ സ്ഥാനം നൽകുകയോ ദൈവഗുണങ്ങളെ അവയുടെ ഉന്നതസ്ഥാനത്തുനിന്ന് താഴെ തള്ളിയിടുകയോ ചെയ്തിട്ടുള്ളതുമായ എല്ലാ ദുഷിച്ച സിദ്ധാന്തങ്ങളുമാണ്. അങ്ങനെ, എന്റെ ആ ഉപന്യാസം നല്ലതുപോലെ പ്രസിദ്ധമാകുന്നതോടുകൂടി വ്യാജപ്രസ്ഥാനങ്ങളുടെ തനിനിറം വെളിവാകുമെന്നും വിശുദ്ധ ഖുർആന്റെ സത്യം അതിന്റെ പരിധി പൂർത്തിയാകുന്നതുവരെ ദിനംപ്രതി ലോകത്ത് പരന്നുകൊണ്ടിരിക്കുമെന്നും എനിക്ക് കാണിച്ചു തന്നിരിക്കുന്നു. അതിനുശേഷം ആ ദർശനാവസ്ഥയിൽ നിന്ന് ഇൽഹാമിലേയ്ക്ക് ഞാൻ മാറ്റപ്പെട്ടു. എനിക്ക് ഇപ്രകാരം ഇൽഹാമുണ്ടായി:

انّ اللّٰہ معک انّ اللّٰہ یقوم اینما قمتَ

ദൈവം നിന്നോടുകൂടിയാണ്. നീ നില്ക്കുന്നിടത്ത് ദൈവം നില്ക്കുന്നു. ഇത് ദൈവസഹായത്തെ സൂചിപ്പിക്കുന്ന ഒരു അലങ്കാരവചനമാണ്. കൂടുതലായൊന്നുമെഴുതാൻ ഇനി ഞാൻ വിചാ

രിക്കുന്നില്ല. ആ വിജ്ഞാനങ്ങൾ കേൾക്കുന്നതിനായി സമ്മേളന ദിവസം ലാഹോറിൽ വരണമെന്ന് ഞാൻ എല്ലാവരേയും ഉണർത്തിച്ചു കൊള്ളുന്നു. തൻമൂലം ഊഹിക്കാൻ കഴിയാത്ത ഫലം അവരുടെ ബുദ്ധിക്കും വിശ്വാസത്തിനും സിദ്ധിക്കുന്നതാണ്.

ഈ വിജ്ഞാപനം ലാഹോറിലും നാട്ടിന്റെ മറ്റു പല ഭാഗ ങ്ങളിലും സമ്മേളനത്തിന് ഏതാനും ദിവസം മുമ്പേതന്നെ പ്രസി ദ്ധപ്പെടുത്തുകയുണ്ടായി. നിശ്ചിത ദിവസം സമ്മേളനം തുടങ്ങിയ പ്പോൾ എല്ലാ മതങ്ങളുടെയും പ്രതിനിധികൾ സന്നിഹിതരായിരു ന്നു. പ്രതിനിധികൾ അവരവരുടെ ധർമ്മങ്ങളെ പ്രതിനിധാനം ചെയ്തുകൊണ്ട് അവിടെ പ്രസംഗിക്കുകയുണ്ടായി. അഭ്യസ്തവി ദ്യരായ വലിയൊരു ജനാവലി ഈ സഭാനടപടികളിൽ സജീവ താൽപര്യം പ്രകടിപ്പിക്കുകയും നാനാദിക്കുകളിൽനിന്ന് എത്തി ച്ചേർന്ന വ്യത്യസ്ത മതാനുയായികൾ താന്താങ്ങളുടെ മതവിഭാഗ ത്തിന് വിജയം സിദ്ധിക്കുമെന്ന പ്രത്യാശയോടെ വർത്തിക്കുകയും ചെയ്തിരുന്നു. നടേ പറഞ്ഞതുപോലെ സമ്മേളനാരംഭത്തിന് ദിവ സങ്ങൾക്കു മുമ്പേതന്നെ ഹദ്റത്ത് അഹ്മദ്(അ) തന്റെ ഉപന്യാസം പ്രസ്തുത മഹാസമ്മേളനത്തിൽ സർവ്വോത്കൃഷ്ടവും വിജയശ്രീ ലാളിതവുമായി അംഗീകരിക്കപ്പെടുമെന്ന് ദീർഘദർശനം ചെയ്തു കൊണ്ട് വിജ്ഞാപനം അച്ചടിച്ചു പ്രസിദ്ധം ചെയ്തിരിക്കയാൽ ശ്രോതാക്കളിൽ പറഞ്ഞറിയിക്കാൻ കഴിയാത്തവിധത്തിലുള്ള ഭക്ത്യാവേശപൂർവ്വമായ ഉത്സാഹം കാണപ്പെട്ടിരുന്നു. ഹദ്റത്ത് അഹ്മദിന്റെ ഉപന്യാസം രണ്ടാം ദിവസത്തെ യോഗത്തിലാണ് വായിക്കാനാരംഭിച്ചത്. ഹാൾ തിങ്ങിനിറഞ്ഞിരുന്നു. മൗലാനാ അബ്ദുൾകരീം സാഹിബായിരുന്നു ഉപന്യാസം വായിച്ചു കേൾപ്പി ച്ചത്. തദവസരത്തിൽ ശ്രോതാക്കൾ മന്ത്രവിവശരെന്നതുപോലെ ദത്തശ്രദ്ധരായിരിക്കുമാറ് ഉപന്യാസം അത്രയ്ക്ക് ഹൃദയാവർജ്ജ കവും വിജ്ഞേയവും ചിന്താമൃതവുമാണെന്ന് വെളിപ്പെടുകയുണ്ടാ യി. അതിലെ ഗഹനമായ ദിവ്യതത്ത്വജ്ഞാനം ദീർഘദർശനത്തിൽ പറഞ്ഞപോലെ അഭ്യസ്തവിദ്യരായ സദസ്യരെ ഹഠാദാകർഷിക്കു കയും പ്രഭാവിതരാക്കിത്തീർക്കുകയും ചെയ്തു. നിശ്ചയിക്കപ്പെട്ട രണ്ട് മണിക്കൂർ കൊണ്ട് ഉപന്യാസം വായിച്ചുതീരാതിരുന്നതിനാൽ കാര്യപരിപാടിയനുസരിച്ച് അടുത്ത പ്രസംഗകനായിരുന്ന മൗലാനാ അബൂയൂസുഫ് മുബാറക് അലി സാഹിബ് തന്റെ പ്രസംഗത്തി നുള്ള സമയം മുഴുവനും ഇതിനായി വിട്ടുകൊടുത്തു. ഇതിനും

പുറമെ, വൈകുന്നേരം നാലരമണിയ്ക്ക് പിരിയേണ്ട യോഗം അഞ്ചരമണിവരെ നീട്ടുവാൻ പ്രവർത്തക സമിതി തീരുമാനിക്കുകയും ചെയ്തു. ഇത്രയും സമയദൈർഘ്യം കൊണ്ടും ഉപന്യാസ പാരായണം മുഴുമിക്കാതിരുന്നതിനാൽ ശിഷ്ടഭാഗവും കേൾപ്പിക്കപ്പെടാൻ സമ്മേളനം ഒരു ദിവസത്തേക്കു കൂടി നീട്ടണമെന്നുള്ള സദസ്യരുടെ അഭ്യർത്ഥനയെക്കുറിച്ച് ആലോചിക്കുന്നതിന് പ്രവർത്തക സമിതി പ്രേരിതമായിത്തീർന്നു. പൂർവ്വനിശ്ചയപ്രകാരം മൂന്നു ദിവസത്തെ പരിപാടികളോടുകൂടിയ സമ്മേളനം നീട്ടുന്നതിന് യോഗസ്ഥലമായ ഇസ്‌ലാമിയാ കോളേജിന്റെ അധികൃതരിൽ നിന്നും അനുമതി ലഭിക്കേണ്ടിയിരുന്നു. അവിടെ ഹാജരുണ്ടായിരുന്ന കോളേജധികൃതർ അനുമതി നല്കിയതനുസരിച്ച് പ്രവർത്തക സമിതി തീരുമാനമെടുക്കുകയും സമ്മേളനം ഒരു ദിവസംകൂടി തുടരുന്നതാണെന്ന് സഭാനാഥൻ മുഖേന പ്രഖ്യാപനം ചെയ്യുകയുമുണ്ടായി. നാലാം ദിവസത്തെ യോഗത്തിലാണ് ഈ ഉപന്യാസം വായിച്ചു മുഴുമിപ്പിച്ചത്. ഇങ്ങനെ ഉപന്യാസം മുഴുവനും കേൾക്കാൻ കഴിഞ്ഞതിൽ സദസ്യർ ആഹ്ലാദഭരിതരാവുകയും സഭാഹാൾ കരഘോഷങ്ങളാൽ മുഖരിതമാവുകയും ചെയ്തിരുന്നു.

സമ്മേളനാദ്ധ്യക്ഷനായ ഒരു ഹൈന്ദവ പണ്ഡിതന്റെ നാവിൽ നിന്ന് 'ഈ ഉപന്യാസം മറ്റെല്ലാ ഉപന്യാസങ്ങളെയും കവച്ചുവച്ചിരിക്കുന്നു' എന്ന വാക്യം അവിചാരിതമായി പുറപ്പെട്ടു. ലാഹോറിലെ സുപ്രസിദ്ധ ഇംഗ്ലീഷു പത്രമായ സിവിൽ ആന്റ് മിലിറ്ററി ഗസറ്റ്, മിർസാ സാഹിബ് ഖാദിയാനിയുടെ പ്രസംഗമായിരുന്നു ഏറ്റവും മികച്ചതെന്ന അഭിപ്രായമാണ് പ്രകടിപ്പിച്ചത്. ഇരുപതോളം ഉർദു പത്രങ്ങളും ആ പ്രസംഗത്തിന്റെ പരമോത്ക്കൃഷ്ടതയ്ക്കു സാക്ഷ്യം വഹിച്ചു. ആ സമ്മേളനത്തിൽ സന്നിഹിതരായവരിൽ കഠിനമായ വിദ്വേഷികളല്ലാത്തവരെല്ലാവരും ആ പ്രസംഗത്തിന്റെ വിജയം തലകുലുക്കി സമ്മതിച്ചു. സിവിൽ ആന്റ് മിലിറ്ററി ഗസറ്റ് പുറപ്പെടുവിച്ച അഭിപ്രായം വായനക്കാരുടെ അറിവിനായി താഴെ ചേർത്തുകൊള്ളുന്നു:-

"സർവ്വമതസമ്മേളനം 1896 ഡിസംബർ 26,27,28 എന്നീ തിയ്യതികളിൽ ലാഹോറിലെ ഇസ്‌ലാമിയ്യാ കോളേജു ഹാളിൽ ചേർന്നു. അതിൽ വിവിധ മതങ്ങളുടെ പ്രതിനിധികൾ താഴെ പറയുന്ന അഞ്ച് പ്രശ്നങ്ങളെപ്പറ്റി പ്രസംഗിച്ചു. (അഞ്ച് പ്രശ്നങ്ങളും ഇവിടെ ചേർത്തിട്ടുണ്ടായിരുന്നു). എന്നാൽ, എല്ലാ ഉപന്യാസങ്ങളെക്കാളും

ശ്രദ്ധേയമായിരുന്നതും കൂടുതൽ ഔത്സുക്യത്തോടെ ജനങ്ങൾ കേട്ടുകൊണ്ടിരുന്നതും മിർസാ ഗുലാം അഹ്മദ് ഖാദിയാനിയുടെ ഉപന്യാസമായിരുന്നു. അദ്ദേഹം ഇസ്ലാമിന്റെ ഭാരിച്ചൊരു വക്കീലും വലിയൊരു വിദ്വാനുമാണ്. ആ പ്രസംഗം കേൾക്കുന്നതിനുവേണ്ടി അടുത്തും അകലെയുംനിന്ന് എല്ലാ മതങ്ങളുടെ അനുയായികളും വമ്പിച്ച തോതിൽ തടിച്ചു കൂടിയിരുന്നു. മിർസാ സാഹിബിന് സമ്മേളനത്തിൽ സംബന്ധിക്കാൻ കഴിയാഞ്ഞതുകൊണ്ട് അദ്ദേഹത്തിന്റെ ഉപന്യാസം യോഗ്യനും മധുരഭാഷിയുമായ അദ്ദേഹത്തിന്റെ ശിഷ്യൻ മൗലവി അബ്ദുൾ കരീം സിയാൽകോട്ടിയാണ് വായിച്ചത്. 27-ാം തിയതി മൂന്നരമണിക്കൂറുനേരം വായിച്ചിട്ടും ഒന്നാമത്തെ പ്രശ്നം അവസാനിച്ചിരുന്നില്ല. ജനങ്ങൾ ആവേശഭരിതരും കുതൂഹുല ചിത്തരുമായിട്ടാണ് അത് കേട്ടുകൊണ്ടിരുന്നത്. പിന്നീട് ആ പ്രസംഗം മുഴുമിപ്പിക്കുന്നതിനുവേണ്ടി ഭാരവാഹികൾ സമ്മേളനം 29-ാം തിയതിയും നടത്താൻ തീരുമാനിച്ചു.

ഹദ്റത്ത് അഹ്മദിന്റെ(അ) പ്രസംഗത്തെപ്പറ്റിയല്ലാതെ മറ്റാരുടേതിനെപ്പറ്റിയും സിവിൽപത്രം മിണ്ടിയിട്ടില്ലെന്നുള്ളത് ശ്രദ്ധാർഹമാണ്. ഹിന്ദുക്കളുടെ ഭാഗത്തുനിന്ന് തയ്യാറാക്കിയ സമ്മേളന റിപ്പോർട്ടിൽ ഹദ്റത്ത് അഹ്മദിന്റെ(അ) പ്രസംഗത്തെപ്പറ്റി പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്:-

പണ്ഡിറ്റ് ഗോർദ്ധനൻ ദാസിന്റെ പ്രസംഗത്തിനുശേഷം അരമണിക്കൂർ സമയം ഒഴിവുണ്ടായിരുന്നു. ആ ഒഴിവിനെത്തുടർന്ന് പ്രസംഗിക്കേണ്ടിയിരുന്നത് ഇസ്ലാമിന്റെ ഭാഗത്തുനിന്നുള്ള പ്രസിദ്ധനായൊരു പ്രതിനിധിയായിരുന്നു. അതിനാൽ ഉത്സാഹഭരിതരായ സദസ്യർ താന്താങ്ങളുടെ സ്ഥലം വിട്ടു ഇളകിയിരുന്നില്ല. ഒന്നരമണിയടിക്കാൻ പിന്നെയും സമയമുണ്ടായിരുന്നു. ഇസ്ലാമിയ്യാ കോളേജിന്റെ വിശാലമായ ഹാൾ ക്ഷണം ക്ഷണം നിറയാൻ തുടങ്ങി. ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഹാളിനകത്ത് ഒട്ടും ഇടം ബാക്കിയില്ലാതായി. ആ സമയത്ത് ശ്രോതാക്കളുടെ സംഖ്യ ഏഴായിരത്തോളം വരുമായിരുന്നു. വിവിധ മതസ്ഥരിൽ നിന്നും വിവിധ സമുദായങ്ങളിൽനിന്നും തലയെടുപ്പുള്ള വിദ്വജ്ജനങ്ങൾ അവരുടെ കൂട്ടത്തിൽ അധികമുണ്ടായിരുന്നു. കസേരകളും പരവതാനികളും വളരെയധികം സജ്ജീകരിച്ചിരുന്നുവെങ്കിലും നൂറുക്കണക്കിനാളുകൾക്ക് നില്ക്കുകയല്ലാതെ നിവൃത്തിയുണ്ടായില്ല. നില്ക്കുകയായിരുന്ന ആ കുതുകികളുടെ കൂട്ടത്തിൽ വലിയ വലിയ

ധനാഢ്യർ, പഞ്ചാബിലെ നേതാക്കൾ, ഉലമാക്കൾ, പണ്ഡിതൻമാർ, ബാരിസ്റ്റർമാർ, വക്കീലൻമാർ, പ്രൊഫസർമാർ, എക്സ്ട്രാ അസിസ്റ്റന്റ് കമ്മീഷ്ണർമാർ, ഡോക്ടർമാർ എന്നു വേണ്ട മേലെക്കിടയിലുള്ള വിവിധ തുറകളിൽപ്പെട്ട എല്ലാത്തരം ആളുകളും ഉൾപ്പെട്ടിരുന്നു. കൗതുകത്തോടും ആവേശത്തോടും കൂടിയാണെങ്കിലും നാലഞ്ച് മണിക്കൂർ നേരം അവർക്ക് ഒറ്റക്കാലിൽ ക്ഷമിച്ചും സഹിച്ചും നില്ക്കേണ്ടിവന്നു. ആ ഉപന്യാസത്തിനുവേണ്ടി ഭാരവാഹികളുടെ ഭാഗത്തുനിന്ന് അനുവദിക്കപ്പെട്ടിരുന്നത് രണ്ട് മണിക്കൂർ സമയം മാത്രമായിരുന്നു. എന്നാൽ, സദസ്യർക്ക് ആ പ്രസംഗത്തോടുണ്ടായ താൽപര്യം നിമിത്തം പ്രസംഗം അവസാനിക്കുന്നതു വരെ സമ്മേളനപരിപാടി നീട്ടുവാൻ ഭാരവാഹികൾ സസന്തോഷം സമ്മതിച്ചു. അവരുടെ ആ തീരുമാനം എല്ലാവരിലും സംതൃപ്തി ഉളവാക്കി. പ്രസംഗത്തിനു അനുവദിക്കപ്പെട്ടിരുന്ന രണ്ടു മണിക്കൂർ കഴിഞ്ഞതിനുശേഷം മൗലവി മുബാറക്കലി അദ്ദേഹത്തിന്റെ സമയം ആ പ്രസംഗം മുഴുമിക്കാൻ വേണ്ടി അനുവദിച്ചുകൊടുത്തപ്പോൾ സമ്മേളനഭാരവാഹികളും സദസ്യരും മൗലവി സാഹിബിന് ആഹ്ലാദാരവത്തോടുകൂടി നന്ദി പറഞ്ഞു. ആ ഉപന്യാസം ആദ്യം മുതൽ അവസാനം വരെ ഒരേ വിധത്തിൽ ആകർഷകവും ആവേശജനകവുമായിരുന്നു.

കൂടാതെ, അതേ സമ്മേളനത്തിൽ പിന്നീട് പ്രസംഗിച്ച സിക്ക് പ്രതിനിധി സർദാർ ജവാഹർസിങ്ങ് അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ ഹദ്റത്ത് അഹ്മദിന്റെ(അ) പ്രസംഗത്തെ പരാമർശിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു:- ഇന്നലെ നടന്ന പണ്ഡിതോചിതമായ ആ പ്രസംഗത്തിൽ സന്തോഷഭരിതനാവാത്ത ഒരാളുമില്ല. ആരും അതിനെ ശ്ലാഘിക്കാതിരുന്നിട്ടുമില്ല.

ഇസ്ലാമിന് കൈവന്ന ഈ വിജയം എത്ര മഹത്തായ ഒന്നാണെന്ന് വായനക്കാർ ആലോചിച്ചു നോക്കുക. ഒരു സമ്മേളനം നടക്കുന്നു. പ്രസംഗവിഷയം മുൻകൂട്ടിത്തന്നെ നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തുന്നു. എല്ലാ മതങ്ങളുടെയും പ്രതിനിധികൾ തയ്യാറായി വന്നു താന്താങ്ങളുടെ മതത്തിന്റെ അദ്ധ്യാപനം ആവിഷ്ക്കരിക്കുന്നു. ആര്യൻമാരും ക്രിസ്ത്യാനികളും ബ്രഹ്മസമാജക്കാരും സിക്കുകാരും ആ പ്രസംഗവേദിയിൽ സന്നിഹിതരാകുന്നു. ഇസ്ലാമിന്റെ ഭാഗത്തു നിന്ന് ഹദ്റത്ത് അഹ്മദും(അ) ഒരു ഉപന്യാസം എഴുതി സമർപ്പിക്കുന്നു. തന്റെ ആ പ്രസംഗം എല്ലാ പ്രസംഗങ്ങളെയും

അതിജയിക്കുമെന്ന് അദ്ദേഹം മുൻകൂട്ടി വിജ്ഞാപനം മുഖേന പ്രസിദ്ധപ്പെടുത്തുന്നു. എന്നിട്ട് അതുപോലെത്തന്നെ, യഥാർത്ഥത്തിൽ ആ ഉപന്യാസമായിരുന്നു എല്ലാറ്റിലും മികച്ചതെന്ന് ശത്രുക്കളും മിത്രങ്ങളും അന്യരും സ്വന്തക്കാരും മുസ്‌ലിംകളും അമുസ്‌ലിംകളും വാചാകർമ്മണാ സമ്മതിക്കുകയും ചെയ്യുന്നു!!

ആ ഉപന്യാസം ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തി 'ടീച്ചിങ്ങ്സ് ഓഫ് ഇസ്‌ലാം' എന്ന പേരിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്*. അതു മുഖേന പാശ്ചാത്യലോകത്ത് ഇസ്‌ലാം മതം പ്രചരിപ്പിക്കുന്ന കാര്യത്തിൽ നമുക്ക് വളരെ സഹായം സിദ്ധിച്ചിട്ടുണ്ട്. യൂറോപ്പിലെയും അമേരിക്കയിലെയും വിദ്വജ്ജനം ആ ഗ്രന്ഥം വായിക്കുമ്പോൾ അൽഭുതപരതന്ത്രരായിത്തീരുകയും അവരുടെ ഹൃദയത്തിൽ ഇസ്‌ലാമിനെ സംബന്ധിച്ച് സ്നേഹബഹുമാനങ്ങൾ ജനിക്കുകയും ചെയ്യുന്നു.

അഭിപ്രായം പറയാൻ യോഗ്യരായ ചില ആളുകൾ ആ പുസ്തകത്തെപ്പറ്റി പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളിൽ ചിലതിന്റെ ചുരുക്കം വായനക്കാരുടെ അറിവിനായി താഴെ ചേർത്തുകൊള്ളുന്നു. ദി സ്കോട്ട്സ്മാൻ പറയുകയാണ്:-

വിവിധ മതങ്ങളെ സംബന്ധിച്ച് താരതമ്യപഠനം നടത്തുന്ന ജനവിഭാഗം ഈ ഗ്രന്ഥത്തെ തീർച്ചയായും വളരെയധികം സ്വാഗതം ചെയ്യുന്നതാണ്. ദി ബ്രിസ്റ്റൽ ടൈംസ് ആന്റ് മിറർ എഴുതുന്നു:-

യൂറോപ്പിനേയും അമേരിക്കയേയും ഈ വിധം അഭിസംബോധന ചെയ്യുന്ന ആൾ ഒരിക്കലും സാമാന്യനായിരിക്കാൻ നിവൃത്തിയില്ല. ബോസ്റ്റണിലെ സ്പിരിച്ചൽ ജേർണൽ എഴുതുന്നു:-

ഈ ഗ്രന്ഥം മനുഷ്യസമുദായത്തിന് സുവിശേഷമാണ്. തിയോസഫിക്കൽ ബുക്ക് നോട്ട്സ് ഇങ്ങനെ പറയുന്നു:-

ഈ ഗ്രന്ഥം മുഹമ്മദ് മതത്തിന്റെ ഏറ്റവും മികച്ചതും ഏറ്റവും ആകർഷകവുമായൊരു ചിത്രമാണ്. ഇന്ത്യൻ റിവ്യൂ എഴുതുകയാണ്:-

ഈ ഗ്രന്ഥം വളരെ രസകരവും സന്തോഷസന്ദായകവുമാണ്. അതിലെ അഭിപ്രായങ്ങൾ പ്രകാശമുള്ളതും ജ്ഞാനസമ്പൂർണ്ണവു

* മലയാളത്തിൽ 'ഇസ്‌ലാമത തത്ത്വജ്ഞാനം' എന്ന പേരിൽ ഇത് പ്രസിദ്ധമായിട്ടുണ്ട് (പ്രസാധകർ).

മാണ്. വായനക്കാരുടെ വായിൽ നിന്ന് അവിചാരിതമായിത്തന്നെ അതിനെക്കുറിച്ച് പ്രശംസ പുറപ്പെടും. ഇസ്ലാമിനെക്കുറിച്ച് അറിയാനാഗ്രഹിക്കുന്നവരുടെ കൈയ്യിലെല്ലാം ഈ ഗ്രന്ഥം ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. മുസ്ലിം റിവ്യൂ എഴുതുന്നു:-

ഈ പുസ്തകം വായിക്കുന്നവർക്ക് സത്യസന്ധമായ അഗാധവും അമൂല്യവും സജീവവുമായ അഭിപ്രായങ്ങൾ അതിൽ കണ്ടെത്താൻ കഴിയും. അത് മുസ്ലിംകൾക്കും അമുസ്ലിംകൾക്കും ഒരുപോലെ സന്തുഷ്ടി പ്രദാനം ചെയ്യും. ഞങ്ങൾ ശക്തിപൂർവ്വം ഈ ഗ്രന്ഥത്തെ ശുപാർശ ചെയ്യുന്നു.

ലാഹോറിലെ ഗവൺമെന്റ് കോളേജിലെ ഇംഗ്ലീഷ് സീനിയർ പ്രൊഫസ്ർ മി. ജി.എ. വാഡ്നൻസ് ഈ ഗ്രന്ഥത്തെക്കുറിച്ച് ഇപ്രകാരമെഴുതി. അത്യധികം കൗതുകത്തോടുകൂടി ആ ഗ്രന്ഥം വായിച്ചു. അത് വായിക്കുന്നതുകൊണ്ട് ഇസ്ലാമിനെ സംബന്ധിച്ച് ക്രൈസ്തവലോകത്ത് പരന്നിട്ടുള്ള തെറ്റായധാരണകൾ ഒട്ടേറെ നീങ്ങുമെന്ന് ഞാൻ വിശ്വസിക്കുന്നു.

## അഹ്മദിയ്യാ ജമാഅത്തിന്റെ പ്രചാരണ പരിശ്രമം

ഇനി ഇസ്ലാംമത പ്രചാരണത്തിനായി ഹദ്റത്ത് അഹ്മദിന്റെയും അദ്ദേഹത്തിന്റെ ഖലീഫമാരുടെയും ഭാഗത്തു നിന്ന് ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതുമായ പൊതുപരിശ്രമത്തെ ചുരുക്കത്തിൽ വിവരിക്കാം. അതിനിടയിൽ ഒരു കാര്യം പറയേണ്ടിയിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ അംഗസംഖ്യ ഈ സമയത്ത് ഏതാനും ലക്ഷം വരുമെന്നാണ് കരുതപ്പെടുന്നത്. പക്ഷേ, ക്രമപ്രകാരം സഹായിക്കുകയും സംഭാവന നല്കുകയും ചെയ്യുന്നവരുടെ സംഖ്യ തുലോം കുറവായിരുന്നു. കൂടാതെ, ജമാഅത്തിലെ അംഗങ്ങളിൽ മഹാഭൂരിപക്ഷവും സാധുക്കളായിരുന്നു. ഇടത്തരക്കാർ കുറവും ധനവാന്മാർ അപൂർവ്വവുമായിരുന്നു. ഈ ദരിദ്രാവസ്ഥയും ദുർബ്ബലതയും ഈ ജമാഅത്ത് സത്യജമാഅത്താണ് എന്നതിലേക്ക് ഒരു തെളിവാണ്. എന്തെന്നാൽ, ദൈവിക പ്രസ്ഥാനങ്ങളിൽ ആരംഭത്തിൽ സാധുക്കളും ബലഹീനരുമാണ് ചേരാറുള്ളത്. ഹദ്റത്ത് നൂഹിന്റെ അനുയായികളെപ്പറ്റി ശത്രുക്കൾ എന്താണ് പറഞ്ഞിരുന്നതെന്ന് നോക്കുക. ***അറാദിലുന ബാദിയർറഅ്യി*** നൂഹിനെ പിൻപറ്റിയിരിക്കുന്നവർ ഞങ്ങളിൽനിന്നുള്ള നിസ്സാരന്മാരും ബലഹീനരുമാണ് (വി.ഖു. 11:28). അതുപോലെ

ത്തന്നെ ഹദ്റത്ത് മുഹമ്മദു നബി(സ.അ) തിരുമേനിയുടെ അനുയായികളെപ്പറ്റി അവർ ബലഹീനരും സാധുക്കളുമാണോ അതല്ല പ്രബലരും ധനവാന്മാരുമാണോ എന്ന് റോം ചക്രവർത്തിയായ ഹിർഖൽ ചോദിച്ചപ്പോൾ അബൂസുഫ്യാൻ മറുപടി പറഞ്ഞത് ***ബൽ ളുഅഫാഉഹും***- അവർ സാധുക്കളും ബലഹീനരുമാണ് എന്നായിരുന്നു (ബുഖാരി). ചുരുക്കത്തിൽ, ദൈവികപ്രസ്ഥാനങ്ങളിൽ തുടക്കത്തിൽ സാധുക്കളും ബലഹീനരും അധികമായി ചേരുകയെന്നത് ദൈവികചട്ടമാണ്. പ്രമാണികളുടെയും വലിയവരുടെയും ഊഴം ഒടുവിലാണ് വരുന്നത്. ധനവാന്മാർ സാധുക്കളെക്കാൾ വളരെ പിന്നിലായിട്ടേ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുള്ളൂവെന്ന് ഈസാനബിയും പറഞ്ഞിരിക്കുന്നു. ഇതിലടങ്ങിയിരിക്കുന്ന രഹസ്യമെന്തെന്നാൽ, ഒന്നാമതായി, ധനവാൻമാർ തങ്ങളുടെ സുഖസൗകര്യങ്ങളെ ഉപേക്ഷിക്കാൻ തയ്യാറില്ലാത്തവരാണ്. നിരവധി പ്രയാസങ്ങളും പല വിധത്തിലുള്ള ത്യാഗങ്ങളും സത്യവിശ്വാസത്തിനും സൽക്കർമ്മത്തിനും ആവശ്യമാണ്. സമ്പന്നരെ സംബന്ധിച്ച് അവരുടെ പെരുമ, സുഖലോലുപത്വം, ആഡംബരേച്ഛ, മതത്തെ സംബന്ധിച്ചുള്ള അശ്രദ്ധ എന്നിവ ദൈവികപ്രസ്ഥാനത്തിൽ ചേരുന്നതിന് അവർക്ക് വലിയൊരു തടസ്സമായിരിക്കുകയും ചെയ്യും. കൂടാതെ, സത്യപ്രസ്ഥാനത്തിൽ ആദ്യമാദ്യം സാധുക്കൾ ചേരുന്നതുകൊണ്ട്, ഈ പ്രവൃത്തിയെല്ലാം തന്റെതാണെന്നും താൻതന്നെയാണ് അത് നടത്തുന്നതെന്നും ലോകത്തിന് കാണിച്ചു കൊടുക്കുകയെന്നതും അല്ലാഹുവിന്റെ ഇച്ഛയാണ്. എന്തെന്നാൽ, ആ ജമാഅത്തിന്റെ എണ്ണം തുലോം പരിമിതവും, അതിലെ അംഗങ്ങൾ മിക്കവാറും സാധുക്കളും ബലഹീനരുമായിരിക്കുന്ന അവസ്ഥയിൽ, ആ ശേഷിയില്ലാത്ത കൊച്ചു ജമാഅത്തു ധനവാൻമാരുടെയും പ്രബലൻമാരുടെയും വമ്പിച്ച സമൂഹങ്ങൾക്കുപോലും ചെയ്യാൻ കഴിയാത്ത പ്രവൃത്തികൾ ചെയ്തു കാണിക്കുകയാണെങ്കിൽ തീർച്ചയായും അതു ലോകത്തിന് ഒരു അടയാളമായിരിക്കും. ഞങ്ങളുടേതു ദൈവികമായ ചട്ടപ്രകാരംതന്നെ സാധുക്കളുടെ ഒരു ചെറിയ ജമാഅത്താകുന്നു.

ഇനി നമുക്ക്, ഹദ്റത്ത് അഹ്മദും(അ) അദ്ദേഹത്തിന്റെ ഖലീഫമാരും ഇസ്ലാംമതം പ്രചരിപ്പിക്കുന്നതിനായി ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതുമായ പ്രയത്നങ്ങളെക്കുറിച്ച് ചുരുക്കത്തിൽ വിവരിക്കാം.

ഒന്നാമതായി, ഇസ്‌ലാമിന്റെ സേവനത്തിനായി താൻ നിയോഗിതനായിരിക്കുന്നുവെന്ന് അല്ലാഹുവിന്റ പക്കൽനിന്ന് അറിവുകിട്ടിയപ്പോൾ ഹദ്റത്ത് അഹ്മദ്(അ) ഉർദുവിലും ഇംഗ്ലീഷിലും ഒരു വിജ്ഞാപനം തയ്യാറാക്കി. അതിന്റെ 20,000 കോപ്പികൾ അച്ചടിപ്പിക്കുകയും ഇന്ത്യയിലും യൂറോപ്പ്, അമേരിക്ക മുതലായ വൻകരകളിലും വിതരണം ചെയ്യുകയും ചെയ്തു. താൻ ഇസ്‌ലാമിന്റെ സേവനത്തിനായി നിയോഗിതനായിരിക്കുന്നുവെന്നും ആർക്കെങ്കിലും ഇസ്‌ലാമിന്റെ സത്യത്തെക്കുറിച്ച് സംശയമോ അതിന്റെ സിദ്ധാന്തങ്ങളെക്കുറിച്ച് ആക്ഷേപമോ ഉണ്ടെങ്കിൽ അത് തന്റെ മുമ്പാകെ ഉന്നയിക്കുന്നപക്ഷം അത് പരിഹരിച്ചു കൊടുക്കാമെന്നും അതിനു സഹായകമായി ദൈവികമായ അടയാളങ്ങൾ കാണിച്ചുകൊടുക്കാമെന്നും അദ്ദേഹം ആ വിജ്ഞാപനത്തിൽ വിളംബരപ്പെടുത്തിയിരുന്നു. അതിനുശേഷം അദ്ദേഹം തന്റെ പ്രവൃത്തി ആരംഭിച്ചു. ഏതു വിധത്തിലായിരുന്നു വിവിധ മതസ്ഥരുമായി അദ്ദേഹം വിവാദം നടത്തിയെന്നതിന്റെ ചുരുക്കമായൊരു വിവരണം മുകളിൽ നല്കിക്കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം തന്റെ ജീവിതകാലം മുഴുവനും സമരത്തിന്റെ മുന്നണിയിലായിരുന്നു കഴിച്ചുകൂട്ടിയത്. ഒരു തളർന്ന ഭടനെപ്പോലെ ആയുധം മാറ്റിവെച്ചു സ്വല്പ സമയമെങ്കിലും വിശ്രമിച്ചിട്ടുള്ള ഒരു കാലം അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ലെന്ന് ശത്രുക്കൾപോലും സമ്മതിക്കുന്നുണ്ട്. ആഹാരനീഹാരാദികൾക്കുവേണ്ടി സമയം കളയേണ്ടി വരുന്നതിൽ തനിക്ക് ദുഃഖമുണ്ടെന്നും ജീവിതകാലം ഹ്രസ്വമായതുകൊണ്ട് ആ സമയംകൂടി മതസേവനത്തിനുവേണ്ടി വിനിയോഗിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ നന്നായിരുന്നുവെന്ന് താൻ ആഗ്രഹിക്കാറുണ്ടെന്നും പലപ്പോഴും അദ്ദേഹം പറയാറുണ്ടായിരുന്നു. അദ്ദേഹം മഹത്തായൊരു ലഘുലേഖ രചിച്ചുകൊണ്ടിരിക്കേ അല്ലാഹുവിൽനിന്നുള്ള സന്ദേശം വരുകയും തന്റെ യഥാർത്ഥ പ്രേമഭാജനത്തോട് ചെന്നുചേരുകയുമാണ് ചെയ്തത്. ആ ചെറു ഗ്രന്ഥം അപൂർണ്ണമായിത്തീർന്നതുകൊണ്ട് അദ്ദേഹത്തിന്റെ വേർപാട് സമരാവസ്ഥയിലാണ് സംഭവിച്ചതെന്ന് ലോകത്തിന് മനസ്സിലാക്കിക്കൊടുക്കാൻ അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടായിരിക്കണം. അദ്ദേഹം 80-ൽപരം ഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായി. ചിലത് ബൃഹത്ഗ്രന്ഥങ്ങളായിരുന്നു. കൂടാതെ അനേകം ലഘുലേഖകളും അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ അധികവും ഉർദുഭാഷയിലാണ്. അറ

ബിഭാഷയിലുമുണ്ട്. അവ അറേബ്യ, ഈജിപ്ത്, സിറിയ ഫല സ്തീൻ മുതലായ രാജ്യങ്ങളിൽ വിതരണം ചെയ്യുകയും ചെയ്തി രിക്കുന്നു. ഏതാനും ഗ്രന്ഥങ്ങൾ പേർഷ്യൻ ഭാഷയിലുമുണ്ട്. അദ്ദേ ഹത്തിന്റെ ഗ്രന്ഥങ്ങളിൽ മതസാഹിത്യത്തിന്റെ ഒരു ശാഖയും അഗ ണ്യമാക്കപ്പെട്ടിട്ടില്ല. ഒരു ഭാഗത്ത് അദ്ദേഹം നിലവിലുള്ള മറ്റു മത ങ്ങുടെ അബദ്ധ സിദ്ധാന്തങ്ങൾ തുറന്നുകാട്ടുകയും മറുഭാഗത്ത് ഇസ്ലാമിന്റെ സത്യവും അതിന്റെ ഉത്ക്കൃഷ്ടതയും വിവരിച്ചു കാണിക്കുകയും ചെയ്തിരിക്കുന്നു. മുസ്ലിംകൾക്കിടയിൽ പരന്നു വശായിട്ടുള്ള അബദ്ധധാരണകളും തെറ്റായ വിശ്വാസങ്ങളും തിരു ത്തുന്ന കാര്യത്തിലും സ്വന്തം ജമാഅത്തിന്റെ ധാർമ്മികവും ആദ്ധ്യാ ത്മികവുമായ നിലവാരമുയർത്തുന്ന കാര്യത്തിലും അദ്ദേഹം വേണ്ടു വോളം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവിതകാല ത്തുതന്നെ ഖാദിയാനിൽനിന്ന് മൂന്ന് ഉർദു പത്രങ്ങളും മൂന്ന് ഉർദു മാസികകളും ഒരു ഇംഗ്ലീഷ് മാസികയും ക്രമപ്രകാരം പ്രസിദ്ധീക രിക്കുകയുണ്ടായി. അതിൽ ഇംഗ്ലീഷ് മാസികയായ റിവ്യു ഓഫ് റിലിജ്യൻസിന്റെ കാര്യക്ഷമതയെപ്പറ്റി ഒരുയൂറോപ്യൻ പുരോഹി തൻ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായം ഇതാണ്:-

ഈ മാസിക അതിന്റെ പേരിന് യോജിച്ച നിലയിൽത്തന്നെ പ്രവർത്തിക്കുന്നുണ്ട്. എന്തെന്നാൽ മതങ്ങളുടെ വിപുലമായൊരു വൃത്തത്തെ അത് അതിന്റെ പ്രവൃത്തി പരിധിയിൽ ഉൾപ്പെടുത്തു കയും മതലേഖനങ്ങളുടെ വിപുലമായൊരു വൃത്തത്തിൽ വീക്ഷണം ചെലുത്തുകയും ചെയ്യുന്നു. ഉദാഹരണമായി, സനാത നധർമ്മം, ആര്യസമാജം, ബ്രഹ്മസമാജം, തിയോസഫി, സിക്കുമ തം, ബുദ്ധമതം, ജൈനമതം, സർതഷ്ത്തുമതം, ബഹായിമതം, ക്രിസ്തുമതം, ക്രൈസ്തവ വിജ്ഞാനം മുതലായവയെപ്പറ്റിയെല്ലാം അത് ചർച്ച നടത്തുന്നുണ്ട്. അതുപോലെത്തന്നെ ഇസ്ലാമിന്റെ പഴയതും പുതിയതുമായ അനുയായികളായ ശിയാ, അഹ്ലെഹദീ സ്, ഖാരിജി, സൂഫി എന്നിവരും ഇക്കാലത്തെ പ്രബലൻമാരായ സർ സയ്യിദ് അഹ്മദ്ഖാൻ, സയ്യിദ് അമീറലി മുതലായവരും അതിന്റെ വിമർശനപരിധിയിൽ ഉൾപ്പെടുന്നുണ്ട്. (അഹ്മദിയ്യാ മൂവ്മെന്റ്, എച്ച്.എ. വാൾട്ടർ എം.എ, പേജ് 17).

അതേ മാസികയെപ്പറ്റി അമേരിക്കക്കാരനായ ഏ. അറൂബ് എഴു തുകയാണ്:- "ഈ മാസികയിലെ ലേഖനങ്ങൾ ആത്മിക സത്യ ങ്ങളുടെ യുക്തിപൂർവ്വവും ഉജ്ജ്വലവുമായ വ്യാഖ്യാനങ്ങളാണ്."

റഷ്യയിലെ സുപ്രസിദ്ധ ഗ്രന്ഥകാരനായ കൗണ്ട് ടോൾ സ്റ്റോയി പറയുന്നത് ഇപ്രകാരമാണ്:- "ഈ മാസികയുടെ വീക്ഷണം വളരെ ഗൗരവമുള്ളതും സത്യസന്ധവുമാണ്."

എൻസൈക്ലോപീഡിയ ഓഫ് ഇസ്ലാമിന്റെ പ്രധാന എഡിറ്റർ പ്രൊഫസർ ഹാവിറ്റ്സ്മ എഴുതുകയാണ്:- "ഈ മാസിക അങ്ങേയറ്റം ഹൃദയാവർജ്ജകമാണ്."

റിവ്യൂസ് ഓഫ് ലണ്ടൻ ഇങ്ങനെ പറയുന്നു:- "യൂറോപ്പിലേയും അമേരിക്കയിലേയും ജനങ്ങളിൽ മുഹമ്മദുമതത്തോട് താല്പര്യമുള്ളവരെല്ലാം ഈ മാസിക വരുത്തി വായിക്കേണ്ടത് അത്യാവശ്യമാണ്."

അമേരിക്കക്കാരിയായ മിസ്സ് ഹൺട് എഴുതുകയാണ്:- "ഈ മാസികയുടെ ഓരോ ലക്കവും അങ്ങേയറ്റം ഹൃദയാവർജ്ജകമാണ് ഇസ്ലാമിനെ സംബന്ധിച്ച് ഇക്കാലത്ത് പരിഷ്കൃതരെന്നു പറയപ്പെടുന്ന ജനങ്ങൾ ലോകത്ത് പരത്തിയിട്ടുള്ള ദുർദ്ധാരണകൾ അത് നീക്കം ചെയ്യുന്നു" (വിശദീകരണത്തിന് റിവ്യൂ ഓഫ് റിലീജ്യൻസ് നോക്കുക).

ഈ മാസികയെന്നപോലെ അഹ്മദിയ്യാ ജമാഅത്തിന്റെ വകയായി പുറപ്പെടുന്ന മറ്റു മാസികകളും പത്രങ്ങളും അതതിന്റെ പരിധിയിൽ ഇസ്ലാംമതസേവനം നിർവ്വഹിച്ചു കൊണ്ടിരിക്കുന്നു. ഹദ്റത്ത് അഹ്മദിന്റെ(അ) നിര്യാണത്തിനു ശേഷം ജമാഅത്തിനുണ്ടായ വളർച്ചയനുസരിച്ച് മതസംബന്ധമായ മാസികാപത്രങ്ങളുടെ എണ്ണവും വർദ്ധിച്ചു കൊണ്ടിരുന്നു. ഹദ്റത്ത് അഹ്മദിന്റെ (അ) കാലത്ത് കേവലം ഒരു ഗ്രാമം മാത്രമായിരുന്ന ഖാദിയാനിൽ ഇന്ന് പല ഉർദു അച്ചടിശാലകളും പ്രവർത്തിച്ചു വരുന്നു. കൂടാതെ അനേകം ഓഫീസുകൾ, മദ്റസകൾ എന്നിവയും മതവിജ്ഞാനത്തിന് പുറമെ അറബിവിജ്ഞാനവും നവീന വിജ്ഞാനങ്ങളും പഠിപ്പിക്കുകയും മതപ്രചാരകരെ വാർത്തെടുക്കുകയും ചെയ്യാനുള്ള സംവിധാനങ്ങളും സ്ഥാപിതമായിരിക്കുന്നു.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും ഞങ്ങളുടെ മുബല്ലിഗുമാർ നിയമിതരായിട്ടുണ്ട്. ഇന്ത്യക്ക് പുറത്ത് ഇംഗ്ലണ്ടിൽ ഞങ്ങളുടെ മിഷൻ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. അവിടെ ഒരു പള്ളി പണിയിച്ചു കഴിഞ്ഞിരിക്കുന്നു. അവിടത്തെ മിഷൻ മുഖാന്തരം നൂറു കണക്കിൽ ഇംഗ്ലീഷുകാർ ഇസ്ലാംമതം സ്വീകരിച്ചിട്ടുണ്ട്. അമേരി

ക്കയിൽ ഞങ്ങളുടെ മിഷൻ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അവിടെയും ഒട്ടേറെ ജനങ്ങൾ ഇസ്‌ലാംമതം സ്വീകരിച്ചിട്ടുണ്ട്. തെക്കെ അമേരിക്കയിലും ഞങ്ങളുടെ മിഷൻ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. മൊറേഷ്യസിലും ഞങ്ങളുടെ മിഷൻ ഉണ്ട്. അവിടെ ശക്തിമത്തായൊരു ജമാഅത്ത് സ്ഥാപിതമായിരിക്കുന്നു. ഇറാൻ, ഈജിപ്ത്, ഫലസ്തീൻ, സിറിയ എന്നീ രാജ്യങ്ങളിലും ഞങ്ങളുടെ മിഷനുകളുണ്ട്. ആ മിഷനുകളുടെ ജോലി, മുസ്‌ലിംകൾക്കിടയിൽ വന്നു കൂടിയിട്ടുള്ള തെറ്റുധാരണകളും അന്ധവിശ്വാസങ്ങളും അകറ്റി, ശരിയായ ഇസ്‌ലാം പഠിപ്പിച്ചുകൊണ്ട്, അവരെ ഉദ്ധരിക്കുകയാകുന്നു. ഞങ്ങളുടെ മിഷനുകൾ പശ്ചിമാഫ്രിക്കയിലെ നൈജീരിയയിലും ഗോൾഡുകോസ്റ്റിലും സിറാലിയോണിലുമുണ്ട്. അവിടങ്ങളിലെ വിഗ്രഹാരാധകന്മാരിലും ക്രിസ്ത്യാനികളിലും ഇസ്‌ലാംമതം അതിവേഗത്തിൽ പരന്നു കൊണ്ടിരിക്കുന്നു. ആയിരക്കണക്കിലാളുകൾ അഹ്മദിയ്യത്ത് അതായത് യഥാർത്ഥ ഇസ്‌ലാം സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. ജാവയിലും സുമാത്രയിലും ഞങ്ങളുടെ വമ്പിച്ച മിഷനുകൾ വിജയപൂർവ്വം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ഒരു മിഷൻ മലയായിലുണ്ട്. ജപ്പാനിലും ചൈനയിലും ഞങ്ങളുടെ മിഷനുകളുണ്ട്. സ്പെയിനിലും ഇറ്റലിയിലും ഹംഗറിയിലും ഞങ്ങളുടെ മിഷനുകളുണ്ട്. അഫ്ഗാനിസ്ഥാനിൽ മതസ്വാതന്ത്ര്യമില്ലാതിരുന്നിട്ടും ആയിരക്കണക്കിൽ അംഗങ്ങളുള്ള ജമാഅത്ത് അവിടെ സ്ഥാപിതമായിട്ടുണ്ട്. ഇറാഖിലും ഇറാനിലും ഞങ്ങളുടെ ആൾക്കാർ തബ്‌ലീഗ് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. ഇതിനുപുറമെ ഇസ്‌ലാം മതപ്രചാരണാർത്ഥം വിവിധ ഭാഷകളിലായി നൂറുക്കണക്കിൽ ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അവയിൽ ചിലത് വളരെ ഉയർന്ന തരത്തിൽപ്പെട്ടവയാണ്. ശത്രുക്കളും മിത്രങ്ങളും ഒരുപോലെ അവയ്ക്ക് അംഗീകാരം നല്കിയിരിക്കുന്നു. പാശ്ചാത്യ രാജ്യങ്ങളിലെ 9 ഭാഷകളിൽ വിശുദ്ധഖുർആൻ പരിഭാഷപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട്*.

ഇതാണ് ഹദ്റത്ത് അഹ്മദി(അ)ന്റെയും അദ്ദേഹത്തിന്റെ കൊച്ചു ജമാഅത്തിന്റെയും മതപ്രചാരവേലയുടെ രത്നച്ചുരുക്കം. എന്നാൽ ഇതെത്ര മഹത്തായൊരു പ്രവൃത്തിയാണ്? അല്ലാഹു

* അമീറുൽ മുഅ്മിനീന്റെ കീഴിൽ 209 രാഷ്ട്രങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് ഇന്ന് ഇസ്‌ലാമിക പ്രചാരണം നടത്തിവരുന്നു. 70 ഭാഷകളിൽ വിശുദ്ധഖുർആന്റെ തർജമ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അൽഹംദുലില്ലാഹ്. (പ്രസാധകർ)

വിന്റെ കൃപയാൽ ദിനംപ്രതിയെന്നോണം ആ പ്രവൃത്തി വിപുല മായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഒരു ഭാഗത്ത്, ഇപ്പോഴും ശൈശവദശ കഴിഞ്ഞിട്ടില്ലാത്ത ആ പ്രവൃത്തി നോക്കുക. മറുഭാ ഗത്തു അഹ്മദിയ്യാ ജമാഅത്തും മറ്റുള്ള മുസ്ലിംകളും തമ്മിലുള്ള വ്യത്യാസവും നോക്കുക. തങ്ങളുടെ സംഖ്യ നാല്പതോ അമ്പതോ കോടിയാണെന്ന് മുസ്ലിംകൾ വാദിക്കുന്നു. അവരിൽ രാജാക്കൻമാ രുണ്ട്; വലിയ വലിയ രാജ്യങ്ങളുടെ പ്രസിഡണ്ടുമാരുണ്ട്; ലക്ഷപ്ര ഭുക്കളും കോടീശ്വരൻമാരുമുണ്ട്; വലിയ വലിയ വ്യാപാരികളും വ്യവസായികളുമുണ്ട്; കുബേരൻമാരുണ്ട്; മതപണ്ഡിതൻമാരും ലോകവിജ്ഞാനികളും സാങ്കേതിക വിദഗ്ദ്ധന്മാരുമുണ്ട്. സംഖ്യാ ബലമാണെങ്കിൽ എഴുന്നേറ്റാൽ ജലപ്രവാഹം കണക്കെ ലോകം മുഴുവൻ പരക്കാൻ കഴിയുമാറുള്ളത്രയുണ്ട്. മറുഭാഗത്ത് ഞങ്ങളുടെ കൊച്ചു ജമാഅത്ത്. ഞങ്ങളതിന്റെ സംഖ്യ പറയുകയാണെങ്കിൽ ജനങ്ങൾ ചിരിച്ചു കളയും. അവരുടെ ധനസ്ഥിതിയാണെങ്കിൽ 75 ശതമാനമാളുകളും നിത്യാദ്ധ്വാനത്താൽ ജീവിതത്തിനുള്ള വക കഷ്ടി പിഷ്ടിയായി സമ്പാദിക്കുന്നവരും, ഏതാനും ദിവസം രോഗത്തില കപ്പെടുകയോ ജോലി ചെയ്യാൻ കഴിയാതാവുകയോ ചെയ്യുന്ന പക്ഷം കുടുംബത്തോടെ പട്ടിണി കിടക്കേണ്ടി വരുന്നവരുമാണ്. ഈ അവസ്ഥയിൽ ആ കൊച്ചു ജമാഅത്തിന്റെ ഈ പ്രവൃത്തിയും ആ വമ്പിച്ച ജനത മതപ്രചാരണകാര്യത്തിൽ കാണിക്കുന്ന അല സതയും തമ്മിൽ എന്തൊരു താരതമ്യമാണുള്ളത്? അവരാണെ ങ്കിൽ ഇസ്ലാംമതസേവനത്തിന്റെ പേർ പോലും മറന്നുപോയിരി ക്കുന്നു! വായനക്കാർ നീതിപൂർവ്വം ആലോചിച്ചു നോക്കട്ടെ.

وَاللّٰهُ يُحِبُّ الْمُقْسِطِيْنَ

## അന്യാഭിപ്രായങ്ങൾ

ഇനി ഹദ്റത്ത് അഹ്മദി(അ)നെ സംബന്ധിച്ച് ചില അനഹ്മദി മുസ്ലിംകളും ചില അമുസ്ലിംകളും പുറപ്പെടുവിച്ചിട്ടുള്ള അഭി പ്രായങ്ങൾക്കൂടി ഇവിടെ ഉദ്ധരിച്ചുകൊണ്ട് ഈ വിഷയം അവസാ നിപ്പിച്ചുകൊള്ളാം. ഒന്നാമത്തെ അഭിപ്രായം അദ്ദേഹത്തിന്റെ 'ബറാഹീനെ അഹ്മദിയ്യാ' എന്ന ഗ്രന്ഥം പരിശോധിച്ചുകൊണ്ട് മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബ് ബട്ടാലവി പ്രകടിപ്പിച്ചതാ ണ്. അദ്ദേഹം തന്റെ പത്രത്തിൽ എഴുതുകയാണ്:

"എന്റെ അഭിപ്രായത്തിൽ ഈ ഗ്രന്ഥം (ഹദ്റത്ത് അഹ്മദിന്റെ ബറാഹീനെ അഹ്മദിയ്യ) ഇന്നത്തെ സ്ഥിതിഗതികൾ മുൻനിറുത്തി നോക്കുമ്പോൾ ഇതുവരെ ഇസ്ലാമിൽ പ്രസിദ്ധീകൃതമായിട്ടുള്ള ഗ്രന്ഥങ്ങളിൽ തുല്യതയില്ലാത്തതാണ്. ഭാവിയെ സംബന്ധിച്ച് പറയുക സാധ്യമല്ല. لَعَلَّ اللّٰهَ يُحْدِثُ بَعْدَ ذٰلِكَ اَمْرًا ഇതിന്റെ കർത്താവ് കഴിഞ്ഞുപോയ മുസൽമാൻമാരിൽ തുല്യത കാണാൻ കഴിയാത്തവിധം ധനംകൊണ്ടും ആത്മാവുകൊണ്ടും പേനകൊണ്ടും നാവുകൊണ്ടും പ്രവൃത്തികൊണ്ടും ജീവിതരീതികൊണ്ടും ഇസ്ലാമിനു സേവനം ചെയ്യുന്നതിൽ സ്ഥൈര്യമുള്ള ആളാണെന്ന് തെളിഞ്ഞിരിക്കുന്നു. എന്റെ ഈ വാക്യങ്ങൾ ഏഷ്യൻ അതിശയോക്തിയായി ആരെങ്കിലും കരുതുകയാണെങ്കിൽ അവർ ഇസ്ലാമിന്റെ ശത്രുക്കളെ പ്രത്യേകിച്ച്, ആര്യസമാജക്കാരെയും ബ്രഹ്മസമാജക്കാരെയും ഇത്ര ശക്തിമത്തായ നിലയിൽ നേരിടുന്ന ഒരൊറ്റ ഗ്രന്ഥമെങ്കിലും എനിക്കൊന്ന് കാണിച്ചുതരട്ടെ.; ഇസ്ലാമിന്റെ സഹായത്തിനായി ധനംകൊണ്ടും ആത്മാവുകൊണ്ടും പേനകൊണ്ടും നാവുകൊണ്ടും പ്രവൃത്തികൊണ്ടും സഹായിക്കുകയും ഇസ്ലാമിന്റെ ശത്രുക്കളെയും ഇൽഹാമിനെ നിഷേധിക്കുന്നവരെയും തന്റെ മുമ്പാകെ വന്നു ദൃഷ്ടാന്തങ്ങൾ കാണുവാൻ ഇത്ര പൗരുഷത്തോടും ആർജ്ജവത്തോടും കൂടി വെല്ലുവിളിക്കുകയും, അത്തരം ദൃഷ്ടാന്തങ്ങൾ അന്യജനങ്ങൾക്ക് കാണിച്ചുകൊടുക്കുകയും ചെയ്തിട്ടുള്ള രണ്ട് നാലാളുകളെ എനിക്ക് ചൂണ്ടിക്കാണിച്ചു തരികയും ചെയ്യട്ടെ....

"ഗ്രന്ഥകാരൻ എന്റെ നാട്ടുകാരനാണ്. എന്നു മാത്രമല്ല ചെറുപ്പകാലത്ത്, ഖുത്ത്ബിയും ശറഹ്മുല്ലായും പഠിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹം എന്റെ സഹപാഠികൂടിയായിരുന്നു. അന്നുമുതൽ ഇന്നുവരെ അദ്ദേഹവുമായി ഞാൻ കത്തിടപാടും കൂടിക്കാഴ്ചയും ശരിക്ക് നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അതിനാൽ അദ്ദേഹത്തിന്റെ സ്ഥിതിഗതികൾ എനിക്ക് നന്നായി അറിയാമെന്ന് പറയുന്നതിനെ ഒരു അതിശയോക്തിയായി കണക്കാക്കാൻ പാടുള്ളതല്ല. ബറാഹീനെ അഹ്മദിയ്യായുടെ കർത്താവ് മുസൽമാൻമാരുടെ അഭിമാനം കാത്തുരക്ഷിച്ചിരിക്കുന്നു. ഇസ്ലാമിന്റെ ശത്രുക്കളെ വ്യവസ്ഥാപിതമായ നിലയിൽ ധീരതയോടെ വെല്ലുവിളിച്ചിരിക്കുന്നു. ഇസ്ലാമിന്റെ സത്യത്തെക്കുറിച്ച് ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ അവരോട് തന്റെ അടുക്കൽ വരാനാവശ്യപ്പെട്ടുകൊണ്ടുള്ള ആഹ്വാനം ലോകത്തിന്റെ നാനാഭാഗത്തും അദ്ദേഹം എത്തിച്ചിരിക്കുന്നു.

ദൈവമേ, അന്വേഷിക്കുന്നവർക്ക് വഴികാണിക്കുന്നവനേ! നീ അദ്ദേഹത്തിന് നിന്റെ പക്കൽ നിന്ന്, അദ്ദേഹത്തിന്റെ പിതാക്കളിൽ നിന്നും ലോകത്തുള്ള എല്ലാ അനുകമ്പികളിൽ നിന്നുമെന്നതിലേറെ കൃപ ചെയ്തുകൊടുത്താലും! നീ ഈ ഗ്രന്ഥത്തെക്കുറിച്ചുള്ള സ്നേഹം ജനഹൃദയങ്ങളിൽ ജനിപ്പിച്ചാലും! അതിന്റെ ഫലങ്ങൾകൊണ്ട് അവരെ സമ്പന്നരാക്കിയാലും! നിന്റെ ഏതെങ്കിലും പുണ്യാത്മാവ് മുഖേന പാപിയും വിനീതനുമായ ഈയുള്ളവനെ നിന്റെ കൃപകൊണ്ടും സമ്മാനങ്ങൾകൊണ്ടും പ്രത്യേകിച്ച് ഈ ഗ്രന്ഥത്തിന്റെ ഫലങ്ങൾകൊണ്ടും അനുഗ്രഹിച്ചാലും! ആമീൻ (ഇശാഅത്ത് സുന്നത്ത്, വാല്യം 6, ലക്കം 7; വാല്യം 7, ലക്കം 11 നോക്കുക).

وللارض من كأس الكرام نصيبٌ

ഹദ്റത്ത് അഹ്മദിന്റെ(അ) ഭാഗത്തുനിന്ന് മസീഹിയ്യത്തിന്റെ വാദം പുറപ്പെട്ടപ്പോൾ ഇതേ മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബ് ബട്ടാലവിയാണ് എല്ലാവരിലും മുമ്പേ കുഫ്റിന്റെ ഫത്‌വയും കൊണ്ട് നാട്ടിന്റെ നാനാഭാഗത്തും ഓടിനടന്ന് ഹദ്റത്ത് അഹ്മദിനെപ്പറ്റി ദജ്ജാൽ, കാഫിർ, മുൽഹിദ്, മുർതദ്ദ് എന്നൊക്കെ ആക്ഷേപിച്ചത് എന്ന വസ്തുത ഇവിടെ സ്മരണീയമാണ്.

ببیں تفاوت رہ از کجا است تا بکجا

വഴിയിലുള്ള വ്യത്യാസം നോക്കുക. അത് ഏതു മുതൽ ഏതു വരെയായിത്തീർന്നിരിക്കുന്നു.

ഇവിടെ ഉദ്ധരിക്കുന്ന രണ്ടാമത്തെ അഭിപ്രായം അമൃതസ്സറിലെ സുപ്രസിദ്ധ പത്രമായ വക്കീലിന്റേതാണ്. ഹദ്റത്ത് അഹ്മദിന്റെ(അ) നിര്യാണത്തെ പരാമർശിച്ചുകൊണ്ട് ആ പത്രം പറയുകയാണ്:

"അദ്ദേഹം വലിയൊരു ആളായിരുന്നു. അദ്ദേഹത്തിന്റെ പേന ആഭിചാരവും നാവ് മന്ത്രവാദ വുമായിരുന്നു. അദ്ദേഹം ബുദ്ധിപരമായ അൽഭുതങ്ങളുടെ കേദാരമായിരുന്നു. അദ്ദേഹത്തിന്റെ ദൃഷ്ടി വിപ്ലവാത്മകവും ശബ്ദം പ്രളയകാഹളവുമായിരുന്നു. അദ്ദേഹത്തിന്റെ വിരലുകളിൽ പരിവർത്തനത്തിന്റെ കമ്പികൾ കോർക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ രണ്ട് മുഷ്ടികൾ വിദ്യുച്ഛക്തിയുടെ രണ്ട് ബാറ്ററികളായിരുന്നു. അദ്ദേഹം മതലോകത്തിന് 30 കൊല്ലക്കാലം ഭൂകമ്പവും കൊടുങ്കാറ്റുമായിരുന്നു. അദ്ദേഹം ഖിയാമത്തിന്റെ കാഹളമായിക്കൊണ്ട്, ഉറങ്ങിക്കിടക്കുകയായിരുന്നവരെ ഉണർത്തി

ക്കൊണ്ടിരുന്നു. അദ്ദേഹമിതാ വെറും കയ്യോടെ മടങ്ങിപ്പോയിരിക്കുന്നു*. മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനിയുടെ വേർപാട് പാഠം പഠിക്കാതിരിക്കത്തക്ക ഒന്നല്ല. മതലോകത്തും ബുദ്ധിലോകത്തും പരിവർത്തനമുണ്ടാക്കുന്ന അത്തരം ആളുകൾ എല്ലായിപ്പോഴും ലോകത്ത് വരാറില്ല...

"മിർസാ സാഹിബിന്റെ ഈ ഔന്നത്യം നിമിത്തം, അദ്ദേഹത്തിന്റെ ചില വിശ്വാസങ്ങളെപ്പറ്റി ഭിന്നാഭിപ്രായമുണ്ടായിരുന്നിട്ടു കൂടിയും, അദ്ദേഹത്തിന്റെ വിയോഗത്തിൽ ഒരു മഹാവ്യക്തിയാണ് തങ്ങളിൽനിന്ന് വേർപെട്ടുപോയതെന്നും അതോടൊപ്പം ഇസ്‌ലാമിന്റെ ശത്രുക്കൾക്കെതിരായി ഇസ്‌ലാമിനുവേണ്ടി നടത്തിയിരുന്നതും അദ്ദേഹത്തിന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതുമായ ആ മഹത്തായ പ്രതിരോധത്തിന്റെ അവസാനമെത്തിയിരിക്കുന്നുവെന്നും മുസ്‌ലിംകൾക്ക്, അതെ അഭിജ്ഞരും ചിന്താശീലരുമായ മുസ്‌ലിംകൾക്ക് മനസ്സിലായിട്ടുണ്ട്. ഇസ്‌ലാമിന്റെ ശത്രുക്കൾക്കെതിരായി വിജേതാവായ ഒരു പടനായകന്റെ കർത്തവ്യം നിറവേറ്റിയെന്ന അദ്ദേഹത്തിന്റെ വിശേഷത മേൽപറഞ്ഞ അഭിപ്രായം തുറന്നു പറയാൻ ഞങ്ങളെ നിർബന്ധിക്കുന്നു.

"മിർസാ സാഹിബിന്റെ ഭാഗത്തുനിന്ന് ക്രിസ്ത്യാനികൾക്കും ആര്യസമാജക്കാർക്കുമെതിരായി ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ള സാഹിത്യങ്ങൾ പൊതുജനസമ്മതത്തിന്റെ ബിരുദം നേടിക്കഴിഞ്ഞവയാണ്. അദ്ദേഹം തന്റെ കടമ പൂർത്തിയാക്കിയ ഈ അവസരത്തിൽ ആ സാഹിത്യത്തിന്റെ മേൻമയും മഹത്ത്വവും ഹൃദയപൂർവ്വം നാം സമ്മതിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുമതത്തിന്റെ നേർക്കുള്ള അദ്ദേഹത്തിന്റെ പ്രത്യാക്രമണം ആ മതത്തിനു ഭരണത്തിന്റെ തണലിലായിരുന്നതുകൊണ്ട് സിദ്ധിച്ചിരുന്ന സ്വാധീനശക്തിയെ മാത്രമല്ല– യഥാർത്ഥത്തിൽ ആ സ്വാധീനശക്തിയുടെ ജീവൻ ഭരണമായിരുന്നു – ക്രിസ്തുമതത്തിന്റെ ജീവനെത്തന്നെയും തകർത്തുകളഞ്ഞിരിക്കുന്നു.

ചുരുക്കത്തിൽ, മിർസാസാഹിബിന്റെ ഈ സേവനം ഭാവിതലമുറകളെ ഭാരിച്ച ഉപകാരത്തിനു അധീനരാക്കിയിരിക്കുന്നു. അദ്ദേഹം പേനകൊണ്ട് സമരം ചെയ്യുന്നവരുടെ മുന്നണിയിൽ

* വെറും കൈയ്യോടെയെന്നെന്തിനു പറയണം? അദ്ദേഹം സന്മാർഗ്ഗമാകുന്ന സമ്മാനവുമായി വരുകയും ഭക്ത്യാദരങ്ങളുടെ അർച്ചനയും കൊണ്ടുപോവുകയാണ് ചെയ്തത്.

നിന്നുകൊണ്ട് ഇസ്‌ലാമിനുവേണ്ടിയുള്ള പ്രതിരോധ കർത്തവ്യം നിർവ്വഹിച്ചു. മുസൽമാൻമാരുടെ സിരകളിൽ ജീവരക്തം നില നിൽക്കുന്നേടത്തോളം കാലവും ഇസ്‌ലാമിനെ സഹായിക്കാനുള്ള ആവേശം അവരുടെ സാമൂഹികലക്ഷണത്തിന്റെ ചൈതന്യമായി കാണപ്പെടുന്നേടത്തോളം കാലവും വിലമതിക്കപ്പെടുന്ന സാഹിത്യമാണ് അദ്ദേഹം തന്റെ സ്മരണയ്ക്കായി വിട്ടും വെച്ചു പോയത്.

ഇതിനുപുറമെ ആര്യസമാജക്കാരുടെ വിഷപ്പല്ലുകൾ തകർത്തുകൊണ്ട് മിർസാ സാഹിബ് ഇസ്‌ലാമിന് പ്രത്യേകമായ സേവനം ചെയ്തിട്ടുണ്ട്. ഭാവിയിൽ നമ്മുടെ പ്രതിരോധത്തിന്റെ പ്രവർത്തനം എത്രതന്നെ വിപുലമായിരുന്നാലും ആര്യസമാജികൾക്കെതിരായുള്ള അദ്ദേഹത്തിന്റെ കൃതികളെ അഗണ്യമാക്കുക സാധ്യമല്ലെന്നുള്ള വാദത്തിന് ആ കൃതികൾതന്നെ പ്രത്യക്ഷമായ തെളിവാണ്.

സ്വാഭാവികമായ ധിഷണാശക്തി, പരിചയം, പടുത്വം തുടർച്ചയായ വാദപ്രതിവാദം എന്നിവ മിർസാ സാഹിബിന് പ്രത്യേകമായൊരു സ്ഥാനം ഉണ്ടാക്കിയിട്ടുണ്ട്. സ്വന്തം മതത്തിനു പുറമെ മറ്റുള്ള മതങ്ങളുടെ മേലും അദ്ദേഹം വളരെ വിപുലമായ വീക്ഷണം ചെലുത്തിയിരുന്നു. അദ്ദേഹത്തിന് തന്റെ അറിവുകൾ എത്രയും ഭംഗിയായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിരുന്നു. എതിരാളി എത്രതന്നെ സമർത്ഥനോ ഏത് തരക്കാരനോ ഏത് മതക്കാരനോ ആയിക്കൊള്ളട്ടെ, അദ്ദേഹത്തിന്റെ സമുചിതമായ ഉത്തരം കേട്ടാൽ തീർച്ചയായും അയാൾ ചിന്താനിമഗ്നനായിത്തീരുന്നതാണ്. അത്രയ്ക്കും പാടവമാണ് തബ്‌ലീഗ് പ്രവർത്തനം കൊണ്ട് അദ്ദേഹത്തിന് സിദ്ധിച്ചിരുന്നത്. ഇന്ത്യ ഇന്ന് മതങ്ങളുടെ ഒരു പ്രദർശനശാലയാണ്. ചെറുതും വലുതുമായ അനേകമതങ്ങൾ ഇവിടെ കാണുവാൻ കഴിയും. അവയെല്ലാം അന്യോന്യം മത്സരിച്ചുകൊണ്ട് അവയുടെ അസ്തിത്വം പ്രഖ്യാപിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ലോകത്തെവിടെയും ഇതിനൊരു തുല്യത കാണാൻ കഴിയുകയില്ല. താൻ ഈ മതങ്ങൾക്കെല്ലാം വിധികർത്താവും നീതിമാനുമാണെന്നാണ് മിർസാസാഹിബ് വാദിച്ചിരുന്നത്. എന്നാൽ, ഒരു കാര്യത്തിൽ സംശയമില്ല– ഈ വിവിധ മതങ്ങൾക്കെതിരായി ഇസ്‌ലാമിന്റെ മേൻമ സ്ഥാപിക്കുന്ന കാര്യത്തിൽ അദ്ദേഹത്തിനു പ്രത്യേകമായ പാടവമുണ്ടായിരുന്നു. ഇതദ്ദേഹത്തിന്റെ സ്വഭാവികമായ സാമർത്ഥ്യത്തിന്റെയും പഠനവാഞ്ഛയുടെയും പരിശീലനത്തിന്റെയും ഫലമാണ്. തന്റെ ഐശ്വര്യേച്ഛ ഈ വിധം മതപഠനത്തിനുവേണ്ടി വിനിയോ

ഗിച്ച ഇത്ര ഉത്ക്കൃഷ്ടനായൊരു വ്യക്തി ഇന്ത്യയിലെ മതരംഗത്ത് ഭാവിയിൽ ഉണ്ടാകുമെന്ന് ആശിക്കാൻ നിവൃത്തിയില്ല. (വക്കീൽ, 1908, ജൂൺ ലക്കം).

ഇവിടെ ചേർക്കാൻ വിചാരിക്കുന്ന മൂന്നാമത്തെ അഭിപ്രായം ഡൽഹിയിലെ കേർസൻ ഗസറ്റി ന്റെതാണ്. അതിന്റെ അധിപ രായ മിർസാ ഹയ്റത്ത് സാഹിബ് ദഹ്ലവി, ഹദ്റത്ത് അഹ്മ ദിന്റെ(അ) നിര്യാണത്തെ പരമാർശിച്ചുകൊണ്ട് എഴുതുകയാണ്:-

"പരേതൻ ക്രിസ്ത്യാനികൾക്കും ആര്യസമാജക്കാർക്കുമെതി രായി ഇസ്ലാമിനുവേണ്ടി ചെയ്തിട്ടുള്ള ഉത്ക്കൃഷ്ടമായ സേവന ങ്ങൾ അങ്ങേയറ്റം പ്രശംസയർഹിക്കുന്നവയാണ്. അദ്ദേഹം മത വാദത്തിന്റെ ചിത്രംതന്നെ മാറ്റിവരയ്ക്കുകയും ഇന്ത്യയിൽ പുതി യൊരു സാഹിത്യത്തിന്റെ അസ്തിവാരമിടുകയും ചെയ്തിരിക്കു ന്നു. എത്രവലിയ പാതിരിയായിരുന്നാലും ശരി പരേതനെതിരിൽ വാതുറക്കാൻ അയാൾ ശക്തനായിരുന്നില്ലെന്ന് ഒരു മുസൽമാനെന്ന നിലയിലല്ല, ഒരു ഗവേഷകനെന്ന നിലയിൽ സമ്മതിച്ചുപറയാൻ ഞാൻ നിർബന്ധിതനായിരിക്കുന്നു..... അദ്ദേഹം പഞ്ചാബുകാരനാ യിരുന്നെങ്കിലും അദ്ദേഹത്തിന്റെ പേനയ്ക്ക് അത്രമേൽ ശക്തിയു ണ്ടായിരുന്നു, മുഴുവൻ പഞ്ചാബിലെന്നുവേണ്ട, ഉത്തരേന്ത്യയിൽ തന്നെ അത്ര പ്രബലനായ ഒരു എഴുത്തുകാരനില്ല... അദ്ദേഹത്തിന്റെ ഉന്നത സാഹിത്യം അതിന്റെ പദവിയിൽ കേവലം പുതുമയുള്ള താണ്; അതിലെ ചില ഭാഗങ്ങൾ വായിക്കുമ്പോൾ ആനന്ദവും ആവേശവുംകൊണ്ട് ലഹരിപിടിക്കുന്നു... അദ്ദേഹം നാശത്തിന്റെ പ്രവചനങ്ങൾ, എതിർപ്പുകൾ, അധിക്ഷേപങ്ങൾ എന്നിവയുടെ തീയിൽകൂടി തന്റെ മാർഗ്ഗത്തെ വെട്ടിത്തുറന്നുകൊണ്ട് അഭിവൃദ്ധി യുടെ ഉച്ചം പ്രാപിച്ചു" (കേർസൻ ഗസറ്റ്, 1908 ജൂൺ 1).

ഇന്ത്യയിലെ ഒരു സുപ്രസിദ്ധ ഇംഗ്ലീഷുപത്രമായ അലഹബാ ദിലെ പയനിയറിന്റെ അഭിപ്രായമാണ് താഴെ ചേർക്കുന്നത്:-

കഴിഞ്ഞകാലത്തെ ഇസ്റായേൽ പ്രവാചകന്മാരിൽ ആരെ ങ്കിലും മേൽലോകത്തുനിന്ന് മടങ്ങിവന്ന് ഇക്കാലത്ത് ഭൂമിയിൽ പ്രചാരണം നടത്തുകയായിരുന്നെങ്കിൽ, ഈ ഇരുപതാം നൂറ്റാ ണ്ടിലെ പരിതസ്ഥിതിയിൽ മിർസാ ഗുലാം അഹ്മദ് ഖാദിയാനിയെ അതിശയിക്കുമായിരുന്നില്ല... അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെക്കു റിച്ച് ഒരഭിപ്രായം പറയാനുള്ള ശേഷി ഞങ്ങൾക്കില്ല. എങ്കിലും

തന്നെപ്പറ്റിയും തന്റെ വാദത്തെപ്പറിയും മിർസാ ഗുലാം അഹ്മദ് സാഹിബിന് ഒരിക്കലും യാതൊരു സംശയവുമുണ്ടായിരുന്നില്ലെന്ന് ഞങ്ങൾക്കറിയാം. തനിക്ക് ദൈവത്തിൽനിന്ന് വെളിപാടുണ്ടാകുന്നു എന്ന കാര്യത്തിലും തനിക്ക് അസാധാരണമായ ശക്തിവിശേഷം നല്കപ്പെട്ടിരിക്കുന്നുവെന്ന കാര്യത്തിലും അദ്ദേഹത്തിന് പരിപൂർണ്ണവും നിർമ്മലവുമായ വിശ്വാസമുണ്ടായിരുന്നു... ലോകമതരംഗത്ത് എന്തെങ്കിലുമൊരു ചലനമുളവാക്കിയിട്ടുള്ള ആളുകൾ അവരുടെ പ്രകൃതിയിൽ ഇംഗ്ലണ്ടിലെ ലോർഡ് ബിഷപ്പിനോടെന്നതിലേറെ മിർസാ ഗുലാം അഹ്മദ് സാഹിബിനോട് സാമ്യമുള്ളവരാണ്. സുപ്രസിദ്ധ ഫ്രഞ്ചുചരിത്രകാരനായ ഏണസ്റ്റ് റനാൺ കഴിഞ്ഞ 20 കൊല്ലക്കാലം ഇന്ത്യയിലായിരുന്നെങ്കിൽ നിശ്ചയമായും മിർസാ സാഹിബിന്റെ അടുക്കൽ പോവുകയും അദ്ദേഹത്തിന്റെ സ്ഥിതിഗതികൾ പഠിക്കുകയും ചെയ്യുമായിരുന്നു. അതിന്റെ ഫലമായി ഇസ്റായീൽ പ്രവാചകന്മാരുടെ അസാധാരണവും അത്ഭുതാവഹവുമായ സ്ഥിതിഗതികളിൽ പുതിയൊരു വെളിച്ചം വീശുമായിരുന്നു. ഏതായാലും എപ്പോഴും ലോകത്ത് വരാറില്ലാത്ത ആളുകളിൽപ്പെട്ട ഒരാളാണ് ഖാദിയാനിലെ നബി.

ഇന്ത്യയിലെ വൈ.എം.സി.എ യുടെ സെക്രട്ടറിയായിരുന്ന മി. എച്ച്.എ വാൾട്ടർ എം.എ. അഹ്മദിയ്യാ മൂവ്മെന്റ് എന്ന തന്റെ ഗ്രന്ഥത്തിൽ എഴുതുകയാണ്:-

മിർസാ സാഹിബ് തന്റെ സ്വാഭാവത്തിൽ ലളിതവും വിശാലവുമായ വികാരങ്ങൾ പ്രതിഫലിപ്പിച്ചിരുന്നുവെന്ന സംഗതി എല്ലാ വിധത്തിലും തെളിഞ്ഞിട്ടുള്ളതാണ്. ശത്രുക്കളിൽ നിന്നുണ്ടായ കഠിനമായ എതിർപ്പിനും ദ്രോഹത്തിനുമെതിരായി അദ്ദേഹം കാണിച്ച ധർമ്മധീരത നിശ്ചയമായും പ്രശംസാർഹമാണ്. കാന്തത്തിന്റേതുപോലുള്ള ആകർഷണശക്തിയും മനോഹരമായ സൽസ്വഭാവവുമുള്ള ഒരാൾക്കല്ലാതെ ത്യാഗസന്നദ്ധരായ ജനങ്ങളുടെ സ്നേഹവും അനുസരണവും ഈ വിധം സമ്പാദിക്കാൻ കഴിയുകയില്ല. എന്തെന്നാൽ അദ്ദേഹത്തിന്റെ ശിഷ്യൻമാരിൽ ചുരുങ്ങിയപക്ഷം രണ്ടു പേർ തങ്ങളുടെ വിശ്വാസത്തിനുവേണ്ടി അഫ്ഗാനിസ്ഥാനിൽ ജീവൻ ബലിയാക്കി. എന്നാൽ, അവർ മിർസാ സാഹിബിനെ കൈയ്യൊഴിക്കാൻ കൂട്ടാക്കിയില്ല.. മിർസാ സാഹിബ് മരണപ്പെട്ട് എട്ടുകൊല്ലം കഴിഞ്ഞതിനുശേഷം 1916-ൽ ഞാൻ ഖാദി

യാനിൽ ചെന്നപ്പോൾ, ഇന്ത്യയിലെ മറ്റു മുസൽമാന്മാരിൽ കാണാൻ കഴിയാത്തവിധത്തിൽ മതത്തിനുവേണ്ടി യഥാർത്ഥവും ശക്തിമത്തുമായ ആവേശം ഉൾക്കൊള്ളുന്ന ഒരു ജമാഅത്തിനെയാണ് എനിക്കവിടെ കാണുവാൻ കഴിഞ്ഞത്. ഒരു മുസൽമാനുണ്ടായിരിക്കേണ്ട സ്നേഹ വിശ്വാസങ്ങളുടെ ജീവൻ- അത് മറ്റുള്ള മുസൽമാന്മാരിൽ അന്വേഷിക്കുന്നത് വ്യഥാവിലാണ്- ഹദ്റത്ത് അഹ്മദിന്റെ(അ) ജമാഅത്തിൽ ധാരാളമുണ്ടെന്ന് ഖാദിയാനിൽ ചെല്ലുന്ന ഏതൊരാൾക്കും മനസ്സിലാക്കാൻ കഴിയും.

## മസീഹ് മൗഊദിന്റെ മൂന്നാമത്തെ ദൗത്യം

മസീഹ് മൗഊദിന്റെ മൂന്നാമത്തെ ദൗത്യം നഷ്ടപ്പെട്ടുപോയ സത്യവിശ്വാസം വീണ്ടും ലോകത്ത് സ്ഥാപിക്കുക എന്നതാണ്. അതായത്, അദ്ദേഹത്തിന്റെ കാലത്ത് യഥാർത്ഥമായ സത്യവിശ്വാസം ലോകത്തുനിന്ന് അന്തർദ്ധാനം ചെയ്തിരിക്കും. എന്നാൽ അദ്ദേഹമത് വീണ്ടും ലോകത്ത് തിരിച്ചുകൊണ്ടുവരുന്നതാണ്. ലോകത്തുനിന്ന് യഥാർത്ഥത്തിൽ സത്യവിശ്വാസം അന്തർദ്ധാനം ചെയ്തിരിക്കുന്നു എന്ന കാര്യത്തെപറ്റി നാം വേണ്ടിടത്തോളം എഴുതിക്കഴിഞ്ഞിരിക്കുന്നു. അതിവിടെ ആവർത്തിക്കേണ്ട ആവശ്യമില്ല. എന്നാൽ, ഇവിടെ കൂടുതലായി ചില കാര്യങ്ങൾ പറയാം. സത്യവിശ്വാസത്തെപ്പറ്റി വാദിക്കുകയെന്നതും യഥാർത്ഥത്തിൽ സത്യവിശ്വാസം ഉണ്ടായിരിക്കുകയെന്നതും രണ്ടാണെന്നത് പ്രത്യക്ഷമാണ്. മുസൽമാന്മാരാണെന്നു പറയപ്പെടുന്ന 40 കോടി ജനങ്ങളും തങ്ങൾ സത്യവിശ്വാസികളാണെന്നു വാദിക്കുന്നവരാകുന്നു. എന്നാൽ, ആ വാദം എത്രത്തോളം ശരിയാണെന്നറിയണമെങ്കിൽ സ്ഥിതിഗതികളെപ്പറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു.

## സത്യവിശ്വാസത്തിന്റെ അവസ്ഥ

ഹദീഥിൽ പറയുന്നു: സത്യവിശ്വാസത്തിന്റെ ആദ്യത്തെ ഘട്ടം ഇതാണ്: സത്യവിശ്വാസി ജീവനോടെ തീയിൽ എറിയപ്പെടുന്നത് ഇഷ്ടപ്പെടുമെങ്കിലും അവൻ സ്വീകരിച്ച സത്യത്തിൽനിന്ന് പിന്തിരിയുവാൻ ഒരുങ്ങുന്നതല്ല (മിശ്കാത്ത്, കിതാബുൽ ഈമാൻ).

വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നത് ഇപ്രകാരമാണ്:

قَالَتِ الْأَعْرَابُ اٰمَنَّا ۭ قُلْ لَّمْ تُؤْمِنُوْا وَلٰكِنْ قُوْلُوْٓا

اَسۡلَمۡنَا وَلَمَّا يَدۡخُلِ الۡاِيۡمَانُ فِيۡ قُلُوۡبِكُمۡ

ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് ആ ബദവികൾ പറയുന്നു. എന്നാൽ പറയുക: നിങ്ങൾ വിശ്വാസവാദം പുറപ്പെടുവിക്കരുത്. നിങ്ങൾ ഇസ്‌ലാംമതം സ്വീകരിച്ചിരിക്കുന്നുവെന്ന് മാത്രം പറയുക. എന്തെന്നാൽ സത്യവിശ്വാസം ഇതുവരെയും നിങ്ങളുടെ ഹൃദയങ്ങളിൽ കടന്നിട്ടില്ല (വി.ഖു. 49:15).

ഇവിടെ സത്യവിശ്വാസമെന്നാൽ എന്ത് എന്ന ഒരു ചോദ്യം ഉൽഭവിക്കാം. അതിനുള്ള ഉത്തരമിതാണ്. മനുഷ്യന് എന്തെങ്കിലും ഒരു വസ്തു ഇന്ദ്രിയഗോചരമായതിനുശേഷം ഉണ്ടാകുന്ന പ്രതീതിക്ക് തുല്യമായ അനുഭവജ്ഞാനം അല്ലാഹുവിന്റെ ഗുണങ്ങൾ കണ്ടറിഞ്ഞതിനുശേഷം അവനെ സംബന്ധിച്ചുണ്ടാകുന്ന മാനസികമായ അവസ്ഥയ്ക്കാണ് സത്യവിശ്വാസമെന്ന് പറയുന്നത്. ഉദാഹരണമായി മനുഷ്യൻ അവന്റെ പിതാവിനെ കണ്ടാൽ അതവന്റെ പിതാവാണെന്ന് തൽക്ഷണം തിരിച്ചറിയുന്നു. തന്റെ മകനെ കണ്ടാൽ അത് തന്റെ മകനാണെന്നും ഉടനടി തിരിച്ചറിയുന്നു. സൂര്യനെ കണ്ടാൽ അത് സൂര്യനാണെന്ന് പെട്ടെന്ന് ഗ്രഹിക്കുന്നു. അതേപ്രകാരം അവന് അല്ലാഹുവിനെക്കുറിച്ചും വിശ്വാസമുണ്ടാകണം. അതായത് ചുരുങ്ങിയപക്ഷം, ദൈവാസ്തിത്വത്തെപ്പറ്റി, തന്റെ പിതാവിലോ പുത്രനിലോ സൂര്യനിലോ ഉള്ളതുപോലെ വിശ്വാസദാർഢ്യം അവനുണ്ടായിരിക്കണം. അല്ലാഹുവിനെ സംബന്ധിച്ചുള്ള വിശ്വാസം ഈ നിലയിൽ നിന്ന് കുറഞ്ഞതാണെങ്കിൽ അത് വിശ്വാസമായിരിക്കില്ല, ആചാരപരമായി വിശ്വാസമെന്നു കരുതപ്പെടുന്ന ഒരു സംശയാവസ്ഥ മാത്രമായിരിക്കും. അതിനാലാണ് ഹദീഥിൽ ഇപ്രകാരം പറയുന്നത്:

لا يزانى الزانى حين يزنى وهو مؤمنٌ ولا

يسرق حين يسرق وهو مؤمن (مسلم)

ഒരു സത്യവിശ്വാസിയും സത്യവിശ്വാസിയായിരിക്കുന്ന അവസ്ഥയിൽ വ്യഭിചരിക്കുകയില്ല. ഒരു സത്യവിശ്വാസിയും സത്യവിശ്വാസിയായിരിക്കുന്ന അവസ്ഥയിൽ മോഷ്ടിക്കുകയില്ല (ബുഖാരി, കിതാബുൽ ഹുദൂദ്).

ഏതൊരു അവസ്ഥയിൽ മനുഷ്യൻ പാപങ്ങളിൽനിന്ന് നിശ്ശേഷം അകന്നിരിക്കുന്നുവോ ആ അവസ്ഥക്കാണ് സത്യവിശ്വാസമെന്ന് പറയുന്നത് എന്ന കാര്യം ഇതിൽനിന്ന് വ്യക്തമാകുന്നു. അതായത് സത്യവിശ്വാസത്തിന്റെ അവസ്ഥയിൽ ഒരാൾ പാപം ചെയ്യുകയെന്നത് സംഭാവ്യമല്ല*. ഈ കാരണത്താലാണ് ഹദ്റത്ത് അഹ്മദ്(അ) പാപത്തിന്റെ തത്ത്വം പ്രതിപാദിച്ചുകൊണ്ട്, പാപം ദൃഢവിശ്വാസമില്ലായ്മയിൽനിന്നുണ്ടാകുന്നതാണെന്നും ദൃഢവിശ്വാസംകൊണ്ട് ദൂരപ്പെടുന്നതാണെന്നും ഊന്നിപ്പറഞ്ഞിട്ടുള്ളത്. മനുഷ്യൻ യഥാർത്ഥവും പരിപൂർണ്ണവുമായ വിശ്വാസമുള്ളവനാ

---

* ഇവിടെ ഒരു സംശയം ഉദിക്കുന്നു. അതായത്, ഒരാൾ യഥാർത്ഥ സത്യവിശ്വാസിയാകുന്നതിനു പാപങ്ങളിൽനിന്ന് ഒഴിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണെങ്കിൽ പ്രവാചകന്മാരല്ലാതെ മറ്റാരും സത്യവിശ്വാസികളായിരിക്കാൻ പാടില്ലെന്നു വരും. എന്തെന്നാൽ, യഥാർത്ഥത്തിൽ പാപങ്ങളിൽനിന്ന് സുരക്ഷിതരായവർ പ്രവാചകന്മാർ മാത്രമാണ്. എന്നാൽ, മറുഭാഗത്ത് ഹദീഥിൽ ***ഇൻ സനാ വഇൻ സറഖ*** എന്ന വചനവും കാണ്മാനുണ്ട്. അതായത്, ഒരു സത്യവിശ്വാസിക്ക് അവൻ വല്ലപ്പോഴുമൊക്കെ ഇടർച്ചപറ്റിയവനായിട്ട് വ്യഭിചരിക്കുകയോ കളവ് ചെയ്യുകയോ ചെയ്തുപോയെങ്കിൽത്തന്നെയും അല്ലാഹുവിൽനിന്ന് മാപ്പ് സമ്പാദിക്കാൻ കഴിയും. ഒരു സത്യവിശ്വാസി പാപത്തിന് വിധേയനായിത്തീരാവുന്നതാണെന്നും ഇത് രണ്ടിൽനിന്നും വ്യക്തമാകുന്നുണ്ട്. ഈ സംശയത്തിനുള്ള ഉത്തരമിതാണ്. ഒരു യഥാർത്ഥ സത്യവിശ്വാസിക്ക് വല്ലപ്പോഴും ഇടർച്ചപറ്റി അയാൾ പാപത്തിലേക്ക് ചലിച്ചുവെന്നു വരാം. എന്നാലും, യഥാർത്ഥ സത്യവിശ്വാസം ഒരാളെ പാപത്തിൽനിന്ന് രക്ഷിക്കുമെന്ന യഥാർത്ഥവും സത്യവുമായ വിശ്വാസമുള്ള ഒരാൾ പാപം ചെയ്യുകയില്ലെന്നുള്ള, മുകളിൽ ഞാൻ പറഞ്ഞ തത്ത്വം ശരിതന്നെയാണ്. വാസ്തവമിതാണ്: മനുഷ്യനിൽ സ്വാഭാവികമായ ചില ബലഹീനതകളുണ്ട്. തന്നിമിത്തം ചില സന്ദർഭങ്ങളിൽ അവന്ന് ഇടർച്ച പറ്റിപ്പോകുന്നു. എന്നാൽ, പരിപൂർണ്ണനായ ഒരു സത്യവിശ്വാസി, അതായത്, പ്രവാചകനും മറ്റുള്ള സാധാരണ വിശ്വാസികളും തമ്മിൽ ഒരു വ്യത്യാസമുണ്ട്- പ്രവാചകൻ എല്ലാ സമയത്തും സത്യവിശ്വാസത്തിൽ ഉറച്ചുനില്ക്കും. ഒരു നിമിഷനേരംപോലും അദ്ദേഹത്തിന്റെ വിശ്വാസത്തിന്മേൽ അന്ധകാരത്തിന്റെ മറ വീണു അതിനെ കീഴ്പ്പെടുത്തുകയില്ല. എന്നാൽ, ഒരു സാധാരണ സത്യവിശ്വാസി, യഥാർത്ഥമായ വിശ്വാസമുള്ളതിനോടുകൂടിത്തന്നെ താൽക്കാലികമായി അന്ധകാരത്തിന്റെ മറയിൽ പെട്ടുപോകുകയും തന്നിമിത്തം അവന് കാലിടർച്ച പറ്റുകയും ചെയ്യുന്നു. അവന്റെ ഈ ഇടർച്ച താൽക്കാലികം മാത്രമായിരുന്നതിനാൽ, തൽക്ഷണംതന്നെ അവൻ എഴുന്നേറ്റു അല്ലാഹുവിന്റെ മുമ്പിൽ നിവർന്നുനില്ക്കുന്നു. ചിലപ്പോഴെല്ലാം കുളമ്പു മടങ്ങി മുട്ടു കുത്താറുള്ള ഒരു നല്ല കുതിരയോട് അവനെ ഉപമിക്കാം. ആ കുതിര വീഴുകയില്ല. മുട്ടുകുത്തിയ ഉടൻതന്നെ എഴുന്നേറ്റ് സവാരിക്കാരനെ രക്ഷിക്കുന്നു. എന്നാൽ, ചില കുതിരകൾ നല്ലവയായിരിക്കും. അവ കുളമ്പ് കടക്കുകയോ മുട്ടു കുത്തുകയോ ചെയ്യുകയില്ല. മറ്റൊരുവിധത്തിൽ, ചിലപ്പോഴൊക്കെ ഉറക്കം തൂങ്ങി

യിരിക്കുന്ന അവസ്ഥയിൽ പാപത്തിന് വിധേയനാവുക സംഭാവ്യ മല്ലെന്ന് അദ്ദേഹം ആവർത്തിച്ചാവർത്തിച്ചു പ്രസ്താവിച്ചിട്ടുണ്ട്. ഒരു മാളത്തിൽ പാമ്പുണ്ടെന്ന ദൃഢവിശ്വാസമുള്ള അവസ്ഥയിൽ വല്ല വരും അതിനകത്ത് കൈയിടുമോ? ഒരു നിബിഢവനത്തിൽ പുലി യുണ്ടെന്ന് ബോധ്യമുണ്ടായിരിക്കേ വല്ലവരും അതിൽ കടന്നു ചെല്ലുമോ? വീഴാൻ പോവുകയാണെന്നുറപ്പുള്ള ഒരു വീട്ടിൽ വല്ല വരും താമസിക്കാനൊരുങ്ങുമോ? മാരകമായ വിഷമാണെന്നറിഞ്ഞു

---

കണ്ണടച്ചുപോകുന്ന ഒരു നല്ല കാവൽക്കാരനോട് അവനെ ഉപമിക്കാവുന്നതാണ്. എന്നാൽ, അവൻ ഉടനടി കണ്ണുതുറന്ന് ഉണരുന്നു. സാധാരണമായി അവൻ വളരെ ഉഷാറും ശ്രദ്ധയുമുള്ള കാവൽക്കാരനാണ്. എന്നാൽ, പ്രവാചകന്മാരാകട്ടെ തങ്ങ ളുടെ ഡ്യൂട്ടിയിൽ ഒരിക്കലും ഉറക്കംതൂങ്ങാതെ എല്ലാ സമയത്തും ജാഗരൂകതയും ശ്രദ്ധയും ചെലുത്തുന്ന കാവൽക്കാർക്ക് തുല്യമാണ്. മൂന്നാമതൊരുകൂട്ടരുണ്ട്. അവർ എല്ലായ്പ്പോഴുമല്ലെങ്കിൽ മിക്കസമയത്തും ഉറങ്ങിക്കൊണ്ടുതന്നെയായിരി ക്കും. അത് അവിശ്വാസികളുടെ വിഭാഗമാണ്. കുതിരയുടെ ഉടമയെ മുൻനിറു ത്തിക്കൊണ്ടാണെങ്കിൽ ഓടുമ്പോൾ അടിക്കടി കുളമ്പുകുത്തി വീഴുകയും അതിന്റെ സവാരിക്കാരനെ പരിക്കേല്പിക്കുകയും ചെയ്യുന്ന കുതിരയുടെ കൂട്ടത്തിൽ അവരെ ഉൾപ്പെടുത്താവുന്നതാണ്. ഒരു സത്യവിശ്വാസിയുടെ യഥാർത്ഥമായ അവസ്ഥ പാപങ്ങളിൽനിന്ന് അകന്നിരിക്കുക എന്നതാണെന്നും എന്നാൽ, വല്ല പ്പോഴുമൊക്കെ, അവൻ ഉറക്കം തൂങ്ങി കണ്ണടച്ചുപോകുമെന്നും ഈ ഉദാഹര ണങ്ങളിൽനിന്ന് വ്യക്തമാകുന്നു. അവൻ കണ്ണടച്ചുപോകുന്നത് അവന്റെ വിശ്വാ സത്തിന്മേൽ താല്ക്കാലികമായി അന്ധകാരത്തിന്റെ മറ വീഴുമ്പോഴാണ്. അതി നാൽ, രണ്ടു പ്രസ്താവനകളും അതിന്റെ സ്ഥാനങ്ങളിൽ ശരിയാണ്. അതായത്, യഥാർത്ഥമായ സത്യവിശ്വാസം ഒരാളെ പാപത്തിൽനിന്ന് രക്ഷിച്ചുനിറുത്തുമെ ന്നതും ഒരു സത്യവിശ്വാസിയുടെ അടയാളം സാധാരണാവസ്ഥയിൽ അയാൾ പാപത്തിൽനിന്ന് ഒഴിഞ്ഞിരിക്കുമെന്നതാണെന്നതും ശരിയാണ്. അതുപോലെ തന്നെ മറുഭാഗത്ത് വല്ലപ്പോഴുമൊക്കെ ഒരു സത്യവിശ്വാസിക്കും ഇടർച്ച പറ്റിയേ ക്കാമെന്നതും ശരിയാണ്. എന്നാൽ, ആ ഇടർച്ച കേവലം താല്ക്കാലികം മാത്രമാ യിരിക്കും. അതിനുശേഷം ഉടനടി അയാൾ നേർക്കാവുകയും ചെയ്യും. ഈ വ്യാഖ്യാ നപ്രകാരം തിരുമേനിയുടെ മുകളിലുദ്ധരിച്ച രണ്ടു പ്രസ്താവനകളിൽ കാണ പ്പെട്ട വൈരുദ്ധ്യം നീങ്ങുന്നതാണ്. അതായത്, ഒരു ഭാഗത്ത്, സത്യവിശ്വാസിയാ യിരിക്കുന്ന അവസ്ഥയിൽ ഒരാൾ വ്യഭിചരിക്കുകയോ മോഷ്ടിക്കുകയോ ചെയ്യു ന്നതല്ലെന്നു പറഞ്ഞതും മറുഭാഗത്ത് ഒരു സത്യവിശ്വാസി വല്ലപ്പോഴുമൊക്കെ ഇടർച്ച പറ്റിയതായിട്ട് വ്യഭിചരിക്കുകയോ മോഷ്ടിക്കുകയോ ചെയ്തുപോയെങ്കിൽ അയാൾക്ക് അല്ലാഹുവിൽനിന്ന് മാപ്പ് സമ്പാദിക്കാൻ കഴിയുമെന്ന് പറഞ്ഞതും പരസ്പരം എതിരല്ല. എന്തെന്നാൽ, ആദ്യത്തേത് യഥാർത്ഥവും സ്ഥിരവുമായ അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. രണ്ടാമത്തേത് വല്ലപ്പോഴും അന്ധകാര ത്തിന്റെ മറയിൽ പെടുകയാൽ ഒരു സത്യവിശ്വാസിക്കുതന്നെയും നേരിട്ടേക്കാ വുന്ന താൽക്കാലികവും യാദൃശ്ചികവുമായ ഇടർച്ചയേയും. എന്നാൽ, അതിനു ശേഷം ഒരു സത്യവിശ്വാസി ഉഷാറായി നേർവഴിയിലാകുന്നതാണ്. ***ഫഹ്ഹമു വതദബ്ബറു.***

കൊണ്ട്  വിഷത്തിന്റെ കോപ്പ വല്ലവരും ചുണ്ടോടടുപ്പിക്കുമോ? ഒരിക്കലുമില്ല. എന്നിരിക്കേ ദൈവമുണ്ടെന്നും അവന്റെ കോപം തന്റെ ജീവനെ കത്തിച്ചു ഭസ്മമാക്കിക്കളയുന്ന അഗ്നിയാണെന്നും ദൃഢമായി വിശ്വസിച്ചുകൊണ്ട് ഒരാൾക്ക് എങ്ങനെ പാപത്തിലേക്ക് വഴുതി വീഴാൻ കഴിയും? അതിനാൽ പാപത്തിൽ നിന്ന് രക്ഷപ്പെടാൻ ആഗ്രഹിക്കുന്നുവെങ്കിൽ യഥാർത്ഥവും ദൃഢവുമായ വിശ്വാസമുണ്ടായിരിക്കേണ്ടതാണ്. അങ്ങനെ ചെയ്താലല്ലാതെ പാപത്തിൽ നിന്ന് ഒഴിഞ്ഞുനില്ക്കാൻ ആർക്കും സാധിക്കുകയില്ല.

അല്ലാഹുവിന്റെ അടുക്കൽ സ്വീകാര്യമായിരിക്കുന്ന യഥാർത്ഥമായ സത്യവിശ്വാസവും ഔപചാരികമായ സത്യവിശ്വാസവും തമ്മിൽ എത്രത്തോളം വ്യത്യാസമുണ്ടെന്ന് ഇപ്പോൾ വായനക്കാർക്കു മനസ്സിലായിരിക്കാം. ഒരാൾ  മുസ്‌ലിം ഗൃഹത്തിൽ ജനിക്കുന്നു. അല്ലാഹുവിന്റെ പേർ ചെറുപ്പം മുതൽക്കേ അവന്റെ കാതിൽ പതിയുന്നു. അതിന്റെ ഫലമായി ആ പേർ അവൻ പഠിച്ചുവശാകുന്നു. ആ പേരുമായി അവൻ തന്നത്താൻ ബന്ധപ്പെടുത്തുകയും ചെയ്യും. ചിലപ്പോഴെല്ലാം ആ പേരിനുവേണ്ടി അവൻ അഭിമാനം കാണിക്കുന്നതുമാണ്. ആ പേരിനെ സംബന്ധിച്ച് അവന്റെ ഹൃദയത്തിൽ ഒരു ഭയപ്പാടുണ്ടാവുകയും ചെയ്യും. ആ ഭയപ്പാട് പാപത്തിൽ നിന്ന്  ഒഴിഞ്ഞുനില്ക്കാനും സൽക്കർമ്മങ്ങൾ ചെയ്യാനും അവന് ചിലപ്പോൾ പ്രേരകമായേക്കാം. എന്നാൽ, അത് യഥാർത്ഥമായ സത്യവിശ്വാസമാവുകയില്ല. നേരെമറിച്ച്, ഔപചാരിക വിശ്വാസമേ ആയിരിക്കുകയുള്ളൂ. കാരണം, ആ ബന്ധവും അഭിമാനവും ആ ഭയപ്പാടും പ്രേരണയുമെല്ലാം അവന്റെ ഹൃദയത്തിൽ സ്ഥിരമായൊരു ബോധമെന്നനിലയിൽ നിലനില്ക്കുന്നതല്ല. അനുഭവത്തിന്റെ വെളിച്ചത്തിലുള്ള ബോധമെന്നനിലയിൽ പരിതഃസ്ഥിതികളാൽ ഔപചാരികമായി ഉണ്ടായതും വല്ലപ്പോഴുമൊക്കെ മങ്ങിയ വെളിച്ചംപോലെ രശ്മി പുറത്തുകാട്ടുന്നതുമായ ഒരു വിചാരം മാത്രമാണത്. ഈ അവസ്ഥയിൽ അയാൾ ശരിയായ അർത്ഥത്തിൽ സത്യവിശ്വാസിയെന്നു വിളിക്കപ്പെടാൻ അർഹനല്ല. എങ്കിലും, സത്യവിശ്വാസിയാകാനുള്ള സാധ്യത അയാളിൽ തീർച്ചയായുമുണ്ട്. ആ സാധ്യതകൊണ്ട് സത്യവിശ്വാസമാകുന്ന കെട്ടിടം പണിയാവുന്നതാണ്. പക്ഷേ, ഔപചാരികമായുണ്ടായ ആ ബോധത്തിനു പുറമെ ഉൾക്കണ്ണുകൊണ്ട് അല്ലാഹുവിന്റെ അസ്തിത്വത്തെ കണ്ടറിഞ്ഞതുപോലെ, അവനെ സംബന്ധിച്ചു സജീവമായ ഒരു വിശ്വാ

സം, ഈ സ്ഥൂലലോകത്തെ മറ്റു വസ്തുക്കളെ സംബന്ധിച്ചുള്ള വിശ്വാസത്തിനു തുല്യമായ വിശ്വാസം, അയാളിൽ ഉണ്ടായിത്തീരുന്നുവെങ്കിൽ മാത്രമെ അയാൾ ഒരു സത്യവിശ്വാസിയാണെന്നു പറയാൻ കഴിയൂ.

ചുരുക്കിപ്പറയുകയാണെങ്കിൽ, സാധാരണയായി ലോകത്ത് സത്യവിശ്വാസത്തെപ്പറ്റി പുറപ്പെടുവിക്കാറുള്ള വാദം ഒന്നാമത്, മറ്റുള്ളവരെ കാണിക്കാൻ വേണ്ടിയുള്ള ഒന്നാണ്. എന്തെന്നാൽ തന്റെ ഹൃദയം സംശയങ്ങൾ നിറഞ്ഞതാണെന്ന് ആ വാദിക്കറിയാം. രണ്ടാമത്, അയാൾ സംശയിക്കാതെ താൻ യഥാർത്ഥ സത്യവിശ്വാസിയാണെന്ന് മനസ്സിലാക്കുന്നുവെങ്കിൽതന്നെ ഔപചാരികമായ വിശ്വാസത്തിന് അധീനനായതുകൊണ്ടാണ് അങ്ങനെ മനസ്സിലാക്കുന്നത്. വാസ്തവത്തിൽ അയാളുടെ ഹൃദയം സത്യവിശ്വാസത്തിൽ അടിയുറച്ചതല്ല. അയാൾ സ്വയം വഞ്ചിതനായിരിക്കുകയാണ്. തന്റെ സ്ഥിതിയെപ്പറ്റി ചിന്തിക്കുന്നപക്ഷം തന്റെ വിശ്വാസം കേവലം ഔപചാരികമായ ഒന്നാണെന്ന് പലപ്പോഴും അയാൾക്ക് ബോധ്യമാകുന്നതാണ്.

മൂന്നാമത്തെ അവസ്ഥ മനുഷ്യൻ ഔപചാരികമായ വിശ്വാസത്തിന്റെ പരിധിയിൽ നിന്ന് ഉയരുകയെന്നതാണ്. അതായത് സ്വന്തം ചിന്തയുടെ ഫലമായി അയാൾ അല്ലാഹുവിനെ സംബന്ധിച്ച ഒരു വിശ്വാസത്തിൽ എത്തിച്ചേരുകയും ദൈവം ഉണ്ട് എന്ന വസ്തുത, രേഖകളാൽ തനിക്ക് ബോധ്യമായിരിക്കുന്നുവെന്നു കരുതുകയും ചെയ്യുന്നു. എന്നാൽ, ഈ അവസ്ഥയിലും അവൻ യഥാർത്ഥ സത്യവിശ്വാസി ആയിത്തീരുന്നതല്ല. കാരണം, ഏതൊന്നിനെ അവൻ സത്യവിശ്വാസമാണെന്നു കരുതുന്നുവോ അത് അല്ലാഹുവിലുള്ള വിശ്വാസമല്ല. അല്ലാഹു ഉണ്ടായിരിക്കണം എന്ന അഭിപ്രായത്തിലുള്ള വിശ്വാസമേ ആവുകയുള്ളൂ. അതായത്, ഈ പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവും നിയന്താവും ഉണ്ടായിരിക്കണമെന്ന അനുമാനത്തിൽ ബുദ്ധിപരമായ തെളിവുകളാൽ അവൻ എത്തിച്ചേരുന്നു. ഈ അനുമാനം കൊണ്ടുമാത്രം താൻ അല്ലാഹുവിനെ പ്രാപിച്ചുവെന്നും അല്ലാഹുവിൽ വിശ്വസിച്ചുവെന്നും അവൻ വിചാരിക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ അവൻ അല്ലാഹുവിനെ പ്രാപിച്ചിട്ടേയില്ല. അവന് ലബ്ധമായത് ഏതെങ്കിലുമൊരു ദൈവം ഉണ്ടായിരിക്കണമെന്ന അഭിപ്രായം മാത്രമാണ്. എന്നിട്ട്, അവിവേകത്താലോ ശുദ്ധാത്മകത്വത്താലോ അല്ലാഹുവിനെ പ്രാപിക്കുകയും

ചെയ്യുന്നു. എന്നാൽ, യഥാർത്ഥത്തിൽ അല്ലാഹുവിനെ പ്രാപിക്കുകയും അല്ലാഹു 'ഉണ്ട്' എന്ന് അവന് ഉറപ്പാവുകയും ചെയ്തെങ്കിൽ മാത്രമെ അല്ലാഹുവിനെ പ്രാപിച്ചെന്നും അല്ലാഹുവിൽ വിശ്വസിച്ചെന്നും പറയാൻ കഴിയൂ. അതായത്, 'ഉണ്ടായിരിക്കണം' എന്ന സ്ഥാനത്തുനിന്ന് പുരോഗമിച്ച് 'ഉണ്ട്' എന്ന സ്ഥാനത്ത് എത്തിച്ചേരുകയും അനുഭവത്തിൽ അല്ലാഹുവിനെ പ്രാപിക്കുകയും വേണം. അതിന്റെ അർത്ഥം അനുഭവത്തിൽ ദൈവാസ്തിത്വം അവന് ഗോചരമായെന്നും തന്റെ പിതാവിനെയോ മകനെയോ സൂര്യനെയോ മറ്റെന്തെങ്കിലും സ്ഥൂലവസ്തുവിനെയോ കാണുന്നതുപോലെ തന്റെ ആത്മീയ ദൃഷ്ടികൊണ്ട് അല്ലാഹുവിനെ അവൻ കണ്ടുവെന്നുമാണ്. സത്യവിശ്വാസത്തിന്റെ നാലാമത്തെ അവസ്ഥയായിട്ടു വേണം അതിനെ കണക്കാക്കുവാൻ. അല്ലാഹുവിന്റെ പക്കലും അവന്റെ പ്രവാചകൻമാരുടെ പക്കലും സത്യവിശ്വാസമെന്ന് പറയുന്നത് അതാണ്. മനുഷ്യൻ തീയിൽ പതിക്കാൻ ഇഷ്ടപ്പെട്ടാലും സത്യവിശ്വാസം കൈവിടുകയില്ലെന്ന് പറയുന്നത് അത്തരം വിശ്വാസത്തെപ്പറ്റിയാണ്.

അങ്ങനെ വിശ്വാസത്തിന് നാല് അവസ്ഥകളുണ്ട്. ഒന്നാമത്തേത് പ്രകടനാത്മകം. രണ്ടാമത്തേത് ഔപചാരികം. മൂന്നാമത്തേത് അല്ലാഹു ഉണ്ടായിരിക്കണം എന്ന പദവിയിലുള്ള വിശ്വാസം. നാലാമത്തേത് ദൈവം ഉണ്ട് എന്ന പദവിയിലുള്ള വിശ്വാസം. ഈ ഒടുവിൽ പറഞ്ഞ വിശ്വാസമാണ് യഥാർത്ഥമായ സത്യവിശ്വാസം. മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ ഒന്നാമത്തേത് കപടവിശ്വാസവും രണ്ടാമത്തേത് അന്ധവിശ്വാസവും മൂന്നാമത്തേത് തത്ത്വജ്ഞാനപരമായ വിശ്വാസവും നാലാമത്തേത് യഥാർത്ഥ സത്യവിശ്വാസവുമാണ്. മറ്റൊരുവിധത്തിൽ അതിനെ ഇങ്ങനെ തരംതിരിക്കാം. ഒന്നാമത്തേത് വൈമുഖ്യത്തിന്റെ അവസ്ഥ. രണ്ടാമത്തേത് അശ്രദ്ധയുടെ അവസ്ഥ. മൂന്നാമത്തേത് അന്വേഷണത്തിന്റെ അവസ്ഥ. നാലാമത്തേത് പ്രാപ്തിയുടെ അവസ്ഥ.

ഇനി, മുസൽമാന്മാരിൽ എത്രപേർ യഥാർത്ഥമായ സത്യവിശ്വാസത്തിൽ ഉറച്ചു നില്ക്കുന്നവരുണ്ടെന്ന് പരിശോധിക്കാം. മുസ്ലിംകളെന്ന് പറയപ്പെടുന്നവരിൽ വലിയൊരു വിഭാഗം ആദ്യത്തെ രണ്ട് അവസ്ഥകളിൽ ഉൾപ്പെട്ടവരാണെന്നു പറയാൻ സാധിക്കും. ചുരുക്കം പേർ മൂന്നാമത്തെ അവസ്ഥയിൽ കറങ്ങിക്കൊണ്ടിരിക്കുന്നവരാണ്. അതിനപ്പുറം ആരെയും കാണുകയില്ല.


സാധാരണക്കാരെ എന്തിന് പറയണം? മതത്തിന്റെ കുത്തകാവകാശികളായി ചമഞ്ഞവരും ജനങ്ങളിൽ സത്യവിശ്വാസമുണ്ടാക്കാൻ ബാധ്യതപ്പെട്ടവരുമായ ഉലമാക്കൾതന്നെയും ഒന്നാമത്തെയോ രണ്ടാമത്തെയോ അവസ്ഥയുടെ ഇരുട്ടിൽ അകപ്പെട്ടവരാണ്. പുതിയ വെളിച്ചത്തിന്റെ അഭിലാഷികളെന്നു പറയപ്പെടുന്ന സ്വതന്ത്രചിന്തകൻമാരിൽപെട്ട ഏതാനും ചിലരെ മൂന്നാമത്തെ അവസ്ഥയിലും കണ്ടെത്തിയെന്നു വരാം. എന്നാൽ, ഉലമാക്കളിൽനിന്ന് വല്ലവരേയും ആ അവസ്ഥയിൽ കാണുകയെന്നത് പ്രയാസമാണ്. ഈ കാര്യത്തിൽ വല്ലവർക്കും സംശയമുണ്ടെങ്കിൽ അവർ ഉലമാക്കളുടെ സ്ഥിതിയെപ്പറ്റി നേരിട്ടൊരു അന്വേഷണം നടത്തി നോക്കട്ടെ. ഹദ്റത്ത് അഹ്മദിന്റെ(അ) വാദത്തിനുമുമ്പേ മുസ്‌ലിം ഉലമാക്കളിൽ ചില വിശുദ്ധൻമാരും പുണ്യാത്മാക്കളുമുണ്ടായിരിന്നുവെന്നത് നേരാണ്. എന്നാൽ, അവർ ഒന്നുകിൽ അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കുകയോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ വാദത്തിനുമുമ്പേ മരണപ്പെടുകയോ ചെയ്തിരിക്കുന്നു. ഹദ്റത്ത് അഹ്മദ്(അ) പറയുകയാണ്:-

تقویٰ کے جامے جتنے تھے وہ چاک ہو گئے
جتنے خیال دل میں تھے ناپاک ہو گئے
کچھ کچھ جو نیک مرد تھے وہ خاک ہو گئے
باقی جو تھے وہ ظالم و سفاک ہو گئے

ഭയഭക്തിയുടെ എത്രയെല്ലാം വസ്ത്രങ്ങളുണ്ടായിരുന്നുവോ അതെല്ലാം കീറിപ്പോയി. ഹൃദയത്തിൽ എന്തെല്ലാം വിചാരങ്ങളുണ്ടായിരുന്നുവോ അതെല്ലാം അശുദ്ധമായിപ്പോയി. അങ്ങിങ്ങായി ചില വിശുദ്ധ വ്യക്തികളുണ്ടായിരുന്നവർ മരിച്ചു മണ്ണായിപ്പോയി. ശേഷമുള്ളവരാകട്ടെ ദ്രോഹികളും കഠിനഹൃദയരുമായിപ്പോയി.

വിഗ്രഹാരാധാനയെന്നു പറയുന്നത് കല്ലിന്റെയോ മരത്തിന്റെയോ, ഇരുമ്പിന്റെയോ വിഗ്രഹമുണ്ടാക്കി അതിന്റെ മുമ്പിൽ കുമ്പിടുകയെന്നത് മാത്രമല്ല. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തടസ്സമായി നില്ക്കുന്ന ഓരോ വസ്തുവും ഓരോ വിഗ്രഹമാണ്. അതായത്, മനുഷ്യൻ അല്ലാഹുവിനോട് കാണിക്കേണ്ട വിധത്തിലുള്ള സ്നേഹം ഏതൊന്നിനോട് കാണിക്കുന്നുവോ, അല്ലാഹുവിനെ ഭയ

പ്പെടേണ്ടവിധത്തിൽ ഏതൊന്നിനെ ഭയപ്പെടുന്നുവോ അല്ലാഹു വിനെ ആശ്രയിക്കേണ്ടവിധത്തിൽ ഏതൊന്നിനെ ആശ്രയിക്കു ന്നുവോ അതെല്ലാം ഓരോതരത്തിലുള്ള വിഗ്രഹങ്ങളാണ്. അതിന്റെ മുമ്പിൽ എപ്പോഴും അവൻ തല കുനിക്കുന്നു. ഇതു സംബന്ധിച്ച് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:


هر که غیر خدا بخاطر نشست — آن بت است اے بایمان سست
پُر صنم باش زین نشان نهان — دامن دل ز دست شان برہان
چیست قسمت کہ کفر کش کار — چون زن زانیه ہزار ش یار

അല്ലാഹുവിനെ കൂടാതെയും അവനിൽനിന്ന് വേർപെട്ട നില യിലും നിന്റെ ഹൃദയത്തിൽ ഏതൊന്നിനെക്കുറിച്ചുള്ള വിചാര മാണോ ഉള്ളത്, അല്ലയോ വിശ്വാസത്തിൽ ബലഹീനനായ മനു ഷ്യാ, അവയൊക്കെ നിന്റെ വിഗ്രഹമാണ്. അതിനാൽ ആ മറഞ്ഞ വിഗ്രഹങ്ങളെ നീ സൂക്ഷിക്കുകയും ഹൃദയത്തെ അവയുടെ സ്വാധീ നത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്താലും! എന്തെന്നാൽ, ഏതൊ രുവന്റെ ഹൃദയം ശിർക്കിൽ കുടുങ്ങിയിരിക്കുന്നുവോ അവന് എന്തു മതിപ്പും വിലയുമാണുള്ളത്? അവന്റെ അവസ്ഥ നല്ലവനായ ഒരു ഭർത്താവിനെ കൈയ്യൊഴിച്ച് ആയിരക്കണക്കിൽ ചങ്ങാതിമാരുമായി ബന്ധം പുലർത്തിനടക്കുന്ന വ്യഭിചാരിണിയായ പെണ്ണിന്റെതാകു ന്നു.

ആലോചിച്ചു നോക്കുക. യഥാർത്ഥമായ ആസ്തികൻമാരും യാതൊരു വിധത്തിലുള്ള വിഗ്രഹാരാധനയുടെയും ലാഞ്ഛന യുൾക്കൊള്ളാത്തവരുമായ മുസ്ലിംകൾ എത്ര പേരുണ്ട്? മുസൽമാൻമാരെല്ലാം ആസ്തികൻമാരാണെന്നു പറയപ്പെടുന്നവ രാണ്. എന്നാൽ, അവരുടെ ഹൃദയത്തിൽ നൂറുക്കണക്കിലും ആയി രക്കണക്കിലും വിഗ്രഹങ്ങൾ സ്ഥലം പിടിച്ചിരിക്കുന്നുവെന്നതും അവർ ഏതു സമയത്തും അവയ്ക്കു മുമ്പിൽ തലകുനിച്ചുകൊണ്ടി രിക്കുന്നുവെന്നതും പരമാർത്ഥമല്ലയോ? ഇതു ദൈവത്തെ സംബ ന്ധിച്ച വിശ്വാസത്തിന്റെ അവസ്ഥയാണ്. ഇതിനു പുറമെ മലക്കു കൾ, മരണാനന്തരജീവിതം, സ്വർഗ്ഗനരകങ്ങൾ, തഖ്ദീർ അതായത് ദൈവമാണ് ഈ പ്രപഞ്ചത്തെ നടത്തിക്കൊണ്ടിരിക്കുന്നതെന്നും എല്ലാ വസ്തുക്കളുടെയും ഗുണങ്ങൾ അവനിൽ നിന്നുള്ളതാണെ ന്നുമുള്ള വിശ്വാസം ഇത്യാദി മതത്തിന്റെ അടിസ്ഥാന സിദ്ധാന്ത

ങ്ങളിൽപ്പെട്ട സംഗതികളെല്ലാം മുസ്‌ലിംകളുടെ അധരങ്ങളിൽ മാത്ര മാണുള്ളത്. ഈ സംഗതികൾ തങ്ങളുടെ ഹൃദയങ്ങളിലുമുള്ളതാ ണെന്ന് അവരിൽ ചിലർ വിചാരിക്കുന്നുണ്ടായിരിക്കാം. എന്നാൽ, ദൈവവിശ്വാസത്തെ സംബന്ധിച്ച് ഒരു പരിശോധന നടത്തുകയാ ണെങ്കിൽ അതവരുടെ അധരങ്ങളിൽ മാത്രമാണുള്ളതെന്നും ഹൃദ യത്തിലേക്ക് കടന്നിട്ടില്ലെന്നും വ്യക്തമാകുന്നതാണ്. അവർ മുസ്‌ലിം ഗൃഹത്തിൽ ജനിച്ചു പോയതുകൊണ്ട് ഇസ്‌ലാമിന്റെ വാദം പുറപ്പെടുവിക്കുന്നവരാണ്. ഇതേ കാരണത്താൽ ചിലപ്പോഴെല്ലാം മതാഭിമാനവും പ്രകടിപ്പിച്ചേക്കാം. എന്നാൽ, ആ അഭിമാനം സാമു ദായികപരമല്ലാതെ മതപരമാവുകയില്ല. ഇക്കാലത്ത് സമുദായമെന്ന പദം മതത്തിനു വളരെ കെടുതി ചെയ്തിട്ടുണ്ട്. ഇപ്പോൾ, ഇസ്‌ലാം എന്നത് ഒരു മതത്തിന്റെ പേരിൽ നിന്ന് വ്യത്യാസപ്പെട്ട മുസൽമാൻ എന്നു പറയപ്പെടുന്നവരുടെ ഇടയിൽ കാണപ്പെടുന്ന സാമൂഹികാ വസ്ഥയുടെ പേരായിത്തീർന്നിരിക്കുന്നു. ഇത് ആപൽക്കരമായൊരു നിലപാടാണ്. മുസൽമാന്മാരെ ആ നിലപാട് അനുനിമിഷം അധഃ പതിപ്പിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. അതിനാൽ, അഹ്മദി കളായ ഞങ്ങൾ ഞങ്ങളുടെ അംഗങ്ങൾക്കിടയിൽ പ്രത്യേകിച്ച് കുട്ടി കൾക്കിടയിൽ സമുദായം എന്ന പദപ്രയോഗം പരക്കാൻ സാധാര ണമായി അനുവദിക്കുന്നില്ല. ഏതുപോലെയെന്നാൽ. സമുദായസേ വനം, സമുദായത്തിനുവേണ്ടിയുള്ള ത്യാഗം, സാമുദായിക പ്രവൃത്തി എന്നീ പദപ്രയോഗങ്ങൾ ഞങ്ങൾ തടയുന്നു. അതിന് പകരമായി മതസേവനം, ജമാഅത്തിനുവേണ്ടിയുള്ള സേവനം, ഇസ്‌ലാമിനു വേണ്ടിയുള്ള സേവനം, ജമാഅത്തിന്റെ പ്രവൃത്തി, മതത്തിന്റെ പ്രവൃത്തി, മതത്തിനുവേണ്ടിയുള്ള ത്യാഗം ഇത്യാദി പദപ്രയോഗങ്ങളാണ് കൈക്കൊണ്ടിരിക്കുന്നതും കൈക്കൊള്ളാൻ ഉപദേശിക്കുന്നതും. വെറും പേരിനോട് മാത്രം ബന്ധമുള്ള ഒരു സമുദായമായിരിക്കാതെ യാഥാർത്ഥ്യത്തോട് ബന്ധമുള്ള മതമാ യിരിക്കാൻ വേണ്ടിയാണിത്. ഏതൊരാൾ ഈ യാഥാർത്ഥ്യത്തിൽ നിന്ന് പിന്തിരിയുന്നുവോ അയാൾ പേരുകൊണ്ട് ഞങ്ങളുടെ കൂടെ യാണെങ്കിലും, സാമൂഹികമായ നിലയിൽ ഞങ്ങളിൽനിന്നുള്ള ഒരു വ്യക്തിയാണെങ്കിലും ആന്തരികമായി ഞങ്ങളിൽപെട്ട ആളായി രിക്കയില്ല. കാരണം, അയാളെയും ഞങ്ങളെയും ഒന്നിച്ചുചേർത്തി രുന്ന ബന്ധം വേർപെട്ടുപോവുകയും പേരുമാത്രം അവശേഷിക്കു കയും ചെയ്തിരിക്കുന്നു. മുസൽമാൻമാർ ഈ സംഗതി മറക്കാൻ തുടങ്ങിയതോടെ അവരുടെ പാദങ്ങൾ അനുനിമിഷം നാശത്തി

ലേക്ക് ചരിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ, അവർ കണ്ണുതുറക്കുന്നില്ല.

## സത്യവിശ്വാസത്തിന്റെ ലക്ഷണങ്ങൾ

ഇനി, നഷ്ടപ്പെട്ടുപോയ ഈ സത്യവിശ്വാസത്തെ ഹദ്റത്ത് അഹ്മദ്(അ) ലോകത്ത് വീണ്ടും സ്ഥാപിച്ചിരിക്കുന്നുവെന്ന് കാണിച്ചു തരാം. സത്യവിശ്വാസമെന്നത് ഭൗതികമായൊരു വസ്തുവിൽപെട്ടതോ ബാഹ്യേന്ദ്രിയങ്ങളാൽ ഗോചരമോ അല്ല. പ്രത്യുത, ഹൃദയവുമായി ബന്ധപ്പെട്ട ഒരു അവസ്ഥയുടെ പേരാണ്. അതിനെപ്പറ്റിയുള്ള അറിവ് അതിന്റെ ഫലങ്ങൾ അനുഭവിക്കുന്നതുകൊണ്ടുവേണം ഉണ്ടാവാൻ. ഉദാഹരണമായി സ്നേഹവികാരത്തെ നോക്കുക. ഒരാൾക്കും ആ വികാരത്തെ ഗ്രഹിക്കുവാൻ കഴിയുകയില്ല. എന്നാൽ, ആ വികാരത്തിന്റെ അടയാളങ്ങൾ പ്രത്യക്ഷപ്പെടുമ്പോൾ സ്നേഹമുണ്ടെന്ന് മനസ്സിലാകുന്നു. സൈദിന് ഖാലിദിനോട് സ്നേഹമുണ്ടെങ്കിൽ അത് ബക്കർ എങ്ങനെയാണ് അറിയുന്നത്? സൈദിന്റെ സ്നേഹം ഒരു രൂപം കൈക്കൊണ്ട് ബക്കറിന്റെ മുമ്പിൽ വന്നു നില്ക്കുന്നതിനാലല്ല. നേരെമറിച്ച്, ഏതെല്ലാം മാർഗ്ഗത്തിൽകൂടി ലോകത്ത് സ്നേഹം പ്രകടമാകുന്നുണ്ടോ ആ മാർഗ്ഗങ്ങൾ സൈദിന്റെ വാക്കിലും പ്രവൃത്തിയിലും കാണുമ്പോൾ സൈദിന് ഖാലിദിനോട് സ്നേഹമുണ്ടെന്ന് ബക്കർ മനസ്സിലാക്കുന്നു. ഇതുപോലെത്തന്നെ കോപവികാരവും കാണുവാൻ കഴിയുകയില്ല. എന്നാൽ, ഒരു വ്യക്തിയെ പ്രത്യേകമായൊരു അവസ്ഥയിൽ കാണുമ്പോൾ– ആ അവസ്ഥ കോപത്തിന്റെ അടയാളമാണെന്ന് അനുഭവത്തിന്റെയും പരിചയത്തിന്റെയും വെളിച്ചത്തിൽ നാം ഗ്രഹിച്ചിട്ടുണ്ടായിരിക്കണം– അയാൾ കോപാവസ്ഥയിലാണുള്ളതെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നു. ചുരുക്കത്തിൽ, ഭൗതികമല്ലാത്ത വസ്തുക്കൾ ഇന്ദ്രിയഗോചരങ്ങളല്ല. അടയാളങ്ങൾകൊണ്ടാണ് അവ തിരിച്ചറിയുന്നത്. എന്നാൽ ആ അറിവ് ഭൗതികവസ്തുക്കളെ സംബന്ധിച്ച് അനുഭവത്താലുണ്ടാവുന്ന അറിവിന് സമമായിരിക്കുകയും ചെയ്യും. സത്യവിശ്വാസവും ഭൗതികമല്ലാത്ത ഒന്നാണ്. അതിനാൽ അതിനെപ്പറ്റിയുള്ള അറിവും അടയാളങ്ങൾകൊണ്ട് മാത്രമെ നമുക്കുണ്ടാകാൻ നിവൃത്തിയുള്ളൂ. അടയാളങ്ങൾ കൊണ്ടല്ലാതെ സത്യവിശ്വാസം അറിയുക സാധ്യമല്ല. അതുകൊണ്ട് സത്യവിശ്വാസം കണ്ടെത്തുന്നതിന് അതിന്റെ അടയാളങ്ങൾ അറിയേണ്ടത് അത്യാവശ്യമാണ്. ആ അടയാളങ്ങൾ താഴെ

പറയുന്നവയാണെന്ന് ബുദ്ധിയുള്ളവരെല്ലാം സമ്മതിക്കും:-

ഒന്നാമത്, സത്യവിശ്വാസികളുടെ കർമ്മങ്ങൾ ശരീഅത്ത് നിയമത്തിന് യോജിച്ചതായിരിക്കും. അതായത്, സത്യവിശ്വാസി ശരീഅത്ത് കല്പിച്ചത് പ്രവർത്തിക്കുകയും നിരോധിച്ചതിൽ നിന്ന് ഒഴിഞ്ഞു നില്ക്കുകയും ചെയ്യും. അയാളുടെ ഈ നിലപാട് ആരാധന, ധാർമ്മികനില, ഇടപാടുകൾ മുതലായ എല്ലാ തുറകളിലും പ്രത്യക്ഷമാണ്.

രണ്ടാമത്, സത്യവിശ്വാസി ഇസ്‌ലാമിനുവേണ്ടി പരിപൂർണ്ണമായ അഭിമാനമുള്ളവനായിരിക്കും. അതായത് അയാളുടെ മുമ്പാകെ ആരെങ്കിലും ഇസ്‌ലാമിന് നേരെ വാക്കാലോ പ്രവൃത്തിയാലോ ആക്രമണം നടത്തുകയാണെങ്കിൽ അതയാൾക്ക് പൊറുക്കാനാവുകയില്ല. അയാളുടെ അഭിമാനം ജ്വലിച്ചുയരും. അയാൾ ഒരിക്കലും മതപരമായി ചീത്ത സഹവാസം ഇഷ്ടപ്പെടുകയില്ല. ഇസ്‌ലാമിനു നേരെ പരിഹാസം പുറപ്പെടുവിക്കുകയോ അതിനെ നിന്ദ്യമായി വീക്ഷിക്കുകയോ ചെയ്യുന്ന യാതൊരു സദസ്സിലും അയാൾ ഒരിക്കലും ഇരിക്കുകയില്ല.

മൂന്നാമത്, സത്യവിശ്വാസി അയാളുടെ കഴിവനുസരിച്ച് എല്ലായ്പ്പോഴും ഇസ്‌ലാംമതപ്രചാരണത്തിൽ വ്യാപൃതനായിരിക്കുന്നതാണ്. കഴിയുന്നത്ര സമയം ഇസ്‌ലാം മതപ്രചാരണത്തിനുവേണ്ടി വിനിയോഗിക്കാൻ അയാൾ ആഗ്രഹിക്കും. അതിന്റെ നേർക്കുള്ള ആക്രമണങ്ങളെ ചെറുക്കുകയും അതിനെ സഹായിക്കുകയും ചെയ്യുന്ന കാര്യത്തിൽ ബദ്ധശ്രദ്ധനായിരിക്കും.

നാലാമത്, സത്യവിശ്വാസി അയാളുടെ പ്രസംഗങ്ങളിലും എഴുത്തുകളിലും അധികമായി അല്ലാഹുവിനെയും അവന്റെ റസൂലിനെയും അവന്റെ ഗ്രന്ഥത്തെയും അവന്റെ ഔലിയാക്കളേയും സംബന്ധിച്ച വർത്തമാനങ്ങളായിരിക്കും പറയുക. അയാളുടെ എല്ലാ ചെയ്തികളിലും അല്ലാഹുവിനെയും അവന്റെ റസൂലിനേയും അവന്റെ ദീനിനേയും സംബന്ധിച്ച സ്നേഹം വഴിഞ്ഞൊഴുകുന്നത് കാണാം. അയാൾ സജ്ജനങ്ങളുടെ സഹവാസം ഇഷ്ടപ്പെടുന്നതാണ്.

അഞ്ചാമത്, സത്യവിശ്വാസി അല്ലാഹുവിനും അവന്റെ റസൂലിനും അവന്റെ മതത്തിനും വേണ്ടി സർവ്വവിധ ത്യാഗവും ചെയ്യാൻ സന്നദ്ധനായിരിക്കും. വേണ്ടിവന്നാൽ തന്റെ അഭിപ്രായത്തെയോ

സ്നേഹിതൻമാരെയോ രാജ്യത്തെയോ ബന്ധുക്കളെയോ സ്വത്തിനെയോ വിശ്രമസുഖങ്ങളെയോ തനിക്ക് സ്നേഹമുള്ള എല്ലാ വസ്തുക്കളെയുമോ, ജീവനെയോ ബഹുമതിയെയോ ബലികഴിക്കാൻ അയാൾ മടിക്കുകയില്ല. ദൈവത്തിന്റെയും അവന്റെ റസൂലിന്റെയും അവന്റെ സത്യമതത്തന്റെയും മാർഗ്ഗത്തിൽ യാതൊന്നും തന്നെ അയാൾക്ക് തടസ്സമായിരിക്കുകയില്ല. സന്ദർഭം വരുമ്പോൾ സർവ്വതും ത്യാഗം ചെയ്യാൻ അയാൾ ഒരുക്കമായിരിക്കും.

ഈ അഞ്ച് കാര്യങ്ങൾ ഒരാളിൽ കാണുന്നുണ്ടെങ്കിൽ അത് അയാളുടെ ഹൃദയത്തിൽ സത്യവിശ്വാസം കടന്നിട്ടുണ്ട് എന്നതിന്റെയും സത്യവിശ്വാസത്തിന്റെ ഏതൊരു മാധുര്യത്തെപ്പറ്റി ഹദീഥിൽ പറയപ്പെട്ടിരിക്കുന്നുവോ ആ മാധുര്യം അയാൾ ആസ്വദിച്ചിരിക്കുന്നുവെന്നതിന്റെയും ലക്ഷണമാണ്. എന്നാൽ, ഈ സംഗതികൾ എന്തെങ്കിലും താൽക്കാലികമായ പ്രേരണകൊണ്ടോ ക്ഷണികമായ ആവേശം കൊണ്ടോ ഉണ്ടായതാവാതെ സ്ഥിരവും ദൃഢവുമായ മാർഗ്ഗത്തിൽകൂടി ഉണ്ടായതും എല്ലാ അവസ്ഥയിലും അവന്റെ ജീവനോടൊപ്പം നിലനില്ക്കുന്നതുമായിരിക്കണം.

ഇനി നമുക്ക് ഈ അടയാളങ്ങളെ വെവ്വേറെയെടുത്തു കൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസാവസ്ഥയെ പരിശോധിക്കാം. ഈ അടയാളങ്ങൾ അഹ്മദിയ്യാ ജമാഅത്തിൽ പ്രത്യേക നിലയിൽ കാണപ്പെടുകയാണെങ്കിൽ അത് യഥാർത്ഥത്തിൽ നഷ്ടപ്പെട്ടു പോയ സത്യവിശ്വാസത്തെ ഹദ്റത്ത് അഹ്മദ്(അ) ലോകത്ത് പുനസ്ഥാപിച്ചിരിക്കുന്നുവെന്നതിന് തെളിവായിരിക്കും. എന്തെന്നാൽ ഈ അടയാളങ്ങൾ ഇക്കാലത്തെ മറ്റു മുസ്ലിം വിഭാഗങ്ങളിൽ നിന്ന് അപ്രത്യക്ഷമായിരിക്കുകയാണ്.

## ഒന്നാമത്തെ അടയാളം

സത്യവിശ്വാസത്തിന്റെ ഒന്നാമത്തെ അടയാളം സത്യവിശ്വാസിയുടെ പ്രവൃത്തികൾ ശരീഅത്ത് നിയമമനുസരിച്ചുള്ളതായിരിക്കുമെന്നതാണ്. എന്നാൽ, ഈ ലക്ഷണം, വിദ്വേഷ ബുദ്ധികളല്ലാത്ത എതിരാളികൾക്കു പോലും നിഷേധിക്കാൻ കഴിയാത്ത വിധം അഹ്മദിയ്യാ ജമാഅത്ത് സാമൂഹികമായ നിലയിൽ തെളിയിച്ചു കാണിച്ചിട്ടുണ്ട്. അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നതിനു മുമ്പേ വ്യഭിചാരം, മദ്യപാനം, നിഷിദ്ധഭോജനം, കൈക്കൂലി, ചൂതാട്ടം, ദ്രോഹം കൈയേറ്റം മുതലായ, ശറഅ് വിരോധിച്ച ദുർവൃത്തികളിൽ മുഴു

കിയിരുന്ന നൂറുക്കണക്കിലാളുകളും കളവ്, കൂട്ടായ്മക്കവർച്ച മുത ലായ ഭയങ്കരപാതകങ്ങളിൽ വിദഗ്ദ്ധന്മാരായവരും അഹ്മദി ആയ തിനുശേഷം ഒരു പുതിയ ജൻമം കൈക്കൊണ്ടതുപോലെ അതിൽ നിന്നെല്ലാം ദൂരപ്പെട്ടു നില്ക്കുന്നതായി കാണുവാൻ കഴിയും. നിർബന്ധ നമസ്കാരത്തിന്റെ അടുക്കലേക്ക് എത്തിനോക്കുക പോ ലും ചെയ്തിട്ടില്ലാത്തവർ, വല്ലപ്പോഴും ഒരു തഹജ്ജൂദ് നമസ്കാരം ഒഴിഞ്ഞുപോയാൽ പോലും അനേകം മണിക്കൂർ നേരം ഖേദിക്കു മാറ് നമസ്കാരക്കാരായിത്തീർന്നിരിക്കുന്നു. പരിശുദ്ധ റമദാൻ മാസ ത്തിലെ നിർബന്ധ നോമ്പുകൾ പോലും നോറ്റിട്ടില്ലാതിരുന്നവർ ഇപ്പോൾ റമദാൻ മാസത്തിലെ നോമ്പുകൾക്കു പുറമെ കൊല്ലത്തിൽ അനേകം സുന്നത്തു നോമ്പുകളും നോൽക്കാൻ തുടങ്ങിയിരിക്കു ന്നു. മറ്റുള്ള ഇബാദത്തുകളുടെ സ്ഥിതിയും ഇതുതന്നെയാണ്. ഇട പാടുകളുടെ കാര്യത്തിലും വമ്പിച്ചൊരു പരിവർത്തനം വന്നിട്ടു ള്ളതായി കാണാൻ കഴിയും. നിശ്ചയമായും ഞങ്ങളിൽ ചില ബല ഹീനരുണ്ട്. എന്നാൽ, ചിലർ ബലഹീനരായിരിക്കുന്നത് ജമാഅ ത്തിന്റെ പൊതുവിലുള്ള നിലയെ ബാധിക്കുകയില്ല. ഒരു ജമാഅത്ത് ഉണ്ടാകുമ്പോൾ അതിലെ അംഗങ്ങളെല്ലാം ഒരേ വിധത്തിലാവുക യില്ല. അവരിൽ ചിലർ നല്ലവരും ചിലർ മധ്യവിശ്വാസികളും ആകു ന്നതാണ്. നബി(സ) തിരുമേനിയുടെ സ്വഹാബിമാർ പരിശുദ്ധത യിലും നിർമ്മലതയിലും നിസ്തുല്യരായിരുന്നുവെന്നത് സമ്മതി ക്കപ്പെട്ടതാണ്. എങ്കിലും അവരെല്ലാവരും അബൂബക്കർ, ഉമർ, ഉസ്മാൻ, അലി(റ.അ) എന്നിവരെപ്പോലെ ആയിരുന്നില്ല. അവരിലും ചിലർ മധ്യതരക്കാരും ചിലർ ബലഹീനരും ആയിരുന്നു. ഒരു മദ റസയിലെ ഏറ്റവും നല്ലൊരു ക്ലാസ്സിലെ വിദ്യാർത്ഥികളെ നോക്കു ക. അവരും എല്ലാവരും ഒരുപോലെയായിരിക്കില്ല. അതിനാൽ, ഏതെങ്കിലും ജമാഅത്തിന്റെ മൊത്തത്തിലുള്ള സ്ഥിതി എന്താ ണെന്നാണ് നോക്കേണ്ടത്. അല്ലെങ്കിൽ മറ്റൊരുവിധത്തിലും പരി ശോധന നടത്താവുന്നതാണ്. അതായത്, ഞങ്ങളിൽനിന്നുള്ള ഉത്ക്കൃഷ്ടവ്യക്തികളെ മറ്റു മുസ്ലിം കക്ഷികളിലെ ഉത്ക്കൃഷ്ട വ്യക്തികളുമായും ഞങ്ങളിൽനിന്നുള്ള മധ്യതരക്കാരെ മറ്റു കക്ഷി കളിലെ മദ്ധ്യതരക്കാരുമായും ഞങ്ങളിൽനിന്നുള്ള ബലഹീനരെ മറ്റു കക്ഷികളിലെ ബലഹീനരുമായും താരതമ്യപ്പെടുത്തുക. ഏത് കൂട്ടരാണ് നന്നായവരെന്നും ഏതാണ് നന്നാവാത്തവരെന്നും അപ്പോൾ മനസ്സിലാക്കാൻ കഴിയും. ഹദ്റത്ത് അഹ്മദു(അ)മായി ബന്ധം സ്ഥാപിക്കുകയാൽ അഹ്മദികളിൽ മഹത്തായ പരിവർത്ത

നമുണ്ടായിട്ടുണ്ടെന്ന് നിഷ്പക്ഷബുദ്ധികളായവർക്ക് സമ്മതിക്കാതിരിക്കാൻ കഴിയുന്നതല്ലെന്ന് ധൈര്യസമേതം ഞങ്ങൾ പറഞ്ഞുകൊള്ളുന്നു. ഇസ്‌ലാമിക ശരീഅത്തനുസരിച്ച് പ്രവർത്തിക്കുകയാലും തങ്ങളുടെ നടപടികൾ വിശുദ്ധഖുർആന്റെയും ഹദീസുകളുടെയും കൽപനയ്ക്ക് വിധേയമായി ക്രമപ്പെടുത്തുകയാലും അഹ്മദിയ്യാ ജമാഅത്ത് മറ്റെല്ലാ മുസ്‌ലിം വിഭാഗങ്ങളിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. ദൈവാരാധന, ദൈവഭക്തി, പരിശുദ്ധി, വിശ്വസ്തത എന്നീ കാര്യങ്ങളിൽ സാമൂഹികമായ നിലയിൽ അഹ്മദികൾ മറ്റുള്ളവർക്ക് ഉത്ക്കൃഷ്ടമായൊരു മാതൃകയാണ്.

കൂടാതെ, മറ്റൊരു സംഗതികൂടി ഓർമ്മിക്കേണ്ടതുണ്ട്. ഹൃദയാലുക്കൾക്കു അതു രസകരമായിരിക്കും. അതായത്, നാം അഹ്മദിയ്യാ ജമാഅത്തിലെ വ്യക്തികളെ പരിശോധിക്കുകയും ഗാഢമായി അവരുടെ നടപടികളെ വീക്ഷിക്കുകയും ചെയ്യുകയാണെങ്കിൽ, അവരിൽ നിന്ന് ഹദ്റത്ത് അഹ്മദു(അ)മായി കൂടുതൽ സഹവാസം ചെയ്യാൻ കഴിഞ്ഞിട്ടുള്ളവർ, അങ്ങനെ ചെയ്യാൻ സന്ദർഭം ലഭിച്ചിട്ടില്ലാത്തവരെ അപേക്ഷിച്ച് അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടപ്പാട് നിർവ്വഹിക്കുന്ന കാര്യത്തിൽ പൊതുവിൽ കൂടുതൽ അഭിവൃദ്ധി നേടിയവരാണെന്ന് കാണുവാൻ കഴിയും. ആ ജനങ്ങളുടെ മുഖത്ത് സ്വഹാബത്തിനുണ്ടായിരുന്ന തരത്തിലുള്ള വിശ്വാസത്തിന്റെയും ഭക്തിയുടെയും പ്രകാശംതുളുമ്പുന്നതായി കാണാൻ കഴിയും. അവരുടെ എല്ലാ പ്രവൃത്തികളിൽനിന്നും സത്യവിശ്വാസത്തിന്റെയും ജ്ഞാനത്തിന്റെയും കിരണങ്ങൾ പൊട്ടിപ്പുറപ്പെട്ടു കൊണ്ടിരിക്കുന്നു. ആ ജനങ്ങൾ പകൽ സമരരംഗത്തിലെ മുന്നണിയിൽ കാണപ്പെടുമെങ്കിൽ രാത്രി കാലങ്ങളിൽ അല്ലാഹുവിന്റെ ദർബാറിൽ അരയും മുറുക്കി നിലകൊള്ളുന്നവരാണ്. അവരെപ്പറ്റിയാണ്

ثُلَّةٌ مِّنَ الْاَوَّلِيْنَ ﴿٤٠﴾ وَثُلَّةٌ مِّنَ الْاٰخِرِيْنَ ﴿٤١﴾

ഏതുപ്രകാരം നബിതിരുമേനിയുടെ കാലത്ത് പരിശുദ്ധന്മാരുടെ ഒരു വലിയ ജമാഅത്ത് ഉണ്ടായിരുന്നുവോ അപ്രകാരം ഒടുവിലും ഒരു വലിയ ജമാഅത്ത് കാണപ്പെടുന്നതാണ്, അതായത് 'മുൻഗാമികളിൽനിന്നുള്ള ഒരു വലിയ സംഘവും പിൻഗാമികളിൽ ഒരു വലിയ സംഘവും' എന്നാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. ***അല്ലാഹുമ്മ സ്വല്ലിഅലയ്ഹിം അജ്മഈൻ.***

## രണ്ടാമത്തെ അടയാളം

സത്യവിശ്വാസത്തിന്റെ രണ്ടാമത്തെ അടയാളം സത്യവിശ്വാസി വിശ്വാസാഭിമാനം പ്രകടിപ്പിക്കുമെന്നതാകുന്നു. സത്യവിശ്വാസത്തിനെതിരായി എന്തെങ്കിലും കേട്ടുകൊണ്ട് അടങ്ങിയിരിക്കാൻ അയാൾക്ക് കഴിയുകയില്ല. മതത്തെ പരിഹസിക്കുന്ന നിർമ്മതൻമാരിൽ നിന്ന് അയാൾ അകന്നു നില്ക്കും. ഈ അടയാളത്തെ മുൻനിറുത്തി നോക്കുകയാണെങ്കിലും അഹ്മദിയ്യാ ജമാഅത്ത് സത്യവിശ്വാസത്തിൽ ഉറച്ചു നില്ക്കുന്നവരാണെന്ന് തെളിയുന്നതാണ്. ഇക്കാലത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ചവരുടെ ഇടയിൽ ഭൗതികത്വത്തിന്റെയും മതവിരക്തിയുടെയും ദുഷിച്ച കാറ്റു വീശിയിട്ടുണ്ടെന്നുള്ളത് ഒരു മറഞ്ഞ കാര്യമല്ല. എന്നാൽ, അഹ്മദിയ്യാ ജമാഅത്തിലെ ആ വിഭാഗത്തിലും വിശ്വാസാഭിമാനവും ചീത്തസഹവാസത്തോടുള്ള വെറുപ്പും കാണുവാൻ കഴിയും. മതത്തിനെതിരായി എന്തെങ്കിലും കേട്ടുകൊണ്ടോ കണ്ടുകൊണ്ടോ ഒരു അഹ്മദിയും അടങ്ങി ഇരിക്കുകയില്ല. നേരെമറിച്ച് വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും അതിനെതിരായി അവർ വെറുപ്പു പ്രകടിപ്പിക്കുന്നതാണ്. മതം നിന്ദിക്കപ്പെടുന്ന സഹവാസത്തിൽനിന്ന് അവർ ഒഴിഞ്ഞു നില്ക്കുകയും ചെയ്യും. ഇത് കണ്ടറിയാവുന്ന ഒരു കാര്യമാണ്. അധികം വിസ്തരിക്കേണ്ട ആവശ്യമില്ല.

## മൂന്നാമത്തെ അടയാളം

സത്യവിശ്വാസി മതപ്രചരണത്തിൽ വ്യാപൃതനായിരിക്കുമെന്നതാണ് സത്യവിശ്വാസത്തിന്റെ മൂന്നാമത്തെ അടയാളം. ഇസ്‌ലാമിന്റെ മേന്മകൾ ജനങ്ങളെ അറിയിക്കുക, ലോകത്തുനിന്ന് അസത്യത്തെ നിർമ്മാർജ്ജനം ചെയ്യുക, ലോകത്ത് സത്യം സ്ഥാപിക്കുക, സത്യം പ്രചരിപ്പിക്കുന്നതിനുവേണ്ടി തന്റെ സമയവും ധനവും ചെലവു ചെയ്യുക, ഇസ്‌ലാമിന്റെ നേരെ വല്ല ആക്രമണവുമുണ്ടാവുമ്പോൾ പ്രതിരോധത്തിനായി ഉടനടി തയ്യാറാവുക എന്നീ കാര്യങ്ങളിൽ അയാൾ ബദ്ധശ്രദ്ധനായിരിക്കുന്നതാണ്. ഈ അടയാളത്തെ മുൻനിറുത്തി നോക്കുകയാണെങ്കിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സത്യവിശ്വാസം സൂര്യപ്രകാശം പോലെ തെളിയുന്നതാണ്. ഓരോ അഹ്മദിയും ഓരോ മുബല്ലിഗായി പ്രവർത്തിക്കുന്നത് കാണുവാൻ കഴിയും. വല്ലവനും സ്വതന്ത്രമായ ജോലി ചെയ്യുന്നവനാണെങ്കിൽ അവിടെ അയാളുടെ പ്രചാരണജോലിയും നടക്കുന്നതാണ്. എവിടെയെങ്കിലും ശമ്പളക്കാരനാണെങ്കിൽ അവി

ടെയും അയാൾ തബ്ലീഗ് വേല നടത്തും. കച്ചവടക്കാരനാണെങ്കിൽ താനുമായി ബന്ധപ്പെടുന്നവർക്ക് അയാൾ സത്യം എത്തിച്ചു കൊടുക്കും. കൃഷിക്കാരനാണെങ്കിൽ അയാളും തന്റെ പരിധിയിൽ ദൈവമാർഗ്ഗത്തിൽ പരിശ്രമിച്ചു കൊണ്ടിരിക്കും. ചുരുക്കിപ്പറയുകയാണെങ്കിൽ അഹ്മദികളിൽ ഓരോരുത്തരും താന്താങ്ങളുടെ സ്ഥാനങ്ങളിൽ ഇസ്ലാംമതസേവനം ചെയ്യുന്നതായി വെളിപ്പെടുന്നതാണ്. വിദ്യാർത്ഥിയാണെങ്കിലും ശമ്പളക്കാരനാണെങ്കിലും സ്വതന്ത്രനാണെങ്കിലും അദ്ധ്യാപകനാണെങ്കിലും ശിഷ്യനാണെങ്കിലും ദാസനാണെങ്കിലും യജമാനനാണെങ്കിലും അക്ഷരജ്ഞാനമില്ലാത്തവനാണെങ്കിലും പണ്ഡിതനാണെങ്കിലും കുട്ടിയാണെങ്കിലും വൃദ്ധനാണെങ്കിലും പുരുഷനാണെങ്കിലും സ്ത്രീയാണെങ്കിലും അവർ മുബല്ലിഗുമാരായിരിക്കും. അഹ്മദി ആരായിരുന്നാലും അയാൾ നിശ്ചയമായും ഒരു മുബല്ലിഗുതന്നെയാണ്. കഴിഞ്ഞ കാലത്തെ ഒരു സംഭവം പറയാം. അന്നത്തെ പ്രിൻസ് ഓഫ് വെയിൽസ് ഇന്ത്യയിൽ വന്നപ്പോൾ ആരും അദ്ദേഹത്തെ കാണരുതെന്നായിരുന്നു നിസ്സഹകരണ പ്രസ്ഥാനക്കാർ ആഗ്രഹിച്ചിരുന്നത്. അതേ സമയത്ത് സഹകരണക്കാരാവട്ടെ രാജകുമാരനെ കാണുവാനും കഴിയുമെങ്കിൽ അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തുവാനും മംഗളപത്രം നല്കുവാനും ആഘോഷങ്ങൾ നടത്തുവാനും തമാശകളും കാഴ്ചകളും ഏർപ്പെടുത്തുവാനും മറ്റും കൊതിച്ചിരുന്നു. എന്നാൽ, ഈ സന്ദർഭത്തിൽ അഹ്മദിയ്യാ ജമാഅത്ത് എന്താണ് ആലോചിച്ചതെന്ന് നോക്കുക. മാന്യനായ രാജകുമാരൻ നമ്മുടെ രാജ്യത്തേക്ക് വരുമ്പോൾ, അതദ്ദേഹത്തെ സത്യത്തിലേക്ക് ക്ഷണിക്കാനുള്ള നല്ലൊരു സന്ദർഭമാണെന്നാണ് അവർക്ക് ഒന്നാമതായി തോന്നിയത്. അതനുസരിച്ച്, സമയം വളരെ കുറഞ്ഞതായിരുന്നിട്ടും മുപ്പത്തിരണ്ടായിരത്തോളം അഹ്മദികളായ സ്ത്രീകളും പുരുഷന്മാരും കൂടി ഓരോ അണവീതം സംഭാവന ശേഖരിച്ച് ഒരു മഹത്തായ ഉപഹാരഗ്രന്ഥം അച്ചടിപ്പിച്ച് രാജകുമാരന് സമർപ്പിക്കുകയും ഇസ്ലാമിന്റെ ഉത്ക്കൃഷ്ടതകൾ പ്രബോധിക്കുകയും അദ്ദേഹത്തെ ഇസ്ലാംമതത്തിലേക്ക് ക്ഷണിക്കുകയും ചെയ്തു. ആ ഉപഹാരം അഹ്മദിയ്യാ ജമാഅത്തിന്റെ ഇപ്പോഴത്തെ ഇമാമായ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമനാണ് തയ്യാറാക്കിയത്*. ചുരുക്കത്തിൽ സത്യത്തോടുള്ള സ്നേഹബഹുമാനങ്ങളിൽ അധിഷ്ഠിതമായ

* ഇദ്ദേഹം 1965-ൽ നിര്യാതനായി. ഇപ്പോഴത്തെ ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബാണ്. (പ്രസാധകർ).

പ്രചാരണാവേശം അഹ്മദിയ്യാ ജമാഅത്തിൽ കാണുന്നതിന്റെ നൂറി ലൊരംശംപോലും മറ്റുള്ളവരിൽ കാണുക സാധ്യമല്ല.

## നാലാമത്തെ അടയാളം.

സത്യവിശ്വാസത്തിന്റെ നാലാമത്തെ അടയാളം, സത്യവിശ്വാ സിയുടെ നാവിൽ നിന്ന് അധികമായി അല്ലാഹുവിനേയും അവന്റെ റസൂലിനേയും സംബന്ധിച്ച സുവാർത്തകൾ പുറപ്പെടുന്നതും അയാ ളുടെ വാക്കുകളിലും പ്രവൃത്തികളിലും അല്ലാഹുവിനോടും അവന്റെ റസൂലിനോടും അവന്റെ ഔലിയാക്കളോടുമുള്ള സ്നേഹം വഴി ഞ്ഞൊഴുകുന്നതും കാണാൻ കഴിയുമെന്നുള്ളതാണ്. ഈ അടയാ ളത്തെ മുൻനിറുത്തി നോക്കിയാലും അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസം മാത്രമാണ് സത്യവിശ്വാസമെന്ന് തെളിയുന്നതാണ്. ഇക്കാലത്ത് മുസ്ലിംലോകം മുഴുവനും അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും പേർ മറന്നിരിക്കുകയാണ്. വല്ലപ്പോഴും ആ പേരുകൾ സ്മരിക്കപ്പെടുന്നുണ്ടെങ്കിൽത്തന്നെ അല്ലാഹുവും അവന്റെ റസൂലും പ്രിയപ്പെട്ട ലക്ഷ്യമാണെന്ന നിലയിലല്ല, ആ സ്മരണകൊണ്ട് വല്ല കാര്യസാധ്യവും ഉണ്ടാകുമെന്ന നിലയ്ക്കാ ണ്. എന്നാൽ, അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും അവന്റെ വലിയ്യുമാരുടെയും അവന്റെ മതത്തിന്റെയും സ്മരണയിൽ മുഴുകി യിരിക്കുന്നവരായി അഹ്മദിയ്യാ ജമാഅത്തിലെ ബഹുഭൂരിപക്ഷം ആളുകളെയും കാണുവാൻ കഴിയും. അഹ്മദികളുടെ ഈ സ്വഭാവ ത്തിൽ മടുപ്പ് തോന്നിയിട്ട് അവർക്ക് ഈയൊരു വിചാരമേയുള്ളു വെന്നു പലപ്പോഴും മറ്റുള്ളവർ പറയുന്നതായും കാണപ്പെട്ടിട്ടുണ്ട്. തീവണ്ടിയിൽ യാത്ര ചെയ്യുമ്പോൾ മറ്റുള്ളവർ സരസസല്ലാപത്തിൽ ഏർപ്പെടുവാനാണ് ഇഷ്ടപ്പെടുന്നതെങ്കിൽ അവിടെയും ഒരു അഹ്മദിക്ക് അല്ലാഹുവിനെയും അവന്റെ റസൂലിനെയും അവന്റെ മതത്തെയും സംബന്ധിച്ച ചർച്ചയിലാണ് താൽപര്യം കാണുക. ചുരുക്കത്തിൽ, യഥാർത്ഥമായ ഒരു പ്രേമി ഏതുവിധം എല്ലാ സമ യത്തും അവന്റെ പ്രേമഭാജനത്തിന്റെ സ്മരണയിൽ സംതൃപ്തി കണ്ടെത്തുന്നുവോ അതേവിധം അഹ്മദിയ്യാ ജമാഅത്തിലെ അധി കം വ്യക്തികളും അല്ലാഹുവിനേയും അവന്റെ റസൂലിനെയും അവ ന്റെ ദീനിനെയും സംബന്ധിച്ച സ്മരണയിലാണ് സംതൃപ്തി കണ്ടെ ത്തുന്നത്. മറ്റുള്ളവർ മതകാര്യങ്ങളെപ്പറ്റി കേവലം അശ്രദ്ധരായി രിക്കുകയോ, അഥവാ സ്നേഹത്തിന്റെ വാസനാലേശമില്ലാതെ

കേവലം ശുഷ്കമായ വിധത്തിൽ സ്വാർത്ഥലാഭത്തിനു വേണ്ടി സ്മരിക്കുകയോ ചെയ്യുന്നവരാണെങ്കിൽ, അല്ലാഹുവിന്റെ കൃപയാൽ അഹ്മദികളുടെ ഓരോ പ്രവൃത്തിയിൽനിന്നും അല്ലാഹുവിനോടും അവന്റെ റസൂലിനോടും അവന്റെ മതത്തോടുമുള്ള സ്നേഹത്തിന്റെയും പ്രേമത്തിന്റെയും നറുമണം വീശുകയാണ് ചെയ്യുന്നത്. സ്നേഹം മറച്ചുവെക്കാൻ കഴിയുന്ന ഒരു വികാരമല്ല. സ്നേഹിക്കുന്നവന്റെ ഓരോ പ്രവൃത്തിയുമെന്നുവേണ്ട ഓരോ ചലനവും അവന്റെ സ്നേഹത്തെ വിളിച്ചോതുന്നതാണ്. അവന്റെ നാവ് അവന്റെ രഹസ്യം വെളിപ്പെടുത്തും. അവന്റെ കണ്ണുകൾ അവന്റെ വികാരം തുറന്നുകാട്ടും. അൽഹംദുലില്ലാഹ്, അഹ്മദിയ്യാ ജമാഅത്തിൽ ഈ ലക്ഷണം പ്രത്യക്ഷമായ നിലയിൽ കാണപ്പെടുന്നതാണ്. എന്നാൽ, കാതില്ലാത്തവർ എന്തു കോൾക്കാനും കണ്ണില്ലാത്തവർ എന്തു കാണാനും ഹൃദയമില്ലാത്തവർ എന്തു മനസ്സിലാക്കാനുമാണ്?

## അഞ്ചാമത്തെ അടയാളം

സത്യവിശ്വാസത്തിന്റെ അഞ്ചാമത്തെ അടയാളം സത്യവിശ്വാസി സത്യവിശ്വാസത്തിനുവേണ്ടി സർവ്വസ്വവും ബലി കഴിക്കാൻ സന്നദ്ധനായിരിക്കുമെന്നതാണ്. തന്റെ ധനം, ബന്ധുമിത്രാദികൾ, ജീവൻ, അന്തസ്സ് തുടങ്ങിയ സർവ്വസ്വവും ബലികഴിക്കാൻ അയാൾ ഒരുക്കമായിരിക്കും. ഒരു സത്യവിശ്വാസിക്ക് തന്റെ വിശ്വാസത്തെയോ തനിക്ക് പ്രിയപ്പെട്ട മറ്റേതെങ്കിലും ഒരു വസ്തുവിനെയോ ഒന്നിച്ച് സ്വീകരിക്കാൻ കഴിയാതിരിക്കുമ്പോൾ അയാൾ സത്യവിശ്വാസത്തെ സ്വീകരിക്കുകയും മറ്റേ വസ്തുവിനെ കൈയൊഴിക്കുകയും ചെയ്യുന്നതാണ്. ഈ അടയാളം മുൻനിറുത്തി നോക്കുകയാണെങ്കിലും അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് ശരിയായ അർത്ഥത്തിൽ സത്യവിശ്വാസികളുടെ ജമാഅത്തെന്ന് മനസ്സിലാക്കാം. എന്തെന്നാൽ, അഹ്മദിയ്യാ ജമാഅത്തിലെ ബഹുഭൂരിപക്ഷം അംഗങ്ങളും സത്യവിശ്വാസം വമ്പിച്ച വിലകൊടുത്തു വാങ്ങിയവരാണെന്നുള്ളത് പരമാർത്ഥം മാത്രമാകുന്നു. സത്യവിശ്വാസത്തിനുവേണ്ടി ആ ജമാഅത്ത് ചെയ്യുന്ന ധനസംബന്ധമായ ത്യാഗത്തെപ്പറ്റി മുകളിലൊരിടത്ത് പ്രതിപാദിച്ചിട്ടുണ്ട്. അങ്ങേയറ്റം സാധുക്കളും ദരിദ്രരുമായിരുന്നിട്ടും ആ ജമാഅത്ത് എങ്ങനെയാണ് ഇസ്ലാംമത പ്രചാരണത്തിനുവേണ്ടി ലക്ഷക്കണക്കിലുറുപ്പിക ചെലവ് ചെയ്യു

ന്നതെന്ന് അതിൽ നിന്ന് മനസ്സിലാക്കാൻ കഴിയും. മിക്കവാറും എല്ലാവരും തങ്ങളുടെ വരവിൽ പതിനാറിലൊരംശം കൃത്യമായി മതസേവനത്തിനുവേണ്ടി നല്കുന്നവരാണ്. വരുമാനത്തിൽ പത്തിലൊന്നു കൊടുക്കുന്നവരും ഒട്ടധികമുണ്ട്. അഞ്ചിലൊന്ന് കൊടുക്കുന്നവരും വളരെപ്പേരുണ്ട്. മൂന്നിലൊന്ന് കൊടുക്കുന്നവരും അനേകരുണ്ട്. ചിലർ ജീവിക്കാൻ ആവശ്യമായതിലധികം തങ്ങൾക്കുവേണ്ടി ചെലവ് ചെയ്യുന്നത് നിഷിദ്ധമാക്കിയവരാകുന്നു. ഇങ്ങനെ ചെയ്യുന്നതുതന്നെയും അവരോട് അതിലധികം ആവശ്യപ്പെടാത്ത അവസ്ഥയിലാണ്. എന്തെന്നാൽ ജമാഅത്തിന്റെ ചില സമ്മേളനങ്ങളിൽ വെച്ച് ദീനിന് ആവശ്യം നേരിടുകയാണെങ്കിൽ തങ്ങളുടെ സർവ്വസ്വവും നല്കാൻ ഒരുക്കമാണെന്ന് പല അഹ്മദികളും സന്തോഷപൂർവ്വം പറഞ്ഞ അനുഭവം പലപ്പോഴുമുണ്ടായിട്ടുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ വർദ്ധിച്ച ചെലവ് നിമിത്തം ബയ്ത്തുൽമാലിന് അസാധാരണമായ വിഷമം നേരിട്ടപ്പോൾ തങ്ങളുടെ എല്ലാ സ്വത്തുക്കളും നല്കാൻ ഒരുക്കമാണെന്ന് കാണിച്ചുകൊണ്ട് അനേകർ ജമാഅത്തിന്റെ ഇമാമായ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമന് എഴുതുകയുണ്ടായി. ബന്ധുക്കളെ ത്യാഗം ചെയ്യേണ്ട അവസരവും ആയിരക്കണക്കിൽ അഹ്മദികൾക്ക് നേരിട്ടിട്ടുണ്ട്. അൽഹംദുലില്ലാഹ്, ആ അവസരങ്ങളിലെല്ലാം മിക്കവാറും എല്ലാവരും ആ പരീക്ഷയിൽ ജയിക്കുകയാണ് ചെയ്തത്. ചിലർക്ക് സത്യവിശ്വാസത്തിനുവേണ്ടി തങ്ങളുടെ പിതാക്കളെ കൈയൊഴിക്കേണ്ടി വന്നപ്പോൾ, അതായത് അവരുടെ അഭീഷ്ടത്തെ ബലികഴിക്കേണ്ടി വന്നപ്പോൾ, അല്ലാഹുവിനുവേണ്ടി അവർ പിതാക്കളെ കൈയൊഴിക്കുകയും സത്യവിശ്വാസത്തെ സ്വീകരിക്കുകയും ചെയ്തു. മറ്റുചിലർ തങ്ങളുടെ മക്കളെയും ഭാര്യമാരെയും ഉപേക്ഷിച്ചുകൊണ്ട് സത്യവിശ്വാസം കൈവെടിയാതിരുന്നിട്ടുണ്ട്. അവർ അല്ലാഹുവുമായുള്ള ബന്ധത്തിനുവേണ്ടി ലൗകികമായ ബന്ധങ്ങളെ ബലിയർപ്പിക്കുകയാണ് ചെയ്തത്. അതിനുള്ള ഉദാഹരണങ്ങൾ ദശക്കണക്കിലോ ശതക്കണക്കിലോ അല്ല, ആയിരക്കണക്കിൽതന്നെ കാണിക്കാൻ കഴിയും.

തങ്ങളുടെ മുഴുവൻ കഴിവുകളും മതത്തിനുവേണ്ടി സമർപ്പിക്കുകയെന്ന നിലയിൽ ജീവത്യാഗം ചെയ്തവർ ഒട്ടേറെയുണ്ട്. എന്നാൽ, യഥാർത്ഥമായ ജീവത്യാഗത്തിനുള്ള സന്ദർഭം അഹ്മ

ദികൾക്ക് ഇന്ത്യയിൽ നേരിട്ടിട്ടില്ല. കാരണം, ഇന്ത്യയിൽ മതസ്വാതന്ത്ര്യം നല്കിയിട്ടുള്ള സമാധാനപരമായ ഉറച്ചൊരു ഭരണകൂടമാണുള്ളത്. ആ ഭരണകൂടം കൊള്ള, കൊല, കലഹം മുതലായ അക്രമങ്ങളെ അനുവദിക്കുന്നില്ല. അതിനാൽ ഇന്ത്യയിൽ രക്തപരീക്ഷയിൽനിന്ന് അല്ലാഹു അഹ്മദികളെ രക്ഷിച്ചിരിക്കുകയാണ്. എങ്കിലും ശാരീരികമായ പീഡനങ്ങളും ദണ്ഡനങ്ങളും അനുഭവിക്കേണ്ട അനേകം സന്ദർഭങ്ങൾ അവർക്ക് ഇവിടെയും നേരിട്ടിട്ടുണ്ട്. ആ സന്ദർഭങ്ങളിലെല്ലാം സസന്തോഷം പീഡനങ്ങൾ സഹിച്ചുകൊണ്ട് തങ്ങൾ എല്ലാ വിധത്തിലുള്ള ശാരീരിക ത്യാഗത്തിനും സന്നദ്ധരാണെന്ന് അവർ തെളിയിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ഇന്ത്യയ്ക്ക് പുറത്ത് അഹ്മദികൾക്ക് ജീവത്യാഗം ചെയ്യേണ്ട സന്ദർഭം നേരിടുകയുണ്ടായിട്ടുണ്ട്. ആ സന്ദർഭത്തിൽ ഹദ്റത്ത് അഹ്മദി(അ)ന്റെ അനുയായികൾ എത്ര ക്ഷമയോടും സന്തോഷത്തോടും കൂടിയാണ് ആ പരീക്ഷ സ്വീകരിച്ചതെന്ന് ഒരുപക്ഷേ, വായനക്കാർ അറിഞ്ഞിട്ടുണ്ടാവാം. അഫ്ഗാനിസ്ഥാൻ അമീർ അബ്ദുൽ റഹ്മാന്റെയും അമീർ ഹബീബുല്ലാഖാന്റെയും ഭരണകാലത്ത് രണ്ട് പുണ്യാത്മാക്കൾ അഹ്മദിയായെന്ന കാരണത്താൽ മാത്രം ഏറ്റവും നിഷ്ഠൂരമായ വിധത്തിൽ കൊല്ലപ്പെടുകയുണ്ടായി. അവരിൽ ഒരാളായ ഹദ്റത്ത് മൗലാനാ സയ്യിദ് അബ്ദുല്ലത്തീഫ് സാഹിബ്, മതപാണ്ഡിത്യം സംബന്ധിച്ചു ഏറ്റവും ഉന്നതനിലയിലുള്ള ഒരു മാന്യനായിരുന്നതിന് പുറമെ ലൗകികമായ നിലയിലും ബഹുമാന്യനായൊരു പ്രമാണിയും ആയിരക്കണക്കിലാളുകളുടെ ഇമാമുമായിരുന്നു. അവരിരുവരും മരണം സ്വീകരിച്ചെങ്കിലും സത്യവിശ്വാസം കൈവിടാൻ ഇഷ്ടപ്പെട്ടില്ല. ഹദ്റത്ത് മൗലാനാ സയ്യിദ് അബ്ദുൽലത്തീഫ് സാഹിബിന്റെ പദവി അത്രമേൽ ഉന്നതമായിരുന്നു- അമീർ ഹബീബുല്ലാഖാന്റെ കിരീടധാരണകർമ്മം നടത്തിയത് അദ്ദേഹമായിരുന്നു. രാജകീയ ദർബാറിൽ അദ്ദേഹത്തിന് വളരെയധികം സ്വാധീനമുണ്ടായിരുന്നു. എന്നാൽ, ലോകത്തു നിന്ന് ഉയർത്തപ്പെട്ടുപോയ സത്യവിശ്വാസം ഹദ്റത്ത് അഹ്മദിന്റെ മാർഗ്ഗത്തിൽകൂടി അല്ലാഹു അദ്ദേഹത്തിനു നല്കിയപ്പോൾ ആ സത്യവിശ്വാസത്തിനുവേണ്ടി എല്ലാ ലൗകിക പദവികളും അദ്ദേഹം പരിത്യജിക്കുകയും ഒടുവിൽ ജീവനെപ്പോലും ബലിയർപ്പിക്കുകയും ചെയ്തു. അഹ്മദിയ്യത്തിൽനിന്ന് പിന്തിരിയുകയാണെങ്കിൽ അദ്ദേഹത്തെ മുമ്പേയെന്നപോലെ മാന്യനാക്കാമെന്നും അദ്ദേഹത്തിന്റെ

പദവി വർദ്ധിപ്പിക്കാമെന്നും അമീർ ഹബീബുല്ലാഖാൻ അദ്ദേഹ ത്തിന് അടിക്കടി ഉറപ്പു നല്കുകയും അല്ലാത്തപക്ഷം അദ്ദേഹ ത്തിന്റെ ശിക്ഷ മരണമായിരിക്കുമെന്ന് താക്കീത് നല്കുകയും ചെയ്തു. തന്റെ ആത്മാവിനോട് അനുകമ്പയില്ലെങ്കിൽ ഭാര്യാസ ന്താനങ്ങളോടെങ്കിലും അനുകമ്പ തോന്നി തന്റെ ഈ അഭിപ്രായ ത്തിൽ നിന്ന് പിന്തിരിയണമെന്നു ഹബീബുല്ലാഖാൻ അദ്ദേഹ ത്തോട് ഉപദേശിക്കുകയുണ്ടായി. എന്നാൽ, സത്യവിശ്വാസത്തേ ക്കാൾ യാതൊന്നിനും പ്രാധാന്യം നല്കാൻ കഴിയുകയില്ലെന്ന ഒരേയൊരു മറുപടിയാണ് അദ്ദേഹം നല്കിയത്.

فاقض ما انت قاض انّما تقضى هٰذه الحيٰوة الدّنيا

താങ്കൾ ഇഷ്ടമുള്ളത് ചെയ്തുകൊള്ളുക. ഏതായാലും താങ്ക ളുടെ വിധി ഈ ലോകത്തെ മാത്രം ബാധിക്കുന്ന ഒന്നാണ്.

ഒടുവിൽ, കാബൂളിലെ മൗലവിമാർ അദ്ദേഹത്തിന്റെമേൽ കുഫ്റിന്റെ ഫത്വ നല്കിയിരിക്കുന്നതും സത്യവിശ്വാസത്തിൽ നിന്ന് അദ്ദേഹത്തെ പിന്തിരിപ്പിക്കാൻ പ്രലോഭനങ്ങളും ഭീഷണി കളും പര്യാപ്തമാകാത്തതും കണ്ടപ്പോൾ അദ്ദേഹത്തെ ശരീരത്തി ന്റെ മധ്യഭാഗംവരെ മണ്ണിൽ കുഴിച്ചിട്ടു. അതിനുശേഷം വീണ്ടും അമീർ അദ്ദേഹത്തിന്റെ അടുക്കൾ ചെന്ന് ഇനിയും തന്റെ അഭി പ്രായത്തിൽനിന്ന് മടങ്ങുവാൻ സമയമുണ്ടെന്ന് അദ്ദേഹത്തോട് പറ ഞ്ഞു. അതിനും, വിശ്വാസം വിൽക്കുവാൻ താൻ ഒരുക്കമില്ലെന്നുള്ള മറുപടിയാണ് അദ്ദേഹം നല്കിയത്. അപ്പോൾ അദ്ദേഹത്തിന്റെ നേരെ കല്ലെറിയുവാൻ അമീർ കല്പിച്ചു. അതനുസരിച്ച് നാനാഭാ ഗത്തുനിന്നും അദ്ദേഹത്തിനുനേരെ കല്ലെറിയാൻ തുടങ്ങി. എന്നാ ൽ, കണ്ടവർ പറയുന്നു. ആ രക്തസാക്ഷി 'അയ്യോ' എന്നു വിളി ക്കുകപോലും ചെയ്തില്ലെന്ന്. അവസാനം, നിരപരാധിയും മർദ്ദി തനുമായ ആ ദൈവഭക്തന്റെ ആത്മാവ് കീഴ്ലോകത്തുനിന്ന് മേൽ ലോകത്ത് പറന്നുപോയി. ഇതുപോലെതന്നെ ഇതിനുമുമ്പേ മൗ ലാനാ സയ്യിദ് അബ്ദുൽ ലത്തീഫ് സാഹിബിന്റെ ശിഷ്യനായിരു ന്ന മൗലാനാ അബ്ദുർറഹ്മാൻഖാൻ സാഹിബും അഫ്ഘാൻ അമീർ അബ്ദുർറഹ്മാൻഖാന്റെ കൽപനപ്രകാരം കൊല്ലപ്പെട്ടിട്ടു ണ്ടായിരുന്നു. അദ്ദേഹവും കൊല്ലപ്പെടാൻ ഇഷ്ടപ്പെട്ടതല്ലാതെ സത്യ വിശ്വാസം കൈയൊഴിക്കാൻ ഒരുങ്ങിയില്ല. പിന്നീട് അമീർ അമാ നുല്ലാഖാന്റെ ഭരണകാലത്തും അഹ്മദിയായ കാരണത്താൽ മാത്രം

ഒരു യുവഭക്തനായിരുന്ന മൗലവി നിഅ്മത്തുല്ലാഖാൻ സാഹിബ്* കല്ലെറിഞ്ഞു കൊല്ലപ്പെടുകയുണ്ടായി. അദ്ദേഹവും സാഹിബ് സാദാ മൗലാനാ അബ്ദുല്ലത്തീഫ് സാഹിബിനെപ്പോലെത്തന്നെ ആത്മത്യാഗത്തിന്റെ ഏറ്റവും ഉത്ക്കൃഷ്ടമായ മാതൃക കാണിക്കുകയും തന്റെ വിശ്വാസത്തിൽ ഒരു പർവ്വതംപോലെ ഉറച്ചുനില്ക്കുകയും ചെയ്തു. ഇതുപോലെതന്നെ മൗലവി അബ്ദുൽ ഹലീം സാഹിബും മൗലവി നൂർഅലി സാഹിബും, അമാനുല്ലാഖാന്റെ ഭരണകാലത്തുതന്നെ വധിക്കപ്പെടുകയുണ്ടായി. അവരെല്ലാവരും ഏറ്റവും ഉത്ക്കൃഷ്ടമായ മാതൃക കാണിക്കുകയും ചെയ്തു (മൗലവി അബ്ദുല്ലത്തീഫ് സാഹിബിന്റെ വധസംഭവമറിയാൻ ആഗ്രഹിക്കുന്നവർ കാബൂളിലെ എഞ്ചിനീയർ ഇൻ ചീഫായിരുന്ന മിസ്റ്റർ മാർട്ടിൻ എഴുതിയ 'അണ്ടർ ദി അബ്സല്യൂട്ട് അമീർ' എന്ന ഗ്രന്ഥം വായിക്കുക).

ചുരുക്കത്തിൽ അഹ്മദിയ്യാ ജമാഅത്ത് എല്ലാ വിധത്തിലുള്ള ത്യാഗങ്ങൾകൊണ്ടും തങ്ങൾക്ക് ഏറ്റവുമധികം പ്രിയപ്പെട്ടത് സത്യവിശ്വാസമാണെന്ന വസ്തുതയ്ക്ക് മുദ്ര കുത്തിയിരിക്കുന്നു. അതിനുവേണ്ടി ലൗകികമായ എല്ലാ വസ്തുക്കളെയും ബലിയാക്കുവാൻ അവർ ഒരുക്കമാണ്. അതിനാൽ ഏതൊരു സത്യവിശ്വാസത്തെപ്പറ്റി അത് ലോകത്തുനിന്ന് ഏടുക്കപ്പെട്ടു പോകുമെന്നും എന്നാൽ, മസീഹ് മൗഊദ് അതിനെ വീണ്ടും ലോകത്തുകൊണ്ടുവന്ന് സ്ഥാപിക്കുമെന്നും നബിതിരുമേനി പ്രവചിച്ചിരുന്നുവോ ആ സത്യവിശ്വാസം അഹ്മദിയ്യാ ജമാഅത്തിൽ ഉണ്ടെന്ന് തെളിഞ്ഞിരിക്കുന്നു. അല്ലാഹുവിനു സ്തുതി, ഈ വിധത്തിലും മസീഹ് മൗഊദിന്റെ അടയാളം ഹദ്റത്ത് അഹ്മദി(അ)ൽ പൂർത്തിയായിരിക്കുന്നു.

## അല്ലാഹുവിന്റെ സാക്ഷ്യമുദ്ര

ഇവിടെ മറ്റൊരു കാര്യംകൂടി ഓർമ്മവെക്കേണ്ടതുണ്ട്. സത്യവിശ്വാസത്തിന് ഒരു ദാസന്റെ ഭാഗത്തു നിന്നുണ്ടായിരിക്കേണ്ടത് മേൽപറഞ്ഞ അഞ്ച് അടയാളങ്ങളാണ്. ഏതൊരാളിൽ ഈ അടയാളങ്ങൾ കാണപ്പെടുന്നുവോ അയാൾ സത്യവിശ്വാസിയാണെന്നു തെളിയുന്നതുമാണ്. എന്നാൽ, ഇവയ്ക്കു പുറമെ മറ്റൊരു അടയാളം കൂടിയുണ്ട്. അത് ഈ അടയാളങ്ങളെ സത്യപ്പെടുത്തുന്ന

* ഇദ്ദേഹം മൗലാനാ ബി. അബ്ദുല്ലാ സാഹിബ് എച്ച്.എ(റഹ്)യുടെ സഹപാഠിയായിരുന്നു (വിവ.).

ഒരു മുദ്രയാണ്. ആ അടയാളമുദ്ര കുത്തിക്കഴിഞ്ഞാൽ യാതൊരു വിധമായ സംശയത്തിനും ഇടയുണ്ടാകുന്നതല്ല. അതിതാണ്- എപ്പോൾ അടിയാൻ സത്യവിശ്വാസം കൈക്കൊള്ളുന്നുവോ അപ്പോൾ അല്ലാഹു സത്യവിശ്വാസികൾക്ക് വാഗ്ദാനം നല്കിയ വിധത്തിൽ അവനോട് പെരുമാറുന്നതാണ്. ഉദാഹരണമായി, അല്ലാഹു പറയുകയാണ്:-

إِنَّا لَنَنْصُرُ رُسُلَنَا وَالَّذِينَ آمَنُوا فِي الْحَيٰوةِ الدُّنْيَا

لَهُمُ الْبُشْرٰى فِي الْحَيٰوةِ الدُّنْيَا

"ഇഹത്തിലും നാം നമ്മുടെ ദൂതന്മാരേയും സത്യവിശ്വാസികളേയും സഹായിച്ചുകൊണ്ടിരിക്കും" (വി.ഖു, 40:52). "അവർക്ക് ഈ ലോകജീവിതത്തിൽതന്നെ ദർശനങ്ങളും ഇൽഹാമുകളും വഴിയായി നമ്മിൽനിന്നുള്ള സുവിശേഷം ലഭിച്ചുകൊണ്ടിരിക്കും" (വി. ഖു. 10:65).

അല്ലാഹുവിൽനിന്ന് സത്യവിശ്വാസിക്ക് ഈ ലോകത്ത് വെച്ചു കിട്ടുന്ന സാക്ഷ്യപത്രമാണത്. അതിനുശേഷം അയാളുടെ സത്യവിശ്വാസത്തെപ്പറ്റി സംശയിക്കുന്നത് അങ്ങേയറ്റം വിഡ്ഢിത്തമായിരിക്കും. ആദ്യത്തെ അഞ്ച് അടയാളങ്ങൾ സത്യവിശ്വാസിയുടെ ഭാഗത്തുനിന്ന് പൂർണ്ണമായി പ്രത്യക്ഷപ്പെടുകയാണെങ്കിൽ ഈ അടയാളം അല്ലാഹുവിന്റെ ഭാഗത്തുനിന്നും പ്രത്യക്ഷപ്പെടുന്നതാകുന്നു. സത്യവും അസത്യവും തമ്മിൽ കൂട്ടിക്കുഴയാതിരിക്കുന്നതിനു വേണ്ടി ഈ ഒടുവിലത്തെ അടയാളവും ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. എന്തെന്നാൽ, ബുദ്ധിമാൻമാർക്ക് മനസ്സിലാക്കാൻ കഴിയുമെങ്കിലും, പൊതുജനങ്ങളെ വഞ്ചിക്കാൻ വേണ്ടിയോ അല്ലെങ്കിൽ തന്നെത്താൻ വഞ്ചിക്കാൻ വേണ്ടിയോ മനുഷ്യൻ, അവനിൽ സത്യവിശ്വാസത്തിന്റെ ലക്ഷണങ്ങൾ ഇല്ലാതിരുന്നിട്ടും അതുണ്ടെന്ന് ചിലപ്പോൾ വിചാരിക്കുന്നു. അല്ലെങ്കിൽ മറ്റു വല്ലരെയും പറ്റി അവരിൽ സത്യവിശ്വാസത്തിന്റെ ലക്ഷണങ്ങൾ ഉള്ളതിനോട് കൂടിത്തന്നെ അതില്ലെന്ന് വിചാരിച്ചു കളയുന്നു. ഈ അവസ്ഥകളിൽ, അല്ലാഹുവിന്റെ ഭാഗത്തുനിന്ന് പ്രത്യക്ഷമാകുന്ന ഒടുവിലത്തെ ഈ അടയാളം നിർണ്ണായകമായ ഒരുപാധിയാണ്. ഈ അടയാളത്തെ മുൻനിറുത്തി നോക്കിയാലും അല്ലാഹു സത്യവിശ്വാസമെന്ന്

പറഞ്ഞിട്ടുള്ള ആ യഥാർത്ഥ സത്യവിശ്വാസത്തിൽ ഉറച്ചു നില്ക്കുന്നത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണെന്ന് സൂര്യപ്രകാശം പോലെ കാണാവുന്നതാണ്. ഹദ്റത്ത് അഹ്മദി(അ)നെ ഏതുവിധത്തിലാണ് അദ്ദേഹത്തിന്റെ ശത്രുക്കൾക്കെതിരായി ദൈവികസഹായം വിജയിപ്പിച്ചതെന്നതിന്റെ ചുരുങ്ങിയ വിവരണം മുമ്പേ ചേർത്തിട്ടുണ്ട്. അതേപ്രകാരം അഹ്മദികളുടെ സ്ഥിതിയെപ്പറ്റി വീക്ഷിക്കുകയാണെങ്കിലും, ദൈവസഹായവും സഹായം സംബന്ധിച്ച വാഗ്ദാനവും അവരോടുകൂടി പ്രവർത്തിക്കുന്നത് വ്യക്തമായി കാണാൻ കഴിയും. അല്ലാഹുവിന്റെ കാരുണ്യം കൊണ്ട്, ലക്ഷക്കണക്കിൽ അഹ്മദികൾ അവരുടെ ജീവിതത്തിൽ ഏതെങ്കിലുമൊരു വിധത്തിൽ ആ ദൈവസഹായം ദർശിച്ചിട്ടുള്ളവരാണ്. അല്ലാഹു സത്യദർശനങ്ങൾകൊണ്ടും കശ്ഫുകൾകൊണ്ടും ഇൽഹാമുകൾകൊണ്ടും അനുഗ്രഹിച്ച അഹ്മദികളാവട്ടെ, ആയിരക്കണക്കിലുണ്ട്.

ذٰلِكَ فَضْلُ اللّٰهِ يُؤْتِيْهِ مَنْ يَّشَآءُ وَاللّٰهُ ذُو الْفَضْلِ الْعَظِيْمِ

## ബീജാവാപം പൂർത്തിയായിക്കഴിഞ്ഞു

അല്ലാഹുവിനു നന്ദി. മസീഹ് മൗഊദിന്റെ പത്താമത്തെ അടയാളമായി, അദ്ദേഹം മുഖാന്തരം പൂർത്തിയാകുമെന്ന് പറയപ്പെട്ടിരിക്കുന്ന പ്രവൃത്തി ഹദ്റത്ത് അഹ്മദ്(അ) മുഖേന പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നുവെന്ന് ഞാൻ ഇതിനകം തെളിയിച്ചിരിക്കുന്നു. അതുകൊണ്ട് അദ്ദേഹത്തിനുശേഷം മറ്റൊരു മസീഹിനെയും മഹ്ദിയെയും കാത്തിരിക്കേണ്ട കാരണം ശേഷിക്കുന്നില്ല, അല്ലാഹുവിന്റെ പ്രവൃത്തി ഒരിക്കലും ഉദ്ദേശ്യരഹിതമായിരിക്കില്ല. മസീഹിനും മഹ്ദിക്കും നിശ്ചയിക്കപ്പെട്ട പ്രവൃത്തി ഹദ്റത്ത് അഹ്മദ്(അ) മുഖാന്തരം അവൻ പൂർത്തിയാക്കിയെങ്കിൽ മറ്റാരെങ്കിലും വന്നു അതേ പ്രവൃത്തിതന്നെ വീണ്ടും ചെയ്യുമെന്ന് വിചാരിക്കുന്നത് നിരർത്ഥവും അസംബന്ധവുമാണ്. വൃക്ഷം അതിന്റെ ഫലം കൊണ്ടാണ് അറിയപ്പെടുന്നത്. ഹദ്റത്ത് അഹ്മദി(അ)ന്റെ വൃക്ഷം മസീഹിന്റെയും മഹ്ദിയുടെയും ഫലം ഉൽപ്പാദിപ്പിച്ചുവെങ്കിൽ അദ്ദേഹത്തെ മസീഹും, മഹ്ദിയുമായി വിശ്വസിക്കാതിരിക്കുന്നവർ അവരുടെ പര്യവസാനത്തെക്കുറിച്ച് ആലോചിച്ചുകൊള്ളട്ടെ.

ആ പ്രവൃത്തിയുടെ ലക്ഷണം പരിപൂർണ്ണമായ നിലയിൽ ഇതു

വരെയും പ്രത്യക്ഷമായിട്ടില്ലെന്നും ഫലത്തെ സംബന്ധിച്ചിടത്തോളം അതിന്റെ പരിധി വളരെ പരിമിതമാണെന്നും പറയുന്നത് അവിവേകമാണ്. നബിമാരുടെയും റസൂൽമാരുടെയും പ്രവൃത്തി വിത്തു വിതയ്ക്കുക എന്നത് മാത്രമാണ്. അത് പിന്നീടാണ് മുളയ്ക്കുകയും വളരുകയും പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യുന്നത്. അതിനാൽ, നബിമാർക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള പണി അവരുടെ ജീവിതത്തിൽ ഒരിക്കലും പൂർത്തിയാവുകയില്ല. അവരുടെ കൈയാൽ ബീജാവാപം മാത്രമെ നടക്കുകയുള്ളൂ. ഇത് എല്ലാ നബിമാരുടെയും കാലത്ത് കാണാവുന്ന ഒരു വഴക്കമാണ്. നോക്കുക, നബി തിരുമേനിയുടെ ആഗമനോദ്ദേശ്യത്തെപ്പറ്റി ***ലയകൂന ലിൽആലമീന നദീറാ*** എന്നും ***ലി യുള്ഹിറഹൂ അലദ്ദീനി കുല്ലിഹി*** എന്നുമാണ് വിശുദ്ധ ഖുർആൻ പറയുന്നത്. അതിന്റെ അർത്ഥം എല്ലാ ജനതകൾക്കും തന്റെ സന്ദേശം എത്തിക്കാനും മുഴുവൻ ലോകത്തിനും പ്രബോധകനായിരിക്കാനും വേണ്ടിയാണ് നാം ഈ റസൂലിനെ അയച്ചിട്ടുള്ളതെന്നും (വി.ഖു. 25:2). ഇസ്‌ലാമിനെ മറ്റെല്ലാ മതങ്ങൾക്കുമെതിരിൽ വിജയിപ്പിക്കാൻ വേണ്ടിയാണ് നാം  ഈ റസൂലിനെ അയച്ചിട്ടുള്ളതെന്നും (വി.ഖു. 9:33) ആകുന്നു. അതുപോലെത്തന്നെ താൻ കറുത്തവർക്കും വെളുത്തവർക്കും അല്ലാഹുവിന്റെ സന്ദേശവും കൊണ്ടുവന്ന ആളാണെന്ന് നബിതിരുമേനി പറഞ്ഞതായി ഹദീഥിലും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ, നബിതിരുമേനിയുടെ ജീവിതകാലത്ത് അദ്ദേഹത്തിന്റെ  സന്ദേശം ലോകം മുഴുവൻ വ്യാപിക്കുകയുണ്ടായോ? എല്ലാ ജനതകൾക്കും അദ്ദേഹം പ്രബോധനം നല്കുകയുണ്ടായോ? എല്ലാ മതങ്ങളുമായും അദ്ദേഹം ഏറ്റുമുട്ടുകയുണ്ടായോ? ഒരിക്കലുമില്ല. നേരെമറിച്ച്, അദ്ദേഹത്തിന്റെ ജീവിതകാലത്ത് അദ്ദേഹത്തിന്റെ സന്ദേശം അറേബ്യയിലും അതിനോട് തൊട്ടടുത്ത ഏതാനും രാജ്യങ്ങളിലും മാത്രമെ എത്തിയിരുന്നുള്ളൂ. ലോകത്തിന്റെ ഭൂരിപക്ഷപ്രദേശത്തും അനേകം ജനതകളിലും പല മതാനുയായികളിലും അദ്ദേഹത്തിന്റെ പേർ പോലും എത്തിയിട്ടുണ്ടായിരുന്നില്ല. അതുകൊണ്ട് (നഊദുബില്ലാഹ്) അദ്ദേഹം വിജയിച്ചില്ലെന്നും അദ്ദേഹം ഏതൊരു പ്രവൃത്തിക്കായി നിയോഗിക്കപ്പെട്ടുവോ ആ പ്രവൃത്തി പൂർത്തിയായില്ലെന്നും പറയാനാകുമോ? ഒരിക്കലുമില്ല. ലോകത്ത് തുല്യത കാണാൻ കഴിയാത്ത വിജയമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അതിനാൽ, ഏതെങ്കിലും ഒരു നബിക്കോ റസൂലിനോ നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രവൃത്തി അദ്ദേഹത്തിന്റെ ജീവിതകാലത്ത് പരിപൂർണ്ണമായി നിറ

വേറ്റപ്പെടാറില്ലെന്നും നേരെമറിച്ച് അദ്ദേഹം മുഖേന ആ പ്രവൃത്തിയുടെ ബീജാവാപം മാത്രമെ നടക്കാറുള്ളൂവെന്നും അതിനു ശേഷം അദ്ദേഹത്തിന്റെ ഖലീഫമാരും ജമാഅത്തും വഴിയായി അല്ലാഹു ക്രമത്തിൽ ക്രമത്തിൽ ആ പ്രവൃത്തി പൂർത്തിപ്പെടുത്താറാണ് പതിവെന്നും ഇതിൽനിന്ന് വ്യക്തമാകുന്നു. ഏതെങ്കിലും റസൂലിന്റെ ജീവിതത്തിൽ ആ ബീജാവാപപ്രവർത്തനത്തിന്റെ ലക്ഷണം കാണപ്പെടുന്നില്ലെങ്കിൽ കാര്യം നിശ്ചയമായും സംശയഗ്രസ്തമായിത്തീരുന്നതാണ്. എന്നാൽ, മസീഹിനും മഹ്ദിക്കും നിശ്ചയിക്കപ്പെട്ടിരുന്ന ആ മഹത്തായ പ്രവൃത്തിയുടെ ബീജാവാപപ്രവർത്തനം ഹദ്റത്ത് അഹ്മദ്(അ) മുഖേന പരിപൂർണ്ണമായും നിറവേറിയിട്ടുണ്ടെന്ന് സംശയത്തിനിടമില്ലാത്തവിധം തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. ഇനി ആ ബീജം അല്ലാഹുവിന്റെ സുന്നത്തനുസരിച്ച് വളരുകയും പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യുന്നതാണ്. അതിനെ ഒരാൾക്കും തടുക്കുവാൻ സാധിക്കുകയില്ല.

നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനി അദ്ദേഹത്തിന്റെ പ്രവൃത്തിയുടെ ബീജാവാപം നടത്തി. അത് കാണുവാനും മനസ്സിലാക്കുവാനും ശ്രമിക്കാതെ അദ്ദേഹത്തെ നിഷേധിച്ചവർ അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് ദൂരപ്പെടുക മാത്രമല്ല, അവന്റെ കോപത്തിന് പാത്രമാവുക കൂടി ചെയ്തു. അതുപോലെതന്നെ ഈ കാലത്തും അദ്ദേഹത്തിന്റെ സേവകനായ ഹദ്റത്ത് അഹ്മദും തന്റെ പ്രവൃത്തിയുടെ ബീജാവാപം നടത്തിയിരിക്കുന്നു. ദൈവനിയുക്തനായ അദ്ദേഹത്തെ തിരിച്ചറിയാതിരിക്കുകയും നിരർത്ഥകമായ കുസൃതികളും കുയുക്തികളും കൊണ്ട് അദ്ദേഹത്തെ അധിക്ഷേപിക്കുകയും നിഷേധിക്കുകയും ചെയ്യുന്നവർ ആരായിരുന്നാലും അവർ അറിഞ്ഞുകൊള്ളട്ടെ, അവരും അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് ദൂരപ്പെടുകയും അവന്റെ കോപത്തിന് പാത്രമാവുകയും ചെയ്യുന്നതാണ്. ഹദ്റത്ത് അഹ്മദ്(അ) പറയുകയാണ്:-

یارو جو مردِ آنے کو تھا وہ تو آچکا — یہ راز تم کو شمس و قمر بھی بتا چکا
اب سال سترہ بھی صدی سے گزر گئے — تم میں سے ہائے سوچنے والے کدھر گئے
تھوڑے نہیں نشاں جو دکھائے گئے تمہیں — کیا پاک راز تھے جو بتائے گئے تمہیں
پر تم نے اُن سے کچھ بھی اٹھایا نہ فائدہ

സ്നേഹിതന്മാരേ, ഏതൊരാൾ വരേണ്ടിയിരുന്നുവോ അയാൾ വന്നു കഴിഞ്ഞു. ഈ രഹസ്യം സൂര്യചന്ദ്രൻമാർ നിങ്ങൾക്ക് കാണിച്ചു തരികയും ചെയ്തു. ഇപ്പോൾ നൂറ്റാണ്ടിൽനിന്ന് പതിനേഴു കൊല്ലം കഴിഞ്ഞുപോയി. നിങ്ങളിൽനിന്ന് ആലോചനാശക്തിയുള്ളവർ എവിടെപ്പോയി? കുറച്ചൊന്നുമല്ല, നിങ്ങൾക്ക് അടയാളങ്ങൾ കാണിച്ചു തന്നിട്ടുള്ളത്. നിങ്ങൾക്ക് കാണിച്ചു തന്നത് എത്ര പരിശുദ്ധമായ രഹസ്യമായിരുന്നു? പക്ഷേ, നിങ്ങൾ അതിൽനിന്ന് യാതൊരു ഫലവുമെടുത്തില്ല. നിങ്ങളാ സുപ്രയെ മുഖം തിരിച്ചു അകറ്റിക്കളയുകയാണ് ചെയ്തത്.

## ജമാഅത്തിന്റെ അഭിവൃദ്ധിയെ സംബന്ധിച്ച ഒരു മഹത്തായ പ്രവചനം

“എനിക്ക് വളരെയധികം മഹത്ത്വം നല്കുമെന്നും എന്നോടുള്ള സ്നേഹം ഹൃദയങ്ങളിൽ കുടിയിരുത്തുമെന്നും എന്റെ ജമാഅത്തിനെ ഭൂമിലോകം മുഴുവൻ പരത്തുമെന്നും എല്ലാ കക്ഷികളുടേയുംമേൽ എന്റെ കക്ഷിയെ വിജയിപ്പിക്കുമെന്നും എന്റെ കക്ഷിയിലെ ആളുകൾ തങ്ങളുടെ സത്യസന്ധതയുടെ പ്രകാശവും തെളിവുകളും ദൃഷ്ടാന്തങ്ങളും മുഖേന എല്ലാവരുടേയും വായടപ്പിക്കും വിധം അറിവിലും ജ്ഞാനത്തിലും പരിപൂർണ്ണത കൈവരിക്കുമെന്നും അല്ലാഹു എന്നെ ആവർത്തിച്ചാവർത്തിച്ച് അറിയിച്ചിരിക്കുന്നു. എല്ലാ ജനതയും ഈ നീരുറവിൽനിന്ന് പാനം ചെയ്യുന്നതാണ്. ഈ ജമാഅത്ത് അതിവേഗം വളരും, പുഷ്പിക്കും എത്രത്തോളമെന്നാൽ, ഭൂമി മുഴുവൻ അത് വലയം ചെയ്യും. നിരവധി തടസ്സങ്ങളുണ്ടാകും. പരീക്ഷണങ്ങൾ വരും. പക്ഷേ, അല്ലാഹു സകലതും ഇടയിൽനിന്ന് നീക്കിക്കളയും. തന്റെ വാഗ്ദാനം അവൻ പൂർത്തിയാക്കും.

## 5. ഒരു താത്ത്വിക സമീക്ഷ

രിവായത്ത് ചെയ്യപ്പെട്ട അടയാളങ്ങളെ സംബന്ധിച്ച ചർച്ച ചുരുങ്ങിയ തോതിൽ നാം നടത്തിക്കഴിഞ്ഞു. എന്നാൽ, ഒരു സംശയ നിവാരണം ബാക്കിയുണ്ട്. അതായത്, മഹ്ദീമസീഹിന്റെ അടയാളങ്ങൾ പൊതുവിൽ ഹദ്റത്ത് അഹ്മദി(അ)ൽ പൂർത്തിയായിട്ടുണ്ടെങ്കിലും രിവായത്ത് ചെയ്യപ്പെട്ട അടയാളങ്ങളുടെ ചില വിശദീകരണങ്ങൾ നിറവേറിയിട്ടില്ലെന്നു പറയുന്നു. അതുപോലെതന്നെ ഹദീഥുകളിൽ നിന്നോ സ്വഹാബത്തിന്റെ പ്രസ്താവനകളിൽ നിന്നോ അനുമാനിച്ചുകൊണ്ടോ അല്ലെങ്കിൽ തങ്ങളുടെ സ്വന്തം അഭിപ്രായത്തെ അടിസ്ഥാനമാക്കിയോ ഉലമാക്കൾ എഴുതിയിട്ടുള്ള സംഗതികളിൽ ചിലതും ഇതുവരെ നിറവേറിയിട്ടില്ലെന്നു പറയപ്പെടുന്നുണ്ട്. ഈ സംശയത്തിനുള്ള മറുപടി ഇതാണ്. ഉലമാക്കളുടെ അഭിപ്രായത്തിനു ഞങ്ങൾ ഉത്തരവാദികളല്ല. എന്നാൽ, രിവായത്തു ചെയ്യപ്പെട്ട യഥാർത്ഥമായ അടയാളങ്ങളെ സംബന്ധിച്ച് രണ്ട് കാര്യങ്ങൾ ഓർമ്മവെക്കേണ്ടതുണ്ട്. ഏതൊരാൾ അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് ആ രണ്ട് കാര്യങ്ങളെപ്പറ്റി ചിന്തിക്കുമോ അയാൾക്ക് നിശ്ചയമായും സത്യം കണ്ടെത്താൻ കഴിയുമെന്നാണ് ഞങ്ങൾ വിചാരിക്കുന്നത്.

ഒന്നാമത്തെ കാര്യം ഇതാണ്. എല്ലാ ദൈവനിയുക്തൻമാരെ സംബന്ധിച്ചും പറയപ്പെട്ടിട്ടുള്ള അടയാളങ്ങൾക്ക് മൊത്തമായ ഒരു താൽപര്യമുണ്ട്. എല്ലാ അടയാളങ്ങളുടെയുംമേൽ ഒന്നായി വീക്ഷണം ചെലുത്തുന്നതുകൊണ്ട് അത് മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ട് രിവായത്ത് ചെയ്യപ്പെട്ട അടയാളങ്ങളുടെ മൊത്തമായ ആ താൽപര്യം എന്താണെന്ന് ഒന്നാമതായി നാം ധരിച്ചിരിക്കണം. രിവായത്തു ചെയ്യപ്പെട്ട അടയാളങ്ങളിൽ നിന്ന്, മഹ്ദീമസീഹിന്റെ ആഗമനത്തിന് നിശ്ചയിക്കപ്പെട്ട ഏതൊരു പൊതുഅവസ്ഥയാണ് മൊത്തത്തിൽ രൂപീകൃതമാകുന്നതെന്ന് നാം മനസ്സിലാക്കണം. ഒന്നുകൂടി വ്യക്തമായി പറയുകയാണെങ്കിൽ, എല്ലാ അടയാളങ്ങളുടെയും അവയുടെ വ്യാഖ്യാനങ്ങളുടെയും മേൽ ഒന്നാകെ വീക്ഷണം ചെലുത്തിക്കൊണ്ടും ദൈവദത്തമായ ബുദ്ധി ഉപയോഗിച്ചുകൊണ്ടും രിവായത്തു ചെയ്യപ്പെട്ട എല്ലാ അടയാളങ്ങളുടെയും

യഥാർത്ഥമായ ഉദ്ദേശ്യവും ലക്ഷ്യവും ജീവനും രത്നച്ചുരുക്കവും കഴമ്പും കാതലുമെന്ന് പറയാവുന്ന ഏതൊരു പൊതു അവസ്ഥ യാണ് അറിയുമാറാകുന്നതെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അങ്ങനെ എല്ലാ അടയാളങ്ങളുടെയും അവയുടെ വ്യാഖ്യാന ങ്ങളുടെയുംമേൽ മൊത്തമായ അവലോകനം നടത്തി ഒരു പൊതു അവസ്ഥ കണ്ടുപിടിച്ചതിനുശേഷം ആ അവസ്ഥയുടെ മുമ്പിൽ വാദിയെ കണ്ടുകൊണ്ട് അദ്ദേഹത്തിന്റെ സത്യത്തെക്കുറിച്ച് തീർപ്പു കൽപിക്കണം. വാദിയുടെ സ്ഥിതി ആ പൊതുതാൽപര്യത്തിന് യോജിച്ചതാവുകയും, പൊതുവായ ആ താൽപര്യത്തെയും അവ സ്ഥയെയും സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ വാദം സംശ യത്തിന്നിടയില്ലാത്തതാവുകയും മറുഭാഗത്ത് ബുദ്ധിപരമായ രേഖ കൾ പ്രത്യേകിച്ച് വിശുദ്ധഖുർആൻകൊണ്ട് സത്യമാണെന്ന് തെളി ഞ്ഞിട്ടുള്ള രേഖകൾ അദ്ദേഹത്തിന്റെ വാദത്തെ സത്യപ്പെടുത്തു കയും ചെയ്യുകയാണെങ്കിൽ വ്യാഖ്യാനം സംബന്ധിച്ച ചില അഭി പ്രായവ്യത്യാസങ്ങളെ നാം അല്ലാഹുവിന്റെ പക്കൽ ഭരമേല്പിക്കു കയും ആ വാദി സത്യവാനാണെന്ന് സമ്മതിക്കുകയും ചെയ്യണം. ഇതാണ് രക്ഷയുടെ വഴി. ഈ വഴിയാണ് സജ്ജനങ്ങൾ എപ്പോഴും സ്വീകരിച്ചിട്ടുള്ളത്.

രിവായത്ത് ചെയ്യപ്പെട്ട അടയാളങ്ങൾ അവയുടെ പൊതു താൽപര്യത്തിന്റെ നിലയിൽ ഒരു വാദിയെ സത്യവാനാണെന്ന് തെളിയിക്കുമ്പോൾ നമ്മുടെ അഭിപ്രായത്തിൽ ചില വ്യാഖ്യാന ങ്ങൾ ഇതുവരെയും നിറവേറിയില്ലെന്ന കാരണത്താൽ മാത്രം നാം അദ്ദേഹത്തെ നിഷേധിക്കുന്നത് നാശത്തിന്റെ വഴിയാണെന്നുള്ളത് പ്രത്യക്ഷമാണ്. എല്ലാ സത്യവിശ്വാസപ്രേമികളും അതിൽനിന്ന് ഒഴിഞ്ഞു നില്ക്കേണ്ടതാകുന്നു. അടയാളങ്ങളുടെ യഥാർത്ഥമായ ജീവൻ അവയുടെ പൊതുതാൽപര്യമാണ്. അതിനാൽ, ആ പൊതു താൽപര്യം വാദിയുടെ സത്യത്തിന് മുദ്ര കുത്തുമ്പോൾ നാം ദൂരെ നിന്ന് വലിച്ചിഴച്ചു കൊണ്ടുവന്ന ചില വ്യാഖ്യാനങ്ങളിന്മേൽ പറ്റി പ്പിടിച്ചു നില്ക്കുന്നതും ആ കാരണത്താൽ, എല്ലാ അടയാളങ്ങളും പൊതുവിൽ സത്യസാക്ഷ്യപ്പെടുത്തിയിട്ടുള്ള വാദിയെ സംബന്ധിച്ച് സംശയിക്കുന്നതും അങ്ങേയറ്റം അവിവേകമായിരിക്കും. രിവായത്ത് ചെയ്യപ്പെട്ട അടയാളങ്ങളുടെ പൊതുതാൽപര്യം തന്നിൽ പൂർത്തി യാക്കുകയെന്നത് ഒരു ഭക്തദാസന്റെ കഴിവിൽ പെട്ട കാര്യമല്ല. എന്നാൽ, വ്യാഖ്യാനങ്ങളെ സംബന്ധിച്ചിടത്തോളം ചില അവസ്ഥ

യിൽ ഒരു ദാസന് അവന്റെ സ്ഥിതി അവയോട് യോജിച്ച നില യിൽ ആക്കിത്തീർക്കാൻ കഴിയുമെന്ന് വിചാരിക്കാവുന്നതാണ്.

അതുകൊണ്ട് പൂർണ്ണമായ മനസ്സാന്നിദ്ധ്യത്തോടും സംതൃപ്തി യോടും കൂടിത്തന്നെ ഞങ്ങൾ പറയുന്നു, ഒരു ഭാഗത്ത് വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദീമസീഹിനെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ നിന്നും സ്വഹീഹായ ഹദീഥുകളിൽനിന്നും എന്തെല്ലാം അടയാള ങ്ങൾ സ്ഥാപിതമാവുന്നുണ്ടോ അവയുടെയെല്ലാം പൊതു താൽ പര്യം വ്യക്തവും ഖണ്ഡിതവുമായ നിലയിൽ ഹദ്റത്ത് അഹ് മദി(അ)ൽ കാണാൻ കഴിയുന്നതാണ്. ഈ കാര്യത്തിൽ, ഖണ്ഡി തമായ രേഖകൾ കൊണ്ടും വ്യക്തമായ തെളിവുകൾ കൊണ്ടും അദ്ദേഹത്തിന്റെ സത്യം സ്ഥാപിക്കാൻ കഴിയുന്നതുമാണ്. മനുഷ്യൻ വിദ്വേഷം കൊണ്ട് അന്ധനാവുകയും ആപൽക്കരമായ ദുർദ്ധാര ണയ്ക്ക് വശംവദനാവുകയും ചെയ്താലല്ലാതെ ആ കാര്യത്തിൽ സംശയത്തിന് ഇടയുണ്ടാവുന്നതല്ല. മറുഭാഗത്ത്, അടയാളങ്ങളുടെ വ്യാഖ്യാനങ്ങളിൽനിന്ന് വലിയൊരു ഭാഗം, അതായത് വിശുദ്ധ ഖുർആൻ പറഞ്ഞിട്ടുള്ള അടയാളങ്ങളുടെ ബഹുഭൂരിഭാഗവും വ്യക്തവും സ്പഷ്ടവുമായ നിലയിൽ പൂർത്തിയായിക്കഴിഞ്ഞിരി ക്കുന്നു. അവശേഷിച്ചിട്ടുള്ള ഭാഗത്തേയും ബുദ്ധിപൂർവ്വമായ വ്യാഖ്യാനംകൊണ്ടും പൂർത്തിയായ ഭാഗത്തോട് യോജിപ്പിക്കാൻ കഴിയും. ഈ അവസ്ഥയിൽ, ഏതെങ്കിലും ശാഖാപരമായ വ്യാഖ്യാ നങ്ങളെ മുൻനിറുത്തിക്കൊണ്ട് ശാഠ്യം പിടിക്കുന്നതും ഹദ്റത്ത് അഹ്മദി(അ)ന്റെ വാദത്തെ സത്യപ്പെടുത്തുന്ന സൂര്യപ്രകാശം പോലുള്ള ആ തെളിവുകളെ ചവറുപോലെ എറിഞ്ഞു കളയുന്നതും എത്രത്തോളം ദൗർഭാഗ്യകരമാണ്! അത്തരം ആളുകളെപ്പറ്റി അവർ ഉദ്ദേശ്യശുദ്ധിയുള്ളവരാണെന്ന് പറയുവാൻ ഒരു വിധത്തിലും നിവൃ ത്തിയില്ല. അവർ ഹൃദയപൂർവ്വം സത്യത്തെ അന്വേഷിക്കുന്നവരാ ണെന്ന് വിചാരിക്കാനും തരമില്ല. നേരെമറിച്ച് അവർ നിശ്ചയമായും അഹംഭാവത്തിനും വിദ്വേഷത്തിനും പക്ഷപാതത്തിനും ഇരയായ തായി നമുക്ക് കാണാൻ കഴിയും. എന്തെന്നാൽ, തങ്ങളുടെ അഭി പ്രായത്തിനനുകൂലമായി കിട്ടുന്ന ന്യായങ്ങളെ കടുകളവുപോലും അവർ കൈയൊഴിക്കുകയില്ല. പക്ഷേ, അവരുടെ താൽപര്യത്തി നെതിരായ കാര്യങ്ങളിലാണെങ്കിൽ തെളിവുകളുടെ ഒരു മല നല്കി യാലും അതവർ ചവറുപോലെ എറിഞ്ഞു കളയുകയും ചെയ്യും.

ببیں تفاوت رہ از کجاست تا بکجا

'വഴിയുടെ അകൽച്ച ഏതുമുതൽ ഏതുവരെ ആയിരിക്കുന്നുവെന്ന് നോക്കുക'.

രണ്ടാമതായി അറിഞ്ഞിരിക്കേണ്ട സംഗതി ഇതാണ്. അല്ലാഹുവിന്റെ നബിമാരെയും റസൂൽമാരെയും ജനങ്ങൾ നിഷേധിക്കുകയെന്നത് എന്നും നിലനിന്നുവന്ന ഒരു വഴക്കമാണ്. വിശുദ്ധ ഖുർആൻ പരിശോധിച്ചു നോക്കുക. ഒരു നബിയേയും അദ്ദേഹത്തിന്റെ ജനങ്ങൾ ഒന്നാമത്തെ വിളിക്കുതന്നെ സ്വീകരിച്ചതായി കാണുവാൻ കഴിയുകയില്ല. നേരെമറിച്ച്, അവരെ അവരുടെ ജനങ്ങൾ നിഷേധിക്കുകയും പരിഹസിക്കുകയും കള്ളൻമാരെന്ന് വിളിക്കുകയും എതിർക്കുകയുമാണ് ചെയ്തിട്ടുള്ളത്. കൂടാതെ, കഴിഞ്ഞ ഗ്രന്ഥങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള അടയാളങ്ങൾ അവരിൽ കാണുന്നില്ലെന്ന് അവർ ആക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. വിശുദ്ധ ഖുർആൻ പറയുകയാണ്.

يٰحَسْرَةً عَلَى الْعِبَادِ ۚ مَا يَأْتِيهِمْ مِّنْ رَّسُولٍ إِلَّا
كَانُوا بِهِ يَسْتَهْزِءُونَ ۝٣١

أَفَكُلَّمَا جَآءَكُمْ رَسُولٌۢ بِمَا لَا تَهْوٰٓى أَنْفُسُكُمُ
اسْتَكْبَرْتُمْ ۚ فَفَرِيقًا كَذَّبْتُمْ ۫ وَفَرِيقًا تَقْتُلُونَ

മനുഷ്യർക്ക് അഹോ കഷ്ടം! അവരുടെ പരിഹാസത്തിന് പാത്രമായിട്ടല്ലാതെ ഒരു ദൈവദൂതനും അവരുടെയടുക്കൽ വരുന്നില്ല (വി.ഖു. 36:31).

(അല്ലയോ ജനങ്ങളെ) നിങ്ങളുടെ ആത്മാക്കൾ ഇഷ്ടപ്പെടാത്ത കാര്യവും കൊണ്ട് നിങ്ങളുടെ അടുക്കൽ നമ്മുടെ റസൂൽ വന്നപ്പോഴെല്ലാം നിങ്ങൾ അഹങ്കാരികളാവുകയും അവരിൽ ചിലരെ നിങ്ങൾ വ്യാജപ്പെടുത്തുകയും ചിലരെ കൊല്ലാൻ ശ്രമിക്കുകയുമല്ലേ ചെയ്തിട്ടുള്ളത്? (വി.ഖു. 2:88).

ചുരുക്കത്തിൽ, എല്ലാ ദൈവനിയുക്തരും ജനങ്ങളുടെ നിഷേധത്തിനും പരിഹാസത്തിനും ആക്ഷേപത്തിനും വെറുപ്പിനും

ലക്ഷ്യമാവുകയെന്നത് വിശുദ്ധഖുർആൻ വിളിച്ചോതുകയും ചരിത്രം സാക്ഷ്യം വഹിക്കുകയും ചെയ്തിട്ടുള്ള ഒരു പരമാർത്ഥ മാണ്. എന്തെന്നാൽ, ജനങ്ങൾ അവരുടെ അഭീഷ്ടത്തിനും ആഗ്ര ഹത്തിനും യോജിച്ച നിലയിലല്ല ആ ദൈവനിയുക്തരെ കണ്ടെ ത്തുന്നത്. ജനങ്ങൾ അവരെ സംബന്ധിച്ച് മറ്റൊരു രൂപമാണ് തങ്ങ ളുടെ തലയിൽ വരച്ചുവെച്ചിട്ടുള്ളത്. ആ ദൈവനിയുക്തരാകട്ടെ മറ്റൊരു രൂപത്തിൽ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ഇതിനുള്ള ഉദാഹരണങ്ങൾകൊണ്ട് വിശുദ്ധഖുർആനും മറ്റു മതഗ്രന്ഥങ്ങളും നിറഞ്ഞു കിടക്കുകയാണ്. ഇവിടെ രണ്ടുദാഹരണങ്ങൾ മാത്രം എടുത്തു കാണിക്കാം.

ഈസാനബി, മസീഹാണെന്ന വാദം പുറപ്പെടുവിച്ചപ്പോൾ യഹൂദർ അദ്ദേഹത്തെ നിഷേധിക്കുകയും അപഹസിക്കുകയും അദ്ദേഹത്തിന്റെ വാദത്തെ കഠിനമായി എതിർക്കുകയും ചെയ്തു. തങ്ങളുടെ ഗ്രന്ഥങ്ങളിൽ വരാനിരിക്കുന്ന മസീഹിനെപ്പറ്റി ഇന്ന യിന്ന അടയാളങ്ങൾ എഴുതപ്പെട്ടിട്ടുണ്ടെന്നും ആ അടയാളങ്ങള നുസരിച്ചല്ല അദ്ദേഹം വന്നിട്ടുള്ളതെന്നും അവർ വാദിച്ചു. ഉദാഹ രണമായി, മസീഹിന്റെ ആഗമനത്തിന് മുമ്പേ ഇൽയാസ് നബി ആകാശത്തിൽ നിന്ന് ഇറങ്ങി വരുമെന്നും അതിനുശേഷമേ മസീഹ് വരികയുള്ളൂവെന്നും പഴയനിയമത്തിലെ മലാഖിയിൽ പറഞ്ഞിട്ടു ള്ളതിനെ (മലാഖി നാലാം അദ്ധ്യായം 5-ാം വചനം) അവർ ചൂണ്ടി ക്കാട്ടി. എന്നാൽ, ഇൽയാസ്നബി ആകാശത്തുനിന്ന് വന്നിട്ടുണ്ടാ യിരുന്നില്ല. (മത്തായി 17.10). അതുപോലെത്തന്നെ മസീഹ് ഒരു രാജാവായിരിക്കുമെന്നും അദ്ദേഹം മുഖേന തങ്ങൾക്ക് വമ്പിച്ച സാമ്രാജ്യം കൈവരുകയും നഷ്ടപ്പെട്ടുപോയ തങ്ങളുടെ പ്രതാപം വീണ്ടുകിട്ടുകയും ചെയ്യുമെന്നും അദ്ദേഹം ശത്രുക്കളുമായി യുദ്ധം ചെയ്തു അവരെ ഉൻമൂലനം ചെയ്യുമെന്നുമുള്ള വാഗ്ദാനങ്ങളെ അവർ എടുത്തു കാണിക്കുകയും ആ കാര്യങ്ങൾ നിറവേറിയിട്ടി ല്ലെന്ന് പറയുകയും ചെയ്തു (സുവിശേഷങ്ങൾ നോക്കുക).

ഇതിന് ഈസാനബി എന്തു മറുപടിയാണ് നല്കിയത്? ഇൽയാ സ്നബി ആകാശത്തു നിന്ന് ഇറങ്ങിവരുമെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം അദ്ദേഹത്തിന്റെ ഒരു സദൃശൻ വരുമെന്നാണെന്നും അതു വന്നു കഴിഞ്ഞ യഹ്യാനബിയാണെന്നുമായിരുന്നു അദ്ദേഹം പറ ഞ്ഞത്.(മത്തായി 11-14). ഭരണാധികാരത്തെ സംബന്ധിച്ചു അതു ലൗകികഭരണമല്ലെന്നും നേരെമറിച്ച് ആദ്ധ്യാത്മിക ഭരണമാ

ണെന്നും അദ്ദേഹം വ്യാഖ്യാനിച്ചു. പക്ഷേ, യഹൂദർ ആ വ്യാഖ്യാനങ്ങൾ സമ്മതിച്ചില്ല. അവർ ബാഹ്യാർത്ഥത്തിൽത്തന്നെ ശഠിച്ചു നിന്നു. അതുപോലെ, താൻ മൂസാനബിയാൽ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള അതേ പ്രവാചകനാണെന്ന് നബിതിരുമേനി(സ.അ) വാദിച്ചപ്പോഴും, ആ പ്രവാചകന്റെ അടയാളങ്ങൾ ഇന്നിന്നതാണെന്നും അവ നബിതിരുമേനിയിൽ കാണുന്നില്ലെന്നുമാണ് അഹ്ലുൽകിത്താബ് പറഞ്ഞത്. ഉദാഹരണമായി ആ പ്രവാചകൻ ബനൂഇസ്റായീലിൽനിന്നുള്ള ആളായിരിക്കണമെന്നും എന്നാൽ, നബിതിരുമേനി ബനൂഇസ്മായീലിൽനിന്നുള്ള ആളാണെന്നും മറ്റും അവർ പറഞ്ഞു. മേൽപറഞ്ഞ സംഗതികളിൽ നിന്ന്, അടയാളങ്ങളെ സംബന്ധിച്ച തർക്കം പുതിയതല്ലെന്നും അത് പഴയതും ചുരുങ്ങിയപക്ഷം രണ്ടായിരം കൊല്ലം മുമ്പേമുതൽക്കേ നടന്നുവരുന്നതുമാണെന്നും മനസ്സിലാക്കാൻ കഴിയും. അതിനാൽ, ഈ കാര്യത്തിൽ നാം കരുതലോടുകൂടിയിരിക്കേണ്ടത് അത്യാവശ്യമാണ്. ബദ്ധപ്പെട്ട് നിഷേധത്തിലേക്ക് കുതിക്കുന്നത് ശരിയല്ല. അല്ലാഹുവിന്റെ പക്കൽ നിന്നുള്ള ഏതെങ്കിലും അടയാളങ്ങൾ നിങ്ങളെ പരീക്ഷിക്കാൻ വേണ്ടിയുള്ളതല്ലെന്ന് നിങ്ങൾക്ക് എങ്ങനെ അറിയാൻ സാധിക്കും? അതുകൊണ്ട് സൂക്ഷിച്ചുകൊള്ളുക, ജാഗരൂകരായിരിക്കുക. മതിമറന്ന അവസ്ഥയിൽ നിങ്ങൾ പരീക്ഷയിൽ അകപ്പെടുകയും പരാജയപ്പെടുകയും ചെയ്യാതിരിക്കട്ടെ. യഹൂദർക്ക് ഈ കാര്യത്തിൽ ഇടർച്ച പറ്റുകയും അവർ നിഷേധിച്ചുകൊണ്ട് ദൈവകോപത്തിന് പാത്രമാവുകയും ചെയ്തിരിക്കുന്നു. അതുപോലെ നിങ്ങൾ നിഷേധിക്കുകയാണെങ്കിൽ നിങ്ങൾ യഹൂദരേക്കാൾ കൂടുതലായി ശിക്ഷയ്ക്ക് അർഹരായിത്തീരുന്നതാണ്. കാരണം അവരുടെ മുമ്പിൽ അവർക്കൊരു അനുഭവ സാക്ഷ്യമുണ്ടായിരുന്നില്ല. നിങ്ങൾക്കാണെങ്കിൽ യഹൂദൻമാരുടെ വ്യക്തമായ അനുഭവ സാക്ഷ്യം മുമ്പിലുണ്ട്. ഏതൊരുവൻ അനുഭവസാക്ഷ്യത്തിന്റെ വെളിച്ചമുണ്ടായിട്ടും ഇടർച്ചയ്ക്ക് വശംവദനാവുന്നുവോ അവൻ നിശ്ചയമായും കൂടുതൽ ശിക്ഷാർഹനായിത്തീരുന്നതാണ്.

വായനക്കാർ ഒരു കാര്യം കൂടി നല്ലതു പോലെ ആലോചിക്കേണ്ടതുണ്ട്. അതായത് വാഗ്ദാനം ചെയ്യപ്പെട്ട ഏതെങ്കിലും ഒരാളെപ്പറ്റി ജനങ്ങൾ ധരിച്ചിരിക്കുന്ന എല്ലാ അടയാളങ്ങൾക്കും യോജിച്ച നിലയിൽ കടുകളവ് വ്യത്യാസമില്ലാതെ അദ്ദേഹം വരുകയാണെങ്കിൽ, അദ്ദേഹത്തെ നിഷേധിക്കാൻ ആർക്കെങ്കിലും കഴി

യുമെന്ന് ബുദ്ധി സമ്മതിക്കുകയില്ല. നേരെമറിച്ച്, അദ്ദേഹത്തെ കണ്ട ഉടൻതന്നെ അതാണ് വാഗ്ദാനം ചെയ്യപ്പെട്ട ആളെന്ന് ജനങ്ങൾ തിരിച്ചറിയുന്നതാണ്. ഒരാൾക്കും നിഷേധിക്കാൻ പഴുതുണ്ടാവുകയില്ല. എന്നാൽ, നാം കാണുന്നതും വിശുദ്ധഖുർആൻ പറയുന്നതും അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ട എല്ലാവരും ജനങ്ങളുടെ നിഷേധത്തിന് പാത്രമാവുമെന്നാണ്. ചരിത്രവും ഇതിന് സാക്ഷ്യം വഹിക്കുന്നു. പ്രത്യേകിച്ച് മസീഹ് മൗഊദിനെ സംബന്ധിച്ച് ചില രിവായത്തുകളിൽ അദ്ദേഹം അതികഠിനമായി നിഷേധിക്കപ്പെടുന്നതാണെന്നും അദ്ദേഹം കാഫിറും മുർത്തദ്ദുമായി കരുതപ്പെടുന്നതാണെന്നും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട് (ഹുജജുൽ കിറാമഃ). ഈ സ്ഥിതിയിൽ, മസീഹ് മൗഊദും പഴയ പതിവനുസരിച്ച് ജനങ്ങൾ അവരുടെ ഹൃദയത്തിൽ വിഭാവന ചെയ്തിരിക്കുന്ന രൂപത്തിന് പൂർണ്ണമായും യോജിച്ച നിലയിലല്ലാതെയും ഇന്നയിന്ന അടയാളങ്ങൾ അദ്ദേഹത്തിൽ നിറവേറിയിട്ടില്ലെന്ന് തോന്നത്തക്ക വിധത്തിലുമായിരിക്കണം പ്രത്യക്ഷപ്പെടേണ്ടതെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ, വരാനിരിക്കുന്ന ആൾ ജനങ്ങൾ ധരിച്ചുവെച്ചിട്ടുള്ള എല്ലാ അടയാളങ്ങളോടുംകൂടി വരുകയാണെങ്കിലും അദ്ദേഹത്തിൽ കാണപ്പെടാത്ത ഒരു അടയാളവും ബാക്കിയില്ലാതിരിക്കുകയാണെങ്കിലും ജനങ്ങൾ അദ്ദേഹത്തെ നിഷേധിക്കുകയും പരിഹസിക്കുകയും ചെയ്യുകയെന്നത് എങ്ങനെ സംഭാവ്യമാകും? എന്ത്, തങ്ങൾ ധരിച്ചുവെച്ചിട്ടുള്ള എല്ലാ അടയാളങ്ങളും ഒന്നൊഴിയാതെ വ്യക്തമായി കണ്ടതിനുശേഷവും ഒരു വാദിയെ നിഷേധിക്കുവാൻ ജനങ്ങളുടെ തലയിൽ വെളിച്ചമില്ലാതായിപ്പോകുമെന്നോ?

ചുരുക്കത്തിൽ, ഒരു ഭാഗത്ത്, എല്ലാ ദൈവനിയുക്തരും നിഷേധിക്കപ്പെടുന്നതാണെന്ന തത്ത്വം വിശുദ്ധഖുർആൻ മുഖേന ഖണ്ഡിതമായി മനസ്സിലാകുന്നു. മസീഹ് മൗഊദ് നിഷേധിക്കപ്പെടുമെന്ന് പ്രത്യേകമായി ചില രിവായത്തുകളിൽ പ്രസ്താവിക്കപ്പെടുകയും ചെയ്തിരിക്കുന്നു. മറുഭാഗത്ത്, ഒരു വാദി ജനങ്ങളുടെ സങ്കൽപത്തിനും പ്രതീക്ഷയ്ക്കുമെതിരായ നിലയിലും അദ്ദേഹത്തിൽ ഇന്നയിന്ന ലക്ഷണങ്ങൾ കാണുന്നില്ലെന്നും ഇന്നിന്ന അടയാളങ്ങൾ നിറവേറിയിട്ടില്ലെന്നും ജനങ്ങൾക്ക് പറയാൻ പഴുതുണ്ടാവുന്ന വിധത്തിലും വരുകയാണെങ്കിൽ മാത്രമേ അദ്ദേഹം നിഷേധിക്കപ്പെടാനിടയുള്ളുവെന്ന് ബുദ്ധി നമുക്ക് മനസ്സിലാക്കിത്തരികയും ചെയ്യുന്നു. അതിനാൽ, ജനങ്ങളുടെ ചില പ്രതീക്ഷകൾക്കെതിരായ

നിലയിൽ മസീഹ് മൗഊദ് പ്രത്യക്ഷപ്പെടേണ്ടത് അത്യാവശ്യമാണെന്ന് തെളിഞ്ഞു. മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ, മസീഹ് മൗഊദിനെ സംബന്ധിച്ച് മറ്റു ചില അടയാളങ്ങളോടുകൂടിത്തന്നെ പറയപ്പെട്ടിട്ടുള്ള ഒരടയാളമാണ് അദ്ദേഹത്തെ സംബന്ധിച്ച് ജനങ്ങൾ ധരിച്ചുവെച്ചിട്ടുള്ള ചില അടയാളങ്ങൾ അവരുടെ ധാരണയ്ക്കും അഭീഷ്ടത്തിനുമനുസരിച്ചനിലയിൽ പൂർത്തിയാവുകയില്ലെന്നുള്ളത്.

ഇതിനും പുറമെ, മറ്റൊരു കാര്യം കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. അതായത്, സ്വഹീഹായ ഹദീഥുകളിൽ മസീഹ് മൗഊദിനു ഹക്കം എന്നും അദ്ൽ എന്നും പേർ നല്കപ്പെട്ടിട്ടുള്ളതായി കാണുന്നു (ബുഖാരി). ഹക്കമിന്റെ അർത്ഥം 'അഭിപ്രായഭിന്നതകളെ സംബന്ധിച്ചു വിധി കൽപിക്കുന്ന ആൾ' എന്നും അദ്ലിന്റെ അർത്ഥം 'നീതിപൂർവ്വം വിധി കല്പിക്കുന്ന ആൾ' എന്നുമാണ്. അതിനാൽ, മുകളിൽ പറഞ്ഞതുപോലെ മസീഹ് മൗഊദിന്റെ പ്രധാന പ്രവൃത്തികളിലൊന്നു ഹക്കമാവുക, അതായത് അഭിപ്രായഭിന്നതകളെ സംബന്ധിച്ച് വിധി കൽപിക്കുക എന്നതാണ്. അദ്ദേഹം അദ്ലായിരിക്കുമെന്നു പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ വിധികളെല്ലാം സത്യത്തിനും നീതിക്കും യോജിച്ചതായിരിക്കുമെന്നും പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ സാരം അദ്ദേഹത്തിന്റെ ആഗമന കാലത്ത് നബിതിരുമേനിയുടെ ഉമ്മത്തിനിടയിൽ വമ്പിച്ച അഭിപ്രായ വ്യത്യാസങ്ങളുണ്ടാകുമെന്നും അദ്ദേഹം അവയെപ്പറ്റിയെല്ലാം ന്യായമായ വിധി കൽപിക്കുമെന്നുമാണ്. മസീഹ് മൗഊദിന്റെ അടയാളങ്ങളെ സംബന്ധിച്ചും അഭിപ്രായവ്യത്യാസമുള്ളതുകൊണ്ട്, തന്റെ അടയാളമായി കരുതപ്പെട്ടിട്ടുള്ള വിവിധ രിവായത്തുകളെ സംബന്ധിച്ചും ഹക്കമും അദ്ലുമെന്ന നിലയിൽ അദ്ദേഹം വിധി കൽപിക്കേണ്ടതും അവയിൽ ചിലത് തെറ്റും ചിലത് ശരിയുമാണെന്ന് സ്ഥാപിക്കേണ്ടതും അത്യാവശ്യമാണ്. കഷ്ടം! മസീഹ് മൗഊദ് ഹക്കമും അദ്ലുമാണെന്ന് വിശ്വസിക്കുന്നവരായിട്ടു കൂടിയും, മറ്റു മുഹദ്ദിസീങ്ങൾക്ക് അനുവദിച്ചു കൊടുക്കുന്നത് പോലെയെങ്കിലും ചില രിവായത്തുകൾ ബലഹീനങ്ങളാണെന്നും ചിലത് ശക്തിയുള്ളതാണെന്നും വിധി കൽപിക്കാനുള്ള പദവി നിങ്ങൾ അദ്ദേഹത്തിന് നല്കുന്നില്ല! മുഹദ്ദിസീങ്ങളെ (ഹദീസിന്റെ ഇമാമുകളെ) സംബന്ധിച്ച്, അവർക്ക് അവരുടെ അറിവിനെ ആസ്പദമാക്കിക്കൊണ്ട് ചില രിവായത്തുകളെ ബലഹീനവും ശരിയല്ലാത്തതുമാക്കാനും ചിലതിനെ ബലമുള്ളതും ശരിയുമാക്കാനും അധി

കാരമുണ്ടെന്ന് നിങ്ങൾ സമ്മതിക്കുന്നു. നിങ്ങൾ ഇന്നുവരെ അവരുടെ ഈ വിധിയുടെ മുമ്പിൽ പ്രവൃത്തിയാൽ തല കുനിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ, അല്ലാഹുവിങ്കൽ നിന്ന് മഅ്മൂറായി വരേണ്ടതും ഹക്കമും അദ്‌ലുമായിരിക്കുമെന്ന് പറയപ്പെട്ടിട്ടുള്ളതുമായ ആൾക്ക് ശരിയും തെറ്റുമായ രിവായത്തുകളെയും ബലവത്തും ബലഹീനവുമായ രിവായത്തുകളെയും സംബന്ധിച്ച് വിധിപറയാനുള്ള അവകാശം സമ്മതിക്കാനും അദ്ദേഹത്തിന്റെ ആ വിധിയെ സ്വീകരിക്കാനും നിങ്ങൾ ഒരുക്കമില്ല!

ആലോചനാശൂന്യതയാണിത്. മസീഹ് മൗഊദ് നിങ്ങളുടെ എല്ലാത്തരം രിവായത്തുകളുടെയും കൂമ്പാരത്തെ സ്വീകരിക്കുകയും കേവലം ഒരു ശിഷ്യനെപ്പോലെ മൗലവിമാരുടെ മുമ്പിൽ മുട്ടുകുത്തി നില്ക്കുകയും ഏതെങ്കിലും മൗലവിയുടെയോ മുഹദ്ദിസിന്റെയോ അഭിപ്രായത്തിനും ഗവേഷണത്തിനുമെതിരായി ഒരക്ഷരവും ഉരിയാടാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അദ്ദേഹം ഹക്കമും അദ്‌ലും ആകുന്നതെങ്ങനെ? അദ്ദേഹത്തിന്റെ ആഗമനം കൊണ്ടുള്ള പ്രയോജനമെന്ത്? മസീഹ് മൗഊദ് വരുന്നത് ചിലപ്പോൾ ഒരു മൗലവിയുടെ പാദങ്ങളിൽ കുമ്പിടാനും ചിലപ്പോൾ മറ്റൊരാളുടെ മുമ്പിൽ മുട്ടുകുത്തുവാനും ചിലപ്പോൾ മൂന്നാമതൊരാളുടെ മുമ്പാകെ കൈകെട്ടി നില്ക്കുവാനുമാണെന്നും ആ മൗലവിശ്രേഷ്ഠന്മാരുടെ അഭിപ്രായത്തിനെതിരായി ഒരക്ഷരം പോലുമുരിയാടാൻ അദ്ദേഹത്തിന് അധികാരമുണ്ടായിരിക്കയില്ലെന്നുമാണോ നിങ്ങൾ വിശ്വസിക്കുന്നത്? അഹോ, കഷ്ടം! നിങ്ങളുടെ ഹൃദയങ്ങൾ മരവിച്ചു പോയിരിക്കുന്നു! നിങ്ങളുടെ കണ്ണുകൾക്ക് കാഴ്ചയില്ലാതെയായിരിക്കുന്നു!!

പ്രിയപ്പെട്ട സുഹൃത്തുക്കളേ, നിങ്ങൾ നല്ലതുപോലെ ആലോചിച്ചു നോക്കുക. വാഗ്ദാനം ചെയ്യപ്പെട്ട മസീഹായിട്ടും അല്ലാഹുവിൽനിന്ന് ശിക്ഷണം ലഭിച്ചിട്ടും നബിതിരുമേനിയിൽനിന്ന് ഹക്കമും അദ്‌ലുമെന്ന സ്ഥാനപ്പേര് സമ്പാദിച്ചിട്ടും ലോകത്തിന്റെ ഉദ്ധാരണത്തിനായി വരുന്ന ആ മഹാത്മാവിന് ഒരു സാധാരണ മുഹദ്ദഥിന് നല്കുന്ന പദവിപോലും നല്കാൻ നിങ്ങൾ ഒരുക്കമില്ല! അതേസമയത്ത് ജ്ഞാനികളും, ദർശനങ്ങളും ദിവ്യസ്വപ്നങ്ങളും ഉണ്ടാകുന്നവരുമായ സജ്ജനങ്ങൾക്ക് അവരുടെ ദർശനങ്ങളും സ്വപ്നങ്ങളും വഴിയായി ഏതെങ്കിലും ഹദീഥ് ദുർബലമോ ബലവത്തോ എന്നു തിരിച്ചറിയാൻ കഴിയുമെന്ന് വിശ്വസിക്കുന്നവരായി നിങ്ങളിൽ പലരുമുണ്ട്. എന്നാൽ, ആ ഒരു സ്ഥാനംപോലും മസീഹ് മൗഊദിന് സമ്മതിച്ചുകൊടുക്കാൻ നിങ്ങൾ തയ്യാറില്ല.

അല്ലാഹുതന്നെ വേണം നിങ്ങളുടെ കണ്ണുതുറപ്പിക്കുവാൻ. വിശുദ്ധ ഖുർആനും സ്വഹീഹായ ഹദീഥുകളും ദൈവദത്തമായ വിശേഷ ബുദ്ധിയും ഹദ്റത്ത് അഹ്മദി(അ)ന്റെ വാദങ്ങളിൻമേൽ സത്യത്തിന്റെ മുദ്ര കുത്തിയിരിക്കുമ്പോൾ, ഏതാനും ചില വ്യാഖ്യാനങ്ങൾ വിചാരിച്ച നിലയിൽ സംഭവിച്ചിട്ടില്ലെങ്കിൽ അവയെ അല്ലാഹുവിങ്കൽ ഭരമേല്പിക്കുകയും നിഷേധത്തിലേക്ക് കാൽവെക്കാതിരിക്കുകയും ചെയ്യുന്നതല്ലേ രക്ഷയുടെയും സത്യത്തിന്റെയും മാർഗ്ഗമായിരിക്കുക?

ഭാഗ്യംകെട്ട ജനത - അതെ, നിങ്ങളെ ഒരു സ്ത്രീയോട് വേണം ഉപമിക്കാൻ. അവൾ ഒരു വരന്റെ ആഗമനം പ്രതീക്ഷിച്ചുകൊണ്ട് ആർഭാടം കൂട്ടുകയും ആഡംബരത്തോടുകൂടി ഒരുക്കങ്ങൾ ചെയ്യുകയും അവന്റെ ആഗമനത്തെപ്പറ്റി തന്റെ അയൽവാസികളെ അറിയിക്കുകയും അതിൽ പങ്കുകൊള്ളാൻ അവരെ ക്ഷണിക്കുകയും ചെയ്തിരുന്നു. പക്ഷേ, വരൻ വന്നപ്പോൾ, അവൻ വന്നത് ശരിയായ സമയത്തും നിശ്ചയിക്കപ്പെട്ട അടയാളങ്ങളോടുകൂടിയും തെളിവുകളുടെ ഒരു സൂര്യനുദിപ്പിച്ചുകൊണ്ടുമായിരുന്നിട്ടും അതെല്ലാം കണ്ടിട്ടും ആ വിഡ്ഢി അവനിൽനിന്ന് മുഖം തിരിക്കുകയും അവന്റെ നേരെ വാതിലടയ്ക്കുകയുമാണ് ചെയ്തത്- വരന്റെ ആഗമനത്തെ സംബന്ധിച്ച് അവൾ ധരിച്ചുവെച്ചിട്ടുള്ള വ്യാഖ്യാനങ്ങളിൽ ചിലത് അവളുടെ ഭാവനയ്ക്കൊത്ത് നിറവേറിയില്ലെന്ന കാരണത്താൽ മാത്രം! ആ സമയത്ത് അവൾ ഭയങ്കരമായൊരു ശബ്ദം കേട്ടു - ഇനി നീ വരന്റെ ആഗമനത്തെപ്പറ്റിയും ആഘോഷത്തെപ്പറ്റിയും ചിന്തിച്ചിട്ടു ഫലമില്ല. നീ നിന്റെ ഭാഗ്യദോഷത്തെപ്പറ്റി കണ്ണീരൊഴുക്കിക്കൊള്ളുക. വരേണ്ടവൻ വന്നു കഴിഞ്ഞു. നിന്റെ വാതിൽ അടച്ചിട്ടിരിക്കുന്നതു കണ്ട് അയാൾ നിന്റെ സഹോദരൻമാരുടെ വീട്ടിൽ പ്രവേശിച്ചു. അവർ സന്തോഷത്തോടെ അവനായി അവരുടെ വാതിൽ തുറന്നു കൊടുക്കുകയും അവനെ സ്വീകരിക്കുകയും അല്ലാഹുവിന് നന്ദി പറയുകയും ചെയ്തിരിക്കുന്നു.

انہیں ماتم ہمارے گھر میں شادی　　فسبحان الذی اخزی الاعادی
وہ آیا منتظر تھے جس کے دن رات　　معمہ کھل گیا روشن ہوئی بات
دکھائیں آسماں نے ساری آیات　　زمیں نے وقت کی دیدیں شہادات
پھر اس کے بعد کون آئیگا ہیہات　　خدا سے کچھ ڈرو چھوڑو معادات

അവർക്ക് മരണവിലാപം, ഞങ്ങളുടെ വീട്ടിലോ മാംഗല്യം! ശത്രുക്കളെ അപമാനത്തിലാക്കിയ അല്ലാഹു പരിശുദ്ധനാകുന്നു. രാവും പകലും പ്രതീക്ഷിച്ചുകൊണ്ടിരുന്നത് ആരെയാണോ അദ്ദേഹം വന്നു കഴിഞ്ഞിരിക്കുന്നു. രഹസ്യം വെളിപ്പെട്ടു. കാര്യം പ്രത്യക്ഷമാവുകയും ചെയ്തു. ആകാശം അടയാളങ്ങളെല്ലാം തുറന്നു കാണിച്ചു. ഭൂമി സമയത്തെപ്പറ്റി സാക്ഷ്യം വഹിച്ചു. ഇതിനുശേഷം ഇനി ആര് വരാനാണ്? കഷ്ടം! അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് ശത്രുത ഉപേക്ഷിക്കുക.

ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞത് എത്രതന്നെ പരമാർത്ഥമല്ല! അദ്ദേഹം പറഞ്ഞു: "അവിവേകികളേ, നിങ്ങളുടെ മുഖത്തടികൊള്ളാൻ വേണ്ടിയല്ല ഞാൻ വന്നിട്ടുള്ളത്. അല്ലാഹു എന്റെ സത്യത്തിന് സാക്ഷ്യംവഹിക്കുകയും ആകാശവും ഭൂമിയും ഇതാണ് സമയമെന്ന് വിളിച്ചോതുകയും വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ള മുഴുവൻ അടയാളങ്ങളും ഹദീഥുകളിൽ വിവരിച്ചിട്ടുള്ള അടയാളങ്ങളും നിറവേറുകയും ചെയ്തിരിക്കുന്ന സ്ഥിതിക്ക് എന്നെ സ്വീകരിക്കുകയാണ് വേണ്ടത്. ചില ഹദീഥുകളെക്കൊണ്ട് എന്നെ അളക്കുന്നതിന് പകരം എന്നെക്കൊണ്ട് ആ ഹദീഥുകളെ അളക്കുകയും എന്നോട് യോജിക്കാത്ത ഹദീഥുകളെ യോജിക്കുന്ന വിധം വ്യാഖ്യാനിക്കുകയോ അല്ലെങ്കിൽ ദുർബലങ്ങളാണെന്ന് കരുതി തള്ളിക്കളയുകയോ ചെയ്യേണ്ടത് നിങ്ങളുടെ കർത്തവ്യമാണ്. എന്തെന്നാൽ, ഞാൻ അല്ലാഹുവിന്റെ വഹ്യോടുകൂടിയാണ് സംസാരിക്കുന്നത്. ഹക്കമും അദ്ലുമായിട്ടാണ് വന്നിരിക്കുന്നത്. ഈ യാഥാർത്ഥ്യം മനസ്സിലാക്കുന്നവൻ ഭാഗ്യവാൻ. അവൻ നാശത്തിൽനിന്ന് രക്ഷ പ്രാപിക്കും."

ഇനി, ചില അടയാളങ്ങൾ പൂർത്തിയായിട്ടില്ലെന്ന് കരുതപ്പെടുന്നതിനുള്ള കാരണങ്ങളെപ്പറ്റി ചുരുക്കത്തിൽ പ്രതിപാദിക്കാം. ഒന്നാമതായി, ഏതെല്ലാം അടയാളങ്ങൾ പൂർത്തിയായിട്ടില്ലെന്ന് പറയപ്പെടുന്നുവോ ആ അടയാളങ്ങളെപ്പറ്റിയുള്ള അറിവ് ഹദീഥുകൾ മുഖാന്തരമാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. എന്നാൽ, അത്തരം ഹദീഥുകളെ സംബന്ധിച്ച് അവയിൽനിന്ന് കിട്ടുന്ന അറിവ് സുദൃഢവും ഖണ്ഡിതവുമല്ലെന്നും നേരെമറിച്ച് സംശയാസ്പദം മാത്രമാണെന്നുമുള്ള കാര്യത്തിൽ ഉമ്മത്ത് ഏകകണ്ഠമായി യോജിച്ചിരിക്കുന്നു. ദൃഢവും ഖണ്ഡിതവുമായ അറിവ് മുതവാത്തിറായ (അനുസ്യൂതം) ഹദീഥിൽനിന്നുമാത്രമേ ലബ്ധമാവുകയുള്ളൂ. എന്നാൽ,

തവാത്തുറിന്റെ (ഖണ്ഡിതജ്ഞാനം) സ്ഥാനം വിശുദ്ധഖുർആനു മാത്രമേ ഉള്ളൂവെന്നും ഹദീഥുകൾ ആഹാദ് (ഏകം) ആയതു കൊണ്ട് അതിന് ആ സ്ഥാനമില്ലെന്നുമുള്ള കാര്യത്തിലും ഇജ്മാഅ് ഉണ്ട്. ആ ഹദീഥുകളിൽനിന്ന് സംശയകരമായ അറിവേ ലഭിക്കുന്നുള്ളൂവെന്ന കാര്യത്തിലും ഫുഖഹാക്കളും മുഹദ്ദിഥീങ്ങളും യോജിച്ചിരിക്കുന്നു. എന്നാൽ, ചില മുഹദ്ദിഥീങ്ങൾ,

انّما الاعمال باالنّيّات

من كذب علىّ متعمّدًا اظيتبوّأ مقعدهٗ

എന്നിങ്ങനെയുള്ള ഹദീഥുകൾ മുതവാത്തിറാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. പക്ഷേ, തവാത്തുറിന്റെ സ്ഥാനം വിശുദ്ധഖുർആനു മാത്രമേ ഉള്ളൂവെന്ന കാര്യത്തിലാണ് മുഴുവൻ ഉമ്മത്തും യോജിച്ചിട്ടുള്ളത്. മറ്റുള്ള രിവായത്തുകളെല്ലാം ആഹാദു വകുപ്പിൽപ്പെട്ടതാണ്. ഖിയാമത്തിന്റെ അടുപ്പം, മസീഹ് മൗഊദിന്റെ ആഗമനം, അതിന്റെ ലക്ഷണങ്ങൾ മുതലായവയെ സംബന്ധിച്ച് രിവായത്തു ചെയ്യപ്പെട്ടിട്ടുള്ള ഹദീഥുകളെപ്പറ്റിയാണെങ്കിൽ അവയെല്ലാം തന്നെ ആഹാദാണെന്ന കാര്യത്തിൽ മുഴുവൻ ഉമ്മത്തും ഏകകണ്ഠമായി യോജിച്ചിട്ടുള്ളതാണ്. അതിനാൽ, ഇതു സംബന്ധിച്ചുള്ള രിവായത്തുകളെല്ലാം സംശയാസ്പദമായ അറിവിനു മാത്രമേ ഉപകരിക്കൂ എന്നും ദൃഢതയുടെ പദവിയിലേക്ക് അവ എത്തുകയില്ലെന്നും ഉമ്മത്തിന്റെ ഇജ്മാഅ് കൊണ്ടു സ്ഥാപിതമായിരിക്കുന്നു. ഏതൊരു വചനങ്ങൾ 150–200 കൊല്ലങ്ങൾക്കു ശേഷം ശേഖരിക്കപ്പെട്ടുവോ, ഏതൊരു വചനങ്ങളുടെ സംരക്ഷണത്തിനു വേണ്ടി നബിതിരുമേനിയുടെയോ. 4 ഖലീഫമാരുടെയോ ഇസ്‌ലാമിക ഭരണത്തിന്റെയോ ഭാഗത്തുനിന്ന് യാതൊരു ഏർപ്പാടും ചെയ്യപ്പെട്ടിരുന്നില്ലയോ, ആ വചനങ്ങളെ ദൈവസാക്ഷ്യത്തിന്റെയും വിശുദ്ധ ഖുർആന്റെ തെളിവുകളുടെയും ദൃഢവും ഖണ്ഡിതവുമായ രേഖകളുടെയും എതിരിൽ സ്വീകരിക്കുക എന്നത് ബുദ്ധിക്കു യോജിക്കാത്ത കാര്യമാണ്. ഹദീഥുകളുടെ പദങ്ങളെല്ലാം നബിതിരുമേനി ഉപയോഗിച്ചവ തന്നെയാണെന്ന് വാദിക്കാൻ കഴിയുകയില്ലെന്ന കാര്യവും മുഹദ്ദിഥീങ്ങൾ സമ്മതിച്ചതാണ്. എന്തെന്നാൽ, ജനങ്ങൾ സാധാരണയായി സാരത്തെയാണ് റിപ്പോർട്ടു ചെയ്യുക. റിപ്പോർട്ടർമാരുടെ ഓർമ്മത്തെറ്റുകൾ ധാരണപ്പിഴവുകൾ മുതലായവയെല്ലാം ആ റിപ്പോർട്ടുകളെ ബാധിക്കുന്നതാണ്. ഈ അവസ്ഥ

യിൽ ചില വ്യാഖ്യാനങ്ങളുടെ പദങ്ങളെ പറ്റിപ്പിടിക്കുന്നതും ഖണ്ഡിതമായ തെളിവുകൾ അഗണ്യമാക്കുന്നതും ഒരുവിധത്തിലും രക്ഷയുടെ മാർഗ്ഗമല്ല. ഹദീഥുകളിൽ സംശയത്തിനിടയുള്ളതുകൊണ്ട്, പ്രത്യേകിച്ചും വിശുദ്ധഖുർആനും ദൈവദത്തമായ ബുദ്ധിയും ദൈവസാക്ഷ്യവും മറ്റുള്ള സ്വഹീഹായ ഹദീഥുകളും അവയ്ക്കെതിരായിരിക്കുന്ന അവസ്ഥയിൽ, അവയിൻമേൽ നമ്മുടെ അന്വേഷണത്തിന്റെ അടിസ്ഥാനമുറപ്പിക്കുന്നത് ഒരിക്കലും ശരിയായിരിക്കയില്ല.

ഇത് സംബന്ധിച്ച് അറിഞ്ഞിരിക്കേണ്ട മറ്റൊരു കാര്യം ഹദീഥു ഗ്രന്ഥങ്ങൾക്ക് പല പദവികളും ഉണ്ടെന്നുള്ളതാണ്. ഉദാഹരണമായി വിശുദ്ധ ഖുർആനെക്കഴിച്ചാൽ ഏറ്റവും ഉത്ക്കൃഷ്ടമായ പദവിയിലുള്ളത് സ്വഹീഹ് ബൂഖാരിയാണെന്ന കാര്യത്തിൽ അഹ്‌ലു സുന്നത്തു വൽജമാഅത്ത് മിക്കവാറും ഏകകണ്ഠമായി യോജിച്ചരിക്കുന്നു. ചിലർ ഇമാം മാലിക്കിന്റെ 'മുഅത്ത' എന്ന ഗ്രന്ഥത്തിന് ആ സ്ഥാനം നല്കുന്നുണ്ട്. ഈ രണ്ട് ഗ്രന്ഥങ്ങളും പരിശോധിക്കുകയാണെങ്കിൽ അവയിൽ ചേർക്കപ്പെട്ട ഹദീഥുകളിലൊന്നിലും തന്നെ ഹദ്റത്ത് അഹ്മദി(അ)ൽ കാണാൻ കഴിയാത്ത ഒരൊറ്റ അടയാളവും വിവരിക്കപ്പെട്ടിട്ടില്ല. നേരെ മറിച്ച് അവയിൽ വിവരിക്കപ്പെട്ടിട്ടുള്ള എല്ലാ അടയാളങ്ങളും ന്യായമായ നിലയിൽ അദ്ദേഹത്തിൽ നിറവേറിയതായി കാണാൻ കഴിയും. എന്നാൽ കുറച്ചൊക്ക സംശയകരമായ രിവായത്തുകൾ സ്വഹീഹ് മുസ്‌ലിം മുതൽക്കാണ് തുടങ്ങുന്നത്. വിശ്വാസ്യതയെ സംബന്ധിച്ചിടത്തോളം ഹദീഥ് ഗ്രന്ഥങ്ങൾ ഉന്നത സ്ഥാനത്തു നിന്ന് എത്ര കണ്ട് കീഴ്പോട്ടിറങ്ങുന്നുവോ അത്രകണ്ടാണ് ഹദ്റത്ത് അഹ്മദി(അ)ൽ നിറവേറിയിട്ടില്ലെന്നു തോന്നുന്ന അടയാളങ്ങൾ രിവായത്ത് ചെയ്യപ്പെട്ടിരിക്കുന്നത്. അതുകൊണ്ട്, ഏതെല്ലാം രിവായത്തുകളിൽ സംശയം കാണുന്നുണ്ടോ ആ രിവായത്തുകൾ വിശുദ്ധഖുർആനിലോ സ്വഹീഹ് ബുഖാരിയിലോ ഇമാം മാലിക്കിന്റെ മുഅത്തായിലോ ഉള്ളവയല്ലെന്നത് നല്ലതുപോലെ ചിന്തിക്കേണ്ട കാര്യമാണ്. അത്തരം രിവായത്തുകൾ കാണപ്പെടുന്നത്, വിശ്വാസ്യതയെ സംബന്ധിച്ചിടത്തോളം താഴെനില്ക്കുന്നവയാണെന്ന് കരുതപ്പെടുന്ന ഗ്രന്ഥങ്ങളിൽ മാത്രമാകുന്നു. ചിന്തിക്കുന്നവർക്ക് ഒട്ടേറെ ഫലം ചെയ്യുന്ന ഒരു സംഗതിയാണിത്.

രണ്ടാമത്തെ കാരണമിതാണ് - എല്ലാ അടയാളങ്ങളും വാദിയിൽത്തന്നെ പൂർത്തിയായിക്കൊള്ളണമെന്നില്ല. നേരെമറിച്ച്

ചിലത് അദ്ദേഹത്തിനുശേഷം അദ്ദേഹത്തിന്റെ ഖലീഫമാരിലോ അനുയായികളിലോ പൂർത്തിയാകാവുന്നതാണ്. എന്തെന്നാൽ അദ്ദേഹത്തിന്റെ ഖലീഫമാരും അനുയായികളും അദ്ദേഹത്തിൽ നിന്നു വേർപെട്ടവരല്ല. വാസ്തവത്തിൽ അടയാളങ്ങൾ വിവരിക്കുമ്പോൾ പ്രസ്ഥാന സ്ഥാപകന്റെ പേരാണ് പറയുക. എന്നാൽ, അനുഭവത്തിൽ ചില കാര്യങ്ങൾ അദ്ദേഹത്തിലും ചിലത് അദ്ദേഹത്തിന്റെ ഖലീഫമാരിലും അനുയായികളിലും പൂർത്തിയാവുകയും ചെയ്യുന്നു. അവയെല്ലാം അദ്ദേഹത്തിന്റെ അടയാളങ്ങളായിത്തന്നെ കരുതപ്പെടേണ്ടതാണ്. കാരണം, അദ്ദേഹമാണ് പ്രസ്ഥാനത്തിന്റെ സ്ഥാപകൻ. മറ്റുള്ളവരെല്ലാം അദ്ദേഹത്തിന്റെ അനുയായികളും. അതായത് അദ്ദേഹം യഥാർത്ഥ ശരീരവും മറ്റുള്ളവർ ശാഖകളുമാകുന്നു. ഉദാഹരണമായി, കൈസറിന്റെയും കിസ്രായുടെയും ഭണ്ഡാരങ്ങളുടെ താക്കോലുകൾ തന്റെ കൈയിൽ നല്കപ്പെട്ടതായി നബി തിരുമേനി കാണുകയുണ്ടായി (ബുഖാരി). എന്നാൽ, തിരുമേനിയുടെ മരണാനന്തരം തന്റെ ഖലീഫമാരുടെ കൈയിലാണ് ആ താക്കോലുകൾ കിട്ടിയത്. അതുപോലെതന്നെ മക്ക ജയിച്ചടക്കിയതായും ഉസയ്ദിനെ മക്കയിലെ ഭരണാധികാരിയായി നിയമിച്ചതായും തിരുമേനി കാണുകയുണ്ടായി. എന്നാൽ, ഉസയ്ദ് മക്കാവിജയത്തിന് മുമ്പേതന്നെ മരണപ്പെട്ടു പോയി. ഒടുവിൽ മക്ക ജയിച്ചടക്കിയപ്പോൾ നബിതിരുമേനി ഉസയ്ദിന്റെ മകൻ അത്താബിനെ മക്കയിലെ ഗവർണ്ണറായി നിയമിക്കുകയാണ് ചെയ്തത് (സർഖാനി). ഇനി, സ്വപ്നശാസ്ത്ര ഗ്രന്ഥങ്ങൾ നോക്കുകയാണെങ്കിലും, സ്വപ്നത്തിൽ ചിലപ്പോൾ ചില ആളുകളെ സംബന്ധിച്ച് കാണപ്പെടുന്ന കാഴ്ച അവരുടെ സന്താനങ്ങളെയോ ബന്ധുക്കളെയോ അനുയായികളെയോ ഉദ്ദേശിച്ചാവാമെന്ന് എഴുതിയതായി കാണാവുന്നതാണ്. ചില സ്വപ്നശാസ്ത്രജ്ഞൻമാർ ഹദീഥുകളിൽനിന്ന് അതിന് ഉദാഹരണങ്ങൾ എടുത്തു കാണിക്കുകയും ചെയ്തിട്ടുണ്ട് (തഅ്ത്തീറുൽ അനാമിന്റെ മുഖദ്ദിമഃ). അതിനാൽ ഹദ്റത്ത് അഹ്മദി(അ)ൽ പൂർത്തിയാവാതിരുന്നിട്ടുള്ള രിവായത്തു ചെയ്യപ്പെട്ട അടയാളങ്ങളിൽ ചിലത് അതിന്റെ പ്രത്യക്ഷമായ രൂപത്തിൽ വല്ലപ്പോഴും അദ്ദേഹത്തിന്റെ ഖലീഫമാരുടെയോ കുടുംബാംഗങ്ങളുടെയോ ജമാഅത്തിന്റെയോ കാര്യത്തിൽ നിറവേറുകയാണെങ്കിൽ അത് ആക്ഷേപകരമായൊരു കാര്യമല്ല. ആലോചനയില്ലാത്ത എതിരാളികൾ അതിനെപ്പറ്റി പരിഹസിച്ചേക്കാം. പക്ഷേ, വിശുദ്ധ ഖുർ

ആനിലും സ്വഹീഹായ ഹദീഥുകളിലും ചരിത്രത്തിലും സ്ഥാപിതമായിട്ടുള്ള ഈ യാഥാർത്ഥ്യം ആരുടെയെങ്കിലും പരിഹാസം നിമിത്തം എങ്ങനെ നമുക്ക് ഉപേക്ഷിക്കാനാകും?

മൂന്നാമത്തെ കാരണം ഇതാണ്- ചിലപ്പോൾ ചില അടയാളങ്ങൾ രണ്ടോ രണ്ടിലധികമോ വ്യത്യസ്ത കാലങ്ങളെ സംബന്ധിച്ചോ വ്യത്യസ്ത വ്യക്തികളെ സംബന്ധിച്ചോ പ്രസ്താവിക്കപ്പെട്ടതായിരിക്കാം. പക്ഷേ, ആ അടയാളങ്ങൾ ഒരാളെ മാത്രം സംബന്ധിച്ചതാണെന്ന് തെറ്റായി വിശ്വസിക്കപ്പെട്ടിരിക്കുന്നു. ഈ സംഗതി മഹ്ദിയെസംബന്ധിച്ച അധ്യായത്തിൽ നാം വിവരിച്ചിട്ടുണ്ട്.

നാലാമത്തെ കാരണമിതാണ്- ഖിയാമത്തിന്റെ സാമീപ്യം സംബന്ധിച്ച് പ്രസ്താവിക്കപ്പെട്ടിട്ടുള്ള ചില അടയാളങ്ങൾ മസീഹ് മൗഊദിന്റെ അടയാളങ്ങളാണെന്ന് കരുതപ്പെട്ടിരിക്കുന്നു. എന്നാൽ, അടയാളങ്ങളെ സംബന്ധിച്ച ചർച്ചയുടെ മുഖവുരയിൽ പറഞ്ഞതുപോലെ അവ മസീഹ് മൗഊദിന്റെ അടയാളങ്ങളല്ല. നേരെമറിച്ച് ഖിയാമത്ത് അടുത്തിരിക്കുന്നുവെന്നതിന്റെ ലക്ഷണങ്ങളാണ്.

അഞ്ചാമത്തെ കാരണമിതാണ് - രിവായത്ത് ചെയ്യപ്പെട്ട അടയാളങ്ങളെയും ഉലമാക്കൾ നല്കിയിട്ടുള്ള വ്യാഖ്യാനങ്ങളെയും അവയെ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളെയും സ്വഹീഹായ ഹദീഥുകളെയെന്നപോലെ വിശ്വസിച്ചിരിക്കുന്നു. എന്നാൽ, അവയെ അങ്ങനെ വിശ്വസിക്കുന്നത് ഒരുവിധത്തിലും ശരിയല്ല.

ചുരുക്കത്തിൽ ന്യായമായ നിലയിൽ പരിശോധിക്കുകയാണെങ്കിൽ എല്ലാ ശരിയായ അടയാളങ്ങളും ഹദ്റത്ത് അഹ്മദി(അ)ൽ നിറവേറിയിട്ടുള്ളതായി കാണുവാൻ കഴിയും. ശരിയായ അടയാളങ്ങളൊന്നുംതന്നെ അല്ലാഹുവിന്റെ സുന്നത്തനുസരിച്ച് നിറവേറാതിരുന്നിട്ടില്ലെന്ന് ഞങ്ങൾ തെളിയിച്ചിട്ടുണ്ട്.

## അടയാളങ്ങളുടെ സമഗ്രവിവരണം

ഹദ്റത്ത് അഹ്മദ്(അ) അടയാളങ്ങളെ സംബന്ധിച്ച് നല്കിയിട്ടുള്ള ഒരു വിവരണം ഇവിടെ ഉദ്ധരിച്ചുകൊണ്ട് ഈ ചർച്ച അവസാനിപ്പിച്ചുകൊള്ളുന്നു. അദ്ദേഹം പറയുകയാണ്:-

ഓർമ്മിച്ചു കൊള്ളുക! മസീഹ് മൗഊദിന്റെ പ്രത്യേകമായ അടയാളങ്ങളുടെ കൂട്ടത്തിൽ താഴെ പറയുന്നവയും ഉൾപ്പെടുത്തപ്പെട്ടി

രിക്കുന്നു.

1. അദ്ദേഹം രണ്ട് മഞ്ഞപ്പുതപ്പുകളോടു കൂടി ഇറങ്ങുന്നതാണ്.

2. അദ്ദേഹം രണ്ട് മലക്കുകളുടെ ചുമലിൽ കൈവച്ചു കൊണ്ടായിരിക്കും ഇറങ്ങുക.

3. അവിശ്വാസികൾ അദ്ദേഹത്തിന്റെ നിശ്വാസം കൊണ്ട് മരണമടയും.

4. അദ്ദേഹം കുളി കഴിഞ്ഞശേഷം കുളിപ്പുരയിൽ നിന്ന് പുറത്തുവരുന്ന ആളെപ്പോലെ കാണപ്പെടുന്നതാണ്. അദ്ദേഹത്തിന്റെ ശിരസ്സിൽ നിന്ന് ജലകണങ്ങൾ മുത്തുമണിപോലെ ഇറ്റുവീഴുന്നതായും കാണപ്പെടും.

5. അദ്ദേഹം ദജ്ജലാലിനോട് മത്സരിച്ചു കഅ്ബ പ്രദക്ഷിണം ചെയ്യും.

6. അദ്ദേഹം കുരിശു മുറിക്കും.

7. അദ്ദേഹം പന്നിയെ കൊല്ലും.

8. അദ്ദേഹം വിവാഹം ചെയ്യും. അദ്ദേഹത്തിന് സന്തതികളുണ്ടാവും.

9. അദ്ദേഹം ദജ്ജാലിനെ കൊല്ലും.

10. അദ്ദേഹം കൊല്ലപ്പെടുകയില്ല. നേരെമറിച്ച് പ്രകൃതി മരണം പ്രാപിക്കുന്നതും നബി(സ)തിരുമേനിയുടെ കബ്റിൽ അടക്കം ചെയ്യപ്പെടുന്നതുമാണ്. تلك عشرة كاملة

എന്നാൽ, രണ്ടു മഞ്ഞപ്പുതപ്പുകളെ സംബന്ധിച്ച്, അത് രണ്ട് രോഗങ്ങളാണെന്ന് നാം വിവരിച്ചിട്ടുണ്ട്. ഇവ രണ്ടും മസീഹ് മൗഊദിന്റെ അടയാളമാണെന്ന നിലയിൽ അദ്ദേഹത്തിനുണ്ടാകുമെന്ന് ആദ്യമേതന്നെ വിധിക്കപ്പെട്ടതാണ്. അദ്ദേഹത്തിന്റെ അസാധാരണമായ ദേഹസ്ഥിതി ഒരു അടയാളമായിരിക്കുവാനാണിത്.

രണ്ട് മലക്കുകളെക്കൊണ്ട് ഉദ്ദേശിക്കപ്പെട്ടത്, അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിന്റെ പൂർത്തീകരണത്തിന് അടിസ്ഥാനമായി മറഞ്ഞുകിടക്കുന്ന, ഗയ്ബായ രണ്ട് സഹായങ്ങളാണ്. ഒന്നാമത്തേത് പരിശ്രമംകൊണ്ടും പരിശീലനംകൊണ്ടും സമ്പാദിക്കപ്പെടാത്തതും

ബുദ്ധിപരവും പ്രമാണപരവുമായി അദ്ദേഹത്തിന് നല്കപ്പെടുന്നതുമായ ജ്ഞാനസംബന്ധിയായ തെളിവ്. രണ്ടാമത്തേത്, മനുഷ്യന്റെ സഹായമില്ലാതെ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ഇറക്കപ്പെടുന്ന അടയാളങ്ങൾകൊണ്ടുള്ള തെളിവുകൾ.

രണ്ട് മലക്കുകളുടെ ചുമലിൽ കൈവെച്ചു ഇറങ്ങുമെന്നതു കൊണ്ട് സൂചിപ്പിക്കപ്പെടുന്നത് അദ്ദേഹത്തിന്റെ അഭിവൃദ്ധിക്കായി പ്രത്യക്ഷമല്ലാത്ത നിലയ്ക്കുള്ള സഹായങ്ങൾ കൈവരുമെന്നും അവയുടെ സഹായത്താൽ ദൗത്യം നിർവ്വഹിക്കുമെന്നുമാണ്. മുമ്പേയൊരിക്കൽ ഞാനൊരു സ്വപ്നം കണ്ട കഥ പറഞ്ഞിട്ടുണ്ടായിരുന്നു. അതിതാണ് – എന്റെ കൈയിൽ ഒരു വാൾ നല്കപ്പെട്ടതായി ഞാൻ കണ്ടു. അതിന്റെ പിടി എന്റെ കൈയിലും അതിന്റെ അറ്റം ആകാശത്തിലുമായിരുന്നു. ഞാനതിനെ രണ്ടു ഭാഗത്തും വീശിക്കൊണ്ടിരിക്കുന്നു. ഓരോ ഭാഗത്തും വീശുമ്പോൾ നൂറുക്കണക്കിൽ ആളുകൾ കൊല്ലപ്പെടുന്നു. ഈ സ്വപ്നത്തിന്റെ അർത്ഥം ഒരു പുണ്യാത്മാവ്* സ്വപ്നത്തിൽത്തന്നെ വിവരിച്ചുതന്നു. അത് തെളിവിന്റെ വാളാണെന്ന്. വലതുഭാഗം കൊണ്ട് ഉദ്ദേശിക്കപ്പെട്ടത് അടയാളങ്ങൾ മുഖാന്തരമുള്ള എല്ലാ തെളിവുകളുമാണ്. ഇടതുഭാഗം കൊണ്ട് ഉദ്ദേശിക്കപ്പെട്ടത് ബുദ്ധിയും പ്രമാണവും മുഖാന്തരമുള്ള തെളിവുകളുമാകുന്നു. ഈ രണ്ടു വിധത്തിലുള്ള തെളിവുകളും മനുഷ്യന്റെ പ്രവൃത്തിയും പരിശ്രമവും കൂടാതെതന്നെ പ്രത്യക്ഷപ്പെടുന്നവയാണ്.

അവിശ്വാസികളെ നിശ്വാസം കൊണ്ട് വധിക്കുമെന്നതിന്റെ അർത്ഥം മസീഹ് മൗഊദിന്റെ ആത്മാവുകൊണ്ട് അതായത് അദ്ദേഹത്തിന്റെ ശ്രമം കൊണ്ട് അവിശ്വാസികൾ നാശമടയുമെന്നാണ്.

കുളിപ്പുരയിൽ നിന്ന് കുളിച്ചു പുറത്തു വന്നതു പോലെയും മുത്തുമണിപോലെ ശിരസ്സിൽ നിന്ന് ജലകണങ്ങൾ ഉതിരുന്നതു പോലെയും മസീഹ് മൗഊദിനെ കാണപ്പെടുമെന്ന് പറഞ്ഞതിന്റെ സാരം, അദ്ദേഹം അടിക്കടിയുള്ള തൗബയും വണക്കവും കൊണ്ട്, അല്ലാഹുവിനോട് തനിക്കുള്ള ബന്ധം പുതുക്കിക്കൊണ്ടിരിക്കുമെന്നാണ്. എല്ലായിപ്പോഴും കുളിക്കുന്നതുപോലെയും ആ കുളിയുടെ പരിശുദ്ധമായ ജലകണങ്ങൾ മുത്തുകളായി ശിരസ്സിൽനിന്ന് ഉതിരുന്നതുപോലെയും, എന്നല്ലാതെ മാനുഷികമായ പ്രകൃതിക്ക് വിരു

---

* ഹദ്റത്ത് മുഹമ്മദ് അബ്ദുല്ലാസാഹിബ് ഗസ്നവി അമൃതസരിയാണ് ഉദ്ദേശ്യം.

ദ്ധമായി അദ്ദേഹത്തിൽ വല്ലൊരു കാര്യവും കാണുമെന്നല്ല. ഈസാ നബിയുടെമേൽ പ്രകൃതിവിരുദ്ധമായ കാര്യങ്ങൾ ആരോ പിക്കപ്പെട്ടതിന്റെ ഫലം ജനങ്ങൾ ഇതിനുമുമ്പേ കണ്ടുകഴിഞ്ഞതാണല്ലോ? കോടിക്കണക്കിൽ ജനങ്ങളെ അത് നരകാഗ്നിക്ക് വിറകാക്കിത്തീർത്തു. എന്നിട്ട് ഇനിയും മനുഷ്യപ്രകൃതിക്ക് വിരുദ്ധമായനിലയിൽ ഈസാനബി ആകാശത്തിൽനിന്ന് ഇറങ്ങുമെന്നും അദ്ദേഹത്തിന്റെകൂടെ മലക്കുകൾ ഉണ്ടായിരിക്കുമെന്നും അദ്ദേഹം തന്റെ നിശ്വാസംകൊണ്ട് ജനങ്ങളെ നശിപ്പിക്കുമെന്നും അദ്ദേഹത്തിന്റെ ശരീരത്തിൽനിന്ന് മുത്തുമണികൾപോലെ ജലകണങ്ങൾ ഉതിരുമെന്നും ആശവെക്കുകയോ? ചുരുക്കത്തിൽ മസീഹ് മൗഊദ്(അ)ന്റെ ദേഹത്തിൽനിന്ന് മുത്തുമണിപോലെ ജലകണങ്ങൾ ഉതിരുമെന്നതിന് ഞാൻ എഴുതിയ അർത്ഥമാണ് ശരിയായിട്ടുള്ളത്. നബി(സ) തിരുമേനി തന്റെ കരണങ്ങളിൽ സ്വർണ്ണവളകൾ കണ്ടതു കൊണ്ട് വളതന്നെയായിരുന്നോ ഉദ്ദേശ്യം? ഒരിക്കലുമല്ല. അവകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് ആന്തരാർത്ഥമായിരുന്നു. അതുപോലെത്തന്നെ, മസീഹ് മൗഊദിനെ കുളിച്ചുവരുന്നതുപോലെയും അദ്ദേഹത്തിന്റെ ശിരസ്സിൽനിന്ന് മുത്തുകണക്കെ ജലബിന്ദുക്കൾ ഉതിരുന്നതുപോലെയും നബിതിരുമേനി കണ്ടതിന്റെ അർത്ഥവും അദ്ദേഹം ഒട്ടധികം തൗബാ ചെയ്യുകയും ഒട്ടധികം വണങ്ങുകയും ചെയ്യുന്ന ആളായിരിക്കുമെന്നും അല്ലാഹുവുമായുള്ള അദ്ദേഹത്തിന്റെ ബന്ധം എപ്പോഴും പുതുക്കിയ നിലയിലായിരിക്കുമെന്നുമാണ്. അതായത് അദ്ദേഹം എല്ലാ സമയത്തും കുളിക്കുന്നതു പോലെയും പരിശുദ്ധമായ വണക്കത്തിന്റെ പരിശുദ്ധ ബിന്ദുക്കൾ അദ്ദേഹത്തിന്റെ ശിരസ്സിൽനിന്ന് ഉതിരുന്നതു പോലെയുമിരിക്കും. മറ്റൊരു ഹദീഥിലും അല്ലാഹുവിന്റെ അടുക്കലേക്കുള്ള മടക്കത്തെ കുളിയോട് ഉപമിച്ചിട്ടുണ്ട്. അതായത്, നബിതിരുമേനി സ്വഹാബത്തിനോട് ചോദിച്ചു. ആരുടെയെങ്കിലും വീട്ടിന്റെ മുമ്പിൽ നദിയുണ്ടായിരിക്കുകയും അയാൾ ആ നദിയിൽ ദിവസേന അഞ്ചു പ്രാവശ്യം കുളിക്കുകയും ചെയ്യുകയാണെങ്കിൽ അയാളുടെ ശരീരത്തിൽ അഴുക്കുണ്ടായിരിക്കുമോ? സ്വഹാബത്ത് ഇല്ലെന്നു മറുപടി പറഞ്ഞു. അപ്പോൾ നബിതിരുമേനി പറഞ്ഞു. അതുപ്രകാരം തന്നെ അഞ്ചുനേരം നമസ്കരിക്കുന്നവന്റെ ആത്മാവിലും (നമസ്കാരമാകട്ടെ, തൗബ, പശ്ചാത്താപം, പ്രാർത്ഥന, വണക്കം, വിനയം, തഹ്മീദ്, തസ്ബീഹ് എന്നിവയുടെ സമാഹാരമാണ്) പാപത്തിന്റെ അഴുക്ക് ഉണ്ടായിരിക്കുക

യില്ല. അതായത് അവൻ അഞ്ചുനേരം കുളിക്കുന്നവനെപ്പോലെ ഇരിക്കുന്നതാണ്. മസീഹ് മൗഊദിന്റെ കുളിയുടെയും അർത്ഥം ഇതാണെന്ന് ഈ ഹദീഥുകൊണ്ട് വ്യക്തമാകുന്നു. അങ്ങനെയല്ലെങ്കിൽ ശാരീരികമായ കുളിയിൽ എന്തൊരു പ്രത്യേകതയാണുള്ളത്? അമുസ്‌ലിംകളും നിത്യേന കാലത്ത് കുളിക്കാറില്ലയോ? അവരുടെ ശിരസ്സുകളിൽ നിന്നും കുളിയിൽനിന്നുണ്ടായ ജലബിന്ദുക്കൾ ഉതിരാറില്ലയോ? കഷ്ടം! ശാരീരികമായി ചിന്തിക്കുന്ന ആളുകൾ എല്ലാ ആത്മീയകാര്യങ്ങളേയും ശാരീരിക കാര്യങ്ങളിലേക്ക് വലിച്ചിഴച്ചുകൊണ്ടുപോകുന്നു! യഹൂദന്മാരെപ്പോലെ ഗഹനമായ തത്ത്വങ്ങളും ആന്തരാർത്ഥങ്ങളും അവഗണിക്കുകയും ചെയ്യുന്നു.

മസീഹ് മൗഊദ് ദജ്ജാലിനോട് മത്സരിച്ചു കഅ്ബ പ്രദക്ഷിണം ചെയ്യുമെന്നതിന്റെ അർത്ഥം, അതായത് മസീഹ് മൗഊദിനെപ്പോലെത്തന്നെ ദജ്ജാലും കഅ്ബ പ്രദക്ഷിണം ചെയ്യുമെന്നതിന്റെ അർത്ഥം ബാഹ്യമായ പ്രദക്ഷിണമല്ലെന്നുള്ളത് പ്രത്യക്ഷമാണ്. ബാഹ്യമായ പ്രദക്ഷിണമാണെങ്കിൽ ദജ്ജാൽ കഅ്ബയിൽ പ്രവേശിക്കുമെന്ന് പറയേണ്ടി വരും. അല്ലെങ്കിൽ അവൻ മുസൽമാൻ ആകുമെന്ന് സമ്മതിക്കേണ്ടിവരും. എന്നാൽ, ഇത് രണ്ടും ഹദീഥുകളുടെ വ്യക്തമായ പ്രസ്താവനയ്ക്ക് എതിരാണ്. അതിനാൽ, ഈ ഹദീഥ് വ്യാഖ്യാനമർഹിക്കുന്ന ഒന്നാണ്. ഈ ഹദീഥിന് അല്ലാഹു എനിക്ക് വെളിപ്പെടുത്തിത്തന്നിട്ടുള്ള വ്യാഖ്യാനമിതാകുന്നു അവസാനകാലത്ത് ദജ്ജാൽ എന്നു പേരുള്ള ഒരു കൂട്ടരുണ്ടാകും. അവർ ഇസ്‌ലാമിന്റെ കഠിനശത്രുക്കളായിരിക്കും. അവർ ഇസ്‌ലാമിനെ നശിപ്പിക്കാനായി, അതിനെ ഭൂമുഖത്തുനിന്ന് വേരോടെ പിഴുതെറിയുവാനായി, കള്ളനെപ്പോലെ കഅ്ബ- അതാണല്ലോ ഇസ്‌ലാമിന്റെ കേന്ദ്രം- പ്രദക്ഷിണം ചെയ്യുന്നതാണ്. അതിനെതിരായി മസീഹ് മൗഊദും ഇസ്‌ലാമിന്റെ കേന്ദ്രം- അതിനെ കഅ്ബയോടാണ് ഉപമിച്ചിരിക്കുന്നത്- പ്രദക്ഷിണം ചെയ്യും. ആ പ്രദക്ഷിണംകൊണ്ടുള്ള മസീഹ് മൗഊദിന്റെ ഉദ്ദേശ്യം ദജ്ജാൽ എന്നു നാമകരണം ചെയ്യപ്പെട്ടിരിക്കുന്ന ആ കള്ളനെ പിടിക്കുകയും അവന്റെ കൈയ്യേറ്റത്തിൽനിന്ന് ഇസ്‌ലാമിന്റെ കേന്ദ്രത്തെ രക്ഷിക്കുകയുമാണ്. രാത്രികാലങ്ങളിൽ കള്ളനും കാവൽക്കാരനും വീടുകൾ പ്രദക്ഷിണം ചെയ്യുമെന്നത് പ്രത്യക്ഷമായൊരു സംഗതിയാണല്ലോ. കള്ളന്റെ ഉദ്ദേശ്യം വീടിനു തുരങ്കം വെക്കുകയും വീട്ടിലുള്ളവരെ നശിപ്പിക്കുകയുമാണ്. കാവൽക്കാരന്റെ ഉദ്ദേശ്യമാവട്ടെ,

കള്ളനെ പിടിക്കുകയും കാരാഗൃഹത്തിലടക്കുകയുമാണ്. മേൽപ്പറഞ്ഞ ഹദീഥിൽ ഈ മത്സരത്തെപ്പറ്റിയാണ് സൂചിപ്പിച്ചിട്ടുള്ളത് അതായത് അവസാനകാലത്ത്, ദജ്ജാൽ എന്നു നാമകരണം ചെയ്യപ്പെട്ടിട്ടുള്ള ആ കള്ളൻ ഇസ്‌ലാമിന്റെ കെട്ടിടം പൊളിക്കുന്നതിനു വേണ്ടി അങ്ങേയറ്റം പരിശ്രമിക്കും. മസീഹ് മൗഊദാവട്ടെ, ഇസ്‌ലാമിനോടുള്ള അനുകമ്പയാൽ തന്റെ ശബ്ദം ആകാശംവരെ ഉയർത്തും. അവസാനസമയത്ത് അദ്ദേഹത്തിന് വിജയമുണ്ടാകുന്നതിനായി എല്ലാ മലക്കുകളും അദ്ദേഹത്തോടുകൂടി ഉണ്ടായിരിക്കും. അദ്ദേഹം തളരുകയോ മടിയനാവുകയോ പിൻവാങ്ങുകയോ ചെയ്യാതെ ആ കള്ളനെ പിടിക്കാനായി അങ്ങേയറ്റം ശ്രമിക്കും. അദ്ദേഹത്തിന്റെ ശ്രമം പരമകാഷ്ഠയിലെത്തുമ്പോൾ ഇസ്‌ലാമിനു വേണ്ടി അദ്ദേഹത്തിന്റെ ഹൃദയം എത്രത്തോളമാണ് ഉരുകിപ്പോയിട്ടുള്ളതെന്ന് അല്ലാഹു കാണുന്നതാണ്. അപ്പോൾ ലോകത്തിന് ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്ത ആ പ്രവൃത്തി അദ്ദേഹം നിർവ്വഹിക്കും. മനുഷ്യകരങ്ങളാൽ നേടാൻ കഴിഞ്ഞിട്ടില്ലാത്ത വിജയം മലക്കുകൾ മുഖാന്തരം കൈവരുകയും ചെയ്യും.

മസീഹ് മൗഊദിന്റെ അവസാന ദിവസങ്ങളിൽ കഠിനമായ ആപത്തുകൾ ഇറങ്ങും. ഉഗ്രമായ ഭൂകമ്പങ്ങൾ ഉണ്ടാകും. മുഴുവൻ ലോകത്തുനിന്നും സമാധാനം പോയിപ്പോകും. ഈ വിപത്തുകൾ മസീഹിന്റെ ദുആയുടെ ഫലമായി മാത്രം ഇറങ്ങുന്നവയായിരിക്കും. അപ്പോൾ, ഈ അടയാളങ്ങൾക്കുശേഷം അദ്ദേഹത്തിനു വിജയമുണ്ടാകും. മസീഹ് മൗഊദ് ചുമലിൽ കൈവെച്ചു ഇറങ്ങുമെന്നു ആലങ്കാരികമായി പറയപ്പെട്ടിട്ടുള്ള മലക്കുകൾ അതാണ്. ഈ ദജ്ജാലിയായ വിപത്ത്- അതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് അവസാനകാലത്തെ വഴിപിഴച്ച പാതിരിമാരുടെ ഗൂഢാലോചനയാണ്- മനുഷ്യശ്രമത്താൽ ഇല്ലാതാകുമെന്ന് ഇന്ന് ആർക്ക് പറയാൻ സാധിക്കും? എന്നാൽ, അല്ലാഹുതന്നെ ഈ വിപത്തിനെ നിർമ്മാർജ്ജനം ചെയ്യും. അവൻ മിന്നൽപോലെ പതിക്കും. കോളുപോലെ വരും. കൊടുങ്കാറ്റു പോലെ ലോകത്തെ കുലുക്കും. എന്തെന്നാൽ അവന്റെ കോപാഗ്നിയുടെ കാലം വന്നു. പക്ഷേ, അവൻ നിരാശ്രയനാണ്. ഖുദ്റത്താകുന്ന കല്ലിന്റെ തീ ജ്വലിപ്പിക്കാൻ മനുഷ്യന്റെ അർത്ഥനയുടെ സമ്മർദ്ദം കൂടിയേ കഴിയൂ. ഹാ, എത്ര പ്രയാസമുള്ള പണിയാണ്! നാമൊരു ത്യാഗം ചെയ്യേണ്ടിയിരിക്കുന്നു. നാം ആ ത്യാഗം ചെയ്യുന്നതുവരെ കുരിശ് ഖണ്ഡനം സാധ്യമാവുകയില്ല. അത്തരം ത്യാഗം

ഏതെങ്കിലുമൊരു നബി ചെയ്യാതിരുന്നിടത്തോളം കാലം അദ്ദേഹത്തിന് വിജയമുണ്ടായിട്ടില്ല. ആ ത്യാഗത്തെ സംബന്ധിച്ചാണ് വിശുദ്ധഖുർആനിൽ, وَاسْتَفْتَحُوا وَخَابَ كُلُّ جَبَّارٍ عَنِيدٍ ﴿١٦﴾ അതായത് പ്രവാചകന്മാർ തങ്ങളെ സ്വയം സമരാഗ്നിയുടെ തീയിലിട്ടുകൊണ്ട് വിജയത്തിനായി പ്രാർത്ഥിച്ചു. പിന്നെന്തുണ്ടായി? ദുർവാശിക്കാരായ എല്ലാ സ്വേച്ഛാധികാരികളും നശിച്ചൊടുങ്ങി (വി.ഖു. 14:16). താഴെ പറയുന്ന പദ്യശകലം ഇതിനെയാണ് സൂചിപ്പിക്കുന്നത്.

تا دل مرد خدا نامد بدرد ہیچ قومے را خدا رسوا نکرد

അല്ലാഹുവിന്റെ ഒരു അടിയാന്റെ ഹൃദയത്തിൽ ഏതുവരെ വേദനയുണ്ടായിട്ടില്ല അതുവരെ അല്ലാഹു ഒരു സമുദായത്തേയും എളിമയിലാക്കിയിട്ടില്ല.

കുരിശു മുറിക്കുമെന്നതിന് കുരിശിന്റെ മരമോ സ്വർണ്ണത്തിന്റെയോ വെള്ളിയുടെയോ കുരിശോ മുറിക്കുമെന്ന് അർത്ഥം കല്പിക്കുന്നത് അങ്ങേയറ്റം അബദ്ധമാണ്. അത്തരം കുരിശുകൾ എപ്പോഴും ഇസ്‌ലാമിക യുദ്ധങ്ങളിൽ ഉടഞ്ഞുകൊണ്ടിരുന്നിട്ടുണ്ട്. അതിനാൽ അതിന്റെ അർത്ഥം മസീഹ് മൗഊദ് കുരിശു സിദ്ധാന്തം ഖണ്ഡിക്കുമെന്നും അതിനുശേഷം ലോകത്ത് കുരിശുസിദ്ധാന്തം അഭിവൃദ്ധിപ്പെടുകയില്ലെന്നുമാണ്. അവസാനകാലംവരെ മുളയെടുക്കാത്തവിധം അത് മുറിഞ്ഞുപോകും. മനുഷ്യന്റെ കരമായിരിക്കുകയില്ല അതിനെ മുറിക്കുന്നത്; സകല ശക്തികളുടെയും അധികാരിയായ അല്ലാഹുവായിരിക്കും അത് മുറിക്കുന്നത്. ഏതുവിധം അവൻ ഈ വിപത്തിനെ ഉണ്ടാക്കിയോ അതേവിധം അതിനെ ഉൻമൂലനം ചെയ്യുന്നതുമാണ്. അവൻ മറ്റുള്ളവർക്ക് ബഹുമതി നല്കുകയില്ല. പക്ഷേ, അവന്റെ കരങ്ങളുടെ സൃഷ്ടിയായ മസീഹിന് ഈ ബഹുമതി ലഭിക്കുന്നതാണ്. അല്ലാഹു ബഹുമതി നല്കുന്നവനെ അപമാനിതനാക്കാൻ ആർക്കും കഴിയുന്നതല്ല. ആ മസീഹ് മഹത്തായൊരു കാര്യത്തിനുവേണ്ടി നിയോഗിതനായിരിക്കുന്നു. ആ കാര്യം അദ്ദേഹത്തിന്റെ കൈയ്യാൽ വിജയിക്കും. അദ്ദേഹത്തിന്റെ ആഗമനം കുരിശിന്റെ അധഃപതനത്തിന് കാരണമാകും. കുരിശു സിദ്ധാന്തത്തിന്റെ ആയുസ്സ് അദ്ദേഹത്തിന്റെ ആവിർഭാവത്തോടുകൂടി പൂർത്തിയാകും. ജനങ്ങളുടെ ചിന്താഗതി തന്നത്താൻ കുരിശു സിദ്ധാന്തത്തിൽ നിന്ന് മടുത്തു പിന്തിരിഞ്ഞു കൊണ്ടിരിക്കും. യൂറോപ്പിൽ ഇപ്പോൾ ആ അവസ്ഥയാണ് പ്രത്യക്ഷപ്പെട്ടു

കൊണ്ടിരിക്കുന്നത്. ഇന്ന് ശമ്പളക്കാരായ പാതിരിമാർ മാത്രമാണ് ക്രിസ്തുമതത്തിന്റെ പ്രവൃത്തി നടത്തിക്കൊണ്ടിരിക്കുന്നത്. വിജ്ഞാനികൾ ആ സിദ്ധാന്തം കൈവെടിഞ്ഞു കൊണ്ടിരിക്കുകയും ചെയ്യുന്നു. കുരിശു സിദ്ധാന്തത്തിനെതിരായി യൂറോപ്പിൽ വീശാൻ തുടങ്ങിയിട്ടുള്ള കാറ്റാണിത്. നിത്യേന അതിന്റെ ഊക്കും ആക്കവും കൂടിക്കൊണ്ടിരിക്കുന്നു. ഇതാണ് മസീഹ് മൗഊദിന്റെ ആവിർഭാവത്തിന്റെ ലക്ഷണം. എന്തെന്നാൽ മസീഹ് മൗഊദോടുകൂടി ഇറങ്ങേണ്ട ആ രണ്ട് മലക്കുകൾ കുരിശുസിദ്ധാന്തത്തിനെതിരായി പ്രവർത്തിച്ചുകൊണ്ടിരിക്കയാണ്. ലോകം അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ദജ്ജാലിന്റെ തന്ത്രം പ്രത്യക്ഷമായ നിലയിൽ തകരുന്ന ആ സമയം അടുത്തിരിക്കുന്നു. എന്തെന്നാൽ അതിന്റെ പ്രായപൂർത്തി എത്തിക്കഴിഞ്ഞു.

മസീഹ് മൗഊദ് പന്നിയെ കൊല്ലുമെന്നുള്ള പ്രവചനം നികൃഷ്ടനും ചീത്ത നാവുകാരനുമായ ശത്രുവിനെ പരാജയപ്പെടുത്തുന്നതിനെയാണ് സൂചിപ്പിക്കുന്നത്. അങ്ങനെയുള്ള ശത്രു മസീഹ് മൗഊദിന്റെ പ്രാർത്ഥനകൊണ്ട് നാശമടയുമെന്നും അത് സൂചിപ്പിക്കുന്നു.

മസീഹ് മൗഊദിന് മക്കളുണ്ടാകുമെന്ന പ്രവചനത്തിന്റെ സാരം അല്ലാഹു അദ്ദേഹത്തിന്റെ വംശത്തിൽനിന്ന് അദ്ദേഹത്തിന്റെ പ്രതിനിധിയാവുകയും ഇസ്‌ലാംമതത്തെ സഹായിക്കുകയും ചെയ്യുന്ന ഒരാളെ ജനിപ്പിക്കുമെന്നാണ്. എന്റെ ചില പ്രവചനങ്ങളിൽ ഈ സംഗതി വെളിവാക്കപ്പെട്ടിട്ടുണ്ട്.

മസീഹ് മൗഊദ് ദജ്ജാലിനെ കൊല്ലുമെന്നതിന്റെ അർത്ഥം അദ്ദേഹത്തിന്റെ ആവിർഭാവത്താൽ ദജ്ജാലിന്റെ വിപത്ത് താഴ്ചയിലേക്ക് വരുമെന്നും തന്നത്താൻ കുറഞ്ഞുപോകുമെന്നും ബുദ്ധിജീവികളുടെ ഹൃദയം ഏകദൈവ വിശ്വാസത്തിലേക്ക് ചായുമെന്നുമാണ്. ദജ്ജാൽ എന്ന പദത്തിന് രണ്ടുവിധത്തിലുള്ള അർത്ഥമാണ് കൽപിക്കപ്പെട്ടിട്ടുള്ളതെന്ന സംഗതി മനസ്സിലാക്കണം. അതായത്, ദജ്ജാലിന്റെ ഒരർത്ഥം നുണയെ സഹായിക്കുകയും വഞ്ചനയും ചതിയും കൊണ്ട് കാര്യം സാധിക്കുകയും ചെയ്യുന്ന ജനസമൂഹം എന്നാണ്. മറ്റൊരർത്ഥം എല്ലാ കളവിന്റെയും വിപത്തിന്റെയും പിതാവായിരിക്കുന്ന ശയ്ത്വാൻ എന്നാണ്. തൻമൂലം അവനെ കൊല്ലുകയെന്നതിന്റെ സാരം ആ പൈശാചികമായ വിപത്തിനെ,

അവസാനകാലംവരെ വളർന്നുവരാത്ത വിധം ഉൻമൂലനം ചെയ്യുമെന്നാണ്. അതായത് ഈ അവസാനത്തെ യുദ്ധത്തിൽ ശയ്ത്വാൻ വധിക്കപ്പെടും.

മസീഹ് മൗഊദ്, വഫാത്തിനുശേഷം നബിതിരുമേനിയുടെ കബ്റിൽ പ്രവേശിക്കുമെന്നതിന് (നഊദുബില്ലാഹ്) നബി തിരുമേനിയുടെ കബ്ർ തുറക്കപ്പെടുമെന്ന് അർത്ഥം കൽപിക്കുന്നത് ബാഹ്യമായി മാത്രം ചിന്തിക്കുന്നവരുടെ അബദ്ധമാണ്. അത് നിർമ്മര്യാദവും അനാദരപൂർവ്വവുമായ ഒരു ചിന്താഗതിയാണ്. അതിന്റെ നേരായ അർത്ഥം മരണാനന്തരം മസീഹ് മൗഊദിന്, നബി(സ)തിരുമേനിയുടെ പദവിയുടെ സാമീപ്യം സിദ്ധിക്കുമെന്നും രണ്ട് ആത്മാക്കളും ഒരേ കബ്റിൽ അടക്കം ചെയ്യപ്പെട്ടതുപോലെ അദ്ദേഹത്തിന്റെ ആത്മാവ് നബി(സ)തിരുമേനിയുടെ ആത്മാവുമായി അടുക്കുമെന്നുമാകുന്നു. ശരിയായ അർത്ഥം ഇതാണ്. ഇഷ്ടമുള്ളവർ മറ്റർത്ഥം കൽപിച്ചുകൊള്ളട്ടെ. മരണാന്തരം ശാരീരികമായ കബ്റിനു പ്രാധാന്യമൊന്നുമില്ലെന്ന് ആദ്ധ്യാത്മിക ജനങ്ങൾക്കറിയാം. എന്നാൽ, നബിതിരുമേനിയുമായി ആദ്ധ്യാത്മിക ബന്ധമുള്ള എല്ലാവരുടെയും ആത്മാവിന് നബിതിരുമേനിയുടെ ആത്മാവിന്റെ സാമീപ്യം സിദ്ധിക്കും; فَادْخُلِي فِي عِبَادِي ۝٣٠ وَادْخُلِي جَنَّتِي ۝٣١ എന്റെ അടിയാരോട് കൂടിച്ചേർന്ന് എന്റെ സ്വർഗ്ഗത്തിൽ പ്രവേശിക്കുക എന്ന് അല്ലാഹു പറഞ്ഞതുപോലെ.

മസീഹ് മൗഊദ് കൊല്ലപ്പെടുകയില്ല എന്ന പ്രവചനം സൂചിപ്പിക്കുന്നത് ഖാത്തമുൽഖുലഫാഅ് കൊല്ലപ്പെടുകയെന്നത് ഇസ്ലാമിന് അപമാനകരമാണെന്നാണ്. ഇതേ കാരണത്താൽതന്നെയാണ് നബി(സ)തിരുമേനിയും വധത്തിൽനിന്ന് സംരക്ഷിക്കപ്പെട്ടത്. (ഹഖീഖത്തുൽ വഹ്‌യ്, 307–313).

# 6. നുബുവ്വത്ത് വാദം

## ഞങ്ങളുടെ വിശ്വാസം

അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരായ ഹദ്റത്ത് അഹ്മദി(അ)ന്റെ വാദം സംബന്ധിച്ച ചർച്ചയിൽ ഖത്തമുന്നുബുവ്വത്തിന്റെ പ്രശ്നവും ഉൾപ്പെടുന്നുണ്ട്. എന്തെന്നാൽ, താൻ മസീഹും മഹ്ദിയുമാണെന്ന വാദത്തോടൊപ്പം 'ളില്ലി'യായ നബിയാണെന്നും ഹദ് റത്ത് അഹ്മദ്(അ) വാദിച്ചിട്ടുണ്ടായിരുന്നു. അതായത് നബി തിരുമേനിയെ പിന്തുടരുകയാൽ തിരുമേനിയുടെ പ്രതിപുരുഷൻ എന്ന നിലയിൽ തനിക്ക് നുബുവ്വത്ത് സിദ്ധിച്ചിരിക്കുന്നുവെന്ന് അദ്ദേഹം വാദിച്ചു. അതിനാൽ, സത്യാന്വേഷികൾക്ക് മാർഗ്ഗദർശനമാകാൻ വേണ്ടി ഈ ഗ്രന്ഥത്തിൽ അതിനെപ്പറ്റിയും ചുരുങ്ങിയ നിലയിലെങ്കിലും പ്രതിപാദിക്കേണ്ടത് ആവശ്യമായിത്തീർന്നിരിക്കുന്നു. എന്നാൽ, ഒരു കാര്യം മനസ്സിലാക്കണം, വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ളതുപോലെ നബിതിരുമേനി യഥാർത്ഥത്തിൽ ഖാത്തമുന്നബിയ്യീൻ ആണെന്നത് ഞങ്ങളുടെ വിശ്വാസമാണ്. ഖത്തമുന്നുബുവ്വത്തിൽ ഞങ്ങൾ ഹൃദയപൂർവ്വം വിശ്വസിക്കുകയും അതിനെ നിഷേധിക്കുന്നത് കുഫ്റാണെന്ന് കരുതുകയും ചെയ്യുന്നു. പക്ഷേ, ഇന്ന് അഹ്മദികളല്ലാത്ത അധികം മൗലവിമാരും ധരിച്ചിരിക്കുന്ന അർത്ഥമല്ല 'ഖാത്തമുന്നബിയ്യീന്' ഞങ്ങൾ കൽപിക്കുന്നത്. നബിതിരുമേനിക്കുശേഷം നുബുവ്വത്തിന്റെ വാതിൽ നിശ്ശേഷം അടയ്ക്കപ്പെട്ടിരിക്കുന്നുവെന്നും മേലിൽ ഒരാളും ഒരു പ്രകാരത്തിലും നബിയാവാൻ പാടില്ലെന്നുമല്ല 'ഖാത്തമുന്നബിയ്യീൻ' എന്നതിന് ഞങ്ങൾ കൽപിക്കുന്ന അർത്ഥം. നേരെമറിച്ച്, അതിന്റെ അർത്ഥം നബിതിരുമേനി നബിമാരുടെ മുദ്രയാണെന്നാകുന്നു. അതായത് നുബുവ്വത്തിന്റെ മുഴുവൻ ഗുണങ്ങളും പരിപൂർണ്ണമായ നിലയിൽ നബിതിരുമേനിയിൽ ഒരുമിച്ചു കൂടിയിരിക്കുന്നു. തിരുമേനിയുടെ തോട്ടത്തിൽ നിന്നുള്ള ഫലം ഭുജിക്കാതെയും തിരുമേനിയുടെ ഉറവിൽനിന്നുള്ള ജലം കുടിക്കാതെയും മേലിൽ ഒരാൾക്ക് നുബുവ്വത്താകുന്ന അനുഗ്രഹത്തിൽനിന്ന് പങ്കു ലഭിക്കുകയില്ല. മേലിൽ ആദ്ധ്യാത്മിക ശ്രേഷ്ഠത ലഭിക്കണമെങ്കിൽ അദ്ദേ

ഹത്തിന്റെ സത്യമുദ്ര അനിവാര്യമായിത്തീർന്നിരിക്കുന്നു. അദ്ദേഹത്തിനുശേഷം അദ്ദേഹത്തിന്റെ ശരീഅത്തിനെ ദുർബ്ബലപ്പെടുത്തുകയോ നേരിട്ടു സ്വതന്ത്രമായ നിലയിൽ നുബുവ്വത്താകുന്ന അനുഗ്രഹത്തിന് പാത്രമാവുകയോ ചെയ്യുന്ന ഒരു നബിയും വരുക സാധ്യമല്ല. എന്നാൽ, 'ളില്ലീ നുബുവ്വത്തി'ന്റെ വാതിൽ അടയ്ക്കപ്പെട്ടിട്ടില്ല. ഹദ്റത്ത് അഹ്മദ്(അ) ഒരു ളില്ലിനബിയാണെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. ളില്ലി നുബുവ്വത്തിന് ഞങ്ങളുടെ പക്കൽ ഇതാണർത്ഥം. ഉത്തമനായ ഒരാൾ നബിതിരുമേനിയോടുള്ള അനുസരണത്തിലും സ്നേഹത്തിലും അദ്ദേഹത്തിന്റെ ആത്മാവിനെ തിളങ്ങുന്ന മേത്തരമൊരു കണ്ണാടിപോലെ സംശുദ്ധമാക്കുകയും അതിൽ യാതൊരുവിധ കറയും കലർപ്പും ഇല്ലാതാക്കുകയും നബിതിരുമേനിയോടുള്ള അനുസരണത്തിലും സ്നേഹത്തിലും മുഴുകിയവനായിട്ട് തന്റെ ആത്മാവാകുന്ന കണ്ണാടിയെ നബിതിരുമേനിയുടെ പരിശുദ്ധമായ അസ്തിത്വത്തിന്റെ മുമ്പാകെ പരിപൂർണ്ണമായി കൊണ്ടുവരാനുള്ള പ്രകൃതിപരമായ കഴിവ് അദ്ദേഹത്തിനുണ്ടായിരിക്കുകയും ചെയ്യുമ്പോൾ ഒരു സംശുദ്ധമായ കണ്ണാടിയിൽ അതിനെ നോക്കുന്ന ആളുടെ രൂപം പതിയുന്നതുപോലെ, നബിതിരുമേനിയുടെ ഗുണവിശേഷവും മഹനീയതയും അദ്ദേഹത്തിന്റെ ആത്മാവാകുന്ന കണ്ണാടിയിൽ പതിയുന്നതാണ്. ആ അവസ്ഥയിൽ അദ്ദേഹം നബിതിരുമേനിയുടെ ളില്ല് അതായത് പ്രതിരൂപം ആവുകയും ചെയ്യും. അങ്ങനെയുള്ള ആൾ നുബുവ്വത്താകുന്ന പദവിക്ക് യോഗ്യനാവുകയും അദ്ദേഹത്തിന്റെ പ്രകൃതിപരമായ ശക്തി നുബുവ്വത്തിന്റെ രൂപം സ്വീകരിക്കാൻ പര്യാപ്തമാവുകയും ചെയ്യുകയാണെങ്കിൽ നബിതിരുമേനിയുടെ നുബുവ്വത്ത് ളില്ലിയായ നിലയിൽ അദ്ദേഹത്തിൽ പ്രത്യക്ഷപ്പെടുന്നതാണ്. നബിതിരുമേനിയെ പിന്തുടരുകയാൽ 'ബുറൂസി'യായ നിലയിൽ അദ്ദേഹത്തിന് നുബുവ്വത്ത് സ്ഥാനം ലഭിക്കുന്നതുമാണ്. അത്തരം നുബുവ്വത്ത് ഞങ്ങളുടെ പക്കൽ 'ഖത്തമുന്നുബുവ്വത്തി'ന് എതിരല്ല. അത്തരം നബിയുടെ ആഗമനം നബിതിരുമേനി അവസാനത്തെ നബിയായിരിക്കുന്നതിന് യാതൊരുവിധത്തിലുള്ള വിഘാതമാവുകയുമില്ല. നേരെമറിച്ച്, അത്തരം നുബുവ്വത്ത് തുടർന്നുണ്ടാവുകയെന്നത് നബിതിരുമേനിയുടെ ആദ്ധ്യാത്മിക പരിപൂർണ്ണതയ്ക്ക് മഹത്തായൊരു തെളിവാകുന്നു. വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ളതുപോലെ നബി(സ) തിരുമേനി നിശ്ചയമായും ഖാത്തമുന്നബിയ്യീനാണ്. ഹദീഥിൽ വിവരിച്ചിട്ടുള്ളതുപോലെ അദ്ദേഹം തീർച്ചയായും അവസാനത്തെ

നബിയുമാണ്. എന്നാൽ, അത് അനഹമ്ദികളായ മൗലവിമാരിൽ അധികംപേരും കൽപിക്കുന്ന അർത്ഥത്തിലല്ല, മറിച്ച്, മുകളിൽ വിവരിച്ച അർത്ഥത്തിലാകുന്നു.

ചുരുക്കത്തിൽ, വിശുദ്ധഖുർആന്റെ അദ്ധ്യാപനമനുസരിച്ച് നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീനാണെന്ന് ഞങ്ങൾ ഹൃദയപൂർവ്വം വിശ്വസിക്കുന്നു. അതിന്റെ അർത്ഥം അദ്ദേഹം നബിമാരുടെ മുദ്രയാണെന്നാണ്. അതായത്, നുബുവ്വത്തിന്റെ എല്ലാ ഗുണവിശേഷങ്ങളും അദ്ദേഹത്തിൽ ഒരുമിച്ചു കൂടിയിരിക്കുന്നു. മേലിൽ സ്വതന്ത്രമായനിലയിൽ ഒരു നബി വരുകയോ അദ്ദേഹം കൊണ്ടുവന്നിട്ടുള്ള നിയമത്തിൽ ഏതെങ്കിലും വിധത്തിലുള്ള മാറ്റങ്ങൾ വരുത്തുകയോ സാധ്യമല്ല. ആരെങ്കിലും വരുകയാണെങ്കിൽ അത് അദ്ദേഹത്തിന്റെ കീഴിലായിട്ടും അദ്ദേഹത്തിന്റെ ശിക്ഷണത്തിനു വിധേയനായിട്ടുമായിരിക്കും.

ഇതുപോലെത്തന്നെ ഹദീഥിൽ പറഞ്ഞതനുസരിച്ച് നബിതിരുമേനി അവസാനത്തെ നബിയാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ, അതിന്റെ അർത്ഥം തിരുമേനിയുടെ നുബുവ്വത്ത് ശൃംഖലയെ ഭേദിച്ചുകൊണ്ട് പുതിയൊരു ഘട്ടം തുടങ്ങുന്ന ഒരു നബിയും തിരുമേനിയ്ക്കുശേഷം വരാൻ പാടില്ലെന്നാണ്. എന്തെന്നാൽ തിരുമേനിയുടെ നുബുവ്വത്തിന്റെ പരിധി അവസാനകാലം വരെ നീണ്ടുനിൽക്കുന്നതാണെന്നും തിരുമേനിക്കു ശേഷം വരുന്ന ആൾ നബിതിരുമേനിയുടെ ശിഷ്യനും ഭൃത്യനുമായിട്ടാണ് വരുകയെന്നും ഞങ്ങൾ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ നുബുവ്വത്ത് തിരുമേനിയുടെ നുബുവ്വത്തിന്റെ പരിധിക്കുള്ളിൽ ഒതുങ്ങിയതായിരിക്കും. ആ നുബുവ്വത്ത് തിരുമേനിയുടെ നുബുവ്വത്തിന് ശേഷമുള്ളതാണെന്ന് പറയാൻ നിവൃത്തിയില്ല. ശേഷം എന്നതിന്റെ ഉദ്ദേശ്യം തിരുമേനിയുടെ നുബുവ്വത്തിന്റെ പരിധി അവസാനിച്ചു എന്നും അതിനെത്തുടർന്ന് മറ്റൊരു നുബുവ്വത്ത് പ്രത്യക്ഷപ്പെടുന്നു എന്നുമാണ്. എന്നാൽ, ഞങ്ങൾ വിവരിച്ച അവസ്ഥയിൽ നബിതിരുമേനിയുടെ നുബുവ്വത്ത് അവസാനിക്കുന്നില്ല. അന്ത്യദിനംവരെ അതിന്റെ പരിധി നീണ്ടുനില്ക്കുകയാണ്. ആ അർത്ഥത്തിൽ തിരുമേനി അവസാനത്തെ നബിയാണെന്ന കാര്യത്തിലും തിരുമേനിക്കുശേഷം മറ്റൊരു നബി വരാൻ പാടില്ല എന്ന കാര്യത്തിലും യാതൊരു സംശയവുമില്ല. നബിതിരുമേനി ഖാത്തമുന്നബിയ്യീനും അവസാനത്തെ നബിയുമാണെന്ന് ഹൃദയപൂർവ്വം വിശ്വസിക്കുന്നതോ

ടുകൂടി ഹദ്റത്ത് അഹ്മദിനെ അല്ലാഹുവിന്റെ നബിയും റസൂലുമായി ആത്മാർത്ഥതയോടെ ഞങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. എന്തെന്നാൽ, ഹദ്റത്ത് അഹ്മദിന്റെ നുബുവ്വത്ത് സ്വതന്ത്രവും നിർബാധവുമായ നുബുവ്വത്താണെന്നല്ല, നേരെമറിച്ച് നബിതിരുമേനിയുടെ നുബുവ്വത്തിന്റെ ളില്ലും താബിഉമാണെന്നാണ് ഞങ്ങളുടെ വിശ്വാസം. അത്തരം നുബുവ്വത്ത് നബിതിരുമേനിയുടെ പദവി കുറയ്ക്കുവാൻ കാരണമാകയില്ലെന്ന് മാത്രമല്ല, അദ്ദേഹത്തിൽനിന്ന് ലഭിക്കാവുന്ന ആത്മീയ സിദ്ധിയുടെ പരിപൂർണ്ണത തെളിയിക്കുന്നത് കൂടിയാണ്. തിരുമേനി ഒരു നബി മാത്രമല്ലെന്നും നബിമാരെ ഉണ്ടാക്കുന്ന ആൾ കൂടിയാണെന്നും അത് ലോകത്തിന് കാണിച്ചു കൊടുക്കുന്നു. തന്റെ ദാസൻമാർക്കു കൂടി താൻ മുഖാന്തരം ളില്ലി നുബുവ്വത്ത് ലഭിക്കാവുന്ന ഉത്ക്കൃഷ്ടമായ പദവിയാണ് അദ്ദേഹത്തിന്റേതെന്ന് അത് വ്യക്തമാക്കുന്നു. ഇതാണ് ഞങ്ങളുടെ വിശ്വാസം.

ഇനി ഞങ്ങളുടെ ഈ വിശ്വാസത്തിന് ഉപോൽബലകമായ ഏതാനും രേഖകൾ പ്രതിപാദിക്കാം. അതിനുമുമ്പേ ഇതുസംബന്ധിച്ച് ഞങ്ങളുടെ എതിരാളികൾ ഉന്നയിക്കുന്നതും നബിതിരുമേനിക്കുശേഷം നുബുവ്വത്തിന്റെ വാതിൽ നിശ്ശേഷം അടയ്ക്കപ്പെട്ടുപോയിരിക്കുന്നുവെന്ന അനുമാനത്തിന് കാരണമാകുന്നതുമായ രേഖകളെ ഖണ്ഡിക്കേണ്ടത് അത്യാവശ്യമാണ്. അതിനുശേഷം ഞങ്ങളുടെ വിശ്വാസത്തിന് അനുകൂലമായ തെളിവുകൾ വിവരിക്കാം.

നബിതിരുമേനിക്കു ശേഷം എല്ലാ വിധത്തിലുള്ള നുബുവ്വത്തിന്റെയും വാതിൽ അടഞ്ഞുപോയിരിക്കുന്നുവെന്ന് കരുതുന്നവർ നാലു തരത്തിലുള്ള രേഖകളാണ് ഉന്നയിക്കുന്നത്:

1. വിശുദ്ധ ഖുർആനിലെ ഖാത്തമുന്നബിയ്യീൻ എന്ന ആയത്തുകൊണ്ട് നബിതിരുമേനിക്കുശേഷം നുബുവ്വത്തിന്റെ വാതിൽ നിശ്ശേഷം അടഞ്ഞുപോയിരിക്കുന്നുവെന്നും ഇനി ഒരു വിധത്തിലുള്ള നബിയും വരാൻ പാടില്ലെന്നും അനുമാനിക്കുന്നു.

2. ചില ഹദീഥുകളിൽ നബിതിരുമേനി, തന്നെ സംബന്ധിച്ച് ***ആഖിറുൽ അമ്പിയാഅ്*** അവസാനത്തെ നബി എന്നും ***ലാനബിയ്യ ബഅ്ദീ*** എനിക്കുശേഷം നബിയില്ല എന്നുമുള്ള പദങ്ങൾ പ്രയോഗിച്ചിട്ടുണ്ട്. നബിതിരുമേനിക്കുശേഷം യാതൊരു തരത്തിലുള്ള നബിയും വരാൻ പാടില്ലെന്ന് ഈ പ്രയോഗങ്ങളിൽ നിന്ന് തെളിയുന്നതായി അവകാശപ്പെടുന്നു.

3. നബിതിരുമേനിക്കുശേഷം ഒരു നബിയും വരുന്നതല്ലെന്ന കാര്യത്തിൽ മുസ്‌ലിംസമുദായം ഏകകണ്ഠമായി യോജിച്ചിരിക്കുന്നുവെന്നു പറയപ്പെടുന്നു.

4. എല്ലാ നബിമാരും അവരോടുകൂടി ഒരു പുതിയ ന്യായപ്രമാണവും ഒരു പുതിയ ഗ്രന്ഥവും കൊണ്ടുവരുന്നതായി പ്രസ്താവിക്കപ്പെടുന്നു. മനുഷ്യവംശത്തിനായി അവസാനത്തെ ന്യായപ്രമാണം കൊണ്ടുവന്ന പ്രവാചകനാണ് നബിതിരുമേനിയെന്നതും മേലിൽ ലോകാവസാനംവരെ മറ്റൊരു ന്യായപ്രമാണവും ഉണ്ടാവുകയില്ലെന്നതും ഇരുകൂട്ടരും സമ്മതിക്കുന്ന കാര്യമാണ്. അതിനാൽ നബിതിരുമേനിക്കുശേഷം ഒരു നബിയും വരാൻപാടില്ല.

ഈ നാലു തരത്തിലുള്ള രേഖകളാണ് ഞങ്ങളുടെ എതിരാളികൾ അവരുടെ അഭിപ്രായത്തിന് ഉപോൽബലകമായി ഉന്നയിക്കാറുള്ളത്.

## ഖാത്തമുന്നബിയ്യീന്റെ വ്യാഖ്യാനം

ഈ രേഖകളിൽ ഒന്നാമത്തേതായിരിക്കുന്ന വിശുദ്ധ ഖുർആനിലെ ഖാത്തമുന്നബിയ്യീൻ എന്ന വചനത്തെത്തന്നെ ആദ്യമായി നമുക്ക് പരിശോധിക്കാം. ഈ വിവാദത്തിൽ അതാണ് അടിസ്ഥാനമായിട്ടുള്ളത്. വിശുദ്ധഖുർആനിൽ അല്ലാഹു പറയുകയാണ്:

مَا كَانَ مُحَمَّدٌ اَبَآ اَحَدٍ مِّنْ رِّجَالِكُمْ وَلٰكِنْ
رَّسُوْلَ اللّٰهِ وَخَاتَمَ النَّبِيّٖنَ

മുഹമ്മദ് നിങ്ങളിൽനിന്നുള്ള ഒരു പുരുഷന്റെയും പിതാവല്ല. എന്നാൽ, അദ്ദേഹം അല്ലാഹുവിന്റെ റസൂലും ഖാത്തമുന്നബിയ്യീനുമാണ്. അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും നല്ലവണ്ണം അറിയുന്നവനാകുന്നു (വി.ഖു. 33:41).

ഈ വചനത്തിൽ പ്രയോഗിച്ചിരിക്കുന്ന ഖാത്തമുന്നബിയ്യീൻ എന്നത് കൊണ്ടുദ്ദേശിക്കുന്നത് നബിതിരുമേനിയുടെ ആഗമനത്തോടെ നുബുവ്വത്തിന്റെ ശൃംഖല അവസാനിച്ചു പോയിരിക്കുന്നുവെന്നും തിരുമേനി എല്ലാ വിധത്തിലും അവസാനത്തെ നബി ആണെന്നുമാണ് ഞങ്ങളുടെ എതിരാളികൾ പറയുന്നത്. എന്നാൽ ഞങ്ങളുടെ പക്കൽ ഈ അർത്ഥം ശരിയല്ല. ഈ ആയത്തിനെ

സംബന്ധിച്ച്. ഒന്നാമതായി നാം മനസ്സിലാക്കണം. ഖാത്തം എന്നത് അറബിയിൽ സാധാരണയായി ഉപയോഗിക്കുന്ന ഒരു പദമാണ്; അതിന്റെ അർത്ഥം മുദ്ര എന്നാകുന്നു. 'അന്നബിയ്യീൻ' എന്നത് നബി എന്ന പദത്തിന്റെ ബഹുവചനരൂപമാണ്. ഖാത്തം എന്ന പദ ത്തെയും 'അന്നബിയ്യീൻ' എന്ന പദത്തെയും സമാസമായിട്ടാണ് ഇവിടെ പ്രയോഗിച്ചിട്ടുള്ളത്. അറബി ഭാഷാ നിയമപ്രകാരം ഖാത്ത മുന്നബിയ്യീൻ എന്ന സമാസത്തിന്റെ അർത്ഥം നബിമാരുടെ മുദ്ര എന്നാണ്. ഈ വിധത്തിൽ പ്രസ്തുത വചനത്തിന്റെ അർത്ഥം മുഹ മ്മദ് നബിതിരുമേനിക്ക് പുത്രസന്താനങ്ങളില്ലെന്നും പക്ഷെ, തിരു മേനി അല്ലാഹുവിന്റെ റസൂലും നബിമാരുടെ മുദ്രയുമാണെന്നും ആണ്. ഇനി നമുക്ക് പരിശോധിക്കുവാനുള്ളത് ഇവിടെ നബിമാ രുടെ മുദ്ര എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യമെന്താണെന്നാണ്. ഖാത്ത മുന്നബിയ്യീന്റെ അർത്ഥം നിശ്ചയമായും നബിമാരുടെ മുദ്ര എന്നു തന്നെയാണെങ്കിലും അതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് അവസാ നത്തെ നബിയാണെന്ന് ഞങ്ങളുടെ എതിരാളികൾ പറയുന്നു. കാര ണം, മുദ്രയുടെ പ്രവൃത്തി അടച്ചു പൂട്ടലാണ്. വല്ല കത്തോ മറ്റോ അടച്ചു പൂട്ടുമ്പോഴാണ് അതിന് മുദ്ര കുത്തുന്നത്.

ഇതിനുള്ള മറുപടിയിൽ നല്ലതുപോലെ ശ്രദ്ധിക്കേണ്ട ഒരു കാര്യം, മുദ്രയുടെ യഥാർത്ഥമായ പ്രവൃത്തി അടച്ചുപൂട്ടുക എന്ന തല്ലെന്നും, നേരെമറിച്ച് സത്യപ്പെടുത്തുക എന്നതാണെന്നുമുള്ള താണ്. അതായത്, ഏതെങ്കിലും എഴുത്തിനെയോ മറ്റോ സത്യ പ്പെടുത്തുകയും കൃത്രിമമല്ലെന്ന് തെളിയിക്കുകയും ചെയ്യുന്നതിനു വേണ്ടിയാണ് അതിൻമേൽ മുദ്ര കുത്തുന്നത്. ചിലപ്പോൾ എഴു ത്തിന്റെ മുകളിലായും മറ്റു ചിലപ്പോൾ താഴെയായും മുദ്രകുത്ത പ്പെടുന്നു. മുദ്രയുടെ ആവശ്യം ആ എഴുത്തിനെ സത്യപ്പെടുത്തു കയും കൃത്രിമമല്ലെന്ന് കാണിക്കുകയും ചെയ്യുകയാണെന്ന് ഇതു കൊണ്ട് നല്ലതുപോലെ വ്യക്തമാകുന്നുണ്ട്. ഇന്നവൻ ഇന്ന എഴു ത്തിൻമേൽ മുദ്രകുത്തി എന്നത് ഉർദുഭാഷയിൽ ഒരു പൊതു പ്രയോഗമായിത്തീർന്നിട്ടുണ്ട്. അതിന്റെ അർത്ഥമാവട്ടെ, ആ എഴു ത്തിൻമേൽ മുദ്രവെച്ചുകൊണ്ട് അതിനെ സത്യപ്പെടുത്തിയെന്നാ കുന്നു. ഈ കാരണത്താൽ മുദ്ര കുത്തുന്നത് മുകളിലോ ചുവട്ടിലോ ആരംഭത്തിലോ അവസാനത്തിലോ എന്നത് പരിഗണിക്കപ്പെടാറി ല്ല. ചിലപ്പോൾ അത് മുകളിലാകാം. മറ്റു ചിലപ്പോൾ ചുവട്ടിലുമാ കാം. മുകളിലോ ചുവട്ടിലോ എന്ന പ്രശ്നം യഥാർത്ഥോദ്ദേശ്യത്തെ

മുൻനിറുത്തി നോക്കുമ്പോൾ പ്രസക്തിയില്ലാത്തതാണ്. യഥാർത്ഥ മായ ഉദ്ദേശ്യം ആ എഴുത്ത് കൃത്രിമമല്ലെന്നും ഇന്ന ആളാലോ ഇന്ന ആഫീസിനാലോ ഇന്ന ഡിപ്പാർട്ട്മെന്റിലോ ഇന്ന ഗവൺമെന്റി നാലോ സത്യപ്പെടുത്തിയതാണെന്ന് കാണിക്കുകയാണ്. നോക്കു ക, ഹുദയ്ബിയ്യാസന്ധിക്കുശേഷം വിദേശരാജാക്കന്മാർക്കും ഭര ണകർത്താക്കൾക്കും ക്ഷണക്കത്തുകൾ അയക്കാനുള്ള ഉദ്ദേശ്യം നബിതിരുമേനി വെളിപ്പെടുത്തിയപ്പോൾ കത്തിൻമേൽ അതിന്റെ ഉടമസ്ഥന്റെ മുദ്രയില്ലാത്തപക്ഷം ആ കത്തിന്റെ നേരെ അവർ ശ്രദ്ധ ചെലുത്തുകയില്ലെന്ന് തിരുമേനിയോടു പറയപ്പെട്ടതായും തിരു മേനി ഉടൻതന്നെ ഒരു സീൽ തയ്യാറാക്കിച്ചതായും പിന്നീട് ആ സീൽ എല്ലാ കത്തിടപാടുകൾക്കും ഉപയോഗപ്പെടുത്തിയതായും ഹദീഥിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു (ബുഖാരി, മുസ്ലിം).

ചുരുക്കത്തിൽ മുദ്രയുടെ ഉദ്ദേശ്യം സത്യപ്പെടുത്തലാണെന്നത് പ്രത്യക്ഷമായൊരു പരമാർത്ഥമാണ്. അതിനാൽ, ഖാത്തമുന്നബി യ്യീൻ എന്ന ആയത്തിന്റെ അർത്ഥം മുഹമ്മദു നബിക്ക് ശാരീരിക മായ പുത്രസന്താനങ്ങൾ ഇല്ലെങ്കിലും അദ്ദേഹം അല്ലാഹുവിന്റെ റസൂൽ ആണെന്നാണ്. അല്ലാഹുവിന്റെ റസൂൽ തന്റെ ഉമ്മത്തിന്റെ ആത്മീയ പിതാവാകുന്നു. ഈ വിധത്തിൽ അദ്ദേഹം സന്താനര ഹിതനല്ല, സന്താനമുള്ള ആളാണ്. കൂടാതെ, അദ്ദേഹം ഒരു സാധാ രണ റസൂലുമല്ല, ഖാത്തമുന്നബിയ്യീൻ കൂടിയാണ്. അതായത്, അദ്ദേഹം സാധാരണക്കാരായ സത്യവിശ്വാസികളുടെ മാത്രം പിതാ വല്ല, ആത്മീയമായി നബിമാരുടെയും റസൂൽമാരുടെയും പിതാവ് കൂടിയാകുന്നു. അദ്ദേഹത്തിന്റെ ദർബാറിൽ നിന്ന് സത്യപ്പെടുത്തുന്ന മുദ്രയോടു കൂടിയല്ലാതെ ഇനി ഒരു റസൂലിനും ഒരു നബിക്കും വരാൻ നിവൃത്തിയില്ലാത്തവിധം ഉന്നതമായ സ്ഥാനം അദ്ദേഹ ത്തിന് ലഭിച്ചിരിക്കുന്നു. എന്തെന്നാൽ അദ്ദേഹം സാധാരണക്കാ രായ സത്യവിശ്വാസികളുടെ മാത്രം ആത്മീയ പിതാവല്ല, നബിമാ രുടെയും റസൂൽമാരുടെയും കൂടി ആത്മീയ പിതാവാണ്. ചുരുക്ക ത്തിൽ, അദ്ദേഹത്തിന് ശാരീരികമായ പുത്രസന്താനങ്ങളില്ലെങ്കിലും അദ്ദേഹത്തിന്റെ മാഹാത്മ്യത്തിന് അതുകൊണ്ട് കോട്ടം തട്ടുന്നി ല്ലെന്നും അദ്ദേഹം (നഊദുബില്ലാഹ്) സന്താനരഹിതനാവുന്നി ല്ലെന്നും എണ്ണമറ്റ ഉത്ക്കൃഷ്ടസന്താനങ്ങളുടെ പിതാവാണെന്നു മാണ് ഈ ആയത്തിന്റെ ശരിയായ സാരം.

നോക്കുക, തിരുമേനിക്കുശേഷം നുബുവ്വത്തിന്റെ വാതിൽ അട

ഞ്ഞുപോയിരിക്കുന്നുവെന്ന അർത്ഥം ഈ ആയത്തിൽ നിന്ന് ജനിക്കുന്നുണ്ടോ? എന്നുമാത്രമല്ല, ഖാത്തമുന്നബിയ്യീൻ എന്നതിനു അവസാനത്തെ നബിയെന്ന് അർത്ഥമെടുക്കുകയാണെങ്കിൽ പ്രസ്തുത ആയത്തിന് യാതൊരു അർത്ഥവുമില്ലാതായിത്തീരുകയും (നഊദുബില്ലാഹ്) മുഴുവൻ ആയത്തും ഒരു നിരർത്ഥവചനത്തിന്റെ രൂപം കൈക്കൊള്ളുകയും ചെയ്യും. ഈ നിലയിൽ ആയത്തിന്റെ അർത്ഥം മുഹമ്മദ് നബിക്ക് പുത്രസന്താനമില്ലെന്നത് ശരിതന്നെ, എന്നാൽ, അദ്ദേഹം അവസാനത്തെ നബിയാണ് എന്നായിത്തീരും. ഇത് അർത്ഥരഹിതമായൊരു വാക്യമാണ്. 'ലാക്കിൻ' എന്ന പദം മുമ്പിൽ പറഞ്ഞ സംഗതിക്കെതിരായ ആശയം പിന്നീട് പ്രകടിപ്പിക്കുന്നതിനുവേണ്ടിയാണ് അറബിയിൽ ഉപയോഗിക്കുന്നത്- സൈദ് ധീരനാണ്, ലാക്കിൻ(പക്ഷേ) കായബലം കുറഞ്ഞവനാണ് എന്നു പറയുന്നതുപോലെ; അല്ലെങ്കിൽ ഖാലിദ് നിരക്ഷരനാണ് ലാക്കിൻ(പക്ഷേ) ബുദ്ധിമാനാണ് എന്നതുപോലെ. അതായത് ആദ്യത്തെ വാചകത്തിൽ എന്തെങ്കിലും ഗുണമാണ് വിവരിച്ചിട്ടുള്ളതെങ്കിൽ രണ്ടാമത്തേതിൽ അതിനെതിരായ വല്ല കുറവും വിവരിക്കപ്പെടുന്നു. അഥവാ ആദ്യത്തെ വാക്യത്തിൽ ന്യൂനതയാണ് വിവരിക്കപ്പെടുന്നതെങ്കിൽ രണ്ടാമത്തേതിൽ അതിന്നെതിരായ ഗുണവും വിവരിക്കപ്പെടുന്നു. മറ്റൊരു പ്രകാരത്തിൽ, ആദ്യവാചകത്തിൽ വല്ല സംശയവും ഉണ്ടാവുകയാണെങ്കിൽ രണ്ടാമത്തെ വാചകംകൊണ്ട് ആ സംശയം തീർക്കുവാൻ ഉദ്ദേശിക്കപ്പെടുമ്പോഴും ലാക്കിൻ എന്ന പദം ഉപയോഗിക്കാറുണ്ട് - എല്ലാവരും എഴുന്നേറ്റുപോയി, ലാക്കിൻ (പക്ഷേ) ഉമർ പോയില്ല എന്നു പറയുന്നതുപോലെ. ഇവിടെ, എല്ലാവരും എഴുന്നേറ്റുപോയി എന്ന വാചകംകൊണ്ട് ഒരാളും ബാക്കിയായിട്ടില്ലേ എന്ന സംശയം ഉദിക്കുന്നു. ലാക്കിൻ എന്ന പദം ഉപയോഗിച്ചു കൊണ്ട് ആ സംശയം തീർത്തു. ഈ പ്രയോഗത്തിന് അറബിയിൽ 'ഇസ്തിദ്റാക്ക്' എന്നാണ് പറയുന്നത്. ലാക്കിൻ എന്ന പദം ഇസ്തിദ്റാക്കിനുവേണ്ടി ഉപയോഗിക്കുന്നതാണെന്ന് അറബി വ്യാകരണഗ്രന്ഥങ്ങളിൽ വ്യക്തമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

ഈ വ്യാഖ്യാനത്തിനുശേഷം മേൽപറഞ്ഞ ആയത്തിനെപ്പറ്റി ചിന്തിക്കുന്നതായാൽ യാഥാർത്ഥ്യം വെളിപ്പെടുന്നതാണ്. എന്തെന്നാൽ ആ ആയത്തിലും ലാക്കിൻ എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. ആയത്ത് ഇപ്രകാരമാണ്:- മുഹമ്മദിന് യാതൊരു പുത്രസന്താനവുമില്ല; പക്ഷേ അദ്ദേഹം അല്ലാഹുവിന്റെ റസൂലും ഖാത്തമുന്ന

ബിയ്യീനുമാണ്. ഇപ്പോൾ ഇവിടെ ലാക്കിൻ എന്നതിന് ശേഷമുള്ള വാചകത്തിന്, അതിന് മുമ്പേ പറഞ്ഞ വാചകത്തിലെ ആശയത്തിനു എതിരായ ഒരർത്ഥം കൽപിക്കേണ്ടിയിരിക്കുന്നു. അഥവാ, ആദ്യത്തെ വാചകംകൊണ്ട് എന്തൊരഭിപ്രായവും സംശയവും ഉണ്ടാവുന്നുണ്ടോ, അതിനെ നീക്കുന്നതായിരിക്കണം രണ്ടാമത്തെ വാചകം. ഈ വ്യാഖ്യാനത്തിന്റെ വെളിച്ചത്തിൽ ചിന്തിച്ചു നോക്കുക. അഹ്മദികളല്ലാത്തവരുടെ അർത്ഥം സ്വീകരിക്കുകയാണെങ്കിൽ ഖാത്തമുന്നബിയ്യീൻ എന്ന പദത്തിന് ബുദ്ധിപൂർവ്വമായ ഒരു അർത്ഥമുണ്ടാവാൻതന്നെ നിവൃത്തിയില്ല. എന്തെന്നാൽ ആയത്തിൽ ലാക്കിൻ എന്നതിന് മുമ്പേയുള്ള ഭാഗത്തിന്റെ അർത്ഥം തിരുമേനിക്ക് യാതൊരു പുത്രസന്താനവുമില്ലെന്നാണ്. പിന്നിലുള്ള ഖാത്തമുന്നബിയ്യീന്റെ അർത്ഥം തിരുമേനിയുടെ ആഗമനത്താൽ നബിമാരുടെ ആവിർഭാവം നിലച്ചുപോയെന്നും ഇനി ഒരു നബിയും വരാൻ പാടില്ലെന്നുമാണെങ്കിൽ മുഴുവൻ ആയത്തിന്റെയും അർത്ഥം ഇപ്രകാരമാകുന്നതാണ്:- "മുഹമ്മദ് നബിക്ക് യാതൊരു ശാരീരിക പുത്രസന്താനവുമില്ല; പക്ഷേ, അദ്ദേഹത്തിന്റെ ആഗമനത്തോടുകൂടി നുബുവ്വത്തിന്റെ ശൃംഖലയും നിലച്ചു പോയിരിക്കുന്നു." ഇതാവട്ടെ, കേവലം അസംബന്ധവും നിരർത്ഥവുമായ ഒരു വചനമാകുന്നു. നേരെമറിച്ച്, ഞങ്ങൾ പറയുന്ന അർത്ഥം തീർച്ചയായും ലാക്കിൻ എന്ന പദത്തിന്റെ ഉദ്ദേശ്യത്തിന് യോജിച്ചതാണ്. ഞങ്ങൾ പറയുന്ന അർത്ഥമിതാണ്:- മുഹമ്മദു നബിക്ക് ശാരീരികമായ സന്താനങ്ങൾ ഇല്ല; പക്ഷേ അദ്ദേഹത്തിന് ആത്മീയ സന്താനങ്ങൾ ധാരാളമുണ്ട്. എന്നുമാത്രമല്ല, അദ്ദേഹത്തിന്റെ ആത്മീയ സന്താനങ്ങളിൽ നബിയും റസൂലും കൂടി ഉണ്ടാവാം. എതിരാളികൾ പറയുന്ന അർത്ഥത്തിന്റെ ഉപമ ഇന്നവന്റെ കൈയിൽ ലൗകികമായ ധനമൊന്നുമില്ല; പക്ഷേ ആദ്ധ്യാത്മിക ധനവും നാസ്തിയാണ് എന്നു പറയുന്നതുപോലെയാണ്. ഞങ്ങളുടെ അർത്ഥത്തിന്റെ ഉപമയോ ഇന്നവന്റെ കൈയിൽ ലൗകികമായ ധനമൊന്നുമില്ല. പക്ഷേ ആത്മീയധനം ധാരാളമുണ്ട്. ആത്മീയധനത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹം രാജാവാണ്, അല്ല ചക്രവർത്തിയാണ് എന്നു പറയുന്നതുപോലെയാകുന്നു. വായനക്കാർ ചിന്തിച്ചു നോക്കുക. രണ്ടർത്ഥങ്ങളിൽ ഏതാണ് ശരിയും നേർക്കുനേരെയുമുള്ളതുമെന്ന്.

## ലാനബിയ്യ ബഅ്ദീ

ഞങ്ങളുടെ എതിരാളികൾ ഉന്നയിക്കുന്ന രണ്ടാമത്തെ തരത്തി

ലുള്ള രേഖകൾ ഹദീഥിനെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇതിൽ അവർ സാധാരണയായി ഉന്നയിക്കാറുള്ളത് ***ലാ നബിയ്യ ബഅ്ദീ*** എനിക്കുശേഷം നബിയില്ല എന്നും ***അന ആഖിറുൽ അമ്പിയാഇ*** ഞാൻ അവസാനത്തെ നബിയാണ് എന്നുമുള്ള നബി വാക്യങ്ങളാണ്. ഈ രണ്ടു വചനങ്ങളുടെയും ആന്തരാർത്ഥം മുകളിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇവയുടെ സാരം നബി തിരുമേനിക്കു ശേഷം യാതൊരുവിധത്തിലുള്ള നബിയും വരാൻ പാടില്ലെന്നല്ലെന്നും നേരെ മറിച്ച്, അദ്ദേഹത്തിന്റെ നുബുവ്വത്ത് കാലത്തെ അവസാനിപ്പിക്കുകയോ അല്ലെങ്കിൽ അദ്ദേഹത്തിൽനിന്ന് സ്വതന്ത്രമായ നിലയിൽ നുബുവ്വത്ത് സമ്പാദിക്കുകയോ ചെയ്യുന്ന ഒരു നബി വരാൻ പാടില്ലെന്നാണെന്നും ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കൂടാതെ മറ്റൊരു സംഗതികൂടി ഓർമ്മ വെക്കേണ്ടതുണ്ട്. അതായത്, ചിലപ്പോൾ ഒരു പൊതുവായ കാര്യമായിരിക്കും പറയുക. എന്നാൽ, യഥാർത്ഥത്തിൽ അതിന്റെ ഉദ്ദേശ്യം ഒരു പ്രത്യേക കാര്യമായിരിക്കും. ഒന്നുകൂടി വ്യക്തമാക്കപ്പെടുകയാണെങ്കിൽ ഒരു പദം നിരുപാധികമായ രൂപത്തിൽ ഉപയോഗിക്കപ്പെട്ടേക്കാം. പക്ഷേ, വാസ്തവത്തിൽ അത് ഉപാധികവും പരിമിതാർത്ഥത്തിലുള്ളതുമായിരിക്കും. ഒരു പദം നിരുപാധികമായോ ഉപാധികമായോ ആണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നതെന്ന് സന്ദർഭം നോക്കി മാത്രമേ മനസ്സിലാക്കാൻ കഴിയുകയുള്ളൂ. ഉദാഹരണമായി ഹദീഥിൽ പറയുന്നു:-

اذا هلك كسرٰى فلا كسرٰى بعده و اذا هلك قيصر فلا قيصر بعدهٗ

ഇപ്പോഴത്തെ കിസ്റാ (ഇറാനിലെ ചക്രവർത്തി) മരിച്ചു പോയാൽ അദ്ദേഹത്തിനു ശേഷം മറ്റൊരു കിസ്റാ ഉണ്ടാവുകയില്ല; ഇപ്പോഴത്തെ കൈസർ (റോം ചക്രവർത്തി) മരിച്ചു പോയാൽ അദ്ദേഹത്തിനു ശേഷം മറ്റൊരു കൈസർ ഉണ്ടാവുകയില്ല (ബുഖാരി, കിതാബുൽ ഈമാൻ).

ഇവിടെ കിസ്റാ എന്നും കൈസർ എന്നുമുള്ള പദങ്ങൾ നിരുപാധികമായി കണക്കാക്കുകയാണെങ്കിൽ (നഊദുബില്ലാഹ്) നബി തിരുമേനിയുടെ ഈ വചനം തന്നെ തെറ്റായിത്തീരുന്നതാണ്. എന്തെന്നാൽ ഏതൊരു കൈസറുടെ കാലത്താണോ നബിതിരുമേനി ഈ പ്രവചനം പറഞ്ഞിരുന്നത് ആ കൈസറിനുശേഷം യാതൊരു കൈസറും ഉണ്ടാവാൻ പാടില്ല. എന്നാൽ, അദ്ദേഹത്തിനു ശേഷം പല കൈസർമാരും സ്ഥാനാരോഹണം ചെയ്തിട്ടുണ്ട്.

അതിനാൽ ഇവിടെ കൈസറെന്നും കിസ്റായെന്നുമുള്ള പദങ്ങൾ ഉപാധികമായുപയോഗിച്ചതാണെന്ന് സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. അതായത് ഇപ്പോഴത്തെ കൈസറിനും കിസ്റായ്ക്കും ശേഷം അവരുടെ പദവിയിലുള്ള കൈസറും കിസ്റായും ഉണ്ടാവുന്നതല്ലെന്ന് അർത്ഥമെടുക്കേണ്ടി വരുന്നു. എന്നാൽ, പ്രത്യക്ഷത്തിൽ ആ പദം പൊതുവായും നിരുപാധികമായുമാണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. ഇത്തരം ഉദാഹരണങ്ങൾ എല്ലാ ഭാഷകളിലും ധാരാളം കാണാൻ കഴിയും. അതായത്, പറയുന്നത് ഒരു പൊതു സംഗതിയായിരിക്കും. പ്രത്യക്ഷത്തിൽ അതിനൊരു നിബന്ധനയോ ഒഴിവോ ഉണ്ടായിരിക്കില്ല. എങ്കിലും യഥാർത്ഥത്തിൽ അത് ഉപാധികമായി ഉപയോഗിച്ചതായിരിക്കും. പ്രയോക്താവു എന്തെങ്കിലും പ്രത്യേക ഉദ്ദേശ്യമോ ലക്ഷ്യമോ മുൻ നിറുത്തിക്കൊണ്ടായിരിക്കും അതു പറഞ്ഞിട്ടുണ്ടാവുക. അതുകൊണ്ട്, ***ലാ നബിയ്യ ബഅ്ദി***, എന്നും ***അന ആഖിറുൽ അൻബിയാഉ*** എന്നും മറ്റുമുള്ള വചനങ്ങളിലെ പദങ്ങൾക്കും പൊതുവിലുള്ള അർത്ഥം കൽപിച്ചു കൊള്ളണമെന്നില്ല. നേരെ മറിച്ച് മറ്റു തെളിവുകൾകൊണ്ട് മനസ്സിലാവുന്നത് ആ പദങ്ങൾ ഉപാധികമായും പരിമിതാർത്ഥത്തിലുമായിട്ടാണ് ഉപയോഗിച്ചിട്ടുള്ളതെന്നാണ്. അതിന്റെ ഉദ്ദേശ്യമാവട്ടെ, എനിക്കുശേഷം എന്നെപ്പോലെ ശരീഅത്തോടുകൂടിയ ഒരു നബി ഉണ്ടാവുകയില്ല എന്നും ശരീഅത്തോടുകൂടിയ നബിമാരിൽ ഞാൻ അവസാനത്തെ നബിയാണെന്നും എന്റെ ശരീഅത്തു അവസാനത്തെ ശരിഅത്താണെന്നുമാകുന്നു.

മറ്റൊരു ഹദീഥ് ഞങ്ങളുടെ ഈ അർത്ഥത്തെ അനുകൂലിക്കുന്നു. ഹദ്റത്ത് ആയിശ(റ) പറയുകയാണ്:

قولوا انّهٗ خاتم الانبيآء ولا تقولو لا نبىّ بعدهٗ

മുസ്ലിംകളേ! നിങ്ങൾ നബിതിരുമേനിയെ സംബന്ധിച്ച് അദ്ദേഹം ഖാത്തമുന്നബിയ്യീൻ ആണെന്ന് പറഞ്ഞുകൊള്ളുക; പക്ഷേ, അദ്ദേഹത്തിനുശേഷം ഒരു നബിയും ഉണ്ടാവുകയില്ലെന്ന് പറയരുത് (ദുർറു മൻസൂർ, ജിൽദ് 5).

എനിക്കുശേഷം നബിയില്ല എന്ന് നബിതിരുമേനി പറഞ്ഞതിന് തിരുമേനിക്കുശേഷം ഒരു വിധത്തിലുള്ള നബിയും ഉണ്ടാവാൻ പാടില്ലെന്നല്ല, ഒരു പ്രത്യേക തരത്തിലുള്ള നബി അതായത്, പുതിയ ശരീഅത്തോടുകൂടിയ നബി വരാൻ പാടില്ലെന്നാണ്

അർത്ഥമെന്ന് ഈ വചനം കൊണ്ട് സൂര്യപ്രകാശം പോലെ തെളിയുന്നുണ്ട്. ഈ വചനം പ്രത്യേകം ചിന്തിക്കേണ്ട ഒന്നാണ്. എന്തെന്നാൽ ***ലാ നബിയ്യ ബഅ്ദീ*** എന്ന ഹദീഥിന്റെ ആന്തരാർത്ഥം അത് വ്യക്തമാക്കിത്തരുന്നു. ***ലാ നബിയ്യ ബഅ്ദീ*** എന്നതിന് രണ്ടിലൊരു അർത്ഥമേ ഉണ്ടാവാൻ തരമുള്ളൂ. ഒന്നുകിൽ അതിന്റെ അർത്ഥം നബിതിരുമേനിക്കുശേഷം യാതൊരുവിധത്തിലുള്ള നബിയും ഉണ്ടാവാൻ പാടില്ലെന്നായിരിക്കണം. അല്ലെങ്കിൽ ഒരു പ്രത്യേകതരത്തിലുള്ള നബി ഉണ്ടാവാൻ പാടില്ലെന്നായിരിക്കണം. എന്നാൽ, ***ലാ നബിയ്യ ബഅ്ദീ*** എന്ന വാചകം കേൾക്കുന്ന മാത്രയിൽത്തന്നെ ധരിക്കാനിടയാകുന്ന അർത്ഥം തിരുമേനിക്കു ശേഷം എല്ലാ വിധത്തിലുള്ള നുബുവ്വത്തിന്റെയും കവാടം അടയ്ക്കപ്പെട്ടു പോയിരിക്കുന്നുവെന്നും ഒരുവിധത്തിലുള്ള നബിയും ഇനി വരാൻ പാടില്ലെന്നുമാണ്. രണ്ടാമത്തെ അർത്ഥമാവട്ടെ ആലോചിക്കുന്നതുകൊണ്ടും പൂർവ്വോത്തര ഭാഗങ്ങളിൽ ശ്രദ്ധിക്കപ്പെടുന്നതു കൊണ്ടും മാത്രമേ ധാരണയിൽ വരികയുള്ളൂ. അതിനാലാണ് മുസ്ലിംകളെ തെറ്റായൊരു അഭിപ്രായത്തിൽ നിന്ന് രക്ഷിക്കുന്നതിനുവേണ്ടി നിങ്ങൾ നബിതിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്നു പറഞ്ഞു കൊള്ളുക, പക്ഷേ, അദ്ദേഹത്തിനു ശേഷം നബിയുണ്ടാവുകയില്ലെന്ന് പറയരുത് എന്ന് ഹദ്റത്ത് ആയിശ(റ) ഉദ്ബോധിപ്പിച്ചത്. മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ, അവർ പറഞ്ഞതിന്റെ അർത്ഥം ***ലാ നബിയ്യ ബഅ്ദീ*** എന്ന ഹദീഥിന് ഖാത്തമുന്നബിയ്യീൻ എന്ന ഖുർആൻ വാക്യത്തോട് യോജിച്ച അർത്ഥമേ കൽപിക്കാവൂ എന്നാണ്. ആ അർത്ഥമാവട്ടെ, നബി തിരുമേനിക്കു ശേഷം ശരീഅത്തോടുകൂടിയ ഒരു നബിയും മേലിൽ വരാൻപാടില്ലെന്നും വല്ല നബിയും വരികയാണെങ്കിൽ അദ്ദേഹം തിരുമേനിയുടെ ശിഷ്യനും സേവകനും ഉമ്മത്തിയും ആയിരിക്കുമെന്നും ആണ്.

എന്നാൽ, മുകളിൽ പറഞ്ഞതുപോലെ, യഥാർത്ഥത്തിൽ നബി തിരുമേനി അവസാനത്തെ നബിയാണെന്നും അദ്ദേഹത്തിനു ശേഷം ഒരു നബിയും ഉണ്ടാവുകയില്ലെന്നും ഞങ്ങൾ സമ്മതിക്കുന്നുണ്ട്. തിരുമേനിയുടെ നുബുവ്വത്തിന്റെ അറ്റം ഖിയാമത്തോളം നീണ്ടതാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അതിനാൽ, തിരുമേനിയുടെ നുബുവ്വത്തിന്റെ നിഴലായി കണക്കാക്കുകയും തന്നെ തിരു

മേനിയുടെ ശിഷ്യൻമാരിലും ദാസൻമാരിലും ഉൾപ്പെടുത്തുകയും ചെയ്യുന്ന ഒരു നബി ഉണ്ടാവുകയാണെങ്കിൽ നിശ്ചയമായും അദ്ദേഹത്തിന്റെ നുബുവ്വത്തിനെ തിരുമേനിയുടെ നുബുവ്വത്തിന് പുറത്തുള്ള ഒരു നുബുവ്വത്തായോ തിരുമേനിയുടെ നുബുവ്വത്തിനു ശേഷമുള്ള ഒരു നുബുവ്വത്തായോ കണക്കാക്കാൻ തരമില്ല. കാരണം, അദ്ദേഹത്തിന്റെ നുബുവ്വത്തുകൊണ്ട് തിരുമേനിയുടെ നുബുവ്വത്തിന് അറുതി വരുന്നതല്ല. നേരെമറിച്ച് അതിനുശേഷവും തിരുമേനിയുടെ നുബുവ്വത്ത് മുമ്പേയെന്നപോലെ തുടർന്നുകൊണ്ടിരിക്കും. അതിനാൽ അത്തരമൊരു നബിയുടെ ആഗമനമുണ്ടായാൽക്കൂടിയും തിരുമേനി യഥാർത്ഥത്തിൽ അവസാനത്തെ നബി തന്നെയാണ്.

## ലൗ കാന ബഅ്ദീ നബിയ്യുൻ ലകാന ഉമറ

നബി തിരുമേനിക്കുശേഷം ഒരുതരത്തിലുള്ള നബിയും വരാൻ പാടില്ലെന്നതിന് രേഖയായി ഉന്നയിക്കപ്പെടുന്ന മറ്റൊരു ഹദീഥ് ഇതാണ്:-

لو كان بعدى نبيًّالكان عمر

എനിക്കുശേഷം നബിയുണ്ടാകുമായിരുന്നെങ്കിൽ ഉമർ നബിയായേനേ (മിശ്കാത്ത്).

നബിതിരുമേനിക്കു ശേഷം ഒരു വിധത്തിലുള്ള നബിയും ഉണ്ടാവുകയില്ലെന്നും ഉണ്ടാവുമായിരുന്നെങ്കിൽ തിരുമേനിയുടെ അരുളപ്പാടനുസരിച്ച് നിശ്ചയമായും ഹദ്റത്ത് ഉമർ നബിയാകുമായിരുന്നുവെന്നും ഈ ഹദീഥുകൊണ്ട് അനുമാനിക്കപ്പെടുന്നു. എന്നാൽ, ഇസ്‌ലാമികചരിത്രം മനസ്സിലാക്കാത്തതിൽ നിന്നുത്ഭവിച്ച ഒരു തെറ്റുധാരണയാണിത്. ഹദ്റത്ത് ഉമറിന്റെ ജീവചരിത്രം പഠിക്കുന്ന ഏതൊരാൾക്കും ഈ ഹദീഥിന്റെ അർത്ഥം എന്താണെന്ന് ക്ഷണം മനസ്സിലാക്കാൻ കഴിയും. പരമാർത്ഥമിതാണ് - ഹദ്റത്ത് ഉമർ വലിയൊരു നിയമജ്ഞനായിരുന്നു. നിയമനിർമ്മാണം ചെയ്യുന്നതിലും നിയമങ്ങളുടെ ഉച്ചനീചത്വങ്ങളും ഗുണദോഷങ്ങളും മനസ്സിലാക്കുന്നതിലും അദ്ദേഹത്തിന് പ്രത്യേകമായ പാടവമുണ്ടായിരുന്നു. ഇത് അപൂർവ്വം ചില വ്യക്തികളിൽ മാത്രം ഉണ്ടാകുന്ന ഒരു ഗുണവിശേഷമാണ്. വലിയ ബുദ്ധിമാൻമാരും സമർത്ഥൻമാരും വിജ്ഞാനികളുമായ പലരെയും കാണുവാൻ കഴിയും. എന്നാൽ നിയനിർ

മ്മാണ കാര്യത്തിൽ അവർ കേവലം അപ്രാപ്തരായിരിക്കും. നിയമനിർമ്മാണ സാമർത്ഥ്യം ആവശ്യമായിട്ടുള്ള എന്തെങ്കിലും ചുമതല അവരെ ഏല്പിക്കുമ്പോൾ അക്കാര്യത്തിൽ അവർ പരാജയപ്പെട്ടു പോകുന്നു. എന്നാൽ, ഈ ഗുണവിശേഷം ഹദ്റത്ത് ഉമറിൽ പ്രത്യക്ഷമായി കാണുവാനുണ്ടായിരുന്നു. ഒരു കാര്യത്തിൽ മറ്റു സ്വഹാബികൾ ഒരുവിധത്തിലും ഹദ്റത്ത് ഉമർ മറ്റൊരുവിധത്തിലും അഭിപ്രായം പ്രകടിപ്പിക്കുകയും ഒടുവിൽ ഹദ്റത്ത് ഉമറിന്റെ അഭിപ്രായത്തോട് യോജിച്ച വിധത്തിൽ അല്ലാഹുവിന്റെ വചനം ഇറങ്ങുകയും ചെയ്ത പല സംഭവങ്ങളും ഉണ്ടായതായി ഹദീഥിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അതായത് ആ കാര്യങ്ങളിൽ ഹദ്റത്ത് ഉമറിന്റെ വീക്ഷണഗതിയാണ് മർമ്മ സ്പർശിയായിരിക്കുന്നത് (ബുഖാരി, മുസ്ലിം).

അതുകൊണ്ട്, എനിക്കുശേഷം ഒരു നബിയുണ്ടാകുമായിരുന്നെങ്കിൽ ഉമർ നബിയായേനെ എന്ന നബി വചനത്തിന്റെ സാരം തിരുമേനിക്കു ശേഷം ശരീഅത്തോടുകൂടിയ ഒരു നബിയുണ്ടാകുമായിരുന്നെങ്കിൽ അതിനുള്ള ഗുണവിശേഷം ഹദ്റത്ത് ഉമറിലുണ്ടെന്നും അദ്ദേഹം അപ്രകാരമുള്ളൊരു നബി ആകുമായിരുന്നുവെന്നും മാത്രമാണ്. ഈ അർത്ഥം മറ്റൊരു വിധത്തിലും ന്യായീകരിക്കപ്പെടുന്നുണ്ട്. അതായത്, സ്വഹാബികളിൽവച്ച് ഏറ്റവും ശ്രേഷ്ഠൻ ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) ആയിരുന്നുവെന്ന് അഹ്ലുസ്സുന്നത്ത് വൽജമാഅത്ത് ഏകകണ്ഠമായി വിശ്വസിക്കുന്നു. ഈ ഹദീഥിലെ നബി എന്ന പദം കൊണ്ട് ഉദ്ദേശിക്കപ്പെട്ടത് പൊതുവിലുള്ള നബിയായിരുന്നെങ്കിൽ ഹദ്റത്ത് അബുബക്കറാണ് ആ സ്ഥാനത്തിന് കൂടുതൽ അർഹനായിത്തീരുന്നത്. പക്ഷേ, നബി തിരുമേനി അദ്ദേഹത്തെ ഒഴിവാക്കിക്കൊണ്ട് ഹദ്റത്ത് ഉമറിനെ സംബന്ധിച്ചാണ് പ്രസ്തുത വചനം ഉപയോഗിച്ചത്. അതുകൊണ്ട്, ഹദ്റത്ത് അബൂബക്കറിനെ കവച്ചുവെക്കുമാറ് ഹദ്റത്ത് ഉമറിൽ മികച്ചു നില്ക്കുന്ന ഒരു പ്രത്യേക ഗുണവിശേഷമാണ് ഇവിടെ സൂചിപ്പിക്കപ്പെട്ടിട്ടുള്ളതെന്ന് മനസ്സിലാകുന്നു. ആ ഗുണവിശേഷമാവട്ടെ, നിയമനിർമ്മാണം സംബന്ധിച്ചതാണ്. ഈ അവസ്ഥയിൽ മേൽപറഞ്ഞ ഹദീഥിന്റെ അർത്ഥം എനിക്കുശേഷം ശരീഅത്തോടുകൂടിയ ഒരു നബി ഉണ്ടാകുമായിരുന്നെങ്കിൽ നിശ്ചയമായും അത്തരത്തിലുള്ള ഒരു നബി ആകാനുള്ള ഗുണവിശേഷം ഉമറിൽ ഉണ്ടെന്നു മാത്രമാണ്.

## മുബശ്ശിറാത്ത്

ഇതു സംബന്ധിച്ച് ഉന്നയിക്കപ്പെടുന്ന മറ്റൊരു ഹദീഥ് കൂടിയുണ്ട്. അതിതാണ്:

لم يبق من النّبوّة الّا المبشّرات (بخاری)

നുബുവ്വത്തിൽ മുബശ്ശിറാത്ത് മാത്രമേ ഇനി ബാക്കിയുള്ളു (ബുഖാരി, ജിൽദ് 4, അബ്വാബുത്തഅ്ബീർ).

നുബുവ്വത്തിൽനിന്ന് ഇനി മുബശ്ശിറാത്തും മുൻദിറാത്തും (മുൻദിറാത്ത് പരസ്പരം വേർപെടുത്താൻ കഴിയാത്ത വിധം മുബശ്ശിറാത്തുമായി ബന്ധപ്പെട്ടതാണ്) മാത്രമേ ബാക്കിയുള്ളുവെന്നും നുബുവ്വത്തിന്റെ മറ്റ് ശാഖകളെല്ലാം കുറ്റിയറ്റുപോയിരിക്കുന്നുവെന്നും ഈ ഹദീഥിൽ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടെന്ന് പറയപ്പെടുന്നു. അതായത്, മേലിൽ ഒരു സത്യവിശ്വാസിക്ക് ലഭ്യമാകാവുന്ന പദവി ഏതെങ്കിലും സന്തോഷവാർത്തകളോ ആപൽസൂചനകളോ അടങ്ങിയ ദർശനമോ ഇൽഹാമോ ഉണ്ടാവുകയെന്നത് മാത്രമായിരിക്കും. അതിനപ്പുറം യാതൊന്നുമുണ്ടാവുകയില്ല. എന്നാൽ, ഞങ്ങൾ പറയുന്നു: നുബുവ്വത്ത് അവസാനിച്ചെന്നു സ്ഥാപിക്കാനായി ഉന്നയിക്കപ്പെടുന്ന ഈ ഹദീഥ് നുബുവ്വത്തിന്റെ കവാടം തുറന്നുകിടക്കുന്നുവെന്ന് സ്ഥാപിക്കുകയാണ് ചെയ്യുന്നത് എന്നാണ്. എന്തെന്നാൽ, മുകളിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ നബിമാർ രണ്ട് വിധത്തിലുള്ളവരാണ്. ഒന്ന് ശരീഅത്തോടുകൂടിയ നബിയും മറ്റൊന്ന് പുതിയ ശരീഅത്തൊന്നുമില്ലാത്ത നബിയും. ശരീഅത്തില്ലാത്ത നബിയുടെ ഇൽഹാമുകളിൽ സന്തോഷ വാർത്തകളും ആപൽസൂചനകളും മാത്രമാണുണ്ടായിരിക്കുക. അതിനാൽ, ഈ ഹദീഥിന്റെ ഉദ്ദേശ്യം മേലിൽ ശരീഅത്തോടുകൂടിയ ഒരു നബി വരികയില്ലെന്നും എന്നാൽ, സന്തോഷവാർത്തകളോടും ആപൽസൂചനകളോടും കൂടിയ നബി വരാമെന്നും ആകുന്നു.

മുബശ്ശിറാത്തും (സന്തോഷവർത്തമാനങ്ങൾ) മുൻദിറാത്തും (ശിക്ഷകളെകുറിച്ചുള്ള മുന്നറിയിപ്പ്) ഒരു നിസ്സാരകാര്യമാണെന്ന് ധരിക്കുന്നത് വമ്പിച്ച അബദ്ധമാണ്. യഥാർത്ഥത്തിൽ ഇതേ മുബശ്ശിറാത്തും മുൻദിറാത്തും അധികമായും പൂർണ്ണമായും ഒരാൾക്ക് നല്കപ്പെടുമ്പോഴാണ് അദ്ദേഹം നബിയാകുന്നത്. ചുരുങ്ങിയ തോതിൽ അത് എല്ലാ സത്യവിശ്വാസികൾക്കും ലബ്ധമായെന്നു

വരാം. എന്നാൽ, ഏതുപ്രകാരം ഒരു നൂറുറുപ്പികയുടെ ഉടമസ്ഥൻ പണക്കാരനെന്ന് പറയപ്പെടുന്നില്ലയോ അതേപ്രകാരം നിസ്സാരമായ തോതിൽ മുബശ്ശിറാത്തും മുൻദിറാത്തും ലബ്ധമാകുന്ന ആൾ നബിയെന്ന് വിളിക്കപ്പെടുകയില്ല. പക്ഷേ, അതിന്റെ ആവർത്തനം അധികമായിക്കൊണ്ടിരിക്കുകയും അത് അതിന്റെ സംശുദ്ധിയിൽ പരിപൂർണ്ണത പ്രാപിക്കുകയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ പക്കൽ അതിന്റെ ഉടമസ്ഥൻ നബിയായിത്തീരുന്നു. നോക്കുക, കഴിഞ്ഞ പ്രവാചകൻമാരിൽ ശരീഅത്തില്ലാതെ വന്നിട്ടുള്ള നബി മാരിൽ, മുബശ്ശിറാത്തും മുൻദിറാത്തും അധികമായി ലബ്ധമാക ത്തക്കവിധം അല്ലാഹുവുമായുള്ള അവരുടെ ബന്ധം അഭിവൃദ്ധി പ്പെട്ടിരിക്കുന്നുവെന്നതിന് പുറമെ, മറ്റെന്ത് അധിക ഗുണങ്ങളാണു ണ്ടായിരുന്നത്? അതായത്, അവർക്കും അവരുടെ അനുയായി കൾക്കും വേണ്ടി സന്തോഷവർത്തമാനങ്ങൾ ലഭിക്കുകയും അവ നിറവേറുകയും ചെയ്തിരുന്നു. അവരുടെ ശത്രുക്കളാവട്ടെ ശിക്ഷയ്ക്ക് പാത്രമാവുകയും ചെയ്തിരുന്നു.

ചുരുക്കത്തിൽ, മുബശ്ശിറാത്തും മുൻദിറാത്തും ചുരുങ്ങിയ തോതിൽ എല്ലാ സത്യവിശ്വാസികൾക്കും നല്കപ്പെടുന്നതാണ്. എന്നാൽ, അവ അധികമായാൽ അതിനെ നുബുവ്വത്തെന്ന് പറ യും. അതുകൊണ്ട് തനിക്കുശേഷം നുബുവ്വത്തിൽ മുബശ്ശിറാത്തി ന്റെയും മുൻദിറാത്തിന്റെയും ഭാഗം മാത്രമേ ഇനി ബാക്കിയുള്ളു വെന്ന് നബിതിരുമേനി അരുൾ ചെയ്തിരിക്കുന്നതിന്റെ ഉദ്ദേശ്യം മേലിൽ ശരീഅത്തോടുകൂടിയ നുബുവ്വത്തിന്റെ കവാടം അടഞ്ഞു പോയിരിക്കുന്നുവെന്ന് മാത്രമാണ്. മുബശ്ശിറാത്തോടും മുൻദിറാ ത്തോടും കൂടിയ നുബുവ്വത്ത് തുടർന്നുകൊണ്ടിരിക്കും. അവയിൽ നിന്നുള്ള ഓഹരി എല്ലാവർക്കും യഥായോഗ്യം ലഭിക്കുന്നതാണ്. എന്നാൽ, വലിയ പങ്കു ലഭിക്കുന്ന ആൾ നബിയാവുകയും ചെയ്യു ന്നു. ഏതുപോലെയെന്നാൽ, ഒരു നൂറുറുപ്പികയുടെ ഉടമസ്ഥനും യഥാർത്ഥത്തിൽ പണക്കാരനാണ്. പക്ഷേ, സാങ്കേതികമായി അയാളെ പണക്കാരനെന്ന് പറയുകയില്ല. അതേ സമയത്ത് ലക്ഷം ഉറുപ്പികയുടെ ഉടമസ്ഥനെ പണക്കാരനെന്ന് വിളിക്കുന്നതാണ്.

ഇതിനും പുറമെ ഈ ഹദീഥിന്റെ പദങ്ങൾ തന്നെയും നബി തിരുമേനിക്കുശേഷം ഒരുതരത്തിലുള്ള നുബുവ്വത്ത് തുടരുന്നതാ ണെന്ന ആശയം പ്രകടമാക്കുന്നുണ്ട്. എന്തെന്നാൽ

لم يبق من النّبوّة الّا المبشّرات (بخارى)

എന്നതാണ് നബിതിരുമേനി ഉപയോഗിച്ച പദങ്ങൾ. അതിന്റെ സാരം നുബുവ്വത്തിന്റെ മറ്റ് തരങ്ങളെല്ലാം അവസാനിച്ചുപോയിരിക്കുന്നുവെന്നും പക്ഷേ, മുബശ്ശിറാത്തിന്റെയും മുൻദിറാത്തിന്റെയും നുബുവ്വത്ത് ഇനിയും അവശേഷിച്ചിട്ടുണ്ടെന്നുമാകുന്നു. ഉദാഹരണമായി, ഒരു യോഗത്തെപ്പറ്റി, എല്ലാവരും എഴുന്നേറ്റു പോയി, പക്ഷെ ഒരാൾ മാത്രം ബാക്കിയുണ്ട് എന്ന് പറയുകയാണെങ്കിൽ ആ ബാക്കിയായിട്ടുള്ള ആൾ മനുഷ്യനല്ല നേരെ മറിച്ച് മറ്റെന്തോ സാധനമാണെന്ന ആശയം ഒരിക്കലുമുണ്ടാകുന്നതല്ല. ഇതേപ്രകാരം തന്നെയാണ് ഈ ഹദീഥിലും നുബുവ്വത്തിന്റെ എല്ലാ തരങ്ങളും അവസാനിച്ചുപോയിരിക്കുന്നുവെന്നും എന്നാൽ ഒരു തരം മാത്രം, അതായത്, മുബശ്ശിറാത്തിന്റെയും മുൻദിറാത്തിന്റെയും നുബുവ്വത്തു മാത്രം ബാക്കിയുണ്ടെന്നും  പറയപ്പെട്ടിരിക്കുന്നത്.

## നുബുവ്വത്ത് കാര്യത്തിൽ ഇജ്മാഅ്?

മൂന്നാമതായി പറയപ്പെടുന്നത്, നബിതിരുമേനിക്കുശേഷം ഒരു നബിയും വരികയില്ലെന്ന കാര്യത്തിൽ മുസ്‌ലിം ഉമ്മത്തിന്റെ ഇജ്മാഅ് ഉണ്ടെന്നും 'ഉമ്മത്തിന്റെ ഇജ്മാഅ്' ഒരു തെളിവാണെന്നും ആകയാൽ നുബുവ്വത്തിന്റെ കവാടം ഇപ്പോൾ അടഞ്ഞിരിക്കുന്നതായി സ്ഥാപിതമായിരിക്കുന്നുവെന്നുമുള്ളതാണ്. എന്നാൽ, ഞങ്ങൾ പറയുന്നത്, മുസ്‌ലിംഉമ്മത്ത് ഈ കാര്യത്തിൽ യോജിച്ചിരിക്കുന്നുവെന്ന അഭിപ്രായം കേവലം തെറ്റാണെന്നാണ്. എന്തെന്നാൽ, ഹദ്റത്ത് ആയിശയുടെ അഭിപ്രായം മുകളിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. അവർ ശരീഅത്തോടുകൂടിയ നുബുവ്വത്തിന്റെ വാതിൽ മാത്രമെ അടഞ്ഞതായിട്ടും ശരീഅത്തില്ലാത്ത നബിയുടെ ആഗമനം ഖാത്തമുന്നബിയ്യീൻ എന്ന ആയത്തിനും ***ലാ നബിയ്യ ബഅ്ദീ*** എന്ന ഹദീഥിനും എതിരല്ലെന്നും ആണ് മനസ്സിലാക്കിയിരുന്നത്. ഇതേപ്രകാരം ഹദ്റത്ത് അലി, ഹദ്റത്ത് മുഗീറത്തുബ്ബ്നുശുഅ്ബ(റ) മുതലായ ചില സ്വഹാബിമാരെപ്പറ്റിയും അവർ നബി തിരുമേനിക്കുശേഷം ശരീഅത്തില്ലാത്ത നബി വരുന്നത് സംഭവ്യമായിട്ടാണ് കരുതിയിരുന്നതെന്ന് രിവായത്ത് ചെയ്യപ്പെട്ടിരിക്കുന്നു (ദുർറു മൻസൂർ വ ഇബ്നുൽ അമ്പാരി വ ഇബ്നു അബീ ശയ്ബ്ഃ). അവരുടെ ഈ അഭിപ്രായത്തിനെതിരായി മറ്റൊരു സ്വഹാബിയും അഭിപ്രായപ്രകടനം ചെയ്തതായി രിവായത്ത് ചെയ്യപ്പെട്ടിട്ടുമില്ല. മറ്റ് സ്വഹാബിമാരുടെയും അഭിപ്രായം ശരീഅത്തോടു

കൂടിയ നുബുവ്വത്തിന്റെ വാതിൽ മാത്രമാണ് അടഞ്ഞിട്ടുള്ളത് എന്നായിരുന്നുവെന്നാണ് ഇതിൽനിന്ന് തെളിയുന്നത്. ഇനി സ്വഹാബത്തിനു ശേഷമുള്ള കാലത്തെപ്പറ്റി പറയുകയാണെങ്കിൽ, ഇമാം അഹ്മദുബ്നുഹമ്പൽ പറഞ്ഞതുപോലെ ഇജ്മാഇന്റെ വാദം തന്നെ തെറ്റാണ് (മുസല്ലമുഥുബബൂത്ത്, വാള്യം 2, പേജ് 68). എന്തെന്നാൽ സ്വഹാബത്തിനുശേഷം ഇജ്മാഅ് ഉണ്ടോ ഇല്ലയോ എന്ന് അറിയാൻ കഴിയാത്തവിധം മുസ്ലിംജനത പല രാജ്യങ്ങളിലും പരന്നുകഴിഞ്ഞിട്ടുണ്ടായിരുന്നു. എന്നിരിക്കെ ഏതെങ്കിലും കാര്യത്തിൽ ഉമ്മത്തിന് ഇജ്മാഅ് ഉണ്ടെന്ന് എങ്ങനെ പറയാൻ സാധിക്കും? എങ്കിലും തെളിവ് പൂർത്തിയാക്കുന്നതിനുവേണ്ടി, ഈ സാങ്കൽപികമായ ഇജ്മാഇനെ ഖണ്ഡിക്കുന്ന ചില സലഫീങ്ങളുടെ അഭിപ്രായം താഴെ ചേർത്തു കൊള്ളുന്നു.

ഹനഫീ കക്ഷിയുടെ പ്രഗത്ഭനായ ഇമാം മുഹദ്ദിഥ് മുല്ലാ അലീ ഖാരി (മരണം 1014 ഹിജ്റി) പറയുകയാണ്:-

لو عاش ابراهيم وصار نبيّاً وكذالک لو صار عمر نبيّا لكان من اتباعهٖ عليه السّلام .... فلا يناقض قوله خاتم النّبيّين اذا لمعنٰى انّه لا يأتى نبىٌّ بعدهٗ ينسخ ملّتهٗ ولم يكن من امتهٖ

നബിതിരുമേനിയുടെ മകൻ ഇബ്റാഹീം നബിയാവുകയോ ഹദ്റത്ത് ഉമർ നബിയാവുകയോ ചെയ്തിരുന്നെങ്കിൽ അവരിരുവരും തിരുമേനിയെ അനുസരിക്കുന്ന നബിമാരാകുമായിരുന്നു. അവരുടെ നുബുവ്വത്ത് അല്ലാഹുവിന്റെ വചനമായ ഖാത്തമുന്നബിയ്യീനു എതിരാകുമായിരുന്നില്ല. എന്തെന്നാൽ, ഖാത്തമുന്നബിയ്യീന്റെ അർത്ഥം തിരുമേനിക്കുശേഷം തിരുമേനിയുടെ ശരീഅത്തിനെ ദുർബ്ബലപ്പെടുത്തുന്നതോ തിരുമേനിയുടെ ഉമ്മത്തിൽ നിന്നല്ലാത്തതോ ആയ ഒരു നബിയും വരുകയില്ലെന്നാണ് (മൗളൂ ആത്തെ കബീർ, പേജ് 58:59). മജ്മഉൽബിഹാറിന്റെ കർത്താവായ ഇമാം മുഹമ്മദ് താഹിർ (മരണം 986 ഹിജ്റി) പറയുകയാണ്:-

هٰذا ناظر الٰى نزول عيسٰى وهٰذا ايضًا لا ينافى حديث لا نبىّ بعدى لانّهٗ اراد لانبىّ ينسخ شرعهٗ

നിങ്ങൾ നബിതിരുമേനിയെ സംബന്ധിച്ച് ഖാത്തമുന്നബിയ്യീൻ എന്ന് പറഞ്ഞു കൊള്ളുകയെന്നും നബിതിരുമേനിക്കുശേഷം നബിയുണ്ടാകയില്ലെന്ന് പറയരുതെന്നും ഹദ്റത്ത് ആയിശ പറഞ്ഞിട്ടുള്ളത് മസീഹ് മൗഊദിന്റെ ആഗമനത്തെ മുൻനിറുത്തിക്കൊണ്ടാണ്. ഹദ്റത്ത് ആയിശയുടെ ആ വചനം ***ലാ നബിയ്യ ബഅ്ദി*** എന്ന ഹദീഥിന് എതിരല്ല. എന്തെന്നാൽ, തന്റെ നുബുവ്വത്തിനെ ദുർബലപ്പെടുത്തുന്ന ഒരു നബിയും തനിക്ക്ശേഷം ഉണ്ടാവുകയില്ലെന്നാണ് നബിതിരുമേനിയും ഉദ്ദേശിച്ചിരുന്നത്. (തക്മില മജ്മഉൽ ബിഹാർ, പേജ് 85).

തസവ്വുഫിന്റെ ഇമാം ആയ ഹദ്റത്ത് മുഹ്യിദ്ദീനുബ്നു അറബി (മരണം 638 ഹിജ്റി) പറയുകയാണ്:-

**النّبوة الّتی انقطعت بوجود رســـول اللّٰه صلیّ اللّٰه علیه وسلّم انّما هی نبوّة التشریع .........وهٰذا معنی قولهٖ صلیّ اللّٰه علیه وسلّم انّ السالة والنّبوة قد انقطعت فلا رسول بعدی ولا نبیّ ای لا نبیّ بعدی یکون علٰی شرع یخالف شرعی بل اذا کان یکون تحت حکم شریعتی**

നബിതിരുമേനിയുടെ നുബുവ്വത്തോടു കൂടി അവസാനിച്ചുപോകുന്ന നുബുവ്വത്ത് ശരീഅത്തിന്റെ നുബുവ്വത്താണ്..... തനിക്കുശേഷം രിസാലത്തും നുബുവ്വത്തും അവസാനിച്ചിരിക്കുന്നുവെന്നും തനിക്കുശേഷം റസൂലും നബിയും ഉണ്ടാവുകയില്ലെന്നും നബിതിരുമേനി പറഞ്ഞതിന്റെ അർത്ഥം നബിതിരുമേനിയുടെ ശരീഅത്തിന് വിരുദ്ധമായ മറ്റൊരു ശരീഅത്തോടുകൂടിയ ഒരു നബി ഉണ്ടാവുകയില്ലെന്നും വല്ല നബിയും ഉണ്ടാവുകയാണെങ്കിൽ അദ്ദേഹം തിരുമേനിയുടെ ശരീഅത്തിനു വിധേയനായിരിക്കുമെന്നും ആണ് (ഫുത്തുഹാത്തുൽ മക്കിയ, വാള്യം 2, പേജ് 73).

ഇമാം അബ്ദുൽ വഹ്ഹാബ് ശഅ്റാനി(റ) (മരണം 976, ഹിജ്റി) പറയുകയാണ്:-

## فانّ مطلق النّبوة لم ترتفع وانّما ارتفعت نبوّة التشريع

നുബുവ്വത്ത് അപ്പടി അവസാനിച്ചിട്ടില്ല, എന്നാൽ, ശരീഅത്തിന്റെ നുബുവ്വത്ത് തീർച്ചയായും അവസാനിച്ചിരിക്കുന്നു (അൽയവാഖീത്ത് വൽ ജവാഹിർ, വാള്യം 2, പേജ് 24).

മഹാനായ മുജദ്ദിദ് ഹദ്റത്ത് ശയ്ഖ് അഹ്മദ് സിർഹിൻദി മുജദ്ദിദ് അൽഫസാനീ (മരണം 1034 ഹിജ്റി) പറയുകയാണ്:-

"حصولِ کمالاتِ نبوت مرتابعاں را بطریقِ تبعیت و وراثت بعد
از بعثت خاتم الرسل منافی خاتمیت او نیست فلا تکن من الممترین"
یعنی "آنحضرت صلی اللہ علیہ وسلم کے بعد آپ کے متبعین کے لیے اتباع
اور وراثہ کے طور پر کمالات نبوت کا حصول آپ کے خاتم الرسل ہونے کے منافی
نہیں ہے۔ پس تم شک کرنے والوں میں سے نہ ہو"

നബിതിരുമേനിക്കുശേഷം തിരുമേനിയുടെ അനുയായികൾക്ക് അനുസരണത്തിന്റെയും പിന്തുടർച്ചാവകാശത്തിന്റെയും വഴിയായി നുബുവ്വത്തുസ്ഥാനം ലഭിക്കുന്നത് തിരുമേനി ഖാത്തമുർറുസുലായിരിക്കുന്നതിന് എതിരല്ല. നിങ്ങൾ ഇക്കാര്യത്തിൽ സംശയാലുക്കളായിരിക്കരുത് (മക്തൂബാത്തെ അഹ്മദിയ്യാ വാള്യം 1, മക്തൂബ് പേജ് 1,2).

പണ്ഡിതവര്യനും 12-ാം നൂറ്റാണ്ടിലെ മുജദ്ദിദുമായ ഹദ്റത്ത് ശാഹ്‌വലിയ്യുല്ലാഹ് മുഹദ്ദിഥ് ദഹ്‌ലവി (മരണം 1176 ഹിജ്റി)പറയുകയാണ്:-

ختم به النّبيّون اى لايوجد من يامره اللّٰه

سبحانهٗ بالتّشريع على الناس

നബിതിരുമേനിയിൽ നുബുവ്വത്ത് അവസാനിച്ചു എന്നു പറയുന്നതിന് മേലിൽ ശരീഅത്തോടുകൂടി അല്ലാഹു ഒരാളെയും നിയോഗിച്ചയക്കുകയില്ലെന്നാണ് അർത്ഥം (തഫ്ഹീമാത്തെ ഇലാഹിയ്യാ, തഫ്ഹീം പേജ് 53).

ദേവ്ബന്ദ് മദ്റസയുടെ സ്ഥാപകൻ ഹദ്റത്ത് മൗലവി മുഹമ്മദ് ഖാസിം സാഹിബ് നാനൂത്തവി (മരണം ക്രിസ്ത്വാബ്ദം 1889) പറയുന്നു:

"عوام کے خیال میں تو رسول اللہ صلی اللہ علیہ وسلم کا خاتم ہونا
بایں معنے ہے کہ آپ کا زمانہ انبیاء سابق کے زمانہ کے بعد ہے اور آپ
سب میں آخری نبی ہیں۔ مگر اہل فہم پر روشن ہوگا کہ تقدم یا
تاخر زمانی میں بالذات کوئی فضیلت نہیں ------
(بلکہ) اگر بالفرض بعد زمانہ نبی صلعم کوئی نبی پیدا ہو تو پھر بھی خاتمیت
محمدی میں کچھ فرق نہیں آئیگا۔"

"നബിതിരുമേനി 'ഖാത്തം' ആകുന്നു എന്നതിന്റെ താല്പര്യം സാമാന്യരുടെ അഭിപ്രായത്തിൽ തിരുമേനിയുടെ കാലം മുൻകഴിഞ്ഞ പ്രവാചകന്മാരുടെ കാലത്തിന് ശേഷമുള്ളതാണെന്നും തിരുമേനി എല്ലാവരിലും അവസാനത്തെ പ്രവാചകനാണെന്നുമത്രെ. എന്നാൽ, കാലം മുമ്പോ പിമ്പോ ആകുന്നതിൽ യാതൊരു ശ്രേഷ്ഠതയുമില്ലെന്ന് ജ്ഞാനികൾക്ക് അറിയാവുന്നതാണ്. എന്നിരിക്കെ നബിതിരുമേനിയെ ഖാത്തമുന്നബിയ്യിൻ എന്ന് സ്തുതിയായി പറയുന്നത് ശരിയായിരിക്കാവുന്നതെങ്ങനെ?....... തിരുമേനിയുടെ കാലശേഷം ഒരു പ്രവാചകനുണ്ടാകുന്നതായാൽതന്നെ തിരുമേനി 'ഖാത്തം' ആണെന്നുള്ളതിന് യാതൊരു ഊനവും വരുന്നതല്ല (തഹ്ദീറുന്നാസ്, ഭാഗം 28).

നബിതിരുമേനിക്കുശേഷം ശരീഅത്തോടുകൂടിയ നുബുവ്വത്തിന്റെ വാതിൽ മാത്രമാണ് അടയ്ക്കപ്പെട്ടിരിക്കുന്നതെന്നും എന്നാൽ ശരീഅത്ത് കൂടാതെയുള്ള നബി വരാമെന്നും സലഫീങ്ങളിൽ വലിയൊരു ഭാഗം സമ്മതിച്ചിരിക്കുന്നതായി മേൽ ചേർത്ത ഉദ്ധാരണങ്ങൾ എത്ര വ്യക്തമായാണ് തെളിയിക്കുന്നതെന്ന് നോക്കുക. ഇതുപോലെതന്നെ മിർസാ മസ്ഹർ ജാൻജാനാൻ സാഹിബ് ദഹ്‌ലവി തുടങ്ങിയ മറ്റു പല പണ്ഡിതശ്രേഷ്ഠൻമാരും മേൽപറഞ്ഞ തരത്തിലുള്ള അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. കൂടാതെ രസകരമായ മറ്റൊരു സംഗതി, സാങ്കൽപികമായ ഇജ്മാഅ് വാദിക്കുന്ന ഇക്കൂട്ടർതന്നെ ഈസാനബി ആകാശത്തുനിന്ന് ഇറങ്ങി വരുമെന്ന്

വിശ്വസിക്കുന്നു എന്നതാണ്. അദ്ദേഹം വീണ്ടും ഇറങ്ങി വരുമ്പോൾ നുബുവ്വത്തിന്റെയും രിസാലത്തിന്റെയും സ്ഥാനങ്ങൾ അദ്ദേഹത്തിൽനിന്ന് പിടിച്ചെടുക്കപ്പെടുകയില്ലെന്നും പുനരാഗമനത്തിനു ശേഷവും പണ്ടത്തെപ്പോലെ അദ്ദേഹം നബിയും റസൂലുമായിരിക്കുമെന്നും മുഹമ്മദിയ്യാ ശരീഅത്തിന്റെ അനുസാരിയും അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകൾക്ക് വിധേയനുമായിരിക്കുമെന്നും വാദിക്കുന്നു.

ഇപ്പോൾ തങ്ങളുടെ ഇജ്മാഅ് എവിടെയാണെന്ന് ഈ ആളുകൾ പടച്ചവനെ വിചാരിച്ചു ഞങ്ങൾക്കൊന്നു കാണിച്ചു തരട്ടെ. കഷ്ടം! വാദമാണെങ്കിൽ ഇജ്മാഇന്റേത്! സ്വന്തം വിശ്വാസമാവട്ടെ അതിനെതിരും! അല്ലാഹുവിന്റെ അടിയാരേ! നിങ്ങൾ ഏതൊരാളുടെ വരവിനെ രാവും പകലും കാത്തിരിക്കുന്നുവോ അയാൾ അല്ലാഹുവിന്റെ നബിയും റസൂലുമല്ലേ എന്ന് വിദ്വേഷത്തിന്റെ നിഴൽ കണ്ണിൽനിന്ന് നീക്കംചെയ്തുകൊണ്ട് പരിശോധിക്കുക. ഈസാനബിയുടെ ആഗമനത്താൽ 'ഖത്തമുന്നുബുവ്വത്ത്' പൊളിയുന്നില്ലെങ്കിൽ ***ലാ നബിയ്യ ബഅ്ദി*** എന്നും ***അന ആഖിറുൽ അമ്പിയാഇ*** എന്നുമുള്ള വചനങ്ങളുടെ ആശയം അതേപടി നിലനില്ക്കുമെങ്കിലും നബി തിരുമേനിയെ അനുസരിച്ചതിന്റെ ഫലമായി ഹദ്റത്ത് അഹ്മദി(അ)ന് ളില്ലിയായനിലയിൽ നുബുവ്വത്ത് ലഭിച്ചെന്ന് പറഞ്ഞാൽ 'ഖത്തമുന്നുബുവ്വത്ത്' എന്തിന് പൊളിയണം? ***ലാ നബിയ്യ ബഅ്ദീ*** എന്നും ***അന ആഖിറുൽ അമ്പിയാഇ*** എന്നുമുള്ള വചനങ്ങളുടെ ആശയത്തിന് എങ്ങനെ തകരാറ് പറ്റും?

ഈസാനബി(അ) നബി(സ)തിരുമേനിക്ക് മുമ്പേ നുബുവ്വത്ത് സമ്പാദിച്ചു കഴിഞ്ഞിരുന്നുവെന്നും അതുകൊണ്ട് അദ്ദേഹത്തിന്റെ ആഗമനത്താൽ ഖത്തമുന്നുബുവ്വത്തിനു കോട്ടമൊന്നും പറ്റുന്നില്ലെന്നും പക്ഷേ, നബിതിരുമേനിയുടെ ഉമ്മത്തിൽ നിന്ന് ആരെങ്കിലും ഇപ്പോൾ നബിയാവുകയാണെങ്കിൽ 'ഖത്തമുന്നുബുവ്വത്ത്' പൊളിഞ്ഞുപോകുമെന്നും പറയുന്നത് ബാലിശമാണ്. എന്തെന്നാൽ, ഇവിടെ നുബുവ്വത്ത് ലഭിക്കുന്നത് മുമ്പോ പിമ്പോ എന്നതല്ല, നബിതിരുമേനിക്കു ശേഷം ഏതെങ്കിലും നബി വരാമോ എന്നതാണ് പ്രശ്നം. ഈസാനബി ഇറങ്ങുമെന്നും അദ്ദേഹം നബിയായിരിക്കുമെന്നും നിങ്ങൾ വിശ്വസിക്കുന്നു. വരേണ്ട ആൾ വന്നെന്നും അദ്ദേഹം നബിയാണെന്നും ഞങ്ങളും വിശ്വസിക്കുന്നു. അതിനാൽ നാം രണ്ടുകൂട്ടരും നബി തിരുമേനിക്കുശേഷം ഒരു നബിയുടെ

ആഗമനത്തെപ്പറ്റി വിശ്വസിക്കുന്നവരാണ്. അക്കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. അഭിപ്രായവ്യത്യാസമുള്ളത് ഇക്കാര്യത്തിലാണ്: താൻ നബിതിരുമേനിയുടെ ശിഷ്യനും ദാസനുമാണെന്നും തനിക്ക് ലഭിച്ചിട്ടുള്ളതെല്ലാം തിരുമേനിയുടെ മഹത്ത്വത്തിലും മാർഗ്ഗത്തിലുമാണെന്നും പറയുന്ന ഒരാളുടെ നുബുവ്വത്തിനെയാണ് ഞങ്ങൾ സമ്മതിച്ചിട്ടുള്ളത്. എന്നാൽ, നിങ്ങളാവട്ടെ തിരുമേനിയുടെ നുബുവ്വത്തുമായി ശിഷ്യബന്ധമില്ലാതെയും അദ്ദേഹത്തിന്റെ യാതൊരു അനുഗ്രഹത്തിന്റെയും സ്പർശമില്ലാതെയും സ്വതന്ത്രമായി നുബുവ്വത്ത് ലഭിച്ച ഒരാളുടെ ആഗമനത്തിലാണ് വിശ്വസിക്കുന്നത്. നിങ്ങളുടെ വിശ്വാസപ്രകാരമുള്ള മസീഹ് ഇറങ്ങുകയാൽ നിശ്ചയമായും ഖത്തമുന്നുബുവ്വത്ത് തകർന്നുപോവുകയും ***അന ആഖിറുൽ അമ്പിയാഅ്*** എന്നും ***ലാ നബിയ്യ ബഅ്ദീ*** എന്നുമുള്ള വചനങ്ങൾ ദുർബലപ്പെട്ടുപോവുകയും ചെയ്യുന്നതാണ്. എന്നാൽ, ഹദ്റത്ത് അഹ്മദി(അ)ന്റെ നുബുവ്വത്ത് യാതൊന്നിനെയും ദുർബലപ്പെടുത്തിയിട്ടില്ല. നേരെമറിച്ച്, അദ്ദേഹത്തിന്റെ നുബുവ്വത്ത്കൊണ്ട് നബിതിരുമേനിയുടെ ഉത്ക്കൃഷ്ടമായ നുബുവ്വത്തിന്റെ പ്രതാപം ലോകത്ത് വെളിപ്പെടുകയാണ് ചെയ്തത്. ആ പ്രവാചകപ്രഭുവിന്റെ ശിഷ്യനുപോലും നുബുവ്വത്ത് ലഭിക്കാമെങ്കിൽ അദ്ദേഹത്തിന്റെ സ്ഥാനം എത്രമേൽ ഉന്നതമല്ല!

## പ്രവാചകന്മാരും ശരീഅത്തും

പുതിയൊരു ശരീഅത്ത് കൊണ്ടുവരുന്ന ആളാണ് നബി എന്നും ശരീഅത്തിന്റെ ശൃംഖല അവസാനിച്ചിരിക്കയാൽ ഇനി ഒരു നബി വരികയില്ലെന്നുമുള്ളതാണ് നാലാമതായി ഉന്നയിക്കുന്ന വാദം. എന്നാൽ ഈ വാദവും അടിസ്ഥാനരഹിതവും നിരർത്ഥകവുമാണ്. എന്തെന്നാൽ നുബുവ്വത്തോടുകൂടി പുതിയ ശരീഅത്ത് ഉണ്ടായിരിക്കണമെന്നത് അത്യാവശ്യമല്ല. ശരീഅത്ത് നല്കപ്പെടാത്ത ഒട്ടധികം പ്രവാചകൻമാർ കഴിഞ്ഞുപോയിട്ടുണ്ടെന്ന് മതചരിത്രത്തിലേക്ക് കണ്ണോടിക്കുന്നതുകൊണ്ട് മനസ്സിലാക്കാൻ കഴിയും. അല്ലാഹുവിന്റെ പക്കൽനിന്ന് ഒരു ശരീഅത്ത് ഇറങ്ങിയാൽ അതിനെ അവർ ദുർബലപ്പെടുത്തുകയോ അതിൽ മാറ്റം വരുത്തുകയോ ചെയ്യണമെങ്കിൽ, അവന്റെ ദൃഷ്ടിയിൽ മനുഷ്യാവസ്ഥ അങ്ങനെയുള്ള ദുർബലപ്പെടുത്തലും മാറ്റം വരുത്തലും ആവശ്യപ്പെടുന്ന സമയമാവണം. ഏതുപോലെയെന്നാൽ, രോഗാവസ്ഥ ആവശ്യപ്പെട്ടാലല്ലാതെ വിദഗ്ദ്ധനായ ഒരു വൈദ്യൻ തന്റെ രോഗി

യുടെ മരുന്നിൽ മാറ്റം വരുത്തകയില്ല. പക്ഷേ, മരുന്നിൽ മാറ്റം വരുത്തുകയില്ലെങ്കിലും വൈദ്യൻ ആ രോഗിയെ നോക്കിക്കൊണ്ടിരിക്കുകയും അയാളുടെ ശുശ്രൂഷ മുതലായ ആവശ്യങ്ങളിൽ ശ്രദ്ധ ചെലുത്തുകയും ചെയ്യേണ്ടത് ആവശ്യമാണ്. ഇതുതന്നെയാണ് ആദ്ധ്യാത്മിക ലോകത്തിന്റെയും സ്ഥിതി. അല്ലാഹുവിന്റെ പക്കൽ നിന്ന് ഒരു ശരീഅത്ത് മരുന്നിന്റെ കുറിപ്പെന്നപോലെ ഇറങ്ങുമ്പോൾ ആ കുറിപ്പിന്റെ കാലം വളരെ ദീർഘിച്ചതായിരിക്കാം. അതായത് ശരീഅത്തിൽ മാറ്റം വരുത്തേണ്ടകാലം വന്നില്ലെന്ന് പറയാം. എങ്കിലും അല്ലാഹു മനുഷ്യന്റെ ആദ്ധ്യാത്മികമായ മേൽനോട്ടത്തിന് സാധാരണയായി ചെറിയ ചെറിയ ഡോക്ടർമാരെയും (ആദ്ധ്യാത്മിക ഉലമാക്കളെയും സൂഫികളെയും) ആവശ്യമനുസരിച്ച് വല്ലപ്പോഴുമൊക്ക വലിയ ഡോക്ടർമാരെയും (നബിമാരെയും റസൂൽമാരെയും) അയച്ചുകൊണ്ടിരിക്കുന്നതാണ്. ഉദാഹരണമായി അല്ലാഹു മൂസാനബി മുഖാന്തരം തൗറാത്താകുന്ന ശരീഅത്ത് ഇറക്കി. അതിനുശേഷം നബിതിരുമേനിയുടെ കാലം വരെ ഒരു ശരീഅത്തും ഇറക്കപ്പെട്ടിട്ടില്ല. എന്നാൽ, അതിനിടയിൽ ബനൂഇസ്റായീലിൽ അനേകം നബിമാർ വന്നു. ഈസാനബിയും അവരിൽ ഒരാളാണ്. അവർക്കാർക്കും ശരീഅത്ത് നല്കപ്പെട്ടിരുന്നില്ല. മൂസാനബിയുടെ ശരീഅത്തിന്റെ സേവനത്തിനുവേണ്ടി മാത്രമാണ് അവർ അയക്കപ്പെട്ടിരുന്നത്.

ഈസാനബിക്ക് ഇഞ്ചീൽ നല്കപ്പെട്ടിരുന്നല്ലോ എന്ന സംശയം ഇവിടെ ആർക്കും ഉണ്ടാകേണ്ടതില്ല. എന്തെന്നാൽ, ഇഞ്ചീൽ ഒരു ശരീഅത്തിന്റെ ഗ്രന്ഥമല്ല. ഇഞ്ചീലിൽ ഈസാനബി തന്നെ അദ്ദേഹത്തിന്റെ ശിഷ്യന്മാരോട് പറയുന്നത് നോക്കുക:- ശാസ്ത്രിമാരും പരീശന്മാരും മോശയുടെ പീഠത്തിൽ ഇരിക്കുന്നു. ആകയാൽ, അവർ നിങ്ങളോട് പറയുന്നതൊക്കെയും പ്രമാണിച്ചു ചെയ്യുവിൻ. പക്ഷേ, അവരുടെ പ്രവൃത്തികൾപോലെ ചെയ്യരുതുതാനും. അവർ പറയുന്നതല്ലാതെ ചെയ്യുന്നില്ലല്ലോ (മത്തായി 23:1-3).

വീണ്ടും പറയുന്നു:- ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിനു വന്നു എന്ന് നിരൂപിക്കരുത്; നീക്കവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നത്. സത്യമായിട്ട് ഞാൻ നിങ്ങളോട് പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും വരെ സകലവും നിവൃത്തിയാകുവോളം (മുഹമ്മദ് നബി സ.അ. തിരുമേനിയുടെ ആവിർഭാവത്താൽ ഒരു പുതിയ ആദ്ധ്യാത്മിക ആകാ

ശഭൂമികൾ ഉണ്ടാകുന്നതുവരെ) ന്യായപ്രമാണത്തിൽനിന്ന് ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും ഒരു നാളും ഒഴിഞ്ഞുപോകയില്ല. (ഇതും നബിതിരുമേനിയുടെ ആഗമനത്തെയാണ് സൂചിപ്പിക്കുന്നത്). ആകയാൽ ഈ ഏറ്റവും ചെറിയ കൽപനകളിൽ ഒന്ന് അഴിക്കുകയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്ന് വിളിക്കപ്പെടും; അവയെ ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്ന് വിളിക്കപ്പെടും (മത്തായി, 5:17-19).

ഈസാനബിയെന്നു വേണ്ട, മൂസാനബിക്കുശേഷം വന്ന ഇസ്റായീൽ പ്രവാചകന്മാരിൽ ആരുംതന്നെ ഒരു പുതിയ ശരീഅത്ത് കൊണ്ടു വന്നിരുന്നില്ലെന്നും അവരെല്ലാം തൗറാത്തിന്റെ സേവനത്തിനും ബനൂഇസ്റായീലിന്റെ ആദ്ധ്യത്മികോദ്ധാരണത്തിനുംവേണ്ടി മാത്രം അയക്കപ്പെട്ടവരായിരുന്നുവെന്നും ഈ വാക്യങ്ങളിൽ നിന്ന് നല്ലതുപോലെ വ്യക്തമാകുന്നു.

കൂടാതെ, എല്ലാ പ്രവാചകന്മാർക്കും പുതിയ ശരീഅത്ത് ഇറങ്ങേണ്ടതില്ലെന്നും പല പ്രവാചകന്മാരും പുതിയ ശരീഅത്തില്ലാതെ അയക്കപ്പെട്ടിട്ടുണ്ടെന്നും വിശുദ്ധഖുർആനിൽനിന്ന് തെളിയുന്നുണ്ട്. അല്ലാഹു പറയുന്നു.

وَقَفَّيْنَا مِنْۢ بَعْدِهٖ بِالرُّسُلِ

മൂസായ്ക്കുശേഷം നാം പ്രവാചകന്മാരെ അയച്ചുകൊണ്ടിരുന്നു (വി.ഖു. 2:88).

اِنَّآ اَنْزَلْنَا التَّوْرٰىةَ فِيْهَا هُدًى وَّنُوْرٌ ۚ يَحْكُمُ

بِهَا النَّبِيُّوْنَ الَّذِيْنَ اَسْلَمُوْا لِلَّذِيْنَ هَادُوْا

നാം തൗറാത്തിനെ ഇറക്കി; അതിൽ മാർഗ്ഗദർശ്ശനവും പ്രകാശവും ഉണ്ടായിരുന്നു. ആ തൗറാത്തു മുഖേന പ്രവാചകൻമാർ യഹൂദർക്ക് വിധികൽപിക്കാറുണ്ടായിരുന്നു (വി.ഖു. 5:45).

പുതിയ ശരീഅത്ത് നല്കപ്പെടാത്ത എത്രയോ പ്രവാചകന്മാർ കഴിഞ്ഞു പോയിട്ടുണ്ടെന്ന് മേൽചേർത്ത ആയത്തുകളിൽ എത്ര വ്യക്തവും ഖണ്ഡിതവുമായിട്ടാണ് വിധി കൽപിച്ചിട്ടുള്ളത്? എന്നാൽ, കണ്ണടക്കുന്നവർക്ക് എങ്ങനെ കാണിച്ചു കൊടുക്കാൻ

സാധിക്കും? ചുരുക്കത്തിൽ, എല്ലാ പ്രവാചകൻമാരും പുതിയ ശരീഅത്ത് കൊണ്ടുവരേണ്ടതില്ലെന്നതിന് ദൈവദത്തമായ ബുദ്ധി, ചരിത്രം, വിശുദ്ധഖുർആൻ എന്നീ മൂന്നു പ്രമാണങ്ങളും സാക്ഷ്യം വഹിക്കുന്നുണ്ട്. ഖുർആനോടുകൂടി പുതിയ ശരീഅത്ത് ആവശ്യമില്ലാതായിരിക്കുന്നതുകൊണ്ട് ഇനി പുതിയൊരു പ്രവാചകൻ വരുകയില്ലെന്ന് വാദിക്കുന്നത് വമ്പിച്ച അബദ്ധവും അടിസ്ഥാനരഹിതവുമാണ്.

പുതിയ ശരീഅത്ത് കൊണ്ടുവരുന്നില്ലെന്ന് പറയപ്പെടുന്ന ചില നബിമാരെപറ്റി അവർക്ക് ഗ്രന്ഥം നല്കപ്പെട്ടിരുന്നുവെന്ന് വിശുദ്ധ ഖുർആൻ പറയുന്നുണ്ടെന്നും അവർ ശരീഅത്ത് കൊണ്ടു വന്നിരുന്നുവെന്ന് അതിൽനിന്ന് തെളിയുന്നുണ്ടെന്നുമുള്ള സംശയം ചിലർ ഉന്നയിക്കാറുണ്ട്. എന്നാൽ, കിതാബ് എന്ന പദത്തിന് പുതിയ ശരീഅത്ത് എന്ന് അർത്ഥമെടുക്കുന്നത് വമ്പിച്ച അബദ്ധമാണെന്ന് മനസ്സിലാക്കണം. യഥാർത്ഥത്തിൽ കിതാബ് എന്നതിന്റെ അർത്ഥം ഒരു പ്രവാചകനിൽ, അദ്ദേഹം ശരീഅത്തുള്ള നബിയായിരിക്കട്ടെ, അല്ലാതിരിക്കട്ടെ ഇറങ്ങുന്ന ദൈവവചനമാണ്. അദ്ദേഹം ശരീഅത്തോടു കൂടിയ ഒരു നബിയാണെങ്കിൽ അദ്ദേഹത്തിന് അല്ലാഹുവിന്റെ പക്കൽനിന്ന് ലഭിക്കുന്ന ശരീഅത്ത് സംബന്ധിയായ വെളിപാടുകൾക്കായിരിക്കും ഗ്രന്ഥമെന്ന് പറയുക. അഥവാ അദ്ദേഹം ശരീഅത്തില്ലാത്ത നബിയാണെങ്കിൽ അദ്ദേഹത്തിന് അല്ലാഹുവിന്റെ പക്കൽനിന്ന് മുബശ്ശിറാത്തും മുൻദിറാത്തും സംബന്ധിയായി ലഭിക്കുന്ന വെളിപാടുകൾക്കായിരിക്കും ഗ്രന്ഥമെന്ന് പറയുക. ഈ കാരണത്താലാണ് ഇഞ്ചീൽ ഒരു ശരീഅത്തിന്റെ ഗ്രന്ഥമല്ലാതിരുന്നിട്ടും വിശുദ്ധഖുർആൻ അതിനെ ഗ്രന്ഥമെന്ന് പറഞ്ഞിട്ടുള്ളത്.

ഈ സംശയത്തിനുള്ള മറ്റൊരു ഉത്തരമിതാണ്. ചില പ്രവാചകൻമാർ പുതിയ ശരീഅത്ത് കൊണ്ടു വരുന്നില്ലെങ്കിലും കഴിഞ്ഞുപോയ ശരീഅത്തിന്റെ അനുസാരികളായിട്ടാണ് അയക്കപ്പെടുന്നതെങ്കിലും ഒരു പ്രകാരത്തിൽ അവരും ശരീഅത്ത് കൊണ്ടു വന്നവരാണെന്ന് പറയാവുന്നതാണ്. എന്തെന്നാൽ മുൻശരീഅത്തിന്റെ ജ്ഞാനം ജനങ്ങളിൽ നിന്ന് മറഞ്ഞു പോകുമ്പോഴാണ് ആ ശരീഅത്തിനെ ലോകത്ത് വീണ്ടും സ്ഥാപിക്കാനായി ശരീഅത്തില്ലാത്ത പ്രവാചകൻമാർ എഴുന്നേല്പിക്കപ്പെടുന്നത്. അതിനാൽ അവർ ഒരു പുതിയ ശരീഅത്തും ഗ്രന്ഥവും കൊണ്ടുവന്നവരാണെന്ന് പറയാ

വുന്നതാണ്. ഉദാഹരണമായി ഈസാനബി ഒരു പുതിയ ശരീഅത്ത് കൊണ്ടു വന്നില്ല. എന്നാൽ, തൗറാത്ത് ആന്തരികമായി ബനൂഇസ് റായീലിൽ ഉയർത്തപ്പെട്ടുപോയിരുന്ന ഒരു കാലത്താണ് അദ്ദേഹം വന്നതെന്ന കാര്യത്തിലും തൗറാത്ത് വീണ്ടും അദ്ദേഹത്തിലിറങ്ങി യതുപോലെ അദ്ദേഹം അതിനെ പുനഃസ്ഥാപിക്കാൻ ശ്രമിച്ചുവെന്ന കാര്യത്തിലും സംശയമെന്തുണ്ട്? ഇതുപോലെ തന്നെ വിശുദ്ധ ഖുർആൻ ലോകത്തുനിന്ന് ഉയർത്തപ്പെട്ടു പോകുന്ന ഒരു കാലം (മസീഹ് മൗഊദിന്റെ ആഗമനത്തിനു മുമ്പേയുള്ള കാലം) വരു മെന്ന് ഹദീഥിലും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ അർത്ഥം ഖുർആൻ ലോകത്ത് ഉണ്ടായിരിക്കെത്തന്നെ അത് ഉയർത്തപ്പെട്ടു പോകുമെന്നാണ്. അതായത് അതിന്റെ പദങ്ങൾ നിലവിലുണ്ടാ യിരിക്കും. പക്ഷേ, ജീവൻ ഉണ്ടായിരിക്കയില്ല. എന്നാൽ, മസീഹ് മൗഊദ് വീണ്ടും അതിനെ ലോകത്ത് സ്ഥാപി ക്കും; അദ്ദേഹത്തിൽ അത് വീണ്ടും ഇറങ്ങിയതുപോലെ. ഈ വ്യാഖ്യാനപ്രകാരം ഹദ് റത്ത് അഹ്മദും(അ) ശരീഅത്ത് കൊണ്ടു വന്നിട്ടുണ്ടെന്നും അദ്ദേ ഹത്തിനും ഗ്രന്ഥം നല്കപ്പെട്ടിട്ടുണ്ടെന്നും പറയാവുന്നതാണ്.

## പ്രവാചകന്മാർ അനുസരിക്കപ്പെടേണ്ടവർ

പ്രവാചകന്മാരെപ്പറ്റി വിശുദ്ധഖുർആനിൽ ഇപ്രകാരം പ്രസ്താ വിക്കപ്പെട്ടിരിക്കുന്നു:-

وَمَآ اَرْسَلْنَا مِنْ رَّسُوْلٍ اِلَّا لِيُطَاعَ بِاِذْنِ اللّٰهِ

അനുസരിക്കപ്പെടുന്നതിനായിട്ടല്ലാതെ നാം ഒരു പ്രവാചക നെയും അയച്ചിട്ടില്ല (വി.ഖു. 4:65).

പ്രവാചകന്മാരെല്ലാം അനുസരിക്കപ്പെടേണ്ട നേതാക്കളാ ണെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. എന്നാൽ, അതുകൊണ്ട് മറ്റൊരു റസൂലിന്റെ അനുസാരിയാകുന്ന ഒരാൾ പ്രവാചകനാകാൻ പാടില്ലെന്ന് ആരെങ്കിലും സങ്കൽപിക്കുകയാണെങ്കിൽ അത് ചിന്താ ശൂന്യതയുടെ ഫലമായുണ്ടായ ഒരു സങ്കൽപം മാത്രമായിരിക്കും. എന്തെന്നാൽ, റസൂൽ ഏതൊരു ജനത്തിനുവേണ്ടി അയക്കപ്പെട്ടി രിക്കുന്നുവോ ആ ജനം അദ്ദേഹത്തെ അനുസരിക്കുകയും അദ്ദേഹം പറയുന്നതു പ്രകാരം പ്രവർത്തിക്കുകയും ചെയ്യണമെന്ന് മാത്രമേ പ്രസ്തുത വചനത്തിൽ പറഞ്ഞിട്ടുള്ളൂ. ആ വചനത്തോട് തൊട്ടുള്ള മറ്റൊരു വചനത്തിൽ അല്ലാഹു പറയുന്നത് നോക്കുക:-

فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا ﴿٦٦﴾

അല്ലാഹുവാണെ! ഈ ജനങ്ങൾ ഒരിക്കലും അവരുടെ വാദത്തിൽ സത്യവാന്മാരായിരിക്കയില്ല; അവരുടെ എല്ലാ തർക്കങ്ങളും തീർപ്പിനുവേണ്ടി നിന്റെ അടുക്കൽ കൊണ്ടുവരാതിരിക്കുകയും നിന്റെ വിധി അവർ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നതുവരെ (വി.ഖു. 4:66).

റസൂൽ ഏതൊരു ജനതയുടെ അടുക്കലേക്ക് അയക്കപ്പെടുന്നുവോ ആ ജനതയെപ്പറ്റിയാണ് ഇവിടെ പറയപ്പെട്ടിട്ടുള്ളതെന്ന സംഗതി വ്യക്തമാണ്. അതായത്, ഏതൊരു ജനങ്ങളിലേക്ക് റസൂൽ അയക്കപ്പെട്ടിരുന്നുവോ അവരെല്ലാം അനുസരിക്കേണ്ട ആളായിരിക്കും അദ്ദേഹമെന്നാണ് ഇവിടെ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. അദ്ദേഹം മറ്റൊരു റസൂലിന്റെ അനുസാരിയായിരിക്കാൻ പാടില്ലെന്ന് ഇതിൽ നിന്ന് എങ്ങനെയാണ് അർത്ഥമാകുന്നത്? വിശുദ്ധ ഖുർആൻ തുറന്നു നോക്കുക. മൂസാനബി തന്റെ സഹോദരനായ ഹാറൂൻ നബിയോട് ***അഫ അസ്വയ്ത അംറീ***. നീ എന്റെ കൽപന ലംഘിച്ചുവോ? (വി.ഖു. 20:94) എന്ന് ചോദിച്ചിരുന്നില്ലേ? ഹാറൂൻനബി, മൂസാനബിയുടെ കീഴിലായിരുന്നുവെന്ന് ഇതിൽനിന്ന് നല്ലതുപോലെ വ്യക്തമാകുന്നുണ്ട്. ഹദ്റത്ത് ഹാറൂനാവട്ടെ അല്ലാഹുവിന്റെ പ്രവാചകനായിരുന്നുതാനും. എന്നാൽ, അദ്ദേഹം മൂസാനബിയുടെ കീഴിലായിരുന്നു. അതുകൊണ്ടാണ് മൂസാനബി അദ്ദേഹത്തിന്റെ നേരെ കോപം കാണിച്ചതും കൽപന ലംഘിച്ചതിനെപ്പറ്റി സമാധാനം ചോദിച്ചതും. ഇതേപ്രകാരംതന്നെ ഒരവസരത്തിൽ നബി(സ)തിരുമേനി പറഞ്ഞതായി ഹദീഥിൽ ഇപ്രകാരം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു:-

لو كان موسىٰ حيًّا لما وسعهٗ الّا اتّباعى

മൂസാനബി എന്റെ കാലത്ത് ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിന് എന്നെത്തുടരാതെ നിവൃത്തിയുണ്ടാകുമായിരുന്നില്ല (ബുഖാരി).

ഈ ഉദാഹരണങ്ങളിൽനിന്നെല്ലാം മനസ്സിലാകുന്നത് ഒരു പ്രവാ

ചകൻ മറ്റൊരു പ്രവാചകന്റെ കീഴിൽ ആവാമെന്നാണ്. എന്നാൽ, അദ്ദേഹം ഏതൊരു ജനത്തിനായി അയക്കപ്പെട്ടിരുക്കുന്നുവോ ആ ജനത്തിന് വാജിബുൽ ഇത്താഅത്തായ ഇമാമായിരിക്കും.

ഖത്തമുന്നുബുവ്വത്ത് സംബന്ധിച്ച് എതിരാളികൾ ഉന്നയിക്കുന്ന വാദങ്ങൾക്കും സംശയങ്ങൾക്കും അല്ലാഹുവിന്റെ കൃപയാൽ ഇതിനകം മറുപടി പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ഇനി, അഹ്മദികളായ ഞങ്ങൾ ഞങ്ങളുടെ വിശ്വാസത്തിന് അനുകൂലമായി സ്വീകരിച്ചിട്ടുള്ള തെളിവുകളെ സംബന്ധിച്ച് ചുരുക്കത്തിൽ വിവരിച്ചു കൊള്ളാം.

ഇവിടെ ഒന്നാമതായി ഒരു കാര്യം മനസ്സിലാക്കണം. എതിരാളികളുടെ വാദത്തിനെതിരായി ഉന്നയിച്ചിട്ടുള്ള രേഖകൾ അവരുടെ വാദങ്ങളെ ഖണ്ഡിക്കുന്നതോടുകൂടിത്തന്നെ ഞങ്ങളുടെ വിശ്വാസത്തിന്റെ സത്യം തെളിയിക്കുന്നുമുണ്ട്. അവ രണ്ട് ഭാഗവും മൂർച്ചയുള്ള ഇരുതല വാൾപോലെയാണ്. ഒരു ഭാഗത്ത് അവ എതിരാളികളുടെ വാദത്തെ ഖണ്ഡിക്കുമ്പോൾ മറുഭാഗത്ത് ഞങ്ങളുടെ വാദത്തെ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. നബി തിരുമേനിക്കു ശേഷം നുബുവ്വത്തിന്റെ കവാടം നിശ്ശേഷം അടക്കപ്പെട്ടിട്ടില്ല എന്നും ശരീഅത്തിന്റെ നുബുവ്വത്ത് മാത്രമാണ് അവസാനിപ്പിച്ചിട്ടുള്ളതെന്നും തെളിയിക്കാൻ മുകളിൽ നടത്തിയ ചർച്ച തന്നെ ധാരാളം മതി. ഞങ്ങളുടെ വിശ്വാസവും അതാണ്.

വാസ്തവത്തിൽ ഈ കാര്യത്തിൽ ഞങ്ങളുടെ വിശ്വാസത്തെ അനുകൂലിക്കുന്ന തെളിവുകൾ നല്കാൻ ഞങ്ങൾ ബാധ്യസ്ഥരേയല്ല. എന്തെന്നാൽ, ഈ കാര്യത്തിൽ ഞങ്ങൾ വാദിയല്ല, പ്രതിവാദിയാണ്. വാദിയുടെ നില ഞങ്ങളുടെ എതിരാളികളുടേതാകുന്നു. ഞങ്ങളുടെ വിശ്വാസത്തിന്റെ തെളിവിന് ലോകാരംഭം മുതൽക്കേ നുബുവ്വത്തിന്റെയും രിസാലത്തിന്റെയും ശൃംഖല തുടർന്നുകൊണ്ടിരിക്കുന്നുവെന്നതുതന്നെ മതിയായ രേഖയാണ്. ആ ശൃംഖല അറ്റുപോയിരിക്കുന്നുവെന്ന് വാദിക്കുന്നവരുടെ കടമയാണ്, അവരുടെ ആ വാദത്തിന് തെളിവ് നല്കേണ്ടത്. അവർക്കങ്ങനെ ചെയ്യാൻ സാധിക്കാതിരിക്കുയോ അല്ലെങ്കിൽ അവർ ഉന്നയിക്കുന്ന രേഖകൾ ന്യായവാദത്താൽ ഖണ്ഡിക്കുകയോ ചെയ്യുകയാണെങ്കിൽ നുബുവ്വത്തിന്റെ ശൃംഖല തുടർന്നുകൊണ്ടിരിക്കുകയാണെന്ന് വിശ്വസിക്കുകയല്ലാതെ നിവൃത്തിയില്ല. അത് തുടർന്നുകൊണ്ടിരിക്കുന്നുവെന്നതിലേക്ക് ഞങ്ങൾ തെളിവുകൾ നല്കേണ്ട ആവശ്യമേയില്ല. എതിരാളികളുടെ വിശ്വാസത്തിന് ഖണ്ഡനമായി

മുകളിൽ വിവരിച്ചിട്ടുള്ള ന്യായങ്ങൾ തന്നെ മതി, നുബുവ്വത്തിന്റെ ശൃംഖല തുടർന്നുകൊണ്ടിരിക്കുകയാണെന്ന് സ്ഥാപിതമാകുവാൻ. എങ്കിലും സത്യാന്വേഷികളുടെ കൂടുതൽ സംതൃപ്തിക്കായി വളരെ ചുരുങ്ങിയ നിലയിൽ ചില കാര്യങ്ങൾ കൂടി ഇവിടെ വിവരിക്കാം.

## നുബുവ്വത്ത് നിലച്ചിട്ടില്ല

ഒന്നാമതായി നമുക്ക് വിശുദ്ധഖുർആൻ പരിശോധിക്കാം. ഇത് സംബന്ധിച്ച് ഖാത്തമുന്നബിയ്യീൻ എന്ന ആയത്തിന്റെ ചർച്ച മുകളിൽ നടത്തിക്കഴിഞ്ഞിട്ടുണ്ട്. ആ വചനം നുബുവ്വത്തിന്റെ കവാടം അടക്കുകയല്ല, മറിച്ച് ഏറ്റവും വ്യക്തമായ നിലയിൽ പ്രതിഛായാപരവും അനുധാവനപരവുമായ നുബുവ്വത്തിന്റെ കവാടം തുറന്നുവെക്കുകയാണ് ചെയ്തിട്ടുള്ളത്. അതിനും പുറമെ അല്ലാഹു സൂറഃ ഫാത്തിഹയിൽ ഈയൊരു പ്രാർത്ഥന പഠിപ്പിച്ചുതരുന്നതായി നാം കാണുന്നു:-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ

ഞങ്ങളുടെ ദൈവമേ, നീ ഞങ്ങളെ നേരായമാർഗ്ഗത്തിൽ നയിച്ചാലും. നീ അനുഗ്രഹം ചെയ്തവരുടെ മാർഗ്ഗത്തിൽ (വി.ഖു.1:6,7).

താൻ അനുഗ്രഹം ചെയ്തവരുടെ കൂട്ടത്തിൽ തങ്ങളെയും ഉൾപ്പെടുത്തുന്നതിനുവേണ്ടി തന്നോട് പ്രാർത്ഥിക്കുവാനാണ് അല്ലാഹു ഇവിടെ മുസൽമാൻമാർക്ക് നിർദ്ദേശം നല്കുന്നത്. ഇനി നമുക്ക് നോക്കാനുള്ളത് അല്ലാഹു അനുഗ്രഹം ചെയ്ത കൂട്ടർ ആരാണെന്നും അവർക്ക് അല്ലാഹുവിൽനിന്ന് ലഭിച്ച അനുഗ്രഹങ്ങൾ എന്തെല്ലാമാണെന്നുമാകുന്നു. ഇതിനുവേണ്ടി വളരെ അധികം ചിന്തിച്ചു വിഷമിക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ തന്റെ അനുഗ്രഹത്തിന് പാത്രമായവർ ആരെല്ലാമാണെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ വിവരിച്ചു തന്നിട്ടുണ്ട്. അല്ലാഹു പറയുകയാണ്:-

وَمَنْ يُّطِعِ اللّٰهَ وَالرَّسُوْلَ فَاُولٰٓئِكَ مَعَ الَّذِيْنَ
اَنْعَمَ اللّٰهُ عَلَيْهِمْ مِّنَ النَّبِيّٖنَ وَالصِّدِّيْقِيْنَ وَالشُّهَدَآءِ
وَالصّٰلِحِيْنَ ۚ وَحَسُنَ اُولٰٓئِكَ رَفِيْقًا ۝٧٠

വല്ലവരും അല്ലാഹുവിനെയും ഈ ദൈവദൂതനെയും അനുസരിക്കുന്നതായാൽ, അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകൻമാർ(നബിമാർ), സത്യാത്മാക്കൾ (സിദ്ദീഖുകൾ), രക്തസാക്ഷികൾ (ശുഹദാക്കൾ), സദ്വൃത്തൻമാർ(സ്വാലിഹുകൾ) എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ല കൂട്ടുകാരത്രെ അവർ (വി.ഖു. 4:70).

അനുഗൃഹീതരായ ജനങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് നബി, സിദ്ദീഖ്, ശഹീദ്, സ്വാലിഹ് എന്നിവരാണെന്ന് ഈ വാക്യത്തിൽ അല്ലാഹു തിട്ടപ്പെടുത്തിക്കാണിച്ചു തന്നിരിക്കുന്നു. അതായത് ആദ്ധ്യാത്മികമായ അനുഗ്രഹത്തിന് നാല് പദവികൾ നിശ്ചയിച്ചിരിക്കുന്നു. ഒന്നാമത് നുബുവ്വത്ത്, അതായത് അല്ലാഹുവിൽനിന്ന് അധികമായ ഭാഷണവും നബിയെന്ന സ്ഥാനപ്പേരും ലഭിച്ചുകൊണ്ട് ജനങ്ങളുടെ സമുദ്ധാരണത്തിനായി എഴുന്നേല്പിക്കപ്പെടുക. രണ്ടാമത് സിദ്ദീഖിയ്യത്ത്. അതായത് മനുഷ്യൻ തന്റെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും സത്യത്തിന്റെ പ്രതീകമാവുകയും അല്ലാഹുവിന്റെ റസൂലിൽ ലയിക്കുന്ന പദവിയിൽ എത്തുകയും ചെയ്യുമാറ് അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകളെ അനുസരിക്കുന്നതിൽ പരിപൂർണ്ണമായ മാതൃക കാണിക്കുക. മൂന്നാമത് ശഹാദത്ത് അതായത് മനുഷ്യന്റെ അസ്തിത്വം മതത്തിന്റെ സത്യത്തിന് മൂർത്തിമത്തായൊരു സാക്ഷിയാകുമാറ് മതമാർഗ്ഗത്തിൽ തന്റെ ജീവൻ ബലിയർപ്പിക്കുക. നാലാമത് സ്വാലിഹിയ്യത്ത്. അതായത് മതപരമായ ജീവിതം നയിക്കുന്നതിനുവേണ്ടി തന്നത്താൻ പാകപ്പെടുത്തുകയും തന്റെ പ്രവൃത്തികളെ മതത്തിനനുസരണമാക്കാൻ ശ്രമിക്കുകയും ചെയ്യുക. ആദ്ധ്യാത്മികമായ അനുഗ്രഹത്തിന്റെയും ദൈവസാമീപ്യത്തിന്റെയും ഏറ്റവും താഴ്ന്ന പദവി മനുഷ്യൻ സ്വാലിഹാവുകയെന്നതാണ്. അതിനുമേലെയുള്ളത് ശഹീദിന്റെയും അതിനുമേലെയുള്ളത് സിദ്ദീഖിന്റെയും അതിനുമേലെയുള്ളതും അവസാനത്തേതും നബിയുടെയും പദവിയാകുന്നു. ഈ നാല് പദവികൾക്കുള്ളിലും വിവിധങ്ങളായ തരങ്ങളുണ്ട്. എന്തെന്നാൽ എല്ലാ സ്വാലിഹുമാരും ഒരേ തരത്തിലല്ല. അതുപോലെത്തന്നെ എല്ലാ ശഹീദുമാരും എല്ലാ സിദ്ദീഖുമാരും എല്ലാ നബിമാരും ഒരേതരത്തിലല്ല. അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക:-

تِلْكَ الرُّسُلُ فَضَّلْنَا بَعْضَهُمْ عَلَىٰ بَعْضٍ

ദൈവദൂതൻമാരിൽ ചിലരെ മറ്റു ചിലരെക്കാൾ നാം ശ്രേഷ്ഠരാക്കിയിരിക്കുന്നു (വി.ഖു. 2:254).

പക്ഷേ, സ്ഥൂലമായ തരംതിരിക്കലിനായി അല്ലാഹു മേൽപറഞ്ഞ നാല് പദവികൾ നിശ്ചയിച്ചിരിക്കുന്നു. ചുരുക്കത്തിൽ കഴിഞ്ഞുപോയ ജനങ്ങൾക്ക് തന്റെ ഭാഗത്തു നിന്ന് ഉണ്ടായിക്കൊണ്ടിരുന്ന ആ അനുഗ്രഹങ്ങൾക്കായി തന്നോട് ആവശ്യപ്പെടുവാൻ ഒരു ഭാഗത്ത് അല്ലാഹു മുസൽമാൻമാർക്ക് ഫാത്തിഹയിൽ ഈ ദുആ പഠിപ്പിച്ചു കൊടുത്തിരിക്കുന്നു. മറുഭാഗത്ത് ആ അനുഗ്രഹങ്ങൾ കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് നുബുവ്വത്ത്, സിദ്ദീഖീയ്യത്ത്, ശഹാദത്ത്, സ്വാലിഹിയ്യത്ത് എന്നീ പദവികൾ ലഭിക്കുന്നതിനുവേണ്ടി നാം ദുആ ചെയ്തുകൊണ്ടിരിക്കണമെന്നും നമ്മുടെ ആദ്ധ്യാത്മികാഭിവൃദ്ധിയുടെ പരമലക്ഷ്യത്തെ നാം താഴ്ത്തിക്കളയരുതെന്നുമാണ് അല്ലാഹുവിന്റെ നിർദ്ദേശം. മുഹമ്മദിയ്യാ ഉമ്മത്തിൽ നുബുവ്വത്തിന്റെ ശൃംഖല തുടർന്നുകൊണ്ടിരിക്കുന്നുവെന്ന് ഇതിൽനിന്ന് നല്ലതുപോലെ വ്യക്തമാകുന്നു. എന്തെന്നാൽ, ഈ ഉമ്മത്തിന് നുബുവ്വത്താകുന്ന അനുഗ്രഹത്തിന്റെ വാതിൽ അടയ്ക്കപ്പെട്ടിരിക്കുകയാണെങ്കിൽ ആ അനുഗ്രഹമാവശ്യപ്പെട്ടുകൊണ്ടുള്ള ദുആ അല്ലാഹു നമുക്ക് ഒരിക്കലും പഠിപ്പിച്ച് തരുമായിരുന്നില്ല. അല്ലാഹു ഈ ദുആ പഠിപ്പിച്ചുതന്നതിൽ നിന്നുതന്നെ വ്യക്തമാകുന്നുണ്ട്. ജനങ്ങൾ അവനോട് ഈ അനുഗ്രഹങ്ങൾ ആവശ്യപ്പെടുകയും തന്നത്താൻ അതിന് അർഹതപ്പെടുത്തുകയും ചെയ്യുന്ന പക്ഷം അവർക്ക് യഥായോഗ്യം ഈ അനുഗ്രഹങ്ങൾ അവൻ നല്കുന്നതാണെന്നും അങ്ങനെയല്ലായിരുന്നെങ്കിൽ (നഊദുബില്ലാഹ്), ഒരു ഭാഗത്ത് നുബുവ്വത്ത് ഉൾപ്പെടെ മുമ്പേയുള്ള ജനങ്ങൾക്ക് നല്കപ്പെട്ട എല്ലാ അനുഗ്രഹങ്ങളും ആവശ്യപ്പെടുന്ന ഒരു ദുആ അല്ലാഹു പഠിപ്പിച്ചുതരികയും മറുഭാഗത്ത് നുബുവ്വത്തിന്റെ വാതിൽ അടച്ചുകൊണ്ട് നുബുവ്വത്താകുന്ന അനുഗ്രഹം ഇനിയാർക്കും നല്കുകയില്ലെന്ന് അവൻ തീർച്ചപ്പെടുത്തുകയും ചെയ്തിരിക്കുന്നുവെന്ന് വിശ്വസിക്കേണ്ടിവരും. ഇത്തരം നികൃഷ്ടമായ പ്രവൃത്തി സൽസ്വഭാവത്തിന്റെ താണപടിയിലുള്ള ഒരാൾപോലും മിക്കവാറും ചെയ്യുകയില്ല. ഒരു ഭാഗത്ത് ഒരു ഫഖീറിനോട് ഇന്ന സാധനം നീ എന്നോട് ചോദിക്കുക എന്ന് പറയുകയും മറുഭാഗത്ത് ആ സാധനം ഞാൻ നിനക്ക് തരികയില്ല എന്ന് കൽപിക്കുകയും അങ്ങനെ ചെയ്യുന്നവനോട് ഹേ, മനുഷ്യാ! നീ ആ സാധനം കൊടുക്കാൻ ഒരുക്കമില്ലായിരു

ന്നെങ്കിൽ സാധുവായ ഫഖീറിനോട് അത് ചോദിക്കാൻ പറയേണ്ട ആവശ്യമെന്തായിരുന്നു? എന്ന് ആരെങ്കിലും ചോദിക്കുകയില്ലയോ? കഷ്ടം! ഞങ്ങളുടെ എതിരാളികൾ അല്ലാഹുവിന്റെ നില മനസ്സി ലാക്കിയില്ല. 'കുൻ' എന്നൊരു വാക്കുകൊണ്ട് ഈ പ്രപഞ്ചം മുഴു വനും സൃഷ്ടിക്കുകയും ഒരിക്കലും അറുതിവരാത്ത ഖജനാവിന്റെ അധികാരിയായിരിക്കുകയും ചെയ്യുന്ന രാജാധിരാജനായ അല്ലാഹു നമുക്കൊരു പ്രാർത്ഥന പഠിപ്പിച്ചുതരിക. എന്നിട്ട് അവൻതന്നെ ഇന്നിന്ന സാധനങ്ങൾ അവനോട് ആവശ്യപ്പെടാൻ നമ്മോട് പറ യുക. ഈ സ്ഥിതിയിൽ ആരെങ്കിലും ആ സാധനം അവനോട് ആവശ്യപ്പെടുകയും അത് സ്വീകരിക്കാൻ യോഗ്യനാക്കുകയും ചെയ്യു കയാണെങ്കിൽ അവൻ ആ സാധനം അയാൾക്ക് കൊടുക്കാതിരി ക്കുമോ? ചോദിക്കുന്നവൻ ആ അനുഗ്രഹലബ്ധിക്ക് യോഗ്യമല്ലാ തിരിക്കുകയോ അക്കാരണത്താൽ അവന്റെ ആവശ്യം നിരസിക്ക പ്പെടുകയോ ചെയ്യുന്നത് വേറെ കാര്യമാണ്. എന്നാൽ, പടച്ചവനെ വിചാരിച്ച് ആ അനുഗ്രഹത്തിന്റെ വാതിൽ അടഞ്ഞുപോയെന്ന് നിങ്ങൾ വിചാരിക്കാതിരിക്കണം. ആ അനുഗ്രഹമാവട്ടെ, തന്നോട് ചോദിക്കുവാൻ അല്ലാഹു ഉപദേശം നല്കിയിട്ടുള്ളതുമാണ്.

ചുരുക്കത്തിൽ ഒരു ഭാഗത്ത് അല്ലാഹു സൂറഃ ഫാത്തിഹയിൽ,

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ

എന്ന ദുആ പഠിപ്പിച്ചു തരികയും മറുഭാഗത്ത് اَنْعَمْتَ عَلَيْهِمْ ***അലൈഹിം*** എന്നതിന്റെ വ്യാഖ്യാനമായി അതുകൊണ്ടുദ്ദേശി ക്കപ്പെട്ടത് ***സ്വാലിഹ്, ശഹീദ്, സിദ്ദീഖ്, നബി*** എന്നീ അനുഗ്രങ്ങ ളാണെന്ന് വ്യക്തമാക്കുകയും ചെയ്തിരിക്കുന്നത്, നുബുവ്വത്താ കുന്ന അനുഗ്രഹം ഈ ഉമ്മത്തിന് നിഷേധിക്കപ്പെട്ടിട്ടില്ലെന്നും നേരെ മറിച്ച് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കയാണെന്നും മേലിലും തുടർന്നു കൊണ്ടിരിക്കുമെന്നുള്ളതിന് പ്രത്യക്ഷമായൊരു തെളിവാണ്.

നുബുവ്വത്ത് തുടർന്നുകൊണ്ടിരിക്കയാണെന്നതിന് വിശുദ്ധ ഖുർആനിൽനിന്ന് ലഭിക്കുന്ന മറ്റൊരു തെളിവ് താഴെ ചേർക്കുന്ന ആയത്താണ്. അല്ലാഹു പറയുകയാണ്:-

يٰبَنِيْٓ اٰدَمَ اِمَّا يَاْتِيَنَّكُمْ رُسُلٌ مِّنْكُمْ يَقُصُّوْنَ عَلَيْكُمْ اٰيٰتِيْ ۙ

فَمَنِ اتَّقٰى وَاَصْلَحَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُوْنَ ﴿٣٦﴾

ആദം സന്തതികളേ, എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചുതരുന്ന നിങ്ങളിൽനിന്നുള്ള റസൂൽമാർ നിങ്ങളുടെ അടുക്കൽ വരുന്നതായാൽ ആർ സൂക്ഷ്മത കൈക്കൊള്ളുകയും സ്വയം നന്നാക്കിത്തീർക്കുകയും ചെയ്യുന്നുവോ അവർക്ക് യാതൊന്നു കൊണ്ടും ഭയമുണ്ടായിരിക്കുകയില്ല. അവർ ദുഃഖിക്കുകയുമില്ല (വി.ഖു. 7:36).

ഈ വചനത്തിന്റെ പൂർവ്വാപരഭാഗങ്ങളിലേക്ക് കണ്ണോടിക്കുകയാണെങ്കിൽ, ഈ വചനത്തിൽ പറഞ്ഞ ആദം സന്താനങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് നബിതിരുമേനിയുടെ കാലത്തും അതിനുശേഷവുമുള്ള ജനങ്ങളാണെന്ന് മനസ്സിലാക്കാൻ കഴിയും. അല്ലയോ ജനങ്ങളേ, എന്റെ ആയത്തുകൾ നിങ്ങൾക്ക് വിവരിച്ചുതരുന്നതിനായി എന്റെ റസൂൽ നിങ്ങളുടെ അടുക്കൽ വരികയാണെങ്കിൽ നിങ്ങൾ തഖ്‌വാ കൈക്കൊള്ളുകയും ആ റസൂലിനെ വിശ്വസിച്ചുകൊണ്ട് തന്നത്താൻ നന്നാക്കുകയും ചെയ്യണം എന്ന് നബിതിരുമേനി മുഖാന്തരം അല്ലാഹു ജനങ്ങൾക്ക് ഉദ്ബോധനം നല്കുന്നു. ഈ വചനത്തിൽ നുബുവ്വത്ത് തുടർന്ന്കൊണ്ടിരിക്കുകയാണെന്ന് എത്ര വ്യക്തമായാണ് പ്രസ്താവിക്കപ്പെട്ടിരിക്കുന്നതെന്ന് വായനക്കാർ നീതിയോടുകൂടി ചിന്തിച്ചുനോക്കട്ടെ. ഭാവിയിൽ എപ്പോഴെങ്കിലും അല്ലാഹുവിന്റെ റസൂൽ നമ്മിൽനിന്നു തന്നെ നമുക്കായി അയക്കപ്പെടുകയാണെങ്കിൽ നാം അദ്ദേഹത്തെ വിശ്വസിച്ചുകൊണ്ട് ആത്മശുദ്ധി വരുത്തുകയും ചെയ്യണമെന്നും അങ്ങനെ ചെയ്യുന്നത് നമ്മുടെ ഭീതിയും ദുഃഖവും അകറ്റാൻ കാരണമാവുമെന്നും ആണ് നബിതിരുമേനിയുടെ വിശുദ്ധനാവിൽക്കൂടി അല്ലാഹു നമ്മോട് പറയുന്നത്. ഇവിടെ ഭീതിയിൽനിന്നും ദുഃഖത്തിൽനിന്നും രക്ഷ നേടുമെന്ന വാക്ക് ഉപയോഗിക്കപ്പെട്ടിട്ടുള്ളത് വരാനിരിക്കുന്ന റസൂൽ മുസൽമാന്മാരിൽ ഭീതിയും ദുഃഖവും സർവ്വത്ര വ്യാപിച്ചിരിക്കുന്ന ഒരു കാലത്താണ് വരികയെന്നും ആ റസൂലിനെ വിശ്വസിക്കുന്നവരിൽനിന്ന് പ്രസ്തുത ഭീതിയും ദുഃഖവും എടുത്തു മാറ്റപ്പെടും എന്നും സൂചിപ്പിക്കുവാനാണ്.

അതുപോലെതന്നെ ആയത്തിൽ ഉപയോഗിച്ചിട്ടുള്ള ***റുസുലുൻ*** എന്ന ബഹുവചന പദം ആയത്ത് وَاِذَا الرُّسُلُ اُقِّتَتْ എന്ന മറ്റൊരു ആയത്തിന്റെ സാരംശത്തെപ്പറ്റിയുള്ള സൂചനയാണെന്ന്

തോന്നുന്നു. അതായത് അവസാനകാലത്ത് എല്ലാ റസൂൽമാരും (ബുറൂസിയായ നിലയിൽ ഒരു വ്യക്തിയിൽ) ഒരുമിച്ചു കൂട്ടപ്പെടുന്നതാണ് (വി.ഖു. 77:12). ബുറൂസിയായി വരുന്ന ആ വ്യക്തി മസീഹ് മൗഊദാണ്. അങ്ങനെ, ചിന്താവിഷയമായ ആയത്തിൽ റുസുലുൻ എന്ന ബഹുവചനം ഉപയോഗിച്ചിരിക്കുന്നതിന് ഒന്നിലധികം റസൂൽ എന്നും മസീഹ് മൗഊദ് മാത്രമെന്നും അർത്ഥമാക്കാവുന്നതാണ്. എല്ലാ റസൂൽമാരുടെയും ബുറൂസ് (പ്രതിരൂപം) എന്ന നിലയിൽ അദ്ദേഹം ആ റസൂൽമാരുടെയെല്ലാം പ്രതിനിധിയാണ്. ഈ ആയത്തിൽ ***മിൻകും*** എന്ന പദം ഉപയോഗിച്ചിട്ടുള്ളത് മസീഹ് മൗഊദ് മറ്റൊരു ഉമ്മത്തിൽനിന്ന് വരുമെന്ന് മുസൽമാന്മാർ പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്ന കാലത്തായിരിക്കും അദ്ദേഹം വരുകയെന്നും എന്നാൽ, അദ്ദേഹം വരുന്നത് അവരിൽ നിന്നുതന്നെ ആയിരിക്കുമെന്നും സൂചിപ്പിക്കാൻ വേണ്ടിയിട്ടുകൂടിയാണ്. അതുകൊണ്ടാണ് അദ്ദേഹം നിങ്ങളിൽ നിന്ന് വരുമ്പോൾ അദ്ദേഹത്തെ നിഷേധിക്കരുതെന്ന് പറയപ്പെട്ടിരിക്കുന്നത്. ചുരുക്കത്തിൽ ഈ ആയത്ത് പൊതുവിലുള്ളതായിരുന്നാലും ശരി, മസീഹ് മൗഊദിന്റെ ആഗമനം സംബന്ധിച്ച് പ്രത്യേകിച്ചുള്ളതായിരുന്നാലും ശരി മുഹമ്മദിയ്യാ ഉമ്മത്തിൽ നുബുവ്വത്തിന്റെ കവാടം അടയ്ക്കപ്പെട്ടിട്ടില്ലെന്നും മറിച്ച് മുസ്‌ലിംകൾക്ക് അല്ലാഹുവിന്റെ അടുക്കൽ നിന്ന് റസൂൽ അയക്കപ്പെടുമെന്ന പ്രത്യാശ നല്കുകയാണ് ചെയ്തിരിക്കുന്നതെന്നും അല്ലാഹു ഏറ്റവും വ്യക്തമായ നിലയിൽ വിധിയെഴുതിയിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല.

## നുബുവ്വത്ത് നിലച്ചിട്ടില്ലെന്നതിന് ഹദീഥ്

ഇനി നമുക്ക് ഹദീഥുകൾ പരിശോധിക്കാം. ഇത് സംബന്ധിച്ചുള്ള ചില ഹദീഥുകളുടെ ചർച്ച മുകളിൽ നടന്നുകഴിഞ്ഞിരിക്കുന്നു. അതിനും പുറമെ മുഹമ്മദിയ്യാ ഉമ്മത്തിൽ നുബുവ്വത്തിന്റെ കവാടം അടയ്ക്കപ്പെട്ടിട്ടില്ലെന്നും നേരെ മറിച്ച് തുറന്നു കിടക്കുകയാണെന്നും വ്യക്തമായി തെളിയിക്കുന്ന രണ്ട് ഹദീഥുകൾകൂടി ഇവിടെ ഉന്നയിച്ചു കൊള്ളുന്നു. തന്റെ മകൻ ഇബ്റാഹീം നിര്യാതനായ സമയത്ത് നബിതിരുമേനി ഇപ്രകാരം പറഞ്ഞതായി ഹദീഥിൽ രേഖപ്പെടുത്തിയിരിക്കുന്നു:

**لو عاش ابراهيم لكان صديقًا نّبيًّا**

എന്റെ മകൻ ഇബ്റാഹീം ജീവിച്ചിരുന്നുവെങ്കിൽ നിശ്ചയമായും സിദ്ദീഖായ നബി ആകുമായിരുന്നു (ഇബ്നുമാജ).

ഈ ഹദീഥിന്റെ അർത്ഥത്തിൽ യാതൊരുവിധമായ സംശയത്തിനും ഇടമില്ല. പദങ്ങളും ഉദ്ദേശ്യവും വ്യക്തമാണ്. അതായത്, അല്ലാഹുവിന്റെ വിധിയാൽ മരണപ്പെട്ടുപോയ തന്റെ മകൻ മരിക്കാതെ ജീവിച്ചിരുന്നുവെങ്കിൽ നബിയാകുമായിരുന്നു എന്നാണ് നബിതിരുമേനി പറയുന്നത്. ആ കുട്ടിയിൽ നബിയാകാനുള്ള ഗുണവിശേഷങ്ങൾ ഉണ്ടായിരുന്നുവെന്നല്ല, നേരെമറിച്ച് ആ കുട്ടി ജീവിച്ചിരുന്നുവെങ്കിൽ നബി ആകുമായിരുന്നുവെന്നാണ് നബി തിരുമേനി പറഞ്ഞത്. ഈ ഹദീഥിന് രണ്ടുവിധത്തിലുള്ള അർത്ഥമേ സങ്കൽപിക്കാൻ നിവൃത്തിയുള്ളൂ. അതായത്, ഒന്നുകിൽ നബിതിരുമേനിയുടെ മകൻ ഇബ്റാഹീം ജീവിച്ചിരുന്നുവെങ്കിൽ തീർച്ചയായും നുബുവ്വത്തിന്റെ പദവി പ്രാപിക്കുമായിരുന്നുവെന്നും പക്ഷേ, നുബുവ്വത്തിന്റെ വാതിൽ അടയ്ക്കപ്പെട്ടുപോയതുകൊണ്ട് അല്ലാഹു അദ്ദേഹത്തെ മരിപ്പിച്ചുവെന്നും അർത്ഥമെടുക്കണം. അല്ലെങ്കിൽ നുബുവ്വത്തിന്റെ വാതിൽ തുറന്നുകിടക്കുകയാണെന്നും ഇബ്റാഹീം ജീവിച്ചിരുന്നുവെങ്കിൽ നബിയാകുമായിരുന്നുവെന്നും അർത്ഥമെടുക്കണം. ഈ രണ്ടല്ലാതെ മറ്റൊരു മാർഗ്ഗമേയില്ല. ഒന്നുകിൽ നുബുവ്വത്തിന്റെ കവാടം തുറന്നു കിടക്കുകയാണെന്ന് സമ്മതിക്കണം. അല്ലെങ്കിൽ അത് അടയ്ക്കപ്പെട്ടു പോയിരിക്കുന്നുവെന്നും നബിയാകാതിരിക്കാനാണ് അല്ലാഹു ഇബ്റാഹീമിനെ മരിപ്പിച്ചതെന്നും സമ്മതിക്കണം. മറ്റൊരുവിധത്തിൽ പറയുകയാണെങ്കിൽ, നുബുവ്വത്തിന്റെ കവാടം തുറന്നതാണെന്ന് സമ്മതിക്കാത്തപക്ഷം, നുബുവ്വത്തിന്റെ അടക്കപ്പെട്ട വാതിൽ നബിയായിക്കൊണ്ട് ഇബ്റാഹീം തുറന്നുകളയുമെന്ന് കരുതുകയാൽ അല്ലാഹു അദ്ദേഹത്തെ ചെറുപ്പത്തിൽതന്നെ മരിപ്പിച്ചതാണെന്ന് സമ്മതിക്കേണ്ടി വരും. പക്ഷേ, ഈ പറഞ്ഞതിന്റെ അർത്ഥം ഇബ്റാഹീമിന്റെ ജനനസമയത്ത്, ആ ശിശു വളർന്നാൽ നബിയായിത്തീരുമെന്ന കാര്യം അല്ലാഹുവിന് അറിഞ്ഞുകൂടായിരുന്നുവെന്നും അതിനാൽ അദ്ദേഹത്തെ സൃഷ്ടിച്ചതിൽ അവന് തെറ്റു പറ്റിപ്പോയെന്നും എന്നാൽ, അദ്ദേഹം ജനിച്ചതിനുശേഷം അവൻ ആ കാര്യം മനസ്സിലാക്കിയെന്നും തന്നിമിത്തം അവൻ ഉടനടി അദ്ദേഹത്തെ മരിപ്പിച്ചുവെന്നും ആകുന്നു. ഈ രണ്ട് അർത്ഥത്തിൽ ഏതാണ് ശരിയെന്നും സ്വീകാര്യയോഗ്യമെന്നും ഇപ്പോൾ വായനക്കാർ തന്നെ ആലോചിച്ചു നോക്കട്ടെ.

ഞങ്ങളുടെ അഭിപ്രായത്തിൽ നുബുവ്വത്തിന്റെ വാതിൽ അടക്കപ്പെട്ടിട്ടില്ലെന്നും നേരെമറിച്ച് തുറന്നു കിടക്കുകയാണെന്നും മേൽപറഞ്ഞ ഹദീഥ് ഉച്ചൈസ്തരം വിളിച്ചോതുകയാണ് ചെയ്യുന്നത്.

ഇതിനും പുറമെ, ഈ ഹദീഥ് ഖാത്തമുന്നബിയ്യീൻ എന്ന ആയത്തിൻമേലും വേണ്ടിടത്തോളം വെളിച്ചം വീശുന്നു. ഖാത്തമുന്നബിയ്യീൻ എന്ന ആയത്ത് ഇറങ്ങി ഏതാനും കൊല്ലങ്ങൾ കഴിഞ്ഞതിനുശേഷമാണ് ഇബ്റാഹീമിന്റെ മരണമുണ്ടായത് എന്ന കാര്യം ഇസ്ലാമിന്റെ ചരിത്രവുമായി ബന്ധമുള്ള ഏതൊരാൾക്കും അറിയാവുന്നതാണ്. ഖാത്തമുന്നബിയ്യീൻ എന്ന ആയത്ത് ഹിജ്റ: 5ൽ ആണ് ഇറങ്ങിയതെങ്കിൽ ഇബ്റാഹീം മരിച്ചത് ഹിജ്റ: 9ൽ ആകുന്നു.

അതിനാൽ, ഖാത്തമുന്നബിയ്യീൻ എന്ന ആയത്ത് ഇറങ്ങിക്കഴിഞ്ഞിരിക്കെത്തന്നെ, ഇബ്റാഹീം ജീവിച്ചിരുന്നുവെങ്കിൽ നബിയാകുമായിരുന്നുവെന്ന് നബിതിരുമേനി പറഞ്ഞത് തനിക്കുശേഷം നുബുവ്വത്ത് നിശ്ശേഷം നിലച്ചുപോയിരിക്കുന്നുവെന്ന അർത്ഥമല്ല ഖാത്തമുന്നബിയ്യീൻ എന്നതിന് തിരുമേനി സ്വീകരിച്ചിരുന്നത് എന്നതിന് അനിഷേധ്യമായൊരു തെളിവാണ്.

നുബുവ്വത്തിന്റെ വാതിൽ തുറന്നു കിടക്കുകയാണെന്നതിന് ഹദീഥിൽനിന്ന് ലഭിക്കുന്ന രണ്ടാമത്തെ രേഖ ഈ ഉമ്മത്തിന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള മസീഹിനെക്കുറിച്ച് നബിതിരുമേനി നബിയുല്ലാഹ് (അല്ലാഹുവിന്റെ നബി) എന്ന് പറഞ്ഞിരിക്കുന്നുവെന്നാണ്. അങ്ങനെ ഒരു പ്രാവശ്യമല്ല, പല പ്രാവശ്യം നബിതിരുമേനി മസീഹ് മൗഊദിനെപ്പറ്റി ആ പേർ ഉപയോഗിച്ചിട്ടുണ്ട്. നോക്കുക, സ്വഹീഹ് മുസ്ലിമിൽ നവാസ് ബിൻ സംആൻ രിവായത്ത് ചെയ്തിട്ടുള്ള ഒരു ഹദീഥിൽ മസീഹ് മൗഊദിനെ സംബന്ധിച്ച് നാലുപ്രാവശ്യം തിരുമേനി നബിയുല്ലാഹ് എന്ന് ഉപയോഗിച്ചിരിക്കുന്നു. തിരുമേനി പറയുന്നത് നോക്കുക:-

**يحصو نبى اللّٰه عيسٰى.......... يرغب نبى اللّٰه عيسٰى ..........**

**يهبــط نبى اللّٰه عيسٰى .........يرغب نبى اللّٰه عيسٰى .........**

വരാനിരിക്കുന്ന മസീഹിനെ നബിതിരുമേനി തന്റെ സ്വന്തം നാവുകൊണ്ട് നബിയുല്ലാഹ് എന്ന് സംജ്ഞ ചെയ്തിരിക്കുന്നുവെന്നതിന് സംശയാതീതമായൊരു തെളിവാണിത്. സംശയത്തിന്

ഇടമില്ലാതിരിക്കാനായി ഒരേ ഹദീഥിൽ ആ സംജ്ഞ നാലുപ്രാവശ്യം തിരുമേനി ആവർത്തിക്കുകയും ചെയ്തിരിക്കുന്നു (മുസ്‌ലിം, ബാബ് ദിക്റുദജ്ജാൽ). ഈ ഹദീഥിൽനിന്ന് രണ്ട് കാര്യങ്ങളാണ് വ്യക്തമാകുന്നത്- 1. നബി തിരുമേനിക്കുശേഷം നബി ഉണ്ടാകാം. 2. മസീഹ് മൗഊദ് അല്ലാഹുവിന്റെ നബിയാണ്.

ഇതുപോലെത്തന്നെ ബുഖാരിയിലെ ഒരു ഹദീഥിൽ തിരുമേനി പറയുകയാണ്:-

انا اولى النّـــــاس بابن مريم والانبيآء

اولاد علاّت ليس بينى وبينهٗ نبىٌّ

ഞാൻ മറ്റുള്ളവരേക്കാൾ ഇബ്നുമർയമുമായി ഏറ്റവും ബന്ധമുള്ളവനാണ്. മാതാക്കൾ വ്യത്യസ്തരെങ്കിലും നബിമാർ യഥാർത്ഥത്തിൽ ഒരേ പിതാവിന്റെ സന്താനങ്ങളാണ്. എനിക്കും അദ്ദേഹത്തിനുമിടയിൽ ഒരു നബിയുമില്ല (ബുഖാരി, ബാബ് വദ്ക്കുർ ഫിൽ കിതാബി മർയം).

വീണ്ടും അബൂദാവൂദിന്റെ ഒരു ഹദീഥിൽ പറയുകയാണ്:

ليس بينى وبينهٗ نبى وانّه نازلٌ فاذا رأيتموه فاعرفوهُ

എനിക്കും അദ്ദേഹത്തിനുമിടയിൽ ഒരു നബിയുമില്ല. അദ്ദേഹം അവതരിക്കുന്നതാണ്. അദ്ദേഹത്തിനെ കണ്ടെത്തിയാൽ നിങ്ങൾ തിരിച്ചറിയണം (അബൂദാവൂദ് കിതാബുൽ മലാഹിം).

നോക്കുക, ഈ ഹദീഥിലും വരാനിരിക്കുന്ന മസീഹിനെ നബി തിരുമേനി, 'നബി' എന്ന സംജ്ഞ കൊണ്ടാണ് അനുസ്മരിച്ചിട്ടുള്ളത്. എന്തെന്നാൽ എല്ലാ നബിമാരും അന്യോന്യം പൈതൃക സഹോദരൻമാരാണെങ്കിലും മസീഹ് മൗഊദുമായി ഏറ്റവുമധികം ബന്ധമുള്ളത് തനിക്കാണെന്ന് നബി തിരുമേനി പറയുന്നു. തിരുമേനിയുടെ പക്കൽ മസീഹ് മൗഊദ് നബിമാരുടെ കൂട്ടത്തിൽ പെട്ട ആളാണെന്ന് ഇതിൽനിന്ന് നല്ലതുപോലെ വ്യക്തമാകുന്നുണ്ട്. കൂടാതെ ഈ ഹദീഥിൽ തനിക്കും മസീഹ് മൗഊദിനുമിടയിൽ ഒരു നബിയുമില്ലെന്നും തിരുമേനി വ്യക്തമാക്കിയിരിക്കുന്നു. കഴിഞ്ഞുപോയ മസീഹിൽനിന്ന് വ്യത്യാസപ്പെടുത്താനായി ഇവിടെ താനുദ്ദേശിക്കുന്നത്, ഭാവിയിൽ വരാനിരിക്കുന്ന മസീഹാണെന്ന്

തിരുമേനി വിശദീകരിക്കുകയും ചെയ്തിരിക്കുന്നു. ഈ വചനത്തിന്റെ വ്യക്തമായ അർത്ഥവും മസീഹ് മൗഊദ് അല്ലാഹുവിന്റെ നബിയാണെന്നു തന്നെയാണ്. എന്തെന്നാൽ, തനിക്കും മസീഹ് മൗഊദിനുമിടയിൽ ഒരു നബിയുമില്ലെന്നാണ് തിരുമേനി പറഞ്ഞിട്ടുള്ളത്. ഈ വാക്കിന് സ്വാഭാവികമായിത്തന്നെ മസീഹ് മൗഊദ് നബിയാണെന്ന് അർത്ഥം സിദ്ധിക്കുന്നു.

ഇതിനും പുറമെ ***ഇന്നഹൂ നാസിലുൻ*** എന്ന പദങ്ങൾ ഉപയോഗിച്ചു കൊണ്ട് നബിതിരുമേനി ഈസ്ബ്നുമർയം ആരാണെന്ന് തിട്ടപ്പെടുത്തുകയും അതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് കഴിഞ്ഞുപോയ ബനൂഇസ്റായീലിലെ മസീഹല്ലെന്നും നേരെമറിച്ച് മുഹമ്മദിയ്യാ ഉമ്മത്തിൽ അവസാനകാലത്ത് വരാനിരിക്കുന്ന മസീഹാണെന്നും വിധി കൽപിക്കുകയും ചെയ്തിരിക്കുന്നു. ഈ ഹദീഥിന്റെ ആദ്യ ഭാഗത്തിൽ മസീഹിനെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള കർത്തവ്യവും ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് കഴിഞ്ഞുപോയ മസീഹല്ലെന്നും നേരെമറിച്ച് വരാനിരിക്കുന്ന മസീഹാണെന്നും വ്യക്തമാകുന്നുണ്ട്. എന്തെന്നാൽ ഇവിടെ മസീഹിന്റെ കർത്തവ്യവുമായി കുരിശു മുറിക്കുക, ദജ്ജാലിനെ കൊല്ലുക മുതലായവ വിവരിക്കപ്പെട്ടിരിക്കുന്നു. അവ അവസാനകാലത്ത് വെളിപ്പെടുന്ന മസീഹിനെ സംബന്ധിച്ചതാണെന്ന് സമ്മതിക്കപ്പെട്ടതാണ്. അതിനാൽ മുഹമ്മദിയ്യാ ഉമ്മത്തിൽ നുബുവ്വത്തിന്റെ വാതിൽ തുറന്നിരിക്കുകയാണെന്ന് മാത്രമല്ല വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് അല്ലാഹുവിന്റെ ഒരു നബിയാണെന്നു കൂടി തെളിഞ്ഞിരിക്കുന്നു. കഷ്ടം! ഞങ്ങളുടെ എതിരാളികൾ ***ലാ നബിയ്യ ബഅ്ദീ*** എന്ന ഹദീഥ് ഓർമ്മവെക്കുകയും മസീഹ് മൗഊദിനെപ്പറ്റി സ്പഷ്ടമായി നബിയാണെന്ന് പറഞ്ഞിട്ടുള്ള ഹദീഥുകളെ വിസ്മരിക്കുകയും ചെയ്യുന്നു! രണ്ടും നബി തിരുമേനിയുടെ ഹദീഥുകളായിരിക്കുന്നതിനാൽ അവ ഒരുപോലെ സ്വീകരിക്കുകയും ബാഹ്യമായ വൈരുദ്ധ്യം നീക്കം ചെയ്തു യോജിപ്പിനുള്ള എന്തെങ്കിലും പോംവഴി കണ്ടുപിടിക്കുകയും ചെയ്യുകയായിരുന്നു നേരായ മാർഗ്ഗം. എന്നാൽ, അവരങ്ങനെ ചെയ്തില്ല. ഞങ്ങളുടെ എതിരാളികൾക്ക് നബിതിരുമേനിയെ പിൻപറ്റുന്നതല്ല; തങ്ങളുടെ ആഗ്രഹങ്ങൾ പൂർത്തിയാകുന്നതാണ് ഇഷ്ടമെന്നതിന് ഇതൊരു തെളിവാണ്. തനിക്കുശേഷം ഏതെങ്കിലും നബിയുടെ ആഗമനത്തെപ്പറ്റി പറഞ്ഞിടത്ത് ശരീഅത്തില്ലാത്ത ളില്ലീ നുബുവ്വത്തുമാണ് ഉദ്ദേശ്യം. ഈ വിധത്തിൽ രണ്ട്തരത്തിലുള്ള ഹദീഥു

കളും അതതിന്റെ സ്ഥാനത്ത് സത്യമായിത്തീരുന്നു. വൈരുദ്ധ്യത്തിന് ഒരിടവും നല്കുന്നില്ല.

## നുബുവ്വത്ത് സംബന്ധിച്ച ചർച്ചയുടെ ചുരുക്കം

ചുരുക്കത്തിൽ, എല്ലാത്തരത്തിലുള്ള നുബുവ്വത്തിന്റെയും വാതിൽ നിശ്ശേഷം അടക്കപ്പെട്ടിരിക്കുകയാണെന്ന ധാരണ മഹാ അബദ്ധമാണ്. വിശുദ്ധഖുർആനോ ഹദീഥുകളോ ഈ വിശ്വാസം പഠിപ്പിക്കുന്നില്ല. നേരെമറിച്ച്, നുബുവ്വത്താകുന്ന അനുഗ്രഹം കഴിഞ്ഞുപോയ ജനങ്ങളിൽ തുടർന്നതുപോലെ ഇന്നും തുടരുകയാണെന്ന് അവ വ്യക്തമാക്കുന്നു. നുബുവ്വത്തിന്റെ തുടർച്ച നബി തിരുമേനിക്ക് അവഹേളനമല്ല, മറിച്ച് തിരുമേനിയുടെ സ്ഥാനത്തെ ഉയർത്തുകയാണ് ചെയ്യുന്നത്. എന്തെന്നാൽ മുകളിൽ പറഞ്ഞതുപോലെ മസീഹ് മൗഊദിനു ഈ അനുഗ്രഹം നബിതിരുമേനിയെ പിൻപറ്റുകയാലും തിരുമേനിയുടെ നിഴലാവുകയാലും ലഭിച്ചതാണ്. എന്നാൽ, കഴിഞ്ഞുപോയ നബിമാരിൽ ആരുംതന്നെ മറ്റൊരു നബിയെ പിൻപറ്റുകയാൽ നുബുവ്വത്താകുന്ന അനുഗ്രഹം സിദ്ധിച്ചവരല്ല. അവർക്ക് അല്ലാഹുവിൽനിന്ന് നേരിട്ട് ആ അനുഗ്രഹം കിട്ടുകയാണുണ്ടായത്. മറ്റൊരു പ്രവാചകനെ പിൻപറ്റലുമായി അതിന് ബന്ധമുണ്ടായിരുന്നില്ല. അതിനുള്ള കാരണമിതാണ് - മുൻപ്രവാചകന്മാരാരുംതന്നെ നുബുവ്വത്തിന്റെ പരിപൂർണ്ണത പ്രാപിച്ചവരായിരുന്നില്ല. നബിതിരുമേനി മാത്രമാണ് നുബുവ്വത്തിന്റെ പരിപൂർണ്ണത പ്രാപിച്ചിരുന്നത്. അതിനാൽ, മദ്ധ്യസ്ഥത കൂടാതെ മുമ്പേ ലഭിച്ചിരുന്ന അനുഗ്രഹം ഇപ്പോൾ ഖുർആന്റെയും ഖാത്തമുന്നബിയ്യാൻ(സ) തിരുമേനിയുടെയും മാർഗ്ഗത്തിൽക്കൂടി ലഭിക്കുമാറായിരിക്കുന്നു. മൂസാനബിയുടെ ഉമ്മത്തിൽ പല നബിമാരും വന്നുവെന്നത് നേരാണ്. എന്നാൽ, അവർ മൂസാനബിയെ പിൻപറ്റുകയാൽ നുബുവ്വത്ത് സിദ്ധിച്ചവരായിരുന്നില്ല. അവരുടെ നുബുവ്വത്ത് മദ്ധ്യസ്ഥത കൂടാതെ അല്ലാഹുവിൽനിന്ന് നേരിട്ട് അവർക്ക് നല്കപ്പെട്ട ഒരു അനുഗ്രഹമായിരുന്നു. അതിനുശേഷം തൗറാത്തിന്റെ സേവനത്തിനായി അവർ നിയുക്തരാവുകയും ചെയ്തു. എന്നാൽ, ഹദ്റത്ത് മുഹമ്മദ് നബി(സ) തിരുമേനിയുടെ ആദ്ധ്യാത്മിക പദവി അത്രമേൽ പരിപൂർണ്ണമാണ്– അദ്ദേഹത്തെ പിൻപറ്റുന്നതുകൊണ്ട് യഥായോഗ്യം എല്ലാ വിധത്തിലുള്ള ആദ്ധ്യാത്മികാനുഗ്രഹവും ലഭിക്കുക സാധ്യമാവും. അതുകൊണ്ട്, തിരുമേനി ഖാത്തമുന്നബിയ്യീൻ അതായത് മുദ്രയുടെ അധികാരിയായി നിശ്ചയിക്കപ്പെട്ടു. മറ്റൊരു

പ്രവാചകനും ഈ സ്ഥാനത്തിന് യോഗ്യനായിട്ടില്ല. ***ഫൽഹംദു ലില്ലാഹി അലാ ദാലിക്***.

എന്നാൽ, കഷ്ടം! മുസ്ലിമെന്ന് പറയുന്നവർ തന്നെയും നബി തിരുമേനിയുടെ ഈ മഹത്ത്വം ഇഷ്ടപ്പെടുന്നില്ല! മുദ്രയുടെ അധികാരി എന്ന മഹോന്നതസ്ഥാനം തിരുമേനിയുമായി ബന്ധപ്പെടുത്താൻ അവർ ആഗ്രഹിക്കുന്നില്ല. അല്ലാഹു തിരുമേനിയെ ഖാത്തമുന്നബിയ്യീൻ ആക്കുകയും ആദ്ധ്യാത്മിക പരിപൂർണ്ണതയുടെ മുദ്ര തിരുമേനിയുടെ കൈയിൽ കൊടുത്തിരിക്കുന്നുവെന്ന് പറയുകയും ചെയ്തു. അത് ആരുടെമേൽ മുദ്രണം ചെയ്യപ്പെടുന്നുവോ അദ്ദേഹത്തിന് ആ അനുഗ്രഹം സിദ്ധിക്കും. അല്ലാത്തവർക്ക് അത് കിട്ടുകയില്ല. പക്ഷേ, ആ മുദ്ര തിരുമേനിയുടെ വിശുദ്ധകരങ്ങളിൽ ഇരിക്കുന്നത് മുസൽമാൻമാർക്ക് സമ്മതമല്ല! അവർ പറയുന്നു: ഞങ്ങളീ മുദ്രയെ സമ്മതിക്കുകയില്ല. ഞങ്ങൾ സമ്മതിക്കുന്ന മുദ്ര ഇതാണ്- അത് വരുമ്പോൾ അണി പൊളിച്ചുകളയും. കുത്തുമ്പോൾ ആഫീസ് പൂട്ടിയിട്ടേ അകലുകയുള്ളൂ. അല്ലാഹു മറുപടി നൽകി.

انا عند ظنّ عبدی بی

നിങ്ങളുടെ ഭാവനയനുസരിച്ചുതന്നെ ഞാൻ നിങ്ങളോട് പെരുമാറും. അതായത് നിങ്ങൾ ഏതൊരു മുദ്ര ഇഷ്ടപ്പെടുന്നുവോ ആ മുദ്രതന്നെ നിങ്ങൾക്ക് കുത്തിത്തരും.

خَتَمَ اللّٰهُ عَلٰى قُلُوْبِهِمْ وَعَلٰى سَمْعِهِمْ ۖ وَعَلٰٓى اَبْصَارِهِمْ غِشَاوَةٌ -
صُمٌّۢ بُكْمٌ عُمْىٌ فَهُمْ لَا يَرْجِعُوْنَ - اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ -

## മഹ്ദീമസീഹിന്റെ പ്രസ്താവന

ഹദ്റത്ത് അഹ്മദിന്റെ രണ്ട് പ്രസ്താവനകൾ ഉദ്ധരിച്ചു കൊണ്ട് നുബുവ്വത്തിനെ സംബന്ധിച്ച ചർച്ച അവസാനിപ്പിച്ചു കൊള്ളുന്നു. അദ്ദേഹം പറയുകയാണ്:-

“നുബുവ്വത്തിന്റെ എല്ലാ വാതിലുകളും അടയ്ക്കപ്പെട്ടു പോയിരിക്കുന്നു. എന്നാൽ, ഒരു വാതിൽ മാത്രം തുറന്നിട്ടിട്ടുണ്ട്. നബിതിരുമേനിയെ പിൻപറ്റി തിരുമേനിയിൽ ലയിക്കുക എന്ന വാതിൽ. ഏതൊരാൾ ആ വാതിലിൽക്കൂടി അല്ലാഹുവിന്റെ അടുക്കൽ ചെല്ലു

ന്നുവോ അദ്ദേഹത്തിന് അല്ലാഹു  ളില്ലി യായ (പ്രതിഛായ) നില യിൽ അതേ നുബുവ്വത്തിന്റെ, അതായത് മുഹമ്മദിയ്യാ നുബുവ്വ ത്തിന്റെ വസ്ത്രം ഉടുപ്പിച്ചു കൊടുക്കുന്നു. തൻമൂലം അദ്ദേഹം നബി യാകുന്നത് അഭിമാനത്തിന് ഹാനികരമാകുന്നില്ല. എന്തെന്നാൽ അദ്ദേഹത്തിന് നുബുവ്വത്ത് സിദ്ധിക്കുന്നത് സ്വന്തം നിലയിലല്ല. നേരെമറിച്ച് നബിതിരുമേനിയുടെ ഉറവിൽ നിന്നാണ്... എന്റെ നുബു വ്വത്തും രിസാലത്തും മുഹമ്മദും അഹ്മദും ആയ നിലയ്ക്കാകു ന്നു. എന്റെ സ്വന്തം നിലയ്ക്ക് ഈ പദവി എനിക്ക് ലഭിച്ചതല്ല. റസൂൽ തിരുമേനിയിൽ ലയിക്കുക നിമിത്തമാണ്. അതിനാൽ ഖാത്തമുന്നബിയ്യീന്റെ ഉദ്ദേശ്യത്തിന് മാറ്റം വരുന്നില്ല.

"ഈ ഉമ്മത്തിൽ നബി തിരുമേനിയെ പിൻപറ്റുകയാൽ ആയി രക്കണക്കിൽ  വലിയ്യ് മാർ ഉണ്ടായിട്ടുണ്ട്. ഒരാൾ ഉമ്മത്തിയും നബിയുമായിരിക്കുന്നു. ഏതൊരു അല്ലാഹുവിന്റെ കൈയിലാണോ എന്റെ ജീവനുള്ളത് ആ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തു കൊണ്ട് ഞാൻ പറയുന്നു- അവനാണ് എന്നെ അയച്ചത്. എനിക്ക് നബിയെന്ന പേർ നല്കിയതും അവനാണ്.... നബിതിരുമേനിയുടെ ആദ്ധ്യാത്മികാഭിവൃദ്ധിയുടെ പരിപൂർണ്ണത തെളിയിക്കുന്നതിന് വേണ്ടിയാണ് അല്ലാഹു ഈ സ്ഥാനം എനിക്ക് നല്കിയത്. തിരു മേനിയുടെ മഹത്ത്വത്തിന്റെ ബർക്കത്തുകൊണ്ട് എന്നെ നുബുവ്വ ത്തിന്റെ സ്ഥാനത്തേക്ക് എത്തിച്ചു."

## പരിസമാപ്തി

ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ(അ) വിവിധ വാദങ്ങളെ സംബന്ധിച്ച ചർച്ചകൾ ഉൾക്കൊള്ളുന്ന ഈ പഠനം അവസാനി പ്പിച്ചുകൊണ്ട് ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു:- സർവ്വ ശക്തനായ അല്ലാഹുവേ! നീ  ഞങ്ങളുടെ സഹോദരങ്ങളുടെ കണ്ണു കളുടെ മറ നീക്കിയാലും; അവർ കാണുന്നതിനുവേണ്ടി. അവരുടെ കാതുകൾ തുറന്നാലും; അവർ കേൾക്കുന്നതിനുവേണ്ടി. അവരുടെ ഹൃദയങ്ങളുടെ മുദ്ര പൊട്ടിച്ചാലും; അവർ മനസ്സിലാക്കുന്നതിനു വേണ്ടി. കഷ്ടം! അവരെപ്പറ്റി എന്തുപറയട്ടെ! രാത്രിയുടെ ഇരുട്ട് നീങ്ങിത്തുടങ്ങി. സൂര്യപ്രകാശം പൂർവ്വചക്രവാളത്തിൽനിന്ന് ഉയ രാനും തുടങ്ങി. പടിഞ്ഞാറ് ഉറങ്ങിക്കിടക്കുന്ന ജനങ്ങൾപോലും മിഴി വിടർത്തി. എന്നാൽ, ഈ നിദ്രാവലംബികൾക്ക് ബോധം വന്നില്ല! സ്നേഹിതരേ, പ്രിയപ്പെട്ടവരേ, ജീവിതം ഹ്രസ്വമാണെ

ന്നറിയുക. സമയം കുറച്ചേ ഉള്ളൂ. അതുകഴിഞ്ഞാൽ അല്ലാഹുവിന്റെ അടുക്കലേക്ക് പോകേണ്ടിയിരിക്കുന്നു. അവിടെ ചെന്നാൽ അവരവരുടെ ചെയ്തികൾക്കുത്തരം പറയണം. ഒരു സത്യവാനെ നിഷേധിച്ചുകൊണ്ട് പശ്ചാത്തപിക്കാൻ ഇടയാക്കരുതേ! കഴിഞ്ഞുപോകുന്ന സമയം ഒരിക്കലും മടക്കിക്കിട്ടുകയില്ല. കൈവിട്ടുപോകുന്ന സന്ദർഭം തിരിച്ചു വരികയുമില്ല. ആലോചിക്കുകയും മനസ്സിലാക്കുകയും ചെയ്യുവിൻ. ഹദ്റത്ത് അഹ്മദി(അ)ന്റെ വാദങ്ങളെ, നിങ്ങളുടെ സ്വയംകൃതമായ അടിസ്ഥാനത്തിലല്ല, അല്ലാഹു കാണിച്ചുതന്ന ഉരക്കല്ലിൽ ഉരച്ച് പരിശോധിക്കുവിൻ! സത്യത്തെ വിദ്വേഷദൃഷ്ടികൊണ്ടല്ല, സത്യത്തിനുവേണ്ടി ദാഹിക്കുന്നവന്റെ ദൃഷ്ടിയോടെ അന്വേഷിക്കുവിൻ! അല്ലാഹു നിങ്ങളുടെ കണ്ണുകൾ തുറക്കുകയും ഞങ്ങളുടെ കണ്ണുകൾക്ക് കുളിർമ്മ നല്കുകയും ചെയ്യുമാറാകട്ടെ. ആമീൻ. യാ അർഹമർറാഹിമീൻ.

**وآخر دعوٰنا ان الحمد للّٰه ربّ العالمين**

**تمّتـــــــــــــــ بالخــــــــــــير**